350

# ജ്ഞാനദീപിക.

## മൂന്നാംഭാഗം.

ഗ്രന്ഥകർത്താ,

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിജ്ഞാനദീപിക

## (മൂന്നാംഭാഗം)

ഗ്രന്ഥകർത്താ,

റാവുസാഹിബ്, മഹാകവി

ഉള്ളൂർ എസ്. പരമേശ്വരയ്യര,

എം. ഏ, ബി. എൽ.

പ്രകാശകർ

ആർ. റ്റി. പിള്ള & സൺസ്.

ചാല, തിരുവനന്തപുരം.

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്.)

Price Rs. 2 As. 4.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

ഒന്നാംപതിപ്പു കോപ്പി—1108 500

രണ്ടാംപതിപ്പു കോപ്പി—1120 1500

മൂന്നാംപതിപ്പു കോപ്പി—1122 1000

V V. Press, Quilon.

Digitized By Kerala Sahitya Akademi

# മുഖവുര.

വിജ്ഞാനദീപിക എന്ന ഗ്രന്ഥപരമ്പരയുടെ മൂന്നാമത്തെ അങ്കമായാണു് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു്. ഇതിൽ പതിനാലു് ഉപന്യാസങ്ങൾ അടങ്ങീട്ടുണ്ടു്. ഇവയിൽ ഒന്നാമത്തേതു മാതൃഭൂമിയുടെ ഒരു വിശേഷാൽപ്രതിയിലും രണ്ടാമത്തേതു മലയാളമനോരമയിലും മൂന്നാമത്തേതു കൈരളിയിലും നാലാമത്തേതു് രണ്ടാമത്തെ സാഹിത്യപരിഷൽസമ്മേളനത്തിന്റെ റിപ്പോർട്ടിലും ആറാമത്തേതു ഭാഷാപോഷിണിയിലും പതിനൊന്നാമത്തേതും പന്ത്രണ്ടാമത്തേതും സഹൃദയയിലും ബാക്കിയുള്ള ഏഴെണ്ണം സാഹിത്യപരിഷത്ത്രൈമാസികത്തിലും കാലാവസരത്തിൽ പ്രകാശനം ചെയ്തിട്ടുള്ളതാണു്. അവയെ സമാഹരിച്ചു് ആവശ്യമുള്ള ഭേദങ്ങൾ വരുത്തി പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകം കേരളീയർക്കു പൊതുവേയും അധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും പ്രത്യേകിച്ചും വിജ്ഞാനത്തിനും വിനോദത്തിനും പ്രയോജകീഭവിക്കുമെന്നു വിശ്വസിക്കുന്നു. ഈ ഉപന്യാസങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ ഇതരലേഖകകളാൽ പ്രായേണ അസ്പൃഷ്ടങ്ങളാണെന്നു വായനക്കാർക്കു കാണാവുന്നതാണു്. കേരളഭാഷയേയും കേരളസാഹിത്യത്തേയും പററി ഞാൻ നിരന്തരമായി ചെയ്തുകൊണ്ടുവരുന്ന ഗവേഷണത്തിന്റെയും ചർച്ചയുടെയും ഫലമാണു് 'ഈ പുസ്തകപരമ്പര എന്നു ചുരുക്കത്തിൽ പറയാം. നിർമ്മത്സരന്മാരും വൈദുഷ്യനിധികളുമായ മഹാജനങ്ങളുടെ അനുഗ്രഹത്തെ വിനീതപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടു വിരമിക്കുന്നു.

തിരുവനന്തപുരം
12-9-1112.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയാനുക്രമണിക.


| വിഷയം. | പുറം |
|---|---|
| ൧. മാതൃഭൂമിയുടെ തൃപ്പാദങ്ങളിൽ | ൧—൯ |
| ൨. പന്തളത്തു കേരളവർമ്മതമ്പുരാൻ | ൧൦—൨൩ |
| ൩. സംസ്കൃതഭാഷ | ൨൪—൪൩ |
| ൪. മലയാളത്തിന്റെ പഴമ | ൪൪—൭൨ |
| ൫. ഭാഷാപോഷണവും ഗവേഷണവും | ൭൨—൧൦൨ |
| ൬. കാളിദാസന്റെ ഒരു ശ്ലോകം | ൧൦൩—൧൩൧ |
| ൭. കോട്ടയത്തു കേരളവർമ്മതമ്പുരാൻ | ൧൩൨—൧൬൧ |
| ൮. ആട്ടക്കഥകളിലെ ചില അപ്രകാശിത ഭാഗങ്ങൾ | ൧൬൨—൨൦൨ |
| ൯. കല്യാണസൗഗന്ധികം | ൨൦൩—൨൧൪ |
| ൧൦. ധർമ്മരാജാവിന്റെ രാമേശ്വരയാത്ര | ൨൧൫—൨൪൧ |
| ൧൧. കൊച്ചുണ്ണിത്തമ്പുരാന്റെ ഒരു അപ്രകാശിത കൃതി | ൨൪൨—൨൫൬ |
| ൧൨. പ്രതാപരുദ്രീയവും അലങ്കാരശാസ്ത്രവും | ൨൫൭—൨൯൬ |
| ൧൩. ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ | ൨൯൬—൩൨൬ |
| ൧൪. ദ്രാവിഡവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും | ൩൨൭—൩൩൮ |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിജ്ഞാനദീപിക

## മൂന്നാംഭാഗം.

---

## മാതൃഭൂമിയുടെ തൃപ്പാദങ്ങളിൽ.

---

ഭഗവതി, ഭാരതാംബേ, അനന്തഗുണശാലിനിയും അപാരമായ പ്രഭാവയുമായ നിന്തിരുവടിക്കു് ഇതാ അടിയങ്ങളുടെ—അനന്യശരണമായ മുപ്പത്താറുകോടിയിൽപ്പരം സന്താനപരമാണുക്കളുടെ—ഭക്തിപൂർണ്ണമായ അഞ്ജലിബന്ധം; പ്രശ്രയപൂതമായ പാദോപസംഗ്രഹം; സർവ്വാപരാധങ്ങൾക്കും പ്രായശ്ചിത്തമായ സാഷ്ടാംഗപ്രണാമം.

മാതാവേ, ലോകത്തിൽ ഒരാദിത്യബിംബമുണ്ടു്—അസ്തമനമറിയാത്തതു്—അവിടുത്തെ ബ്രഹ്മജ്ഞാനം; ഒരു പൂർണ്ണചന്ദ്രനുണ്ടു്—അപരപക്ഷത്തിൽ ക്ഷയിക്കാത്തതു്—അവിടുത്തെ സമഗ്രയശസ്സ്; ഒരു നക്ഷത്രവ്യൂഹമുണ്ടു്—അരുണോദയത്തിൽ മങ്ങാത്തതു്—അവിടുത്തെ അപദാനപരമ്പര! ആ ദിവ്യജ്യോതിസ്സുകളെ ഏതു കാർമേഘങ്ങൾക്കു മറയ്ക്കാം? ഏതു കാലതമസ്സിനു ഗ്രസിക്കാം?

മഹാരാജ്ഞി, അവിടുത്തെ വിശദമായ കീർത്തിപുഞ്ജത്തെ ഗൗരീഗുരുവായ ഹിമവാൻ പർവ്വതം ഗഗനചുംബികളായ ശിഖരങ്ങളെക്കൊണ്ടു് ദിവൌകസ്സുകളെ ഗ്രഹിപ്പിക്കുന്നു; ഗൗരീസപത്നിയായ ഗംഗ സമുദ്രഗാമിനികളായ ശാഖകളെക്കൊണ്ടു് രസാതലവാസികളെ ധരിപ്പിക്കുന്നു. ഒന്നു് അവിടുത്തെ ശിരോഭൂഷണമായ വജ്രമകുടം—അഥവാ വിജയോഷ്ണീഷം; മറ്റേതു വക്ഷോലങ്കാരമായ മുക്താഹാരം—അഥവാ കാരുണ്യപീയൂഷം.

അമ്മേ, അമ്മയുടെ പാദദാസ്യത്തിൽ നിരന്തരാസക്തയായ കുമാരീഭഗവതിക്കു് ഇന്നും സ്വാതന്ത്ര്യദ്യോതകമായ ദാമ്പത്യചിന്തയില്ല. ആ നിരതിശയപുണ്യയായ നിത്യകന്യക അടിയങ്ങൾക്കു മാതൃശുശ്രൂ

Digitized By Kerala Sahitya Akademi

ഷയിൽ ഒരാചാര്യയായി സമുല്ലസിക്കുന്നു. പാർശ്വഭാഗങ്ങളിൽ അമ്മയെ പരിചരിക്കുന്ന രത്നാകരവും മഹോദധിയും ശീകരശീതളമായ സമീരചാമരംകൊണ്ടു് അമ്മയെ വീശുന്നു; തരംഗഗംഭീരഹമടിച്ചു് അമ്മയുടെ പ്രശസ്തി വിശദമെങ്ങും പാടുന്നു.

ഹേ, ദിവ്യമംഗളവിഗ്രഹേ, അവിടുത്തെ തൃണങ്ങൾപോലും ഓഷധികൾ; പല്വലങ്ങൾ പോലും തീർത്ഥങ്ങൾ; പാഷാണഖണ്ഡങ്ങൾ പോലും സാളഗ്രാമങ്ങൾ! ഏതു ഗ്രാമത്തിലും പുണ്യക്ഷേത്രം; ഏതു് ഊടുവഴിയിലും ദേവയാത്ര; ഏതു വനാന്തരത്തിലും ഋഷ്യാശ്രമം!

അതേ, സുകൃതിനി, അവിടുത്തെ അരണ്യപ്രദേശങ്ങൾ പൂർവ്വകാലങ്ങളിൽ മദോന്മത്തരായ മനുഷ്യർക്കു മൃഗങ്ങളെ ഹിംസിക്കുന്നതിനുള്ള കശാപ്പുശാലകൾ മാത്രമായിരുന്നില്ല; അതിലുമെത്രയോ മടങ്ങധികം അവ പ്രപഞ്ചരഹസ്യമറിഞ്ഞ മഹർഷിമാർക്ക് ബ്രഹ്മസാക്ഷാത്കാരം നല്കുന്ന പാവനായതനങ്ങളായിരുന്നു. ആ ജിതേന്ദ്രിയർക്ക് ഫലമൂലങ്ങൾ ഭക്ഷ്യങ്ങൾ; വല്ക്കലം പീതാംബരം; പാറപ്പുറം പട്ടുമെത്ത; പർണ്ണശാല പ്രാസാദം; നിഗ്രഹാനുഗ്രഹശക്തി അവരുടെ രസനാഗ്രങ്ങളിൽ നിരന്തരമായി നർത്തനം ചെയ്തിരുന്നു; ദർഭപ്പുല്ലുകൊണ്ടു് ചതുരംഗസേനകളെ അവർ നിഷ്പ്രയാസമായി ജയിച്ചിരുന്നു; സാർവ്വഭൗമന്മാരുടെ രത്നകിരീടങ്ങൾ അവരുടെ ചരണങ്ങളാൽ സമലംകൃതങ്ങളായിരുന്നു; കരസ്ഥങ്ങളായ അഷ്ടസിദ്ധികളെ അവർ കാഷ്ഠലോഷ്ടങ്ങൾപോലെ പരിത്യജിച്ചിരുന്നു. സകലജീവജാലങ്ങളും അവരുടെ സന്നിധിയിൽ സൌഹാർദ്ദബദ്ധങ്ങളായി സമ്മേളിച്ചിരുന്നു. ഹാ! എന്തൊരത്യാശ്ചര്യം! നോക്കുക! അന്തർമ്മുഖതയുടെ ജൈത്രയാത്ര! ആത്മാരാമതയുടെ ദിവ്യവൈഭവം! ആ ശാന്തിനികേതനങ്ങൾ—പ്രകൃതിയുടെ പ്രമദവനങ്ങൾ—അപവർഗ്ഗദേവതയുടെ അന്തഃപുരങ്ങൾ—തന്നെയാകുന്നു അമ്മയുടെ മാഹാത്മ്യകേന്ദ്രങ്ങൾ.

ദേവി, രണ്ടു വാക്കുകൾ ഭാരതിയുടെ ആ ആദിമസന്താനങ്ങൾ കേൾക്കട്ടെ—വിദേശീയർ കേവലം മൃഗജീവികയിൽ വർത്തിച്ചിരുന്ന

Digitized By Kerala Sahitya Akademi

ഭൂമിയുടെ ഭാഗ്യദശയിൽ—പഠിപ്പിച്ചു. രണ്ടു മറക്കാൻ പാടില്ലാത്ത വാക്യങ്ങൾ; രണ്ടു പുളകോൽപാദകങ്ങളായ വാക്യങ്ങൾ—'ധർമ്മം ചര' ധർമ്മം ആചരിക്കുക! ധർമ്മം—എന്തൊരു വിശദാർത്ഥവ്യാപകവും വിചിത്രസാരസഹിതവുമായ വാക്കാണതു്. എത്ര ഗഹനമായ നീതിശാസ്ത്രരഹസ്യമാണു് ആ അക്ഷരദ്വയിയിൽ അടങ്ങുന്നതു്! അഹിംസ, സത്യം, ബ്രഹ്മചര്യം മുതലായ ശിഷ്ടചര്യകൾ ആ ധർമ്മാരാമത്തിലെ മലരുകളല്ലാതെ മറെറന്താണു്?

അഹിംസ! നാമരൂപാദികളാൽ കല്പിതങ്ങളായ നാനാഭാവങ്ങളുടെ ഇടയിൽ അനുസ്യൂതമായി സ്ഫുരിക്കുന്ന ഐക്യജ്യോതിസ്സിനെ ആ സൂക്ഷ്മദൃക്കുകൾ ദർശിച്ചു. സുഖദുഃഖാത്മകമായി തോന്നുന്ന ജഗത്തിന്നടിയിൽ അനാദ്യന്തമായി പരിലസിക്കുന്ന സച്ചിദാനന്ദചൈതന്യത്തെ ആ യോഗിവര്യർ നിരീക്ഷിച്ചു. പരമാത്മാവിനെ സമസ്തജീവാത്മാക്കളിലും പരമാത്മാവിൽ സമസ്തജീവാത്മാക്കളെയും കാണുകയാൽ പരമാത്മജീവാത്മാക്കൾക്കു തമ്മിലുള്ള പാരമാർത്ഥികമായ അഭിന്നത്വം അവർ വേണ്ടവിധത്തിൽ അവധാരണം ചെയ്തു. അതിന്റെ ഫലമായി ആ ദയാസമുദ്രങ്ങൾ തത്ത്വമസ്യാദിമഹാവാക്യാമൃതങ്ങൾകൊണ്ടു് സജ്ജനങ്ങൾക്കു സമ്മോദവും സൌഹിത്യവും നല്കി. യാതൊരുത്തനും ആത്മദ്രോഹിയാകുവാൻ നിവൃത്തിയില്ലെന്നാകുന്നു അവരുടെ ഉപദേശസാരം. വിദേശികളായ അതിഥികളെ അവർ അത്തരത്തിലുള്ള ജ്ഞാനോപചാരങ്ങളാൽ പൂജിച്ചു; വിദേശങ്ങളിൽ സഞ്ചരിച്ചു് ആ തത്ത്വരത്നങ്ങളെ നാലുപാടും വിതറി.

അർത്ഥസമ്പാദനമാകട്ടെ കാമോപഭോഗമാകട്ടെ നിഷിദ്ധമെന്നു് ആ പുണ്യശ്ലോകർ ഒരിക്കലും സിദ്ധാന്തിച്ചില്ല. ബഹുഭോഗങ്ങൾക്കും ബഹുഹിരണ്യങ്ങൾക്കും മററും അവരെപ്പോലെ പ്രാർത്ഥിച്ചവർ മററാരുമില്ല. പക്ഷേ, സർവ്വസാധാരണങ്ങളായ ആ രണ്ടു ജന്തുധർമ്മങ്ങൾ മാത്രമല്ല പുരുഷാർത്ഥങ്ങളെന്നു് അവർ ലോകത്തെ പഠിപ്പിച്ചു. കാലത്തിനു ഭൂതവർത്തമാനങ്ങൾക്കു പുറമേ ഭാവിയെന്നും ഒരു വിഭാഗമുണ്ടെന്നും അതുകൊണ്ടു ഭാവിക്കു വിരോധം കൂടാതെയുള്ള വർത്തമാനവൃത്തിയാണു് ആശാസ്യമെന്നും അവർ അനുശാസിച്ചു. വിധിയുടെ

Digitized By Kerala Sahitya Akademi

നിർദ്ദേശത്തിനു കീഴടങ്ങി യഥേഷ്ടവിഷയരായി വിഗതചൈതന്യരായി ജീവിച്ചുകൊള്ളണമെന്നും അവർ ആരെയും ഉപദേശിച്ചില്ല. പൗരുഷംകൊണ്ടു വിധിയെ ജയിക്കാമെന്നും ഘോരമാകുന്ന സംസാരസാഗരത്തിന്റെ തരണോപായമെന്നും കർമ്മപാശത്തെ ഛേദിക്കുന്നതിനുള്ള ഖഡ്ഗവല്ലി മനുഷ്യനു ജന്മനാതന്നെ ബുദ്ധിരൂപത്തിൽ സിദ്ധിച്ചിട്ടുണ്ടെന്നും ഉള്ള പരമാർത്ഥങ്ങൾ അവരെപ്പോലെ ഊന്നിയൂന്നിയുറപ്പിച്ചു പറഞ്ഞവർ വേറെയാരുമില്ല. ഉത്സാഹത്തെ ഭഞ്ജിക്കുന്നതോ ഉൽഗതിയെ പ്രതിബന്ധിക്കുന്നതോ ആയ ഒരൊറ്റവാക്കുപോലും അവർ ഉച്ചരിച്ചിട്ടില്ല. അഖണ്ഡവും അദ്വയവുമായ ബ്രഹ്മജ്യോതിസ്സിൽനിന്നു കാലചക്രഭ്രമണത്തിൽ തെറിച്ചുപോയ സ്ഫുലിംഗങ്ങളാകുന്ന ജീവാത്മാക്കളെല്ലാം അവയുടെ ദൈനന്ദിനപ്രയാണം വീണ്ടും ആ ജ്യോതിസ്സിൽ ലയിക്കുന്നതിനാണെന്നും ഉപപാദിക്കുന്ന അവരുടെ സൂക്തികളിൽ വൈക്ലബ്യത്തിനും വൈമനസ്യത്തിനും സ്ഥാനമെവിടെ? അവ കേട്ടാൽ വിഷയലമ്പടർ വ്യസനിക്കാം; പഞ്ചപാപികൾ ഭയപ്പെടാം; അതിനെല്ലാം ആ സത്യവാക്കുകൾ എന്തുപിഴച്ചു?

അല്ലയോ പുത്രവത്സല, സർവ്വാംഗസുന്ദരിയായ രാജ്യലക്ഷ്മിയുടെ അഭിസരണോദ്യമത്തെ തിരസ്കരിച്ചു സകലജീവരാശികളേയും ബാധിക്കുന്ന ഭവരോഗത്തിനു് ഒരു ദിവ്യൌഷധി സമ്പാദിക്കുവാൻ ബദ്ധപരികരനായി, ത്യക്തസർവ്വസ്വനായി, ചീരവാസസ്സായി, ജടാധാരിയായി, ഘോരാരണ്യജീവിതക്ലേശം സ്വയംവരിച്ച ആ ആശ്ചര്യചര്യൻ—അനന്തരസ്വതന്ത്രൻ—ആരു്? ഭഗവാൻ സമന്തഭദ്രൻ. താൻ കലിംഗദേശം ജയിച്ച രാത്രിയിൽ തനിക്കു ലഭിച്ച നിർവ്വേദജനകമായ സമരാംഗണദർശനത്താൽ "ഇനിമേൽ ഞാൻ സമസ്തപ്രാണികളുടെ ശ്മശാനം നല്കുന്നതും സാധുക്കളുടെ ഹൃദയരക്തം കൂട്ടിക്കുഴച്ചതുമായ രാജ്യമാംസകബളം രാക്ഷസനെപ്പോലെ ഒരു കാലത്തും ഭുജിക്കുന്നതല്ല" എന്നു ശപഥംചെയ്തു ലോകത്തിൽ ധർമ്മപ്രവർത്തനത്തിനായി ആയുശ്ശേഷത്തെ നയിച്ച ആ ദീർഘദർശി—ദയാധനൻ—ആരു്? ചക്രവർത്തി അശോകവർദ്ധനൻ. എങ്ങോ ഉള്ള ഒരു കുഗ്രാമത്തിലെ ഏതോ ഒരു സാധുകുടുംബത്തിൽ ജനിച്ചു ശൈശവത്തിൽ തന്നെ വിഗതപിതൃകനായിട്ടും പ്രതികൂലങ്ങളായ പരിതഃസ്ഥിതികളെ പാടേ അതില

Digitized By Kerala Sahitya Akademi

ങ്ഘിച്ചു മുപ്പത്തിരണ്ടു വയസ്സിനകം സകലശാസ്ത്രങ്ങളുടേയും മറുകര കണ്ടു്, ഹിമവൽപര്യന്തമുള്ള എല്ലാ പണ്ഡിതന്മാരെയും വാദത്തിൽ തോല്പിച്ചു്, ദുരാചാരങ്ങളെ ഉച്ചാടനം ചെയ്തു്, ശാരീരികമീമാംസ മുതലായ വിവിധഗ്രന്ഥങ്ങൾക്കു ഭാഷ്യം നിർമ്മിച്ചു്, അദ്വിതീയമായ അദ്വൈതമതത്തെ പ്രതിഷ്ഠാപനം ചെയ്തു സർവ്വജ്ഞപീഠാരൂഢനായി, തന്റെ വിശ്വവിഖ്യാതിയുടെ ഘനാഘനസ്വനം ഇന്നും ദിക്കുകളിലും വിദിക്കുകളിലും മാറ്റൊലി കൊള്ളിക്കുന്ന ആ ജ്ഞാനഭാസ്കരൻ—യതിസാർവ്വഭൗമൻ—ആരു്? ഉണ്ണിനമ്പൂതിരി ശങ്കരഭഗവൽപാദർ. മതമാണു് മനുഷ്യന്റെ ഉറ്റ ബന്ധുവെങ്കിലും മതങ്ങളുണ്ടു് പരമശത്രുക്കളെന്നും പടക്കളത്തിലേക്കാൾ അധികം രക്തം ഭഗവൽസന്നിധാനത്തിൽ പ്രവഹിച്ചിട്ടുണ്ടെന്നുമുള്ള സൂക്ഷ്മതത്വം ശരിവരെ ഗ്രഹിച്ചു്, വിഭിന്നമതങ്ങളെ കൂട്ടിയിണക്കി, വിഭിന്നവർഗ്ഗങ്ങൾക്കു് ഏകയോഗക്ഷേമമാർഗ്ഗം തെളിയിച്ചു്, എല്ലാ പന്ഥാക്കളും ഈശപ്രാപകങ്ങളെന്നും എല്ലാ പ്രദീപങ്ങളും ഈശപ്രകാശകങ്ങളെന്നുമുള്ള തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ലോകത്തിനു് ഒരൊറ്റ മതം സ്ഥാപിച്ചു്, തദ്വാരാ മിഥ്യാജ്ഞാനത്തിനും മിഥ്യാമതത്തിനും അറുതിവരുത്തി, വിവിധങ്ങളായ മനുഷ്യസമുദായങ്ങൾക്കു തമ്മിൽ വിശ്വാസവും സൌഹാർദ്ദവും വർദ്ധിപ്പിക്കുവാൻ തന്റെ സർവ്വശക്തികളും യാവജ്ജീവം പ്രയോഗിച്ചു വിജയിച്ചു ആ സാരസംവിജ്ഞൻ—സാർവ്വജനബന്ധു—ആരു്? മഹമ്മദീയപാദഷാ അക്ബർ. മാതാവേ, ഇവരും ഇവരെപ്പോലെയുള്ള ഇനിയും അനേകമനേകം മഹാനുഭാവന്മാരും അവിടുത്തെ വാത്സല്യഭാജനങ്ങളായ വരിഷ്ഠസന്താനങ്ങൾ! അല്ലാതെ ആരു്?

അനശ്വരയശസ്വിനി, വെറുതെയല്ല ദേവന്മാർപോലും പുണ്യക്ഷയത്തിൽ അവിടുത്തെ സ്തനന്ധയന്മാരായിത്തീർന്നു പരമപദം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നു എന്നു പൌരാണികന്മാർ പ്രവചിച്ചിട്ടുള്ളതു്. അവിടുത്തെ പുത്രനായി ജനിച്ചു ഒരുവൻ സൽകർമ്മങ്ങളിൽ പരാങ്മുഖനാകുമെങ്കിൽ അവൻ കൈയിൽ കിട്ടിയ അമൃതകലശം ത്യജിച്ചു് ആത്മഹത്യയ്ക്കുള്ള വിഷപാത്രമായിരിക്കും അന്വേഷിക്കുന്നതെന്നും അവർ ഉൽബോധിപ്പിച്ചിട്ടുണ്ടു്. പരാവരജ്ഞന്മാരായ

Digitized By Kerala Sahitya Akademi

മഹർഷിമാർ പഠിപ്പിച്ചിട്ടുള്ള പരമതത്വങ്ങളുടെ അനുഷ്ഠാനംകൊണ്ട ല്ലാതെ ഭൂമി ഒരിക്കലും സ്വർഗ്ഗമാകുന്നതല്ല; കാമക്രോധങ്ങൾകൊണ്ടോ മദമാത്സര്യങ്ങൾകൊണ്ടോ മനുഷ്യൻ ഒരു കാലത്തും സ്വസ്ഥനാകുന്നതുമല്ല. അമ്മേ, അടിയങ്ങളറിയും അലക്സാണ്ഡർ, നെപ്പോളിയൻ മുതലായ വിശ്വവീരന്മാരെയും അവരുടെ വിക്രിയകളെയും. ഒട്ടേറെ ഭാര്യമാരെ സമുദ്രയാത്രാവിനും, ഭർത്താക്കന്മാരെ അന്തഃസ്ത്രീകൾക്കും, ബാഷ്പധാരയായ സാധുക്കൾക്കും, പാപഭാണ്ഡത്തെ തങ്ങൾക്കും, സംഭാവനം ചെയ്തതിനു പുറമെ അവർ ജീവിതംകൊണ്ടു് എന്തു സാധിച്ചു? അക്കൂട്ടരോ മഹാന്മാർ? ആ രക്തദാഹിരോമണികളുടെ ദൃഷ്ടിപൂരമായ ഉദരമോ രക്തപങ്കിലമായ ബാഹുക്കളോ ഭ്രുകുടിഭീമമായ മുഖമോ ഏതാണു് മാഹാത്മ്യം? അവരുടെ ഹൃദയനാശകമായ ഏതു് അംശമാണു് പ്രശംസാർഹം? അടിയങ്ങളറിയും നവീനപരിഷ്കാരത്തിന്റെ ഗതിവിഗതികളെയും അതു ലോകത്തിനു വരുത്തിവയ്ക്കുന്ന വിപത്തുകളെയും. എന്താണു് ഈയുള്ളവർ ഇന്നു ചുററുപാടും കാണുന്നതു്? ഫ്രാൻസും ജർമ്മനിയും തമ്മിൽ? ജർമ്മനിയും റഷ്യയും തമ്മിൽ? റഷ്യയും ജപ്പാനും തമ്മിൽ? ജപ്പാനും അമേരിക്കയും തമ്മിൽ? സർവ്വത്ര അഹിനകുലം — കാകോലൂകം — ശാശ്വതികവിരോധം — മേഷയുദ്ധസംഹാരം! ബയണെററുകളിലും പീരങ്കികളിലും ആണത്രേ പാശ്ചാത്യർ അവരുടെ സമാധാനം സ്ഥാപിക്കുവാൻ പോകുന്നതു്! ആ പുതിയ സമാധാനദേവതയെ ഉപാസിക്കുവാൻ ഒട്ടനേകം വന്ധ്യാപുത്രർ മൃഗതൃഷ്ണാജലത്തിൽ സ്നാനംചെയ്തു് ആകാശപുഷ്പപ്രഹാരത്തോടുകൂടി ഗന്ധർവ്വനഗരത്തിൽ കാത്തിരിക്കുന്നു! ഹാ കഷ്ടം! ഭൗതികശാസ്ത്രങ്ങളുടെ അഭിവൃദ്ധിക്കു താൻ ഹേതുഭൂതനാകണമെന്നല്ല മദത്തോടുകൂടി തന്റെ പൂർവ്വികങ്ങളായ ശതകങ്ങളെ അവഗണനത്തിൽ അഭിമുഖീകരിച്ച അവരുടെ പത്തൊൻപതാംനൂററാണ്ടു ക്ഷേത്രത്തിൽ സമാധാനസംസ്ഥാപനത്തിനു താനെന്തുചെയ്തു എന്ന ഭാവിയുടെ ചോദ്യത്തിനു് ഉത്തരം പറയുവാൻ നിവൃത്തിയില്ലാതെ ലജ്ജാവനമ്രമായി നിലകൊണ്ടു; ഇരുപതാം നൂററാണ്ടിന്റെ കൗമാരദശയിലേ മഹായുദ്ധം താൻനാട്ടിയ കമ്പക്കെട്ടിന്റെ പൊട്ടലാണെന്നു കണ്ടു വയററിൽ കൈ തിരുമ്മി വാവിട്ടു കരയിട്ടു. പിന്നെയും ശാന്തിഭേദിക്കു ബയണെററുകൾ പീരങ്ങൾ! പീരങ്കികൾ വല്ലങ്ങൾ!!

Digitized By Kerala Sahitya Akademi

മഹാഭാഗേ! ഭവതിക്കെന്താണു് ഈ വിഷാദദ്യോതകമായ മന്ദഹാസം? ശരി, ഞങ്ങൾക്കു മനസ്സിലായി. പൂർവ്വന്മാരായ പുണ്യപുരുഷന്മാരുടെ നാമഗ്രഹണത്തിനു ഞങ്ങൾ ഒരു പ്രകാരത്തിലും അർഹരല്ല; അവരുടെ അനുശാസനത്തിനു വിപരീതമായി സനാതനസംസ്കാരത്തിൻെറ പ്രസ്രവന്തിയെ ഞങ്ങൾ ശതധാ വ്യവച്ഛേദിച്ചുകഴിഞ്ഞു. ആ അക്ലിഷ്ടകർമ്മാക്കളുടെ കാലത്തു് അമ്മ എല്ലാവിഷയത്തിലും സ്വതന്ത്രയായിരുന്നു; സമസ്തൈശ്വര്യങ്ങൾക്കും സൌവർണ്ണഭണ്ഡാരമായിരുന്നു; ആധമർണ്യദുഃഖം എന്നൊന്നു് അമ്മ അന്നു് അറിഞ്ഞിരുന്നതേയില്ല. ആ ഉദാത്തചരിതന്മാരുടെ—ഉദാത്തപൌരുഷന്മാരുടെ—അനന്തരഗാമികൾ പോലും ഞങ്ങൾ! അവരുടെ പ്രകൃഷ്ടചിന്തയുടെ സുന്ദരസ്വരൂപം കാണുവാൻ ഞങ്ങൾക്കു കണ്ണില്ല; അവരുടെ പ്രേമവിപഞ്ചിയുടെ മധുരനിക്വണം കേൾക്കുവാൻ ഞങ്ങൾക്കു ചെവിയില്ല. അവർ ത്രികാലജ്ഞാനികൾ—ഞങ്ങൾ പണ്ഡിതമ്മന്യർ; അവർ ജീവന്മുക്തർ—ഞങ്ങൾ ഉദരംഭരികൾ; അവർ സതതോത്സാഹികൾ—ഞങ്ങൾ ഖട്വാരൂഢർ; അവർ സമരവിജയികൾ—ഞങ്ങൾ ഗൃഹശൂരർ. അവർ പഠിപ്പിച്ചതു് ഐക്യം; ഞങ്ങൾ പഠിച്ചതു പാർത്ഥക്യം. ഞങ്ങൾ ഉരുവിടുന്നുണ്ടു് ബ്രാഹ്മണാബ്രാഹ്മണർ, സവർണ്ണാവർണ്ണർ, ഹിന്ദുമുസ്ലിമീങ്ങൾ ഇങ്ങനെ മനുഷ്യരെ മനുഷ്യനിൽനിന്നു് അകററിനിറുത്തുവാൻ മാത്രം ഉതകുന്ന ചില അനർത്ഥപൂർണ്ണങ്ങളായ വാക്കുകൾ. ഒരു വാക്കുണ്ടു്—ശ്രുതിമധുരമായ വാക്കു്—ഭാരതീയൻ; അതു ഞങ്ങൾ കേട്ടിട്ടില്ല; കേട്ടാൽ അതിൻെറ അർത്ഥമെന്തെന്നു ഞങ്ങൾക്കു് ഒട്ടു് അറിഞ്ഞുകൂടാ. പ്രാക്തനസംസ്കൃതികളിലെ ഭാഷ ഞങ്ങൾക്കു പരിചിതമല്ല; ആ ദിവ്യതീർത്ഥങ്ങളിലല്ല ഞങ്ങളുടെ നിത്യനൈമിത്തികസ്നാനം. ഇടക്കാലത്തു ജീവിച്ചിരുന്ന ചില പരിമിതബുദ്ധികളുടെ ക്ഷുദ്രവ്യാഖ്യാനങ്ങളുണ്ടു്; ആ അല്പസരസ്സുകളിലും ഞങ്ങൾക്കു് അവഗാഹമില്ല. അനാചാരപങ്കത്തിൽ ഞങ്ങളുടെ ശരീരം ആകണ്ഠം പുതഞ്ഞുപോയിരിക്കുന്നു; തങ്ങളുടെ അനവദ്യങ്ങളായ കർമ്മങ്ങളെ മാത്രം പശ്ചാൽകാലികന്മാർ അനുകരിക്കണമെന്നുള്ള ആ ക്രാന്തദർശികളുടെ സദുപദേശം ഞങ്ങൾ മറന്നിട്ടു ശതവർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. വെളിയിൽ ഞങ്ങൾക്കു സ്വാതന്ത്ര്യം വേണം—വീട്ടിൽ ഞങ്ങൾ പാരതന്ത്ര്യം

Digitized By Kerala Sahitya Akademi

പുലർത്തും. വിദേശികൾ ഞങ്ങൾക്കു സമത്വം സമ്മാനിക്കുന്നു:—സ്വദേശികളുടെമേൽ ഞങ്ങൾ അസമത്വം നിലനിർത്തും. ജന്മഭൂമിയെ സ്നേഹിച്ചാലും സ്നേഹിക്കും—അധഃസ്ഥിതനെ ദ്രോഹിക്കും. അരാന്റെ കാൽ പിടിച്ചാലും പിടിക്കും—അയൽവക്കക്കാരനെ കുഴിയിൽ വീഴ്ത്തും. മഹാഭാരം കെട്ടി കഴുത്തിലിട്ടുകൊണ്ടു മലകേറാൻ നോക്കും; മറ്റേക്കാല് അടുക്കളയിൽനിന്നിളക്കാതെ ഒറ്റക്കാൽകൊണ്ടു പ്രദക്ഷിണത്തിനു് ഒരുങ്ങും. മറ്റാരുമല്ല ഇക്കാര്യത്തിൽ പിഴച്ചതു്; മക്കൾതന്നെ. ഞങ്ങൾ വിതച്ച വിത്തു ഞങ്ങൾ കൊയ്യുന്നു; ഞങ്ങൾ ആവാഹിച്ച അഭിചാരദേവത ഞങ്ങളെ കടിച്ചുതിന്നുന്നു.

അല്ലയോ വിശ്വപാവനി, ഭവതിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുവാൻ അകിഞ്ചനരായ അടിയങ്ങൾക്കു വേറെ പൂജാദ്രവ്യമില്ല. ഭക്തിസുരഭിലങ്ങളും പശ്ചാത്താപാർദ്രങ്ങളുമായ ഹൃദയകുസുമങ്ങൾ മാത്രമുണ്ടു്. അവയെക്കൊണ്ടു് അടിയങ്ങൾ വരദയും വദാന്യയുമായ ഭവതിയെ അർച്ചിക്കുന്നു. ദേവി, ഈ വിനീതോപഹാരം സ്വീകരിച്ചു് അടിയങ്ങളെ അനുഗ്രഹിക്കുക. പൂർവ്വപുരുഷന്മാർ അടിയങ്ങൾക്കു നല്കീട്ടുള്ള ജ്ഞാനദീപം ഇനിയും പൊലിഞ്ഞിട്ടില്ല. അതിനെ ലോകമെങ്ങും പ്രകാശിപ്പിക്കുവാനുള്ള സ്നേഹം അടിയങ്ങളിൽ സഞ്ജാതമാകട്ടെ. ഇനിമേലാൽ ഒരു മന്ത്രം മാത്രമേ ഈയുള്ളവർ ഉച്ചരിക്കാവൂ—മാതൃനാമം; ഒരു പ്രവൃത്തിമാത്രമേ ഈയുള്ളവർ അനുഷ്ഠിക്കാവൂ—മാതൃസേവനം. ഭഗവതി, ഭാരതാംബേ, ഇന്നു കേവലം ഭ്രാതൃഘാതികളായി കഴിയുന്ന അടിയങ്ങളെ നിന്തിരുവടിയുടെ പാദസേവകരായി പരിവർത്തനം ചെയ്യിക്കുക. അമ്മയുടെ ഈ അധഃപതനം അടിയങ്ങൾ സഹിക്കുന്നില്ല. മാതൃപരമാകട്ടെ ഇനി അടിയങ്ങളുടെ ചിന്ത; മാതൃവരിവസ്യയിലാകട്ടെ അടിയങ്ങളുടെ മത്സരം. എഴുപത്തിരണ്ടുകോടിയിൽപരം കൈകൾക്കു സ്വരാജ്യത്തെ സ്വാരാജ്യമായി മാറ്റി തദ്വാരാ ലോകത്തിനു ശാശ്വതമായ ശാന്തിയും സന്തുഷ്ടിയും നല്കുവാൻ സാധിക്കുകയില്ലെങ്കിൽ അവയെ ശരീരഭാരങ്ങളായി എന്തിനു്, എത്രകാലത്തേക്കു, ഞങ്ങൾ ചുമക്കണം? ഒരു കാര്യം നിശ്ചയമാണു്—മാതാവു് ഉയരാതെ ഈ മദ്ധ്യമലോകത്തിനു് ഉയർച്ചയില്ല. ഭൗതികസംസ്കാരത്തിന്റെ ഭയങ്കരമായ സമരദുന്ദുഭി ഭാരതഖണ്ഡത്തിന്റെ പരമപാവ

Digitized By Kerala Sahitya Akademi

നമായ സാമഗാനത്തിന്റെ സന്നിധാനത്തിൽ ശബ്ദിക്കുകയില്ല. വേതിയെപ്പററി ഭക്തിവിശ്വാസങ്ങളോ സ്നേഹബഹുമാനങ്ങളോ അടിയങ്ങൾക്കുണ്ടെങ്കിൽ "സത്യാന്ന പ്രമദിതവ്യം; ധർമ്മാന്ന പ്രമദിതവ്യം; കുശലാന്ന പ്രമദിതവ്യം; ഭൂത്യൈ ന പ്രമദിതവ്യം" എന്ന ആ ഔപനിഷദമായ അനുശാസനം അടിയങ്ങൾ ഇന്നും ഉച്ചൈസ്തരം ഉൽഘോഷിക്കും; അടിയങ്ങളുടെ ഹൃദയകുഹരങ്ങളിൽനിന്നാണ് ആ വാക്കുകൾ ഉൽഗമിക്കുന്നതെങ്കിൽ അവയെ ആർത്തവും ആകുലവുമായ ലോകം കേട്ട് ആനന്ദപുളകം അണിയും. ഏകനീഡമാകും ഈയൂഴി; 'വസുധൈവ കുടുംബകം' എന്ന വാക്യം പ്രവൃത്തിരൂപത്തിൽ പ്രകാശിക്കുകയും ചെയ്യും.

ഇക്കാര്യത്തിൽ ബലശാലികളാകുവാൻ ഉറയ്ക്കുന്ന അടിയങ്ങളെ വിജയലക്ഷ്മി കടാക്ഷിക്കുമാറാകട്ടെ.

വന്ദേ മാതരം! ഭജ ഭാരതം!

Digitized By Kerala Sahitya Akademi

# പന്തളത്തു

# കേരളവൎമ്മതമ്പുരാൻ.

---

വിദ്യാസമ്പന്നന്മാരും വിശിഷ്ടഗുണശാലികളുമായ പന്തളത്തുതമ്പുരാക്കന്മാരെപ്പററി കേട്ടിട്ടില്ലാത്തവർ കേരളത്തിൽ അധികമുണ്ടായിരിക്കയില്ല. മഹാപണ്ഡിതന്മാരായ പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ മുതലായവർ സംസ്കൃതം പഠിച്ചതു പന്തളത്തുതമ്പാക്കന്മാരിൽ നിന്നായിരുന്നു എന്നു പറഞ്ഞാൽ അതിൽനിന്നു് ഈ കുടുംബത്തിനുള്ള കുലക്രമാഗതമായ വൈദുഷ്യത്തിന്റെ നിലയെന്തെന്നു വായനക്കാൎക്കു് അനുമാനിക്കാവുന്നതാണു്. ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ ഗുരുവായ ഒരു പന്തളത്തു തമ്പുരാൻ

"ശുഭ്രാംശൗ കവിശിഷ്പതീ സുരവിതാം
വാഗ്ധോരണീം താവകീം
ശ്രുത്വാത്മീയയശോവിഭംഗചകിതൌ
തൽകണ്ണ്യൂഹം ഗതൌ
ഹ്രീണൗ വക്ത്രമുപാംശു കണ്ഠവയുഗ-
ച്ഛ്വപ്പഹീരച്ഛലാ-
ച്ഛ്രീശൻ ! പാലന നൗ കൃപാലയ നൃപ
ശ്രേയം സദാ തിഷ്ഠതഃ"

ഇത്യാദി പദ്യങ്ങൾ സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു് അടിയറവച്ചു്, പണ്ഡിതപാരിജാതമായി പരിലസിച്ചിരുന്ന ആ തിരുമേനിയിൽനിന്നു പല പാരിതോഷികങ്ങളും നേടിയതായി പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ടു്. സംസ്കൃതപാണ്ഡിത്യവും കവിതാവാസനയും ഇല്ലാത്ത അംഗങ്ങൾ ഈ കുടുംബത്തിൽ അടുത്തകാലംവരെ അപൂൎവമായിരുന്നു എന്നു പറയാം. നൈയായികന്മാരും

---

൧൦൮൪-മാണ്ടു് മലയാളമനോരമയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഉപന്യാസം.

Digitized By Kerala Sahitya Akademi

വൈയാകരണനെന്നും വൈണികനെന്നും പലപ്രകാരത്തിൽ ലോക പ്രശംസയ്ക്കു പാത്രീഭൂതനായ ഒരു മഹാപുരുഷനായിരുന്നു; സ്വർഗ്ഗസ്ഥനായ എന്റെ മാന്യസുഹൃത്തിന്റെ ജ്യേഷ്ഠസഹോദരനായ പന്തളത്തു വീരകേരളവർമ്മതമ്പുരാൻ തീപ്പെട്ടുപോയ ആയില്യംതിരുനാൾ വലിയമ്മതമ്പുരാന്റെയുംമററും ഗുരുവായ അവിടുന്നു് ൧൦൩൦-ലാണു് പരമപദത്തെ പ്രാപിച്ചതെന്നു തോന്നുന്നു.

പന്തളത്തു കേരളവർമ്മതമ്പുരാൻ ൧൦൫൪-ലാണു് ജനിച്ചതു്. ബാല്യത്തിൽ വിദ്യാഭ്യാസംചെയ്യിച്ചതു ജ്യേഷ്ഠനും മാതുലനുമായിരുന്നു. തർക്കം ജ്യേഷ്ഠനോടും വ്യാകരണം അമ്മാവനോടും പഠിച്ചു് ആ രണ്ടു വിഷയങ്ങളിലും പരിനിഷ്ഠിതമായ ജ്ഞാനം സമ്പാദിച്ചതിനു ശേഷമാണു് അവിടുന്നു കാവ്യനിർമ്മിതിക്കു് ആരംഭിച്ചതു്. ആദ്യത്തെ ചില കൃതികൾ സംസ്കൃതത്തിലായിരുന്നു രചിച്ചതു്. അവ ഒന്നുംതന്നെ അച്ചടിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ൧൦൬൯-ാമാണ്ടിടയ്ക്കാണോ "കന്നെന്ന ചൊല്ലു് പതിരു് കാറ്റമരശേഷമുണ്ടോ?" എന്നൊരു സമസ്യ അന്നു ചങ്ങനാശ്ശേരിയിൽനിന്നു പ്രചരിച്ചുവന്ന സുഭാഷിണീപത്രത്തിൽ ഞാൻ പൂരണത്തിനായി ചേർക്കുകയുണ്ടായി. അതിന്റെ പൂരണമാണു് അവിടുന്നു് ആദ്യമായി പ്രസിദ്ധീകരിച്ച ഭാഷാപദ്യം എന്നു് അവിടുന്നു എന്നോടു പറഞ്ഞിട്ടുണ്ടു്. ൧൦൭൦ ൽ "കവനകൗമുദി എന്നും, തിയതി മാസത്തിലൊന്നിലും പതിനായി-ലും" ആയി പ്രസിദ്ധപ്പെടുത്തുന്നതിനെപ്പററി എനിക്കൊരു വിജ്ഞാപനം അയയ്ക്കുകയും ഞാൻ ആ സംരംഭത്തിൽ അശേഷം ആനുകൂല്യം പ്രദർശിപ്പിക്കാതെ

"പദ്യമയപത്രമാകില-
വദ്യമതല്ലാതെ തീരുവാൻ വിഷമം;
ഉദ്യമിച്ചു നന്നല്ലെ-
ന്നദ്യ മനക്കാമ്പിലിണ്ടു തോന്നുന്നു."

എന്നും മററും ചില പദ്യങ്ങൾ എഴുതി എന്റെ അഭിപ്രായം വ്യക്തമാക്കുകയും ചെയ്തു. അതിനു തമ്പുരാൻ

Digitized By Kerala Sahitya Akademi

"ഭാവൽകമാകിയൊരു കത്തു ലഭിച്ചു യുഷ്മൽ-
ഭാവം കുറച്ചതിൽ മറിച്ചിഹ തോന്നിടുന്നു"

ഇത്യാദി പദ്യങ്ങൾ അടങ്ങിയ ഒരു ദീർഘലേഖനമയച്ചു് എന്നെ അവിടുത്തെ മതത്തിലേക്കു പരിവർത്തനംചെയ്യിച്ചു. ഞങ്ങൾ ആദ്യമായി തമ്മിൽ കണ്ടതു് ൧൦൪..-ൽ ഞാൻ കൊട്ടാരക്കരയിൽ തഹശീൽദാരായിരുന്ന കാലത്താണു്. അന്നിടയ്ക്കു് ഒരിക്കൽ അവിടുന്നു തിരുവനന്തപുരത്തേക്കു പോകുന്ന വഴിക്കു് എന്നെ കാണുന്നതിനുവേണ്ടി പ്രത്യേകം കൊട്ടാരക്കരയിലിറങ്ങുകയും ഏതാനും മിനിട്ടുകൾ ഞങ്ങൾക്കു ചിരപ്രാർത്ഥിതമായ സംഭാഷണത്തിനു ലഭിക്കുകയും ചെയ്തു.

"പ്രയുക്തസൽക്കാരവിശേഷമാത്മനാ
ന മാം പരം സംപ്രതിപത്തുമർഹസി
യതസ്സതാം സന്നതഗാത്രി! സംഗതം
മനീഷിഭിസ്സാപ്തപദീനമുച്യതേ"

എന്ന കാളിദാസവാക്യത്തിന്റെ തത്വം രണ്ടുപേർക്കും അപ്പോൾ ഒന്നുപോലെ അനുഭവഗോചരമായി. അന്നുമുതൽ ഞങ്ങൾ രണ്ടുപേരും ദേഹംകൊണ്ടു രണ്ടെന്നിരുന്നാലും മനസ്സുകൊണ്ടു് ഒന്നു് എന്ന നിലയിലാണു് അവിടുത്തെ മരണസമയംവരെയ്ക്കും പെരുമാറീട്ടുള്ളതെന്നുള്ളതു സർവ്വവിദിതമാണല്ലോ.

ആ കാലംവരെയ്ക്കും കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമേനിയെ അവിടുത്തേക്കു പറയത്തക്ക പരിചയമില്ലായിരുന്നു. അയിടെയ്ക്കു കുറെ സംസ്കൃതശ്ലോകങ്ങളെഴുതി അവിടുന്നു തിരുമനസ്സിലേക്കു് അയച്ചുകൊടുക്കുകയും തിരുമനസ്സുകൊണ്ടു് ആ ലേഖനത്തെ യഥായോഗ്യം അഭിനന്ദിച്ചു്

"അയി ഭവന്തമവൈമിതമാമിനം
ശമിതജാഡ്യമതിപ്രതിഭാകരം
സുവിദിതം ശതപത്രസുഹൃത്തമം"

ഇത്യാദി പദ്യങ്ങളടങ്ങിയ ഒരു വിശിഷ്ടമായ പ്രതിലേഖനം നമ്മാന്റി

Digitized By Kerala Sahitya Akademi

ക്കുകയും ചെയ്തു. 'ശതപത്രസുഹൃത്തമം' എന്ന വിശേഷണം അവിട്ടത്തേക്കു് എത്രമാത്രം അനുരൂപമായിരുന്നു എന്നുള്ളതു് കേരളത്തിലെ എല്ലാ പത്രപ്രവൎത്തകന്മാൎക്കും അറിവുള്ളതാണു്. ൧൦൮൬-ൽ ഞാൻ കുറേക്കാലം മാവേലിക്കരത്താലൂക്കിൽ തഹശീൽദാരായിരിക്കുകയും അന്നു ഞങ്ങൾക്കു തമ്മിലുള്ള സ്നേഹബന്ധത്തെ ദൃഢീകരിക്കുന്നതിനു ധാരാളം സൗകൎയ്യം കിട്ടുകയും ചെയ്തു. അതിനു മുൻപുതന്നെ അവിടുത്തെ വിവാഹം കഴിഞ്ഞിരുന്നു. പരിണീതയായ സാധ്വി സരസകവിയും എന്റെ ഉത്തമസുഹൃത്തുമായിരുന്ന ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ ബി. എ. അവർകളുടെ സഹോദരിയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അക്കാലത്തിനു മുൻപുതന്നെ "വിഷ്ണുമായ" എന്നൊരു ഖണ്ഡകാവ്യം ഞങ്ങൾ രണ്ടുപേരുംകൂടി എഴുതി കൗമുദിയിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു. ആ സമ്പ്രദായം പല സഹൃദയന്മാൎക്കും രുചിച്ചുകണ്ടതിനാൽ അതിനെത്തുടൎന്നു ദേവകി, പത്മിനി, തങ്കമ്മ, കലാവതി, സത്യവതി, അംബരീഷചരിതം മുതലായി അനേകം ഖണ്ഡകൃതികൾ ഞങ്ങൾ അക്കാലത്തു രചിച്ചു. അവയിൽ അംബരീഷചരിതം ദ്രുതകവിതയും തങ്കമ്മ പച്ചമലയാളവും സത്യവതി പ്രാസപ്രയോഗനിയമരഹിതവുമായിരുന്നു. കലാവതിയിൽ ഒരു ഭാഗം; അന്നു ഞങ്ങളെ കാണുവാൻ 'മാവേലിക്കരയ്ക്കു വന്നിരുന്ന കുററിപ്പുറത്തു കേശവൻനായർ അവർകളുംകൂടി എഴുതീട്ടുള്ളതാണു്. ആ കൊല്ലത്തിൽതന്നെയാണു് ഭാരതവിലാസം സഭയുടെ വാൎഷികയോഗത്തിൽ അഗ്രാസനാധിപത്യം വഹിക്കുവാൻ പൂരക്കാലത്തു തമ്പുരാനോടൊരുമിച്ചു ഞാൻ തൃശ്ശൂൎക്കു പോയതു്. അവിടെ ഞങ്ങളെ സന്ദൎശിക്കുവാൻ വിദ്യാവൃദ്ധനും വയോവൃദ്ധനും തപോവൃദ്ധനുമായിരുന്ന നടുവത്തു് അച്ഛൻനമ്പൂതിരി ചാലക്കുടിയിൽ നിന്നു പോന്നതായിരുന്നു ആ യാത്രയിൽ ഞങ്ങൾക്കു സിദ്ധിച്ച പരമലാഭം. പുന്നശ്ശേരി നീലകണ്ഠശൎമ്മാവു്, കാത്തുള്ളിൽ അച്യുതമേനോൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായി പല മഹാന്മാരുമായി ആ അവസരത്തിൽ ഞങ്ങൾക്കു പരിചയപ്പെടുന്നതിനു ഭാഗ്യം ലഭിച്ചു. ഞങ്ങൾ ഓരോ മഹാകാവ്യം എഴുതിത്തുടങ്ങിയതും ൧൦൮൬-ൽ തന്നെയാണു്.

Digitized By Kerala Sahitya Akademi

പിന്നെ ഞാൻ തിരുവനന്തപുരത്തു് ഒന്നാംതഹശീലുദ്യോഗത്തിൽ കുറേനാൾ ഇരുന്നപ്പോഴും ൧൦൭൩-ൽ ചെങ്കോട്ട മുൻസിഫായിരുന്നകാലത്തു ഭാഷാപോഷിണീസഭാസമാഗമത്തിൽ സംബന്ധിക്കുന്നതിനായി വലിയകോയിത്തമ്പുരാൻ തിരുമേനിയോടൊന്നിച്ചു വൈക്കത്തേക്കു പോയപ്പോഴും തമ്പുരാനും ഞാനും തമ്മിൽ കാണുന്നതിനു് ഇടവന്നു. എങ്കിലും അസിസ്റ്റന്റുസ്ക്രിട്ടറിയായി ൧൦൭൫-ൽ തിരുവനന്തപുരത്തു താമസമുറപ്പിച്ചതുമുതലാണു് അവിടുത്തേക്കു് എന്നെയും എനിക്കു് അവിടുത്തെയും വിട്ടുപിരിയാത്ത നിലയിൽ ഇരിക്കണമെന്നുള്ള നിർബ്ബന്ധം ബലവത്തായതു്. ഈ മൈത്രീദാർഢ്യത്തിന്റെ ഫലമായി ഏറെത്താമസിയാതെ ഒരു മുൻഷിപ്പണി സ്വീകരിച്ചു് അവിടുന്നു തിരുവനന്തപുരത്തു താമസം തുടങ്ങിയ കഥ പ്രസിദ്ധമാണല്ലോ. ആദ്യം കുറേക്കാലത്തേക്കു് എന്റെ താമസം കോട്ടയ്ക്കകത്തും അവിടുത്തേതു വഞ്ചിയൂരുമായിരുന്നതിനാൽ ഞങ്ങൾക്കു പ്രായേണ എല്ലാ ദിവസവും തമ്മിൽ കാണുന്നതിനും പല സാഹിത്യവിഷയങ്ങളെപ്പറ്റി സംഭാഷണം ചെയ്യുന്നതിനും സംസ്കൃതത്തിൽ അനേകം ഉപരിഗ്രന്ഥങ്ങൾ വായിക്കുന്നതിനും സൗകര്യം സിദ്ധിച്ചു. അതിനിടയ്ക്കു രസഗംഗാധരം മുതലായി ചില പുസ്തകങ്ങൾ ഞങ്ങൾ ഒന്നിച്ചു വായിക്കുകയും മഹാഭാഷ്യത്തിൽ ഏതാനും ആഹ്നികങ്ങൾ വൈയാകരണശിരോമണിയായ ഇറവൂർ നാരായണശാസ്ത്രികളോടു പഠിക്കുകയും ചെയ്തു. എന്റെ താമസം ജഗതിയിലേക്കു മാററിയതിൽപിന്നെ ഈ മിത്രസമാഗമത്തിനു് സ്വല്പമൊരു വൈരള്യം വന്നുപോയെങ്കിലും ആഴ്ചയിൽ രണ്ടും മൂന്നും പ്രാവശ്യം ഞങ്ങൾ ഒന്നിച്ചു കൂടുന്നതിനു് മുട്ടു് ഒരു വിഘ്നമായില്ല. അതിനിടയ്ക്കു് എന്റെ ഉപദേശമനുസരിച്ചു് അവിടുന്നു പ്രതാപരുദ്രീയകുവലയാനന്ദങ്ങളെ ആദർശങ്ങളായി വച്ചുകൊണ്ടു ശ്രീമൂലപ്രകാശിക എന്ന അലങ്കാരഗ്രന്ഥം നിർമ്മിക്കുകയും വേണീസംഹാരനാടകം ഭാഷയിലേക്കു തർജ്ജമചെയ്യുകയും ചെയ്തു. ആ നാടകം അവസാനിപ്പിച്ചതിനുമേൽ വീണ്ടും എന്റെ അഭിപ്രായമനുസരിച്ചുതന്നെ തർജ്ജമചെയ്തുതുടങ്ങിയ മുദ്രാരാക്ഷസം മുഴുവനായിട്ടില്ല. ഒഴിവുകാലങ്ങളിൽ ഒന്നിച്ചുപോയി വല്ല സ്ഥലങ്ങളിലും വിശ്രമിക്കണമെന്നു ഞങ്ങൾക്കുണ്ടായിരുന്ന മോഹം രണ്ടു കൊല്ലങ്ങളിലേ സഫലീഭവിച്ചുള്ളു. കഴിഞ്ഞതിനു മുൻപി

Digitized By Kerala Sahitya Akademi

ഷത്തെ കൊല്ലം ഞങ്ങൾ കുറെനാൾ കന്യാകുമാരിയിൽ പോയി താമസിച്ചു. അന്നു രണ്ടുപേരും ഓരോ കന്യാകുമാരീശപഥീസ്തവം എഴുതുകയും അവ രണ്ടും കവനകൌമുദിയിൽ പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. കഴിഞ്ഞകൊല്ലത്തിൽ മൂന്നാഴ്ചയോളം ദേവികുളത്തു പോയി താമസിക്കുകയുണ്ടായി. അവിടെനിന്നു തിരിയെ വന്ന ഉടൻ അവിടുന്നു് ഒരു കിളിപ്പാട്ടും ഞാനൊരു മഹാകാവ്യവും നിർമ്മിക്കണമെന്നായിരുന്നു നിശ്ചയം. അവിടുത്തെ കിളിപ്പാട്ടു വളരെ ദൂരമൊന്നും നീങ്ങീട്ടില്ല. എന്റെ മഹാകാവ്യമാണെങ്കിൽ അതും രണ്ടാം സർഗ്ഗത്തിൽ കിടക്കുന്നതേയുള്ളു. പണ്ഡിതപ്രിയനായ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ നിദേശമനുസരിച്ചു "കവിതിലക" മുദ്ര വാങ്ങിക്കുന്നതിനായ് ഇക്കൊല്ലത്തിന്റെ ആരംഭത്തിൽ കൊച്ചിക്കുപോയതാണു് ഞങ്ങളുടെ ഒടുവിലത്തെ സഹയാത്ര. ആ അവസരത്തിലും കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കൊച്ചി പരീക്ഷിത്തു തമ്പുരാൻ തിരുമേനി, സഹൃദയതിലകൻ രാമപ്പിഷാരടി മുതലായ പല വിദ്വജ്ജനങ്ങളുടെയും സ്നേഹം സമ്പാദിക്കുന്നതിനു ഞങ്ങൾക്കു ഭാഗ്യമുണ്ടായി. അടുത്തകൊല്ലത്തിലോ മറേറാ ഞാൻ രചിക്കുവാൻ ഉദ്യമിക്കുന്ന ഭാഷാസാഹിത്യചരിത്രം സംബന്ധിച്ചു ചില അന്വേഷണങ്ങൾ നടത്തുന്നതിനായി ബ്രിട്ടീഷ് മലബാർ, കൊച്ചി ഈ രാജ്യങ്ങൾ മുഴുക്കെ ഒന്നു ചുററി സഞ്ചരിക്കണമെന്നും ഞങ്ങൾ തീർച്ചപ്പെടുത്തിവച്ചിരുന്നു. മുമ്പുതന്നെ അവിടുന്നു തീപ്പെട്ടുപോയ സാമൂതിരിപ്പാട്ടു തമ്പുരാൻ തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചു കോഴിക്കോട്ടു മുതലായ സ്ഥലങ്ങൾ സന്ദർശിച്ചുകഴിഞ്ഞിരുന്നു.

തമ്പുരാനു പറയത്തക്ക ദീനം ഒരിക്കലും ഉണ്ടായിരുന്നില്ല. മരണത്തിനു കാരണമായ ബോംബേപ്പനി തുടങ്ങുന്നതിനു രണ്ടുദിവസം മുൻപു് അവിടുന്നു മഠത്തിൽ വരികയും എന്റെ അനുജന്റെ വിവാഹത്തിനു ശനി, ഞായർ ഈ ആഴ്ചകളിൽ സന്നിഹിതനായിരുന്നുകൊള്ളാമെന്നു വാഗ്ദാനം ചെയ്തുംവച്ചു പിരിയുകയും ചെയ്തു. തിങ്കളാഴ്ച വിവാഹത്തിന്റെ ചടങ്ങുകൾ അവസാനിച്ചു. ദീനമാണെന്നു് എനിക്കു അറിവാൻ ഇടയായതു് ബുധനാഴ്ച വൈകുന്നേരമാണു്. അന്നു രാത്രിയിൽതന്നെ മരണവും കഴിഞ്ഞിരിക്കുന്നു. പിറേറന്നു

Digitized By Kerala Sahitya Akademi

കാലത്തു പതിനൊന്നുമണിക്കു പതിവുപോലെ കച്ചേരിയിൽ ചെന്നപ്പോൾ തമ്പുരാൻ യശശ്ശരീരനായിരിക്കുന്നു എന്നും അനന്താദികരണീയങ്ങളെപ്പററി ആലോചിക്കുന്നതിന്നു് ഉടൻ വരണമെന്നും കൂട്ടിൽ ശങ്കരൻകുട്ടിമേനോൻെറ പക്കൽനിന്നു് ഒരു കുറിമാനം കിട്ടി. അപ്പോളാണു് വസ്തുത മനസ്സിലായതു്. ഞങ്ങൾ തമ്മിലുണ്ടായിരുന്ന സൌഹാർദ്ദത്തിൻെറ പാരമ്യത്തെപ്പററി അറിവുള്ളവരോടു് ഈ വൃത്താന്തം എനിക്കു് എത്രമാത്രം മർമ്മഭേദകമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

കേരളസാഹിത്യനഭോമണ്ഡലത്തിലെ വിമലവും വിപുലവുമായ ഒരു വിശിഷ്ടജ്യോതിസ്സ് അപ്രതീക്ഷിതമായി അന്തർദ്ധാനം ചെയ്തിരിക്കുന്നു. തമ്പുരാൻെറ അത്യത്ഭുതമായ കവിതാവാസനയെപ്പററി അധികമൊന്നും ഈ അവസരത്തിൽ ഉപന്യസിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. ഇത്ര നിരർഗ്ഗളവും കൂലങ്കഷവുമായ കാവ്യാമൃതപ്രവാഹം ഈ ഭട്ടത്തിൽനിന്നല്ലാതെ മറെറവിടെനിന്നാണു് നിർഗ്ഗമിക്കുന്നതു്? സംസ്കൃതത്തിലും മലയാളത്തിലും ഉള്ള സകലശബ്ദങ്ങളും അവിടുത്തേക്കു് അഹമഹമികയാ വഹിച്ചിരുന്ന ദാസ്യം സഹൃദയന്മാരെ ആശ്ചര്യപരവശന്മാരാക്കിത്തീർത്തിരുന്നതു് അല്പമൊന്നുമല്ല.

"സുവർണ്ണസരസീരുഹപ്രകരജാതസൌരഭ്യമോ
സുവർണ്ണശുകശാബകശ്രുതിമനോജ്ഞസല്ലാപമോ
അവശ്യരുചിമാലതീമഹിതമാർദ്ദവപ്രൌഢിയോ
നവസുരസതയ്ക്കു നൽക്കവനതുല്യമാകാ ദൃഢം."

എന്നും മററുമുള്ള പദ്യങ്ങൾ അടങ്ങിയതും ഞാൻ എൻെറ പദ്യമഞ്ജരി ഏഴാംഭാഗത്തിൽ ഉദ്ധരിച്ചിട്ടുള്ളതുമായ അവിടുത്തെ സൽകാവ്യപ്രശസ്തിതന്നെ ഈ വിഷയത്തിൽ സാക്ഷിനിൽക്കുന്നതാണു്. പൃഥ്വീവൃത്തത്തിൽ പദ്യനിർമ്മിതിക്കു് അവിടുത്തേക്കുണ്ടായിരുന്ന അന്യാദൃശമായ പാടവത്തെ അഭിനന്ദിച്ചു പലപ്പോഴും ഞാൻ അവിടുത്തെ "പൃഥ്വീശൻ" എന്നു പറയാറുണ്ടായിരുന്നതും ഈ അവസരത്തിൽ സ്മരണീയമാണു്. ശബ്ദങ്ങളുടെ മേൽ അവിടുത്തേക്കു സിദ്ധി

Digitized By Kerala Sahitya Akademi

ച്ചിരുന്ന സാർവഭൗമനിർവിശേഷമായ ആധിപത്യത്തിന്റെ മൂല്യാഭിഷിക്തനിദർശനം രുക്മാംഗദചരിതത്തിലെ ചിത്രസർഗ്ഗമാണ്.

"മന്ദരാഗത കൈവിട്ടു-മന്ദരാഗോത്ഭടം നൃപൻ
കന്ദരാഗതധാതുശ്രീ-കന്ദരാഗമണഞ്ഞുടൻ."

എന്നു തുടങ്ങി അതിൽ അടങ്ങിയിരിക്കുന്ന മാതിരി പദ്യത്തിലും അനന്യസുലഭമായ കവിതാചാതുരി അഭൗമമായ സൌഭാഗ്യാലങ്കാരത്തോടു കൂടി വിജയനൃത്തം ചെയ്യുന്നതായി കവിധർമ്മമർമ്മജ്ഞന്മാർക്കു കാണാവുന്നതാണ്. അവിടുന്ന് ആദ്യമായി പ്രയോഗിച്ചുതുടങ്ങിയ അനവധി മനോഹരങ്ങളായ സംസ്കൃതപദങ്ങൾ ഇപ്പോൾ ഭാഷാസാഹിത്യത്തിൽ പ്രചുരപ്രചാരങ്ങളായിത്തീർന്നിട്ടുണ്ട്. തമ്പുരാന്റെ കവിത കേവലം ശബ്ദപ്ലുധാനമായിരുന്നു എന്ന് അവഹേളനം ചെയ്യുന്നവർ സൂക്ഷ്മദൃഷ്ടികളാണെന്നു പറയുവാൻ ന്യായം കാണുന്നില്ല. രുക്മാംഗദചരിതത്തിൽ രുക്മാംഗദനും ധർമ്മാംഗദനും തമ്മിലുള്ള സംവാദം, വിജയോദയത്തിൽ മായാകിരാതനും അർജ്ജുനനും തമ്മിലുള്ള വാഗ്വാദം, ഭീമപ്രഭാവം മുതലായ ഖണ്ഡകൃതികൾ, ഇവയിൽനിന്ന് അവിടുത്തെ രസനിഷ്പത്തിയിൽ എത്രമാത്രം നിഷ്കർഷയുണ്ടായിരുന്നു എന്നു നിർമ്മത്സരന്മാർ വിധിക്കുന്നതാണ്.

"ചൊടിച്ചുഗ്രമാം കണ്ണു തിരുന്നുമുട്ടി-
ത്തടിച്ചുള്ള കയ്യിൽ ഗദാദണ്ഡുമേന്തി
പടിച്ചുക്കളൂട്ടുന്നൊരാഭ്യാസി പല്ലും
കടിച്ചാശു ഭീമൻ രണാഗ്രത്തിലെത്തി."

എന്നു തുടങ്ങിയുള്ള പദ്യങ്ങൾ അടങ്ങിയ ഭീമപ്രഭാവം ആ നിലയ്ക്കുള്ള ഖണ്ഡകൃതികളിൽവെച്ച് അഗ്രപൂജയ്ക്ക് അർഹമാണെന്നു സംശയം കൂടാതെ പറയാം. വീരരൗദ്രരസപ്രകടനത്തിനു യോജിച്ച ഗൗഡരീതിയാണ് അവിടുത്തേക്ക് അധികം സ്വാധീനമായിരുന്നതു്. അതിനാൽ തന്നെയാണ് അവിടുത്തെക്കൊണ്ടു വേണീസംഹാരം തർജ്ജമ ചെയ്യിക്കണമെന്നു ഞാൻ നിശ്ചയിച്ചതും. വേണീസംഹാരത്തിലെ



Digitized By Kerala Sahitya Akademi

അശ്വത്ഥാമാങ്കം എന്ന പ്രസിദ്ധമായ മൂന്നാമങ്കം സംസ്കൃതസാഹിത്യത്തിലെ ഒരമൂല്യനിധിയാണ്. ആ അങ്കത്തിന്റെ തർജ്ജമയിൽ തമ്പുരാൻ പ്രദർശിപ്പിച്ചിരിക്കുന്ന പാടവം എത്രമാത്രമുണ്ടെന്നു ദിങ്മാത്രേണ വായനക്കാരെ മനസ്സിലാക്കുന്നതിനായ് രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"യദി സമരമപാസ്യ നാസ്തി മൃത്യോർ-
ഭയമിതി യുക്തമിതോന്യതഃ പ്രയാതും;
അഥ മരണമവശ്യമേവ ജന്തോഃ;
കിമിതി മുധാ മലിനം യശഃ കുരുധ്വേ?"—(മൂലം)

മൃതിഭയമടർവിട്ടാൽ പിന്നോട്ടോടുകയില്ലെ-
ന്നതു വരികിലിതിന്നത്രേ ദിട്ടം ധാടികൾക്കെല്ലാം;
ക്ഷിതിയിൽ മരണമാർക്കും എന്നുമുണ്ടാക; മിന്നാ-
സ്ഥിതിയിൽ വെറുതെയിത്ഥം ദുർയ്യശസ്സുള്ളതെന്തേ?—
(തർജ്ജമ)

"താതം ശസ്ത്രഗ്രഹണവിമുഖം നിശ്ചയേനോപലഭ്യ
ത്യക്ത്വാ ശങ്കാം ഖലു വിദധതഃ പാണിമന്യോത്തമാംഗേ
അശ്വത്ഥാമാ കരധൃതധനുഃ പാണ്ഡുപാഞ്ചാലസേനാ-
തൂലോൽക്ഷേപപ്രളയപവനഃ കിം ന യാതഃ സ്മൃതിം വഃ?"—
(മൂലം)

ശസ്ത്രത്തെശ്ശൂരനാമെൻ ജനകനിനിയെടുക്കില്ല നന്നെന്നുറച്ചി-
ട്ടത്രസ്ഥൻ നിർവ്വിശങ്കം കരമിഹ ഗുരുവിൻമൗലിയിൽച്ചേർത്തനേരം
വിശ്വത്തിൽ പ്പാർത്ഥപാഞ്ചാലകനിഖിലചമൂമൃത്യുവായ്ച്ചുറ്റപ്പെട്ടതാ-
മശ്വത്ഥാമാവു വാഴുന്നൊരു കഥ വഴിപോലുള്ളിലോ-
ർത്തില്ലയോ നീ? (തർജ്ജമ)

രണ്ടാമത്തെ ശ്ലോകത്തിലുള്ള പദങ്ങളുടെ പ്രൗഢിയും പാച്ചിലും പ്രത്യേകിച്ചു പരീക്ഷിക്കേണ്ടതാണ്. ഭട്ടനാരായണമഹാകവിയുടെ ധൈര്യപ്രദങ്ങളായ പദ്യഗർജ്ജനങ്ങളെ അതേ നിലയിലോ അതിലുമധികം ശക്തിയോടുകൂടിയോ ഭാഷയിൽ പകർത്തിക്കാണിക്കുക എന്നുള്ള ദുഷ്കരകൃത്യം കവിതാവനത്തിൽ സ്വച്ഛന്ദവിഹാരം ചെയ്യുന്ന ഒരു

Digitized By Kerala Sahitya Akademi

പ്രചണ്ഡപണ്ഡിതകേസരിക്കല്ലാതെ ഒരിക്കലും സാധിക്കുന്നതല്ല. അവിച്ഛിന്നധാരമായുള്ള കവിതാപ്രവാഹം, വീരരസപ്രകടനത്തിലുള്ള വിശേഷവൈദഗ്ദ്ധ്യം, വാക്കുകൾക്ക പ്രകൃത്യാ ഉള്ള അകൃത്രിമരാമണീയകം, ഇതിനെ പല വിഷയങ്ങളിലും അവിടുന്നും പരേതനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും സമാനധർമ്മാക്കളായിരുന്നു. തമ്പുരാനു ദ്രുതകവിതയിലുണ്ടായിരുന്ന പാടവവും പ്രശംസനീയമായിരുന്നു. ൧൦൬൪-ൽ ഭാരതവിലാസം അച്ചുക്കൂടത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ആദ്ധ്യക്ഷതയിൽ നടന്ന ദ്രുതകവനപരീക്ഷയിൽ അവിടുന്നാണു് കവിതാചാതുര്യവിഷയത്തിൽ സമ്മാനാർഹനായിത്തീർന്നതു്. മാരുതിവിജയം എന്നൊരു ഖണ്ഡകാവ്യം ഞങ്ങൾ അഞ്ചാളുകൾ ചേർന്നു് ഒരിക്കലെഴുതി. അതിൽ ഒന്നാമതായി തീർന്നതും ഒന്നാമതായി നിന്നതും അവിടുത്തെ ഭാഗമായിരുന്നു.

തമ്പുരാൻ തർക്കവ്യാകരണങ്ങളിൽ നിഷ്ണാതനായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സംസ്കൃതസാഹിത്യത്തിൽ അവിടുത്തേക്കുള്ള അവഗാഹവും അസാധാരണമായിരുന്നു. കിരാതാർജ്ജുനീയം, മാഘം, നൈഷധം, മുതലായ മഹാകാവ്യങ്ങളിൽനിന്നും അനർഘരാഘവം, മൃച്ഛകടികം, ജാനകീപരിണയം മുതലായ നാടകങ്ങളിൽനിന്നും അവിടുത്തേക്കു ക്ലേശംകൂടാതെ ഏതു സമയത്തും എത്ര ശ്ലോകങ്ങൾ വേണമെങ്കിലും ഉദ്ധരിക്കത്തക്കവണ്ണം അവയുമായി അത്ര മാത്രം അടുത്തു പരിചയമുണ്ടായിരുന്നു. നാരായണീയം ആദ്യന്തം അവിടുത്തേയ്ക്കു മുഖസ്ഥമായിരുന്നു. വേണമെങ്കിൽ സംസ്കൃതത്തിലും അവിടുത്തേയ്ക്കു് ഒരു വിശിഷ്ടകവി എന്നു പേരു കേൾക്കുവാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ അവിടുന്നു മാതൃഭാഷയെയാണു് ബാല്യംമുതൽക്കു സ്നേഹിച്ചതു്. "നമ്മെപ്പോലെയുള്ളവരുടെ കവിതകൊണ്ടു സംസ്കൃതസാഹിത്യത്തിനു മെച്ചമൊന്നും വരുവാനില്ല; ഭാഷാസാഹിത്യത്തിനുണ്ടുതാനും." എന്നു് അവിടുന്നു കൂടെക്കൂടെ പ്രസ്താവിക്കാറുണ്ടായിരുന്നു. ഈ അഭിപ്രായം മററു സംസ്കൃതപണ്ഡിതന്മാരും ആദരിക്കുമെങ്കിൽ എത്ര ഉചിതമായിരിക്കും! കവനകൌമുദിയെ പുച്ഛിക്കുന്ന ചില പണ്ഡിതമാനികൾ ഇന്നും ഇല്ലെന്നില്ല. അവർ ആ മാസിക പദ്യസാഹിത്യത്തിനു ചെയ്തിട്ടുള്ള മഹത്തായ ഉപകാരത്തെ അറിയുന്നവരോ അറിയുവാൻ ശക്തിയുള്ളവരോ അല്ല.

Digitized By Kerala Sahitya Akademi

എത്ര യുവാക്കളുണ്ടു് കൗമുദി വായിച്ചും കൗമുദിയിലെഴുതിയും നല്ല കവികളായിത്തീൎന്നിട്ടുള്ളതെന്നുള്ളതിനു കൈയ്യും കണക്കുമില്ല.

തമ്പുരാനു് മൃദുലമനോഹരമായ ഒരുവക ഫലിതം സംഭാഷണത്തിലും കവനത്തിലുമുണ്ടായിരുന്നു.

"താന്തോന്നിയായ മലരമ്പനു പൂവറുപ്പാൻ
പൂന്തോട്ടമെന്നപടി"—

...മ്മ യൗവനത്തിൽ സമുല്ലസിക്കുന്നതും,

"ദ്വാദശിപൂൎണ്ണ സമരത്തിനു നമ്മോടെതിരാൻ
സ്വൎഭാമിനിയൊരുത്തി കൃതാൎത്ഥയാകും"

എന്നു കിരാതൻ അൎജ്ജുനനോടു പറയുന്നതും മററും ഈ ഫലിതത്തിന്റെ പരിസ്ഫുരണമാണു്. ഒരിക്കൽ ന്യൂ ഇൻഡ്യാ എന്ന പത്രത്തിൽ ഞങ്ങൾ രണ്ടുപേരുടേയും കവിതയെ ഒരു വിമൎശകമ്മന്യൻ അനാവശ്യമായും അതിരുകവിഞ്ഞും അധിക്ഷേപിച്ചിരുന്നതു ഞങ്ങൾക്കു കാണുവാനിടയായി. അവിടുന്നു് അപ്പോൾ ഈ വിമൎശകന്മാൎക്കു് അഗസ്ത്യാദിമഹൎഷിമാരെപ്പോലെ ശാപാനുഗ്രഹശക്തി സിദ്ധിച്ചിട്ടുണ്ടോ എന്നു സാവധാനമായി ചോദിച്ചു. ഉണ്ടായിരിക്കയില്ലെന്നു ഞാൻ മറുപടി പറഞ്ഞു. എന്നാൽ കവിതയില്ലെന്നു മററൊരുത്തൻ പറഞ്ഞാൽ വാസ്തവത്തിൽ ഇല്ലാതെയായിപ്പോകുമെങ്കിൽ വളരെ സൂക്ഷിക്കുവാനുണ്ടെന്നും അങ്ങനെ സംഭവിക്കാത്ത കാലത്തോളം ഈവക നിരൂപകന്മാരെ കവികൾ ന്യായരഹിതമായി ഭയപ്പെട്ടിട്ടാവശ്യമില്ലെന്നും പറഞ്ഞു നൈസൎഗ്ഗികമായ മന്ദസ്മിതത്തോടുകൂടി അവിടുന്നു് അതു സംബന്ധമായുള്ള പ്രസംഗം അവസാനിപ്പിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. ഈ മാതിരിയിലുള്ള ഫലിതങ്ങൾ അവിടുത്തെ സംഭാഷണത്തിൽ ഏതവസരത്തിലും സുലഭങ്ങളായിരുന്നു.

തമ്പുരാന്റെ വൈദുഷ്യത്തേയും കവിതാചാതുൎയ്യത്തേയുംപററി തീപ്പെട്ടുപോയ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും സാമൂതിരിപ്പാടു തമ്പുരാൻ തിരുമനസ്സിലേക്കും വലിയ മതിപ്പാണു് ഉണ്ടായിരുന്നതു്. അതുപോലെ തന്നെ കൊച്ചിയിലെ സ്ഥാനമൊഴിഞ്ഞ

Digitized By Kerala Sahitya Akademi

വലിയതമ്പുരാൻ തിരുമനസ്സിലേക്കും അവിടത്തെപ്പററി വലിയ കാര്യമായിരുന്നു. സ്വയമേവ കവിതിലകസ്ഥാനദാനത്തിനായി അവിടത്തെക്ഷണിച്ച ഇപ്പോഴത്തെ വലിയ തമ്പുരാൻ തിരുമനസ്സിലെക്കഥ പറയേണ്ടതുമില്ലല്ലോ. നമ്മുടെ പൊന്നുതമ്പുരാൻ തിരുമേനിക്കും അവിടത്തെപ്പററി വളരെ വാത്സല്യമായിരുന്നു. തിരുനാൾ സദസ്സിനു അവിടത്തെ അംഗമായി വളരെക്കാലം മുൻപുതന്നെ സ്വീകരിക്കുകയും അടുത്തൂൺ കൂട്ടിക്കൊടുക്കുകയും ചെയ്തതിനു പുറമെ തിരുമനസ്സിലെ ഷഷ്ടിപൂർത്തി സംബന്ധിച്ചുള്ള സകല ഭാഷാപദ്യങ്ങളും ഒന്നിച്ചുചേർത്തു പുസ്തകാകൃതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിനു അവിടത്തെ ചുമതലപ്പെടുത്തുകകൂടി ചെയ്തതിൽനിന്നു ഈ വസ്തുത ധാരാളം വിശദമാകുന്നതാണു.

എന്നാൽ ഈ വൈദുഷ്യത്തേയും കവിതയേയുംകാൾ ജനങ്ങളെ വശീകരിച്ചിരിക്കുന്നതു അവിടത്തെ സ്വഭാവഗുണമായിരുന്നു. ഇങ്ങനെയൊരു നല്ലയാളെ ഞാൻ എന്റെ ഈ വയസ്സിനിടയിൽ സ്നേഹിച്ചിട്ടില്ല എന്നു തീർച്ചയായി പറയാം. "വിദ്വാംസോ വസുധാതലേ പരഗുണശ്ലാഘാസു വാചംയമാഃ" എന്നും മററുമുള്ള ഉത്സർഗ്ഗവിധിക്കു അവിടുന്നു അത്യാശ്ചര്യജനകമായ ഒരു അപവാദമായിരുന്നു. ദ്വേഷം, മദം, മത്സരം, അസൂയ, ഏഷണി മുതലായുള്ള ദുർഗ്ഗുണങ്ങൾ ഒന്നുംതന്നെ അവിടത്തെ ഒരവസരത്തിലും തീണ്ടിയിരുന്നില്ല. അങ്ങനെയുള്ള ചില വികാരങ്ങൾ ലോകത്തിലുണ്ടെന്നു അവിടുന്നു ധരിച്ചിരുന്നുവോ എന്നുകൂടി സംശയിക്കത്തക്കവിധത്തിൽ അവിടത്തെ അന്തഃകരണം അത്രമാത്രം പരിശുദ്ധമായിരുന്നു. ഒരു വടക്കൻ കവി ഞങ്ങളുടെ ഒരു സ്നേഹിതനെ ഒരവസരത്തിൽ പ്രശംസിച്ചെഴുതിയ ലേഖനത്തിൽ ഞങ്ങളെ അകാരണമായി അധിക്ഷേപിക്കുകയുണ്ടായി. അതിൽ അവിടത്തെയ്ക്കു വാസ്തവത്തിൽ ആനന്ദമാണു തോന്നിയതു. സുഹൃത്തുക്കളായാൽ അങ്ങനെയിരിക്കണം. എല്ലാക്കാലത്തും എന്റെ അഭ്യുദയത്തിൽ അകൈതവമായി എന്നെക്കാൾ അധികം സന്തോഷിച്ചതും വ്യസനത്തിൽ എന്നെക്കാൾ അധികം വ്യസനിച്ചതും അവിടുന്നായിരുന്നു. ഇതല്ലയോ സാത്വികമായ മൈത്രീബന്ധം?

അങ്ങനെയെല്ലാമിരുന്നിരുന്ന എന്റെ സുഹൃത്തമന്റെ ഭൗതികശരീരം അപ്രത്യക്ഷമായി. ഞാൻ ഇതാ ഏകാകിയുമായി. ലോക

Digitized By Kerala Sahitya Akademi

ജന്മത്തിൽ എനിക്കു ചില വിഷയങ്ങളെല്ലാം സിദ്ധിക്കുവാൻ ഇടവ ന്നിട്ടുണ്ടെന്നാണ് എന്റെ ബന്ധുമിത്രങ്ങൾ അഭിമാനിക്കുന്നത്. അ വയിൽ സർവോപരി അമൂല്യമായി ഞാൻ ഗണിക്കുന്നതു രണ്ടുമാത്ര മാണ്. ഒന്ന് ഭാഷാസാഹിത്യ ചക്രവർത്തി വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്ക് എന്റെ പേരിലുണ്ടായിരുന്ന ഗുരുനിർവിശേഷ മായ വാത്സല്യം; രണ്ട് മഹാകവി പന്തളത്തു കേരളവർമ്മതമ്പുരാന് എന്റെ പേരിലുണ്ടായിരുന്ന ഏകോദരസഹോദരനിർവിശേഷമായ സൗഹാർദം. ഇവരണ്ടിനും പാത്രീഭവിച്ച ഞാൻ ഭാഗ്യവാൻ അത്രെ ന്നതന്നെയാണ് എന്റെ പരിപൂർണ്ണവിശ്വാസം. ഈ കേരളദ്വയവുമാ യുള്ള സംസർഗ്ഗത്തിൽനിന്ന് അനല്പമായ ഗുണം എനിക്കു സിദ്ധിച്ചിട്ടു ണ്ട്; അതിനാൽ തന്നെ ഞാൻ കൃതാർത്ഥനുമാണ്. ആ ഭാഗ്യച ന്ദ്രൻ ഇനിയിങ്ങുദിച്ചുയരാത്തവണ്ണം എന്നന്നേക്കുമായി ഇപ്പോൾ അ സ്തമിച്ചുകഴിഞ്ഞിരിക്കുന്നു. വെണ്മണി മഹൻനമ്പൂരിപ്പാട്ടു മരിച്ച പ്പോൾ "ഈവിഷയമേ കൈവിട്ടു പിന്മാറി ഞാൻ" എന്നു സാഹിത്യ ത്തെ ഉദ്ദേശിച്ചു രോദനം ചെയ്ത കാത്തുള്ളിൽ അച്യുതമേനോന്റെ മ നോഗതിയാണ് എന്നെ ഇപ്പോൾ ബാധിച്ചിരിക്കുന്നത്. മുഖ്യമെ ന്നോ മൂല്യവത്തെന്നോ ഞാൻ ഗണിക്കുന്ന സമ്പത്തായി ലോകത്തിൽ എനിക്ക് ഇനി അധികമൊന്നും അവശേഷിക്കുന്നില്ല. ചരാചരഗുരു വായ ജഗന്നിയന്താവിനോടു ജഗന്നാഥപണ്ഡിതരുടെ വാക്കുകളിൽ

"വിഷീദതാ നാഥ, വിഷാദലോപമേ
വിഷാദഭദ്രാഃ ഭവസാഗരേ വിഭോ,
പരം പ്രതീകാരമപശ്യതാധുനാ
മയായമാത്മാ ഭവതേ നിവേദിതഃ"

എന്നു മുക്തകണ്ഠം ആക്രന്ദനം ചെയ്തുകൊണ്ടു വിരമിക്കുകയല്ലാതെ അനന്യശരണരായ അസ്മാദൃശമനുഷ്യകീടങ്ങൾക്ക് എന്തു ഗത്യന്തര മാണുള്ളത്? എന്റെ മാന്യമിത്രമായ ശ്രീമാൻ വള്ളത്തോൾ നാരാ യണമേനോൻ എനിക്കയച്ച കത്തിൽ താഴെ ചേർക്കുംപ്രകാരം എഴു തിയിരിക്കുന്നു.

"എന്തൊരു കടുങ്കൈയാണ് ദൈവം ഇച്ചെയ്തുവെച്ചത്? അനേ കായിരം അടി പൊക്കമുള്ള ഒരു പർവതത്തിന്റെ മേല്പൊട്ടുമുടിയി ൽനിന്നു വളരെ അഗാധത്തിൽ കിടക്കുന്ന ഒരു തീക്കുഴിയിലേക്കു മറി

Digitized By Kerala Sahitya Akademi

ഞരുവീണാലത്തെ അനുഭവമാണു് എനിക്കുണ്ടായതു്. ഈ വേദന നമ്മെ വിട്ടുപിരിയുക എന്നതു തീരെ അസംഭാവ്യംതന്നെ. ഇനി ആരാണു് നമുക്കു് ഒരു ഉപദേഷ്ടാവു്? ആരാണു് ഒരു പരമമിത്രം? ഹാ! അദ്ദേഹത്തിന്റെ പാണ്ഡിത്യമോ, കവനപാടവമോ, സൌശീല്യവിലസിതമോ—ഏതാണു് സർവ്വോപരി പരിലസിക്കുന്നതെന്നു തീരുമാനപ്പെടുത്തുവാൻ പ്രയാസം. അയ്യോ! പ്രപഞ്ചം മുഴുവനും ശൂന്യമായു് ചമഞ്ഞതുപോലെ തോന്നുന്നു. ഭഗവൻ, കൃതാന്ത, താരുണ്യദശയുടെ മദ്ധ്യാഹ്നത്തെപ്പോലും സ്പർശിച്ചിട്ടില്ലാത്ത ആ സൽപുരുഷനെ ഈ വേഗത്തിൽ അങ്ങയുടെ കറുത്ത തിരശ്ശീലയ്ക്കുള്ളിൽ തള്ളിക്കളയുന്നതിനു് അങ്ങേയ്ക്കു് കൈ ചെന്നുവല്ലോ! ദൈവമേ! വാവിട്ടു വിലപിക്കുവാൻ പോലും ഈയുള്ളവർക്കു ശക്തിയില്ല. കാ ഗതിഃ? ദൈവമേ! എന്റെ പ്രിയസുഹൃത്തിന്റെ ഈ ചോദ്യത്തിനു ഞാനെന്തുത്തരം പറയട്ടെ! അഹോ! ആത്യന്തികമായ അന്യായം! അപരിമേയമായ അത്യാഹിതം!

Digitized By Kerala Sahitya Akademi

# സംസ്കൃതഭാഷ.

---

"യസ്യ പ്രസാദകലയാ ബധിരശ്ശൃണോതി,
പംഗുഃ പ്രധാവതി ജവേന ച വക്തി മൂകഃ,
അന്ധഃ പ്രപശ്യതി, സുതം ലഭതേ ച കന്യാ;
തം ദേവമേവ വരദം ശരണം ഗതോസ്മി."

രാമാനുജാചാര്യർ.

മഹാജനങ്ങളേ!

അത്തരത്തിലുള്ള മഹിമാതിശയത്തോടുകൂടിയ മഹാവിഷ്ണുവിന്റെ ആലയത്താലും മാർത്താണ്ഡാന്വയദീപങ്ങളായ മാടക്ഷമാപതികളുടെ രാജധാനിയാലും അലംകൃതമായ ഈ തൃപ്പൂണിത്തുറ നഗരത്തിൽ വന്നുചേരുന്നതിനും ഇന്നത്തെ മഹായോഗത്തിൽ ആധ്യക്ഷ്യം വഹിക്കുന്നതിനും ഭാഗ്യമുണ്ടായതിൽ എനിക്ക് അതിരററ ചാരിതാർത്ഥ്യമുണ്ടെന്നുള്ള വസ്തുത ആദ്യമായി നിങ്ങളെ അറിയിച്ചുകൊള്ളട്ടെ.

തൃപ്പൂണിത്തുറയ്ക്കു സംസ്കൃതഭാഷയിൽ പ്രചരിക്കുന്ന നാമധേയം "പൂർണ്ണത്രയീ" എന്നാണ്.

"ഋഗ്യജുസ്സാമഭേദേ ച വസദ്ദ്വിജാനാം
പൂർണ്ണാ ത്രയീ ഭാതി സദാ മുഖേഷു;
തേനൈവ സന്തഃ കില യം പ്രദേശം
പൂർണ്ണത്രയീനാമകമാമനന്തി."

എന്നു നീലകണ്ഠകവി നാരായണീയം പ്രബന്ധത്തിലും,

"പൂർണ്ണത്രയ്യാം പുരി ഭവ യഥാർത്ഥാഭിധായാം കൃതാർത്ഥഃ"

എന്നു് അജ്ഞാതനാമാവായ മറെറാരു നമ്പൂരി ചാതകസന്ദേശത്തിലും ചെയ്തിട്ടുള്ള പ്രസ്താവനകളിൽനിന്നു് അത്രത്യരായ ബ്രാഹ്മണർക്കു പൂർണ്ണമായ വേദജ്ഞാനമുണ്ടായിരുന്നതിനാലാ

---

തൃപ്പൂണിത്തുറ സംസ്കൃതമഹാപാഠശാലയിലെ വാർഷികയോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു ചെയ്ത വാചാപ്രസംഗം.

Digitized By Kerala Sahitya Akademi

ണു് ഈ നഗരത്തിനു "പൂൎണ്ണത്രയീ" എന്ന നാമധേയം സിദ്ധിച്ചതെന്നു തോന്നിപ്പോകും. "പൊരുനൈ" എന്നതു പൊരിയാററിന്റെ ഒരു ദ്രാവിഡപൎയ്യായമാണു്. "പൊരുനൈത്തുറൈയൻ" എന്നു ചോഴരാജാക്കന്മാൎക്കു പണ്ടു ഒരു ബിരുദപ്പേരുണ്ടു്. ആധുനികമലയാളത്തിൽ "പൊരുനൈത്തുറ" പൂൎണ്ണിത്തുറയും, സംസ്കൃതത്തിൽ പൂൎണ്ണത്രയീയുമായി രൂപാന്തരപ്പെട്ടു. ഒന്നുകിൽ ഈ നഗരം ഒരു കാലത്തു ചോളരാജാക്കന്മാരുടെ രാജധാനികളിൽ ഒന്നായിരുന്നിരിക്കണം; അല്ലെങ്കിൽ ആ രാജവംശത്തിന്റെ അസ്തമയത്തിനു മേൽ അവരുടെ ഒരു തൽസാമന്തശാഖികളായ മാടമ്പന്മാരാൽ നിൎമ്മിതമായിരിക്കണം. എന്തായാലും ഏററവും പഴക്കമുള്ള ഒരു പട്ടണമാകുന്നു തൃപ്പൂണിത്തുറ എന്നുള്ളതിനെപ്പററി ആൎക്കും വിസംവാദത്തിനു അവകാശമില്ല. ക്രി. പി. ൧൫-ാം ശതകത്തിന്റെ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്ന ചാതകസന്ദേശകാരൻ

"പ്രാകാരേണ പ്രതിദിവതരേണാഭിതോ വേഷ്ടിതായാ-
മത്യുത്തുംഗൈരപി ച മഹിതൈർഗോപുരൈശ്ശോഭിതായാം
ഭൂതിം ഭാന്തീം ഭുവി വിനമതാം ഭൂരികാരുണ്യഭാരാ-
ദാസ്തേ യസ്യാമഖിലജഗതാമാദികന്ദോ മുകുന്ദഃ.

നത്വാ ദേവം നളിനനയനം ഭോഗിഭോഗാസനസ്ഥം
ദൃഷ്ട്വാ ചൈതൽപുരപരിസരേ രാജിതാം രാജധാനീം
വിസ്തീൎണ്ണാം തടപരിസരണീം വിത്തപൂൎണ്ണാം പ്രയാതോ
മാൎഗ്ഗശ്രാന്തിം വ്യപനയ സഖേ കല്പദേശാം തതോ വിശിത്യ"

എന്നു് ഈ പട്ടണത്തിന്റെ മാഹാത്മ്യത്തെ പ്രശംസിച്ചിരിക്കുന്നു. ഇവിടത്തെ അഭിനവമായ പ്രാകാരം, അത്യുത്തുംഗങ്ങളായ ഗോപുരങ്ങൾ, വിസ്തീൎണ്ണവും വിത്തപൂൎണ്ണവുമായ വിപണിവീഥി, ഇവയെല്ലാം ആ കവിയുടെ ഹൃദയത്തെ ഹഠാദാവൎജ്ജിച്ചതായി കാണുന്നു.

ഈ പാഠശാലയുടെ ജനയിതാവായി വാഴ്ച്ചയൊഴിഞ്ഞ മഹാമഹിമശ്രീ രാമവൎമ്മമഹാരാജാവു തിരുമനസ്സിലെ വരിഷ്ഠങ്ങളായ കൃപാദാനങ്ങൾ ഫലാമഗോചരങ്ങളാകുന്നു. "ബാല്യേ കൃതനിവൃത്തീനാം" എന്നും "ഗളിതവയസാമിക്ഷ്വാകൂണാമിദം ഹി കുലവ്രതം"

Digitized By Kerala Sahitya Akademi

എന്നു കാളിദാസമഹാകവി കീൎത്തനംചെയ്ത സൂൎയ്യവംശജന്മാരായ രാജാക്കന്മാരുടെ ഭോഗനിസ്പൃഹതയെപ്പററി നമ്മൾ കേട്ടിട്ടുണ്ടു്. ആ പുളകോൽഗമകാരിയായ കാൎയ്യം അധുനാതനന്മാരായ അസ്മദ്രാജന്മാൎക്കും കാണുമാറാണല്ലോ. സൂൎയ്യവംശജനായ ബുദ്ധഭഗവാൻ രാജ്യലക്ഷ്മിയുടെ സ്വയംഗ്രഹപരിഷ്വംഗത്തിനു മുമ്പുതന്നെ മുമുക്ഷുവായി തദ്വിഷയത്തിൽ ജ്ഞാതാപവാദനാകാത്ത ആ മഹാനുഭാവന്റെ സന്യാസത്തിൽനിന്നു രാമവൎമ്മമഹാരാജാവിന്റെ വിവൃതജ്ഞാവനായായ വിശ്വംഭരാദേവിയുമായുള്ള ഏൎപ്പാടു ശരിയാണെന്നു സൂക്ഷ്മമായി ആലോചിച്ചാൽ ആൎക്കും മനസ്സിലാക്കാം. "ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി" എന്നുണ്ടു്. ഈ രാജ്യൎഷിയുടെ യശസ്സ് ഭാരതഭൂമിയിൽ അഭംഗുരമായി ആകല്പകാലം പരിലസിക്കുന്നതാണു്.

അവിടുത്തെ അനന്തരഗാമിയായി ഇന്നു കൊച്ചിരാജ്യം പരിപാലിക്കുന്ന മഹാമഹിമശ്രീ രാമവൎമ്മമഹാരാജാവു തിരുമനസ്സുകൊണ്ടും നമ്മുടെ ഭക്തിബഹുമാനങ്ങളെ പ്രകൃഷ്ടമായി അർഹിക്കുന്നു. ഇത്ര അഹങ്കാരരഹിതനായി, അനന്തഗുണശാലിയായി, പണ്ഡിതപക്ഷപാതിയായി, പ്രജാക്ഷേമനിരതനായി, ഒരു ഭൎത്താവിനെ ലഭിച്ച മാതൃഭൂമി ഭാഗ്യവതി തന്നെ

"യഥാ ഹി ഗർഭിണീ ഹിത്വാ
സ്വം പ്രിയം മനസോനുഗം
ഗൎഭസ്യ ഹിതമാധത്തേ;
തഥാ രാജാപ്യസംശയം."

എന്ന ശ്ലോകത്തിൽ രാജാക്കന്മാർ പ്രജകളെ എങ്ങനെ രക്ഷിക്കണമെന്നും,

"ഏഷ ന്യാസോ മയാ ദത്തഃ
സൎവേഷാം വോ യുധിഷ്ഠിരഃ,
ഭവന്തോപ്യസ്യ വീരസ്യ
ന്യാസഭൂതാഃ കൃതാ മയാ."

എന്ന ശ്ലോകത്തിൽ രാജാക്കന്മാൎക്കും പ്രജകൾക്കും തമ്മിലുള്ള ബന്ധം ഏതു തരത്തിലിരിക്കണമെന്നും ഭാരതീയരുടെ പരമാ

Digitized By Kerala Sahitya Akademi

ചാര്യനായ ഭഗവാൻ വേദവ്യാസൻ നമ്മെ പ്രശസ്തരീതിയിൽ പഠിപ്പിച്ചിട്ടുണ്ടു്. എങ്ങനെ ഗർഭിണി തന്റെ പ്രിയത്തെ പരിത്യജിച്ചു് ഗർഭസ്ഥിതമായ ശിശുവിന്റെ പ്രിയത്തെ പാലിക്കുന്നുവോ അതുപോലെ രാജാവു സ്വസുഖത്തെ തിരസ്കരിച്ചു പ്രജാസുഖത്തെ സമ്പാദിക്കണം. രാജാവു പ്രജകളുടെയും പ്രജകൾ രാജാവിന്റെയും ന്യാസങ്ങളാണെന്നു് ഇരുകൂട്ടരും ഓർമ്മിക്കണം. ഇതാകുന്നു രാജധർമ്മത്തിന്റെയും പ്രജാധർമ്മത്തിന്റെയും രഹസ്യം. ഏതാദൃശങ്ങളായ മൗലികസിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാകുന്നു തിരുമനസ്സിലെ രാജ്യഭരണം. ഈ തത്വത്തെ പ്രപഞ്ചനം ചെയ്യേണ്ട ആവശ്യകത ഈ സന്ദർഭത്തിൽ വക്താവിനോ ശ്രോതാക്കൾക്കോ ഇല്ല. ഈ രണ്ടു തിരുമേനിമാരുടെയും കാരുണ്യച്ഛായയെ ആശ്രയിച്ചാണു് നമ്മുടെ ഈ പാഠശാലാലത കാലാന്തരരൂപമായും ക്രമോന്നതമായും വളർന്നുവരുന്നതു്. ദാനങ്ങളിൽവച്ചു് ഉത്തമങ്ങളാകുന്നു അന്നപാനങ്ങളും; അതിദാനങ്ങളിൽ വച്ചു് അത്യുത്തമമാകുന്നു വിദ്യാദാനം.

"ത്രീണ്യാഹുരതിദാനാനി.
ഗാവഃ പൃഥ്വീ സരസ്വതീ;
നരകാദുദ്ധരന്ത്യേതേ;
വിദ്യാദാനം തതോധികം."

എന്ന ബൃഹന്നാരദീയപുരാണവചനം ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു.

"സർവേഷാമേവ ദാനാനാം
വിദ്യാദാനം പരം സ്മൃതം
വിദ്യയാ പ്രാണിനാം മുക്തി-
സ്തസ്മാത്തദ്ദാനമുത്തമം."

എന്നു വിദ്യാദാനത്തിന്റെ ഗൗരവത്തെ സ്മൃതികളിലും സ്ഥാപിച്ചു കാണുന്നു. അത്തരത്തിലുള്ള ഒരു ദാനത്താൽ അനശ്വരമായ പുണ്യം സമാർജ്ജിക്കുന്ന ഈ തിരുമേനിമാർക്കു് ആയതമായ ആയുസ്സും, അക്ഷയമായ ആരോഗ്യവും, അഖണ്ഡമായ ഐശ്വര്യവും പുരുഷോത്തമനായ പൂർണ്ണത്രയീശൻ നല്കുമാറാകട്ടെ എന്നു് ആശംസിക്കുകയല്ലാതെ

Digitized By Kerala Sahitya Akademi

ന്മാരായ വിദ്വാന്മാൎക്കുപോലും ദുരവഗാഹങ്ങളായ രഹസ്യങ്ങളാൽ ജടിലവും ആഢ്യവും സഹസ്രശാഖവുമായ ഒരു ഭാഷയെ നിൎമ്മിക്കുവാൻ പ്രേരിപ്പിച്ചു." എന്ന വാക്യത്തിൽ ലോകത്തിനു് സംസ്കൃതാഭ്യസനവിഷയത്തിൽ നേരിടാവുന്ന ക്ലേശപരമ്പരയെ വിശദീകരിച്ചു. ആ കാലംപോയി. മഹാനായ സർ വില്യം ജോൺസ് ക്രി. പി. ൧൭൮൩-ൽ ഇൻഡ്യയിൽ വന്നു; സംസ്കൃതം പഠിച്ചു; ശാകുന്തളനാടകം തൎജ്ജമചെയ്തു; ജൎമ്മന്യ (ജൎമ്മനി) മഹാകവി മൂൎദ്ധന്യനായ ഗേഥേ ആ നാടകത്തെ സശിരഃകമ്പം അഭിനന്ദിച്ചു. അന്നുമുതൽ പാശ്ചാത്യരാജ്യങ്ങളിൽ ഈ ഭാഷ അഗ്ര്യാരാധനത്തിനു പാത്രമായി. ൧൮൦൮-ൽ ഫ്രെഡ്‌റിക്ഷ്‌ലീഗൽ എന്ന മറ്റൊരു ജൎമ്മന്യമഹാശയൻ "ഹിന്ദുക്കളുടെ ഭാഷയും സംസ്കൃതവും" എന്ന വിഷയത്തെ അധികരിച്ചു് ഒരു ഗ്രന്ഥം പ്രകാശനം ചെയ്തു. ൧൮൧൬-ൽ ബോപ്പ് അദ്ദേഹത്തിന്റെ കമ്പാരറ്റീവ് ഗ്രാമർ (Comparative Grammar) എന്ന വ്യാകരണം പ്രസിദ്ധീകരിച്ചു. ൧൮൪൯-൧൮൭൩ ഈ വൎഷങ്ങൾക്കിടയിൽ 'സംസ്കൃതഭാഷയുടെ ജീവാത്മാ' എന്നു പറയാവുന്ന മോക്ഷമൂലാചാൎയ്യർ (മാക്സ് മ്യൂലർ) ഋഗ്വേദസംഹിത അച്ചടിപ്പിച്ചു ലോകത്തെ അനുഗ്രഹിച്ചു. ൧൮൯൩-ൽ ആധുനികഭാരതത്തിന്റെ അഭിമാനസ്തംഭമായ ശ്രീവിവേകാനന്ദസ്വാമി അമേരിക്കയിൽ ചിക്കാഗോ നഗരത്തിൽ വച്ചു് സനാതനധൎമ്മത്തിന്റെ സർവാതിശായിയായ മാഹാത്മ്യത്തെ പ്രഖ്യാപനം ചെയ്തു. കിം ബഹുനാ സംസ്കൃതത്തിനു് ഇതരദേശങ്ങളിൽ ഇക്കാലത്തുള്ള ബഹുമാന്യതയുടെ ഈദൃക്തയും ഇയത്തയും പരിച്ഛേദ്യമല്ലെന്നുതന്നെ പറയാം. സംസ്കൃതഭാഷാഭ്യാസത്തിനുവേണ്ട സൌകൎയ്യങ്ങൾ ഇല്ലാത്ത പരിഷ്കൃതരാജ്യങ്ങൾ ഇന്നു് ഇല്ലെന്നുള്ളതു് സുവിദിതമാണല്ലോ.

വിശാലത:—സംസ്കൃതസാഹിത്യം എത്ര വിപുലമാണെന്നു നിൎണ്ണയിക്കുവാൻ പ്രയാസമുണ്ടു്. അതിപുരാതനകാലത്തു് ഉൽകൃഷ്ടവും സ്വതന്ത്രവുമായ ഒരു വലിയ ജനസമുദായത്തിന്റെ വ്യവഹാരഭാഷയും അനന്തരകാലങ്ങളിൽ അതിന്റെ സമഗ്രമായ സാഹിത്യസമ്പത്തിന്റെ നിധാനപേടകവുമായ ഒരു ഭാഷ ഏതെല്ലാം തരത്തിലുള്ള ഗ്രന്ഥരത്നങ്ങൾക്കു് ആകരമാകാവുന്ന ഒരു മഹോദധിയാണെന്നു് ഏറെക്കുറെ ഊഹ്യമാണല്ലോ. മഹാകവി ശ്രീഹർഷൻ നൈഷധീ

Digitized By Kerala Sahitya Akademi

യചരിതം നിർമ്മിച്ച ക്രി. പി. പന്ത്രണ്ടാം ശതകത്തിൽ ഭാരതവർഷത്തിലെ രാജാക്കന്മാർ സംവ്യവഹാരത്തിനായി ഉപയോഗപ്പെടുത്തിവന്ന ഭാഷ സംസ്കൃതമായിരുന്നു എന്ന് അദ്ദേഹത്തിന്റെ

"അന്യോന്യഭാഷാനവബോധഭീതേഃ
സംസ്കൃത്രിമാഭിർവ്യവഹാരവത്സു
ദിഗ്ഭ്യസ്സമേതേഷു നൃപേഷു തേഷു
സൌവർഗവർഗ്ഗോ ന ജനൈരചിഹ്നി."

എന്ന ശ്ലോകത്തിൽനിന്നു അനുമാനിക്കാവുന്നതാണ്. ഓരോ ഭാഷ ഓരോ ദേശത്തിൽ സംസാരിച്ചുവന്നിരുന്നാലും കുണ്ഡിനപുരത്തിലെ വിവാഹമണ്ഡപത്തിൽ ദമയന്തീസ്വയംവരാവസരത്തിൽ എത്തിച്ചേർന്ന രാജാക്കന്മാർ സംസ്കൃതത്തിൽ സംഭാഷണം ചെയ്ത് അന്യോന്യം ആശയങ്ങളെ ഗ്രഹിപ്പിച്ചു എന്നു പ്രസ്താവിക്കുന്ന കവി തന്റെ പുരസ്കർത്താവായ ജയചന്ദ്രമഹാരാജാവിന്റെ രാജധാനിയിൽവെച്ചു നടന്ന സംയുക്താദേവിയുടെ സ്വയംവരത്തെക്കൂടി സ്മരിച്ചിരുന്നു എന്ന് ഊഹിക്കുന്നതിൽ അനൌചിത്യമില്ല. ഇന്നും ഭാരതഭൂമിയുടെ ഏതു ഭാഗത്തും പണ്ഡിതന്മാർ ഒന്നിച്ചുകൂടിയാൽ അവർ സംസാരിക്കുന്ന ഭാഷ സംസ്കൃതം തന്നെയാണല്ലോ. ഈ അമരഭാഷ മൃതഭാഷയാണെന്നു പറയുന്നവർ തത്വജ്ഞരല്ല. ലാററിൻ, ഗ്രീക്ക് മുതലായ ഭാഷകളുമായ് അവർ സംസ്കൃതത്തെ തുലനം ചെയ്യുന്നുണ്ട്; അവയിൽനിന്നു സംവ്യവഹാരവിഷയത്തിൽ സംസ്കൃതം എത്രമാത്രം വിഭിന്നമാണെന്ന് അവർ മനസ്സിലാക്കീട്ടില്ല. കഴിഞ്ഞ ഒന്നേകാൽ ശതാബ്ദത്തിൽ ഒട്ടുവളരെ സംസ്കൃതഗ്രന്ഥങ്ങൾ ഏഷ്യാ, യൂറോപ്പ്, അമേരിക്കാ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്; സംസ്കൃതഗന്ധികളായ പ്രകാശിതഗ്രന്ഥങ്ങളുടെ സംഖ്യയും സീമാതീതമാണ്; എന്നിട്ടുംകൂടി ഈ സർവജ്ഞമൂർത്തിയുടെ ശിരസ്സും പാദവും എവിടെയാണെന്നു നിർണ്ണയിക്കുവാൻ ഒരൊറ്റ ബ്രഹ്മാവിനും വിഷ്ണുവിനും ഇതുവരെ സാധിച്ചിട്ടില്ല. സാഹിത്യമയമായും ശാസ്ത്രമയമായും ഉള്ള ഗ്രന്ഥങ്ങൾ അപ്രതീക്ഷിതങ്ങളായ അനവധി വിദ്യാഗുഹകളിൽനിന്നു പുത്തൻപുത്തനായി ബഹിർഗ്ഗമിക്കുന്നു. ചീനസാമ്രാജ്യം, തുർക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, പേർഷ്യാ, ഇൻഡോചൈനാ, സുമാറ്റ്റാ, ജാവാ മുതലായ ദേശങ്ങളിലെ സംസ്കാരചരിത്രം സാംഗോപാംഗമായി ഗ്രഹിച്ചാലല്ലാതെ സംസ്കൃതത്തിന്റെ വിശാലത

Digitized By Kerala Sahitya Akademi

യെയോ വിശ്വാസ്യതാമുഖതയോടെയോ പററി നിഷ്കൃഷ്ടമായി ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതു് സമീചീനമാകുകയില്ലെന്നാണു് കണ്ടേടം കൊണ്ടൂഹിക്കേണ്ടിയിരിക്കുന്നതു്. ആദ്യകാലത്തു സംസ്കൃതഭാഷയിൽ രചിക്കപ്പെട്ടിരുന്ന അനേകം ബൗദ്ധമതഗ്രന്ഥങ്ങൾ ഇപ്പോൾ ടിബെററൻ മുതലായ ഭാഷകളിൽ കേവലം തർജ്ജമകളായി മാത്രം അവശേഷിക്കുന്നു; അവയെ ദേശാഭിമാനികളായ പണ്ഡിതന്മാർ വീണ്ടും സംസ്കൃതത്തിലേക്കു തർജ്ജിമ ചെയ്യുന്നു. അത്തരത്തിലും അനിർവചനീയമായ ഒരഭിവൃദ്ധി സംസ്കൃതത്തിനു് ഇപ്പോൾ സിദ്ധിക്കുന്നുണ്ടു്.

അവിച്ഛിന്നത:—ഒരു കാലത്തു സാർവജനീനഭാഷയായിരുന്ന സംസ്കൃതത്തിനു കാലാന്തരമായ ഭേദം അപ്പൊഴപ്പോൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അനുക്രമണികാകാരനായ ശൗനകമഹർഷിയുടെ കാലം മുതൽക്കു്—അതായതു് കഴിഞ്ഞ രണ്ടായിരത്തഞ്ഞൂറു സംവത്സരങ്ങൾക്കിടയിൽ—ഭാരതീയരുടെ പ്രഥമസ്വത്തായ വേദചതുഷ്ടയത്തിനു് യാതൊരു ആകൃതിവ്യത്യാസവും സംഭവിച്ചിട്ടില്ല. ആ ദിവ്യഗങ്ഗ ഇന്നും ശിഷ്യപ്രശിഷ്യപ്രണാളികാദ്വാരാ അവിച്ഛിന്നധാരയായി അച്ഛസ്ഫടികസങ്കാശയായി പ്രവഹിക്കുന്നു. അത്രിപരാശരാദികളും വസിഷ്ഠവാമദേവാദികളും ആയ മഹർഷിമാർ ഏതുമാതിരിയിൽ ഉദാത്താനുദാത്തസ്വരിതങ്ങൾക്കു് യാതൊരു വിലോപവും കൂടാതെ "അഗ്നിമീളേ പുരോഹിതം" ഇത്യാദിസൂക്തങ്ങൾ ഉച്ചരിച്ചുവന്നുവോ അതേ മാതിരിയിൽ തന്നെ ആധുനികന്മാരായ അവരുടെ സന്താനങ്ങളും അവയെ ഉച്ചരിക്കുന്നു എന്നു് ഊഹിക്കുവാൻ ധാരാളം ന്യായമുണ്ടു്.

ഗവേഷണപ്രയോജകത:—വിവിധവിഷയങ്ങളിൽ നിഗൂഢങ്ങളായ തത്വങ്ങളെപ്പററി വേണ്ട അന്വേഷണം ചെയ്യുന്നതിനു സംസ്കൃത സാഹിത്യംപോലെ മറെറാന്നും പ്രയോജകീഭവിക്കുന്നില്ല. റോയൽ ഏഷ്യാററിക് സൊസൈററി, ഏഷ്യാററിക് സൊസൈററി ഓഫ് ബെങ്ഗാൾ, അമേരിക്കൻ ഓറിയന്റൽ സൊസൈററി ഇടങ്ങിയ അനവധി പണ്ഡിതപരിഷത്തുകൾ ഇന്നു നടത്തുന്ന ഗവേഷണവും മററും പ്രധാനമായി ആശ്രയിക്കുന്നതു് ഈ സാഹിത്യത്തെ ആകുന്നു. അഭിനവങ്ങളായി, അന്യഥാ അവിജ്ഞേയങ്ങളായുള്ള അ

Digitized By Kerala Sahitya Akademi

നേകം ലോകചരിത്രരഹസ്യങ്ങൾ ഈ വിദ്വൽസമിതികളുടെ സദ്വ്യവസായത്തിന്റെ ഫലമായി നമുക്കു ലഭിക്കുന്നുണ്ടു്.

ആനന്ദദായകത:—"സത്യം, ശിവം, സുന്ദരം" (The true, the good and the beautiful) എന്നീ നാമധേയങ്ങളിൽ മുക്തിസൗധത്തിലേക്കു മൂന്നു സോപാനങ്ങളുണ്ടു്. അവയിൽ ഒടുവിലത്തേതായ സുന്ദരമാർഗ്ഗത്തിലൂടെയാകുന്നു നമ്മെ ആ പ്രാപ്യസ്ഥാനത്തേയ്ക്കു നയിക്കുന്നതു്. രസം, ധ്വനി ഇത്യാദി സാഹിത്യവിദ്യാമർമ്മങ്ങളെല്ലാം ഭാരതീയർ ആദ്യമായി കണ്ടുപിടിച്ചു് അവയുടെ സ്വരൂപം ലോകാനുഗ്രഹത്തിനായി ചിത്രണംചെയ്തു് ഭാരതീയസഹൃദയന്മാരാകുന്നു. വാല്മീകി, വ്യാസൻ, കാളിദാസൻ, ഭവഭൂതി മുതലായ മഹാകവിസാർവ്വഭൗമന്മാർ വർഷിച്ച സാരസ്വതരസായനത്തിന്റെ സ്വാദുത അത്യാദരണീയമാണു്. ഹോമറേയും വാല്മീകിയേയും ചില ഉപരിപ്ലവബുദ്ധികൾ ഉപമാനോപമേയങ്ങളാക്കിത്തീർക്കാറുണ്ടു്. സീതാദേവിക്കും ഹെലെനിനും തമ്മിലുള്ള വ്യത്യാസം ആ കവിനിബന്ധങ്ങൾക്കു തമ്മിലും സൂക്ഷ്മജ്ഞന്മാർക്കു കാണാവുന്നതാണു്. വ്യാസഭഗവാന്റെ മഹാഭാരതംപോലെ അത്ര ബൃഹത്തും, മഹത്തുമായ ഒരു കാവ്യം—കാവ്യം എന്നു ഞാൻപറയുന്നതു് അതിന്റെ അർത്ഥം പണ്ടേപ്പോലെ അനുസരിച്ചുകൊണ്ടുതന്നെയാണു്—ലോകത്തിലില്ല;

"ധർമ്മേ ചാർത്ഥേ ച കാമേ ച
മോക്ഷേ ച ഭരതർഷഭ,
യദിഹാസ്തി തദന്യത്ര;
യന്നേഹാസ്തി ന തൽ ക്വചിൽ."

എന്നു് ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കവി ചെയ്യുന്ന സത്യപ്രതിജ്ഞ അക്ഷരംപ്രതി അന്വർത്ഥമാകുന്നു.

"ശ്രുത്വാ ത്വിദമുപാഖ്യാനം
ശ്രാവ്യമന്യന്ന രോചതേ;
പുംസ്കോകിലഗിരം ശ്രുത്വാ
രൂക്ഷധ്വാംക്ഷസ്യ വാഗിവ."



Digitized By Kerala Sahitya Akademi

എന്നു് ആ ഗ്രന്ഥത്തിൽത്തന്നെയുള്ള മറ്റൊരു പദ്യത്തിന്റെ ഭാവവും എനിക്കു പല അവസരങ്ങളിലും ബോദ്ധ്യമായിട്ടുണ്ടു്. അഭിജ്ഞാനശാകുന്തളവും ഉത്തരരാമചരിതവും യഥാക്രമം നിർമ്മിച്ച കാളിദാസനേയും ഭവഭൂതിയേയും ലോകം ഏതുപ്രകാരത്തിലാണു് നമസ്കരിക്കുക! എത്ര നമസ്കരിച്ചാലാണു് മതിയാകുക! സ്മൃതിസമ്പുടത്തിൽ സംഗ്രഹിച്ചുവച്ചുകൊണ്ടു് ആവശ്യംപോലെ അനുസന്ധാനംചെയ്തു് ആനന്ദിക്കുന്നതിനു സംസ്കൃതശ്ലോകങ്ങൾപോലെ മറ്റൊന്നും ഉതകുന്നതല്ല.

"വന്ദേ ഗജേന്ദ്രവദനം
വാമാങ്കാരൂഢവല്ലഭാശ്ലിഷ്ടം
കുങ്കുമപരാഗശോണം
കുവലയിനീജാരകോരകാപീഡം."

ദുർവ്വാസസ്സ് — ആര്യാശതകം.

"പരതന്ത്രാ വയമനയാ
പങ്കജസബ്രഹ്മചാരിലോചനയാ
പരയാ കാഞ്ചീപുരയാ
പർവ്വതപര്യായപീനകുചഭരയാ"

മൂകൻ — പഞ്ചശതി.

"കല്പിതചന്ദനതിലകം
കർണ്ണപരിസ്ഥാപിതകനകതാടങ്കം
കബളയതി മാനസം മേ
കാന്തം കർണ്ണാടകാമിനീവദനം."

അമ്മാളാചാര്യർ — വസന്തതിലകഭാണം.

ഇത്യാദി കേവലം സർവ്വസുന്ദരങ്ങളായ സംസ്കൃതപദ്യങ്ങൾപോലും പരമാനന്ദപ്രദങ്ങളാണെന്നിരിക്കെ, വിമർശഹൃദ്യങ്ങളായ

"ഇദം ഭുങ്ക്ഷ്വ മഹാരാജ,
പ്രീതോ, യദശനാവയം;
യദന്നഃ പുരുഷോ ലോകേ
തദന്നാസ്തസ്യ ദേവതാഃ"

Digitized By Kerala Sahitya Akademi

എന്നു ശ്രീരാമൻ പരമതാപായ ദശരഥനു് ഉദ്ഗതീപിണ്യാദാനം ചെയ്യുന്ന അവസരത്തിലും

"അലാതം തിന്ദുകസ്യേവ
മുഹൂൎത്തമപി ഹി ജ്വല;
മാ തുഷാഗ്നിരിവാനൎച്ചി-
ൎദ്ധൂമായസ്വ ജിജീവിഷുഃ."

എന്നു കുന്തീദേവി വിദുരോപാഖ്യാനദ്വാരാ ശ്രീകൃഷ്ണൻ മുഖേന ധൎമ്മപുത്രരെ സ്വകൎത്തവ്യം ധരിപ്പിക്കുന്ന ഘട്ടത്തിലും മറ്റും വിരചിതങ്ങളായ പദ്യങ്ങളുടെ ഉൽകൃഷ്ടതയെ ആൎക്കു് അപലപിക്കാം? ഇത്തരത്തിലുള്ള വിശേഷാൎത്ഥങ്ങളായ ഏതാനും സംസ്കൃതശ്ലോകങ്ങൾ ഹൃദിസ്ഥമായുള്ള ഒരു സഹൃദയനു് സാഹിത്യദുൎഭിക്ഷത്തിന്റെ പീഡ ഒരു കാലത്തും അനുഭവിക്കേണ്ടിവരികയില്ല.

ബോധോദ്ദീപകത:—കാമക്രോധാദിഷഡ്വൎഗ്ഗങ്ങളെ നിയമനം ചെയ്തു കൃത്യാകൃത്യവിവേചനജ്ഞാനം സമ്പാദിച്ചു തദ്വാരാ ധൎമ്മമോക്ഷബന്ധിക്കു മനുഷ്യനെ പാത്രീഭവിപ്പിക്കുന്ന വിഷയത്തിൽ സംസ്കൃതസാഹിത്യത്തിനുള്ള ശക്തി സൎവ്വവിദിതമാകുന്നു. "There are two hemispheres in human nature-the active, combative, political, and the passive, meditative and philosophical. എന്നു തത്വദൎശികൾ പറയാറുണ്ടു്. മനുഷ്യസ്വഭാവമാകുന്ന ഗോളത്തിനു രണ്ടു് അൎദ്ധങ്ങളുണ്ടു്; അവയിൽ ഒന്നു ബഹിൎമ്മുഖവും പ്രവൃത്തിനിരതവും, ക്ഷോഭസങ്കുലവുമാകുന്നു; മറ്റൊന്നു് അന്തൎമ്മുഖവും, നിവൃത്തിനിരതവും ശാന്തിപ്രദവുമാണു്. ഇവയിൽ രണ്ടാമത്തെ അൎദ്ധഗോളത്തിന്റെ ആധിപത്യം ഇന്നും സംസ്കൃതസാഹിത്യസമ്പന്നയായ ഭാരതമാതാവിൽതന്നെ സ്ഥിതിചെയ്യുന്നു. അഭ്യുദയവും നിശ്ശ്രേയസവും ഏതിൽനിന്നു സിദ്ധിക്കുമോ അതാകുന്നു ധൎമ്മം. ഐഹികചിന്ത കൂടാതെയുള്ള ആമുഷ്മികബുദ്ധിയേയും ആമുഷ്മികചിന്ത കൂടാതെയുള്ള ഐഹികബുദ്ധിയേയും ശ്രുതിസ്മൃതികൾ ഒന്നുപോലെ നിഷേധിക്കുന്നു. ധൎമ്മാൎത്ഥകാമങ്ങളുടെ സമവായത്തിൽ മുമ്പുമുമ്പുള്ളതു സ്വീകാൎയ്യമാണെന്നു മാത്രം അവ അനുശാസിക്കുന്നു. അൎത്ഥത്തിനു കാമത്തേയും ധൎമ്മത്തിനു് അൎത്ഥ

Digitized By Kerala Sahitya Akademi

കാരണങ്ങളെയും കീഴ്പ്പെടുത്തിയാൽ ത്രിവർഗ്ഗസാധനം സുകരമാകുമെന്നാണ്. ധർമ്മത്തിന്റെ ഉപായം "ആത്മവൽ പരത്ര കുശലവൃത്തിചിന്തനം; ശക്തിതസ്ത്യാഗതപസീ ച" അതായത് തന്റെ എന്നു പോലെ സമസ്തഭൂതങ്ങളുടെയും അഭ്യുദയനിഃശ്രേയസങ്ങളെപ്പറ്റിയുള്ള ചിന്തനവും ശക്തിക്കൊത്തവണ്ണമുള്ള ത്യാഗവും തപസ്സുമാകുന്നു എന്നത്രേ അഭിയുക്തവചനം. "സർവ്വസത്വേഷു ഹി സമതാ സർവ്വാചാരാണാം പരമാഭരണം" എന്നും നീതിശാസ്ത്രഗ്രന്ഥങ്ങളിൽ പ്രവചിച്ചുകാണുന്നുണ്ട്. എല്ലാ സത്വങ്ങളുടെ നേർക്കുമുള്ള സമബുദ്ധിയാകുന്നു എല്ലാ ആചാരങ്ങളിലും വെച്ചു ശ്രേഷ്ഠമായിട്ടുള്ളത്. ആത്മൗപമ്യത്തിൽ ലോകത്തെ കാണുവാൻ കഴിയുന്നവൻ ജീവന്മുക്തനാണ്. "ആത്മാനമുപമാം കൃത്വാ സ്വേഷു ദാരേഷു രമ്യതാം" എന്നത്രേ പതിവ്രതാശിരോമണിയായ വൈദേഹി അരക്കിയരാവണനെ ഉപദേശിക്കുന്നത്. വ്യാസഭഗവാനാകട്ടെ ഈ തത്വത്തെ വിധിരൂപത്തിലും നിഷേധരൂപത്തിലും.

"യദ്യദാത്മനി ചേച്ഛേത തൽ പരസ്യാപി ചിന്തയേൽ."
"ന തൽ പരസ്യ കുർവീത ജാനന്നപ്രിയമാത്മനഃ"

എന്ന പദ്യാർദ്ധങ്ങളിൽ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്. "ധർമ്മസാരമിദം ജഗൽ" എന്നു രാമായണത്തിലും "യതോധർമ്മസ്തതോജയഃ" എന്നു മഹാഭാരതത്തിലും പദേപദേ ആ മഹർഷിമാർ നമ്മോട് ഉൽഘോഷിക്കുന്നു. പിന്നെയും മഹാഭാരതത്തിന്റെ പരിസമാപ്തിയിൽ ലോകാനുജിഘൃക്ഷുവായ ആ പരമർഷി

"ഊർദ്ധ്വബാഹുർവിരൗമ്യേഷ
ന ച കശ്ചിച്ഛൃണോതി മാം;
ധർമ്മാദർത്ഥശ്ച കാമശ്ച;
സ ധർമ്മഃ കിം ന സേവ്യതേ?"

എന്നു തന്റെ ആശയത്തെ വീണ്ടും പ്രകടീകരിക്കുന്നു. "ഞാനിതാ തലയിൽ കൈവച്ചുകൊണ്ടു നിലവിളിക്കുന്നു. ഒരുത്തനെങ്കിലും ഞാൻ പറയുന്നതു കേൾക്കുന്നില്ലല്ലോ. ധർമ്മത്തിൽ നിന്നാകുന്നു അർത്ഥവും കാമവും; ആ ധർമ്മത്തെ മനുഷ്യർ എന്തുകൊണ്ടു സേവിക്കുന്നി

Digitized By Kerala Sahitya Akademi

ല്ലേ?" എന്നാകുന്നു അദ്ദേഹം ചോദിക്കുന്ന ചോദ്യം. "ധർമ്മ രതിർഭവതു വസ്തുസ്വഭാവോത്ഥിതാനാം" എന്നു അദ്ദേഹം ഭാരതീയരെ ഉദ്ദേശിച്ചു ചെയ്ത പ്രാർത്ഥന——അല്ല ആശിസ്സ്——ഒരിക്കലും വിഫലമാകുന്നതല്ല. ഈശ്വരന്റെ സത്തയ്ക്ക് അനുരൂപവും അംഗീകാര്യവുമായുള്ള പ്രവൃത്തിപദ്ധതിയെന്നാണ് ഭാരതീയർ ധർമ്മമെന്ന പദത്താൽ വ്യവഹരിക്കുന്നതെന്നു പരദേശനായ ലോകബന്ധു എഡ്വേർഡ് കാർപെന്റർ (Edward Carpenter) ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

കർമ്മം:——കർമ്മത്തെയും പുനർജ്ജന്മത്തെയും പററി ഭാരതീയരായ മഹർഷിമാർ നിപുണമായി നിരീക്ഷിക്കുകയും നിഷ്കൃഷ്ടമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. കർമ്മത്തിനു ഫലമുണ്ടെന്നു വിശ്വസിക്കുന്നവരെ മീമാംസകന്മാർ ആസ്തികന്മാരായി അംഗീകരിക്കുന്നു. "സാധുകാരീ സാധുർഭവതി; പാപകാരീ പാപോ ഭവതി അഥോ ഖല്വാഹുഃ കാമമയ ഏവായം പുരുഷ ഇതി; സ യഥാകാമോ ഭവതി തൽക്രതുഃ, യൽക്രതുർഭവതി തൽകർമ്മ കുരുതേ; യൽകർമ്മ കുരുതേ തദഭിസമ്പദ്യതേ" എന്നു ബൃഹദാരണ്യകോപനിഷത്തു ഘോഷിക്കുന്നു. നന്മ ചെയ്യുന്നവൻ നല്ലവനായ്ഭവിക്കുന്നു; തിന്മചെയ്യുന്നവൻ പാപിയായിത്തീരുന്നു. [illegible]കൊണ്ടുകുന്ന മനുഷ്യനെ കാമമയനെന്നു പറയുന്നതു്; യാതൊന്നു മനുഷ്യൻ കാമിക്കുന്നുവോ അതിൽ അവൻ അദ്ധ്യവസായം ചെയ്യുന്നു; യാതൊന്നിൽ അദ്ധ്യവസായം ചെയ്യുന്നുവോ അതിനുവേണ്ടിയുള്ള കർമ്മം ചെയ്യുന്നു; യാതൊരു കർമ്മം ചെയ്യുന്നുവോ അതിന്റെ ഫലമനുഭവിക്കുന്നു. "യോ യച്ഛ്രദ്ധഃ സ ഏവ സഃ" യാതൊന്നിൽ മനുഷ്യർ ശ്രദ്ധിക്കുന്നുവോ അവൻ അതായി പരിണമിക്കുന്നു എന്നുള്ള ആപ്തവാക്യത്തിന്റെ സാരവും ഇതുതന്നെയാണ്.

"വിഷയാൻ ധ്യായതശ്ചിത്തം
വിഷയേഷു വിഷജ്ജതേ;
മാമനുസ്മരതശ്ചിത്തം
മയ്യേവ പ്രവിലീയതേ."

എന്നു ഭഗവാൻ അർജ്ജുനനു നല്കുന്ന ഉപദേശവും മറെറാന്നല്ല. വിഷയങ്ങളെ ധ്യാനിച്ചാൽ വിഷയങ്ങൾക്കു മനസ്സ് അധീനമാകും; ഭഗവാനെ ധ്യാനിച്ചാൽ ഭഗവാനിൽ ലയിക്കും. മരിക്കുമ്പോൾ

Digitized By Kerala Sahitya Akademi

അത്ഥങ്ങൾ ഗൃഹത്തിലും പുത്രാദിബന്ധുക്കൾ ശ്മശാനത്തിലും നമ്മെ വിട്ടുപിരിയുന്നു. എന്നാൽ "തം വിദ്യാകമ്മണീ സമന്വാരഭേതേ; പൂവ്വപ്രജ്ഞാ ച" എന്ന ഉപനിഷദ്വാക്യമനുസരിച്ചു് മൂന്നു വസ്തുക്കൾ ശാകടികസംഭാരന്യായത്തിൽ പരലോകപാന്ഥന്മാരായ നമ്മെ അനുഗമിക്കുന്നു. പഠിച്ചവിദ്യ; ചെയ്ത കമ്മം (സുകൃതമായാലും ദുഷ്കൃതമായാലും); പൂവ്വാനുഭൂതവിഷയകമായ പ്രജ്ഞ; ഇവയാകുന്നു ആ അനുഗാമികൾ. ഈ പൂവ്വപ്രജ്ഞതന്നെയാകുന്നു അതീതകമ്മഫലങ്ങളെ അനുഭവിക്കുന്നതിനുള്ള വാസന. കമ്മത്തിനു ഫലമുണ്ടു്. ഈ രഹസ്യം നമ്മുടെ പൂവ്വന്മാർ—മന്ത്രദ്രഷ്ടാക്കളായ മഹഷിവയ്യന്മാർ—ദൃഢമായി കണ്ടുപിടിച്ചതും ഇന്നും അന്തർമ്മുഖന്മാക്കു കരതലാമലകംപോലെ ദൃശ്യവുമാകുന്നു. ഇതിന്റെ ബാഹ്യങ്ങളായ ചില അവയവങ്ങളെ മാത്രമേ അധുനാതനന്മാരായ ചില പാശ്ചാത്യതത്വചിന്തകന്മാർ അനാച്ഛാദനം ചെയ്തിട്ടുള്ളു.

എന്നാൽ ഫലാഭിസന്ധി കൂടാതെയാകുന്നു സകലകമ്മങ്ങളും അനുഷ്ഠിക്കേണ്ടതു് എന്നുള്ള സിദ്ധാന്തത്തെയും ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു. "ധർമ്മഹാനസ്തു പൂജ്യതേ; അധർമ്മഹാനസ്തു ഗതി" എന്നു പലപ്പോഴും നമുക്കു ലോകയാത്രയിൽ മർമ്മഭേദകമാകുന്നുണ്ടു്. ധാമ്മികൻ വലപ്പെടാം. അതു സാരമില്ല; ധർമ്മഹാനി നില്ക്കട്ടെ; അധർമ്മഹാനി തരണം ചെയ്യട്ടെ; അതുകൊണ്ടു സൽകമ്മങ്ങളിൽ നമുക്കു് അനാസക്തി കാണരുതു്. ഈ വിഷയത്തെപ്പറ്റി മഹാപതിവ്രതയായ പാഞ്ചാലിയും മഹാപുരുഷനായ യുധിഷ്ഠിരനും തമ്മിൽ നടന്ന ഒരു സംവാദം മഹാഭാരതം ആരണ്യപവ്വത്തിൽ വേദവ്യാസൻ വിവരിച്ചിട്ടുണ്ടു്. പാഞ്ചാലി പറയുകയാണു്:—"ഭത്താവേ, തന്തുബദ്ധമായ പക്ഷിയെപ്പോലെ അസ്വതന്ത്രനായ മനുഷ്യൻ ഈശ്വരനു് അധീനനായി "നാന്യേഷാം നാത്മനഃ പ്രഭുഃ" എന്ന നിലയിൽ വലയുന്നു. ഭഗവാനാകട്ടെ ഭൂതങ്ങളെക്കൊണ്ടു കേവലം ക്രീഡിക്കുക അത്രേ ചെയ്യുന്നതു്. അവിടുന്നു് ചരാചരങ്ങളുടെ വിഷയത്തിൽ ഒരിക്കലും മാതാപിതാക്കന്മാരെപ്പോലെ പ്രവത്തിക്കുന്നില്ല; രോഷാകുലനെന്നു മാതിരിയിലാണു് അവിടുത്തെ പെരുമാററം. കത്താവിനെയല്ലാതെ കമ്മം മറെറാരുവ

Digitized By Kerala Sahitya Akademi

ന്റെ അനുഗ്രഹിക്കുന്നില്ല എന്നുള്ള അപൂർവ്വവാക്യം സത്യമാണെങ്കിൽ ദുഷ്കർമ്മത്തിന്റെ ഫലമാകുന്ന പാപത്താൽ ലിപ്തനാകേണ്ടതു് ഈശ്വരൻതന്നെയാണു്; അഥവാ ആ പാപം ഈശ്വരനെ ബാധിക്കുന്നില്ലെങ്കിൽ അതു് ഒരിടത്തെ കൈയൂക്കിന്റെ ഫലമായിരിക്കണം. ഹാ! ഈ ദുർബ്ബലനായ ദ്രൌപദി—അനീശ്വരവാദി കർമ്മശൃംഖലയിൽപ്പെട്ടു വലയുന്ന സാധുക്കളെ— ഹീനരാകുന്ന പരിതപിക്കുന്ന ള്ളൂ ... ശക്തിയുക്തമായി ഒരു നാസ്തികവാദിയാവാൻ പ്രയാസപ്പെട്ടു! ഭർത്താവായ യുധിഷ്ഠിരന്റെ മറുപടി എന്തെന്നു പരിശോധിക്കാം. "സുശ്രോണി, ഞാൻ കർമ്മഫലത്തെപ്പറ്റി അന്വേഷിക്കുന്നില്ല.

"ധർമ്മം ചരാമി സുശ്രോണി! ന ധർമ്മഫലകാരണാൽ;
ധർമ്മവാണിജികോ ഹീനോ ജഘന്യോ ധർമ്മവാദിനാം
ന ധർമ്മഫലമാപ്നോതി യോ ധർമ്മം ദോഗ്ധുമിച്ഛതി."

ധർമ്മഫലത്തെ ഉദ്ദേശിച്ചു് ഞാൻ ധർമ്മപഥത്തിൽ സഞ്ചരിക്കുന്നില്ല. ധർമ്മംകൊണ്ടു കച്ചവടം ചെയ്യുന്നവൻ ഹീനനും ധർമ്മവാദികളിൽ വച്ചു് അധമനുമാകുന്നു. ധർമ്മത്തെ കറക്കുവാൻ ഇച്ഛിക്കുന്നവൻ ഒരിക്കലും ധർമ്മഫലത്തെ നേടുന്നില്ല. എന്നാൽ ഒന്നു നീ ധരിക്കണം. ധർമ്മം ഫലശൂന്യമാണെങ്കിൽ അപ്രതിഷ്ഠമായ തമസ്സിൽ ഈ ജഗത്തു് അന്ധപാതകത്തെ ചെയ്യും. വിജ്ഞൻ അണുകൊണ്ടും സന്തോഷിക്കും; മൂഢൻ അചലംകൊണ്ടും സന്തോഷിക്കുകയില്ല. ധർമ്മംകൊണ്ടു സന്തുഷ്ടിയുണ്ടാകുന്നു; സന്തുഷ്ടൻ ധന്യനാകുന്നു; അപ്പോൾ കർമ്മത്തിനു ഫലമില്ലെന്നു് എങ്ങനെ പറയാം?

"ന ഫലാദർശനാദ്ധർമ്മഃ ശങ്കിതവ്യോ ന ദേവതാഃ;
കർമ്മണാം ഫലമസ്തീഹ തഥൈതൽ കർമ്മ ശാശ്വതം;
ഈശ്വരം ചാപി ഭൂതാനാം മാധ്യമംസ്ഥാഃ കഥയന്തി;
ശിക്ഷസ്തേ വചനം നാമനസ്യതാം; മാതേഭൂദ് ബുദ്ധിരീദൃശീ."

ഈ ഫലം കാണായ്കയാൽ ധർമ്മമോ ഈശ്വരനോ ഇല്ലെന്നു വിചാരിക്കരുതു്. കർമ്മത്തിനു ഫലമുണ്ടെന്നു വിശ്വസിക്കണം; അല്ലെങ്കിൽ ശാശ്വതമായി ഇത്തരത്തിൽ ഒരു കർമ്മപദ്ധതി ലോകത്തിൽ സ്ഥാപിത

Digitized By Kerala Sahitya Akademi

ണ്ടാകുകയില്ല. സൎവ്വേശ്വരനെയും ഒരിക്കലും അപമാനിക്കരുത്. അവിടുത്തെ പദതളിക്കു കീഴടങ്ങണം; അവിടുത്തെ നമസ്കരിക്കണം. നിന്റെ ചോദ്യത്തിൽ അന്തൎഭവിച്ചതായിക്കാണുന്ന ബുദ്ധി നിനക്ക് ഒരിക്കലും ഉണ്ടാകരുതേ!" എന്നാകുന്നു ആ ധൎമ്മാത്മാവിന്റെ സംശയച്ഛേദിയായ പ്രത്യുത്തരം.

ഏതു പുണ്യശാലിക്കും ഒരു ഭൂതകാലം ഉണ്ടായിരുന്നതുപോലെ ഏതു പാപിക്കും ഒരു ഭാവികാലം ഉണ്ടാകും. കൎമ്മാദ്ധ്യക്ഷനും കൎമ്മസാക്ഷിയുമായ ഈശ്വരൻ കൎമ്മഫലോപഭോഗത്തിനു സമുചിതമായ ജന്മത്തെ നമുക്കു പ്രദാനം ചെയ്യുന്നു. ഇതിൽനിന്നു നമുക്കു നമ്മുടെ ഭാവിയെ നിയമനം ചെയ്യുന്നതിനു സ്വാതന്ത്ര്യമില്ലെന്നു സിദ്ധിക്കുന്നില്ല. നമ്മുടെ കൎമ്മങ്ങളെ ഉപഭോഗക്ഷമതയനുസരിച്ച് ആഗാമിയെന്നും സഞ്ചിതമെന്നും പ്രാരബ്ധമെന്നും മൂന്നായി ആചാൎയ്യന്മാർ തരംതിരിച്ചിരിക്കുന്നു. പ്രവൃത്തഫലങ്ങളായ കൎമ്മങ്ങൾ—യാവചില കൎമ്മങ്ങൾകൊണ്ട് താൽക്കാലികമായ ശരീരയാത്ര നാം ആരംഭിക്കുന്നുവോ അവ—പ്രാരബ്ധങ്ങൾ; അവ ഉപഭോഗംകൊണ്ടുതന്നെ ക്ഷയത്തെ പ്രാപിക്കേണ്ടതാണ്. എന്നാൽ സഞ്ചിതങ്ങളുടെയും ആഗാമികളുടെയും സ്ഥിതി ആ തരത്തിലല്ല. അവയെ ജ്ഞാനാഗ്നികൊണ്ട്, അതിനുവേണ്ട മനസ്സ് മാത്രം ഉണ്ടെങ്കിൽ, ദഹിപ്പിക്കാം. മനുഷ്യന് അവന്റെ കൎമ്മഫലത്തെ നശിപ്പിക്കുവാൻ അത്യല്പമാത്രമെങ്കിലും ശക്തിയുണ്ട്; അതൊരു വലിയ ശക്തിയുമാണ്. പൂൎവ്വജന്മവാസനയെ നിയന്ത്രിക്കുന്ന വിഷയത്തിൽ അവനു പൂൎണ്ണസ്വാതന്ത്ര്യമുണ്ട്. കൎമ്മഫലത്തിലുള്ള വിശ്വാസം അവനെ ഭൂതകാലസംബന്ധമായുള്ള വ്യൎത്ഥചിന്ത കൂടാതെ ഭാവികാലത്തിൽ പ്രത്യാശയോടുകൂടി ജീവിക്കുവാൻ പരികരബന്ധനം ചെയ്യിക്കുന്നു. ഈ തത്വങ്ങളെല്ലാം ഛാന്ദോഗ്യാദ്യുപനിഷത്തുകളിൽനിന്നു സവിസ്തരം ഗ്രാഹ്യങ്ങളാണ്. "കാമിക്കണം; ഈശ്വരൻകൂടി കാമിച്ചു;" എന്നു ശ്രുതി നമ്മെ ഉൽബോധിപ്പിക്കുന്നു. ആ കാമത്തിന്റെ ഫലമാണ് പ്രപഞ്ചസൃഷ്ടി. നമ്മുടെ കാമത്തിന്റെ ഫലം ലോകോപകാരമാണ്. കൎമ്മം ചെയ്യണം; കൎമ്മം കൂടാതെ ഒരു ജീവനും ജീവിക്കുവാൻ കഴിയുന്നതല്ല. "അല്ലയോ അൎജ്ജുന! എനിക്ക് അവാപ്യമായി മൂന്നുലോകങ്ങളിലും യാതൊന്നുമി

Digitized By Kerala Sahitya Akademi

ല്ലെങ്കിലും ഞാൻ കർമ്മത്തിൽതന്നെ സ്ഥിതിചെയ്യുന്നു" എന്ന ഭഗവദ്വാക്യത്തിന്റെ താല്പര്യം നാം ധരിക്കണം. ഫലാനപേക്ഷിയായ സൽക്കർമ്മമാകുന്നു പ്രാർത്ഥിതമായ പാരിജാതം.

<u>ജ്ഞാനപ്രദായകത:</u>—മനുഷ്യജന്മത്തിന്റെ മാഹാത്മ്യത്തെപ്പററി ശ്രീമദ്ഭാഗവതം ഏകാദശസ്കന്ധത്തിൽ

"സൃഷ്ട്വാ പുരാണി വിവിധാന്യജയാത്മശക്ത്യാ
വൃക്ഷാൻ സരീസൃപപശൂൻ ഖഗദംശമത്സ്യാൻ
തൈസ്തൈരതുഷ്ടഹൃദയഃ പുരുഷം വിധായ
ബ്രഹ്മാവലോകധിഷണം മുദമാപ ദേവഃ"

എന്നൊരു ശ്ലോകം ഉണ്ട്. വൃക്ഷങ്ങൾ, സരീസൃപങ്ങൾ, പശുക്കൾ തുടങ്ങി വിവിധങ്ങളായ സ്ഥാവരജംഗമവസ്തുക്കളെ തന്റെ ശക്തികൊണ്ട് ബ്രഹ്മാവു സൃഷ്ടിച്ചിട്ടും അവയിലൊന്നും അവിടത്തേക്കു സന്തോഷമുണ്ടായില്ല. ഒടുവിൽ പരബ്രഹ്മത്തെ അവലോകനം ചെയ്യുന്നതിനു വേണ്ട ധിഷണയോടുകൂടിയ മനുഷ്യനെ സൃഷ്ടിച്ചപ്പോഴാണ് അവിടുന്ന് ആനന്ദത്തെ പ്രാപിച്ചത്. സകല ചരാചരങ്ങൾക്കും ആത്മാവുണ്ടെന്നുള്ളത് അദ്വൈതസിദ്ധാന്തങ്ങളിൽ ഒന്നാകുന്നു. വൃക്ഷങ്ങളെപ്പററി ഭവിഷ്യപുരാണത്തിൽ.

"തമസാ ബഹുരൂപേണ വേഷ്ടിതാ ഹേതുകർമ്മണാ
അന്തസ്സംജ്ഞാ ഭവന്ത്യേതേ സുഖദുഃഖസമന്വിതാഃ"

എന്നു പ്രസ്താവിച്ചുകാണുന്നു. വൃക്ഷങ്ങൾക്ക് അന്തഃസംജ്ഞയുണ്ട്; തന്നിമിത്തം സുഖദുഃഖങ്ങളുമുണ്ട്. ഈ തത്വത്തെത്തന്നെയാകുന്നു ആധുനികസസ്യതത്വശാസ്ത്രജ്ഞന്മാരിൽ അദ്വിതീയനായ സർ. ജഗദീശചന്ദ്രബോസ് അദ്ദേഹത്തിന്റെ വിശ്വസമ്മതങ്ങളായ ഗ്രന്ഥങ്ങളിൽ ഉപപാദിക്കുന്നതു്. എന്നാൽ അവയ്ക്കുള്ള ഈ അന്തസ്സംജ്ഞയ്ക്കും മനുഷ്യരുടെ പ്രത്യേകസമ്പത്തായ ബ്രഹ്മാവലോകധിഷണയ്ക്കും തമ്മിൽ വളരെ അന്തരമുണ്ട്. "പ്രജ്ഞാനം ബ്രഹ്മ" "അഹം ബ്രഹ്മ" "തത്വമസി" "അയമാത്മാ ബ്രഹ്മ"—ഈ ശ്രുത്യന്തർഗതങ്ങളായ മഹാവാക്യങ്ങളുടെ അർത്ഥം സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും അതിനെ സ്വാനുഭൂതിപദവിയിൽ അനുഭവിച്ച് ദുഃഖോപഹതമല്ലാത്ത

Digitized By Kerala Sahitya Akademi

സുഖത്തിൽ ലയിക്കുന്നതിനും അവർക്കു കഴിയും. ബൃഹദാരണ്യകോപനിഷത്തിൽ മൈത്രേയീബ്രാഹ്മണത്തിൽ യാജ്ഞവല്ക്യൻ തന്റെ ധർമ്മപത്നിയായ മൈത്രേയിക്കു ധനം നൽകാമെന്നു പറയുമ്പോൾ ആ ബ്രഹ്മവാദിനി "യേനാഹം നാമൃതാ സ്യാം കിമഹം തേന കുര്യാം?—യാതൊന്നിനാൽ ഞാൻ അമൃതത്വത്തെ പ്രാപിക്കാതിരിക്കുമോ അതുകൊണ്ടു് എനിക്കു എന്തു പ്രയോജനമാണുള്ളതു്?" എന്നു ചോദിക്കുകയും അതിനു മഹർഷി "ആത്മനസ്തു കാമായ സർവം പ്രിയം ഭവതി; ആത്മാ വാ അരേ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ നിദിധ്യാസിതവ്യഃ—ആത്മാവിന്റെ കാമത്തിനാകുന്നു ലോകത്തിൽ മനുഷ്യനു സർവവും പ്രിയമായി ഭവിക്കുന്നതു്. അതിനാൽ പരമലക്ഷ്യമായ ആ ആത്മാവിനെയാകുന്നു ദർശിക്കേണ്ടതും ശ്രവിക്കേണ്ടതും മനനം ചെയ്യേണ്ടതും നിദിധ്യാസനം ചെയ്യേണ്ടതും." എന്നു് ഉപദേശിക്കുകയും ചെയ്യുന്ന ഭാഗം ആരെയാണു് ആനന്ദപുളകം അണിയിക്കാത്തതു്?

ഉപപത്തിപൂർവമായുള്ള നിരൂപണമാകുന്നു മനനം; അവിക്ഷിപ്തമായ മനസ്സോടുകൂടിയുള്ള നിരന്തരോപാസനയാകുന്നു നിദിധ്യാസനം. പിന്നെയും "തദേതൽ പ്രേയഃ പുത്രാൽ; പ്രേയോ വിത്താൽ; പ്രേയോന്യസ്മാത് സർവസ്മാൽ; അന്തരതരം യദയമാത്മാ;" "ആത്മാനമേവ പ്രിയമുപാസീത" എന്നും മറ്റും ഈ സിദ്ധാന്തം യാജ്ഞവല്ക്യൻ ഊന്നിയൂന്നിയുറപ്പിക്കുന്നുണ്ടു്. "സർവദാ സർവൈകരസം അദ്വൈതമവിക്രിയമജരമമൃതമഭയമാത്മതത്ത്വം ബ്രഹ്മൈവ." എന്നു ശങ്കരഭഗവൽപാദർ ആത്മാവിന്റെ സർവോൽകൃഷ്ടതയെ പ്രഖ്യാപനം ചെയ്യുന്നു. "ന ആത്മനോഽന്യൽ കാമയിതവ്യം വസ്ത്വന്തരം—ആത്മാവല്ലാതെ മറ്റൊരു വസ്തുവിനെ മനുഷ്യൻ കാമിക്കരുതു്." എന്നു് അനുപദം ഈ മോക്ഷമാർഗ്ഗത്തെ മഹർഷിമാർ നമുക്കു തെളിവായി കാണിച്ചുതരുന്നു. സംസാരസമുദ്രത്തെ ശങ്കരഭഗവാൻ ഒരവസരത്തിൽ "സത്യാർജ്ജവദാനദമാദ്യഹിംസാശമധൈര്യത്യാഗാത്മഗുണപാഥേയേ പൂർണ്ണജ്ഞാനോഡുപേ സത്സംഗസർവത്യാഗമാർഗ്ഗേ മോക്ഷതീരേ" എന്നു വർണ്ണിക്കുന്നുണ്ടു്. ഈ സമുദ്രത്തിൽ സത്യം ആർജ്ജവം മുതലായ ആത്മഗുണങ്ങൾ പൊതിച്ചോറും, പൂർണ്ണജ്ഞാനം പൊങ്ങുതടിയും, സത്സംഗദ്വാരാ ലഭിക്കുന്ന സർവസംഗപരിത്യാഗം കപ്പൽപാലം

Digitized By Kerala Sahitya Akademi

മോക്ഷം മറുകരയുമാകുന്നു എന്നാണ് ആ ആചാൎയ്യവൎയ്യന്റെ ഉല്ലേഖം. "ആത്മാനമന്വിച്ഛ ഗുഹാം പ്രവിഷ്ടം" എന്നു ശുകബ്രഹ്മൎഷിയോട്ട് സ്വപിതാവായ വേദവ്യാസൻ ഉപദേശിച്ചു. ഈ ജ്ഞാനാന്തരാകുന്നു ഗീതേ മനുഷ്യന്റെ ആത്യന്തികോദ്ദേശ്യമായി വൎണ്ണിക്കുന്ന "To see the individual in connection with and in co-operation with the whole" എന്ന ജീവാത്മപരമാത്മൈക്യരൂപമായ അവസ്ഥ ജീവാത്മാവ് ഉൽപത്തിയിൽ പരമാത്മാവിൽ നിന്ന് ഭിന്നമായിരുന്നില്ല. "യന്മൂലാഃ സോമ്യ ഇമാഃ സൎവ്വാഃ പ്രജാഃ സദായതനാഃ സൽപ്രതിഷ്ഠാഃ" എന്ന് ശ്രുതി നമ്മെ ബോധിപ്പിക്കുന്നു. ഏതുസ്ഥാനം നാം വിട്ടുവോ ആ സ്ഥാനം വീണ്ടും പ്രാപിക്കണം. "[illegible]" എന്നു ഭക്തന്മാർ പ്രാൎത്ഥിക്കുന്നതിന്റെ സാരം ഇതു തന്നെയാകുന്നു. ഈ ആദൎശം വേദാന്തപരിശീലനം കൂടാതെ ലഭ്യമല്ല; വേദാന്തജ്ഞാനത്തിനു സംസ്കൃതഭാഷാജ്ഞാനം സൎവ്വോപരി അപേക്ഷണീയവുമാകുന്നു. "If philosophy is meant to be a preparation for a happy death, I know of no better preparation for it than the Vedanta" എന്ന് മാക്സുമുള്ളർ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തത്വജ്ഞാനം ആനന്ദയുക്തമായ മരണത്തിനു നമ്മെ സജ്ജീകരിക്കുന്നു എങ്കിൽ ആ സജ്ജീകരണത്തിനു വേദാന്തപാഠംപോലെ മറ്റൊന്നും പ്രയോജകീഭവിക്കുന്നില്ല എന്നത്രെ അദ്ദേഹത്തിന്റെ പ്രസ്താവനയുടെ ആശയം. ജീവാത്മപരമാത്മാക്കൾ ഒന്നാണ് എന്നദ്വൈതികൾ സിദ്ധാന്തിക്കുമ്പോൾ അവ തമ്മിൽ യാതൊരു ഭേദവുമില്ലെന്നു സാമാന്യജനങ്ങൾ തെറ്റിദ്ധരിക്കരുത്.

"സത്യപി ഭേദാപഗമേ
നാഥ, തവാഹം; ന മാമകീനസ്ത്വം;
സാമുദ്രോഹി തരംഗഃ;
ന ഖലു സമുദ്രസ്തു താരംഗഃ"

എന്ന പദ്യത്തിൽ ശങ്കരഭഗവൽപാദർ അവയ്ക്കു തമ്മിലുള്ള പ്രബലമായ വ്യത്യാസത്തെ വ്യക്തീകരിക്കുന്നു. തരംഗം സമുദ്രാന്തഃപാതിയാണ്; സമുദ്രം തരംഗാന്തഃപാതിയല്ല. "God in man is a task as well as a fact—problem as well as possession.

Digitized By Kerala Sahitya Akademi

He is dust and deity.” എന്നുള്ള ആര്യമതരഹസ്യം നാം ഓർമ്മിക്കണം. മനുഷ്യൻ പാംസുവുമാണ്, പരമാത്മാവുമാണ്, തിര്യക്കുമാണ്, ശിവനുമാണ്. “ശിവോഹം” എന്ന വാക്യത്തിനു “ഞാൻ ശിവനായിരുന്നു, ഇന്നും എന്നെ വേണമെങ്കിൽ എനിക്കു ശിവനാക്കാം; ശിവനാകുന്നതാകുന്നു എന്റെ ജന്മോദ്ദേശ്യം.” എന്നത്രേ നിഷ്കൃഷ്ടമായ വ്യാഖ്യാനം.

ക്രിസ്ത്യോപദേശകർ:—ഹിന്ദുക്കൾ പല ദൈവങ്ങളെ വന്ദിക്കുന്നു എന്നു പറയുന്നതുപോലെ അത്ര അബദ്ധമായ പ്രസ്താവന വേറെ യാതൊന്നുമില്ല. “നേഹ നാനാസ്തി കിഞ്ചന—ഇവിടെ പലതെന്നുള്ളതില്ല.” എന്നു ശ്രുതി പ്രതിപദം ഗർജ്ജനം ചെയ്യുന്നു. “ഏകം സദ്വിപ്രാ ബഹുധാ വദന്തി അഗ്നിം യമം മാതരിശ്വാനമാഹുഃ—സത്ത് ഏകമാകുന്നു; അതിനെ വിദ്വാന്മാർ പല പേരുകളിൽ അഗ്നിയെന്നും യമനെന്നും വായുവെന്നും മറ്റും സന്ദർഭാനുഗുണമായി വ്യവഹരിക്കുന്നു.” എന്നു ഛാന്ദോഗ്യോപനിഷത്തിൽ പ്രകടമായി പ്രസ്താവിച്ചിരിക്കുന്നു. “ഏകമേവാദ്വിതീയം ബ്രഹ്മ” എന്നു ബൃഹദാരണ്യകോപനിഷത്തു ഘോഷിക്കുന്നു. ഛാന്ദോഗ്യത്തിലെ സങ്കോചപ്രകരണത്തിൽ “കത്യേവ ദേവാഃ?” എന്ന ചോദ്യത്തിനു “ഏകോ ദേവ ഇതി പ്രാണ ഇതി സ ബ്രഹ്മ ഇത്യാചക്ഷതേ” എന്നു ശാകല്യൻ നല്കുന്ന പ്രത്യുക്തിയും ഈ ഘട്ടത്തിൽ സ്മർത്തവ്യമാകുന്നു.

“ഏഷ ദേവോ വിശ്വകർമ്മാ മഹാത്മാ
സദാ ജനാനാം ഹൃദയേ സന്നിവിഷ്ടഃ
ഹൃദാ മനീഷാ മനസാഭിക്ലൃപ്തോ
യ ഏനം വിദുരമൃതാസ്തേ ഭവന്തി.”

എന്നു ശ്വേതാശ്വതരോപനിഷത്തിൽ വീണ്ടും ഈ തത്വം വ്യവസ്ഥാപിതമായിരിക്കുന്നു.

“ത്രയീ സാംഖ്യം യോഗം പശുപതിമതം വൈഷ്ണവമിതി
പ്രഭിന്നേ പ്രസ്ഥാനേ പരമിദമദഃ പഥ്യമിതി ച;
രുചീനാം വൈചിത്ര്യാദൃജുകുടിലനാനാപഥജുഷാം
നൃണാമേകോ ഗമ്യസ്ത്വമസി പയസാമർണ്ണവ ഇവ”

Digitized By Kerala Sahitya Akademi

എന്നു ശിവമഹിമ്നഃസ്തോത്രപദ്യത്തിലും ഇതുതന്നെ ഉപപാദിക്കപ്പെടുന്നു. രുചിവൈചിത്ര്യംകൊണ്ടു പല ഉപാസനാമാർഗ്ഗങ്ങൾ ലോകം അംഗീകരിക്കുന്നുവെങ്കിലും അവയെല്ലാം ചെന്നുചേരുന്നതു്, എല്ലാ പയസ്സുകളും സമുദ്രത്തിലെന്നപോലെ, പരമേശ്വരനിൽ തന്നെയാകുന്നു

"അഗ്നൗ ക്രിയാവതാം ദേവോ;
ഹൃദി ദേവോ മനീഷിണാം;
പ്രതിമാസ്വല്പബുദ്ധീനാം;
ജ്ഞാനിനാം സർവ്വതശ്ശിവഃ"

എന്നും നാമറിയേണ്ടതാണു്. കർമ്മികൾക്കു് അഗ്നിയിലും പണ്ഡിതന്മാർക്കു ഹൃദയത്തിലും കിഞ്ചിജ്ഞന്മാർക്കു പ്രതിമകളിലും ജ്ഞാനികൾക്കു സർവ്വഭൂതങ്ങളിലുമാകുന്നു പരമേശ്വരൻ.

"ഉപാസനാ ബ്രഹ്മണഃ പ്രാക്;
ദ്വിതീയാ സഗുണസ്യ ച;
തൃതീയാ സ്മൃതാ ലീലാ-
വിഗ്രഹോപാസനാ ബുധൈഃ;
ഉപാന്ത്യാ പിതൃദേവർഷി-
ഗണാനാമസ്ത്യുപാസനാ;
അന്തിമാ ക്ഷുദ്രദേവാനാം
പ്രേതാദീനാം വിധീയതേ."

ഉപാസ്തിക്കു പഞ്ചകക്ഷ്യകൾ ഉണ്ടെന്നും ആദ്യത്തെ കക്ഷ്യയിൽ നിർഗ്ഗുണബ്രഹ്മത്തിന്റെയും രണ്ടാമത്തേതിൽ സഗുണബ്രഹ്മത്തിന്റെയും മൂന്നാമത്തേതിൽ രാമകൃഷ്ണാദ്യവതാരമൂർത്തികളുടേയും, നാലാമത്തേതിൽ പിതൃക്കൾ, ദേവന്മാർ, ഋഷികൾ മുതലായവരുടേയും, അഞ്ചാമത്തേതിൽ പ്രേതാദികളുടേയും ഉപാസനയെ പരിഗണിക്കേണ്ടതാണെന്നത്രേ അഭിജ്ഞോത്തമന്മാരുടെ അഭിപ്രായം. ജഗന്നിയ

Digitized By Kerala Sahitya Akademi

ന്നതിനു് ഏകോപമുണ്ടെന്നുവച്ചു് നമ്മെക്കാൾ ശക്തിമത്തുക്കളായ
വ്യക്തികൾ ലോകത്തിലില്ലെന്നു് സന്ധാളിച്ചുപോകരുതു്. താഴെ
കാണുന്ന വാക്യങ്ങൾ ഇന്നത്തെ പാശ്ചാത്യശാസ്ത്രജ്ഞമൂർദ്ധന്യന്മാ
രിൽ അഗ്രഗണ്യനായ സർ ഒളിവർ ലോഡ്ജ് ഏതാനും
കൊല്ലങ്ങൾക്കുമുമ്പു മാത്രം പ്രസിദ്ധപ്പെടുത്തിട്ടുള്ള ഒരു ഗ്രന്ഥത്തിൽ
ഉള്ളതാണു്. "We are in affectionate touch with a higher order of beings. They are straining their faculties to the utmost so that by co-operating with us they can contribute to the advancement of the whole. Some are so lofty that we can only attach divinity to them." "Humanity gratuitously assumes that no higher beings exist. Help is forthcoming if it is asked for." "Spirits themselves are guided by higher and higher beings." "നമുക്കും നമ്മെക്കാൾ ഉയർന്ന നിലയിലുള്ള ജീവരാശി
കൾക്കും തമ്മിൽ പ്രേമസമ്പർക്കമുണ്ടു്. അവർ നമ്മളുമായി സഹക
രിച്ചു് ഭദ്രമായ ലോകസംഗ്രഹം ചെയ്യുവാൻ കഴിയുന്നതും പ്രയത്നി
ക്കുന്നുണ്ടു്. അവരിൽ ചിലർ ഈശ്വരന്മാരെപ്പോലെ വ്യവഹരിക്കപ്പെടത്തക്ക
നിലയിൽ അത്ര വളരെ ഉൽകൃഷ്ടന്മാരാകുന്നു. മനുഷ്യൻ തന്നെ
ക്കാൾ മഹത്തരമായ ജീവിയില്ലെന്നു നിർമ്മൂലമായി അനുമാനിക്കുന്നു.
നാം പ്രാർത്ഥിക്കുവാൻ സന്നദ്ധന്മാരാണെങ്കിൽ നമ്മുടെ പ്രാർത്ഥന
സഫലീഭവിപ്പിക്കുവാൻ സന്നദ്ധരായ പരലോകജീവികൾ ഉണ്ടു്.
പിതൃക്കൾ ഉപരിസ്ഥിതരായ ജീവികളാൽ നയിക്കപ്പെടുന്നു. ആ ജീ
വികളെ നയിക്കുന്നതിനു് അവരെക്കാൾ മാഹാത്മ്യമുള്ള മററു ജീവി
കളും പടിപ്പടിയായി ഉണ്ടു്" ഇത്തരത്തിലാകുന്നു പിതൃലോകത്തിലെ
വ്യക്തികളുമായി അഭിമുഖസംഭാഷണം നടത്തുന്ന ആ ആങ്ഗലേയ
സിദ്ധന്റെ അഭിപ്രായഗതി. സൽകർമ്മം, ഈശ്വരോപാസന ഇവയെ
ല്ലാം ചിത്തശുദ്ധിദ്വാരാ ജ്ഞാനപ്രാപ്തിക്കു് ഉപയോഗപ്പെടുന്നതേയു
ള്ളൂ. ജ്ഞാനം തന്നെയാകുന്നു ജന്മത്തിന്റെ പരമോദ്ദേശ്യം. മാനു
ഷ്യസമുദായത്തിന്റെ ആദ്ധ്യാത്മികീകരണമാകുന്നു ഭാരതഭൂമിയുടെ
ധർമ്മം. അതിനു് ആ ദേവിയെ പര്യാപ്തയാക്കുന്നതു് സംസ്കൃതഭാ
ഷയുമാകുന്നു.

Digitized By Kerala Sahitya Akademi

അപരിത്യാജ്യത:—ഹിന്ദുക്കൾക്ക വിശേഷിച്ചും സംസ്കൃതഭാഷാഭ്യാസനം ഒന്നുകൊണ്ടും ഒഴിച്ചു വയ്ക്കാവുന്നതല്ല. മന്ത്രങ്ങൾക്ക ഫലമുണ്ടെന്നു നാം വിശ്വസിക്കുന്നെങ്കിൽ അവയുടെ അൎത്ഥമറിഞ്ഞു് ഉച്ചരിക്കണം; അല്ലെങ്കിൽ അവയെകൊണ്ടു പ്രയോജനമില്ല. "മന്ത്രേണ പ്രകാശിതസ്യാനുഷ്ഠാനം ശക്യഃ നാപ്രകാശിതഃ—മന്ത്രം പ്രകാശിപ്പിക്കുന്ന അൎത്ഥം നമുക്കു് അനുഷ്ഠിക്കുവാൻ കഴിയും; അല്ലാത്തതു കഴിയുന്നതല്ല" എന്നു സായണാചാൎയ്യർ പ്രസ്താവിക്കുന്നു.

"സ്ഥാണുരയം ഭാരഹാരഃ കിലാഭൂ-
ദധീത്യ വേദം ന വിജാനാതി യോൎത്ഥം;
യോൎത്ഥജ്ഞ ഇത് സകലം ഭദ്രമശ്നുതേ
നാകമേതി ജ്ഞാനവിധൂതപാപ്മാ"
"യദധീതമവിജ്ഞാതം
നിഗദേനൈവ ശബ്ദ്യതേ
അനഗ്നാവിവ ശുഷ്കൈധോ
നതജ്ജ്വലതി കൎഹിചിൽ."
"ഉത ത്വഃ പശ്യന്ന ദദൎശ വാച-
മുത ത്വഃ ശൃണ്വൻ ന ശൃണോത്യേനാം;
ഉതോ ത്വസ്മൈ തന്വം വിസസ്രേ
ജായേവ പത്യ ഉശതീ സുവാസാഃ"

ഇത്യാദി പ്രാചീനപദ്യങ്ങളിൽനിന്നു് അൎത്ഥമറിയാതെ വേദപാഠം ചെയ്യുന്നവൻ ഭാരം വഹിക്കുന്ന കുററി മാത്രമാണെന്നും അൎത്ഥമറിയില്ലുള്ള പാഠം തീയില്ലാത്ത വിറകുപോലെ ജ്വലിക്കുന്നതല്ലെന്നും അങ്ങനെയുള്ള പുരുഷനെ ശ്രുതി തന്റെ വപുസ്സുതന്നെ കാണിക്കുന്നില്ലെന്നും നാം ധരിക്കുന്നു. "പാഠമാത്രപരം പ്രതി വേദരൂപാ വാഗ് ധൎമ്മബ്രഹ്മജ്ഞാനം ക്ഷീരം നദോഗ്ധി; ചതുൎദ്ദശവിദ്യാസ്ഥാനപരിശീലനോപേതഃ പുരുഷോ വേദാൎത്ഥരഹസ്യം സമ്യക്പശ്യതി—പാഠമാത്രപരനായ ഒരുവനുവേണ്ടി ശ്രുതിയാകുന്ന കാമധേനു ധൎമ്മബ്രഹ്മജ്ഞാനമാകുന്ന പാൽ കറക്കുന്നില്ല; ചതുൎദ്ദശവിദ്യാസ്ഥാനങ്ങളിൽ പരി

Digitized By Kerala Sahitya Akademi

ശീലനം സിദ്ധിച്ച പുരുഷനു മാത്രമേ വേദാൎത്ഥരഹസ്യം വേണ്ട വിധത്തിൽ ഗ്രഹിക്കുവാൻ സാധിക്കുന്നുള്ളു." എന്നു സായണാചാൎയ്യർ വീണ്ടും സാൎത്ഥമായ വേദാഭ്യാസത്തിന്റെ ആവശ്യകതയെ സമൎത്ഥിക്കുന്നു.

"മന്ത്രോഹീനസ്സ്വരതോ വൎണ്ണതോവാ
മിഥ്യാപ്രയുക്തോന തദൎത്ഥമാഹ;
സവാഗ്വജ്രോയജമാനം ഹിനസ്തി
യഥേന്ദ്രശത്രുസ്സ്വരതോപരാധാൽ"

എന്ന യാസ്കവചനം പ്രസിദ്ധമാണല്ലോ. ഇന്ദ്രശത്രുപദം തൽപുരുഷസമാസമാണെങ്കിൽ അന്തോദാത്തമായി ഉച്ചരിക്കണം. അതറിയാതെ ആദ്യോദാത്തമായി ചെയ്ത ആ പദോച്ചാരണം യജമാനനെ ഹനിച്ചതായി ഇതിഹാസമുണ്ട്.

9. ഇതരഭാഷാപോഷകത:—സംസ്കൃതമാകുന്നു അദ്രാവിഡങ്ങളായ എല്ലാപ്രധാന ഭാരതഭാഷകളുടേയും ധാത്രി. ദ്രാവിഡഭാഷകളിൽ പ്രാചീനതയും, പ്രാധാന്യവും തമിഴിനാണല്ലോ. സംസ്കൃതസമ്പൎക്കം കൂടാതെയാകുന്നു തങ്ങളുടെ ഭാഷ പ്രവൃദ്ധമായത് എന്നു തമിഴർ അഭിമാനിക്കാറുണ്ട്; ആ അഭിമാനം അവർ വിചാരിക്കുന്നതുപോലെ അധിഷ്ഠാനപത്തല്ലെന്നുള്ളതിനു് അവരുടെ തൊല്കാപ്പിയം, കുറൾ, മുതലായ പുരാതനങ്ങളായ ലക്ഷണലക്ഷ്യഗ്രന്ഥങ്ങൾ തന്നെ നിദർശനങ്ങളാകുന്നു. അകാരം ആദിഭഗവാൻ മുതലായ വാക്കുകൾ കുറളിന്റെ ആദ്യത്തെപ്പാട്ടിൽതന്നെ അല്പം രൂപഭേദത്തോടുകൂടി ആവിർഭവിക്കുന്നുണ്ട്. കൈരളിക്കു് സംസ്കൃതഭാഷയോടു എത്രമാത്രം കടപ്പാടുണ്ടെന്നുള്ളതു് അനുക്തിസിദ്ധമാണല്ലോ. സംസ്കൃതജ്ഞന്മാരിൽനിന്നല്ലാതെ സാമാന്യേന കേരളഭാഷയ്ക്കു് ഗണനീയമായ സഹായം ഒരിക്കലും ഉണ്ടായിട്ടില്ല, ഉണ്ടാകുവാൻ നിവൃത്തിയുമില്ല. സംസ്കൃതത്തിന്റെ സ്വരൂപജ്ഞാനംകൂടാതെ കാൎയ്യമായി എന്തെങ്കിലും മലയാളത്തിൽ സാധിച്ചുകളയാം എന്നു വിചാരിക്കുന്നവർ അവരുടെ നില അറിയുന്നില്ല. അഥവാ ഈ വിഷയത്തിൽ വല്ല അതിമാനുഷവ്യക്തിക്കും അപവാദരൂപേണ

Digitized By Kerala Sahitya Akademi

പ്രകാശിക്കുവാൻ കഴിയുമെങ്കിൽ അത്രം തത്സംബന്ധമായ ഉത്സർഗ്ഗവിധിക്ക് ഉപോദ്ബലകമായേ പരിണമിക്കുകയുള്ളു.

ഇത്തരത്തിൽ സംസ്കൃതഭാഷയ്ക്ക് അനന്യസാധാരണങ്ങളായ പല ആത്മവീര്യങ്ങളുമുണ്ടെന്നുള്ള വസ്തുത ആക്കും വിസംവദിക്കാവുന്നതല്ല. ഇനി പ്രാചീനവും ആധുനികവുമായ അധ്യയനസമ്പ്രദായത്തെപ്പററി അല്പമൊന്നു വിചിന്തനം ചെയ്യാം. യാസ്കൻ, പാണിനി, കാത്യായനൻ, യാജ്ഞവല്ക്യൻ, പതഞ്ജലി, കണാദൻ, ജൈമിനി, ബാദരായണൻ, ഉദ്ദാലകൻ, ശ്വേതകേതു, ബോധായനൻ, ആപസ്തംബൻ, ശങ്കരഭഗവാൻ, കുമാരിലഭട്ടൻ, പ്രഭാകരൻ, വാചസ്പതിമിശ്രൻ, രാമാനുജൻ, മധ്വൻ, ശ്രീഹർഷൻ, വിദ്യാരണ്യൻ, വേദാന്തദേശികർ, അപ്പയ്യദീക്ഷിതർ, ഗദാധരഭട്ടർ, നാഗേശഭട്ടൻ മുതലായ വിദ്യാചക്രവത്തികളുടെ സവ്തന്ത്രസ്വതന്ത്രപ്രതിഭ പഴയ ഗുരുകുലപരിപാടിയിൽനിന്നു ലഭിച്ചതാണ്. അവക്കു തുല്യനായ ഒരൊററ മഹാനുഭാവൻ ഇന്നു നമ്മുടെയിടയിൽ ജീവിക്കുന്നുണ്ടോ? ലോകം സാമ്രാജ്യദുരാന്ധമായ്പ്പോയ കാലം വൃക്ഷജീവികയാ ജീവിക്കുന്ന കാലം; ഇന്നുണ്ടോ അത്തരത്തിലുള്ള അഭിജാതങ്ങളും അനർഘങ്ങളുമായ പുരുഷരത്നങ്ങളെ ഭാരതമാതാവ് പ്രസവിക്കുന്നു? പണ്ടത്തെ വിദ്യാഭ്യാസരീതി പല പ്രകാരത്തിലും ആശാസ്യമായിരുന്നു. അന്നു ഗുരുശിഷ്യബന്ധം ദൃഢമായിരുന്നു ഗുരുഭക്തി ശിഷ്യനും ശിഷ്യവാത്സല്യം ഗുരുവിനും നൈസർഗ്ഗികമായിരുന്നു. "ഉപസന്നോസ്മി ഭഗവൻ; മൈത്രേണ ചക്ഷുഷാ പശ്യ; ശിവേന മനസാ ഗൃഹാണ; പ്രസീദ; മാമധ്യാപയ—ഭഗവാനേ, ഞാൻ അങ്ങയെ ഉപാസിക്കുന്നു; എന്നെ വാത്സല്യവത്തായ ചക്ഷുസ്സുകൊണ്ടു ദശിക്കേണമേ; അനുഗ്രഹോന്മുഖമായ മനസ്സിനാൽ ഗ്രഹിക്കേണമേ, പ്രസാദിക്കേണമേ; അധ്യയനം ചെയ്യിക്കേണമേ!" എന്നു ശിഷ്യന്മാർ പ്രാത്ഥിച്ചുവന്നു. മാതാപിതാക്കന്മാർ ശരീരത്തെ മാത്രം ജനിപ്പിക്കുന്നു എന്നും തങ്ങളാകുന്നു വിദ്യകൊണ്ടുള്ള ശ്രേഷ്ഠജന്മത്തെ നൽകുന്നതെന്നും ഗുരുക്കന്മാർ ധരിച്ചിരുന്നു. ശരീരസുഖത്തിനു ഹേതുഭൂതമായ ധനധാന്യാദിസമ്പാദനത്തിനും ആത്മസുഖത്തിനും നിദാനീഭവിക്കുന്ന തത്വജ്ഞാനാജ്ജനത്തിനും ശിഷ്യൻ 'അന്യനെയല്ല,



Digitized By Kerala Sahitya Akademi

ഗുരുവിനെയാണ് ആശ്രയിക്കുന്നതെന്നും തന്നിമിത്തം വിദ്യാദാനം സർവോൽകൃഷ്ടമാണെന്നും ഒരു പ്രദീപത്തിന്റെ ഔൽപത്തികധർമ്മം അന്യപ്രദീപങ്ങളുടെ പ്രജ്വാലനം മാത്രമാണെന്നും ഉള്ള തത്വംകൊണ്ടും അവർ വിജ്ഞാതങ്ങളായിരുന്നു "പുത്രമിവൈനമനുകാംക്ഷൻ വിദ്യാം ഗ്രാഹയേൽ" എന്നാണ് ആപസ്തംബൻ ഗുരുക്കന്മാരെ അനുശാസിക്കുന്നതു്. തന്റെ പുത്രനെ എങ്ങനെ പഠിപ്പിക്കുമോ ഗുരു അതുപോലെ സകല ശിഷ്യന്മാരെയും പഠിപ്പിക്കണം. അനുഷ്ഠാനമാകുന്നു അഭ്യസനത്തിന്റെ പരമകാഷ്ഠ. വെറുതേയല്ല,

"വിദ്യാ കർമ്മ വയോബന്ധു-
വിത്താം ഭവതി പഞ്ചമം;
മാന്യസ്ഥാനാനി പഞ്ചാഹുഃ;
പൂർവം പൂർവം ഗുരുത്തരാൽ."

എന്നു വിദ്യയ്ക്കുള്ള പാരമ്യത്തെ മനു പ്രഖ്യാപനം ചെയ്യുന്നതു്. ധനവാനെ ബഹുമാനിക്കണം; വയസ്സിയെ ബഹുമാനിക്കണം; കർമ്മിയെ ബഹുമാനിക്കണം; കർമ്മിയേക്കാൾ ജ്ഞാനിയെ ബഹുമാനിക്കണം. അത്തരത്തിലുള്ള ജ്ഞാനികളായിരുന്നു മന്ത്രദ്രഷ്ടാക്കളായ മഹർഷിപുംഗവന്മാർ.

"ശിഷ്യോ ഗുരുഗൃഹം യാതി;
നഹി ശിഷ്യഗൃഹം ഗുരുഃ."

എന്നു ക്രി. പി. പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ക്ഷേമേന്ദ്രമഹാകവി പ്രസ്താവിക്കുന്നതിൽനിന്നു് അക്കാലത്തുപോലും ഗുരുകുലവാസം അവിരളപ്രചാരമായിരുന്നു. എന്നനുമാനിക്കാം. വിദ്യാരണ്യന്റെ കാലമായ പതിന്നാലാം ശതകത്തിൽ അപണ്ഡിതന്മാരുടെ സംഖ്യ അധികമായി തീർന്നിരുന്നു.

"ചതുർവേദവിദേോദയ-
മിതി ശ്രുണ്വന്നവോചത;
വേദാശ്ചത്വാര ഇത്യേവം
വേദ്മി; മേ ദീയതാമിതി."

Digitized By Kerala Sahitya Akademi

എന്നു് അത്തരക്കാരെ അദ്ദേഹം ഫലിതോക്തിയിൽ അവഹേളനം ചെയ്യുന്നു. ചതുർവേദജ്ഞനു് പണക്കിഴി സമ്മാനിക്കാമെന്നു് ഒരു രാജാവു വിളംബരം ചെയ്തു. അതുകേട്ടു് ഒരു മണ്ടശ്ശിരോമണി "വേദങ്ങൾ നാലാണെന്നു ഞാനറിയുന്നു; ആ കിഴി എനിക്കു തരണേ!" എന്നപേക്ഷിച്ചു. നോക്കണേ ധാർഷ്ട്യം! താളത്തൊനമാകുന്ന കംബളത്താൽ ആവൃതനായവനു കമ്പമെന്നൊന്നിന്റെ ബാധയെ കാണുകയില്ലല്ലോ. ക്രി. പി. പതിനേഴാം ശതകത്തിൽ ജീവിച്ചിരുന്ന രാമഭദ്രദീക്ഷിതരുടെ കാലത്തു കഥ പാടേ മാറി. അന്നുകിട്ടുന്ന വേതനം മതിയാകുന്നില്ലെന്നു് ഉപാധ്യായനും കൊടുക്കുന്ന വേതനത്തിനു ഉപാധ്യായൻ വേല ചെയ്യുന്നില്ലെന്നു ശിഷ്യനും തമ്മിൽ വഴക്കടിച്ചുവന്നതായി അദ്ദേഹം പ്രസ്താവിക്കുന്നു. അതോടുകൂടി പഴയ രീതിയിലുള്ള അധ്യാപനരീതിയും അസ്തമിച്ചു.

"സംസ്കൃതവിദ്യാർത്ഥികൾക്കു ധനസമ്പാദനം ഇക്കാലത്തു സുകരമല്ലല്ലോ. പിന്നെ ആ ഭാഷ അവർ എന്തിനഭ്യസിക്കുന്നു?" എന്നൊരു പ്രശ്നം ഇവിടെ പ്രാസങ്ഗികമായി ഉണ്ടാകാം. ധനസമ്പാദനം ആവശ്യംതന്നെ, സംശയമില്ല. പക്ഷേ സന്തുഷ്ടിദായകമായും ശാന്തിപ്രാപകമായുമുള്ള വിദ്യാഭ്യാസമാണു് സംസ്കൃതദ്വാരാ നമുക്കു ലഭിക്കുന്നതു്. സംസ്കൃതവിദ്യാഭ്യാസം നമ്മെ ശീലവാന്മാരാക്കും; ധർമ്മിഷ്ഠരാക്കും; ആനന്ദയോഗികളാക്കും; മോക്ഷസാധനസാമഗ്രി സമ്പാദിക്കുവാൻ ശക്തരാക്കും; കോടീശ്വരന്മാരാക്കുകയില്ല. കൈവല്യസൌധത്തിന്റെ കവാടോൽഘാടനത്തിനുള്ള കുഞ്ചികയാകുന്നു സംസ്കൃതശിക്ഷ.

സംസ്കൃതപണ്ഡിതന്മാൎക്കു് ഒരു ദോഷം അവരുടെ ഹ്രസ്വദൃഷ്ടിയാണെന്നു ചില പുതിയ പരിഷ്കാരികൾ പറയാറുണ്ടു്. അതു മുഴുവൻ സത്യമല്ല. ആപസ്തംബന്റെ ധർമ്മസൂത്രങ്ങൾ, യാജ്ഞവല്ക്യന്റെ സ്മൃതി, വ്യാസന്റെ മഹാഭാരതം മുതലായ ഗ്രന്ഥങ്ങൾ വായിച്ചാൽ നമുക്കു പ്രാചീനഭാരതീയരുടെ വിമലബുദ്ധിയെപ്പററി അതിരും എതിരും അററ വിസ്മയം നമ്മെ അറിയാതെതന്നെ ഉണ്ടാകും. ക്രി. പി. പതിനെട്ടാംശതകത്തിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്ന വേങ്കടാധ്വരി കാണ്ഡപൃഷ്ഠന്മാരായ

Digitized By Kerala Sahitya Akademi

മഹാരാഷ്ട്രബ്രാഹ്മണരെ ദോഷൈകദൃക്കായ കൃശാനു അപവദിച്ചപ്പോൾ അതിനു ഗുണഗ്രാഹിയായ വിശ്വാവസുവിനെക്കൊണ്ടു്,

"ചമൂനിയമനേന വാ ജനപദാധികാരേണ വാ
ദ്വിജവ്രജ ഉപവ്രജൻ പ്രകൃതദം മഹാരാഷ്ട്രജം
ന വൃത്തിമപി പാലയേദ്യദി ധരാസുരാണാം, തതോ-
ഭവേദ്യവനവേഷ്ടിതാ ഭുവനമേതദബ്രാഹ്മണം"

എന്നു മറുപടി പറയിക്കുന്നതിൽ ഒരു വലിയ തത്വം അന്തർഭവിക്കുന്നുണ്ടു്. അതു നാം സ്മരിക്കണം. കാലോചിതമായ സംസ്കാരത്തിനു് നമ്മുടെ പ്രമാണഗ്രന്ഥങ്ങൾ സർവ്വഥാ സ്വാഗതമരുളുന്നു. സംസ്കൃതഭാഷാഭ്യസനം നമ്മെ അതിൽനിന്നു വിരമിപ്പിക്കുകയല്ല, അതിനുവേണ്ട സാധനസാമഗ്രി നമുക്കു സമ്പാദിച്ചു തരികയാണു് ചെയ്യുന്നതു്.

ഭാരതവർഷത്തിനു പ്രാചീനസമ്പ്രദായത്തിൽ അധ്യയനംചെയ്തിട്ടുള്ള പണ്ഡിതന്മാർ എല്ലാക്കാലത്തും വേണം. അവരെ കാലത്തിന്റെ വിപത്തിയും ലോകത്തിന്റെ അശ്രദ്ധയും എന്നു നാമാവശേഷരാക്കുമോ അന്നു മാതൃഭൂമിയുടെ മഹിമ അസ്തമിക്കുമെന്നുള്ളതിനു സംശയം വേണ്ട. അവർ അവരുടെ പാരമ്പര്യത്തെ പരിപാലിച്ചുകൊണ്ടു പോകുവാൻ രാജാക്കന്മാരും പ്രജകളും ഒന്നുപോലെ സഹായിക്കണം. അവരെക്കൊണ്ടല്ലാതെ പറയത്തക്ക ഒരു മേന്മ നമുക്കു ഉണ്ടുണ്ടായിട്ടില്ല; മേലുണ്ടാകുകയുമില്ല. ആ മഹാന്മാരിൽ പാശ്ചാത്യപണ്ഡിതന്മാരിൽനിന്നു് അശേഷം വിഭിന്നമല്ലാത്ത പരിശ്രമശീലവും, കുശാഗ്രബുദ്ധിയും, സന്തുഷ്ടഹൃദയവും, ഋജുഗതിയും, അവരിൽ ഇല്ലാത്ത മററനേകം ഗുണങ്ങളും താൻ കണ്ടതായി പ്രൊഫസർ വില്സൺ (Wilson) പ്രസ്താവിക്കുന്നു. "We want them to become a nation worthy of their ancestors and worthy of the great role which in ancient times they have acted in the history of the human race" എന്നു് പ്രൊഫെസർ ഗോൾഡ്സ്റ്റുക്കർ (Goldstucker) ഭാരതീയരെപ്പററി പൊതുവേ ആശംസിച്ചിട്ടുണ്ടു്. അവരുടെ പൂർവ്വന്മാർക്കു മനുഷ്യചരിത്രരംഗ

Digitized By Kerala Sahitya Akademi

ത്തിൽ പണ്ടു് അവൎക്കുണ്ടായിരുന്ന ഭൂമികയ്ക്കും യോജ്യമായ നിലയിൽ അവരെ ഒരു രാഷ്ട്രീയസമുദായമായി കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, എന്നാത്രേ ആ ആശംസ അത്ര സഫലീഭവിക്കണമെങ്കിൽ സാക്ഷാൽ സംസ്കൃതപണ്ഡിതന്മാരെ നാം സ്നേഹിക്കണം; ബഹുമാനിക്കണം; ത്രിവിധകരണങ്ങളെക്കൊണ്ടും അവരുടെ അഭ്യുദയത്തെ ത്വരിപ്പിക്കണം. അതാകുന്നു ആധുനികദേശാഭിമാനികളുടെ അപരിത്യാജ്യമായ കൎത്തവ്യകൎമ്മം.

---

# മലയാളത്തിന്റെ പഴമ.

---

പ്രാചീനഭാഷാശാസ്ത്രഗ്രന്ഥമായ ലീലാതിലകത്തിന് ആഭരണങ്ങളായി പരിലസിക്കുന്ന പല പദ്യങ്ങളിൽ "തൃശ്ശിവപേരൂർ മാനേന്ദ്രമപ്പനോ മറക്കരുതൊന്നുകൊണ്ടും" എന്നവസാനിക്കുന്ന ഒന്നു നിങ്ങളിൽ അനേകം പേർ ഓൎമ്മിക്കുന്നുണ്ടാകാം. ഈ തൃശ്ശിവപേരൂർ പട്ടണത്തിൽ നമ്മുടെ ആദരപൂൎവ്വമായ അഭിവാദനത്തെ അൎഹിക്കുന്ന അപ്പന്മാർ ഒന്നല്ല; രണ്ടുണ്ടു്. അവരിൽ ഒന്നു മാനേന്ദ്രനെന്ന അപ്പനും അഥവാ വടക്കുന്നാഥസ്വാമിയും, മറ്റൊന്നു മാനമേന്തുന്ന അപ്പൻ— അതായതു നമ്മുടെ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടുമാകുന്നു. 'മാനോന്നതർ കുലദൈവതം" എന്ന മുദ്രാവാക്യത്തെ അനവരതം അന്വൎത്ഥമാക്കി ഭാരതഭൂമിക്കു പൊതുവേയും കേരളദേശത്തിനു പ്രത്യേകമായും അഭിമാനം വൎദ്ധിക്കത്തക്കനിലയിൽ ജീവിതം നയിക്കുന്ന മാടമഹാരാജകുടുംബത്തിലെ ഒരു മഹനീയാങ്ഗമായ ഈ രാജകുമാരന്റെ ആശ്ചൎയ്യജനകങ്ങളായ അപദാനങ്ങളെ ഒന്നിനൊന്നു് അനുസന്ധാനം ചെയ്യുന്തോറും എന്റെ ഹൃദയത്തിൽ സ്ഫുരിക്കുന്നതു് ഇന്നേക്കു പതിനെട്ടിലധികം ശതകങ്ങൾക്കു മുമ്പു് ഈ ദേശത്തിൽതന്നെ "കുണവായി" അഥവാ ഗുണപുരം എന്ന നാമത്താൽ വിദിതമായിരുന്ന തൃക്കണാമതിലകത്തു സ്വൈരം കവനം ചെയ്യും കവി

---

൧൧൦൨-ാമാണ്ടു് നടന്ന ദ്വിതീയ സാഹിത്യപരിഷത്സമ്മേളനത്തിൽ ചെയ്ത പ്രദൎശനോൽഘാടനപ്രസംഗം.

Digitized By Kerala Sahitya Akademi

കളേയും പണ്ഡിതന്മാരേയും പ്രോത്സാഹിപ്പിച്ചും സാഹിത്യത്തിന് ഒരു സന്താനശാഖി എന്നപോലെ സമുല്ലസിച്ചിരുന്ന ഇളങ്കോവടികളുടെ സ്മരണമാകുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സിലേയ്ക്ക് ഇളങ്കോവടികളെപ്പോലെ ജൈനമതമില്ല; സന്യാസാശ്രമമില്ല; കാഷായവസ്ത്രമില്ല; എങ്കിലും ഈ കർമ്മയോഗി അനുഗമനം ചെയ്യുന്നത് ആ ചേരരാജകുമാരനെത്തന്നെയാണ്. കഴിഞ്ഞ കൊല്ലം, ഇടപ്പള്ളിയിൽ വിദ്വേല്ല രാമൻെറ കരുണാകടാക്ഷത്താൽ അവതരിച്ച ഈ കേരളസാഹിത്യപരിഷത്ത് ഇക്കൊല്ലം അവിടത്തെ മാത്രമല്ല, സകലചരാചരങ്ങളുടെയും മാതാപിതാക്കന്മാരായ പാർവ്വതീപരമേശ്വരന്മാരുടെ സാന്നിദ്ധ്യത്തിൽ, അവരുടെ ഗർഭദാസനായ— കല്യാണിയായ കൈരളിയുടെ കൌമാരഹരനായ— അപ്പൻതമ്പുരാൻ തിരുമേനിയുടെ മേൽനോട്ടത്തിൽ, അതിൻെറ ദ്വിതീയയോഗം സമാരംഭിക്കുന്നു. ചന്ദ്രോത്സവത്തിൽ ദേശാഭിമാനിയായ ആ കാവ്യത്തിൻെറ പ്രണേതാവു തൻെറ മാതൃഭൂമിയുടെ മഹിമയെ പ്രപഞ്ചനം ചെയ്യുന്ന ഘട്ടത്തിൽ,

"പാരൂതമൊഴി! ചുററും മററു ഖണ്ഡങ്ങളെട്ടു-
ങ്ങതിലുമധികഹൃദ്യം ദക്ഷിണം ഭാരതാഖ്യം,
വിളനിലമലർമാതിന്നങ്ങുമങ്ങും ത്രിലോകീ-
ചെറുതൊട്ടകുറിപോലെ ചേരമാൻനാടുമസ്തിൻ.

ദുരിതഭരമകററിപ്പാപിനാമാത്മശുദ്ധ്യൈ
മരുവുമിനിയ പുണ്യക്ഷേത്രതീർത്ഥാഭിപൂർണ്ണം
അമരമുനിനരേന്ദ്രൈർവ്വന്ദിതം വിശ്വവന്ദ്യം
ശിവ! ശിവ! ശിവപേരൂർ ക്ഷേത്രമാഭാതി സ്മിൻ."

എന്ന് ഈ പട്ടണത്തിൻെറ ഗുണോൽകർഷത്തെ ചിത്രീകരിച്ചിരിക്കുന്നതു കേരളീയർ ഒരു കാലത്തും വിസ്മരിക്കുന്നതല്ല. അപ്പൻതമ്പുരാൻ, സി. പി. അച്യുതമേനോൻ മുതലായ പണ്ഡിതകേസരികളുടെ സന്നിധാനത്താലും, മംഗളോദയം, വിദ്യാവിനോദിനി മുതലായ മുദ്രണാലയങ്ങളുടെ ആവിർഭാവത്താലും മററും ഇവിടം ഇന്നും കൈരളിയുടെ നിസർഗ്ഗവീര്യത്തിനു കേന്ദ്രമായിത്തന്നെ വിദ്യോതിക്കുന്നു. ഇങ്ങനെ പരിതഃസ്ഥിതികളുടെ പരമാനുകൂല്യത്തോടുകൂടി ആരംഭിക്കുന്ന

Digitized By Kerala Sahitya Akademi

ഒരു യോഗം എങ്ങനെയാണ് വിജയകരമായല്ലാതെ പര്യവസാനിക്കുന്നതു്? ഇതിനു വിജയാശംസനം ചെയ്യുക എന്നതു് കേവലം ഗതാനുഗതികമായ ഒരു മങ്ഗളാചരണമായി മാത്രമേ ഞാൻ കരുതുന്നുള്ളു.

ഇടപ്പള്ളിയിൽ നടന്ന യോഗത്തിൽനിന്നു വിശേഷവിധിയായി ഇവിടെ നിങ്ങളുടെ ദൃഷ്ടികൾക്കു് ഉപക്രമത്തിൽതന്നെ അതിഥീഭവിക്കുന്നതു ഞാനിപ്പോൾ ഉൽഘാടനം ചെയ്ത സാഹിത്യകലാപ്രദർശനശാലയും അവിടെ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് വിവിധദേശങ്ങളിൽ നിന്നു വിവിധരീതികളിൽ സമാഹരിച്ചു സംഭരിച്ചിട്ടുള്ള പ്രദർശനസാധനങ്ങളുമാകുന്നു. ഇത്തരത്തിലുള്ള പ്രദർശനങ്ങൾ ബംഗാളും ആന്ധ്രം മുതലായ ഇതരഭാരതീയരാജ്യങ്ങളിൽ സാഹിത്യപരിഷത്തിൻെറ യോഗങ്ങളുമായി സംഘടിക്കപ്പെട്ടു് പ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ള കഥ നാം വൃത്താന്തപത്രങ്ങൾ മുഖേന ധരിച്ചിട്ടുണ്ടെങ്കിലും പ്രശംസനീയമായ ഈ പ്രസ്ഥാനം കേരളത്തെ സംബന്ധിച്ചിടത്തോളം ഇദംപ്രഥമമെന്നത്രേ എനിക്കു തോന്നുന്നതു്. ഈ പ്രദർശനത്തിൻെറ ഭാരവാഹികൾ ദൃശ്യകാവ്യങ്ങളുടേയും ശ്രാവ്യകാവ്യങ്ങളുടെയും പ്രദർശനത്തിനു പല പ്രകാരത്തിലുള്ള പരിപാടികളും ഏർപ്പെടുത്തിട്ടുണ്ടു് ഐവർകളി, പുള്ളുവർപാട്ടു്, പാണർപാട്ടു് മുതലായി തിരോധാനോന്മുഖങ്ങളായ പല പ്രാചീനങ്ങളായ ഗാനകലാസമ്പ്രദായങ്ങളേയും പ്രത്യക്ഷീകരിക്കുന്നതിനു് അവർ ചെയ്തിട്ടുള്ള ഏർപ്പാടു് ഏററവും അഭിനന്ദനീയവും അതിൽനിന്നു കേരളത്തിലെ ദൃശ്യകാവ്യങ്ങളുടെ ആദിമകാലം മുതൽ ആധുനികകാലംവരെയുള്ള ചരിത്രം സൂക്ഷ്മമായി ഗ്രഹിക്കുന്നതിനു നമുക്കു് അനന്യസുലഭമായ സൗകര്യം ഈ സുവർണ്ണാവസരത്തിൽ സിദ്ധിക്കുന്നതുമാണു്. ഈ ശാലാഭണ്ഡാരത്തിൽ യശശ്ശരീരന്മാരായ കേരളീയകവികളുടെയും കേരളീയപണ്ഡിതന്മാരുടേയും ഛായകൾ, പഴയ ചെപ്പേടുകൾ, അപൂർവ്വങ്ങളായ താളിയോലഗ്രന്ഥങ്ങൾ, അന്നന്നു തുടങ്ങിയും അന്നന്നു മുടങ്ങിയും പോയിട്ടുള്ള അനവധി കേരളമാസികകളുടെ മാതൃകകൾ, പരിഷത്തിൻെറ കഴിഞ്ഞ യോഗത്തിനുശേഷം മലയാളത്തിൽ മുദ്രിതങ്ങളായിട്ടുള്ള പുസ്തകങ്ങൾ, ഇങ്ങനെ വിലവേറില്ലാത്ത പലമാതിരിയിലുള്ള രത്നങ്ങൾ ശേഖരിച്ചുവച്ചിട്ടുണ്ടു്. ബഹുമുഖമായ ഈ പ്രദർശനം

Digitized By Kerala Sahitya Akademi

എത്രമാത്രം വിജ്ഞാനപ്രദവും വിനോദജനകവുമാണെന്ന് ഇതു പരിശോധിക്കുന്ന ഏതു ഭാഷാഭിമാനിക്കും ക്ഷണത്തിൽ ബോദ്ധ്യമാകുന്നതാണു്. കാണാൻപോകുന്ന പൂരം പറഞ്ഞു കേൾപ്പിക്കുന്നതു്—അതും തൃശ്ശൂരിൽവച്ചു്—തീരെ ഭംഗിയല്ലെന്നു തെക്കരായ ഞങ്ങൾക്കും അറിവുള്ളതുകൊണ്ടു് ഈ പ്രമേയത്തെപ്പററി ഇതിലധികം ഉപന്യസിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ഏതു മനഃസ്ഥിതിയോടുകൂടിയായിരിക്കണം കൈരളീഭക്തന്മാർ ഈ സരസ്വതീക്ഷേത്രത്തിൽ സമാരാധനത്തിനായി പ്രവേശിക്കേണ്ടതു് എന്നുള്ളതിനെപ്പററി മാത്രം ചില വിഷയങ്ങൾ പ്രസ്താവിച്ചുകൊള്ളാം. ചിലക്കു മലയാളഭാഷ ആരംഭിക്കുന്നതു് തുഞ്ചത്തെഴുത്തച്ഛൻെറ കാലം മുതല്ക്കാണു് മററു ചിലക്കു കൃഷ്ണഗാഥാകാരനെക്കൂടി കഷ്ടിച്ചു മലയാളകവികളുടെ കൂട്ടത്തിൽ ചേക്കാം കുഞ്ഞനെയും മററും മലയാളകവികളെന്നു സമ്മതിക്കുവാൻ പ്രായേണ പണ്ഡിതന്മാർപോലും സന്നദ്ധരല്ല. തങ്ങളുടെ മൂക്കിനു മുൻവശം കാണുവാൻ കഴിയാത്തവക്കു് ഈ പ്രദർശനശാലയിൽ, കയറിയാൽ ഒരു ചന്ദ്രസ്ഥലത്തുപോകുന്നതിൽ അധികമായി ഒരു വികാരപരമ്പര ജനിക്കുവാൻ പ്രയാസമുണ്ടു്. പലമാതിരിയിലുള്ള ഭാഷാരൂപത്തിൽ, പലപ്രകാരത്തിലുള്ള ലിപികളിൽ, പലതരത്തിലുള്ള താളിയോലകളും ചെപ്പേടുകളും മററും കാണുമ്പോൾ അവ ഓരോന്നും മലയാളമാണെന്നും നമ്മുടെ പൂർവന്മാർ അവക്കും നമുക്കും നമ്മുടെ സന്താനങ്ങൾക്കുമായി സമ്പാദിച്ചുതന്നിട്ടുള്ള അമൂല്യധനത്താണെന്നും ഓർമ്മിച്ചാലല്ലാതെ ഇതേതു് ആദർശത്തെ അഭിമുഖീകരിക്കുന്നു എന്നു മനസ്സിലാക്കുവാൻ നമുക്കു സാധിക്കുന്നതല്ല

പാവനമായ ഈ ഭാരതഖണ്ഡത്തിൽ പരശ്ശതം ഭാഷകൾ പ്രചരിക്കുന്നതായി നമുക്കറിയാമെങ്കിലും അവയിൽ അനാദിയെന്നു പറയാവുന്ന ഭാഷകൾ രണ്ടേ ,രണ്ടുമാത്രം—അതായതു സംസ്കൃതവും തമിഴും—ആകുന്നു. ഈ രണ്ടു ഭാഷകളും സാക്ഷാൽ ശ്രീപരമേശ്വരൻെറ അനുഗ്രഹത്താൽ വിദേശീയക്കു് ആശ്ചര്യത്തെ ജനിപ്പിക്കത്തക്കനിലയിലുള്ള വ്യാകരണാദിശാസ്ത്രഗ്രന്ഥങ്ങളോടുകൂടി അതിപ്രാ

Digitized By Kerala Sahitya Akademi

ചീനമായ ഒരു കാലത്തുതന്നെ സമുല്ലസിച്ചിരുന്നതായ് അപ്തവാക്യങ്ങളിലും ഐതിഹ്യങ്ങളിലുംനിന്നു നാം ഗ്രഹിക്കുന്നു.

"വടമൊഴിയൈപ്പാണിനിക്കു വകുത്തരുളിയതർക്കിണൈയാ-
ത്തൊടർപുടൈയതെന്മൊഴിയൈയുലകമെല്ലാം തൊഴുതേത്തും
കുടമുനിക്കു വലിയുറുത്താർ കൊല്ലേററുപ്പാകരെനിർ-
ക്കടൽവരൈപ്പിനിതൻ പെരുമൈയാവരേ കണിത്തറിവാർ?"

എന്നു ദ്രാവിഡസ്ഥാനപുരാണത്തിൽ കാണുന്നു. സംസ്കൃതത്തിനു വ്യാകരണം പാണിനിമഹർഷിയെക്കൊണ്ടും തമിഴിനു വ്യാകരണം അഗസ്ത്യമുനിയെക്കൊണ്ടും ഭഗവാൻ ശ്രീപരമേശ്വരൻതന്നെ നിർമ്മാണം ചെയ്യിച്ചു എന്നാണ് ഇതിൻെറ സാരം. അതുകൊണ്ടാകുന്നു പ്രാണൻപോയാലും യവനാദിരാജ്യങ്ങളിലെ ഭാഷ പഠിക്കരുത് എന്നു ശഠിച്ചുവന്ന യാഥാസ്ഥിതികന്മാരായ സംസ്കൃതപണ്ഡിതന്മാർ പോലും ശംഖഹസ്ത്യാദിപ്രമാണഗ്രന്ഥങ്ങളിൽ

"അവശ്യം പ്രാകൃതം ഗ്രാഹ്യം യഥൈവ കില സംസ്കൃതം
യഥാഗംദേവീമുഖാംഭോജനിസ്സൃതം മുഗ്ദ്ധഭാഷിതം."

എന്നു പ്രാകൃതാദ്ധ്യയനത്തിൻെറ അവശ്യകതയെ പ്രതിപാദിച്ചതിനുമേൽ—

"ഏവമേവ വിജാനീഹി ദ്രാവിഡം ചാപി ഭാഷിതം
വ്യാകർത്താ സഹി സർവ്വജ്ഞോ യസ്യാഗസ്ത്യോ മഹാമുനിഃ"

എന്ന പദ്യത്തിൽ തമിഴും സംസ്കൃതം പ്രാകൃതം ഇത്യാദി ഭാഷകളെപ്പോലെതന്നെ പഠിക്കേണ്ടതാണെന്നു സിദ്ധാന്തിച്ചിട്ടുള്ളതു്.

ദ്രാവിഡഭാഷയിൽ നാളതുവരെ കണ്ടുകിട്ടീട്ടുള്ള നിബന്ധങ്ങളിൽ ഏററവും പ്രാക്തനമെന്നു വച്ചിട്ടുള്ളതു് ഇന്നേക്കു് ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു പ്രചരിച്ചിരുന്നതെന്നു നിസ്സംശയം സ്ഥാപിക്കാവുന്ന തൊല്കാപ്പിയം എന്ന വ്യാകരണഗ്രന്ഥമാകുന്നു. ആ ഗ്രന്ഥം പരിശോധിച്ചാൽ അക്കാലത്തുതന്നെ സംസ്കൃതവും തമിഴും എത്രമേൽ കൈകോർത്തും തമ്മിൽ പിണഞ്ഞും ഇതരേതരാശ്രയ

Digitized By Kerala Sahitya Akademi

ങ്ങളായി കഴിഞ്ഞുവന്നിരുന്നു എന്നു കാണാവുന്നതാണ്. രണ്ടായിരം കൊല്ലത്തിനു മുമ്പുതന്നെ ദ്രാവിഡഭാഷയിൽ ദേവൻ, ദേവി, കാലം, ലോകം, ഭൂതം, യമൻ, വരുണൻ, യാമം, മംഗലം, ദേശം, നിമാത്തം, ഉപമ, മന്ത്രം, സൂത്രം, ആനന്ദം ഇത്യാദി സംസ്കൃതപദങ്ങൾ എങ്ങനെയോ അതുപോലെതന്നെ സംസ്കൃതഭാഷയിൽ അടവി, കട്ട, കല, കുടി, കുണ്ഡം, കുലം, ശവം, മരായ, പട്ടണം, മീനം, വളയം, കടാക്ഷം മുതലായ ദ്രാവിഡപദങ്ങളും സംക്രമിച്ചിരുന്നു. ഏതെല്ലാം പദങ്ങളാകുന്നു സംസ്കൃതത്തിൽനിന്നും ദ്രാവിഡത്തിൽനിന്നും ഉത്ഭവിച്ചതു് എന്നു് ആക്കും നിണ്ണയിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ അത്രമാത്രം സമ്മിശ്രമായിരുന്നു അക്കാലത്തുതന്നെ ഇരുവരും തമ്മിലുള്ള ബന്ധം. തമിഴരുടെ വേദം എന്നു പറയാറുള്ള തിരുക്കുറളിന്റെ ആദ്യത്തെ പാട്ടിൽപ്പോലും ഏതാനും സംസ്കൃതപദങ്ങൾ ആയ്യച്ചിതവുതട്ടിയ രീതിയിൽ, തോയതു് അല്പം ദ്രാവിഡത്തിനിണങ്ങിയ രൂപഭേദത്തോടുകൂടി, പ്രയോഗിക്കപ്പെട്ടു കാണുന്നു. ഇതുപോലെതന്നെ ഗൌതമശാപത്താൽ ഗ്രസ്തനായ ദേവേന്ദ്രൻ, അഗസ്ത്യശാപത്താൽ ആത്തനായ നഹുഷൻ, ചിരഞ്ജീവിയായ മാക്കണ്ഡേയൻ, ദാനശൌണ്ഡന്മാരായ ദധീചിമഹർഷിയും ശിബിചക്രവത്തിയും, മായാവടുവായ വാമനൻ ഇത്യാദി മഹാനുഭാവന്മാരുടെ ഉപാഖ്യാനങ്ങളെ തിരുവള്ളുവർ സന്ദർഭാനുഗുണമായി സ്മരിക്കുന്നുണ്ടു്.

മലയാളം തമിഴിൽ നിന്നുണ്ടായതോ തമിഴ് മലയാളത്തിൽ നിന്നുണ്ടായതോ എന്നൊരു ചോദ്യം അണ്ടി മൂത്തതോ മാങ്ങ മൂത്തതോ എന്ന ചോദ്യംപോലെ വളരെക്കാലമായി ബന്ധിച്ചു് ആക്കും ഒരുത്തരവും പറയുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ നമ്മുടെ ഇടയിൽ പ്രചരിക്കുന്നുണ്ടു്. ചില സംഗതികൾ നോക്കിയാൽ മലയാളം തമിഴിൽനിന്നുണ്ടായതെന്നു പറയുവാൻ തോന്നുമെങ്കിലും മററു ചില സംഗതികൾ നോക്കിയാൽ തമിഴ് മലയാളത്തിൽനിന്നുണ്ടായി എന്നു പറയത്തക്ക നിലയിലാകുന്നു ഈ രണ്ടു ഭാഷകളുടെയും പുരോഗതി കാണുന്നതു്. ചുരുക്കിപ്പറയുകയാണെങ്കിൽ സഹ്യപർവ്വതത്തിനു കിഴക്കും പടിഞ്ഞാറും ഉള്ള പ്രദേശങ്ങളിലെ ജനങ്ങൾ ഒരു കാലത്തു പഴന്തമിഴ് എന്ന ഒരേ ഭാഷതന്നെ സംസാരിച്ചു വന്നിരുന്നു. താഴോട്ടു് എന്നത്ഥമുള്ള കിഴക്കു്, മേലോട്ടു് എന്നത്ഥമു

Digitized By Kerala Sahitya Akademi

ള്ള രേക്കു് ഈ രണ്ടു പദങ്ങളും പൂൎവ്വപശ്ചിമദിക്കുകളെ നിൎദ്ദേശിക്കു വാൻ ദ്രാവിഡത്തിലും കേരളത്തിലും ഇന്നും ഒന്നുപോലെ പ്രയോജകീഭവിക്കുന്നതു് ഈ പ്രാക്തനചരിത്രത്തിന്റെ പ്രത്യക്ഷലക്ഷ്യമാണു്. ഉത്തിൽനിന്നു ദ്രാവിഡത്തിനു പിന്നീടാണു് കേരളത്തിന്റെ ഉത്ഭവമെന്നും ദ്രാവിഡന്മാർ തന്നെയാണു് കേരളത്തിൽ കുടിയേറിപ്പാൎത്തവർ എന്നും അനുമാനിക്കുന്നതിൽ അസാംഗത്യമില്ല. കാലാന്തരത്തിൽ ശീതോഷ്ണാവസ്ഥാദിഭേദങ്ങളെക്കൊണ്ടും മററും ആ പഴന്തമിഴ് ദ്രാവിഡത്തിൽ തമിഴായും കേരളത്തിൽ മലയാളമായും രൂപാന്തരപ്പെട്ടു.

ദ്രാവിഡൎക്കു പൂൎവ്വകാലത്തു മൂന്നു സാഹിത്യസംഘങ്ങളുണ്ടായിരുന്നു എന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ആ സംഘങ്ങളുടെ യോഗങ്ങളിൽ കേരളീയകവികളും സന്നിഹിതരായിരുന്നു. മഹാഭാരതയുദ്ധകാലത്തു് കേരളം ഭരിച്ചിരുന്ന പെരിഞ്ചോററുതിയൻ ചേരൽ ആതൻ എന്ന അന്നദാനപ്രഭുവിന്റെ അപദാനങ്ങളെ യാതൊരു ഭാഷയിൽ മുരഞ്ചിയൂർ മുടിനാഗരായർ എന്ന കവി കീൎത്തനം ചെയ്തുവോ ആ രാജാവിനെ എന്നപോലെ ആ ഭാഷയേയും അതായതു പഴന്തമിഴിനെയും കേരളീയർ തങ്ങളുടെ പൈതൃകസ്വത്തായി അംഗീകരിക്കേണ്ടതാണു്. ആ കവി ഒരു കേരളീയനായിരുന്നിരിക്കുവാനിടയില്ലെന്നില്ല. അങ്ങനെ ആണെങ്കിൽ ആ യുദ്ധകാലം മുതല്ക്കുതന്നെ കേരളഭാഷാചരിത്രം ആരംഭിക്കുന്നതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. മുടിനാഗരായർ സൂചിപ്പിക്കുന്നതു് മഹാഭാരതയുദ്ധത്തെപ്പററി അല്ലെന്നും കൊങ്ങദേശത്തിൽ നടന്ന പടയെപ്പററി ആണെന്നും ചിലരും, പാണ്ഡ്യരാജാവിനും മാളവരാജാവിനും തമ്മിൽ ഉണ്ടായ ഒരു ശണ്ഠയെപ്പററി ആണെന്നു മററു ചിലരും ഉപന്യസിക്കാറുണ്ടു. ആ ഊഹങ്ങൾക്കുള്ള അടിസ്ഥാനം അസ്ഥിരമാണെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പ്രസ്താവിക്കുന്നുള്ളു. പ്രാചീനവ്യാഖ്യാതാക്കന്മാരായ അടിയാൎക്കുനല്ലാർ മുതലായ പണ്ഡിതന്മാരുടെ അഭിപ്രായത്തെ ഈ വിഷയത്തിൽ മതിയായ കാരണം കൂടാതെ തിരസ്കരിക്കേണ്ട ആവശ്യം വ്യക്തമാകുന്നില്ല. മുടിനാഗരായന്റെ പാട്ടു് പുറനാനൂറിലാണു് ഉദ്ധരിച്ചിട്ടുള്ളതു്. പുറനാനൂറിലെ ചില ഭാഗങ്ങൾക്കു പുറമെ പതിററുപ്പത്തു്, ചിലപ്പതികാരം, പെരുമാ

Digitized By Kerala Sahitya Akademi

തിരുമൊഴി, പൊൻവണ്ണത്തന്താതി, ആതിയുലാ, പുറപ്പൊരുൾവെൺപാമാലൈ മുതലായ പല പ്രസിദ്ധദ്രാവിഡകൃതികളുടേയും പ്രണേതാക്കന്മാർ കേരളീയരാണു്. ഇളങ്കോവടികൾ, ചേരമാൻപെരുമാൾനായനാർ, കുലശേഖര ആഴ്വാർ, വേണാട്ടടികൾ ഇത്യാദി കേരളീയ കവികളുടെ ദ്രാവിഡകൃതികൾക്കു മലയാളച്ഛായ ധാരാളമുണ്ടെന്നു് ആ കൃതികൾ പരിശോധിച്ചാൽ വെളിവാകും. മലയാളഭാഷാസാഹിത്യത്തിന്റെ സമഗ്രമായ പൂർവ്വചരിത്രം നമുക്കു ലഭിക്കണമെങ്കിൽ പുറനാനൂറിൽ ആരംഭിച്ചു മേൽപറഞ്ഞ കൃതികളിലും തദനന്തരം രാമചരിതം, ഉണ്ണുനീലിസന്ദേശം ഈ ഗ്രന്ഥങ്ങളിലും, ലീലാതിലകത്തിൽ ഉദ്ധൃതങ്ങളായിക്കാണുന്ന പ്രാചീനപദ്യങ്ങളിലും മററും നമ്മുടെ ദൃഷ്ടി വേണ്ടപോലെ കടന്നുപോരുകണ്ടിയിരിക്കുന്നു.

ലീലാതിലകത്തിൽനിന്നു് ഒരു വസ്തുത നാം മനസ്സിലാക്കുന്നതു് അതിനു കുറഞ്ഞപക്ഷം മൂന്നു നാലു ശതവർഷങ്ങൾക്കു മുമ്പുതന്നെ ഭിന്നഭിന്നങ്ങളായ രണ്ടു കവനപ്രസ്ഥാനങ്ങൾ ഭാഷയിൽ പ്രതിഷ്ഠയെ പ്രാപിച്ചിരുന്നു എന്നുള്ളതാണു്. അവയിൽ ഒന്നു് ഭാഷാസംസ്കൃതയോഗവും എന്നാൽ ഭാഷാരസപ്രധാനവും ആയ മണിപ്രവാളവും, മററൊന്നു ദ്രവിഡസംഘാതാക്ഷരനിബദ്ധവും എതുകമോനവൃത്തവിശേഷയുക്തവും ആയ പാട്ടുമാകുന്നു "പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ" എന്ന ലീലാതിലകസൂത്രത്തിനു "ഈ കാണിച്ച പാട്ടിൽ മിക്കതും പാണ്ഡ്യഭാഷയോടു തുല്യമായിത്തീന്ന കേരളഭാഷയാണു്" എന്നു് അർത്ഥകല്പന ചെയ്യുന്നതു സമഞ്ജസമല്ല. പ്രായേണ സംസ്കൃതപണ്ഡിതന്മാരെ ഉദ്ദേശിച്ചു മണിപ്രവാളവും സാമാന്യജനങ്ങളെ ഉദ്ദേശിച്ചു പാട്ടും നിർമ്മിക്കുകയാലാകുന്നു പാട്ടിനു പാണ്ഡ്യഭാഷാബാഹുല്യം വന്നുചേർന്നതു്.

"അങ്കനെടുമതിൽപുടൈച്ചൂഴയോത്തിയെന്നും
അണിനകരത്തുലകനൈത്തും വിളക്കും ചോതി
വെങ്കതിരോൻ കുലത്തുക്കോർവിളക്കായ്ത്തോൻറി
വിൺമുഴുതുമുയ്കൊണ്ട വീരൻറന്നൈ—
ചെങ്കണെടും കരിമുകിലൈയിരാമൻറന്നൈ—
ത്തില്ലൈത്തിരുചിത്തിരക്കൂടന്തന്നുൾ

Digitized By Kerala Sahitya Akademi

എങ്കൾ തനിമുതലൈയെമ്പെരുമാൻറന്നൈ-
യെൻറുകൊലോ കൺകുളിരക്കാണും നാളേ?"

എന്ന കുലശേഖരആഴ്‌വാരുടെ പെരുമാൾതിരുമൊഴിയിലെ പാട്ടിലും, അതിൽനിന്നു്,

"താതലം താനളന്താ, വിളുന്താ പൊന്നൻ
തനകചെന്താർ വരുന്താമൽ വാണൻതന്നൈ
കരമറിന്താ പെരുംതാനവന്മാരുടേ
കരളെരിന്താ പുരാനെ മുരാരി കന്നാ-
ഒരുവരം താ, പരംതാമമേ, നീ കനി-
ന്തുരക ചായിൻ, പിണിപ്പെരുവം നീന്താവണ്ണം
ചിരതരം താൾ പണിന്തെനയ്യോ! താങ്കെന്നെ-
ത്തിരുവനന്താപുരം തങ്കുമാനന്തനേ."

എന്ന ലീലാതിലകത്തിൽ ഉദാഹരിച്ചിട്ടുള്ള പാട്ടിലും അതിൽനിന്നു രാമചരിതത്തിലും കാണുന്ന ഭാഷയുടെ മേൽക്കുമേലുള്ള വളൎച്ച സ്പഷ്ടമാണല്ലോ.

"വെള്ളവാ നളിനാക്ഷി, നാരണീ, നിൻ തിരുമുഖത്തിനെയും
വിളക്കിനാലും
പവഴദ്യുതി പാടലാധരത്തിൻ—നിഴൽ പട്ടാൽ നിതരാം
ചുവക്കയെൻറി."

ഇത്യാദി ലീലാതിലകപദ്യങ്ങൾക്കും,

"മൻറിൽ ചെല്വം പെരിയ തിരുവാമ്പാടിയിൽക്കൂടിയാടി-
ക്കൻറിൽക്കൂടിത്തെളിവൊട്ട കളിച്ചീടുമത്തമ്പിരാനെ
കന്റക്കൊണ്ടങ്ങടമഴതട്ടത്താച്ചിമാർവീടുതോറും
ചെൻറപ്പാൽനെയ് പരുകിമരുവും കണ്ണനെക്കുമ്പിടേണ്ടും."

ഇത്യാദി ഉണ്ണുനീലിസന്ദേശപദ്യങ്ങൾക്കും പാട്ടിൽനിന്നു സൂക്ഷ്മത്തിൽ ഭാഷാദൃഷ്ട്യാ വലിയ വ്യത്യാസമൊന്നുമില്ലെന്നു് സൂക്ഷ്മഗ്രാഹികൾക്കു കാണാവുന്നതാണു്.

ജൈനരാണു് ദ്രാവിഡത്തിൽ മണിപ്രവാളമെന്ന ഗ്രന്ഥരചനാസമ്പ്രദായം ഇദംപ്രഥമമായ് ഏൎപ്പെടുത്തിയതു്. ജൈനൎക്കു് ആ

Digitized By Kerala Sahitya Akademi

വരുടെ മതഗ്രന്ഥങ്ങളുടെ തത്വം ഭാഷയിൽ പ്രകടീകരിക്കേണ്ട ആവശ്യം നേരിട്ടപ്പോൾ ഒട്ടുവളരെ സംസ്കൃതപദങ്ങൾ തത്സ്വരൂപത്തിൽ പ്രയോഗിക്കാതെ തരമില്ലെന്നു വന്നുകൂടി. അവർ ആ പ്രസ്ഥാനത്തിൽ ആദ്യം നിർമ്മിച്ച ഗ്രന്ഥങ്ങൾ ഗദ്യങ്ങളായിരുന്നു. പിന്നെയാണു് മണിപ്രവാളപദ്യങ്ങളുണ്ടായതു്. ലീലാതിലകത്തിൽ "മണിപ്രവാള ഇതി സംജ്ഞാപുനഃ കേരളഭാഷാസംസ്കൃതയോഗ ഏവ നിരൂഢ്യാ വർത്തമാനാ സമുപലഭ്യതേ" എന്നു പ്രസ്താവിച്ചിട്ടുള്ളതു് അത്രശരിയാണെന്നു തോന്നുന്നില്ല. ക്രി. പി. ൧൨൦൦-ൽ ഇടയ്ക്കു നിർമ്മിതമായ വീരചോഴിയം എന്ന ദ്രാവിഡവ്യാകരണാലങ്കാരഗ്രന്ഥത്തിൽ എഴുത്തുകയില്ലാതെ സംസ്കൃതപദങ്ങൾ ചേർത്തു് എഴുതുന്ന കവിത മണിപ്രവാളമാണെന്നു് ഉപന്യസിച്ചു കാണുന്നു. സംസ്കൃതവൃത്തങ്ങളിൽ സംസ്കൃതപ്രത്യയങ്ങൾ പ്രയോഗിച്ചു മണിപ്രവാളപ്രസ്ഥാനത്തിൽകവനം ചെയ്യുക എന്നുള്ളതായിരുന്നു കേരളത്തിന്റെ പ്രത്യേകത. എത്ര വിശിഷ്ടമായ വിജയമാണു് നമ്മുടെ കവികൾക്കു് ഈ ഉദ്യമത്തിൽ സിദ്ധിച്ചതു് എന്നുള്ളതിനു രാമായണചമ്പു മുതലായ കൃതികൾ മൂൎദ്ധാഭിഷിക്തോദാഹരണങ്ങളാണു്.

"ഭങ്ഗ്യാ ചഞ്ചൽപ്രതോദാഞ്ചിതകരകമലം-
ഹന്ത! കണ്ണാൎജ്ജുനീയേ
സങ്ഗ്രാമേ കെട്ടഴിഞ്ഞിട്ടഴകിനൊടു വിരി-
ഞ്ഞിട്ടുമാലോലകേശം
നിൻ കോലം കാലനീലോല്ലലനവകലികാ-
കോമളം ശ്യാമളം മേ
മങ്ഗല്യം കൈവളൎത്തീടുക ഘനകരുണാസ-
ത്മമേ, പത്മനാഭ."

(ഭാരതചമ്പു)

"മേളം തവുന്ന തൂവെൺമുറുവൽ തുണയുമായ്
ബാലവെൺചാമരാളീ-
മോഹക്കാംപൂണ്ടു വീയിച്ചുഴല നിറമെഴും
വിഷ്ണുലോകാങ്ഗനാനാം

Digitized By Kerala Sahitya Akademi

കോമപ്പൊൽക്കങ്കണാനാം നിനാദമണികരാ-
ഗ്രേണ ഭങ്ഗ്യാ വിലക്കി-
ത്രൈലോക്യാധീശനൃത്യൽസ്മിതമധുരമുഖാ
ധാതൃമുഖ്യാൻ ബോധാഷേ"
(രാമായണചമ്പു)

"മിന്നീട്ടും ഫമ്മലേശം, മുഗ്ദ്ധറിളകിനാ-
ഫർകുണ്ഡലം, നീളെ രണ്ടും
കനൽക്കൺകോൺ, കലുണ്ടും കുചകലശ,-
മഴിഞ്ഞംസസംസക്തകേശം
മന്ദം കൊഞ്ചുന്ന പൊന്നിൻതരിവള, ചില-
നാളോമൽ പന്താട്ടമാറു,-
ണ്ടന്നേരം കാൺകിലൈ ന്നാർശരനമെരിപൊരി-
ക്കൊണ്ടു തണ്ടും പ്രമോഹം."
(ബാണയുദ്ധം)

"ആകാശേ കാളമേഘാദ്രിരഘനഘടാ
ബന്ധുരേ ചന്തമേറും
നാകാധീശായുധം കൊണ്ടിനിയ കൊടിമരം
നാട്ടി വർഷോത്സവാർത്ഥീ
ക്ഷകം കേകാമണികാമ്യകം നിഖിലെവിക്ഷി-
പ്പിച്ചു വിശാലം മുഴക്കി-
ച്ചാകുഞ്ചം തൂകിനാൻ പൊന്നമയഫമിരസൌ
ഹന്ത! പർജ്ജന്യദേവൻ."
(കൊടിയ വിരഹം)

"ശ്രീവത്സംകൊണ്ടുമേറെഴപ്പുരികെ മണമെഴും-
കൌസ്തുഭംകൊണ്ടുമേറ്റ്യാ
താവിത്തഞ്ചുന്ന കാഞ്ചീകടകമകുട-
മഞ്ജീരഹാരാദികൊണ്ടും

Digitized By Kerala Sahitya Akademi

വ്യാവൽഗദളൈകമയ ബിബദ്ധപവിമല്ല-
ഭ്രാന്തപുഷ്പന്ധയാളീ–
ദൈവവശ്യംകൊണ്ടുമാഭാസത നഭസി തദാ,
സത്യഭാമാസഹായൻ”

(പാരിജാതഹരണം)

ഇത്യാദി പദ്യങ്ങളുടെ സൌന്ദര്യസൌരഭ്യം—“മണിപ്രവാളസ്യ പരിമളം”—ഇക്കാലത്തു കേവലം അസുലഭമായിത്തീർന്നിരിക്കുന്നു എന്നു ഏറ്റുപറവാൻ അസ്മാദൃശന്മാർ ലജ്ജിക്കുന്നില്ല. ഇന്നത്തെ കാവ്യരചനാസമ്പ്രദായം ഒന്നു വേറെയാണ്; അതിനും പല ഗുണങ്ങളില്ലെന്നില്ല. എന്നാൽ “മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില” മായ ആ പ്രാചീനകാവ്യവാണി അത്ര അവഗണനീയയല്ല, പ്രത്യുത, അത്യന്തം അഭിനന്ദനീയമാണെന്നുള്ള സാഹിത്യരഹസ്യം ആരും വിസ്മരിക്കരുത്. ഏതാനും ചില സംസ്കൃതപദങ്ങളുടെയും ഭാഷാപദങ്ങളുടെയും അർത്ഥം ഗ്രഹിക്കുന്നതിനുള്ള പ്രയാസംകൊണ്ട് മണിപ്രവാളകവിതകളെയും അതുപോലെതന്നെ രാമചരിതം തുടങ്ങിയ പഴയ പാട്ടുകളെയും ഭാഷാസാഹിത്യബാഹ്യങ്ങളായി പരിത്യജിക്കുന്നതു പാപമാകുന്നു. അങ്ങനെ ചെയ്യുന്നവർ അരസികശിരോമണികളിൽ അഗ്രഗണ്യന്മാരുമാകുന്നു.

മണിപ്രവാളപ്രസ്ഥാനം പ്രചുരപ്രചാരമായിരുന്ന കാലത്തു ഭാഷയ്ക്കു വ്യാകരണം അലങ്കാരം ഇവയെ പ്രതിപാദിക്കുന്നതിനു ഗ്രന്ഥങ്ങൾക്കുപുറമേ വൃത്തഗ്രന്ഥവുമുണ്ടായിരുന്നതായി എനിക്കു ഒരു ജീർണ്ണമായ താളിയോലഗ്രന്ഥത്തിൽനിന്നു മനസ്സിലാകുവാൻ ഇടവന്നിട്ടുണ്ട്. ആ ഛന്ദശ്ശാസ്ത്രഗ്രന്ഥത്തിലെ ഉദാഹരണശ്ലോകങ്ങളെല്ലാം കരുമത്തിൽ ഉണ്ണിച്ചിരി എന്നൊരു നായികയെപ്പററി നിർമ്മിച്ചിട്ടുള്ളവയാണ്. അവയിൽ പൃത്ഥ്വീവൃത്തത്തിനു ദൃഷ്ടാന്തമായി ചേർത്തിട്ടുള്ള ഒരു ശ്ലോകം മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

“കലഞ്ഞ വിനയേന ചാഞ്ഞലർചൊരിഞ്ഞവേണീഭരം
വിളഞ്ഞ പുളകേന തോഞ്ഞുടൽ നിറഞ്ഞ ഘർമ്മോൽകരം
അലിഞ്ഞ മനകാമ്പു, നിൻ മദനവിഭ്രമം കാണ്മതോ
തെളിഞ്ഞു കരുമത്തിൽ മേവിന വിശാലനീലേക്ഷണേ?”

Digitized By Kerala Sahitya Akademi

കേരളത്തിന്റെ പടചരിത്രം, ശൈലീചരിത്രം, ഭാഷാചരിത്രം, സാഹിത്യചരിത്രം, രാജ്യചരിത്രം, ഇവയെ വലയം ചെയ്യുന്ന അന്ധകാരത്തെ പ്രാചീനഗ്രന്ഥങ്ങളാകുന്ന ജ്യോതിർഗ്ഗോളങ്ങൾ എത്രമാത്രം ദൂരീകരിക്കുന്നു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ടു്. തിരുവഞ്ചിക്കുളം അഥവാ വഞ്ചിമാനഗരം ക്രിസ്തുവർഷത്തിന്റെ ആരംഭം മുതൽക്കുതന്നെ ചേരരാജാക്കന്മാരുടെ രാജധാനിയായി ഏകദേശം ക്രി. പി. പതിനൊന്നാം ശതകത്തിന്റെ അവസാനംവരെ ആനിലയിൽ തന്നെ പ്രശോഭിച്ചിരുന്നു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

"മാവീററിരുന്ദപെരുഞ്ചിറപ്പിന്മന്നും തൊന്മൈയമൈനാട്ടു-
പ്പാവീററിരുന്ത പലപുകഴിർപാവിവൂമിയല്പിർ പഴമ്പതിതാൻ
ചേവീററിരുന്താർ തിരുവഞ്ചൈക്കളമുന്തിലവിരുച്ചുർക്കുല-
ക്കോവീററിരുന്തു മുറൈപുരിയും കലക്കോമൂതൂർ കൊടുങ്കോളൂർ."

എന്ന പാട്ടിൽ ചേക്കിഴാർ തിരുവഞ്ചിക്കുളത്തേയും കൊടുങ്ങല്ലൂരിനേയും പ്രശംസിക്കുന്നു. ഇവയെപ്പററിയുള്ള പല വർണ്ണനങ്ങൾ ഇതരങ്ങളായ പ്രാചീനദ്രാവിഡകൃതികളിലും കാണുന്നുണ്ടു്. ചിലപ്പതികാരത്തിലെ നായികയായ കണ്ണകിയുടെ വിഗ്രഹമാണു് ചെങ്കുട്ടുവപ്പെരുമാൾ കൊടുങ്ങല്ലൂരിൽ പ്രതിഷ്ഠിച്ചതു് എന്നത്രെ അവിടെ ഇന്നു സമുല്ലസിക്കുന്ന സാക്ഷാൽ ഭദ്രകാളീക്ഷേത്രം. കുണവായിൽക്കോട്ടത്തു് അതായതു തൃക്കണാമതിലകത്തുവച്ചാണു് ഇളങ്കോവടികൾ തന്റെ മഹനീയമായ ചിലപ്പതികാരം നിർമ്മിച്ചതു്. ഇയൽ (പദ്യം) ഇചൈ (ഗാനം) നാടകം ഈ മൂന്നുതരത്തിലുള്ള പദ്യപ്രസ്ഥാനങ്ങൾക്കും ഉദാഹരണങ്ങൾ ഈ മഹാകാവ്യത്തിൽ സുലഭങ്ങളാണു്. ഇളങ്കോവടികളുടെ വയസ്യനായ ചീത്തലൈച്ചാത്തനാർ എന്ന ബൗദ്ധകവിചക്രവർത്തി അദ്ദേഹത്തിന്റെ മണിമേകലൈ എന്ന ദ്രാവിഡമഹാകാവ്യത്തിന്റെ അരങ്ങേററം നടത്തിയതും തൃക്കണാമതിലകത്തുവച്ചായിരുന്നു. ആഴ്വാരന്മാരുടെ പാടൽപെററ, അഥവാ പ്രശസ്തിപദ്യങ്ങൾക്കു വിഷയീഭവിച്ച, പതിമ്മൂന്നു മഹാവിഷ്ണുക്ഷേത്രങ്ങൾ കേരളത്തിലുണ്ടു്. അവയിൽ "തിരുവിററക്കോട്ടു രങ്ങീശനൈ" എന്നു വന്ദിക്കപ്പെട്ടുള്ള ഹരിഹരന്മാരിൽ വിഷ്ണുവിനെപ്പററി അറിയുന്ന



Digitized By Kerala Sahitya Akademi

കുലശേഖര ആഴ്വാർ പാടിട്ടുള്ളതു്. "ശഠകോപമുനിം വന്ദേ ശഠാനാം ബുദ്ധിദൂഷകം" എന്നു ലീലാതിലകത്തിൽ സ്തുതിക്കപ്പെട്ടുകാണുന്ന ശഠകോപൻ അഥവാ നമ്മാഴ്വാർ എന്ന മററൊരു ആഴ്വാരുടെ മാതാവായ ഉടയനായകി തിരുവിതാംകൂർരാജ്യത്തിൽ തോവാളത്താലൂക്കിൽപ്പെട്ട തിരുപ്പതിസാരം എന്ന വൈഷ്ണവക്ഷേത്രത്തിന്റെ സമീപത്തിൽ ജനിച്ച ഒരു വെള്ളാളമഹിളാരത്നമായിരുന്നു. ശിവഭക്തന്മാരായ അറുപത്തിമൂന്നു നായനാരന്മാരിൽ ചേരമാൻ പെരുമാൾ, വിറന്മിണ്ടനായനാർ എന്നിരണ്ടു മഹാത്മാക്കളെയും കേരളഭൂമി പ്രസവിച്ചിട്ടുണ്ടു്. പ്രാചീനചേരരാജാക്കന്മാർ കവികൾക്കു കല്പവൃക്ഷങ്ങളായിരുന്നു. മോചിക്കീരനാർ എന്ന ദ്രാവിഡകവി മാന്തരൻ ചേരലാതൻ എന്ന ചേരരാജാവിനെ സന്ദർശിക്കുവാൻ ചെന്ന അവസരത്തിൽ അറിയാതെ വീരശൃംഖത്തെ വിന്യസിപ്പിക്കുന്ന കട്ടിലിൽ കിടന്നുറങ്ങുകയും, രാജാവു് ആ കാഴ്ച കണ്ടു തന്റെ അതിഥിയെ വെൺചാമരംകൊണ്ടു വീശുകയും ചെയ്തതായി പുറനാനൂറിൽനിന്നു് നാം ഗ്രഹിക്കുന്നു. കപിലർ, പാലൈ ഗൗതമനാർ മുതലായ മററനേകം ദ്രാവിഡകവികളും ചേരരാജധാനിയെ അപ്പൊഴപ്പോൾ അലങ്കരിച്ചിരുന്നു. രണ്ടുകവികൾ ഒരിക്കൽ പാണ്ഡ്യരാജ്യത്തുനിന്നു് ഒരു ചേരരാജാവിനെ കാണുവാൻ വരികയും അപ്പോൾ പാണ്ടിയിൽ മഴക്കാലമല്ലാതിരുന്നതിനാൽ പെരിയാററിൽ വെള്ളം ഉണ്ടായിരിക്കയില്ലെന്നുള്ള വിശ്വാസത്തോടുകൂടി അതിന്റെ തീരത്തിൽ ചെല്ലുകയും കൂലങ്കഷമായി പ്രവഹിക്കുന്ന ഒരു നദിയെക്കണ്ടു് ആശ്ചര്യപാത്രന്മാരായി ചില ദ്രാവിഡഗാനങ്ങൾ നിർമ്മിക്കയും ചെയ്തതായും നാം കാണുന്നു. സൂക്ഷ്മം ആലോചിച്ചാൽ പദങ്ങളുടെ ചരിത്രംപോലെ രസാവഹമായി മററൊന്നുമില്ല. കന്നൽക്കണ്ണി എന്നപദത്തെപ്പററി ഒരു വാദപ്രതിവാദം ഈ തൃശ്ശൂരിൽ വച്ചുതന്നെ ൧൦൭൮-ൽ ഞാൻ ഭാരതവിലാസസഭയിൽ അദ്ധ്യക്ഷനായിരുന്നപ്പോൾ നടന്നതായി ഓർമ്മതോന്നുന്നുണ്ടു്. കന്നൽക്കണ്ണി എന്നുവച്ചാൽ എന്താണു്? കന്നൽ എന്നാൽ കരിമ്പു്. വാസ്തവത്തിൽ ശരിയായ പദം കന്നക്കണ്ണി എന്നാകുന്നു. കന്നം=കണ്ണം. കണ്ണാന്തവിശ്രാന്തലോചന എന്നത്രേ ആ പദത്തിന്റെ അർത്ഥം. അതിന്റെ നിരുക്തം വിസ്മൃതമായപ്പോൾ കന്നക്കണ്ണി കന്നൽക്കണ്ണി ആയി മാറുകയും അതിനപ്പുറം "കന്നൽക്കാർകൈവണ്ണ

Digitized By Kerala Sahitya Akademi

ങ്ങും" മുതലായ പ്രയോഗങ്ങൾക്കുപോലും ഭാഷാപ്രവേശദാനം നല്കുകയും ചെയ്തു. അതുപോലെ ചായലർ എന്ന പദത്തിന് ചായയോടുകൂടിയവർ എന്നേ ആദ്യകാലത്തിൽ അർത്ഥമുണ്ടായിരുന്നുള്ളു അതായത് (ഛായ) സൗന്ദര്യത്തോടുകൂടിയവർ അഥവാ സുന്ദരിമാർ. "തെരിതഴീയ ചായലവർ" എന്നു ജീവകചിന്താമണിയിൽ കാണുന്ന പ്രയോഗത്തിനു ഭംഗിയുള്ള ശരീരത്തോടുകൂടിയ സ്ത്രീകൾ എന്നത്രേ പണ്ഡിതസാർവ്വഭൗമനായ നച്ചിനാർക്കിനിയർ വ്യാഖ്യാനം ചെയ്യുന്നതു്. തമിഴ് എന്ന പദത്തിനുതന്നെ ആ പ്രയോഗത്തിൽ സൌന്ദര്യമെന്നാകുന്നു അർത്ഥം. പിന്നീട് "ചായൽ" ചാഞ്ഞുകിടക്കുന്നതു, ചരിവ്, എന്ന അർത്ഥത്തിൽ കേരളീയകവികൾ പ്രയോഗിച്ചു തുടങ്ങുകയും ദ്രാവിഡനിഘണ്ടുക്കളിൽ ചായലിന് ആ അർത്ഥം അനുപപന്നമാകയാൽ ലീലാതിലകകാരൻ "അഭിധാനകാരാനഭിധാനാൽ അവാചകം" എന്നു് ആ പ്രയോഗത്തെ ഒരു കാവ്യദോഷമായ് പരിഗണിക്കുകയും ചെയ്തു. നിരങ്കുശന്മാരായ കവികൾക്കുണ്ടോ ശാസ്ത്രകാരന്മാരെ ഭയം? കുന്തളപര്യായമായ പുരികുഴൽ എന്ന പദത്തെ അനുകരിച്ചു പൂന്താനം നമ്പൂരി "പൂമെത്തും പുരിചായലാർ" എന്നുപോലും പ്രയോഗിക്കുവാൻ മടിക്കയുണ്ടായില്ല.

ക്രിസ്തുവർഷാരംഭത്തിൽ തന്നെ (ചെന്തമിഴ്) പാണ്ടിത്തമിഴിൽ നിന്നു വ്യത്യസ്തങ്ങളായ പല ശൈലികളും പദങ്ങളും മലനാട്ടുതമിഴിൽ അഥവാ മലയാളത്തിൽ കടന്നുകൂടിയതായ് കാണ്മാനുണ്ടു്. ഒല്ലാ, ചോത്തു്, കൈനില, പട്ടി മുതലായ പദങ്ങൾ ഈ കൂട്ടത്തിൽ പെട്ടവയാണു്. ഇവയെ തിരിചൊൽ (ദേശ്യപദം) എന്നു ചെന്തമിഴിൽ വ്യവഹരിച്ചുവന്നു. ചിലപ്പതികാരത്തിന്റെ വ്യാഖ്യാതാവായ നച്ചിനാർക്കിനിയർ പുറൈത്തൽ എന്ന പദത്തിനു "പൊത്തുതൽ" എന്നർത്ഥം എഴുതി "ഇതു മലൈനാട്ടു വഴക്കു" അതായതു് ഇതു കേരളത്തിലെ പ്രയോഗവിശേഷമാണെന്നു പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു് കേരളീയനായ ഇളങ്കോവടികൾക്കു് തന്റെ ഗ്രന്ഥനിർമ്മാണത്തിൽ പരിതഃസ്ഥിതികളെ പാടേ അതിലംഘിക്കുവാൻ സാധിച്ചിരുന്നില്ല എന്നു കാണാവുന്നതാണു്. ചാക്യാർകൂത്തു് ദ്രാവിഡരുടെ അതിപ്രാചീനമായ ഒരു നാട്യവിനോദമാകുന്നു. ചെങ്കുട്ടവപ്പെരുമാളും അദ്ദേഹത്തിന്റെ പട്ടമഹിഷി വെണ്മാൾ നല്ലിനിയും ഓലക്കമണ്ഡപത്തിൽ ഇരുന്നു് കൂത്തച്ചാക്കയരുടെ "ആടൽ" അതായതു അ

Digitized By Kerala Sahitya Akademi

ട്ടം കണ്ടു് ആനന്ദഭരിതന്മാരായ് തിരിച്ചുവന്നു് ചിലപ്പതികാരം ഘോഷിക്കുന്നു. ചാക്കിയാരന്മാരുടെ പ്രധാനമായ നാല്പാദം അതിപ്രാകൃതമായ മലയാളത്തിലാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു് എന്നുള്ളതും ഈ അവസരത്തിൽ സ്മരണീയമാണു്. ക്രി. പി. രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന മാങ്കുടി മരുതനാർ മതുരൈക്കാഞ്ചി എന്ന കൃതിയിൽ

"കണംകൊളവുണർ കടന്ത പൊലന്താർ;
മായോൻ മേയ ഓണനന്നാൾ...
മറങ്കൊൾ ചേരിമാറു പൊരുപൊരുവിൻ
മാറാക്കുറെ വെട്ടുപ്പട്ടവൈനറി."

ഇത്യാദി പാട്ടിൽ വാമനൻ തിരുവവതാരം ചെയ്ത ചിങ്ങമാസത്തിലെ തിരുവോണത്തിൽ കേരളത്തിലും നടന്നുവന്ന ആഘോഷത്തേയും അതിന്റെ അങ്ഗമായ ചേരിപ്പോരിനേയും പററി വർണ്ണിക്കുന്നുണ്ടു്. ഇതിൽനിന്നു കേരളത്തിലെ തിരുവോണമഹോത്സവത്തിനു കുറഞ്ഞപക്ഷം പത്തൊമ്പതു ശതകങ്ങളുടെ പഴക്കം കല്പിക്കാവുന്നതാണു്. ദ്രാവിഡദേശത്തിനു യോജ്യമായ വിവാഹം ഗാന്ധർവ്വമാണെന്നു തൊല്കാപ്പിയത്തിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും അതു അതാന്യമായ പരിണയപരിപാടി ഇന്നും അനുസ്യൂതമായി നിലനിന്നു പോരുന്നതു് കേരളത്തിൽ മാത്രമാകുന്നു. അതുപോലെതന്നെ (വേലൻ വെറിയാട്ടു്) വേലൻ പ്രവൃത്തി, കരവയിടൽ, കുരതികൊടുക്കൽ, രാജാക്കന്മാർ എഴുന്നള്ളുമ്പോൾ പുത്തമണൽ വിരിക്കൽ മുതലായു് അനേകം ആചാരങ്ങൾ ദ്രാവിഡരെ പൊതുവേ സംബന്ധിക്കുന്നതാണെന്നു പ്രാചീനദ്രാവിഡഗ്രന്ഥങ്ങളിൽനിന്നു നാം അറിയുന്നുണ്ടെങ്കിലും അവ അവിച്ഛിന്നമായ് ഇക്കാലത്തും പരിലസിക്കുന്നതു കേരളത്തിലാകുന്നു.

ഇനിയും തൊല്കാപ്പിയം മുതലായ പഴയ ദ്രാവിഡവ്യാകരണങ്ങളിൽനിന്നു ശുദ്ധാകാരം താലവ്യാകാരത്തേക്കാൾ പ്രാക്തനമാണെന്നു നമുക്കു ധരിക്കാവുന്നതാണു്. ഇന്നു തമിഴിൽ "പക്കൈ" "വൈകൈ" ഇങ്ങനെയാണു് രൂപങ്ങൾ കാണുന്നതെങ്കിലും അവ പുരാതനകാലങ്ങളിൽ "പക" "വക" എന്നായിരുന്നു എന്നുള്ളതിനു ധാ

Digitized By Kerala Sahitya Akademi

മാളം തെളിവുണ്ടു്. ഇതിൽനിന്നു പ്രാചീനരൂപങ്ങളെ നിലനിർത്തിപ്പോരുന്ന കൈരളിയുടെ മാഹാത്മ്യം ഏറെക്കുറെ ഊഹഗോചരമാണു്. മൺപാന മട്പാന, പൊൻതാലി പൊററാലി, ഈ രൂപങ്ങളിൽ മൺപാനയും പൊൻതാലിയും ആണു് പ്രാചീനങ്ങൾ. മട്പാനയും പൊററാലിയും പിന്നീടുണ്ടായ രൂപങ്ങളാകയാൽ അവയെ സ്ഥിതസ്ഥാപനരസികയായ കൈരളി അംഗീകരിച്ചില്ല. ഈ പരിഷ്കൃതരൂപങ്ങളാണു് അഭിലഷണീയങ്ങളെന്നു ലീലാതിലകകാരൻ സിദ്ധാന്തിക്കുന്നുണ്ടെങ്കിലും ഇവ അക്കാലത്തിലെ മണിപ്രവാളകവികൾക്കല്ലാതെ മററാക്കും ആദരണീയമായി തോന്നിയിരുന്നിരിക്കയില്ല.

ദ്രാവിഡസാഹിത്യത്തിനു പുരാതനകാലം മുതല്ക്കുതന്നെ "മുത്തമിഴ്" എന്നൊരു പര്യായമുണ്ടു്. ഞാൻ മുമ്പു് പ്രസ്താവിച്ചതുപോലെ ഇയൽ, ഇചൈ, നാടകം എന്നീ മൂന്നു പ്രസ്ഥാനഭേദങ്ങളോടുകൂടിയ സാഹിത്യമാകയാലാണു് അതിനു് ആ അഭിധാനം സിദ്ധിച്ചതു്. മുത്തമിഴ് എന്ന പദത്തിനു് മുൻതമിഴ് അഥവാ പഴന്തമിഴ് എന്നർത്ഥമില്ല. മുൻ, തമിഴ് എന്നീ പദങ്ങൾ സന്ധിചെയ്യുമ്പോൾ നിഷ്പന്നമാകുന്ന രൂപം മുത്തമിഴല്ല, മുററമിഴാണെന്നുള്ളതിനു ലീലാതിലകത്തിൽ തന്നെ വിധിയുണ്ടു്. ചെന്തമിഴിൽ ഇചയിലും നാടകത്തിലും പല പ്രമാണഗ്രന്ഥങ്ങൾ പ്രാചീനകാലത്തിൽ ഉണ്ടായിരുന്നു. അവയെല്ലാം പിന്നീടു നശിച്ചുപോയി. പെരുനാരൈ, പെരുങ്കുരുകു മുതലായവ ഇചയുടെയും മുറുവൽ, ജയന്തം, കുണനൂൽ ഇവ നാടകത്തിന്റെയും ലക്ഷണഗ്രന്ഥങ്ങളാണു്. ഇവയുടെ നാമധേയങ്ങൾ മാത്രമെ ഇപ്പോൾ ശേഷിച്ചു കാണുന്നുള്ളു. ക്രി. പി. രണ്ടാം ശതകം മുതൽ ഏഴാം ശതകംവരെ ചോളപാണ്ഡ്യരാജ്യങ്ങളിൽ ജൈനർക്കു പ്രാബല്യമുണ്ടായിരുന്നു. അന്നാണു് തമിഴിൽ മണിപ്രവാളഗദ്യത്തിന്റെ ഉത്പത്തി. അവർ ഇചൈത്തമിഴും നാടകത്തമിഴും കാമോദ്ദീപകങ്ങളാണെന്നുള്ള ദുർബോധത്താൽ അവയെ ദൂരതഃ പരിവർജ്ജിക്കുകയും അനന്യശരണങ്ങളായ ആ സാഹിത്യപ്രസ്ഥാനങ്ങൾ തദനന്തരം കേരളത്തിൽ മാത്രം ജീവിക്കുകയും ചെയ്തു. തിരുവാതിരകളി ഇചൈത്തമിഴിനും ചാക്യാർക്കൂത്തു നാടകത്തമിഴിനും ഉദാഹരണങ്ങളാകുന്നു. ഇചൈത്തമിഴിന്റെ ഉത്ഭവത്തെപ്പററി ഒരു പുരാവൃത്തം ദ്രാവിഡസാഹിത്യത്തിൽ കാണുന്നുണ്ടു്. രാവണൻ സിം

Digitized By Kerala Sahitya Akademi

ഹള്ളചക്രവർത്തിയായിരുന്ന കാലത്തിൽ ദക്ഷിണാപഥവും അദ്ദേഹത്തിന്റെ ശാസനത്തിനു് അധീനമായിരുന്നു അക്കാലത്താണു് അഗസ്ത്യമഹർഷി സഹ്യപർവ്വതത്തിൽ തപസ്സിനായി വന്നുചേർന്നതു്. ബാഹുബലംകൊണ്ടു മഹർഷിക്കു രാവണനെ ജയിക്കുക എന്നതു് അസാദ്ധ്യമായിരുന്നതിനാൽ ആ പണി അദ്ദേഹം ഒരു സൂത്രംകൊണ്ടു പറ്റിച്ചു. ഒരിക്കൽ രാവണനോടു് ആ മഹാനുഭാവൻ "നമുക്കു രണ്ടുപേർക്കും സംഗീതത്തിൽ ഒരു മത്സരപരീക്ഷ നടത്താം; ആരുടെ പാട്ടു കേട്ടാൽ ഈ സഹ്യപർവ്വതം ദ്രവീഭവിക്കുമോ; അയാൾ ഈ ദക്ഷിണാപഥത്തിനു നാഥനായിരിക്കുകയും മറ്റെയാൾ ഇവിടംവിട്ടു പോകുകയും ചെയ്യണം." എന്നു പറഞ്ഞു ഗാനകുശലനും നാട ശക്തനും ആയ രാക്ഷസരാജാവു് ആ പരീക്ഷയിൽ തോററു; ഏഴുലകും തന്നെ കരളുന്ന മന്ത്രത്തിൽ വിറയ്ക്കുന്ന അഗസ്ത്യൻ ജയിക്കുകയും ചെയ്തു. ഇതിൽനിന്നു പ്രാചീനകാലങ്ങളിൽ മൂവരശന്മാരുടെ രാജ്യങ്ങളിൽ സംഗീതത്തിനുണ്ടായിരുന്ന സർവ്വോത്തമമായ സ്ഥാനം സൂചിതമാകുന്നുണ്ടു്.

ദിങ്മാത്രമായി മാത്രം മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങളിൽനിന്നു് കൈരളിയുടെ പഴക്കം നമുക്കു് ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയും. മലയാളികൾക്കു തമിഴും തമിഴർക്കു് മലയാളവും പഠിക്കാതെ അവരുടെ ഭാഷാചരിത്രജ്ഞാനം പരിപൂർണ്ണമാണെന്നു് അഭിമാനിക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ല. ഇരുകൂട്ടർക്കും സ്വഭാഷയായി ഒരു കാലത്തു പരിലസിച്ചിരുന്ന പഴന്തമിഴിൽനിന്നു മലയാളത്തിനു് ആധുനികദ്രാവിഡത്തിനുള്ള അകൽച്ച ഒരിക്കലും വന്നിട്ടില്ല. ഇളങ്കോവടികൾ ദക്ഷിണാപഥത്തിൽ വീണ്ടും തിരുവവതാരം ചെയ്യുകയാണെങ്കിൽ ഇന്നത്തെ മലയാളമാണു് തന്റെ മഹാകാവ്യത്തിലെ ഭാഷയെന്നും ഇന്നത്തെത്തമിഴല്ലെന്നും നിശ്ചയമായു് ഉപപാദിക്കുമെന്നു് എന്റെ മാന്യസ്നേഹിതനായിരുന്ന പുരാണവസ്തുവൈജ്ഞാനികൻ ശ്രീമാൻ ഗോപീനാഥറാവു ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ഇന്നും ഞാൻ സരോമാഞ്ചം സ്മരിക്കുന്നുണ്ടു്.

ഈ വിധത്തിലുള്ള സാഹിത്യപ്രശ്നങ്ങളുടെ ആവശ്യകത നമ്മുടെ ഇടയിൽ എത്രമാത്രമുണ്ടെന്നും ഇവയെ വേണ്ടപോലെ ഉപ

Digitized By Kerala Sahitya Akademi

വൎദ്ധിക്കാമെങ്കിൽ നമുക്കു് തന്നിമിത്തം എന്തെല്ലാം ലാഭങ്ങൾ സിദ്ധിക്കാമെന്നും മറ്റും ഇനി വിശേഷിച്ചു പറയേണമെന്നില്ലല്ലോ. "ഭിന്നരുചേൎജ്ജനസ്യ ബഹുധാപ്യേകം സമാരാധനം" എന്നു കാളിദാസൻ നാട്യത്തെ പ്രശംസിക്കുന്ന ഭാഷയിൽത്തന്നെയാണു് പ്രദൎശനത്തെയും ശ്ലാഘിക്കേണ്ടതു്. പഴയ ചെപ്പേടിലോ, താളിയോലയിലോ, പനയോലയിലോ, കരിങ്കല്ലിലോ എന്തെങ്കിലും എഴുതീട്ടുള്ളതായി കണ്ടാൽ നാം അതിനെ ഒരു നിധിപോലെ സൂക്ഷിക്കണം. ഒരു തോപ്പനിയിൽ ഇറങ്ങി രത്നങ്ങൾ പെറുക്കി എടുക്കുന്നതിനു തുല്യമാകുന്നു ഈ വഴിക്കുള്ള സാഹിത്യവ്യവസായം. നമ്മുടെ കൈയിൽ കിട്ടുന്ന രത്നങ്ങളുടെ വില നാം അറിയുന്നില്ല. നമുക്കു വെള്ളാരങ്കല്ലുകളെന്നു തോന്നുന്ന മണികൾ ചിലപ്പോൾ വൈകടികന്മാർ കോഹിനൂറുകളായി വിലമതിച്ചേക്കാം. പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുള്ള പുസ്തകങ്ങളുടെ കൈയെഴുത്തുപ്രതികളാണല്ലോ എന്നു വിചാരിച്ചു് ആ ഗ്രന്ഥങ്ങളിൽ ഒന്നിനെയും പുച്ഛിക്കരുതു്. അദ്ധ്യാത്മരാമായണം, കൃഷ്ണഗാഥ മുതലായ കാവ്യരത്നങ്ങളിൽപ്പോലും സംശയം തീരാത്ത ഭാഗങ്ങൾ ഇനിയും കിടപ്പുണ്ടു്. ആ മാതിരിയിലുള്ള സംശയങ്ങൾ നിശ്ശേഷം ഭേദിക്കുന്നതിനു പൎയ്യാപ്തങ്ങളായ പാഠങ്ങൾ അത്തരത്തിലുള്ള ഗ്രന്ഥങ്ങളിൽ കണ്ടു എന്നു വരുവാൻ പാടില്ലായ്കയില്ല. എനിക്കു കിട്ടിയ ഉണ്ണുനീലിസന്ദേശത്തിന്റെ ഒരു പഴയ താളിയോലപ്രതിയിൽ "ഭേരിച്ചൊല്ലാർമനസിജകയൽക്കണ്ണനെ" എന്ന പാഠത്തിനു പകരം "ഭേരിച്ചൊല്ലാർമനസിജ നിരാക്കണ്ണനെ" എന്നൊരു പാഠം കാണുകയും "പുകഴിവിരിയമ്മനു തെളാമവൻ ഞാൻ" "ദേണാടർക്കോനും നീയും പാലിച്ചുപഗതഭയം വർദ്ധിതാ നാളിൽനാളിൽ" ഇത്യാദി ഭാഗങ്ങളുമായി യോജിപ്പിച്ചു പുതിയ പാഠം വായിച്ചപ്പോൾ അതാണു് ശുദ്ധമെന്നു് എനിക്കു ബോധപ്പെടുകയും ചെയ്തു. ഇപ്പോൾ തന്നെ ഈ വക പഴയ ഓലകൾ പലതും ചിതലിനു തീനും ആഹാരമായ്ക്കഴിഞ്ഞിരിക്കണം; ശേഷിച്ചിരിപ്പുള്ളതെങ്കിലും കാലവ്യാളത്തിനു കബളമാകാതെ സൂക്ഷിക്കേണ്ടതു നമ്മുടെ കൎത്തവ്യകൎമ്മങ്ങളിൽ പ്രഥമഗണനീയമാകുന്നു. വാലർ, പാണർ, പുള്ളുവർ, പുലയർ മുതലായവരുടെ ഇടയിൽ പ്രാചീനഗാനങ്ങൾ പലതും പ്രചരിക്കുന്നുണ്ടു്; അവ ആധുനികപരിഷ്കാരസൂൎയ്യന്റെ കിരണങ്ങൾ തട്ടി ഒട്ടുമുക്കാ

Digitized By Kerala Sahitya Akademi

ലും അറപിയായ് രൂപാന്തരപ്പെട്ടിട്ടുമുണ്ട്. ഏതാനും ചില മുത്തുക്കന്മാരും മുത്തശ്ശിമാരുംകൂടി സിദ്ധികൂടുമ്പോൾ ബാക്കിയുള്ളതിന്റെ കഥയും കഴിയും. അതിനുമുമ്പ് കൈയിൽ കിട്ടിയതു ലാഭം എന്ന നിലയിൽ ഉള്ളതു ശേഖരിച്ചു വയ്ക്കുക എന്നുള്ള ധർമ്മവും ഒഴിച്ചുകൂടാവുന്നതല്ല. നിലവിലിരിക്കുന്നതും എന്നാൽ പരക്കെ എങ്ങും അറിയപ്പെട്ടിട്ടില്ലാത്തതുമായ പദങ്ങൾ, ശൈലികൾ, പഴമൊഴികൾ ഇവയേയും നമുക്ക് സംഗ്രഹിക്കേണ്ടതുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കണ്ടങ്ങൾക്കല്ല കുറവ്; കർഷകന്മാർക്കു ദൈന്യമാണ്.

---

# ഭാഷാപോഷണവും ഗവേഷണവും.

---

സമസ്തകേരളസാഹിത്യപരിഷത്തിന്റെ അഷ്ടമസമ്മേളനത്തിലെ തൃതീയയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിന് എന്നെ നിയോഗിച്ച ഭാരവാഹികളോട് എനിക്കുള്ള വിനീതിയുക്തമായ കൃതജ്ഞതയെ ഞാൻ ഈ സദസ്സിൽ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഈ സമ്മേളനത്തിലെ പ്രഥമയോഗത്തിൽ അഗ്രാസനത്തെ അലങ്കരിച്ച മഹാവിദ്വാൻ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവവർകളുടെ സംസ്കൃതഭാഷാപരിഷ്കാരകമായുള്ള അധീതിബോധാചരണപ്രചാരണങ്ങളെപ്പറ്റി കേട്ടിട്ടില്ലാത്ത കേരളീയർ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അദ്ദേഹത്തിന്റെ അനന്യസുലഭമായ ത്യാഗബുദ്ധിയുടെ ഫലമായ് പട്ടാമ്പി സംസ്കൃതമഹാപാഠശാല നിമിത്തം കേരളത്തിനു സിദ്ധിച്ചിട്ടുള്ള സംസ്കാരോൽക്കർഷം എത്രമാത്രമാണെന്നു പറവാൻ പ്രയാസമുണ്ട്. ഞാൻ ഗുരുനിർവിശേഷമായ് ആരാധിക്കുന്ന ഒരു പുണ്യപുരുഷനാണ് വിദ്യാവൃദ്ധനും വയോവൃദ്ധനും

---

*[illegible]-മാണ്ട് നിലമ്പൂരിൽ നടന്ന സാഹിത്യപരിഷൽ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ടു ചെയ്ത വാചാപ്രസംഗം.

Digitized By Kerala Sahitya Akademi

തപോവൃദ്ധമായ ആ മാന്യദേഹമെങ്കിൽ, ഈ സമ്മേളനത്തിന്റെ ദ്വിതീയഭാഗത്തിൽ സഭാനാഥനായ് സമുല്ലസിച്ച മഹാകവി വള്ളത്തോളും ഞാനും ഏകദേശം നാല്പതു കൊല്ലത്തോളമായ് യാതൊരു മന്ദഭാവവും കൂടാതെ വർത്തിച്ചുപോരുന്ന ദേശപാലികളായ പ്രാണസുഹൃത്തുക്കളാകുന്നു. ബാല്യം മുതൽക്കുതന്നെ ഭാഷാഭഗവതിയെ ബഹുമുഖമായ് ആരാധിക്കുവാനുള്ള ഭാഗ്യം തദേകതാനനായ വള്ളത്തോളിനു സിദ്ധിച്ചു. കൃത്യശതങ്ങളിൽ വ്യാപൃതനും പ്രാരബ്ധശൃംഖലകളാൽ ബാധിതനുമായ എനിക്കാകട്ടെ കൈരളീദേവിയുടെ കൈങ്കര്യം വല്ലപ്പോഴും വളരെ വിരളമായി മാത്രമേ അനുഷ്ഠിക്കുന്നതിനു വിധി അനുവദിച്ചിട്ടുള്ളു. നിങ്ങൾക്കുള്ള നിസർഗ്ഗസിദ്ധമായ സ്നേഹവും സൌജന്യവും എന്നെ ഒരു പ്രമാണിവേഷത്തിൽ നിങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുമെങ്കിലും ഭാഷാസാമ്രാജ്യത്തിലെ നാസീരപൂരകനായ ഒരു പദാതിപ്രവരമാണു എന്നുള്ളതിൽ കവിഞ്ഞു വാസ്തവത്തിൽ യാതൊരു സ്ഥാനത്തിനും ഞാൻ അർഹനല്ലെന്നു് എനിക്കു പരിപൂർണ്ണമായ ബോധമുണ്ടു്. അത്തരത്തിലുള്ള എനിക്കു് ഇത്തരത്തിലുള്ള ഒരു പദവി കൈവന്നാൽ ഞാൻ എങ്ങനെയാണു് ആനന്ദപരവശനാകാതെയും നിങ്ങൾക്കു് എന്റെ നേർക്കു തോന്നീട്ടുള്ള അപാരമായ പ്രേമത്തിനു് ഒരു നിഷ്കൃതി എന്ന നിലയിൽ നിങ്ങളെ മനസ്സുകൊണ്ടും വാക്കുകൊണ്ടും യഥാശക്തി സംഭാവന ചെയ്യാതെയും ഇരിക്കുന്നതു്?

ഭാഷാപദങ്ങളെ സംസ്കൃതീകരിച്ചു കാണുമ്പോൾ എനിക്കു സാധാരണമായി ഒരു വെറുപ്പു തോന്നാറുണ്ടു്. എന്നാൽ മിനിഞ്ഞാന്നുച്ചയ്ക്കു നിലമ്പൂരിൽ എത്തിയപ്പോൾ ഈ പ്രദേശത്തെ ഇതിന്റെ സംസ്കൃതസംജ്ഞയായ നിഖിലപുരം എന്നുതന്നെ വിളിക്കേണ്ടതാണെന്നു് എനിക്കു ബോധപ്പെട്ടു. ഇവിടെ ചിന്താമണിയുണ്ടു്; കാമധേനുവുണ്ടു്; കല്പവൃക്ഷങ്ങളുണ്ടു്. ദമയന്തീസ്വയംവരഘട്ടത്തിൽ ഉൽകലരാജാവിന്റെ അപദാനങ്ങളെ വർണ്ണിക്കുമ്പോൾ മഹാകവി ശ്രീഹർഷൻ അദ്ദേഹത്തിന്റെ വാരണവീരൻ സമുദ്രത്തിൽ ഇറങ്ങി നിൽക്കുമ്പോൾ ജനനാൽ ലഭിച്ചിട്ടുള്ള രണ്ടു കൊമ്പുകൾക്കു പുറമേ വെള്ളത്തിൽ പ്രതിബിംബരൂപേണ പരിലസിക്കുന്ന വേറെ രണ്ടു കൊമ്പുകൾ കൂടി കാണുകയാൽ അബ്ധിമഥനകാലത്തിൽ തന്നിൽനിന്നു

Digitized By Kerala Sahitya Akademi

ദേവന്മാർ അപഹരിച്ച ഐരാവതമാണെന്നു വിചാരിച്ചു സന്തോഷിക്കുന്നതായ് ഉല്ലേഖനം ചെയ്യുന്നു. ആരാമത്തിൽ ആനകളുടെ ജന്മഭൂമിയായ ഈ നിലമ്പൂരിൽ ഒന്നിലധികം നാൽക്കൊമ്പന്മാരും അഭ്രമുക്കളും ആ ദമ്പതികളുടെ സന്താനങ്ങളും തന്നിലിറങ്ങി വിഹരിക്കുന്നതായി കുടുംബിനീതിലകമായ ചാലിയാറിന്റെ മുഖത്തുനിന്നറിഞ്ഞു പശ്ചിമസമുദ്രം ആശ്വസിക്കയും ആനന്ദിക്കയും ചെയ്യുന്നുണ്ടാവാം. ഐരാവതത്തിന് ഇവിടെയുള്ള വനം എല്ലാം നന്ദനവുമാണ്. ഈ വക അദ്ഭുതവസ്തുക്കൾക്കെല്ലാം അധിശനായ നമ്മുടെ അഭിവന്ദ്യനായ ആതിഥേയൻ മഹാരാജമാന്യശ്രീ നിലമ്പൂർ വലിയരാജാവർകൾ, ദേവേന്ദ്രൻ സഹസ്രാക്ഷനെന്ന പേർ സിദ്ധിച്ചതു് അനവധി കർമ്മസചിവന്മാരും മറ്റും അനുഗ്രഹത്തിന്റെ ആജ്ഞ അനുസരിക്കുന്നതിനു സന്നദ്ധരായി നില്ക്കൊള്ളുന്നതുകൊണ്ടാണെന്നു കൗടില്യൻ അർത്ഥശാസ്ത്രത്തിൽ പ്രസ്താവിക്കുന്നതു ശരിയാണെങ്കിൽ, സാക്ഷാൽ സഹസ്രാക്ഷൻ തന്നെയാണെന്നും വന്നുകൂടുന്നു; അനുഗ്രഹം നമ്മെ തന്റെ അമൃതോപമമായ വാക്കുകൊണ്ടും ആഹാരംകൊണ്ടും പ്രത്യക്ഷസ്വർഗ്ഗസൌഖ്യം അനുഭവിപ്പിക്കുന്നുമുണ്ട്. അതേ! ഞാൻ ചോദിക്കുന്നു; ഇതല്ലെങ്കിൽ പിന്നെ ഏതാണ് നിലിമ്പപുരം? ഇവിടെക്കാണുന്ന പ്രകൃതിയുടെ അന്യാദൃശമായ രാമണീയകം കവികൾക്ക് അത്യന്തം ആനന്ദപ്രദമാകുന്നു. ഇതാ ഈ വളഞ്ഞൊഴുകുന്ന ചാലിയാറിനെത്തന്നെ കൺകുളിരെ ഒന്നു നോക്കുക. ഇതു കണ്ടപ്പോൾ എനിക്കു ന്യസ്തശസ്ത്രനായ പരശുരാമമഹർഷി തപസ്സുചെയ്യുന്നതിനായ് ഇവിടത്തെ പർവ്വതപ്രദേശങ്ങളിൽ ഒന്നിലേക്കു പോയ അവസരത്തിൽ അനുഗ്രഹത്തിന്റെ ചാപവിദ്യാഗുരുവായ ഭഗവാൻ ശ്രീപരമേശ്വരന്റെ പാദമൂലത്തിൽ നിക്ഷിപ്തമായ കോദണ്ഡംപോലെ തോന്നി. നിലമ്പൂർക്ഷേത്രത്തിലെ മൂർത്തിയായ കിരാതരുദ്രന്റെ സന്നിധിയിൽ ആണല്ലോ ചാലിയാറിന് ഈ ശരാസനവക്രത സഞ്ജാതമായതു്. പ്രകൃതിദേവതയുടെ പള്ളിത്തിടമ്പിന്റെ രജതപ്രഭയെന്നും പാർവ്വതീദേവിയുടെ കണ്ഠകാണ്ഡത്തിൽ നിന്ന് ഊരിവീണ ഹാരയഷ്ടിയെന്നും മറ്റും ഇനിയും ഇതിനെ അനേകം പ്രകാരത്തിൽ ഉല്ലേഖനം ചെയ്യാം. ഇത്തരത്തിലുള്ള ഒരു പുഴയും ഇത്ര മനോഹരമായ ഒരു വനവും കണ്ടാൽ ക്ഷണനേരത്തേക്കെങ്കിലും ഏതു മനുഷ്യനും

Digitized By Kerala Sahitya Akademi

ഒരു കവിയായും ഏതു കവിയും ഒരു മഹാകവിയായും പരിണമിക്കുമെന്നുള്ളതിൽ എന്താണു് സന്ദേഹം?

മിനിഞ്ഞാന്നു ഞാൻ ഇവിടെ വന്നു നമ്മുടെ ആതിഥേയനെക്കണ്ടപ്പോൾ അവിടുന്നു് ആത്മഗതമായി എന്നോടു പറഞ്ഞതു താൻ പഠിച്ചിട്ടുള്ള പാഠങ്ങളിൽ പ്രധാനമായിട്ടുള്ളതു പരോപകാരം ചെയ്യുവാൻ സാധിക്കാത്ത ഒരുവന്റെ ജീവിതംകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നുള്ളതാണു് എന്നായിരുന്നു. രോമാഞ്ചപ്രദമായ ആ വാക്കു കേട്ടപ്പോൾ മഹാകവി ക്ഷേമേന്ദ്രൻ ബോധിസത്വാപദാനകല്പലതയിൽ പരോപകാരത്തെ വർണ്ണിക്കുന്ന

“ഏതദർത്ഥമയം കായ-
സ്സാപായോപി സതാം പ്രിയഃ,
യൽ കസ്യചിൽ കപചിദ്യാതി
കദാചിദുപകാരതാം.”

എന്നു പദ്യം എന്റെ സ്മൃതിപഥത്തെ അധിരോഹണംചെയ്തു. അപായബഹുലമാണെങ്കിലും ഈ മനുഷ്യശരീരം സത്തുക്കൾക്കു് ഒരേ ഒരൊറ്റക്കാരണത്താൽ മാത്രം പ്രിയമായ്ത്തീരുന്നു; അതെന്തു്? ആർക്കെങ്കിലും എവിടെയെങ്കിലും എപ്പോഴെങ്കിലും ആ ശരീരം ഉപകാരപ്പെടുമല്ലോ എന്നുള്ളതുതന്നെ. താൻ മൂവേഴുവട്ടം യുദ്ധം ചെയ്തു വെട്ടിപ്പിടിച്ച ഭാരതഭൂമി മുഴുവൻ ഒരു നിമിഷത്തിൽ കാശ്യപമഹർഷിക്കു ദാനം ചെയ്തു തന്മാത്രശേഷനായ് ജീവിച്ച ആ ത്യാഗസാമ്രാജ്യചക്രവർത്തി ഭാർഗ്ഗവരാമന്റെ പുതിയ നാട്ടിൽ— ഈ മലനാട്ടിൽ—പ്രതിദ്ധ്വനിച്ചു,

“മാഗാഃ പൃത്ഥ്വ്യപകാരകാരതയാ
വൈവർണ്ണ്യമാകർണ്ണയ
ശ്രീകണ്ഠാദവസുന്ധരാധിപ, സുധാ-
സിക്താനി സൂക്താനി നഃ;
വർണ്ണ്യന്തേ കവിഭിഃ പയോനിധിസരിൽ-
സന്ധ്യാഭ്രവിന്ധ്യാടവീ-
ഝംഝാമാരുതനിർദ്ധരാല്പതയേ-
സ്തേഭ്യഃ കിമാപ്തം ഫലം?”

Digitized By Kerala Sahitya Akademi

അതായതു് "അല്ലയോ കർണ്ണാടകരാജാവേ! ഞാൻ അങ്ങയെ പ്രശംസിച്ചു പദ്യം രചിച്ചതിനു് എന്തെങ്കിലും പ്രതിഫലം നൽകണമല്ലോ എന്നു വിചാരിച്ചു് അങ്ങയുടെ മുഖം വിവർണ്ണമാകേണ്ടതില്ല. കേൾക്കു കവികളായ ഞങ്ങളുടെ അമൃതനിഷ്യന്ദികളായ വചനങ്ങൾ. ഞങ്ങൾ സമുദ്രം, പുഴ, സന്ധ്യാകാലത്തിലെ മേഘം, വിന്ധ്യപർവതത്തിലെ കാട്ടു്, കൊടുങ്കാറ്റു്, വെള്ളച്ചാട്ടം മുതലായവയെ വർണ്ണിക്കുന്നവരാണു്; ഇവയിൽനിന്നെല്ലാം ഞങ്ങൾ വല്ല ധനവും നേടുന്നുണ്ടോ?" എന്നു പറഞ്ഞുകൊണ്ടു കർണ്ണാടകരാജ്യം വിട്ടുപോന്ന ഉദ്ദണ്ഡശാസ്ത്രികൾക്കും മററും അഭയദാനം നൽകി രക്ഷിച്ച കുന്നൽക്കോനാതിരിയുടെ നാട്ടിൽ—"കിമധുനാ നിർവീരമുർവീതലം?" എന്നു പ്രസന്നരാഘവകാരൻ ചോദിക്കുന്നതുപോലെ ദാനവീരന്മാരായ പ്രഭുക്കന്മാർ ഇല്ലാതെയായിപ്പോയോ എന്നു് ഇനി നമുക്കു ശങ്കിക്കേണ്ട ആവശ്യമില്ല. കൈരളീചാതകിക്കു് ഒരു കാർമ്മേഘത്തെ കിട്ടി; നമ്മുടെ ഭാഗ്യത്താൽ സാഹിത്യം സനാഥമായി. "ദ്രവിണവ്യയോ ന ഗണിതഃ ക്ലേശോമഹാനാശ്രിതഃ" എന്ന മട്ടിൽ. സാഹിത്യപരിഷത്തിന്റെ ഈ അഷ്ടമസമ്മേളനത്തിന്റെ താങ്ങും തണലുമായു് നിന്നു് ഇതിനെ ഉജ്ജ്വലമാക്കിച്ചമച്ചു് നാനാപ്രകാരേണ വിജയപര്യവസായിയാക്കുവാൻ സകുടുംബം സർവാഭിസാരസമ്പന്നതയോടുകൂടി പ്രയത്നിക്കുന്ന മഹാത്മാവായ നിലമ്പൂർ വലിയരാജാവവർകളുടെ വരേണ്യമായ വദാന്യതാഗുണത്തെയും പ്രകൃഷ്ടമായ ഭാഷാഭിമാനത്തേയും എങ്ങനെയെല്ലാമാണു് ശ്ലാഘിക്കേണ്ടതെന്നും എത്രയെല്ലാം ശ്ലാഘിച്ചാലാണു് അതു നമ്മുടെ ഹൃദയം വഴിഞ്ഞൊഴുകുന്ന പരിശുദ്ധമായ കൃതജ്ഞതയുടെ ഒരു ക്ഷീണമായ പ്രതിഫലനമെങ്കിലുമാകുന്നതെന്നും എനിക്കു പരിച്ഛേദിച്ചു പറവാൻ പ്രയാസമുണ്ടു്. അവിടുത്തെ ആയുരാരോഗ്യൈശ്വര്യസമൃദ്ധിക്കായു് ക്ഷിപ്രപ്രസാദിയായ കിരാതരുദ്രമൂർത്തിയെ നമുക്കു് ആകുന്നതും പ്രാർത്ഥിക്കുക എന്നല്ലാതെ മറെറന്തു നമ്മെക്കൊണ്ടു ചെയ്യുവാൻ കഴിയും?

കഴിഞ്ഞ നാല്പതു കൊല്ലങ്ങൾക്കു മേലായു് മലയാളഭാഷയുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പലവിധത്തിലുള്ള വിദ്വൽസമ്മേളനങ്ങൾ നടന്നുപോരുന്നുണ്ടു്. കൊല്ലം 1067-ൽ അരണു് കണ്ടത്തിൽ വറുഗീസുമാപ്പിള തെക്കൻ കോട്ടയത്തുവച്ചു് ഒരു കവിസമാജം വിളിച്ചുകൂട്ടി

Digitized By Kerala Sahitya Akademi

യശസ്സ്. ആ സമാജത്തിന്റെ നടപടികളിൽ ഇന്നു് ഇവിടെ ആത്മസാന്നിദ്ധ്യംകൊണ്ടു നമ്മെ അനുഗ്രഹിക്കുന്ന പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവവർകളും ഭാരവാഹികളായിരുന്നു. ആ കൊല്ലത്തിൽ തന്നെ തൃശ്ശിവപേരൂരിൽവച്ചു കൂടിയ ദ്വിതീയയോഗത്തിൽ സമാജത്തിന്റെ പേർ "ഭാഷാപോഷിണിസഭ" എന്നു മാറുകയും, ആ രണ്ടു യോഗങ്ങളും ഉൾപ്പെടെ പ്രസ്തുത സഭയുടെ മൂന്നാമത്തെ സമ്മേളനം 1069-ൽ കോഴിക്കോട്ടുവച്ചും നാലാമത്തെസമ്മേളനം 1070-ൽ തിരുവനന്തപുരത്തുവച്ചും നടക്കുകയും ചെയ്തു. തിരുവനന്തപുരത്തെ സമ്മേളനത്തിലെ ഒരു നിശ്ചയമനുസരിച്ചു ഭാഷാപോഷിണിയെന്ന ത്രൈമാസികപത്രം പ്രസിദ്ധ പണ്ഡിതനായ ശ്രീമാൻ സി. അച്യുതമേനോൻ ബി. ഏ. തൃശ്ശൂരിൽനിന്നു പ്രസിദ്ധപ്പെടുത്തിവന്ന വിദ്യാവിനോദിനിമാസികയിൽ ലയിച്ചു. എന്നാൽ അദ്ദേഹത്തിനു് ഏറെത്താമസിയാതെ കൊച്ചീസ്സർക്കാരിൽ ചുമതലയേറിയ ഒരു ഉദ്യോഗം വഹിക്കേണ്ടിവരികയാൽ ഭാഷാപോഷിണി ഒരു മാസികയായി വീണ്ടും വറുഗീസുമാപ്പിള തന്നെ 1072-ൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. 1073-ൽ സഭയുടെ അഞ്ചാമത്തെ സമ്മേളനം കോട്ടയത്തുവച്ചും 1075-ൽ ആറാമത്തെ സമ്മേളനം തിരുവനന്തപുരത്തുവച്ചും നടന്നു. മൂന്നാമത്തെ സമ്മേളനം എങ്ങനെ മാനവിക്രമ ഏട്ടൻതമ്പുരാന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടുവച്ചു കൊണ്ടാടപ്പെട്ടുവോ അതുപോലെ ഏഴാമത്തെ സമ്മേളനം 1079-ൽ തലശ്ശേരിയിൽവച്ചു കടത്തനാട്ടു് ഉദയവർമ്മ ഇളയതമ്പുരാന്റെ പുരസ്ഥാനത്തിൽ ആഘോഷിക്കപ്പെട്ടു. 1079 മിഥുനത്തിൽ സഭയുടെ ജീവനാഡിയായിരുന്ന വറുഗീസുമാപ്പിള ഭാഷയുടെ ദുരദൃഷ്ടത്താൽ അകാലചരമം പ്രാപിച്ചു. അതോടുകൂടി 1067-മുതൽ സഭയുടെ സർവ്വാഭ്യുദയങ്ങൾക്കും ഹേതുഭൂതനായി അതിനെ ഉത്തരോത്തരം ഉൽകൃഷ്ടപദവിയിലേക്കു നയിച്ചുകൊണ്ടിരുന്ന ആധുനിക ഭാഷാസാഹിത്യസാമ്രാജ്യത്തിന്റെ അനഭിഷിക്തചക്രവർത്തി കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ദക്ഷിണഹസ്തം ഛിന്നപ്രായമായി. 1081-ൽ തിരുവനന്തപുരത്തുവച്ചു് എട്ടാമത്തൊരു സമ്മേളനവും 1086-ൽ വൈക്കത്തുവച്ചു സന്മാർഗ്ഗപോഷിണീസഭയുടെ സഹായത്തിൽ ഒൻപതാമതും ഒട്ടുചില വ്യത്യാസങ്ങളുമായി വേറിട്ടൊരു സമ്മേളനവും കൂടി നടന്നു. അതോടുകൂടി ആ സഭ അതിന്റെ സ്മാരകമായി ഭാഷാപോഷിണീമാസികയെ മാത്രം നിലനിറു

Digitized By Kerala Sahitya Akademi

ത്തിട്ടു് അസ്തമിക്കുകയത്രേ ചെയ്തതു്. ആ മാസിക ഇന്നു പ്രധാനമായ് വിദ്യാർത്ഥികളുടെ ആവശ്യങ്ങളെ മുൻനിറുത്തി പ്രചരിക്കുന്നു. 20 വർഷങ്ങൾക്കിടയിൽ 9 യോഗങ്ങൾ മാത്രമേ ഭാഷാപോഷിണീസഭയ്ക്കു കൂട്ടുവാൻ സാധിച്ചുള്ളൂ എങ്കിലും ആ യോഗങ്ങൾകൊണ്ടും സഭയുടെ രസനയായ ഭാഷാപോഷിണീപത്രം കൊണ്ടും കൈരളിക്കു സിദ്ധിച്ച അഭിവൃദ്ധി അത്യാശ്ചര്യകരമായിരുന്നു. അതിൽ പിന്നീടു കൊച്ചിസാഹിത്യസമാജവും മററും ആവിർഭവിച്ചു എങ്കിലും അവയെല്ലാം സമ്മേളനങ്ങൾ നടത്തുവാനോ സാഹിത്യപോഷണവിഷയത്തിൽ ശാശ്വതമായി എന്തെങ്കിലും പ്രവർത്തിക്കുവാനോ സാധിച്ചില്ല. ഇങ്ങനെ കൈരളിക്കു യാതൊരു പൊതുസ്ഥാപനവുമില്ലാതെ എന്തുവേണ്ടു എന്നു കേരളീയർ അങ്കമാനം പരിതപിച്ചുകൊണ്ടിരുന്ന അവസരത്തിലാണു് ൧൧൦൨-ൽ പ്രഭവവർഷത്തിൽ ഇടപ്പള്ളി കൃഷ്ണരാജാവവർകളുടെ ഭാഷാഭിമാനത്തിന്റെ ഫലമായി ആ സ്ഥലത്തു മഹാഗണപതിയുടെ സന്നിധാനത്തിലും അനുഗ്രഹത്തിലും ഈ സമസ്തകേരള സാഹിത്യപരിഷത്തിനു് ഇദംപ്രഥമമായ് അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, വള്ളത്തോൾ, പി. കെ. നാരായണപിള്ള, ഞാൻ മുതലായവർ ബീജാവാപം ചെയ്തതു്.

പരിഷത്തിന്റെ ആരംഭം മുതൽക്കു് ഇന്നുവരെയുള്ള ചരിത്രം ഇവിടെ കൂടിയിരിക്കുന്ന എല്ലാവർക്കും അറിവുള്ളതാണല്ലോ. ഇകഴിഞ്ഞ എട്ടുകൊല്ലങ്ങൾക്കിടയിൽ ഇതിനു് എന്തു ചെയ്യുവാൻ സാധിച്ചു എന്നു ചോദിക്കുന്ന ചിലരെ ഞാൻ അറിയും. അവരോടു് എനിക്കു് ആദ്യമായി പറവാനുള്ളതു്, പരിഷത്തു് ഒരാളുടെയോ ഏതാനും വ്യക്തികളുടെയോ സ്വത്തല്ലാതെയിരിക്കുകയും മലയാളഭാഷയുടെ പോഷണത്തിൽ കാംക്ഷയുള്ള ഏവനും അതിൽ പ്രവേശനത്തിനും കൈകാര്യകർത്തൃത്വത്തിനും അവകാശമുണ്ടായിരിക്കുകയും ചെയ്യുന്ന കാലത്തോളം, ആ ചോദ്യം ഓരോ കേരളീയനും അവനവന്റെ അന്തരാത്മാവിനോടു തന്നെ ചോദിക്കേണ്ടതാണെന്നാകുന്നു. പരിഷത്തിനെക്കൊണ്ടു് ഒന്നും ചെയ്യുവാൻ സാധിച്ചില്ലെങ്കിൽ അതിന്റെ കുററം ശ്രോതാവിന്റെ എന്നപോലെ വക്താവിന്റെ മൂർദ്ധാവിലും പതിക്കുന്നുണ്ടെന്നുള്ള വാസ്തവം അവർ വ്യക്തമായി ധരിച്ചിരിക്കേണ്ടതാണു്. ഏതദ്വിഷയകമായ അക്ഷമ അതിസ്നേഹത്തിന്റെ

Digitized By Kerala Sahitya Akademi

ലക്ഷണമാണെന്നു വരുന്നപക്ഷം ആ മനോവികാരത്താൽ പ്രേരിതമായ ചോദ്യത്തിനു സമാധാനം പറവാൻ ശ്രമിക്കാം. ശ്രീമതി കടത്തനാട്ടു മാധവി അമ്മ ഇന്നലെ പ്രസ്താവിച്ചതുപോലെ നെടുനീളത്തിൽ കിടക്കുന്ന ഈ കേരളഭൂമിയുടെ ദക്ഷിണഭാഗത്തിലും മദ്ധ്യഭാഗത്തിലും ഉത്തരഭാഗത്തിലും ജീവിക്കുന്ന കവികൾക്കും ഇതരസാഹിത്യകാരന്മാർക്കും സൌഹൃദസമ്മേളനത്തിന് അവസരമുണ്ടാകുക' എന്നുള്ളതുതന്നെ ഭാഷാവിഷയത്തിൽ മഹത്തായ ലാഭമാകുന്നു. അപരിചിതന്മാർ പരിചിതന്മാരും പരിചിതന്മാർ സുഹൃത്തുക്കളുമായി ഇതരത്തിലുള്ള സമ്മേളനങ്ങളിൽ തങ്ങളെല്ലാം ഒരു മാതാവിന്റെ പുത്രന്മാരും തദ്വാരാ സഹോദരന്മാരുമാണെന്നുള്ള ബോധത്തോടുകൂടി ഏകകുടുംബക്കാരാണെന്ന നിലയിൽ പെരുമാറുകയും പിന്നീടു കത്തിടപാടുമൂലവും മററും തങ്ങളുടെ മൈത്രീബന്ധത്തെ ദൃഢീകരിക്കുകയും സാഹിത്യസംബന്ധമായി നേരിടുന്ന സന്ദേഹങ്ങൾ ശമിപ്പിക്കുകയും ചെയ്യുന്നതു സാരമല്ലാത്ത ഒരു സംഗതിയാണെന്ന് എങ്ങനെ പറയാം? ആ മാതിരി സജീവമായ ഒരു സാഹിത്യോന്മേഷം പരിഷത്തിന്റെ ഏഴുകൊല്ലങ്ങളിലെ ഏഴു സമ്മേളനങ്ങൾ മൂലം കേരളീയരായ ഭാഷാഭിമാനികൾക്ക് ഉണ്ടാക്കുകയും അനുക്രമമായ് വർദ്ധിക്കുകയും ചെയ്തിട്ടില്ലേ എന്നു ഞാൻ വിനയത്തോടുകൂടി ചോദിക്കുന്നു. ഈ സമ്മേളനങ്ങളിലെ പ്രസംഗങ്ങളും ഗദ്യപദ്യമയങ്ങളായ പ്രബന്ധങ്ങളും ചേർത്ത് ഓരോ പുസ്തകമായ് (രണ്ടു സമ്മേളനങ്ങളിലേതൊഴികെ) പ്രസിദ്ധപ്പെടുത്തീട്ടുണ്ട് എന്നും ഈ പുസ്തകങ്ങൾ ഭാഷയ്ക്ക് ഉത്തമങ്ങളായ സമ്പാദ്യങ്ങളാണെന്നുമുള്ള വസ്തുത ആർക്കുതന്നെ അപലപിക്കാം? ആറാമത്തെ സമ്മേളനത്തിലെ നിശ്ചയമനുസരിച്ച് ഈ പരിഷത്തിനെ കൊച്ചിരാജ്യത്തിലെ നിയമപ്രകാരം ഒരു രജിസ്റ്റർ ചെയ്ത സഭയാക്കിത്തീർക്കുകയും ഇതിന്റെ വകയായ് ഒരു ത്രൈമാസികപത്രം പ്രസിദ്ധപ്പെടുത്തിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സാഹിത്യം, ചരിത്രം, സംസ്കാരം ഈ വിഷയങ്ങളിലും മററും ഏതത്കാലപര്യന്തം അവിജ്ഞാതങ്ങളായിരുന്ന എത്രയെത്ര വിലയേറിയ രഹസ്യങ്ങളാണ് ഈ പത്രംമൂലം പൊതുജനങ്ങൾക്കു ധരിക്കുവാൻ ഇടവന്നിട്ടുള്ളത് എന്നുള്ളതിനെപ്പററി ഞാനൊന്നും പറയുന്നില്ല. നിർമ്മത്സരന്മാരായ കേരളീയർക്ക് അതെല്ലാം കരതലാമലകം പോലെ കാണാവുന്നതാകുന്നു. ത്രൈമാസികത്തിന്റെ രണ്ടാമത്തെ

Digitized By Kerala Sahitya Akademi

സഞ്ചികയുടെ മൂന്നാമത്തെ സംപുടം ഇപ്പോൾ പ്രകാശിതമായിട്ടുണ്ടു്. പരിഷത്തിനു യാതൊരു മൂലധനവുമില്ല; ത്രൈമാസികത്തിനു് അത്രു് അർപ്പിക്കുന്ന വിധത്തിലുള്ള വരിക്കാരോ ലേഖകന്മാരോ വേണ്ടുവോളം ലഭിക്കുന്നില്ല. ഇന്നു് ഇവിടെ ഭാഷാപോഷണത്തെക്കാൾ വലുതായ് ഒരു കർത്തവ്യകർമ്മവുമില്ല എന്നുള്ള പരിപൂർണ്ണബോധത്തോടുകൂടി സന്നിഹിതരായിരിക്കുന്ന നാമെല്ലാവരും ഒത്തൊരുമിച്ചു ശ്രമിച്ചാൽ പരിഷത്തിന്റെ ധനസംബന്ധമായും മററു പ്രകാരങ്ങളിലും ഉള്ള വൈകല്യങ്ങൾ എല്ലാം അചിരേണ പരിഹൃതങ്ങളായ്ത്തീരും. ൧൦൯൦-ൽ തലശ്ശേരിയിൽ വച്ചു കൂടിയ ഭാഷാപോഷിണീസഭയുടെ യോഗത്തിൽ കടത്തനാട്ടു് ഉദയവർമ്മതമ്പുരാൻ ആ സഭ പന്ത്രണ്ടു കൊല്ലമായ് നടന്നുവരുന്നു എന്നും ആ കൊല്ലം തലശ്ശേരിയിൽ വച്ചു് ആതിന്റെ സമ്മേളനം നടത്തുവാൻ പോകുന്നു എന്നും ഒരു മാന്യനോടു പറഞ്ഞപ്പോൾ അദ്ദേഹം "ഈ നിഷ്ഫലമായ പ്രയത്നത്തേക്കാൾ കുറെ തെങ്ങുകൾ വയ്ക്കാമായിരുന്നു." എന്ന മറുപടികൊണ്ടു് ആ കൈരളീദാസനു മനശ്ശല്യമുണ്ടാക്കിയതായും പന്ത്രണ്ടുകൊല്ലംകൊണ്ടു കായ്ക്കുന്ന ഒരു വൃക്ഷമല്ല ഭാഷാപോഷിണിയെപ്പോലെയുള്ള സാഹിത്യസഭ എന്നറിവുള്ളതുകൊണ്ടു് അവിടുന്നു സമാധാനപ്പെട്ടതായും തന്റെ പ്രസംഗമദ്ധ്യത്തിൽ പ്രസ്താവിക്കയുണ്ടായി. ഭാഷാപോഷിണിപോയി സാഹിത്യപരിഷത്തു വന്നു; അതിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും തഴപ്പിനും കൊഴുപ്പിനും പ്രയത്നിക്കേണ്ടതു ഞാനല്ല നിങ്ങളല്ല, നമ്മൾ—നമ്മളാണെന്നു നാമെല്ലാവരും ഓർക്കണം; അതാണു് സാഹോദര്യം; സൗഭ്രാത്രം; സംഭൂയസമുത്ഥാനം.

൨

അദ്യമായി നാം "ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ" എന്ന വാല്മീകിമഹർഷിയുടെ വാഗമൃതത്തിന്റെ തത്വം മനസ്സിലാക്കി നമ്മുടെ പ്രിയമാതാവായ കേരളഭൂമിയെ—പാർവ്വതീദേവിയുടെ ധർമ്മപുത്രനായ ഭഗവാൻ ശ്രീപരശുരാമസ്വാമിയുടെ ഓമനക്കുമാരിയെ—സ്നേഹിക്കുവാനും ആരാധിക്കുവാനും പഠിക്കണം. ഈ ദേവി എത്രയെത്ര വിദേശീയ കവികളുടെ മുക്തകണ്ഠമായ ശ്ലാഘയ്ക്കു് ഓരോ കാലത്തിൽ പാത്രീഭവിച്ചിരുന്നു! നിങ്ങളിൽ പലരും ധരിച്ചിരിക്കുവാൻ ഇടയില്ലാത്ത രണ്ടുമൂന്നു് ഉദാഹരണങ്ങൾ ഞാൻ പ്രദർശിപ്പിക്കാം. നമ്മുടെ മാതാവിന്റെ, അരിമസ്സന്താനമെന്നു നാം എന്നെ

Digitized By Kerala Sahitya Akademi

നം അഭിമാനിക്കുന്ന ശങ്കരഭഗവൽപാദരെക്കാൾ മഹനീയനായ ഒരു പുരുഷൻ സർവ്വേശ്വരന്റെ അംശാവതാരപദവിയിലേക്കു ലോകം അതിരറ്റ ബഹുമാനത്തോടെ ആരോഹണം ചെയ്യിച്ചിരിക്കുന്ന ബുദ്ധാദികളെ കഴിച്ചാൽ ഭാരതഖണ്ഡത്തിൽ ഇതേവരെ ജനിച്ചിട്ടില്ല. ആ മഹാത്മാവിന്റെ പ്രശസ്തിയെ വിഷയീകരിച്ചു ചിദ്വിലാസയതി രചിച്ചിട്ടുള്ള ശങ്കരവിജയവിലാസം എന്ന ഗ്രന്ഥത്തിൽ കേരളത്തെപ്പററി താഴെ ചേർക്കുന്ന വിവരണം കാണുന്നു:—

"സർവത്ര ഫലപുഷ്പാഢ്യൈഃ പാദപൈരുപശോഭിതം;
നദീനദതടാഗ്ര്യൈർക്കുല്യാഭിഃകാരണ്ഡവപ്രഭം;
പദ്മോത്പലകഹ്ലാരഹംസൈഃ സവിരാജിതൈഃ
കമലൈഃ പുണ്ഡരീകൈശ്ച ഭ്രമദ്ഭ്രമരസങ്കുലൈഃ
മാതുലുംഗപനസാകാരൈഃ പരിതോപി നിഷേവിതം;
ക്രീഡച്ചിക്കിര * സന്ദഷ്ടനാളികേരഫലാദകൈഃ
വിസ്തൃതാനിർമ്മിതാരാമസൈകൈഃ ഫുല്ലപുന്നാഗകേസരൈഃ
ശുകശിഖണ്ഡിമരാളക്കൂജൽകീരകലോത്തമൈഃ
രസാലശിഖരാസീനൈർഗ്ഗായദ്ഭിഃ കോകിലൈർവൃതം;
ഉത്താലതാലതരുഭിർമ്മണ്ഡിതം പരിതോ ഭൃശം;
മനോജ്ഞപത്രപാകാരിഭ്രൂവിലാവണ്യരഞ്ജിതൈഃ
വിടപദ്ഭിഃസ്ഥൂലഫലൈക്ഷശ്ചധീരൈസ്സ്ഫടികജൈർവൃതം;
ഗീതവാദിത്രലാസ്യാദികുശലൈരങ്ഗനാജനൈഃ
രതികാന്തിതിരസ്കാരിസൌന്ദര്യൈഃ പരിവേഷ്ടിതം;
സ്മൃതിമാത്രേണ മന്ത്രാണാം സദ്യസ്സിദ്ധിപ്രദായകം;
ഇക്ഷുഭിഃ ക്വചിദാസ്തീർണ്ണം പർവസംഗതമൌക്തികൈഃ;
* * * * * *
മോഹനസ്തംഭനാദ്യാനാം വിദ്യാനാമങ്കുരസ്ഥലം;
ശ്രുതിസ്മൃതീതിഹാസാനാം ശാസ്ത്രോപനിഷദാമപി
യഥാതഥാർത്ഥകഥനപണ്ഡിതൈർമ്മണ്ഡിതം ബുധൈഃ;
ദാതാ ഭജദഭീഷ്ടാനാമുദ്ധർത്താ കല്മഷോദധേഃ

* ചിക്കിരം=ചുണ്ടെലി.



Digitized By Kerala Sahitya Akademi

കർത്താ ത്രിജഗതാമേവ വിനേതാ ദുഷ്ടസംസദഃ
ജേതാ ദിതിജജാലാനാം ശ്രീമാൻ ഹരിഹരാത്മജഃ
ശാസ്താ സമസ്തദിക്പാലാനാം ശാസ്താ ഖിലൈശാകപൂജിതഃ
യദീയാം ശ്രീമദാലോക്യ ദിവം ത്യക്ത്വാ ഭുവം ഗതഃ;
താദൃശം കേരളം ദേശം."

ഈ വർണ്ണനത്തിൽനിന്നു കേരളത്തിന്റെ പ്രകൃതിസൌഭാഗ്യം പ്രകടിപ്പിക്കുന്നതോടുകൂടി ഇവിടത്തെ പുരുഷന്മാരുടെ വൈദഗ്ദ്ധ്യവും ഉദാരബന്ധതയും സ്ത്രീകളുടെ രൂപലാവണ്യവും വിശദമാകുന്നതിനു പുറമെ ഈ ദേശത്തിന്റെ പ്രത്യേകസമ്പത്തുകളും മന്ത്രവാദത്തിന്റെയും ഹരിഹരപുത്രാരാധനത്തിന്റേയും മാഹാത്മ്യവും വ്യഞ്ജിക്കുന്നു. ഗോവിന്ദദീക്ഷിതരുടെ വംശജനായ രാമചന്ദ്രദീക്ഷിതർ എന്ന ചോളദേശീയനായ ഒരു കവി കേരളാഭരണം എന്നൊരു ചമ്പു നിർമ്മിച്ചിട്ടുണ്ട്. അതിൽ ദേവസഭയിൽ

"കതമോ ദേശോരമ്യഃ?
കസ്യാചാരോ മനോഹരോ മഹതാം?
ഇതി വാദിനി ദേവപതൌ
സംവാദോഽഭൂച്ച വസിഷ്ഠഗാധിജന്മനോഃ."

ഈ ഭൂമിയിൽ ഏതു ദേശമാണ് രമണീയമായിട്ടുള്ളതെന്നും മഹാന്മാരുടെ ആചാരമാണ് മനോഹരമായിട്ടുള്ളതെന്നും ദേവേന്ദ്രൻ ചോദിക്കവെ പരസ്പരയശഃപുരോഭാഗന്മാരായ വസിഷ്ഠനും വിശ്വാമിത്രനും തമ്മിൽ വാഗ്വാദമുണ്ടായി എന്നും അവർ ഈ ലോകം മുഴുവൻ ചുറ്റിസ്സഞ്ചരിച്ച് ഒടുവിൽ "ദൃഷ്ടസുഖേഷു ദേശേഷു കേരളസ്സമീചീനഃ" അതായത് ഐഹികസുഖങ്ങൾക്ക് അധികമുള്ള ദേശം കേരളം തന്നെയാണെന്ന് വൈരികളേന്ദ്യന് ദേവേന്ദ്രനെ അറിയിച്ചു എന്നും കവി പ്രസ്താവിക്കുന്നു.

"പനസാമ്രനാളികേര-
ക്രമുകമയാന്യേവ സന്തി വിപിനാനി;
വല്ല്യശ്ച നാഗവല്ലീ-
മരിചലതാ ഏവ കേരളേ ദേശേ"

Digitized By Kerala Sahitya Akademi

അതായതു പിലാവു്, മാവു്, തെങ്ങു്, കവുങ്ങു് ഇവയല്ലാതെ കേരള ദേശത്തിലെ വനങ്ങളിൽ വൃക്ഷങ്ങളും, വെററിലക്കൊടി, മുളകുകൊടി ഇവയല്ലാതെ ലതകളോ ഇല്ലെന്നും,

"പ്രത്യഗ്രസ്തബകാവനമ്രവിടപാ-
സ്സർവ്വത്ര ഭൂമീരുഹാ-
സ്സാഹസ്രാംബുരുഹപ്രകാണ്ഡസഹിത-
ഗസ്തരാംഭസോവാപികാഃ,
ഘോരോഷ്മാ ന കദാപി യത്ര, നിബിഡ-
ച്ഛായം സദാ ഭൂതലം,
വാതാശ്ശൈത്യമുദാരഗന്ധമപി വാ-
മോദാദപാകുർവതേ."

അതായതു് ഈ ദേശത്തിലുള്ള വൃക്ഷങ്ങളെല്ലാം പുതിയ പൂന്താത്തുകളുടെ ഭാരംകൊണ്ടു ചാഞ്ഞ ശാഖകളോടുകൂടിയവയാണെന്നും, ചിറകററ വിരിഞ്ഞ താമരപ്പൂക്കളെ വഹിക്കുക നിമിത്തം പുഞ്ചിരിക്കൊള്ളുന്നതുപോലെ തോന്നുന്ന ജലത്തോടുകൂടിയവയാണെന്നും, ഇവിടെ ഭൂമിക്കു സാധാരണമായുള്ള ഊഷ്മാവു് ഒരു കാലത്തുമില്ലെന്നു മാത്രമല്ല എല്ലാ സ്ഥലങ്ങളും നിബിഡമായ വൃക്ഷച്ഛായയോടുകൂടിയവയാണെന്നും, ഇവിടത്തെ സുഗന്ധിയും നല്ലതുള്ളതിൻെറ രസസ്പർശത്തോടുകൂടിയതുമായ കാററു ശൈത്യത്തെ അകററുന്നതിനു പര്യാപ്തമാണെന്നും മററുമാണു് രാമചന്ദ്രദീക്ഷിതരുടെ വർണ്ണനത്തിൻെറ ഗതി. ക്രി. പി. പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ശേക്കിഴാർ എന്ന ദ്രാവിഡമഹാകവി അദ്ദേഹത്തിൻെറ പെരിയപുരാണത്തിൽ ചെങ്ങന്നൂർക്കാരനായ വിറന്മിണ്ട (വീരമിണ്ട) നായനാരുടെ ചരിത്രം ആരംഭിക്കുന്ന അവസരത്തിൽ കേരളത്തെപ്പററി "തിരൈച്ചെയ്കടലിൻ പെരുവളനും തിരുന്തുനിലനിൻ ചെഴുവളനും വരൈയിൻ വളനുമുടൻ പെരുകി മല്ലുനാട്ടു മലൈനാട്ടു" അതായതു് സമുദ്രത്തിൽ നിന്നും, നേർനിരപ്പാക്കിയ പ്രദേശങ്ങളിൽനിന്നും, മലയിൽനിന്നും ഇങ്ങനെ മൂന്നു വിധത്തിൽ ലഭിക്കുന്ന ഐശ്വര്യങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഒരു നാടാണു് മലനാട്ടു് അഥവാ കേരളം എന്നു ഗാനംചെയ്യുന്നു.

Digitized By Kerala Sahitya Akademi

ഈ കവികളെല്ലാം കാശ്മീരദേശ്യന്മാരാണു്. ഔത്തരാഹന്മാർക്കും കേരളത്തെ—പ്രത്യേകിച്ചു കേരളസ്ത്രീകളുടെ സൌന്ദര്യത്തെ—പ്പററി നല്ലപോലെ കേട്ടറിവുണ്ടായിരുന്നു എന്നുള്ളതിനു ധാരാളം ലക്ഷ്യങ്ങളുണ്ടു്.

"ഭയോത്സൃഷ്ടവിഭൂഷാണാം തേന കേരളയോഷിതാം
അളകേഷു ചമൂരേണുശ്ചൂർണ്ണപ്രതിനിധീകൃതഃ"

എന്ന രഘുവംശപദ്യത്തിൽ കാളിദാസൻ കേരളസുന്ദരിമാരുടെ കുറുനിരകളെ ഭംഗ്യന്തരേണ പ്രശംസിക്കുന്നു. "കേരളീകബരീഭംഗിഭംഗുരം" എന്നു് അനർഘരാഘവത്തിൽ മുരാരി അവരുടെ കേശപാശത്തെ ശ്ലാഘിക്കുന്നു. ആ ഭാഗം വ്യാഖ്യാനിക്കുമ്പോൾ രുചിപത്യുപാധ്യായൻ "കേരളസ്ത്രീണാം ചികുരാഃ കുടിലാ ഭവന്തീതി പ്രസിദ്ധിഃ" അതായതു കേരളസ്ത്രീകളുടെ തലമുടി ചുരുണ്ടതാണെന്നു പ്രസിദ്ധിയുണ്ടെന്നു പറയുന്നു. അവരുടെ അളകങ്ങളേയും കുന്തളങ്ങളേയും ഒരുമിച്ചു പുകഴ്ത്തിക്കൊണ്ടു രാജശേഖരൻ കാവ്യമീമാംസയിൽ

"ആമൂലതോവലിതകുന്തളചാരുചൂഡ-
ശ്ചൂർണ്ണാളകപ്രചയലാഞ്ഛിതഫാലഭാഗഃ
കക്ഷാവിശേഷനിബിഡീകൃതനീവിരേഷ
വേഷശ്ചിരം ജയതി കേരളകാമിനീനാം."

എന്നുപന്യസിക്കുന്നു. ഇവരെല്ലാം ക്രി. പി. പത്താംശതകത്തിനു മുമ്പു ജീവിച്ചിരുന്ന കവികളാണു്.

'മുരള' എന്നൊരു നദിയെപ്പററി പ്രാചീനകവികൾ പ്രസ്താവിക്കുന്നുണ്ടു്. 'ഭയോത്സൃഷ്ടവിഭൂഷാണാം' എന്ന പദ്യം കഴിഞ്ഞു ഉടനേയാണല്ലോ രഘുവംശം ചതുർത്ഥസർഗ്ഗത്തിൽ

"മുരളാമാരുതോദ്ധൂതമഗമൽകൈതകം രജഃ
തദ്യോധവാരബാണാനാമയത്നപടവാസതാം."

എന്ന പദ്യം കാണുന്നതു്. ഈ പദ്യം മല്ലിനാഥൻ വ്യാഖ്യാനിക്കുമ്പോൾ "മുരളാ നാമ കേരളേഷു കാചിന്നദീ" എന്നു പറയുന്നു. ഉത്തരരാമചരിതം മൂന്നാമങ്കത്തിൽ മുരളയും തമസയുമായുള്ള സംവാദ

Digitized By Kerala Sahitya Akademi

ത്തിൽ മുരളയെ ഗോദാവരിക്കു് ഒരു സന്ദേശവുമായി മലയപർവ്വതവാസിയായ അഗസ്ത്യമഹർഷിയുടെ ധർമ്മപത്നി ലോപാമുദ്ര പറഞ്ഞയയ്ക്കുന്നതായി ഭവഭൂതി വർണ്ണിക്കുന്നു. ഞാൻ ഈ നദി ഏതെന്നു പുന്നശ്ശേരി നമ്പിയോടു ചോദിച്ചതിൽ അതു വാപ്പുഴയെന്നാണു് താൻ ധരിച്ചിട്ടുള്ളതെന്നു് അദ്ദേഹം പറയുന്നു. "മൃഷിതമുരളീകേരളീഹാരമൌലിഃ" എന്നു ബാലഭാരതം നാടകത്തിൽ രാജശേഖരൻ മുരളികളേയും കേരളികളേയും വേർതിരിച്ചും എന്നാൽ സംബന്ധിപ്പിച്ചും പ്രസ്താവിക്കുന്നു. മുരളി എന്നു വച്ചാൽ മുരളയോടു ബന്ധമുള്ള സ്ത്രീ. മുരളയെന്നു് ഒരു ദേശത്തെപ്പററി പറഞ്ഞുകേട്ടിട്ടില്ല; അതുകൊണ്ടു് അതു നദിതന്നെയാകണം. ഏതു നദിയാണെന്നു് നല്ല ചർച്ചചെയ്തതിനു മേൽ തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഇത്രയും ഞാൻ പ്രസ്താവിച്ചതു കേരളത്തിന്റെ പ്രാചീനഭൂമിശാസ്ത്രത്തെപ്പററിപ്പോലും ഇനിയും പല പ്രധാനപ്രശ്നങ്ങൾ തീരുമാനിക്കപ്പെടാനിരിക്കുന്നുണ്ടു് എന്നു കാണിക്കുന്നതിനാണു്. പൌരസ്ത്യന്മാരും പാശ്ചാത്യന്മാരുമായ നാനാദേശസഞ്ചാരികളും നമ്മുടെ പ്രിയമാതാവിന്റെ സമ്പൽസമൃദ്ധിയേയും സൌഭാഗ്യധോരണിയേയും കണ്ടു വിസ്മയപരവശന്മാരാകാതെയിരുന്നിട്ടില്ല. ആ ധാത്രി സർവ്വാരാധ്യയും അനന്തയശസ്വിനിയും ആയ ആ ദേവിയെ മക്കളായ നാം ഏതുവിധത്തിൽ സ്നേഹിക്കുന്നുണ്ടോ? ഉപാസിക്കുന്നുണ്ടോ? ആ തനയവത്സലയായ മാതാവിന്റെ പാവനമായ നാമധേയം കേൾക്കുമ്പോൾ നമ്മുടെ ശരീരം ആനന്ദപുളകിതമാകുന്നുണ്ടോ? നേത്രങ്ങൾ ഹർഷാശ്രുവാർഷികളാകുന്നുണ്ടോ? ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്.

ദക്ഷിണാപഥത്തിനു പണ്ടുപണ്ടേ അധീശ്വരന്മാരായ മൂവരശരിൽ അഗ്രസ്ഥാനം കേരളമാളുന്നവരായ ചേരന്മാർക്കായിരുന്നു. ചേരൻ + അകം ചേരളം ആയി; അതു സംസ്കൃതീകരിച്ചപ്പോൾ കേരളവുമായി. 'ചേരൽ' എന്നതു് സമുദ്രം പിൻവാങ്ങുകയാൽ കരയായിട്ടു് ചേർന്ന നാടാണു് ചേരനാട്ടു്. അകമെന്നാൽ ഭൂമി, സ്ഥലം, ദേശം, തമിഴകം എന്ന പദം നോക്കുക. ചേരചോഴപാണ്ഡ്യർ എന്നാണു് അതിപ്രാചീനകാലംതൊട്ടേ മൂവരശരെ വ്യവഹരിച്ചുവന്നതു്. "ചിറുപാണാറ്റുപ്പടൈ" (കവികൾക്കു മാർഗ്ഗം കാണിക്കുന്ന ചെറിയ ഗ്രന്ഥം) എന്ന സംഘഗ്രന്ഥത്തിൽ കുട്ടുവൻ (ചേരൻ) ചെഴിയൻ (പാണ്ഡ്യൻ) ചെമ്പിയൻ (ചോളൻ) എന്നു് ഇവരുടെ പൌർവ്വാപര്യ

Digitized By Kerala Sahitya Akademi

ക്രമം പ്രസ്താവിച്ചുകാണുന്നു. തൊല്കാപ്പിയം എന്ന അതിപ്രാചീനമായ ദ്രാവിഡവ്യാകരണത്തിൽ "പോന്തൈവേമ്പൈയാരെന വരൂഉ" മെന്നായതു് പന, വേപ്പു്, കൊന്ന ഇവയാണു് ചേരപാണ്ഡ്യചോളന്മാർ ധരിക്കുന്ന മാലകളെന്നു വർണ്ണിക്കുന്നു. ചേരൎക്കു (പൊരുൾ) അൎത്ഥവും ചോളൎക്കു (അറം) ധൎമ്മവും പാണ്ഡ്യൎക്കു കാമവുമാണു് പുരുഷാൎത്ഥമെന്നും ചേരൎക്കു വില്ലും ചോളൎക്കു പുലിയും പാണ്ഡ്യൎക്കു (കയൽ) മത്സ്യവുമാണു് കൊടിയടയാളമെന്നും അനേകം തമിഴ്ഗ്രന്ഥങ്ങളിൽ വിവരിക്കുന്നതിൽനിന്നു ചേരരാജാക്കന്മാരുടെ ഐശ്വൎയ്യവും യുദ്ധവീരതയും ഊഹിക്കാവുന്നതാണു്. ഇയൽ (കാവ്യം) ഇശൈ (ഗാനം) നാടകം ഇവ മൂന്നും ചേൎന്നുള്ളതാണു് മുത്തമിഴ്. ഇവയിൽ ചേരൎക്കു നാടകത്തമിഴും പാണ്ഡ്യൎക്കു ഗാനത്തമിഴും ചോളൎക്കു കാവ്യത്തമിഴും പ്രധാനമായിരുന്നു എന്നു മേല്പറഞ്ഞ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതാകുന്നു ചാക്കിയാൎക്കൂത്തിനു് ഇതരദേശങ്ങളെ അപേക്ഷിച്ചു കേരളത്തിൽ പ്രചാരം പ്രചുരമാകുവാൻ കാരണം. ക്രി. പി. 993-ൽ രാജരാജചോളൻ കേരളം ജയിച്ചതിനു മേൽ തഞ്ചാവൂർക്ഷേത്രത്തിലും ഈ കൂത്തിനു വേണ്ട ഏൎപ്പാടുചെയ്തതായി കാണുന്നു. ബൌദ്ധമതാനുയായികളുടെ പ്രാബല്യം പാണ്ഡ്യരാജ്യത്തിൽ വൎദ്ധിച്ചതോടുകൂടി അവിടെനിന്നു ഗാനം ബഹിഷ്കൃതമാകയും അതു കേരളത്തിലെത്തി ഇവിടെ പ്രചരിക്കയും ചെയ്തു. കാനക്കുറിഞ്ഞി, പുറനീര്, ഇന്ദിശ (ഇന്നിശൈ) ഇന്ദളം (ഇന്തളം) മുതലായ പ്രാചീനങ്ങളായ ദ്രാവിഡദേശീയരാഗങ്ങൾക്കു ഇപ്പോൾ കേരളത്തിൽ മാത്രമേ പ്രചാരമുള്ളു. ചെണ്ട, ഉടുക്കു്, ഇടയ്ക്ക, മിഴാവു (മുഴവു) മുതലായ പ്രാചീനദ്രാവിഡവാദ്യങ്ങൾക്കും ഇന്നു കേരളദേശം തന്നെയാണു് ആശ്രയം. കാവ്യങ്ങളുടെ പോഷണത്തിനു ചേരന്മാർ വേണ്ടവിധത്തിൽ സഹായിച്ചിട്ടുണ്ടു്. പുറനാനൂറു, പതിററുപ്പത്തു മുതലായ കൃതികളെയും ദ്രാവിഡപഞ്ചമഹാകാവ്യങ്ങളിൽ പ്രഥമഗണനീയമായ ചിലപ്പതികാരത്തെയും കേരളീയർ ഈ ഘട്ടത്തിൽ സാഭിമാനം സ്മരിക്കേണ്ടതാകുന്നു. ചേരരാജാക്കന്മാരുടെ പുരാതനചരിത്രങ്ങളിൽ പലതും പില്ക്കാലത്തും കേരളീയക്ഷത്രിയകുടുംബങ്ങളിൽ നിലനിന്നുപോരുന്നുണ്ടു്. അവയിൽ ഉതിയൻ ഉദയവൎമ്മാവായും കേരളൻ കേരളവൎമ്മാവായും കോതൈ ഗോദവൎമ്മാവായും രൂപാന്തരപ്പെട്ടിരിക്കുന്നു എന്നൂഹിക്കാം. ഈ ചേരന്മാരുടെ പ്രാ

Digitized By Kerala Sahitya Akademi

ചേരരാജധാനി വഞ്ചിയെന്നും മകോതൈയർപട്ടണമെന്നും അഭിധാനാന്തരങ്ങളോടുകൂടിയ കൊടുങ്ങല്ലൂർ (കൊടുങ്കോളൂർ) ആയിരുന്നു. ചേക്കിഴാർ ഇതിനെ "ശേർകലക്കോയിറ്റിരുത്തൂരൈപ്പുരിയും കലക്കോമൂതൂർ കൊടുങ്കോളൂർ" എന്നു പെരിയപുരാണത്തിൽ വർണ്ണിക്കുന്നുണ്ട്. കലക്കോമൂതൂർ എന്നാൽ രാജാക്കന്മാരുടെ പഴയ കലപുരി എന്നർത്ഥം. കരൂർ എന്നും ഈ പട്ടണത്തിനു ഒരു പേരുണ്ടായിരുന്നു. തൃശ്ശിനാപ്പള്ളിക്ക് അടുത്തുള്ള കരൂരല്ല ചേരന്മാരുടെ രാജധാനിയെന്നും 'കരൂർപട്ടണ' എന്ന ഗ്രാമസംജ്ഞതയിൽ ഇന്നും നിഴലിച്ചു കാണുന്ന 'കരൂർ അഥവാ വഞ്ചി' അല്ലെങ്കിൽ കൊടുങ്ങല്ലൂർതന്നെയാണ് ഒന്നാമതും വലിയ പ്രകൃതിഭേദങ്ങളുടെ ഫലമായിട്ടിപ്പോൾ ഒരു മാതിരി തീർച്ചപ്പെട്ടിട്ടുണ്ട്. ഒരു കാലത്തു കോയമ്പത്തൂർ, സേലം, നീലഗിരി ഈ ജില്ലകളും മൈസൂറിന്റെ ദക്ഷിണഭാഗവും കേരളത്തിനു പുറമേ ചേരരാജാക്കന്മാർക്ക് അധീനമായിരുന്നു. കേരളത്തിനു പുരാതനദ്രാവിഡഗ്രന്ഥങ്ങളിൽ 'മലൈനാടെ'ന്നും 'മലൈമണ്ഡലം' എന്നുംകൂടി പേരുണ്ടായിരുന്നതായി കാണുന്നു. കോയമ്പത്തൂർ കേരളത്തിൽനിന്നു വേർപിരിഞ്ഞപ്പോൾ കൊങ്കമണ്ഡലവും, തൊണ്ടൈനാട്ടു ചോളത്തിൽനിന്നു വിഭക്തമായപ്പോൾ തൊണ്ടമണ്ഡലവുമായി; അങ്ങനെ കാലാന്തരത്തിൽ ദക്ഷിണാപഥത്തിലെ പടൈപ്പുകാലം തൊട്ടേയുള്ളതെന്നു പരിശോധകർ എന്ന വ്യാഖ്യാതാവു പറയുന്ന മൂന്നു മണ്ഡലങ്ങൾ അഞ്ചു മണ്ഡലങ്ങളായി പരിണമിച്ചു. പാണ്ഡ്യർ, ചോളർ, പല്ലവർ, ചാലൂക്യർ, രാഷ്ട്രകൂടർ, കദംബർ, കന്നടിയർ, വിജയനഗരത്തിലെ രായന്മാർ, മധുരയിലെയും തൃശ്ശിനാപ്പള്ളിയിലെയും നായ്ക്കന്മാർ, മൈസൂറിലെ മഹമ്മദീയരാജാക്കന്മാർ, ആർക്കാട്ടിലെ നവാബുമാർ മുതലായ എത്രയെത്ര ഏതദ്ദേശീയരാജാക്കന്മാരോടും, ഈജിപ്ഷ്യന്മാർ, ഫിനിഷ്യന്മാർ, ഗ്രീക്കുകാർ, റോമന്മാർ, അറബികൾ, പോർത്തുഗീസുകാർ, ഡച്ചുകാർ, ഡേയിൻകാർ, പറിന്തിരീസുകാർ, ഇംഗ്ലീഷുകാർ മുതലായ എത്രയെത്ര വിദേശീയന്മാരോടുമാണ് കേരളീയർക്ക് ഇടപെടേണ്ടി വന്നിട്ടുള്ളതു് എന്നതിനു കൈയ്യും കണക്കുമില്ല. ഇത്രമാത്രം വിദേശീയസംബന്ധമുണ്ടായിട്ടുള്ള ഒരു രാജ്യം ഭാരതഖണ്ഡത്തിൽ വേറെയില്ല എന്നുതന്നെ പറയാം.

Digitized By Kerala Sahitya Akademi

കാലക്രമത്തിൽ മലയിൽ അതായത * മലനാട്ടിൽ സംസാരിക്കുന്ന ഭാഷ വേറൊന്ന അഥവാ മലയാളമായിത്തീൎന്നു. ചെന്തമിഴനിലം അതായത ചെന്തമിഴ സംസാരിക്കുന്ന ദേശം ഒന്നായിരുന്നു എന്നും അതിന്റെ ചുററും പന്ത്രണ്ടു കൊടുന്തമിഴദേശങ്ങൾ ഉണ്ടായിരുന്നു എന്നും ഇളമ്പൂരണർ, നച്ചിനാൎക്കിനിയർ, ശേനാവരയർ മുതലായ ദ്രാവിഡകാവ്യവ്യാഖ്യാതാക്കന്മാർ പറയുന്നു. അവയിൽ കുട്ടനാട്ട, കുടനാട്ട, പൂഴിനാട്ട, മലനാട്ട്, ഇവ കേരളത്തിന്റെ അംശങ്ങളായിരുന്നു. വേണ്ണാട്ട്, കക്കാനാട്ട് ശീതനാട്ട് ഇവയും ഒരു കാലത്ത ചേരരാജാക്കന്മാൎക്ക് അധീനമായിരുന്നു. ചെന്തമിഴ (പരിഷ്കരിച്ചതമിഴ) പാണ്ഡ്യദേശത്തിലെ ഭാഷയും കൊടുന്തമിഴ (പരിഷ്കരിക്കാത്തതമിഴ) കുട്ടനാട്ട മുതലായ ദേശങ്ങളിലെ ഭാഷയുമായിരുന്നു. കൊടുന്തമിഴിന പ്രത്യേകമൊരു സാഹിത്യമില്ലായിരുന്നതിനാൽ കൊടുന്തമിഴ്ദേശങ്ങളിൽ ജീവിച്ച വിദ്വാന്മാരും ചെന്തമിഴിൽ തന്നെയാണ് പ്രബന്ധങ്ങൾ നിൎമ്മിച്ചതു്. എങ്കിലും കേരളദേശത്തിലെ പണ്ഡിതന്മാർ ഗ്രന്ഥങ്ങൾ രചിച്ചപ്പോൾ അവയിൽ ഒരു മലയാളച്ചുവ പദങ്ങളുടേയും ശൈലികളുടേയും വിഷയത്തിൽ സംക്രമിക്കുക എന്നതു് അപരിഹരണീയമായിരുന്നു. അതിനെ ചെന്തമിഴിൽ മലൈനാട്ടു വഴക്ക (മലയാളസമ്പ്രദായം) എന്നു വ്യവഹരിച്ചുവന്നു. പനിക്ക ചെന്തമിഴിൽ മഞ്ഞു എന്ന അൎത്ഥമുള്ള ആ പദം ചിലപ്പതികാരത്തിൽ ഇളങ്കോവടികൾ ദുഃഖം എന്ന അൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതു നച്ചിനാൎക്കിനിയൎക്ക വ്യാഖ്യാനിക്കേണ്ടിവന്നപ്പോൾ അദ്ദേഹം "പനി എൻപതോർ ശൊല്ലുണ്ടു; അതു മലൈനാട്ടു വഴക്കു" അതായതു "പനി എന്നൊരു ശീലവുമുണ്ടു്; പനി എന്ന പദം ആ അൎത്ഥത്തിൽ പ്രയോഗിക്കുന്നതു കേരളത്തിലെ ശൈലിയാണു്." എന്നു പറയുന്നു. വലവാരൈ (വായൎയ്യൂ), പട്ടാങ്കു (പട്ടാങ്ങു്), അളിയൻ, ആശാൻ, ചാരായം (പരമായം), പിണക്കം മുതലായ പദങ്ങൾ ചിലപ്പതികാരത്തിലും, കടവു, കുപ്പായം, ചിതൽ, ചോറൈ, തീററി, കള്ളി, പണിക്കൻ, പായൽ, പൂചൈ

* ഈ മലനാട്ട കേരളമെന്ന മലനാടിന്റെ ഒരു വിഭാഗമാണു്.

Digitized By Kerala Sahitya Akademi

(പൂച്ച), മിട്ടക്ക, വഴിപാട്ട മുതലായ പദങ്ങൾ സംഘകാവ്യങ്ങളിലും, അച്ചൻ, അടൈ (അട=ഇല, അടിക്കലം, അടയ്ക്ക മുതലായ വാക്കുകൾ നോക്കുക), അത്താണി; അററകററം, അപ്പി (മഴത്തുള്ളി ആലിപ്പഴം നോക്കുക), അടിയിറൈ (അടിയറ); മൂരി, മടി (അലസ്യം), പാളെ, കവളം (ആനയുടെ തീററി), കാ (കാവു്,) കുട്ടൻ, കുരവൈ, കൂമ്പു (പാമരം), ചിക്കെന (ചിക്കെന്നു്), ചിറുക്കൻ (ചെറുക്കൻ), തുപ്പം (നെയ്യു്; 'അപ്പം തുപ്പം പകവിയ പഴം' എന്നുചിലപ്പതികാരത്തിൽ), നിച്ചലും (ദിവസംതോറും), നെരുനൽ (നെന്നൽ=ഇന്നലെ), പണ്ടി (വയറു്), പയലുതൽ (പയററു്), പള്ളി (നിദ്ര, പള്ളിക്കുറുപ്പു നോക്കുക), പറൈതൽ (പറയുക), പാണി (ഒരുവക വാദ്യം), പുലരി, പൈയ (പതുക്കെ), വാരം ഓതുതൽ (വാരമിരിക്ക) മുതലായ പദങ്ങൾ നാലായിരപ്രബന്ധത്തിലും കാണുന്നു. ഇവ തമിഴക്കു പ്രായേണ നിഘണ്ടുവിന്റെ സാഹായ്യം കൂടാതെ മനസ്സിലാക്കുവാൻ പ്രയാസമുള്ളതും എന്നാൽ കേരളീയക്കു് അനായാസേന ഗ്രഹിക്കാവുന്നതുമാകുന്നു. ഇതിൽനിന്നു് ആധുനികദ്രാവിഡഭാഷകളുടെ മൂലരൂപമായ പഴന്തമിഴിൽ നിന്നാണു് കൊടുന്തമിഴിന്റെ ഉത്ഭവം എന്നും, ആ കൊടുന്തമിഴ പരിഷ്കരിച്ചതാണു് ചെന്തമിഴെന്നും, നന്നിമിത്തം ഭാഷയുടെ പൂൎവ്വരൂപത്തോടു് ഏതാനും വിഷയങ്ങളിൽ അടുപ്പം ചെന്തമിഴിനേക്കാൾ കൊടുന്തമിഴിനും തദനന്തരോധേന മലയാളത്തിനും കൂടുമെന്നും കാണാവുന്നതാണു്. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ കേരളീയപണ്ഡിതന്മാർ ഏകദേശം ക്രി. പി. പത്താം ശതകംവരെ ചെന്തമിഴിൽത്തന്നെ ഗ്രന്ഥനിൎമ്മാണം ചെയ്തുവന്നു്. മലയാളഭാഷാസാഹിത്യം അതുവരെ രൂപവൽകൃതമായില്ലെങ്കിലും ആ ഭാഷ അതിനുമുമ്പു തന്നെ സ്വതന്ത്രപദവിയിൽ എത്തിയിരുന്നു എന്നനുമാനിക്കുന്നതിനു ധാരാളം ന്യായങ്ങളുണ്ടു്. ക്രി. പി. 1189-ലെ കൊല്ലൂർ താമ്രശാസനത്തിൽ "നാന്നു്, എഴുന്നരുളി, പിറന്നു, അളുന്ന, തിങ്ങൾ, അരങ്ങത്തു്, കുളങ്ങര, ഇടങ്ങഴി" ഇത്യാദി വാക്കുകൾ കാണുന്നതിനു പുറമേ പൈങ്കുനി പണ്ടുനിയമനി പോലും രൂപാന്തരപ്പെട്ടിരിക്കുന്നു. ക്രി. പി. 1251-ലെ ആററൂർ താമ്രശാസനത്തിൽ "വേണാട്ടുവാണരുളുന്ന കീഴപ്പേരൂർ ശ്രീവീര ഇരവിഉദയമാൎത്താണ്ഡവൎമ്മ ചിറവാമൂത്തവരായ നാം മലമണ്ഡലത്തു കണ്ണന്തൂർ

Digitized By Kerala Sahitya Akademi

ദേശത്തു" എന്നിപ്രകാരമാണ് നാം ഭാഷയുടെ ഗതി കാണുന്നതു്. ഇതു് ഇന്നത്തെ മലയാളത്തിൽനിന്നു് ഒരു വിധത്തിലും ഭിന്നമല്ല. ഈ പദവി മലയാളഭാഷയ്ക്കു ലഭിക്കുന്നതിനു് എത്ര ശതവർഷങ്ങളുടെ ഇട വേണമെന്നാലോചിച്ചാൽ കൊല്ലവർഷത്തിന്റെ ആരംഭത്തിനു മുമ്പുതന്നെ അതിനു ഒരു പ്രത്യേകരൂപം ഉണ്ടായിക്കഴിഞ്ഞിരുന്നിരിക്കണം എന്നനുമാനിക്കുന്നതു് അസംഗതമാകയില്ല. ഏകദേശം കൊല്ലവർഷം പത്താം ശതകം മുതല്ക്കെങ്കിലും മലയാളത്തിൽ മണിപ്രവാളകൃതികൾ ഉണ്ടായിത്തുടങ്ങിയിരിക്കണം. പാട്ടുകൾ അതിനു മുമ്പിൽതന്നെ പല പ്രകാരത്തിൽ പ്രചരിച്ചുവരുന്നിരിക്കണം. കന്നാടകസാഹിത്യത്തിന്റെ ആരംഭം ക്രി. പി. ഒൻപതാംശതകത്തിൽ കവിരാജമാർഗ്ഗം എന്ന സാഹിത്യശാസ്ത്രഗ്രന്ഥത്തിന്റെ ആവിർഭാവത്തോടുകൂടിയും തെലുങ്കുസാഹിത്യത്തിന്റെ ആരംഭം പതിനൊന്നാംശതകത്തിലും അതിന്റെ പ്രതിഷ്ഠ പന്ത്രണ്ടാംശതകത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന നന്നയ്യഭട്ടന്റെ മഹാഭാരതത്തോടുകൂടിയും ആണെന്നു നാം സമ്മതിക്കുന്നപക്ഷം മലയാളഭാഷാസാഹിത്യത്തിന്റെ പ്രാചീനതയെപ്പറ്റി നമുക്കു് അഭിമാനിക്കുവാനല്ലാതെ ന്യായം കാണുകയില്ല. സംഘകാലത്തു തെലുങ്കുപോലും "തമിഴ്പ്പേച്ച്" എന്ന തമിഴിൽ നിന്നു വ്യത്യസ്തമല്ലാത്ത ഒരു നിലയിലാണ് ഗണിക്കപ്പെട്ടുവന്നതു്.

ഇങ്ങനെ സ്വതന്ത്രമായ കൈരളിയുടെ സാഹിത്യം പാട്ടെന്നും മണിപ്രവാളമെന്നും രണ്ടു ശാഖകളായി വളർന്ന അവസ്ഥയിൽ ആദ്യമുണ്ടായതു കൊടുന്തമിഴിനോടു കഴിയുന്നതും ഐകരൂപ്യം വരുത്തിക്കൊണ്ടു രചിച്ചുവന്ന 'പാട്ടു' തന്നെയാണെന്നു ഞാൻ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്. ദ്രാവിഡവൃത്തങ്ങളിൽ ദ്രാവിഡാക്ഷരമാലയിൽപെട്ട അക്ഷരങ്ങൾ മാത്രം ഉപയോഗിച്ചുവന്നു. മോന എന്ന ആദ്യാക്ഷരപ്രാസം ഓരോ വരിയിൽപ്പെട്ട രണ്ടു ഖണ്ഡങ്ങളിലും എതുക എന്ന ദ്വിതീയാക്ഷരപ്രാസം ഓരോ ജോടിയായുള്ള ഈരണ്ടു വരികളിലും വരുത്തി രചിക്കുന്ന കവിതയാണു് പാട്ടെന്നു ലീലാതിലകകാരൻ നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ. "പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ കേരളഭാഷായാം ഭവതി" അതായതു മലയാളഭാഷയിൽ പാട്ടുകളിലെ ഭാഷ പ്രായേണ തമിഴുപോലെയിരിക്കും എന്നു് അദ്ദേ

Digitized By Kerala Sahitya Akademi

ഷം പ്രസ്താവിക്കുന്നതിന്റെ മർമ്മമെന്തെന്നും "തരതലന്താൻ" ഇത്യാദി അദ്ദേഹം ഉദ്ധരിക്കുന്ന പാട്ട് മലയാളമായതെങ്ങനെയെന്നും രാമചരിതത്തെ ഒരു മലയാളകൃതി എന്നു പറയുന്നതെന്തുകൊണ്ടെന്നും ഇതിൽനിന്നെല്ലാം സുമുഖം ധരിക്കാവുന്നതാണു്. പാട്ടിന്റെ രീതി കൊണ്ടു തൃപ്തി നേടുവാൻ കഴിയാത്തവരും സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ചവരുമായ മലയാളബ്രാഹ്മണർ മണിപ്രവാളം എന്നൊരു പുതിയ സാഹിത്യപ്രസ്ഥാനം ഭാഷയിലേർപ്പെടുത്തി. ആ പ്രസ്ഥാനത്തിലുള്ള കാവ്യങ്ങൾ സംസ്കൃതവൃത്തങ്ങളിൽ രചിക്കണമെന്നും, അവയിൽ ദ്വിതീയാക്ഷരപ്രാസം അപരിഹരണീയമല്ലെന്നും, ഉത്തമമണിപ്രവാളകാവ്യത്തിൽ ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുണ്ടായിരിക്കണമെന്നും അവർ വിധിച്ചു. ആക്കാലത്തെ പാട്ടും മണിപ്രവാളവും ഒന്നുപോലെ മനോഹരമായിരുന്നു. എന്റെ ഇതുവരെയുള്ള ഈ ഭാഷാവിഷയകമായ ശുഷ്കപ്രസംഗം കേട്ടു മുഷിഞ്ഞിരിക്കാവുന്ന നിങ്ങൾക്ക് ഇടയ്ക്കു് ഒരു ഗോവിന്ദനാമസങ്കീർത്തനം ആവശ്യകമാകയാൽ നിങ്ങളിൽ അധികംപേരും കേട്ടിരിക്കുവാൻ ഇടയില്ലാത്ത ഏതാനും ഉത്തമങ്ങളായ മണിപ്രവാളപദ്യങ്ങൾ ഇവിടെ ചൊല്ലാം.

1. ഒരു ചെറുമി.

"ഈഴച്ചേമ്പുവിരണ്ടുമൂൻറുചിറകും വാഴയ്ക്കു കീഴേടവും
പൻതേങ്ങാമുറിയും വളഞ്ഞ പുളിയും മീൻതിന്നു മേലേടവും
മുന്നം കുണ്ടുമുറിക്കു മൂത്ത തച്ചിട്ടും പായും പഴംപുട്ടിലും
കൈക്കീഴ്‌വച്ചു പിടിച്ചു കൊത്ത ചരുമാറുണ്ടോ മറക്കാവതു്?"

2. വിരഹതാപം.

കോലം നേർപാതിയായി ബത; കുസുമശരൻ
    വൈരി; വെൺതിങ്കൾ ചൂടാം;
ആലേപം ചാമ്പ വെണ്ണീ,റശനമപി വിഷ-
    പ്രായമോർക്കും ദശായാം;
ലീലാരാമം ചിതാകാനനം; മ[illegible]ലമയം
    ചിത്രകം; ചിത്രമേതം
ബാലേ, മേ വന്നുകൂടീ ഗിരിശത പുരുളീ
    നായികേ, നിൻവിയോഗേ."

Digitized By Kerala Sahitya Akademi

3. ചാടു.

“നിർമ്മര്യം പക്ഷപാതം തവ തരുണി, മനോ-
  മാലിമിക്കെന്നിൽ മന്ന്യേ;
രമ്യാകാരേണ കാണായിതു ബത മുറുവൽ-
  പ്പൂമരം വാമനേത്രേ;
മന്ദാറാകിൻറ ധന്യത്തുറനട്ടുവിലടുക്കി-
  ൻറുള്ളുണ്ടിന്നുന്നാളെ-
ച്ചെമ്മേ നിൻകൊങ്കമൊട്ടാം കനവിന കനക-
  ക്കല്പത്തൽ കർപ്പൂരവല്ലി.”

4. ചാടു.

“വിരഹേ തവ വാൎത്ത കേൾപ്പൂ കർണ്ണൌ;
കരമോ വന്ദനചെയ്തിതെങ്ങിരുന്നും;
മനമോ പുണരും നിനച്ചു കണ്ടാൽ;
കലമൌലേ ! നയനങ്ങളെന്തുചെയ്‌വൂ ?”

5. സൌന്ദര്യവൎണ്ണനം.

“ശൌരാരാജ്യാവതാരം താമമിഴിയുഗം;
  വാക്ക ഗീർവ്വാണമുഖ്യാ
ഹാരം; വക്ഷോജഭാരം ത്രിപുരഹരകരോ-
  ല്ലാസിനീ ചാപവല്ലീ;
മാരൻപൂമേനിയല്ലോ കൊടിതട്ടുവു; മഹാ
  മന്ദാരാളിം വിരോധം
ചാരാതെ താങ്ങുമവൻറിപ്പുറവടി, പുരളീ
  നായികേ താവകീനം.”

6. സന്ധ്യ.

നക്ഷത്രാണാം കരംബം ഗഗനമരതക-
  പ്പാലികായാമവൃത്തി-
ട്ടാക്കച്ചിക്കിപ്പുരത്തിപ്പരിചിനൊടു സമാ-
  യാതി സന്ധ്യാ ദിനാന്തേ;

Digitized By Kerala Sahitya Akademi

മൈക്കണ്ണാർമൌലിമാലയ്ക്കായി മരതകമാ-
ലയ്ക്കു ബാലയ്ക്കു പൂവും
കൈക്കൊള്ളാംകളൻതോഴ ചന്തംപൊഴിയ വരമില്ല-
ന്തോഴിതാനെന്നപോലെ”

7. ഉണ്ണികൃഷ്ണൻ.

കണ്ണിപ്പിലാവില കളിക്കലമാക്കിവച്ചു
മണ്ണുംനിറച്ചരിയിതെൻറുദിതാനരാഗം
ഉണ്മാനിടച്ചെറിയവിരൽ വിളക്കമോമൽ-
കണ്ണൻ ചിരിച്ചൊരു കളിപ്പുരയായവനോ ഞാൻ?”

8. പാട്ട്.

“വേർപാകിച്ചു തഴച്ചു ചേച്ച മുഴുവൻ ഞാനൊന്നിലേ നാലുനാ-
ളാപാദിച്ചു മറച്ചുവെച്ചു പുലവാന്തൈച്ചുരഴാറീടിനേൻ;
ശ്രീപാലോകസുഖാഗമെ നിലകലച്ചേരമേൽ നിലച്ചീട്ടുമീ-
മാപാപിപ്പുഴുക്കങ്ങൾ മാലതിയതേ, ചൊല്ലിൻറിതെല്ലാമൊട്ടും”

9. മഴക്കാലം—വിരഹതാപം.

“കൊട്ടിച്ചുംഭേരനാദത്തകിൽ, ശിഖികുലമാ-
മാലവട്ടങ്ങളും വീശ-
പ്പട്ടൊക്കും നീക്കിയാം തഴ നിവിമെയ്യ-
ത്തിച്ചുനിൻറാത്തശൈത്യം
ചുട്ടെപ്പെട്ടം മുടിപ്പാനിത മമ മനമാം
കൊച്ചി തെന്മനങ്ങ, നേ-
ടീട്ടാൻ ഹാ! നിൻവിയോഗേ ഝടിതി കൊടിയ കം-
ക്കാലമാം കൻറലേശൻ.”

10. പാട്ട്.

“നീടെഴും നേത്രയുഗ്മം കയൽ മറുകയലെ-
ന്നേറാത്ത കൊത്തീടുമല്ലോ!
പേടിക്കും ചക്രവാകം പുരികുഴൽനികരം
ക്കുരിരുട്ടെന്നദാരം;

---

* പൂന്തോട്ടത്തിൻെറ 'പൂമെത്തേൽ' ഇത്യാദി പദ്യമല്ല ആദ്യത്തെ പച്ചമലയാളപദ്യമെന്നു കാൺക.

Digitized By Kerala Sahitya Akademi

ഓടിപ്പോം പിന്നമന്നപ്പിട തവ നടക-
ങ്ങേററമെന്നാലിദാനീം
ക്രീഡിക്കൊല്ലേ സുശീലേ! പുനരപി വിമലേ!
നീ ജലേ രാജഹംസേ!"

11. നായികയുടെ അമ്മ.

"തിങ്കൾക്കു മേഘപടലം; ഹിമമംബുജാനാം;
പങ്കം പയസ്സിനു; കരിമ്പിനു പുഷ്പജാലം;
* അങ്കിക്കു ധൂമഃ—അണയാനരുതാതവണ്ണം
മങ്കയ്ക്കുമമ്മയിതു മന്ഥരയെന്നപോലെ."

12. ശിവൻ.

"ചിത്തസ്ത്രീജനകാനനാന്തരാന്തം മത്തം വിളിച്ചേഷഞാൻ
ഭക്ഷിച്ചങ്ങലയും തൊട്ടുത്തു വളരം കൈക്കൊണ്ടു സേവാമയം
വൃത്തിക്കക്ഷമപെണ്ണെപ്പുനഃ കനം വരിച്ചു തെങ്കെങ്കലേ-
ലുദ്യൽസ്ഥാണുപോടെ തെളിച്ചിത തളച്ചേനെൻ മനോവാര-
ണം."

അക്കാലത്തു് അതായതു ക്രി. പി. പതിനേഴാം ശതകംവരെ പ്രചുരപ്രചാരത്തിലിരുന്ന അനവധി ഭാഷാപദങ്ങളും ഭാഷാശൈലികളും ഇപ്പോഴേറിവന്ന സംസ്കൃതസമുദ്രത്തിന്റെ തിരതല്ലലിൽ നിമഗ്നങ്ങളായി ഇപ്പോൾ നിശ്ശേഷം പ്രയോഗശൂന്യങ്ങളായിത്തീർന്നിരിക്കുന്നു.

"മാതംഗം നതികൊണ്ടു മന്ദഗമനം കണ്ടീലയോ മങ്കമാർ-
മാതങ്ങാപെറുമിട്ടിയച്ചിരിയമെയ്യ് നീ തോഴ! ചേതോഹരം"

എന്ന വരികളിൽ രണ്ടാമത്തെ മാതംഗത്തിനു രാജതമെന്നർത്ഥം. "ഉണ്മാനാകയാലെന്നുടപ്പനിതി പുനഃ റിയാപ്പെരുവയിൽ" എന്ന വരിയിൽ പേതയെന്നാൽ അനഭിജ്ഞയെന്നർത്ഥം; "പാൽപെരുകുന്ന കാലത്തുണ്ടാം വിളച്ചിയുമുയച്ചിയുമശ്രുമേണ", എന്ന വരികളിൽ പാലിനു് ഐശ്വര്യം എന്നും കൂടിയർത്ഥം; "പുൽകക്കണ്ടേൻ പുനരതു നനാവോ കനാവോ നജാനേ" എന്ന വരിയിൽ നനാവു് എന്നാൽ ജാഗ്രദവ

* അങ്കി=അഗ്നി.

Digitized By Kerala Sahitya Akademi

സഹാ എന്നർത്ഥം; "മാപ്പാക്കപ്പെണ്ടുകൊൾകയൻ" എന്ന വരിയിൽ അരു-
തെന്നാൽ നിറയെ ചെയ്യെന്നർത്ഥം; "...ന്മാർ പൊലുകള്ളും മടവാ-
ളേ!" എന്ന വരിയിൽ ഏറ്റുകൊണ്ടു സ്തുതിക്കുമെന്നർത്ഥം. ഇത്-
ക പദങ്ങൾ ഇപ്പോൾ പ്രചാരലുപ്തങ്ങളായിത്തീർന്നിരിക്കുന്നതു കഷ്ടമാ-
ണെ. കൃഷ്ണഗാഥാകാരൻ പ്രയോഗിച്ചിരുന്ന അനേകം മനോഹരങ്ങളാ-
യ ഭാഷാപദങ്ങൾ വീണ്ടും ഭാഷാകവിതയിൽ പ്രചരിപ്പിക്കുവാൻ ഇ-
പ്പോൾ ചിലർ കഴിയുന്നതും ശ്രമിക്കുന്നുണ്ടു്. പുരാതനകാലങ്ങളിൽ
പൂർണ്ണമായ മലയാളഭാഷാജ്ഞാനത്തിനു സംസ്കൃതത്തിലെന്നപോലെ ത-
മിഴിലും പാണ്ഡിത്യം ആവശ്യകമായിരുന്നു. മലയാളസാഹിത്യത്തിനു
നമ്മുടെ അറിവിൽപ്പെട്ടിടത്തോളം ഇദംപ്രഥമമായി ഒരു ലക്ഷണശാ-
സ്ത്രഗ്രന്ഥം—ലീലാതിലകം—നിർമ്മിച്ച മഹാത്മാവിന്റെ തമിഴ്ഭാ-
ഷയിലുള്ള പാണ്ഡിത്യം എന്നെ അത്യന്തം ആശ്ചര്യപരവശനാക്കുന്നു.
'അട്ടൂഴ' എന്നും 'മകട്ടൂഴ' എന്നും യഥാക്രമം പുരുഷനെന്നും സ്ത്രീയെ-
ന്നും അർത്ഥത്തിൽ രണ്ടു് അതിപ്രാചീനങ്ങളായ ദ്രാവിഡ പദങ്ങ-
ളുണ്ടായിരുന്നു. ആ വാക്കുകൾ ലീലാതിലകകാരൻ ഒന്നാം ശില്പ-
ത്തിൽ ഉദ്ധരിച്ചു് അവ ചോളഭാഷാ (തമിഴ്) പദങ്ങളാണെന്നു
സമർത്ഥിക്കുന്നു. 'ചകരക്കിളവി ദാനുമൊഴിയീറാതു' (1, 88) 'ചേററു
മെയ്യുകമിക്കിന്നേ ചാരിതെ' (1, 173) 'ഇവർച്ചൊററിൽ ...
ററിലൊക്ലോൽ ചടചൊലെൻററൈത്തേ ചെയ്യുളിട്ടച്ചൊല്ലു' (1, 397) ഈ തൊല്കാപ്പിയസൂത്രങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നു. മുകുരം
ശബ്ദത്തിന്റെ സാധുത്വത്തെപ്പററി ചർച്ചചെയ്യുമ്പോൾ ദിവാകര-
നിഘണ്ടുവിലെ "മുരൈകെ നരൈനെ കഴികെ മുകുരം ചിനൈ ...
നരൈക കണ്ണിഗൈ പോകിലരുമ്പുമൊട്ടേ" എന്ന മുകുളപര്യായപ-
ട്ടികയായ പാട്ടും എടുത്തു കാണിക്കുന്നു. എന്നാൽ ആ മഹാപണ്ഡി-
തനു പോലും പദങ്ങളുടെ ചരിത്രത്തെപ്പററിയുള്ള അറിവു സമഗ്രമല്ലാ-
ത്തതിനാൽ ചില തെററുകൾ പററിപ്പോയിട്ടുണ്ടു് എന്നുകൂടി ഇ-
വിടെ പ്രസ്താവിക്കാതെ തരമില്ല. മണിപ്രവാളത്തിൽ മുൻപു സാധു-
ത്വബുദ്ധ്യാ പ്രയോഗിച്ചുവന്നിരുന്ന ചില പദങ്ങൾ അദ്ദേഹം തെററാ-
ണെന്നു പറയുന്നതിൽ യുക്തിവൈകല്യമുണ്ടു്. അദ്ദേഹത്തിന്റെ
കാലത്തിൽ പക്ഷേ മുകുളത്തിനു 'മുകുരം' എന്നു മലയാളത്തിൽ പ-
ര്യായമില്ലായിരുന്നിരിക്കാമെങ്കിലും അതിനു മുൻപു് ഉണ്ടായിരുന്നു
എന്നും ആ രീതിക്കാണു് "ചീയാതേ പോന്നൊരിക്കാലൊരുവിപുലമു-

Digitized By Kerala Sahitya Akademi

ശോ ഭേമേഖലപ്പാനുകണ്ടേൻ” എന്ന വരിയിൽ ആ പദ്യത്തിന്റെ പ്രണേതാവു ‘മുകൾ’ എന്നു പ്രയോഗിക്കാനിടവന്നതെന്നുമുള്ളതിനു സംശയമില്ല. ആ സ്ഥിതിക്കു മുകുളശബ്ദത്തിന്റെ തല കളയുന്നതു ശരിയല്ലെന്നും, അന്ത്യലോപം മുതലായ ഒൻപതു വികാരങ്ങൾ പാണ്ഡ്യഭാഷയിൽ മാത്രമാണു് വരുന്നതു് എന്നും അതിൽതന്നെ അവ ചെയ്യുൾ (പദ്യം) എന്ന വകുപ്പിൽപെടുന്ന കൃതികളിലേ വരൂ എന്നും പറയുന്നതു പദ്യചരിത്രത്തെപ്പററി നിശ്ചയം പോരാഞ്ഞിട്ടാണെന്നു പറയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ അദ്ദേഹം ‘സുഭ്രൂമഞ്ജരി നിന്നു വന്നു തുഞ്ചവും നാളണ്ടു കാണാതിത്” എന്ന വരിയിൽ തുഞ്ചവും എന്നതു് അപശബ്ദമാണെന്നും തുച്ഛം എന്നാണു് വേണ്ടതു് എന്നും പറയുന്നു. ഇതും ശരിയല്ല. തുഞ്ചം എന്നാൽ പ്രാചീനമലയാളത്തിലും ചെന്തമിഴിലും ഏററമെന്നാണർത്ഥം. തുഞ്ചവും എന്നാൽ ഏററവും. തുഞ്ചവും രൂപാന്തരപ്പെട്ടാണു് തുച്ഛമായതു്. അങ്ങനെയിരിക്കെ തുച്ഛമാണു് സുശബ്ദമെന്നും തുഞ്ചവും തെററാണു് എന്നും പറവാൻ ആചാര്യൻ അധികാരിയാണെന്നു തോന്നുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ കാലത്തു ‘തുഞ്ചവും’ തുച്ഛമായി മാറിപ്പോയിരുന്നിരിക്കാം. “ഇച്ഛാതഃ സ്വയമിങ്ങനെ വിധിവശാദന്യത്ര ഗത്വാ സുഭ്രൂമഞ്ജരി നിന്നെയുണ്ടു” ഇത്യാദിപദ്യം കവി എഴുതിയകാലത്തു തുഞ്ചവും പ്രയോഗത്തിലിരുന്നിരിക്കയും ചെയ്യും. ‘ചായൽ’ എന്ന പദം കേശാർത്ഥത്തിൽ പ്രയോഗിക്കുന്നതു് അവാചകമാണെന്നും അഭിധാന (നിഘണ്ടു) കാരനഭിധാനമാണു് അങ്ങനെ പറവാൻ കാരണമെന്നും വാദിക്കുന്നതു മറെറാരു മാതിരി പ്രമാദമാകുന്നു. ‘ചായൽ’ കേശത്തിനു പര്യായമായി ദിവാകരപിംഗളചൂഡാമണ്യാദി ദ്രാവിഡനിഘണ്ടുക്കളിൽ ചേർക്കപ്പെടുത്തിക്കാണുന്നില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ അതിനു പ്രയോഗബാഹുല്യമുണ്ടെന്നു് ആചാര്യൻ സമ്മതിക്കുന്ന സ്ഥിതിക്കു് അവാചകത്വദോഷം ആരോപിക്കുവാൻ പാടുണ്ടെന്നു തോന്നുന്നില്ല. വിശിഷ്യ മലയാളത്തിനോ അന്നു നിഘണ്ടുവും ഇല്ലല്ലോ. ‘പൂമെത്തും പുരിചായലാർ’ എന്നു പുനവും ‘അല്ലേലും ചായലാരെല്ലാമപ്പോൾ’ എന്നു കൃഷ്ണഗാഥാകാരനും ലീലാതിലകത്തിനു പിന്നീടും പ്രയോഗിക്കുന്നതു നോക്കുക.

ഇതിൽനിന്നെല്ലാം വെളിവാകുന്ന ഒരു സംഗതി ഭാഷാപദങ്ങളുടെ നിരുക്തവും മററും ശരിക്കറിയണമെങ്കിൽ പ്രാചീനമലയാ

Digitized By Kerala Sahitya Akademi

ളത്തിന്റേയും തമിഴിന്റേയും സാഹായ്യം നമുക്കു് ഒഴിച്ചുകൂടാത്തതാണെന്നാകുന്നു. ശരി എന്ന അർത്ഥത്തിൽ 'ഉവ്വ്' എന്നു നാം പറയാറുണ്ടല്ലോ. ഈ ഉവ്വിന്റെ പൂർവ്വരൂപം ഒവ്വ് എന്നായിരുന്നു. "ചെങ്കശപാന്നാരുമൊവ്വാ" എന്നു പുനംനമ്പൂരി പറയുമ്പോൾ 'ഒവ്വാ' എന്ന പദത്തിനു ശരിയല്ല എന്നാണർത്ഥം. ചങ്ങനാശ്ശേരി ചങ്ങനാർ (ശങ്കരനാർ) ശേരി പ്രസിദ്ധമായിട്ടുള്ളതാണു്. ആ പേർ ആ ദേശത്തിനു വന്നതു് അവിടെയുള്ള വാഴപ്പള്ളിയിലെ ശിവനിൽനിന്നാകുന്നു. "നായർ" (നായകൻ) എന്ന പദത്തിന്റെ സ്ത്രീലിംഗരൂപമാണു് നായകി. നായകി എന്നതു പൂജകബഹുവചനപ്രത്യയമായ 'ആർ' ചേർന്നപ്പോൾ നായകിയാർ എന്നരൂപം സിദ്ധിച്ചു. ആ രൂപമാണു് കാലാന്തരത്തിൽ 'നാച്ചിയാർ' ആയി പരിണമിച്ചതു്. അതോടുകൂടി നായത്തി നാച്ചിയായി, നാച്ചിയാർ നേശ്യാരുമായിട്ടുണ്ടു്. നേത്യർ എന്നു് ശരിയെന്നും നേശ്യാർ തെറ്റെന്നും ചിലർ പറയുന്നതിനു് അടിസ്ഥാനമില്ല. ആറൻചില ആറൽവുളയായി, ഒരു സംസ്കൃതീകൃതമായപ്പോൾ ഷഡങ്കപുരമായി. പന്ത്രണ്ടു എന്ന പദത്തിന്റെ ഉത്ഭവം രസകരമാണു്. ലീലാതിലകത്തിലെ 'ഫലിത വിശേഷഃ' എന്ന സൂത്രത്തിന്റെ വൃത്തിയിൽ ആചാര്യൻ രേഫം പദാദിയിൽ വരികയില്ലെന്നു സിദ്ധാന്തിച്ചുകൊണ്ടു് "രണ്ടാലുമൊന്റുണ്ടു നമുക്കിരാവിൽ" എന്ന പ്രയോഗം തെററാണെന്നു പറയുന്നു. രേഫം ഒരു കാലത്തു പദാദിയിൽ പ്രയോഗിക്കപ്പാടില്ലായിരുന്നു എന്നതു ശരിതന്നെ. എന്നാൽ "രണ്ടാലുമൊന്റുണ്ടു നമുക്കിരാവിൽ" എന്ന പദ്യഖണ്ഡം രചിച്ച കാലത്തു് ആ പൂർവ്വനിയമം കേരളീയർ ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. അതുപോകട്ടെ. രണ്ടിന്റെ പുരാതനരൂപം ഇരണ്ടെന്നു ധരിച്ചുകൊണ്ടാൽ മതി. 'പത്തു്' എന്ന പദത്തോടു് 'ഇരണ്ടു എന്ന പദം സന്ധിചെയ്യുമ്പോൾ 'ത്തു' വിന്റെ സ്ഥാനത്തു 'ൻ' ആദേശമായി വരുമെന്നു തൊല്കാപ്പിയത്തിൽ വിധിയുണ്ടു്. അപ്പോൾ പത്തു+ഇരണ്ടു പന്നിരണ്ടായി; ഇരണ്ടു രണ്ടെന്നു കേരളീയർ മാററിയപ്പോൾ പന്നിരണ്ടു പൻരണ്ടായി; പൻരണ്ടു ഉച്ചരിക്കുവാനുള്ള വൈഷമ്യത്താൽ പന്ത്രണ്ടായി രൂപാന്തരപ്പെട്ടു. "പന്തിരണ്ടാം ദിവസം കുരുസൈന്യവും പന്തിരണ്ടായിപ്പുറപ്പെട്ടു പോരിനായ്"



Digitized By Kerala Sahitya Akademi

എന്നു് എഴുത്തച്ഛൻ പ്രയോഗിക്കുമ്പോൾ പന്ത്രണ്ടു പന്തിരണ്ടാക്കുകയാണു് ചെയ്യുന്നതു്. ഇൻറി (ഇല്ലാതെ) എന്ന രൂപം എൻറിയായി, എൻറി കാലാന്തരത്തിൽ എന്നിയെന്നു മാറി; അതുതന്നെ എന്നിയേയും എന്ന്യേയുമായും ഭിന്നമായി.

തമിഴിനു പുറമേ പ്രാകൃതത്തിന്റെ ജ്ഞാനവും നമുക്കു സമ്പാദിക്കേണ്ടിയിരിക്കുന്നു. ആ ജ്ഞാനമില്ലെങ്കിൽ ഒരു പദത്തിന്റെ ഉത്ഭവം സംസ്കൃതത്തിൽനിന്നോ ദ്രാവിഡത്തിൽനിന്നോ എന്നു നിഷ്കൃഷ്ടമായി പറവാൻ സാധിക്കുകയില്ല. പ്രാകൃതത്തിൽ കാണുന്ന പദങ്ങളെല്ലാം സംസ്കൃതഭേദങ്ങളാണെന്നു വിചാരിക്കുന്നതും ഉപപന്നമായിരിക്കുകയില്ല. സംസ്കൃതപദങ്ങൾക്കു് ഇറങ്ങി ദ്രാവിഡപദങ്ങളാകുന്നതിനും ദ്രാവിഡപദങ്ങൾക്കു കയറി സംസ്കൃതപദങ്ങളാകുന്നതിനുമുള്ള ഏറക്കുറെ ഒരു കാലത്തു ദക്ഷിണാപഥത്തിൽ പ്രചരിച്ച ജൈനന്മാരുടെ ധർമ്മോപദേശഭാഷ പ്രാകൃതമായിരുന്നു. കഷ്ടം കട്ടമായും, രാജ്ഞി രണ്ണി (മലയാളവും തമിഴും റാണി) യായും, ആജ്ഞാ ആണയായും, വണിജൻ വാണിയനായും, കൃഷ്ണൻ കണ്ണനായും, ശ്രേഷ്ഠി ചെട്ടിയായും, കാഞ്ജി കഞ്ജിയായും (മലയാളവും തമിഴും കഞ്ഞി), മുക്താ മുത്താ ആയും (മലയാളവും തമിഴും മുത്തു്) പ്രാകൃതത്തിൽ കാണുന്നു. ആകയാൽ ചെട്ടിയും മുത്തും ശ്രേഷ്ഠിയുടെയും മുക്തയുടെയും പ്രാകൃതരൂപങ്ങളാണു് എന്നുള്ളതിനു തർക്കമില്ല.

സാഹിത്യത്തിന്റെ ഉന്നമനത്തെ സംബന്ധിച്ചു് അനവധി സംഗതികൾ പ്രസ്താവിക്കേണ്ടതുണ്ടെങ്കിലും ഇപ്പോൾതന്നെ എന്റെ പ്രസംഗം അത്യന്തം ദീർഘമായിപ്പോയിരിക്കുന്നതിനാൽ അതിനു സമയമില്ലാതെ തീർന്നിരിക്കുന്നു. ഗവേഷണത്തിന്റെ ഏതാനും ചില മുഖങ്ങളെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു. പ്രസാധനത്തെപ്പറ്റി ഒരു സംഗതി എനിക്കു പറവാനുള്ളതു പ്രസാധകന്മാർ പാഠപുസ്തകക്കമ്മിറ്റിക്കാരുടെ അംഗീകരണത്തേയും വിദ്യാർത്ഥികളുടെ പ്രയോജനത്തേയും ലക്ഷ്യമാക്കി മാത്രമേ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുള്ളു എന്നും അതുകൊണ്ടു മാത്രം ഭാഷാസാഹിത്യപോഷണം സാദ്ധ്യമാകുന്നതല്ലെന്നുമുള്ളതാണു്. മുൻകാലത്തു പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളിൽതന്നെ പലതും ഇപ്പോൾ ഒരിടത്തും വിലയ്ക്കു കിട്ടുന്നില്ല. അതു് അച്ചടി

Digitized By Kerala Sahitya Akademi

ച്ച പതിപ്പിൽപ്പെട്ട പ്രതികൾ മുഴുവൻ ചിതറിയതു നിമിത്തമല്ലെന്നും ഏതാനിടയ്ക്കോ ഒരു ഇരുട്ടറയിൽ ചിതലിനിരയായി അവയിൽ ഭൂരിഭാഗവും കിടക്കുകകൊണ്ടാണ് എന്നും നമുക്കറിവുള്ളതാണ്. അത്തരത്തിലുള്ള പഴയ പുസ്തകങ്ങൾ അവയുടെ ഉടമസ്ഥർ സൂക്ഷിപ്പുകാർ സ്വല്പമായ വിലയ്ക്കു കൈമാററം ചെയ്യുന്നതിനു സന്നദ്ധരായിരിക്കുമെന്നുള്ളതും അവ ശേഖരിച്ച് ഉത്സാഹശീലനായ ഒരു വ്യാപാരി വില്പനയ്ക്ക് ഉദ്യമിച്ചാൽ നല്ല ലാഭം എടുക്കാവുന്നതാണെന്നും ഞാൻ പറയേണ്ടതില്ലല്ലോ. ആ വഴിക്ക് ആരുടെയെങ്കിലും മനസ്സു തിരിഞ്ഞാൽ കൊള്ളാം.

മഹാകാവ്യങ്ങളുടെ കാലം കഴിഞ്ഞുപോയി എന്നു ചിലർ പറയാറുണ്ട്. മഹാകാവ്യം എന്നാൽ സംസ്കൃതസാഹിത്യാചാര്യന്മാരുടെ 'നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണനാ'ദി നിബന്ധനകൾക്കുൾപ്പെട്ടു നിർമ്മിക്കപ്പെടുന്ന ഒരു കാവ്യമെന്നാണർത്ഥമെങ്കിൽ ആ പ്രസ്താവന പക്ഷേ ശരിയായിരിക്കാം. എന്നാൽ ഇനി ഹ്രസ്വങ്ങളായ കവിതകൾക്കു മാത്രമേ ഭാഷയിൽ സ്ഥാനമുള്ളൂ എന്നും ദീർഘകവിതകൾ രചിച്ചാൽ അതു വായിക്കുവാൻ ആളുകളുണ്ടാകയില്ലെന്നുമാണ് വിവക്ഷയെങ്കിൽ ആ മതത്തോട് യോജിക്കുവാൻ ചരിത്രം നമ്മെ അനുവദിക്കുന്നില്ല. ക്രി. പി. പതിനേഴാംശതകത്തിൽ കരോലൈൻ ലിറിക്സ് ('Caroline Lyrics') എന്ന പേരിൽ അറിയപ്പെട്ടുന്ന ഒരുതരം ലഘുകൃതികൾ മാത്രം ഇംഗ്ലണ്ടിൽ കവികൾ രചിച്ച് അവയെക്കൊണ്ടു തൃപ്തിപ്പെട്ടുവന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. കറൂ (Carew) ഹെറിക്ക് (Herrick) ലവ്ലെസ് (Lovelace) സക്ലിങ്ങ് (Suckling) ഹെർബെർട്ട് (Herbert) ക്രെഷാ (Crashaw) മുതലായ കവികൾ ഈ ഇനത്തിൽ പെട്ടവരാണ്- അവരുടെ ഇടയിലാണ് മിൽററൺ (Milton) വളൻ തന്റെ പാരഡൈസ് ലോസ്റ്റ് (Paradise Lost) എന്ന മഹാകാവ്യം ക്രി. പി. 1667-ൽ പ്രസിദ്ധപ്പെടുത്തിയത്. 1914-ലെ യൂറോപ്പുമഹായുദ്ധത്തിനു ശേഷം ഇംഗ്ലണ്ടിൽ മഹാകാവ്യമേ ഉണ്ടാകുകയില്ലെന്നു പലരും ദീർഘദർശനം ചെയ്തിരുന്നു. ആ ദീർഘദർശനം അബദ്ധമാണെന്നു പരേതനായ രാജകീയമഹാകവി (Poet Laureate) ഡാക്ടർ ബ്രിഡ്ജെസ് (Dr. Bridges) അദ്ദേഹത്തിന്റെ ടെസ്ററമെൻറ് ഓഫ്

Digitized By Kerala Sahitya Akademi

ബ്യൂട്ടി (Testament of Beauty) എന്ന മഹാകാവ്യംകൂടി വെളിപ്പെടുത്തി. ഏതുകാലത്തും മഹാകാവ്യങ്ങൾ രചിക്കുന്നതിനു വേണ്ട ശക്തി, നിപുണത, അഭ്യാസം ഇവയോടുകൂടി * അനുഗ്രഹീതപുരുഷന്മാർ ജീവിക്കുകയാണെങ്കിൽ അത്തരത്തിലുള്ള കാവ്യങ്ങൾ ഉണ്ടാകുകതന്നെ ചെയ്യും. ഇന്നു മലയാളത്തിൽ നിലവിലിരിക്കുന്ന മഹാകാവ്യങ്ങൾ ഉത്തമങ്ങളല്ലെന്നോ അവയുടെ ഗണത്തിൽ വേണം ഇനിയും മഹാകാവ്യങ്ങളുണ്ടാകുവാനെന്നോ എനിക്കു് അഭിപ്രായമില്ലെന്നു ഞാൻ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. മഹാകാവ്യം നിർമ്മിച്ചാലേ ഒരാൾക്കു മഹാകവിയാകവൂ എന്നില്ല; മഹാകാവ്യം നിർമ്മിച്ചാൽ അങ്ങിനെയായിക്കൊള്ളുമെന്നുമില്ല. കാവ്യം എത്ര ചെറുതായാലും അതു സർവ്വോപരി സഹൃദയാഹ്ലാദകമാണെങ്കിൽ അതിന്റെ പ്രണേതാവു് ഒരു മഹാകവിതന്നെയാണു്. ഇരയിമ്മൻതമ്പി 'ഓമനത്തിങ്കൾക്കിടാവോ' എന്നുള്ള ഒരു പാട്ടല്ലാതെ മറ്റൊന്നുമെഴുതിയിരുന്നില്ലെങ്കിലും അദ്ദേഹം ഒരു മഹാകവിയായി പ്രശോഭിക്കുമായിരുന്നു. ശങ്കരക്കുറുപ്പിന്റെ ചെറിയ കവിതകളിൽ പലതിനും ഈ ഗുണമുണ്ടു്. മഹാകവി കുമാരനാശാന്റെ കാര്യം ഞാൻ പ്രത്യേകമെടുത്തു പറയേണ്ടതില്ലല്ലോ. ഇംഗ്ലീഷിൽ ലിറിക്കൽ ബാലഡ്സ് (Lyrical Ballads) എന്ന ലഘുകൃതിമാല രചിച്ച വേർഡ്സ്വത്തിനും കോളറിഡ്ജിനും (Wordsworth andColeridge) ഉള്ള സ്ഥാനം മററു മഹാകാവ്യങ്ങൾ രചിച്ച സൌതിക്കു് (Southey) ഇല്ല. ആ മഹാകാവ്യങ്ങൾ ചുട്ടുകളവാനല്ലാതെ മറെറാന്നിനും കൊള്ളുകയില്ല. വേർഡ്സ്വത്തിന്റെ ലൂസി (Lucy) യുടെയോ കോളറിഡ്ജിന്റെ എൻഷ്യന്റു മാരിനറുടെയോ (Ancient Mariner) മേന്മ അവയ്ക്കില്ല. സൌതിയെത്തന്നെ നാം ഇന്നു സ്മരിക്കുന്നതു് അദ്ദേഹത്തിന്റെ ഇൻച്കേപ്റോക്ക് (Inchcape Rock) മുതലായ ചില ലഘുകൃതികൾമൂലം മാത്രമാകുന്നു.

* ഭാഷയിൽ വളരെക്കാലം ഒരു പദം പ്രചരിച്ചുകഴിഞ്ഞാൽ അതു് അപശബ്ദമാണെങ്കിലും സ്വീകാര്യകോടിയിൽ പെടുകതന്നെ ചെയ്യും. "അഹോവൃത്തി" മുതലായ പദങ്ങൾ ഈ ഇനത്തിൽ അടങ്ങുമെന്നു തോന്നുന്നു. നേരേമറിച്ചു് ഇംഗ്ലീഷിൽ ബോയ്കോട്ടു് (പരിവർജ്ജനം) എന്ന പദത്തിനു് അഭ്യവകർഷണം എന്നൊരു പദം തർജ്ജിമ

Digitized By Kerala Sahitya Akademi

യായി പുറത്തുവന്നതു കണ്ടപ്പോൾ എന്റെ മാന്യസ്നേഹിതനും പ്രസിദ്ധസംസ്കൃതപണ്ഡിതനുമായ ശ്രീമാൻ പി. കെ. നാരായണപിള്ള ആ തർജ്ജിമ അബദ്ധമാണെന്നു് ഉൽഘോഷിക്കുകയും ആ കള്ളനാണയത്തിന്റെ പ്രചാരം അപ്പോൾതന്നെ അവസാനിക്കുകയും ചെയ്തു. അപശബ്ദങ്ങൾ പ്രയോഗത്തിൽ വരാതെ സൂക്ഷിക്കേണ്ടതു നമ്മുടെ ധർമ്മമാകുന്നു. ചിരകാലമായി പ്രയോഗത്തിലിരിക്കുന്നവയെ അത്ര എളുപ്പത്തിൽ ബഹിഷ്കരിക്കുവാൻ സാധിക്കുന്നതുമല്ല. സാങ്കേതികശബ്ദങ്ങളെപ്പററി പറയുകയാണെങ്കിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന പദങ്ങൾ മുഴുവൻ ശേഖരിച്ചു് അവയെ ഒരു നിഘണ്ടുരൂപത്തിൽ ആരെങ്കിലും പ്രസിദ്ധപ്പെടുത്തണം; ഒരു ഇംഗ്ലീഷുവാക്കിന്റെ തർജ്ജിമയായ് ഒന്നിലധികം പദങ്ങൾ പ്രചരിക്കുന്നുണ്ടെങ്കിൽ അവയിൽ ഉത്തമഗ്രന്ഥകാരന്മാരിൽ ഭൂരിപക്ഷവും സ്വീകരിച്ചിട്ടുള്ള പദത്തിനു മാത്രം നാം ഹസ്താവലംബം നല്കുവാൻ; ബാക്കി ഇംഗ്ലീഷ് വാക്കുകളാക്കു പാണിനിയുടെ തദ്ധിതസൂത്രങ്ങളും കൃൽസൂത്രങ്ങളും നോക്കി പുതിയ സംസ്കൃതപദങ്ങൾ സൃഷ്ടിക്കുന്നതിനേക്കാൾ പ്രായോഗികവും പ്രയോജനകരവുമായിട്ടുള്ളതു് ആ ഇംഗ്ലീഷ് വാക്കുകളെ അതേപടിതന്നെ ഭാഷയിൽ സംക്രമിപ്പിക്കുകയാകുന്നു. ഏതായാലും ആ ഇംഗ്ലീഷ് വാക്കുകൾ ധരിക്കാതെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലെ വിദ്യാത്ഥികൾക്കു, ശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ പഠിപ്പിക്കാറാകുന്നുള്ള കാലം വരുമ്പോഴും, ഒഴിഞ്ഞുനില്ക്കുവാൻ പ്രയാസമുണ്ടു്. ആ സ്ഥിതിക്കു് അവ മാത്രം പഠിച്ചാൽ മതി എന്നു വയ്ക്കുന്നതിൽ എന്താണു് ദോഷം?

"ശ്രദ്ദധാനശ്ശുഭാം വിദ്യാമാദദീതാവരാദപി;
അന്ത്യാദപി പരം ധർമ്മം സ്ത്രീരത്നം ദുഷ്കുലാദപി:"

എന്ന മനുസ്മൃതിയുടെ ആജ്ഞയെ വിധേയകളായാണു് കൈരളിയും—ഗൈർവ്വാണിപോലും—ഏതാവൽപര്യന്തം വർത്തിച്ചിട്ടുള്ളതു്. ഇംഗ്ലീഷ്ഭാഷ നമ്മുടെ സമ്രാട്ടിന്റെ ഭാഷ; ലോകത്തിലെ പ്രഥമഗണനീയമായ ഭാഷ; അതിൽനിന്നു പദങ്ങൾ കടം വാങ്ങുന്നതു നമ്മുടെ ആത്മാഭിമാനത്തിനു് ഭംഗകമാണെന്നു നാം സ്വപ്നം കാണുന്നതിൽ അത്ഥമില്ല.

Digitized By Kerala Sahitya Akademi

എന്റെ പ്രസംഗം ഇനിയും നീട്ടുന്നതു നിങ്ങളുടെ ക്ഷമയെ കഠിനമായി പരീക്ഷിക്കുകതന്നെയായിരിക്കും; അതിനു ഞാൻ മുതിരുന്നില്ല. ഇടപ്പള്ളിഗ്ഗുണപതിയുടെ ദിവ്യകടാക്ഷത്തിനു പാത്രമായ ഈ പരിഷത്തിനു ശോഭനമായ ഒരു ഭാവി എല്ലാംകൊണ്ടും ഉണ്ടാകേണ്ടതാണ്. സുകുമാരകവി ശ്രീകൃഷ്ണവിലാസത്തിൽ രുക്മിണീസ്വയംവരഘട്ടത്തിൽ

"ദൂരം സ്ഥിതം തസ്യ ദുരന്തദൈന്യാമലം ചരിഷ്ണുക്രമിതും ബലൌഘസ
ദത്താവകാശം ഭൃഗുനന്ദനസ്യ സ്ഥിതഃ പയോരാശിരിവ പ്രതീച്യഃ"

അതായതു ദുരാസദനായ ശ്രീകൃഷ്ണന്റെ മുന്നിൽനിന്നു ശിശുപാലപ്രമുഖന്മാരായ ശത്രുക്കളുടെ സൈന്യം, പരശുരാമനു സ്ഥലമൊഴിഞ്ഞുകൊടുത്തു് എങ്ങനെ പശ്ചിമസമുദ്രം മാറിനിന്നുവോ, അതുപോലെ ദൂരെ ഒതുങ്ങിനിന്നു എന്നു വർണ്ണിക്കുന്നു. പരശുരാമക്ഷേത്രത്തെ അധിവസിക്കുന്ന ഭാഷാദേവ്യുപാസകന്മാരായ നമ്മുടെ മുമ്പിൽ നിന്നു പ്രത്യൂഹസമുദ്രം അതുപോലെ മാറിനില്ക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്നെ അദ്ധ്യക്ഷപദത്തിൽ ഉപവേശിപ്പിച്ചതിനു് ഈ സമ്മേളനത്തിന്റെ ഭാരവാഹികളോടും എന്റെ ഈ പ്രസംഗം ഇത്രമാത്രം ക്ഷമയോടുകൂടി കേൾക്കുവാൻ സൗമനസ്യം കാണിച്ച സഭാവാസികളായ നിങ്ങളോടും എനിക്കുള്ള കൃതജ്ഞതയെ ഒന്നുകൂടി പ്രകടമായി പ്രസ്താവിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

---

Digitized By Kerala Sahitya Akademi

# കാളിദാസന്റെ ഒരു ശ്ലോകം.

"രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ."

രഘുവംശം പതിനൊന്നാം സർഗ്ഗത്തിൽ മഹാകവി കാളിദാസൻ താടകാവധസന്ദർഭത്തിൽ ചമച്ചിരിക്കുന്ന ഒരു ശ്ലോകമാണിതു്. ഈ ശ്ലോകം രസദോഷകമാണോ എന്നുള്ളതിനെപ്പറ്റി പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. സാഹിത്യഭൂഷണം എന്ന പുസ്തകത്തിന്റെ പ്രണേതാവായ ശ്രീമാൻ കുട്ടിക്കൃഷ്ണമാരാർ ഈ ശ്ലോകത്തിൽ കവി പ്രയോഗിച്ചിരിക്കുന്ന രൂപകാലങ്കാരം പ്രകൃതമായ ബീഭത്സരസത്തിനു് അനുചിതമാണെന്നു ചില ആലങ്കാരികന്മാർ ഉപന്യസിച്ചിട്ടുള്ളതു സമഞ്ജസമല്ലെന്നും, നായകോൽകർഷത്തെ പ്രതിപാദിക്കുന്നതിൽ ശ്രദ്ധാലുവായ മഹാകവി ഇങ്ങനെ രൂപണം ചെയ്തതു കരുതിക്കൂട്ടിത്തന്നെയായിരിക്കണമെന്നും പ്രസ്താവിച്ചുകൊണ്ടു് ഇതു നിർദ്ദോഷമായ ഒരു ശ്ലോകമാണെന്നു സമർത്ഥിക്കുവാൻ ശ്രമിക്കുകയുണ്ടായി. ആ പുസ്തകത്തിനു് അവതാരിക എഴുതേണ്ടിവന്ന ഘട്ടത്തിൽ ഞാൻ "പ്രകൃതത്തിൽ ബീഭത്സരസത്തിനു വിരുദ്ധമായ ശൃംഗാരരസത്തിന്റെ വ്യക്തിക്കു് എന്തെല്ലാം ഉപപത്തി നാം കണ്ടുപിടിച്ചാലും ഈ ശ്ലോകം ക്ഷോദക്ഷമമാണെന്നു തോന്നുന്നില്ല" എന്നു് എന്റെ അഭിപ്രായം രേഖപ്പെടുത്തി. ഭാഷാപോഷിണിയുടെ മേടം ലക്കത്തിൽ എന്റെ മാന്യമിത്രമായ പണ്ഡിതർ ഈ. വി. രാമൻനമ്പൂരി, ശ്രീമാൻ മാരാർ സാഹിതിമാസികയിൽ സ്വമതം സ്ഥാപിച്ചിട്ടുണ്ടെന്നും ധ്വന്യാലോകകാരനായ ആനന്ദവർദ്ധനനും ഔചിത്യവിചാരചർച്ചയുടെ നിർമ്മാതാവായ ക്ഷേമേന്ദ്രനും മല്ലി

൧൧൦൨—൧൧൦൩ ഈ കൊല്ലങ്ങളിലെ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചതു്.

Digitized By Kerala Sahitya Akademi

വംശവ്യാഖ്യാതാക്കന്മാരായ അരുണഗിരിനാഥനും ഹേമാദ്രിയും അതിനെ അനുഗ്രഹിച്ചിട്ടുണ്ടെന്നും തനിക്കും ആ മതം തന്നെയാണ് ശ്രേഷ്ഠമായി തോന്നിയിരിക്കുന്നതെന്നും ഉപന്യസിച്ചുകൊണ്ടു് മേൽ കാണിച്ച [illegible]ന്റെ അഭിപ്രായത്തിൽ അദ്ദേഹത്തിനുള്ള വിപ്രതിപത്തിയെ വിശദീകരിച്ചിരിക്കുന്നു. ഈ നിമിത്തം ഏതുകൊണ്ടും ഈ അവസരത്തിൽ പ്രകൃതശ്ലോകത്തെപ്പററി ക്ഷോദക്ഷമമായി ഒരു ചർച്ചചെയ്യുന്നതു് അസ്ഥാനത്തിലായിരിക്കുകയില്ലെന്നു കരുതി അതിലേക്കായി ഉദ്യമിച്ചുകൊള്ളുന്നു.

മേൽ ഉദ്ധരിച്ച പദ്യത്തെ മല്ലിനാഥൻ താഴെ കാണുന്നവിധത്തിൽ വ്യാഖ്യാനിക്കുന്നു. ആ നിശാചരി (രാക്ഷസി എന്നും അഭിസാരികയെന്നും) രാമനാകുന്ന (അഭിസാരികാപക്ഷത്തിൽ അഭിരാമനാകുന്ന) മന്മഥന്റെ ശരത്താൽ വക്ഷസ്സിൽ (അഭിസാരികാപക്ഷത്തിൽ മനസ്സിൽ) താഡനമേററു ദുർഗ്ഗന്ധമുള്ള രക്തമാകുന്ന ചന്ദനം പൂശി (അഭിസാരികാപക്ഷത്തിൽ സുഗന്ധിയായ കുങ്കുമത്താലും ചന്ദനത്താലും ലിപ്തയായി) ജീവിതേശന്റെ (യമന്റെ, അഭിസാരികാപക്ഷത്തിൽ പ്രാണപ്രിയന്റെ) ഗൃഹത്തെ പ്രാപിച്ചു. 'രുധിരം കുങ്കുമാസൃജോഃ" എന്നു വിശ്വം. ശ്രീരാമന്റെ ബാണം മാർത്തടത്തിലേററ താടക ദുർഗ്ഗന്ധപൂർണ്ണമായ രക്തം ലേപിച്ചുകൊണ്ടു യമലോകത്തെ പ്രാപിച്ചു എന്നാകുന്നു ഇവിടെ പ്രകൃതാർത്ഥം. അഭിസാരിക മന്മഥബാണവ്യഥ സഹിക്കവാൻ പാടില്ലാതെ നല്ല സൌരഭ്യമുള്ള കുങ്കുമവും ചന്ദനവും പൂശി തന്റെ പ്രാണനാഥന്റെ ഗൃഹത്തിലേക്കു പോയി എന്നു് ഒരു അപ്രകൃതാർത്ഥവും അതോടുകൂടി സ്ഫുരിക്കുന്നു. ഗന്ധശബ്ദംകൊണ്ടു് ഇഷ്ടത്തേയും അനിഷ്ടത്തേയും വ്യവഹരിക്കാം.

"ഘ്രാണഗ്രാഹ്യോ ഭവേദ്ഗന്ധോ-
ഘ്രാണസ്യൈവോപകാരകഃ;
സൌരഭശ്ചാസൌരഭശ്ച
തദ്ഭേദൌ പരികീർത്തിതൌ."

എന്നു ഭാഷാപരിച്ഛേദത്തിൽ കാണുന്നുണ്ടു്. അതിനാൽ മല്ലിനാഥൻ ഗന്ധവത്തെന്ന വിശേഷണത്തെ രുധിരത്തോടും കുങ്കുമചന്ദനങ്ങളോടും ഘടിപ്പിച്ചിരിക്കുന്നതിൽ അല്പം വിസംവാദത്തിനു് അവ

Digitized By Kerala Sahitya Akademi

കാശമില്ല. എന്നാൽ ഈ വ്യാഖ്യാനത്തിനു സഹൃദയദൃഷ്ടിയിൽ സമ്പൂർത്തിയോ സൌന്ദര്യമോ പോരെന്നു തോന്നീട്ടായിരിക്കണം കാവ്യപ്രദീപത്തിനു താൻ നിർമ്മിച്ച ഉദ്യോതമെന്ന വ്യാഖ്യാനത്തിൽ സ്വതന്ത്രസ്വാതന്ത്ര്യനായ നാഗേശഭട്ടൻ "രുധിരാഖ്യചന്ദനം രുധിരമേവചന്ദനം; രക്തചന്ദനം ച; ഗന്ധവത്ത്വം രക്തസ്യ മല്ലുനാഥശരസംബന്ധാൽ പാപക്ഷയാൽ; പൂതനായ്യമവൽ." എന്നു് ആ പദത്തിനു മറെറാരു വിധത്തിൽ അർത്ഥയോജന ചെയ്യുവാൻ ഒരുമ്പെടുന്നതു്. രുധിരത്തിനു് എങ്ങനെ ഗന്ധവത്ത്വം വരും? ഗന്ധശബ്ദത്തിനു സുഗന്ധമെന്നും ദുർഗന്ധമെന്നും അർത്ഥമുള്ളതുകൊണ്ടു് ശ്ലേഷത്തെ മാത്രം ഉപജീവിച്ചു് ആ ഉപപത്തി സാധിക്കുന്നതിനേക്കാൾ നല്ലതു ശ്രീരാമന്റെ ശരസ്പർശത്താൽ പാപക്ഷയം ലഭിച്ച താടകയുടെ രക്തം ശ്രീകൃഷ്ണനാൽ നിഹതയായ പൂതനയുടെ പ്രേതധൂമംപോലെ സുഗന്ധിയായി പരിണമിച്ചു എന്നു സങ്കല്പിക്കുന്നതായിരിക്കും എന്നത്രേ നാഗേശന്റെ ആശയം.

ഈ വിഷയത്തിൽ ധ്വനികാരന്റെ (ക്രി. പി. എട്ടാം ശതകത്തിന്റെ അവസാനം) മതമെന്തെന്നു് ആദ്യമായി പര്യാലോചിക്കാം. അദ്ദേഹം—

> പ്രബന്ധേ മുക്തകേ വാപി
> രസാദീൻ ബന്ധുമിച്ഛതാ
> യത്നഃ കാര്യഃ സുമതിനാ
> പരിഹാരേ വിരോധിനാം."

എന്ന കാരികയിൽ പ്രബന്ധത്തിൽ (കാവ്യത്തിൽ) ആകട്ടെ, മുക്തകത്തിൽ (ഒററശ്ലോകത്തിൽ) ആകട്ടെ, രസഭാവങ്ങളെ നിബന്ധിക്കുന്നതിനു് ഇച്ഛിക്കുന്ന കവി വിരോധികളുടെ പരിഹാരത്തിനായി യത്നിക്കണം എന്നു് ഉപന്യസിച്ചു് അങ്ങനെത്തിലുള്ള വിരോധികളിൽ ഒന്നാമത്തേതായി വിരുദ്ധരസങ്ങളെ സംബന്ധിക്കുന്ന വിഭാവാദികളുടെ പരിഗ്രഹത്തെ ഗണിക്കുന്നു. അതിനുദാഹരണമായി ശാന്തരസവിഭാഗത്തിനു അപ്പുറമുള്ള ശൃംഗാരവർണ്ണനം, പ്രണയകലഹകുപിതകളായ നായികമാരുടെ വിഷയത്തിൽ വൈരാഗ്യകഥകൾകൊണ്ടുള്ള അനുനയം, കോപനയായ പ്രിയയുടെ വിഷയത്തിൽ

Digitized By Kerala Sahitya Akademi

പ്രിയന്റെ രൌദ്രാനുഭാവം, ഇവയെ അന്തരത്തിലുള്ള വിഭാവാദിപരിഗ്രഹത്തിൽ ഉൾപ്പെടുത്തുന്നു. വിവക്ഷിതമായ രസം പുഷ്ടിയെ പ്രാപിക്കണമെങ്കിൽ അതിനു വിരോധികളായുള്ള രസങ്ങൾ ബാധ്യങ്ങളായാലും (അതു രസത്താൽ ബാധിക്കപ്പെടാവുന്നവ) അങ്ഗഭാവത്തെ പ്രാപിക്കുന്നവയായാലും അവയുടെ സന്നിവേശംകൊണ്ടു ദോഷമില്ല എന്നു വീണ്ടും ധ്വനികാരൻ ഉപന്യസിക്കുന്നു. രസങ്ങളിൽ വീരശൃങ്ഗാരങ്ങൾക്കു, ശൃംഗാരഹാസ്യങ്ങൾക്കും, രൌദ്രശൃംഗാരങ്ങൾക്കും, വീരാത്ഭുതങ്ങൾക്കും, വീരരൌദ്രങ്ങൾക്കും, രൌദ്രകരുണങ്ങൾക്കും, ശൃംഗാരാത്ഭുതങ്ങൾക്കും തമ്മിൽ അങ്ഗാങ്ഗിഭാവം സംഭവിക്കാം. പ്രകൃത്യാ വിരുദ്ധങ്ങളും പരസ്പരോന്മൂലനത്തിനു പര്യാപ്തങ്ങളുമായ ശൃങ്ഗാരബീഭത്സങ്ങൾക്കും, വീരഭയാനകങ്ങൾക്കും, ശാന്തരൌദ്രങ്ങൾക്കും, ശാന്തശൃങ്ഗാരങ്ങൾക്കും തമ്മിൽ എങ്ങനെയാണ് ഏകത്ര സമാവേശം സിദ്ധിക്കുന്നത് എന്ന ആശങ്കയ്ക്കു ധ്വന്യാചാര്യൻ—

"വിരോധ്യൈകാശ്രയോ യസ്തു
വിരോധീ സ്ഥായിനോ ഭവേൽ
സവിഭിന്നാശ്രയഃ കാര്യ-
സ്തസ്യ പോഷേപ്യദോഷതാ."

"ഏകാശ്രയത്വേ നിർദ്ദോഷോ
നൈരന്തര്യേ വിരോധവാൻ
രസാന്തരവ്യവഹിതോ
രസോന്യസ്യ സുമേധസാ."

ഈ കാരികകളിൽ പരിഹാരം ഉപദേശിക്കുന്നു. വിരോധിരസങ്ങൾ ഐകാധികരണ്യ (ഏകാശ്രയത്വം) വിരോധികൾ, നൈരന്തര്യ (ഇടയിൽ മറ്റൊന്നുമില്ലാതിരിക്കുക) വിരോധികൾ, ഇങ്ങനെ രണ്ടുതരത്തിലുണ്ട്. അവയിൽ ഒന്നാംതരത്തിലുള്ളവയെ വിഭിന്നാശ്രയങ്ങളാക്കിയും രണ്ടാംതരത്തിലുള്ളവയെ രസാന്തരംകൊണ്ടു വ്യവധാനം ചെയ്തും യോജിപ്പിക്കുവാൻ കഴിയും. കഥാനായകനിൽ വീരരസവും അദ്ദേഹത്തിന്റെ ശത്രുവിൽ ഭയാനകവും സംക്രമിപ്പിച്ചാൽ ഏകാശ്രയാസഹങ്ങളായ വീരഭയാനകരസങ്ങളെ കൂട്ടിയി

Digitized By Kerala Sahitya Akademi

ന്നക്കാം. ശത്രുവിൻെറ ഭയാതിശയം വർണ്ണിക്കുന്നതു് നായകൻെറ പരാക്രമാദികളെ പോഷിപ്പിക്കുന്നതിനാണല്ലോ പ്രയോജകീഭവിക്കുന്നതു്. നാഗാനന്ദം നാടകത്തിൽ ശ്രീഹർഷൻ നൈരന്തര്യാസഹങ്ങളായ ശാന്തശൃംഗാരങ്ങളെ വിരോധിപ്പിക്കുന്നതു് "അഹോ ഗീത മഹോ വാദിത്രം" എന്നും മറ്റും അവിരോധിയായ അത്ഭുതരസത്തെ മദ്ധ്യവർത്തിയാക്കിയാണു്. ഒരു പ്രബന്ധത്തിലെന്നപോലെ ഒരു വാക്യത്തിലും വിപരീതരസങ്ങൾക്കുള്ള വിരോധം മൂന്നാമതായുള്ള ഒരു രസത്തിൻെറ വ്യവധാനം മൂലം പരിഹരിക്കാവുന്നതാണു്. ആനന്ദവർദ്ധനൻ ഈ തത്ത്വത്തെ വിശദീകരിക്കുന്നതിനു താഴെക്കാണുന്ന പ്രസിദ്ധപദ്യങ്ങൾ ഉദ്ധരിക്കുന്നു.

"ഭൂരേണുദിഗ്ദ്ധാൻ നവപാരിജാത-
മാലാരജോവാസിതബാഹുമദ്ധ്യാഃ
ഗാഢം ശിവാഭിഃ പരിരഭ്യമാണാൻ
സുരാംഗനാശ്ലിഷ്ടഭുജാന്തരാളാഃ;
സശോണിതൈഃ ക്രവ്യഭുജാം സ്ഫുരദ്ഭിഃ
പക്ഷൈഃ ഖഗാനാമുപവീജ്യമാനാൻ
സംവീജിതാശ്ചന്ദനവാരിസേകൈഃ
സുഗന്ധിഭിഃ കല്പലതാദുകൂലൈഃ
വിമാനപര്യങ്കതലേ നിഷണ്ണാഃ
കുതൂഹലാവിഷ്ടതയാ തദാനീം
നിർദ്ദിശ്യമാനാൻ ലലനാംഗുലീഭി-
ർവ്വീരാഃ സ്വദേഹാൻ പതിതാനപശ്യൻ."

ഇവിടെ യുദ്ധഭൂമിയിൽ മരിച്ച ഭടന്മാരുടെ ദേഹികൾ ശൃംഗാരരസത്തിനും കുണപങ്ങൾ ബീഭത്സരസത്തിനും വിഭാവങ്ങളായിത്തീരുന്നു; എന്നാൽ വീരരസത്തിൻെറ വ്യവധാനംകൊണ്ടു് ആ രണ്ടു രസങ്ങൾക്കും തമ്മിലുള്ള വിരോധം നിവർത്തിക്കപ്പെടുകയും ചെയ്യുന്നു. സുകുമാരതമമായ ശൃംഗാരരസത്തിൻെറ വിഷയത്തിൽ കവി പ്രത്യേകം അവഹിതനായിരിക്കണമെന്നും ആ രസം സാമാന്യേന വിരോധിരസങ്ങളുടെ സമാവേശത്തെ അശേഷം സഹിക്കുന്നതല്ലെന്നും ധ്വനികാരൻ വീണ്ടും പ്രസ്താവിച്ചുകൊണ്ടു് അതിനൊരു വ്യത്യസ്തമായി,

Digitized By Kerala Sahitya Akademi

"വിനേയാനുന്മുഖീകർത്തും
കാവ്യശോഭാർത്ഥമേവ വാ
തദ്വിരുദ്ധരസസ്പർശ-
സ്തദംഗാനാം ന ദുഷ്യതി."

എന്ന കാരികയിൽ സിദ്ധാന്തപക്ഷത്തെ വിശദീകരിക്കുന്നു. ശ്രീമാന്മാരായ കുട്ടിക്കൃഷ്ണമാരാരും ഇ. വി. രാമൻനമ്പൂതിരിയും ഈ കാരികയെ ശരണീകരിക്കുന്നതായി കാണുന്നു. "രഘുവംശവ്യാഖ്യാതാവായ പ്രകാശികാകാരൻ ആലങ്കാരികന്മാരുടെ ഈ ദോഷാരോപത്തെ നിരസിച്ചിട്ടുള്ളതു ധ്വന്യാലോകത്തിലെ 'വിനേയാനുന്മുഖീകർത്തും, എന്ന കാരികയെ ചൂണ്ടിക്കാണിച്ചാണു" എന്നു മി. മാരാരും 'അത്ര ബീഭത്സേ വിരുദ്ധശൃംഗാരരസസ്പർശോ ന വിരോധീ; യദാഹ വിനേയാനുന്മുഖീകർത്തും......ഇതി., ഇത്രയുമാണു് അരുണഗിരിനാഥന്റെ പ്രകാശികാവ്യാഖ്യാനത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്." എന്നു മി: നമ്പൂതിരിയും പ്രസ്താവിക്കുന്നു. സദാചാരോപദേശത്തിനോ കാവ്യശോഭയ്ക്കോ വേണ്ടി മറ്റൊരു രസം അംഗിയാകുന്ന അവസരങ്ങളിൽ ശൃംഗാരത്തെ അംഗമാക്കുന്നതു് അനുചിതമല്ലെന്നാകുന്നു ഈ കാരികയുടെ സാരം. ഈ തത്വത്തെ ആനന്ദവർദ്ധനനും ലോചനകാരനായ അഭിനവഗുപ്തനും (ക്രി. പി. പതിനൊന്നാംശതകത്തിന്റെ ആരംഭം) പ്രപഞ്ചനം ചെയ്തിട്ടുണ്ടു്. ആനന്ദവർദ്ധനൻ വ്യാസഭഗവാന്റെ

"സത്യം മനോരമാരാമാ-
സ്സത്യം രമ്യാവിഭൂതയഃ;
കിന്തു മത്താംഗനാപാംഗ-
ഭംഗലോലം ഹി ജീവിതം."

എന്ന പദ്യം വിനേയന്മാരെ ഉന്മുഖീകരിക്കുന്നതിനുവേണ്ടി ശാന്തത്തിനു ശൃംഗാരം അംഗമാകത്തക്ക വിധത്തിൽ രചിക്കപ്പെട്ടിട്ടുള്ളതാണെന്നു പ്രസ്താവിക്കുന്നു. അരുണഗിരി വിനേയന്മാരെ ഉന്മുഖീകരിക്കുന്നതിനാണു് 'രാമമന്മഥശരേ'ത്യാദിപദ്യത്തിൽ കാളിദാസൻ ബീഭത്സരസത്തെ ശൃംഗാരംകൊണ്ടു സ്പർശിച്ചതെന്നു പറയുന്നു.

Digitized By Kerala Sahitya Akademi

കാവ്യപ്രകാശകാരനായ മമ്മടഭട്ടനാകുന്നു പ്രസ്തുതശ്ലോകത്തിന്റെ അസ്വാരസ്യം സഹൃദയസമക്ഷം ആദ്യമായി വെളിപ്പെടുത്തിയതു്. അദ്ദേഹത്തിന്റെ മതത്തോടു പ്രകാശത്തിനു പ്രദീപവ്യാഖ്യ രചിച്ച ഗോവിന്ദഠക്കുരനും, പ്രദീപത്തിനു് ഉദ്യോതവ്യാഖ്യ രചിച്ച നാഗേശഭട്ടനും, പ്രകാശത്തിനു സമ്പ്രദായപ്രകാശിനീവ്യാഖ്യ രചിച്ച ശ്രീവിദ്യാചക്രവർത്തിയും, സാഹിത്യചൂഡാമണിവ്യാഖ്യ രചിച്ച ഭട്ടഗോപാലനും യോജിക്കുന്നതിനു പുറമേ, കാവ്യാനുശാസനകാരനായ ഹേമചന്ദ്രനും സാഹിത്യദർപ്പണകാരനായ വിശ്വനാഥകവിരാജനും ആ അഭിപ്രായത്തെത്തന്നെ അംഗീകരിക്കുന്നു. അവരുടെ ചർച്ചയുടെ സ്വരൂപം ഗ്രഹിക്കുന്നതിനുമുമ്പായി ഏതദ്വിഷയകമായി സംഭവിക്കാവുന്ന സന്ദേഹങ്ങളെയും അതിന്റെ പരിഹാരമാർഗ്ഗത്തെയും പററി ആനന്ദവർദ്ധനനു് ഇപ്പുറമുള്ള സാഹിത്യാചാര്യന്മാർക്കു എന്താണു് പ്രസ്താവിക്കാനുള്ളതെന്നു പരിശോധിക്കാം.

ശ്രീമാൻ നമ്പൂതിരി തന്റേയും മി. മാരാരുടേയും മതത്തിനു ധ്വനികാരന്റേയും ക്ഷേമേന്ദ്രന്റേയും (പതിനൊന്നാംശതകത്തിന്റെ മദ്ധ്യം) അനുഗ്രഹമുള്ളതായി പറയുന്നു. എന്നാൽ ധ്വന്യാലോകലോചനങ്ങളിലാകട്ടെ ഔചിത്യവിചാരചർച്ചയിലാകട്ടെ “ഗ്രാമതരുണ”ത്യാദിപദ്യം ഉദാഹരണത്വേന അംഗീകരിക്കപ്പെടുന്നില്ല. 'ഔചിത്യവിചാര'ത്തിൽ ക്ഷേമേന്ദ്രൻ ഉപന്യസിക്കുന്നതു ഇത്രമാത്രമാണു്:— “ഔചിത്യരുചിരമായിരിക്കണം രസം. വിരുദ്ധരസങ്ങളെ ഏകത്ര സന്നിവേശിപ്പിക്കുവാൻ സമർത്ഥന്മാർക്കേ കഴിയൂ.

“യഥാമധുരതിക്താദ്യാ-
രസാഃ കുശലയോജിതാഃ
വിചിത്രാസ്വാദ്യതാം യാന്തി
ശൃങ്ഗാരാദ്യാസ്തഥാ മിഥഃ;
തേഷാം പരസ്പരാശ്ലേഷാൽ
കുർയ്യാദൗചിത്യരക്ഷണം;
അനൗചിത്യേന സംസ്പൃഷ്ടഃ
കസ്യേഷ്ടോ രസസങ്കരഃ”

മധുരതിക്താദികളായ രസങ്ങളെ പാകവിദ്യാകുശലന്മാർ യോജിപ്പിച്ചാൽ എങ്ങനെ വിശേഷാസ്വാദ്യതയെ പ്രാപിക്കുമോ അതു

Digitized By Kerala Sahitya Akademi

പോലെ ശൃങ്ഗാരാദികളായ രസങ്ങളെ ഒരു ഉത്തമകവിക്കു യോജിപ്പിക്കാം; എന്നാൽ രസങ്ങളുടെ പരസ്പരാശ്ലേഷംകൊണ്ടു കവി ഔചിത്യത്തെ രക്ഷിക്കണം. അനൌചിത്യത്താൽ സ്പർശിക്കപ്പെടുന്ന രസസങ്കരം അത്ര അഭിമതമാകുകയില്ല.” കാരികയിൽ വിപുലാർത്ഥമായ പരസ്പരാശ്ലേഷമെന്ന പദമാണു് പ്രയോഗിക്കുന്നതെങ്കിലും വൃത്തിയിൽ അതു് അങ്ഗാങ്ഗിഭാവരൂപത്തിലുള്ള ബന്ധമാണെന്നു ക്ഷേമേന്ദ്രൻ വ്യക്തമാക്കിപ്പറയുന്നുണ്ടു്. ‘സത്യം മനോരമാ രാമാഃ’ എന്ന വ്യാസപദ്യം അദ്ദേഹവും ഉദ്ധരിച്ചു് ആ പദ്യത്തിൽ അങ്ഗിയായ ശാന്തരസം രാഗികളായ ജനങ്ങൾക്കു് അനിഷ്ടമാകയാൽ സകലപ്രഹ്ലാദനമായ ശൃങ്ഗാരരസത്തെ അതിനു് അങ്ഗമാക്കി ബാലവൃദ്ധജനഹിതകാമ്യായേന ഭഗവാൻ ലോകോപദേശം ചെയ്യുന്നതാണെന്നു് ഉപന്യസിക്കുന്നു. ബീഭത്സശൃങ്ഗാരങ്ങളുടെ അങ്ഗാങ്ഗിഭാവസങ്കരത്തെ വിശദീകരിക്കുന്നതിനു് ക്ഷേമേന്ദ്രൻ തന്റെ ‘ബോധിസത്ത്വാവദാനകല്പലത’ എന്ന കാവ്യത്തിൽനിന്നു് ഉദ്ധരിക്കുന്നതാണു് ശ്രീമാൻ നമ്പൂതിരി [illegible] ക്കാണിച്ചിട്ടുള്ള “ക്ഷീബസ്യേവ ചപലസ്യ” ഇത്യാദി പദ്യം. ഇവിടെ വക്താവു ബുദ്ധഭഗവാനാണു്. ശ്ലേഷോപമകൊണ്ടു ബീഭത്സവും ശൃങ്ഗാരവും തുല്യകക്ഷ്യാധിരൂഢങ്ങളായി തോന്നുമെങ്കിലും രതിക്രീഡ ചെയ്യുന്നതായി കവി കാണിച്ചതെന്നതു കേവലം ഒരു ജംബുകിയെ ആകയാൽ ബീഭത്സം അങ്ഗിയും ശൃങ്ഗാരം അങ്ഗവുമാണെന്നു സഹൃദയന്മാർക്കു ക്ഷണത്തിൽ മനസ്സിലാക്കാം.

“ചക്ഷുർബോധിതചേതസ്യ അന്തർഗ്ഗതഗാഢവൈരാഗ്യവാസനാധിവാസിതചേതസഃ കൽപാർഹജ്ജുഗുപ്സയാ നിതംബിനീം തിമിഡംബനാമൌചിത്യരുചിരതാമാദധാതി.”

അതായതു് ഈ ജംബുകിയുടെ രതി അന്തർഗ്ഗതമായ ഗാഢവൈരാഗ്യവാസനയോടുകൂടിയ ബുദ്ധഭഗവാനാകുന്ന വക്താവിന്റെ ജുഗുപ്സനിമിത്തം ഔചിത്യരുചിരമായി പരിണമിക്കുന്നു. ഇതിൽനിന്നു ‘രാമമന്മഥേ’ത്യാദിപദ്യവും ‘ക്ഷീബസ്യേവ ചപലസ്യ’ ഇത്യാദിപദ്യവും സമാനകക്ഷ്യയിൽ പെട്ടവയാണെന്നല്ലല്ലോ സിദ്ധിക്കുന്നതു്.

രസാർണ്ണവസുധാകരത്തിൽ ശിങ്ഗഭൂപൻ (ക്രി. പി. 1330) വൈരനിലയിലുള്ള രണ്ടു രസങ്ങളുടെ സങ്കരം കേവലം അസാദ്ധ്യമെന്നു

Digitized By Kerala Sahitya Akademi

തന്നെ വിധിക്കുന്നു. സ്വഭാവവൈരികളായ രസങ്ങളുടെ അംഗാംഗിഭാവസങ്കരംപോലും ഗ്രന്ഥകർത്താവിന്നു് അഭിമതമല്ല.

"കേചിൽ സമാനബലയോരനയോസ്സങ്കരം വിദുഃ;
ന പരീക്ഷാക്ഷമമിദം മതം പ്രേക്ഷാവതാം ഭവേത്.
തുല്യത്വേ പൂർവ്വമാസ്വാദഃ കസ്യേത്യനിശ്ചയാൽ
സ്വല്പാന്തരത്വാദ്ദ്വയോരന്യോന്യാസ്വാദപ്രസംഗതഃ,
തയോരന്യതരസ്യൈവ പ്രാധാന്യാസ്വാദനേപി,
യുഗപദ്രസനീയത്വം നോഭയോരുപപദ്യതേ.
ഏഷാമംഗാംഗിഭാവേന സങ്കരോ മമ സമ്മതഃ.
തുല്യത്വമുഭയോർന്ന സ്യാൽ പ്രകരണാദിനാ
കവിതാൽപര്യവിശ്രാന്തേരേകത്രൈവാവലംബനാത്.
ഉഭൌ ശൃംഗാരബീഭത്സൌ വീരഭയാനകൌ
രൌദ്രാദ്ഭുതാവുഭൌ ഹാസ്യകരുണൌ പ്രകൃതിദ്വിഷൌ.
സ്വഭാവവൈരിണോരംഗാംഗിഭാവേനാപി വിമിശ്രണം
വിവേകിഭ്യോ ന സ്വദതേ ഗന്ധഗന്ധകയോരിവ.
വിരോധിനോപി സാന്നിദ്ധ്യാദതിരസ്കാരലക്ഷണം
പോഷണം പ്രകൃതസ്യേതി ഭേദാംഗത്വം ന താവതാ.
യൽകിഞ്ചിദുപകാരിത്വാദംഗത്വസ്യാംഗത്വമംഗിനി
തൽസന്നിധാനമാത്രേണ ചർവ്വണാനുപകാരതഃ.
അന്യഥാ പാനകാദ്യേഷു ശർക്കരാമരിചാദിവത്
അന്തരാപതിതസ്യാപി തൃണാദേരുപകാരിതാ;
തച്ചർവ്വണാദിമാനേ സ്യാൽ സ്വതൃണാദ്യവഹാരിതാ."

"സമാനബലങ്ങളായ രണ്ടു രസങ്ങൾക്കു തമ്മിൽ സങ്കരം സംഭവിക്കാവുന്നതല്ല. അങ്ങനെയാണെങ്കിൽ അവയിൽ ഏതു രസത്തെയാണു് ആദ്യമായി ആസ്വദിക്കേണ്ടതു്? ആ അവസരങ്ങളിൽ പരസ്പരസ്പർദ്ധികളായ രണ്ടുരസങ്ങളും അനാസ്വാദ്യങ്ങളായിത്തീർന്നേക്കാം. വാസ്തവത്തിൽ അവയിൽ ഏതെങ്കിലും ഒരു രസം മാത്രമേ സഹൃദയൻ പ്രായേണ ആസ്വദിക്കുന്നുള്ളൂ. രണ്ടു രസങ്ങളേയും ഒരേ സമയത്തിൽ ആസ്വദിക്കുക എന്നുള്ളതു് അസംഭാവ്യമാകുന്നു. അംഗാ-

Digitized By Kerala Sahitya Akademi

ങ്ഗിഭേദമുള്ള രസങ്ങളുടെ സങ്കരം എനിക്കും സമ്മതം തന്നെ. പ്രകരണംകൊണ്ടു ഭേദങ്ങൾക്കു് ഒരിക്കലും ഒരേനിലയിൽ നില്ക്കുവാൻ നിവൃത്തിയില്ല; കവിയുടെ താല്പര്യം അവയിൽ ഏതെങ്കിലും ഒന്നിൽ മാത്രമേ വിശ്രമിക്കുകയുള്ളുവല്ലോ. ശൃങ്ഗാരബീഭത്സങ്ങൾ, രൌദ്രാത്ഭുതങ്ങൾ, ഹാസ്യകരുണങ്ങൾ ഇവ പ്രകൃത്യാശത്രുക്കളാകുന്നു. സ്വഭാവവൈരികളുടെ അങ്ഗാങ്ഗിഭാവത്തിലുള്ള മിശ്രണംപോലും വിവേകികളാൽ ആസ്വദിക്കപ്പെടുന്നതല്ല. അവ ചന്ദനവും ഗന്ധകവും പോലെ വിരുദ്ധങ്ങളാണു്. വിരോധിയുടെ സാന്നിദ്ധ്യംകൊണ്ടു് അതിനെ തിരസ്കരിക്കുന്നില്ലല്ലോ എന്നുള്ള നിലയിൽ പ്രകൃതത്തിനും ഒരു പോഷണം സംഭവിക്കുന്നു എന്നു് ആരെങ്കിലും വാദിക്കുകയാണെങ്കിൽ അതുകൊണ്ടു് ആ വിരോധിക്കു് അങ്ഗത്വം സിദ്ധിക്കുന്നില്ല എന്നാണെനിക്കു പറയുവാനുള്ള സമാധാനം. തന്റെ സന്നിധാനംകൊണ്ടുമാത്രം അതു സഹൃദയന്റെ ചർവണയ്ക്കു പ്രയോജകീഭവിക്കുന്നതല്ലല്ലോ. അല്ലെങ്കിൽ പാനകാദികളിൽ ആകസ്മികമായി പതിക്കുന്ന തൃണാദികൾക്കുപോലും ശർക്കരാദികളെപ്പോലെ പ്രയോജകത്വമുണ്ടാകണം; അപ്പോൾ സഹൃദയന്നു് അവയേയും ചർവണം ചെയ്തു സ്വയം തൃണാഭ്യവഹാരി എന്നു് അഭിമാനിച്ചുകൊള്ളുകയും ചെയ്യാം." ഇതൊക്കെയാണു് അദ്ദേഹത്തിന്റെ ആശയം. ഈ ഉപാലംഭം എത്ര മർമ്മസ്പൃക്കായിരിക്കുന്നു! നിസർഗ്ഗവൈരികളായ ശൃങ്ഗാരബീഭത്സങ്ങൾക്കു തമ്മിലുള്ള സങ്കരാസഹതയെ ദ്യോതിപ്പിക്കുന്നതിനു ശിങ്ഗരാജൻ ഉദ്ധരിക്കുന്ന ഒരു പദ്യം താഴെക്കാണുന്നതാണു്:—

"ലാലാജലം സ്രവതു വാ; ദശനാസ്ഥിപൂർണ്ണ-
മപ്യസ്തു വാ; രുധിരബന്ധുരിതാധരം വാ;
സുസ്നിഗ്ദ്ധമാംസകലികോജ്ജ്വലലോചനം വാ;
സംസാരസാരമിദമേവ മുഖം ഭേത്യാഃ."

ജുഗുപ്സയും വൈരാഗ്യവും വളർത്തുവാൻ ഇതിലധികം പററിയതായ ഒരു നായികാമുഖവർണ്ണനം കാണുവാൻ പ്രയാസമാണു്. അങ്ഗിയായ ശൃങ്ഗാരത്തിന്റെ മൂലച്ഛേദത്തിനായി അങ്ഗമായി ബീഭത്സം ഈ പദ്യത്തിൽ കഠാരം വ്യാപരിപ്പിക്കുന്നു. എന്നാൽ

Digitized By Kerala Sahitya Akademi

പാരസ്പരദ്വേഷികളായ ഭൃത്യന്മാർ എന്നപോലെ ഒരു രാജാവിനെ ഇച്ഛ കേതിയോടുകൂടി സേവിക്കുമോ അതുപോലെ അനേകം രസങ്ങൾ രംഗങ്ങളായി എങ്കിലും അങ്ഗിയായ ഒരു രസത്തെ പുഷ്ടിപ്പെടുത്താം. അംഗത്തിന്റെ നിലയിൽ നില്ക്കുന്ന ഒരു രസം സ്വേച്ഛാനുരോധേന വളർന്നു് അങ്ഗിയായ രസത്തെ കീഴടക്കിയാൽ അധിനീതനായ അമാത്യനാൽ രാജാവു ജീവച്ഛവമാകുന്നതുപോലെ അങ്ഗി രസാഭാസമായി പരിണമിക്കും.

"ശൃങ്ഗാരോ ഹാസ്യഭൂയിഷ്ഠഃ
ശൃങ്ഗാരാഭാസ ഈരിതഃ;
ബീഭത്സോദ്ഭുതശൃങ്ഗാരീ
ബീഭത്സാഭാസ ഉച്യതേ."

എന്നുംമററും ഭാവപ്രകാശികയിൽ വർണ്ണിച്ചുകാണുന്നു എന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

ഇനി ധ്വന്യാലോകനെ കഴിച്ചാൽ സാഹിത്യാചാര്യന്മാരിൽ അഗ്രപൂജയ്ക്കു് അവകാശിയായ മമ്മടഭട്ടന്റെ (ക്രി. പി. ൧൧-ാം ശതകം) മതമെന്തെന്നു ചിന്തിക്കാം. അദ്ദേഹം ഈ വിഷയത്തിൽ പ്രായേണ ധ്വന്യാലോകത്തെത്തന്നെ ഉപജീവിക്കുകയും സ്വമതത്തെ താഴെ സങ്ഗ്രഹിക്കുന്ന വിധത്തിൽ പ്രതിപാദിക്കുകയും ചെയ്യുന്നു. പ്രകൃതിവിരുദ്ധങ്ങളായ വ്യഭിചാരാദികളെ ബാധ്യരൂപത്തിൽ സംക്രമിപ്പിക്കുകയാണെങ്കിൽ അവ രസത്തെ പരിപുഷ്ടമാക്കും.

"ക്വാകാര്യം? ശശലക്ഷ്മണഃ ക്വ ച കുലം?
ഭൂയോപി ദൃശ്യേത സാ;
ദോഷാണാം പ്രശമായ നഃ ശ്രുത,മഹോ
കോപേപി കാന്തം മുഖം;
കിം വക്ഷ്യന്ത്യപകല്മഷാഃ കൃതധിയഃ?
സ്വപ്നേപി സാ ദുർല്ലഭാ;
ചേതഃ സ്വാസ്ഥ്യമുപൈഹി; കഃ ഖലു യുവാ
ധന്യോധരം ധാസ്യതി?"



Digitized By Kerala Sahitya Akademi

എന്ന മനോഹരമായ വിക്രമോർവശീയപദ്യത്തിൽ ഓരോ പദത്തിലും യഥാക്രമം പൂർവഭാഗത്തിൽ പ്രതിപാദിക്കുന്ന ശമാങ്ഗങ്ങളായ വിതർക്കം, മതി, ശങ്ക, ധൃതി ഈ സഞ്ചാരിഭാവങ്ങൾ ഉത്തരഭാഗത്തിൽ പ്രതിപാദിക്കുന്ന അഭിലാഷാങ്ഗങ്ങളായ ഔത്സുക്യം, സ്മൃതി, ദൈന്യം, ചിന്ത ഇവയാൽ തിരസ്കൃതങ്ങളായി, എല്ലാം ഒടുവിൽ ചിന്തയിൽ വിശ്രമിച്ചു ഭാവശബലതയെ പ്രവൃദ്ധമാക്കുന്നു. പൂർവാപരാശപ്രകർഷമാണ് ഇവിടെ ഫലിതമാകുന്നത്. ശാന്തരസസഞ്ചാരികൾ ശൃങ്ഗാരത്താൽ ശത്രുക്കളെപ്പോലെ ജയിക്കപ്പെടുകയും ചെയ്യുന്നു. “സത്യം മനോരമാ രാമാഃ” എന്ന പദ്യം മമ്മടനും ഉദ്ധരിക്കുന്നുണ്ട്. ആ പദ്യത്തിന്റെ പൂർവാർദ്ധത്തിലെ ശൃങ്ഗാരവിഭാവം ഉത്തരാർദ്ധത്തിലെ ശാന്തവിഭാവത്താൽ ബാധിക്കപ്പെടുന്നു എന്ന മതത്തോട് അദ്ദേഹവും യോജിക്കുന്നു. എന്നാൽ “മത്താങ്ഗനാപാങ്ഗഭങ്ഗലോലം” എന്ന വിശേഷണംകൊണ്ടുകൂടി ‘ജീവിത’ത്തെ കവി വിശേഷിപ്പിച്ചതു വിനേയന്മാരെ ഉന്മുഖീകരിക്കുന്നതിനാണെന്നുള്ള ആനന്ദവർദ്ധനന്റെ ആശയം അദ്ദേഹം അങ്ഗീകരിക്കുന്നില്ല. ശൃങ്ഗാരത്തിന് ആ വിശേഷണത്തിൽ പ്രതീതിയേ ഇല്ലെന്നും ഗുഡജിഹ്വികാന്യായത്തിന് അവിടെ പ്രസക്തിയില്ലെന്നും ശാന്തശൃംഗാരങ്ങൾക്കു നൈരന്തര്യാഭാവമുള്ളതിനാൽ വിനേയോന്മുഖീകരണം സാദ്ധ്യമല്ലെന്നും പ്രസിദ്ധിമങ്ഗലമായ ഒരുപമാനത്തെ സ്വീകരിച്ചു ഭർത്താവ് ശാന്തരസത്തിനു പരിപോഷം നൽകുകയാണെന്നാണ് മമ്മടന്റെ അഭിപ്രായം. ഈ ഘട്ടത്തിൽ പ്രദീപം വ്യാഖ്യാനിക്കുമ്പോൾ നാഗേശഭട്ടനും ശൃംഗാരോദ്ബോധനത്തിൽ ശാന്തോദ്ബോധം ദുർഘടമാണെന്ന് ഉപന്യസിക്കുന്നു. പിന്നീട്ട് പൂർവപക്ഷമതിവ്യാ വൈയധികരണ്യവിരോധത്തിനു വിഭിന്നസംശ്രയത്തേയും നൈരന്തര്യവിരോധത്തിനു രസാന്തരവ്യവധാനത്തേയും പരിഹാരമായ് കല്പിച്ചതിനു ശേഷം പ്രകാശകാരൻ

“സ്മര്യമാണോ വിരുദ്ധോപി
സാമ്യേനാഥ വിവക്ഷിതഃ
അങ്ഗിന്യങ്ഗത്വമാപ്തൌ യൌ
തൌ ന ദുഷ്ടൌ പരസ്പരം.”

എന്ന കാരികയെ ആവിഷ്ക്കരിക്കുന്നു.

Digitized By Kerala Sahitya Akademi

വിരുദ്ധമായ ഒരു രസം സൂക്ഷ്മമാണെന്നോ വിവക്ഷിതമോ മാത്രമായ് തദ്വാരാ അംഗിയായ മറെറാരു രസത്തിനു് അംഗമായ് (ഉൽകഷകാരകമായ്) പരിണമിക്കുന്ന അവസരങ്ങളിൽ രസദോഷമില്ല. സ്മൃതിക്കു് ഉദാഹരണമായ് കുരുക്ഷേത്രത്തിൽ മരിച്ചുകിടക്കുന്ന ഭൂരിശ്രവസ്സിന്റെ ബാഹു കണ്ടിട്ടു് അദ്ദേഹത്തിന്റെ അവരോധവധുക്കൾ മുറവിളികൂട്ടുന്ന

"അയം സരശനോൽകർഷീ
പീനസ്തനവിമർദ്ദനഃ
നാഭ്യൂരുജഘനസ്പർശീ
നീവീവിസ്രംസനഃ കരഃ."

എന്ന വ്യാസഭഗവാന്റെ പദ്യം ആചാര്യൻ ഉദ്ധരിക്കുന്നു. ഇവിടെ പൂർവാവസ്ഥാസ്മരണം ശൃംഗാരമാണെങ്കിൽ അതു പ്രകൃതമായ കരുണത്തെ പോഷിപ്പിക്കുകയാകുന്നു ചെയ്യുന്നതു്. സാമ്യത്തിനു് അദ്ദേഹം ഉദ്ധരിക്കുന്നതു്.

"ദന്തക്ഷതാനി കരജൈശ്ച വിപാടിതാനി
പ്രോദ്ഭിന്നസാന്ദ്രപുളകേ ഭവതശ്ശരീരേ
ദത്താനി രക്തമനസാ മൃഗരാജവധ്വാ
ജാതസ്പൃഹൈർമ്മുനിഭിരപ്യവലോകിതാനി."

എന്ന പദ്യമാണു്. ബുഭുക്ഷിതയായ ഒരു സിംഹി താൻ പ്രസവിച്ച ശിശുവിനെ തിന്നുവാൻ മുതിരുകയും കരുണാർദ്രനായ ബുദ്ധഭഗവാൻ (തന്റെ പൂർവജന്മങ്ങളിൽ ഒന്നിൽ) ആ ശിശുവിന്റെ ജീവസംരക്ഷണത്തിനായ് സ്വശരീരം സിംഹിക്കു ഭക്ഷിക്കുവാൻ നൽകുകയും ചെയ്ത ഇതിവൃത്തത്തെ ഒരു കവി വർണ്ണിക്കുന്ന സന്ദർഭമാണു് ഇതു്. ഒരു നായിക നൽകുന്ന ദന്തക്ഷതാദികളെപ്പോലെ ദയാവീരനായ ബുദ്ധഭഗവാൻ സിംഹിയുടെ ദന്തക്ഷതാദികളെ സസന്തോഷം സഹിച്ചു എന്നും മഹർഷിമാർക്കുകൂടി അത്തരത്തിലുള്ള ഒരു ജീവിതം നയിക്കുവാൻ അഭിലാഷമുണ്ടായി എന്നും താൽപര്യം. "വയമപി യദി കദാചിദേവം കാരുണികപദവീമധിരോക്ഷ്യാമസ്തദാ സത്യതോ മുനയോ ഭവിഷ്യാമ ഇതി മനോരാജ്യയുക്തൈഃ." എന്നു ഹേമചന്ദ്രൻ ആ ഭാഗം സമഞ്ജസമായി വ്യാഖ്യാനിക്കുന്നു. ആ ആശയത്തെത്തന്നെയാണു്

Digitized By Kerala Sahitya Akademi

മാവേശത്തെയും വിശദീകരിക്കുന്നു്. തുല്യബലങ്ങളായ രണ്ടു രസങ്ങൾ അംഗിയായ മൂന്നാമതൊരു രസത്തിന്റെ അംഗങ്ങളായി പരിണമിക്കാം; അംഗിയായ ഒരു രസത്തിനു രണ്ടാമതൊരു രസം അംഗമായും ആ അംഗരസത്തിനു മൂന്നാമതൊരു രസം അംഗമായും തീരാം. ഒടുവിൽ പറഞ്ഞതിനു് ഉദാഹരണമായി മമ്മടൻ

"ക്ഷിപ്തോ ഹസ്താവലഗ്നഃ പ്രസഭമഭിഹതോ-
 ഽപ്യാദദാനോംശുകാന്തം
ഗൃഹ്ണൻ കേശേഷ്വപാസ്തശ്ചരണനിപതിതോ
 നേക്ഷിതസ്സംഭ്രമേണ
ആലിങ്ഗൻ യോവധൂതസ്ത്രിപുരയുവതിഭിഃ
 സാശ്രുനേത്രോല്പലാഭിഃ
കാമീവാർദ്രാപരാധഃ സദഹതു ദുരിതം
 ശാംഭവോ വശ്ശരാഗ്നിഃ."

എന്ന അമരുകപദ്യം ഉദ്ധരിക്കുന്നു. ഇവിടെ ത്രിപുരസംഹാരിയായ ശ്രീപരമേശ്വരന്റെ മഹിമാതിശയത്തെ വർണ്ണിക്കുന്നതിനാൽ ഭഗവദ്വിഷയകമായ രതിയാകുന്നു അംഗി; അഥവാ അജ്ജുനവർമ്മാവിന്റെ വാക്യത്തിൽ ത്രിപുരദാഹവിഷയകമായ വീരരസമാകുന്നു അംഗി. അതിനു കരുണവും കരുണത്തിനു വിപ്രലംഭശൃംഗാരവും അംഗമായ്ത്തീരുന്നു. കരുണത്തിനു വിശ്രാന്തിയില്ലാത്തതിനാൽ അതല്ല അംഗിയായ രസമെന്നു പറയേണ്ടതില്ലല്ലോ. പണ്ടു കാമുകന്മാർ ത്രിപുരവധുക്കളുടെ നേരെ എങ്ങനെ ആചരിച്ചുവോ അതുപോലെ ഇപ്പോൾ ശംഭുവിന്റെ ശരാഗ്നിയുമാചരിച്ചു എന്നു കരുണത്തെ അംഗിയായി കല്പിച്ചും ചിലർ അർത്ഥയോജന ചെയ്യുന്നു. അനേകരസങ്ങൾ ഒന്നിച്ചുകൂടുമ്പോൾ ഏതിന്റെ രൂപമാണോ ബഹുതേന കാണുന്നതു് ആ രസം സ്ഥായിയും ഇതരരസങ്ങൾ സഞ്ചാരികളുമാകുന്നു. രസങ്ങൾ രസാന്തരങ്ങളിൽ സഞ്ചാരികളായ്വരും. ശൃംഗാരത്തിൽ ഹാസ്യം, ശാന്തത്തിൽ ശൃംഗാരം, വീരത്തിൽ രൌദ്രം, കരുണത്തിൽ ഭയാനകം, ഭയാനകത്തിൽ ബീഭത്സം, ഇവയും സകലരസങ്ങളിലും വീരാത്ഭുതങ്ങളും സഞ്ചാരികളായി കാണപ്പെടുന്നു എന്നു ഭരതമഹർഷി ഉപന്യസിക്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

ഹേമചന്ദ്രൻ (1088—1173 എ. ഡി.) കാവ്യാനുശാസനത്തിൽ ആനന്ദവർദ്ധനനേയും മമ്മടഭട്ടനേയും പിന്തുടരുന്നു. രസങ്ങൾക്കു് അബാധ്യത്വം, അത്യന്തൈക്യം, നൈരന്തര്യം, അനംഗത്വം ഇങ്ങനെ നാലുവിധത്തിൽ ദോഷങ്ങൾ വരാമെന്നു് അദ്ദേഹം ആദ്യമായി പ്രസ്താവിക്കുന്നു. വിരുദ്ധങ്ങളായ രണ്ടു രസങ്ങൾ അംഗികളായാൽ ദോഷംതന്നെ. എന്നാൽ ഒന്നിനുമറ്റൊന്നു് അംഗമായാൽ ദോഷമില്ല. അംഗഭാവം നൈസർഗ്ഗികമായും സമാരോപിതമായും വരാം.

"കോപാൽ കോമളലോലബാഹുലതികാ-
പാശേന ബദ്ധ്വാ ദൃഢം
നീത്വാ വാസനികേതനം ദയിതയാ
സായം സഖീനാം പുരഃ
ഭൂയോപ്യേവമിതി സ്ഖലൽ കലഗിരാ
സംസൂച്യ ദുശ്ചേഷ്ടിതം
ധന്യോ ഹന്യത ഏവ നിഹ്നുതിപരഃ
പ്രേയാൻ രുദത്യാ ഹസൻ."

എന്ന പദ്യത്തിൽ സമാരോപിതങ്ങളായ രൗദ്രാനുഭാവങ്ങൾ കേവലം അംഗഭാവത്തിൽ മാത്രമേ സ്ഥിതി ചെയ്യുന്നുള്ളു. പ്രേയാനെ പ്രേയസിയല്ലേ ഹനിക്കുന്നു? "ക്ഷിപ്തോ ഹസ്താവലഗ്നഃ" ഇത്യാദി പദ്യത്തിനു് ഈ ആചാര്യൻ പ്രകൃതിരമണീയങ്ങളായ പദാർത്ഥങ്ങൾ ശോചനീയതയെ പ്രാപിക്കുന്ന അവസരങ്ങളിൽ പ്രാഗവസ്ഥാദികളെക്കൊണ്ടു് അവയുടെ വിലാസങ്ങൾ സ്മൃതങ്ങളായാൽ അധികമായ ശോകാവേശത്തെ ഉളവാക്കുവാൻ പര്യാപ്തങ്ങളായ്ത്തീരുമെന്നും പ്രകൃതത്തിൽ സൂക്ഷ്മമാണമായ ശൃംഗാരം "അയം സരശനോൽകർഷീ" ഇത്യാദി പദ്യത്തിലെന്നപോലെ കരുണത്തെ പോഷിപ്പിക്കുന്നു എന്നും ഉപന്യസിക്കുന്നു. വിശ്വനാഥകവിരാജൻ (13-ാം ശതകത്തിന്റെ അവസാനം) സാഹിത്യദർപ്പണത്തിൽ "ക്ഷിപ്തോ ഹസ്താവലഗ്നഃ" എന്ന ശ്ലോകം ഉദ്ധരിച്ചു് അതിൽ കരുണശൃംഗാരങ്ങൾക്കു് യൌഗപദ്യസൽഭാവമുണ്ടെന്നും, എന്നാൽ അവ രണ്ടും ദേവവിഷയകമായ രതിഭാവത്തെ പോഷിപ്പിക്കുക

Digitized By Kerala Sahitya Akademi

മാത്രം ചെയ്യുന്നതിനാൽ അവിടെ രസദോഷമില്ലെന്നും സ്ഥാപിക്കുന്നു.

അപ്രസ്തുതരസം എവിടെക്കാണുന്നുവോ അവിടെ വിരസം എന്ന കാവ്യദോഷം ഉണ്ടാകുന്നു എന്ന് ഉപന്യസിച്ചുകൊണ്ടു വിദ്യാനാഥൻ (പതിനാലാം ശതകത്തിന്റെ ആരംഭം) പ്രതാപരുദ്രീയത്തിൽ പുരുഷാദിസംഭോഗഭിന്നങ്ങളായ ശത്രുസ്ത്രീകളോടു കിരാതന്മാരുടെ സംഭോഗപ്രാർത്ഥനം അത്തരത്തിലുള്ളതാണെന്ന് ഉദാഹരിക്കുന്നു. ഇതു കാവ്യാലങ്കാരകർത്താവായ രുദ്രടൻ (പത്താംശതകം)

“അന്യസ്യ യഃ പ്രസങ്ഗേ
രസസ്യ നിപതേദ്രസഃ ക്രമാപേതഃ
വിരസോസൌ; സച ശക്യഃ
സമ്യഗ്ജ്ഞാതും പ്രബന്ധേഭ്യഃ”

എന്ന കാരികയിൽ അതിനുമുമ്പുതന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്.

അപ്രസ്തുതരസം അപ്രധാനമായാൽ (അങ്ഗഭാവേനമാത്രം നിന്നാൽ) അവിടെ വിരസദോഷത്തിനു പ്രസക്തിയില്ലെന്നു കേശവമിശ്രൻ (16-ാംശതകം) അലങ്കാരശേഖരത്തിൽ പ്രസ്താവിക്കുന്നു.

ഭാനുദത്തൻ (14-ാംശതകം) രസതരങ്ഗിണിയിൽ

“ശൃങ്ഗാരബീഭത്സൌ രസൌ
തഥാ വീരഭയാനകൌ
രൌദ്രാദ്ഭുതൌ തഥാ ഹാസ്യ-
കരുണൌ വൈരിണൌ മിഥഃ.”

എന്നുള്ള ഉപക്രമത്തോടുകൂടി വൈരിരസത്തെയെന്നപോലെ വൈരിരസത്തിന്റെ വിഭാവാനുഭാവവ്യഭിചാരിഭാവങ്ങളെപ്പോലും സഹാനികരങ്ങളാകയാൽ കവികൾ നിവാരണം ചെയ്യണമെന്നും പ്രാചീനാചാര്യന്മാർ—

“ന ച വൈരിരസം ബ്രൂയാ-
ദ്വൈരിണോ ന വിഭാവകം

Digitized By Kerala Sahitya Akademi

നാന്യോന്യഞ്ച സഞ്ചാരി-
ഭാവഞ്ചാപി കദാചന.”

എന്നു വിധിച്ചിട്ടുണ്ടല്ലോ. ദേശഭേദമോ കാലഭേദമോ കൊണ്ടു ഭിന്നരസങ്ങൾക്കുള്ള വിരോധം പരിഹരിക്കാമെന്നും പ്രസ്താവിക്കുന്നു. അങ്ഗങ്ങൾക്ക തമ്മിലുള്ള വൈരം അങ്ഗിയെ ബാധിക്കുകയില്ലെന്നു മുമ്പു പറഞ്ഞുവല്ലോ. ആ തത്വം ഭാനുദത്തൻ ഉദാഹരിതമായ പദ്യം ഉദ്ധരിച്ച് ഉദാഹരിക്കുന്നു.

“സീതാം സംസൃജ്യ വീചിപ്രചലകുവലയ-
സ്രഗ്ഭി രക്ഷ്ണഃ ക്ഷിപന്തീം
സേനാം സംവീക്ഷ്യ ക്ഷേശ്ശസ്ത്രദലിതവപു-
ശ്ശോണിതാസാരസിക്താം
രാമേണ ക്രോധദഗ്ധപ്രവൃദ്ധമുഖനിപത-
ന്മുണ്ഡമാലാപ്രമോദ-
ക്രീഡൽകാളീകരാളഭ്രുകുടിസഹചരീ
സന്ദദേ ചാപയഷ്ടിഃ.”

ഇവിടെ ശൃങ്ഗാരവും ബീഭത്സവും രൗദ്രത്തിന്ന് അങ്ഗങ്ങളാകയാൽ അവ സഹജവൈരങ്ങളാണെങ്കിലും രസഹാനിയില്ല.

“യദപി ഹൃദി വിശാലാ മുണ്ഡമാലാ; ന പാണി-
സ്ത്യജതി നരകപാലം; ഭൈരവം ചർമ്മ ചേലം;
തദപി ഗിരിസുതായാഃ പക്ഷപാതഃ പുരാരൌ
സമുദയതി; വിചിത്രഃ കാമിനോഃ പ്രേമബന്ധഃ.”

എന്ന പദ്യത്തിൽ പാർവതിക്ക ശ്രീപരമേശ്വരന്റെ നേരെ അവിടത്തെ വേഷം എത്രമാത്രം ബീഭത്സമാണെങ്കിലും യാതൊരു ജുഗുപ്സയും ജനിക്കുന്നില്ലെന്നും, ജുഗുപ്സിതത്വേന പ്രതീയമാനമായ വസ്തുമാത്രമേ ജുഗുപ്സോൽപാദകമായി പരിണമിക്കുകയുള്ളു എന്നും, പ്രിയസംബന്ധോപാധികമാകയാൽ ഇവിടെ ആ വേഷം ദേവിയുടെ പ്രേമാധിക്യത്തെയാണ് ഉൽപാദിപ്പിക്കുന്നതെന്നും, ഏവമേവ സ്ഥായിഭാവത്തിന്റെ അഭാവത്താൽ ബീഭത്സരസം തന്നെ പ്രകൃതത്തിൽ സ്ഫുരിക്കുന്നില്ലെന്നും ഈ ആചാര്യൻ നമ്മെ അനുസ്മരിപ്പിക്കുന്നു. രസ

Digitized By Kerala Sahitya Akademi

വൈരസ്യോൽപാദകമായ വാക്യം രസഭാവജ്ഞന്മാരാൽ ഒരിക്കലും വക്തവ്യമല്ലെന്നു പൂർവാചാര്യന്മാർ സിദ്ധാന്തിച്ചിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. അനൌചിത്യമാകുന്ന ഈ സന്ദർഭങ്ങളിൽ ദൂഷകതാബീജം; ലോകയാത്രാപ്രസിദ്ധികൊണ്ടു സിദ്ധിക്കുന്നതാണു് ഔചിത്യം; അതിനു വിപരീതമായ വർണ്ണനം സഹൃദയനു് ഉദ്വേഗകരമായേ തീരുകയുള്ളുതാനും.

ജഗന്നാഥപണ്ഡിതർ (൧൭-ാം ശതകം) രസഗംഗാധരത്തിൽ ശൃംഗാരബീഭത്സങ്ങൾക്കും, ശൃംഗാരകരുണങ്ങൾക്കും, ശാന്തശൃംഗാരങ്ങൾക്കും, തമ്മിൽ വിരോധമുണ്ടെന്നും പ്രകൃതരസത്തെ പരിപുഷ്ടമാക്കുവാൻ ഇച്ഛിക്കുന്ന കവി ആ രസത്തെ അഭിവ്യഞ്ജിപ്പിക്കുന്ന കാവ്യത്തിൽ അതിനു വിരുദ്ധങ്ങളായ രസങ്ങളെ നിബന്ധിക്കരുതെന്നും, മറിച്ചു പ്രവർത്തിച്ചാൽ വിരുദ്ധരസം പ്രകൃതത്തെ ബാധിച്ചു സുന്ദോപസുന്ദന്യായേന രണ്ടുരസങ്ങളും തമ്മിൽത്തല്ലി നശിക്കുമെന്നും, അഥവാ വിരുദ്ധങ്ങളെ ഏകത്ര സന്നിവേശിപ്പിക്കേണ്ടതു് ആവശ്യകമാണെന്നു തോന്നുന്നപക്ഷം അവ തമ്മിലുള്ള വിരോധത്തെ പരിഹരിക്കേണ്ടതാണെന്നും, വിരോധം സ്ഥിതിവിരോധമെന്നും ജ്ഞാനവിരോധമെന്നും രണ്ടുവിധത്തിൽ വരാമെന്നും, സ്ഥിതിവിരോധം അധികരണം ഭിന്നമാക്കിയാൽ തീരുമെന്നും, ജ്ഞാനവിരോധം ഒരു രസത്തിന്റെ ചർവണം അവസാനിച്ചു മറെറാന്നിന്റേതു് ആരംഭിക്കത്തക്കവണ്ണമുള്ള വിന്യാസത്താൽ നീങ്ങുമെന്നും, പ്രകൃതരസത്തിനു് അനുപകാരകമായ വസ്തുവിന്റെ വർണ്ണനം പ്രകൃതരസവിരാമത്തിനു ഹേതുവാകയാൽ ദോഷംതന്നെയെന്നും, അനൌചിത്യം രസഭംഗഹേതുവാണെന്നും, നാടകാദികളിൽ [illegible] മുതലായവരുടെ വിജ്ഞാനാൽ ഉണ്ടാകാവുന്ന അനൌചിത്യത്തെയാണു് ഭംഗമെന്നു പറയുന്നതെന്നും നമ്മെ പഠിപ്പിക്കുന്നു. രസമാണു് മുഖ്യമെങ്കിലും ഭാവശാന്ത്യാദികൾ ചിലപ്പോൾ അംഗികളായി തീരുന്നതു് “സ്വകൈഥവ രാജാനുഗതാദ്ഭൃത്യാഃ പരിണയയാന്മുഖാഃ” അതായതു വിവാഹപ്രവൃത്തന്മാരായ ഭൃത്യന്മാർ ക്ഷണനേരത്തേക്കു പ്രാധാന്യത്തെ പ്രാപിക്കുന്നതുപോലെയാണു് എന്നു രാജചൂഡാമണിദീക്ഷിതർ (൧൭-ാംശതകം) കാവ്യദർപ്പണത്തിൽ പൂർവമതത്തെ അനുസരിച്ചു പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും ഇവിടെ സ്മരണീയമാണു്.

Digitized By Kerala Sahitya Akademi

ഇത്രമാത്രം വിരുദ്ധരസങ്ങളെപ്പററിയുള്ള ജ്ഞാനം സമ്പാദിച്ചതിന മേൽ നമുക്ക വീണ്ടും 'രാമമന്മഥ' ത്യാദി പദ്യത്തിലേക്ക നമ്മുടെ ശ്രദ്ധയെ നയിക്കാം. മമ്മടഭട്ടൻ ഈ പദ്യത്തിൽ 'അമതപരാൎത്ഥത' എന്ന കാവ്യദോഷമുണ്ടെന്ന വിധിക്കുന്നു. അനഭിമതമായ അന്യാൎത്ഥത്തിന്റെ സ്ഫുരണമാകുന്നു ആ ദോഷം. ബീഭത്സരസമാണ് പ്രകൃതപദ്യത്തിൽ ചൎവ്വണോചിതം; അതിന വിരുദ്ധമായ സംഭോഗശൃംഗാരരസത്തെ വ്യഞ്ജിപ്പിക്കുന്നതാണ് മറെറാരു അൎത്ഥം. അത്തരത്തിലുള്ള അൎത്ഥത്തിന്റെ ഉപസ്ഥിതികൊണ്ടു രസാപകൎഷമുണ്ടാകുന്നു എന്നുള്ളതാണ് ദൂഷകതാബീജം എന്നു ഗോവിന്ദഠക്കുരൻ പ്രദീപത്തിൽ പ്രതിപാദിക്കുന്നു. ഭട്ടഗോപാലൻ സാഹിത്യചൂഡാമണിയിൽ പ്രകൃതരസം വീരമാണെന്ന് ഉപന്യസിക്കുന്നതിനോട് എനിക്കു യോജിക്കുവാൻ നിവൃത്തി കാണുന്നില്ല. അദ്ദേഹം ഇങ്ങനെ പറയുന്നു:—"ഈ പദ്യത്തിൽ കവി, രാമനെ മന്മഥനോടും രക്തത്തെ ചന്ദനത്തോടും ഉപമിക്കുകയും ജീവിതേശപദപ്രയോഗംകൊണ്ടു താടകയുടെ ഭൎത്താവിനെക്കൂടി പ്രത്യാനയിക്കുകയും ചെയ്യുന്നു. ഇവിടെ "ദന്തക്ഷതാദി" എന്ന ബുദ്ധപ്രശംസാപരമായ പദ്യത്തിലെന്നപോലെ സാമ്യവിവക്ഷകൊണ്ടു പരിഹാരമില്ല; എന്തുകൊണ്ടെന്നാൽ അത്തരത്തിലൊരു സാമ്യം പ്രകൃതാൎത്ഥത്തെ പോഷിപ്പിക്കുവാൻ പൎയ്യാപ്തമല്ല. സിംഹിക്കുവേണ്ടിയുള്ള ബുദ്ധന്റെ ശരീരത്യാഗത്തിൽ നാം കാണുന്ന ലൗകികസ്ത്രീസംഭോഗസദൃശമായ അക്ലിഷ്ടത പ്രകൃതമായ ശാന്തരസത്തെ * പോഷിപ്പിക്കുന്നു. ഇവിടെ ശ്രീരാമനെ മന്മഥനോടു സാദൃശ്യപ്പെടുത്തിയതുകൊണ്ടു വീരരസത്തിനു യാതൊരു ഉൽകൎഷവും സിദ്ധിക്കുന്നില്ല. ഒരു സ്ത്രീയായ താടകയെ വധിച്ചതിനാൽ വീരാഭാസീകരണലക്ഷണമായ അനൗചിത്യമാണ് ജൃംഭിക്കുന്നതു്. ഇതിവൃത്തപ്രസിദ്ധമായ ഈ സ്ത്രീവധത്തിൽ എന്താണ് ദോഷമെന്നു ചോദിച്ചാൽ ഇതിവൃത്തദ്വാരാ കയറി വരുന്ന രസാഭാസവും അനനുഗുണമായ അവസ്ഥ ത്യാജ്യമാണെന്നുള്ളതിനാൽ കവി പ്രയത്നംകൊണ്ടു പരിഹരിക്കേണ്ട ഈ വിഷയം വൎണ്ണിക്കുവാൻ സ്വന്തം സംരംഭംതുടങ്ങുന്നതു് അനൗചിത്യഹേതുവാകുന്നു എന്നത്രേ ഉത്തരം" മൌനാനുവാദം

* ദയാവീരമെന്നാണ് ഇതരാചാൎയ്യന്മാരുടെ മതം.

Digitized By Kerala Sahitya Akademi

കൊണ്ടു നാഗേശഭട്ടനും ശ്രീവിദ്യാചക്രവർത്തിയും മമ്മടനെത്തന്നെ അനുസരിക്കുന്നതായ് വിചാരിക്കാം. വിശ്വനാഥനും ഈ പദ്യത്തെ അമതപരാർത്ഥതയ്ക്കു തന്നെയാണ് ഉദാഹരണമായ് സ്വീകരിച്ചിരിക്കുന്നതു്. ഇവിടെ ശൃംഗാരരസവ്യഞ്ജകമായ രണ്ടാമത്തെ അർത്ഥം പ്രകൃതരസവിരോധിയാകയാൽ അനിഷ്ടമാണെന്നും പ്രകൃതരസം ബീഭത്സമാണെന്നും രണ്ടാമത്തെ അർത്ഥം നിമിത്തം അതിന് അപകർഷം സിദ്ധിക്കുന്നതാണ് ദൂഷകതാബീജമെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. ഹേമചന്ദ്രൻ പറയുന്നതു വിരുദ്ധങ്ങളായ രണ്ടു രസങ്ങളെ കവി ഏകത്ര സമാവേശിപ്പിച്ചാൽ അവയിൽ ഒന്ന് മറ്റൊന്നിനെ പോഷിപ്പിക്കണമെന്നും അങ്ങനെയല്ലാത്ത സന്ദർഭങ്ങളിലാണ് അങ്ഗിത്വമെന്ന ദോഷമുണ്ടാകുന്നതെന്നും ഇവിടെ പ്രകൃതമായ കരുണരസത്തിന് ശൃങ്ഗാരം പോഷകമല്ലെന്നും, പ്രത്യുത അതു് ഒരു അങ്ഗിയെപ്പോലെ പ്രതിഭാസിക്കുന്നു എന്നും ആണ്.

ഈ ശ്ലോകത്തിൽ അങ്ഗിയായ രസത്തെ സംബന്ധിച്ചു കവിയുടെ വിവക്ഷയെന്തെന്നു വിചാരണ ചെയ്യുവാൻ ഇതാണ് അവസരം. ഭട്ടഗോപാലൻ അതു വീരം (യുദ്ധവീരം) ആണെന്നു പറയുന്നുണ്ടെങ്കിലും ആ മതം അങ്ഗീകാര്യമല്ലെന്നു ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. ഇവിടെ ശ്രീരാമനെയല്ല താടകയെയാണ് കവി വർണ്ണിക്കുന്നതു്. താടകയെ 'രാമമന്മഥശരേണ താഡിതാ ദുസ്സഹേന ഹൃദയേ' എന്നു വിശേഷിപ്പിച്ചതുകൊണ്ടു മാത്രം യുദ്ധവീരം അങ്ഗിയാകുന്നതല്ല. ഹേമചന്ദ്രൻ പറയുന്നതുപോലെ കരുണമാണോ എന്നാലോചിച്ചാൽ അതുമല്ല. ഒരു സ്ത്രീയുടെ മരണത്തെപ്പറ്റിയാണ് കവി പ്രതിപാദിക്കുന്നതെങ്കിലും ആ പ്രതിപാദനം (സാനിശാചരി) അവ്വണ്ണമെല്ലാം ലോകോപദ്രവകാരിണിയായുള്ള താടകയെ വിഷയീകരിച്ചാകയാൽ മൃതാലംബനകവും തദ്ഗുണോദ്ദീപിതവുമായ ശോകാത്മകമായ സ്ഥായിഭാവം ഭാവുകന്മാർക്കുണ്ടാകുന്നതല്ലാത്തതും തന്നിമിത്തം കരുണരസത്തിന് ഇവിടെ പ്രസക്തിയില്ലാത്തതുമാകുന്നു. "ക്ഷിപ്തോ ഹസ്താവലഗ്നഃ" എന്ന പദ്യത്തിൽ കവി വിഷയീകരിക്കുന്ന സ്ത്രീകൾ ദുഷ്ടന്മാരുടെ പ്രിയതമകളാണെങ്കിലും ദുഷ്ടകളല്ല; അതിനാൽ അവിടെ കരുണത്തിനു പ്രസക്തിയുണ്ടു്. ശ്രീമാൻ കുട്ടിക്കൃഷ്ണമാരാർ ഇതിലെ അങ്ഗിയായ രസം യുദ്ധവീരമല്ല ധർമ്മവീര

Digitized By Kerala Sahitya Akademi

മാണു് എന്നു് ഒരു ഘട്ടത്തിൽ പ്രസ്താവിക്കുന്നു. ബീഭത്സരസാനുചിതമായ അലങ്കാരപ്രയോഗംകൊണ്ടു് ഈ പദ്യത്തിൽ ഹാസ്യരസം വ്യഞ്ജിക്കുന്നു എന്നും, ചത്തുപോകുന്ന താടകയെ അഭിസാരികയായ ഒരു യുവതിയുമായി സാദൃശ്യപ്പെടുത്തി കവി അവളെ പരിഹസിക്കുകയാണു് ചെയ്തിട്ടുള്ളതെന്നും, നാഗസഹസ്രബലവതിയായ താടകയ്ക്കു രാമനോടുള്ള യുദ്ധത്തിൽ, കാമനുമായുള്ള എതിരിടലിൽ ഒരു കാമുകിക്കുള്ള സ്ഥാനമേ ഉള്ളുവെന്നും, അതിനാൽ അതു നായകോൽകർഷത്തിൽ പര്യവസാനിക്കുന്നു എന്നും, മി. മാരർ അന്യത്ര ഉപന്യസിക്കുന്നതിൽനിന്നു ഹാസ്യരസംകൂടി പ്രകൃതത്തിൽ അങ്ങനെ അവഭാസിക്കുന്നതായി അദ്ദേഹം ഊഹിക്കുന്നുണ്ടെന്നു സങ്കല്പിക്കാം. വീണ്ടും ധർമ്മവീരത്തെത്തന്നെ ശരണീകരിക്കുന്നുവോ എന്നു തോന്നുമാറു് അദ്ദേഹം "മാത്രമല്ല; ഈ താടക വാസ്തവത്തിൽ ഒരു രാക്ഷസിയല്ല, ശാപത്തിൽപ്പെട്ട ഒരു യക്ഷിയാണു്. ശാപാവസാനമോ രാമനിൽനിന്നുള്ള വധമാണു് എന്നാണല്ലോ പറയപ്പെടുന്നതു്. എന്നിരിക്കെ ഈ വധം അവൾക്കു സന്തോഷഹേതുവാണു്. രാമൻ അവൾക്കു് ഇഷ്ടകാര്യമാണു് നിർവ്വഹിച്ചതെന്നുകൂടി പ്രകൃതത്തിൽ അറിഞ്ഞിരിക്കേണ്ടതുണ്ടു്" എന്നു തന്റെ വിചാരസരണി തുടർന്നുകൊണ്ടുപോകുന്നു. യുദ്ധവീരമോ ധർമ്മവീരമോ ആണു് കവി വിവക്ഷിച്ചിരുന്നതെന്നുവരികിൽ ഒന്നാമതായി കവി താടകയെ ഈ പദ്യത്തിൽ കർത്തൃപദമായി അവതരിപ്പിച്ചിരിക്കയില്ല. "രാമൻ ഏതൊരു മനോരഥത്തോടുകൂടി ശരണം വികൃതചിത്തരാക്കുന്നുവോ ആ മനോരഥമേ രാമനുണ്ടായിരുന്നുള്ളു; അവരെ [illegible] സ്ഥിതിയിലെത്തിക്കുക; ഒരുവാം കർത്തവ്യബോധം മാത്രം" എന്നു പറഞ്ഞാൽ എന്താണർത്ഥം? ഇവിടെ നായിക താടകയാണെന്നു വാദത്തിനുവേണ്ടി സമ്മതിക്കാം. നായകൻ ആരു്? യമധർമ്മരാജാവോ? യക്ഷിയെന്ന പദം കവി ഈ പദ്യത്തിൽ പ്രയോഗിക്കുകയോ താടകയുടെ പൂർവ്വചരിത്രം മറെറതെങ്കിലും പ്രകാരത്തിൽ സൂചിപ്പിക്കുകയോ ചെയ്തിരുന്നാൽ അവൾക്കു് ഇഷ്ടമുള്ള കാര്യമാണു് ശ്രീരാമൻ ചെയ്തതെന്നുള്ള വാദത്തിനു് എന്തെങ്കിലും ബലം കല്പിക്കാമായിരുന്നു. അതൊന്നും കവി ചെയ്യുന്നില്ല. ആറു പദ്യങ്ങൾക്കു മുമ്പു "കൌശികോദിതശാപാന്താ സുകേതുസുതയാ" എന്നു പറഞ്ഞതുകൊണ്ടു് ഈ വിഷയത്തിൽ സ്പഷ്ടീകരണം ഉണ്ടാകുന്നുമില്ല. നേരെ മറിച്ചു്

Digitized By Kerala Sahitya Akademi

"ഉദ്യതൈകഭുജയഷ്ടിമായതീം
ശ്രോണിലംബിപുരുഷാന്ത്രമേഖലാം
താം വിലോക്യ വനിതാവധേ ഘൃണാം
പത്രിണാ സഹ മുമോച രാഘവഃ."

എന്ന പദ്യത്തിൽനിന്നു നാം ധരിക്കേണ്ടതു സ്ത്രീയാണെങ്കിലും പാപിഷ്ഠയായ ആ പുരുഷാദിനി തന്നാൽ വധിക്കപ്പെടേണ്ടവൾ തന്നെയാണെന്നു ശ്രീരാമൻ നിശ്ചയിച്ചു എന്നാണു്. താടകയെ കവി ശ്രീരാമനു പററിയ ഒരെതിരാളിയായും ആ രാക്ഷസിയെ ശ്രീരാമൻ

"അപ്രവിഷ്ടവിഷയസ്യ രാക്ഷസാം
ഘോരതാമഗമദന്തകസ്യ തത്."

ഇത്യാദി പദ്യങ്ങളിൽ യമപുരത്തേക്കുതന്നെ യാത്രയാക്കിയതായുമാണു് വർണ്ണിക്കുന്നതു്. താടക യക്ഷിയാണെന്നുള്ള സ്മൃതി കവിക്കു പതിനാലാമത്തെ ശ്ലോകം കഴിഞ്ഞാൽ ഒരു സന്ദർഭത്തിലും സ്മരിക്കുന്നതേ ഇല്ല. ഏവഞ്ച താടകയെ യക്ഷിയെന്നു സങ്കല്പിച്ചുകൊണ്ടാണു് അവളെ അഭിസാരികയാക്കി അവർക്കു് ഇഷ്ടമുള്ള കാര്യം ശ്രീരാമൻ നിർവ്വഹിച്ചതെന്നുള്ള വാദത്തിനു് ഉറപ്പുണ്ടാകാതെ വരുന്നു.

ഇനി ഈ പദ്യത്തിൽ ഹാസ്യരസം എങ്ങനെ വ്യഞ്ജിക്കുന്നുവോ എന്നു നോക്കാം. ഹാസമാകുന്ന സ്ഥായിഭാവത്തിനു് ഇവിടെ എന്തു പ്രസക്തിയാണുള്ളതു്? കാളിദാസൻ മരിച്ച താടകയെ നോക്കി ചിരിക്കുകയാണോ? അതൊരിക്കലും ഉണ്ടാകുന്നതല്ല. ശവത്തെ കണ്ടാൽ ചിരിക്കുവാൻ കോമളഹൃദയനായ ഒരു കവിക്കു പോയിട്ടു, പാഷാണചിത്തനായ ഒരു പാപിക്കുപോലും ധാർഷ്ട്യമുണ്ടാകുകയില്ല. കാമുകിയെ തോല്പിക്കുന്ന കാമനോടു സാദൃശ്യപ്പെടുത്തിയാൽ നാഗസഹസ്രബലവതിയായ താടകയെ വധിച്ച ശ്രീരാമനു് ഉൽകർഷമാണോ സിദ്ധിക്കുക? തന്റെ വാദത്തിനു് ഉപോദ്ബലകമായു് മി. മാരാർ ഊരുഭങ്ഗത്തിലെ

"മാൎയ്യേൽ ഭുജാഗ്രപതിതൈഃ കൃതമുണ്ഡമാല്യം
ദന്തൈകസായകധരം ഢഹിനം വിപന്നം

Digitized By Kerala Sahitya Akademi

ജാമാതരം പ്രവഹണാദിവ ബന്ധുനാര്യോ
ഹൃഷ്ടാശ്ശിവാ രഥമുഖാദവതാരയന്തി"

എന്ന പദ്യം ഉദ്ധരിക്കുന്നു. ഇവിടെയും ഹാസ്യരസത്തിന്റെ സ്പർശമില്ലെന്നു ഞാൻ പറയുന്നു. ബോധിസത്വാവദാനകല്പലതയിൽനിന്നു ക്ഷേമേന്ദ്രൻ ഉദ്ധരിക്കുന്ന "ക്ഷീബസ്യവാചലസ്യ" ഇത്യാദി പദ്യത്തിലെന്നപോലെ ഇതിലും അങ്ഗിയായ രസം ബീഭത്സമാണു്. കൈകേയി വാത്മീകിരാമായണം അയോദ്ധ്യാകാണ്ഡം ഒൻപതാം സർഗ്ഗത്തിൽ പറയുന്നു.

"വല്ലാതെയായ് വളഞ്ഞുള്ള
കൂനിമാരതിഘോരകൾ;
വാതത്താൽച്ചാഞ്ഞ നീ താമര
പോലെ കാഴ്ചയ്ക്കു നല്ലവൾ;
നീണ്ടുള്ള തുടയൊക്കും നീ
വെൺപട്ടം ചാർത്തി മന്ഥരേ,
എൻമുമ്പിൽ നടകൊണ്ടെന്നേ-
ല്പേടപോലെ വിളങ്ങുമോൾ."

എന്ന വാക്കുകളും ഹാസ്യരസവ്യഞ്ജകങ്ങളാണെന്നു മി. മാരാർ പറയുന്നു. അവിടെ കടശിക്കെട്ടു മന്ഥരയുടെ ദുരുപദേശം സ്വീകരിച്ചു മതിമറന്നു് അവളെ തന്റെ ഇഷ്ടദേവതയായ് കല്പിച്ചു്,

അനർത്ഥമർത്ഥരൂപേണ
ഗ്രാഹിതാ സാ തതസ്തയാ
ഹൃഷ്ടാ പ്രതീതാ കൈകേയീ
മന്ഥരാമിദമബ്രവീൽ"

"സാ ഹി വാക്യേന കുബ്ജായാഃ
കിശോരീവോൽപഥം ഗതാ
കൈകേയീ വിസ്മയം പ്രാപ്യാ
പരം പരമദർശനാ."

Digitized By Kerala Sahitya Akademi

വിസ്മയസ്തബ്ധയായി ഹർഷോന്മത്തയായി കൈകേയി നില കൊള്ളുന്നതാണു് സന്ദർഭം. ഔത്തരാതിച്ചുള്ള ഒരു സന്ദർഭത്തിൽ ബുദ്ധിശാലിനിയായ ആ രാജപത്നി തന്റെ ഏകാവലംബമായ ദാസിയെ ഏതെല്ലാം വിധത്തിൽ [illegible] ഉപചരിക്കുകയില്ല! അവിടെ ഹാസ്യരസത്തിന്റെ സ്ഫുരണമെവിടെ? കൈകേയിയുടെ ആ നിമിഷത്തിലെ കണ്ണു വല്ലുകൊണ്ടു ക്ഷണം സഹൃദയൻ മന്ഥരയെ നോക്കുവാൻ. അതു പോകട്ടെ; അഥവാ കൈകേയിയുടെ വാക്യം ഹാസ്യവ്യഞ്ജകമായാൽത്തന്നെ ആ വാക്യവും മറിച്ചു താടകയെ വർണ്ണിക്കുന്ന "ദ്രാമദന്മഹേ"ത്യാദി പദ്യവും മുഖ്യലക്ഷ്യമല്ല സ്ഥിതിചെയ്യുന്നതെന്നു പറയേണ്ടതില്ലല്ലോ. ഇതിൽ നിന്നെല്ലാം പ്രകൃതത്തിൽ വിവക്ഷിതമായ രസം ബീഭത്സമാണെന്നു തീർച്ചപ്പെടുത്താം.

ഈ ബീഭത്സരസത്തോടുകൂടി ശൃംഗാരരസവും കവി അവതരിപ്പിക്കുന്നു. ഇതിനു സഹൃദയനു് എന്തു സമാധാനം കല്പിക്കുവാൻ കഴിയും? ബാധ്യത്വമെന്നും അങ്ഗത്വമെന്നും ആലങ്കാരികന്മാർ പറയുന്ന ധർമ്മങ്ങളിൽ ഒന്നു തോറ്റ ശത്രുവിനെപ്പോലെ കീഴടങ്ങുകയും മറ്റേതു് വിനീതനായ ഭൃത്യനെപ്പോലെ ചൊല്പടി കേൾക്കുകയും ചെയ്യേണ്ടതാകുന്നു ന്യായം. ബീഭത്സവും ശൃംഗാരവും നിസർഗ്ഗവൈരികളാണെന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. ഇവിടെ ബീഭത്സം ശൃംഗാരത്തെ കീഴടക്കുന്നില്ല; ബീഭത്സത്തിനു് ശൃംഗാരം വിട്ടുപണി ചെയ്യുന്നുമില്ല. ഒരു രസം മറ്റൊന്നിനു് ഏതെങ്കിലും വിധത്തിൽ ഉപകാരം ചെയ്യുന്നു എങ്കിൽ മാത്രമേ ആദ്യത്തേതു രണ്ടാമത്തേതിനു് അങ്ഗമാകുകയുള്ളു. പ്രകൃതത്തിൽ താടകയെ അഭിസാരികയായ സുന്ദരിയായി വർണ്ണിച്ചതുകൊണ്ടു്, ചോരയൊലിപ്പിച്ചുകൊണ്ടു നരലോകത്തേക്കു പലായനം ചെയ്യുന്ന അവളുടെ വികൃതരൂപത്തിനു് ഒരു ഉപകാരവും സിദ്ധിക്കുന്നില്ല. രണ്ടു രസങ്ങളും ഭിന്നാശ്രയങ്ങളല്ല; നൈരന്തര്യവിരോധികളായ അവയെ രസാന്തരവ്യവധാനംകൊണ്ടു യോജിപ്പിക്കുവാൻ കവി യത്നിക്കുന്നുമില്ല. പോരെങ്കിൽ ശൃംഗാരം ഇവിടെ സ്മര്യമാണമല്ല, സാമ്യം കൊണ്ടു വിവക്ഷിതവുമല്ല. പണ്ടെങ്ങാനും താടക രൂപയൗവനശാലിനിയായ യക്ഷി ആയിരുന്ന കാലത്തു സുന്ദനെ അഭിസരിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അഗസ്ത്യൻ സുന്ദനെ വധി

Digitized By Kerala Sahitya Akademi

ക്കുക നിമിത്തം വിധവയും ആ മഹർഷിയുടെ ശാപം നിമിത്തം പുരുഷാദിനിയും ആയിത്തീൎന്ന നാൾ മുതൽ അവൾ കാമകഥയെന്തെന്നു ലേശംപോലും അറിയാത്തവളാണു്. അതുകൊണ്ടു് ആ രാക്ഷസിക്കു സ്മൎത്തവ്യമായ ഒരു പൂൎവ്വാവസ്ഥയല്ല അഭിസാരികാത്വം. അഭിസാരിക കാമുകസങ്കേതത്തിലേക്കു പോകുന്നതുപോലെ ആണോ താടക യമപുരിയിലേക്കു പോകുന്നതു്? അവൾ ഒരുകാലത്തു യക്ഷി ആയിരുന്നു എങ്കിലും അവൾക്കു ശ്രീരാമനിൽനിന്നുള്ള മരണം ശാപമോക്ഷമായി ഭവിച്ചുവെന്നോ അവൾ പുനശ്ച യക്ഷിരൂപത്തെ പ്രാപിച്ചുവെന്നോ വാല്മീകി പറയുന്നില്ല. യക്ഷന്മാരെയും യക്ഷികളെയും മരണത്തിനു വിധേയരായാണു് ആദികവി കരുതിയിരുന്നതെന്നു "സുന്ദേ തു നിഹതേ രാമ" "ശരേണോരസി വിവ്യാധ സാ പപാത മമാര ച." ഈ വാക്യങ്ങളിൽനിന്നു ഗ്രഹിക്കാം. ആദികവിയുടെ പാദമുദ്രകളെ പിന്തുടരുകമാത്രമേ ഇവിടെ കാളിദാസൻ ചെയ്യുന്നുമുള്ളു. ആ സ്ഥിതിക്കു ഹേമാദ്രി മമ്മടഭട്ടന്റെ കാരികയുടെ "അങ്ഗിന്യങ്ഗത്വമാപ്തൗ യൗ തൗ ന ദുഷ്ടൗ പരസ്പരം" എന്ന ഉത്തരാൎദ്ധം മാത്രം ഉദ്ധരിച്ചതിന്റെ താൽപൎയ്യം വിശദമാകുന്നില്ല. ബീഭത്സത്തിനു ശൃങ്ഗാരം ഇവിടെ അങ്ഗമാകുന്നില്ലെന്നു ഞാൻ മുമ്പുതന്നെ ഉപന്യസിച്ചുവല്ലോ. ഇനി വിടന്മാരെ ഉന്മുഖീകരിക്കുന്നതിനാണു് കാളിദാസൻ ഈ വിദ്യ എടുത്തതു് എന്നു് അരുണഗിരിനാഥൻ സമാധാനം കല്പിക്കുന്നതും വിചാരസഹമല്ല. പ്രകൃതത്തിൽ പരമദുഷ്ടയായ താടക ശ്രീരാമശരം ഏററു മരിക്കുന്നു; തന്റെ പാതകത്തിനു തക്ക ഫലം അവൾക്കു കിട്ടി. ഇതുകൊണ്ടുതന്നെ ഭാവുകന്മാൎക്കു സദാചാരബോധം ഉണ്ടാകുകയില്ലയോ? ശ്മശാനവൈരാഗ്യം ഏതു് അശുദ്ധഹൃദയനും സഹജമല്ലയോ? മഹാപാപം ചെയ്താൽ ഘോരമായ അപമൃത്യുവാണു് ഫലം എന്നു് ഒരു കവിക്കു ഉപദേശിക്കണമെങ്കിൽ താടക യമപുരിയിലേക്കു പോയതു് അഭിസാരിക കാമുകന്റെ ഗൃഹത്തിലേക്കു പോയതുപോലെയാണു് എന്നുകൂടി പറഞ്ഞാലേ പററുമോ? അങ്ങനെ പറയുന്നതു കേട്ടാൽ മറിച്ചല്ലേ അനുഭവമുണ്ടാകുക? അത്ര ഹൃദ്യമാണു് മഹാപാതകവിപാകം എന്നല്ലേ സാധാരണജനങ്ങൾക്കു തോന്നുക? അതുകൊണ്ടു് അതാവില്ല കവിഹൃദയം.

Digitized By Kerala Sahitya Akademi

ഇനി ആലങ്കാരികന്മാർ ഈ സന്ദർഭത്തിൽ നിർദ്ദോഷങ്ങൾ എന്നു കാണിച്ചിട്ടുള്ള ഏതെങ്കിലും പദ്യങ്ങളുടെ നില 'രാമമന്മഥ'ത്യാദി പദ്യത്തിനുണ്ടോ എന്നു വിചിന്തനം ചെയ്യാം. മൂന്നു പദ്യങ്ങൾ മാത്രമേ ഈ ശോധനത്തെ അർഹിക്കുന്നുള്ളു. ഒന്നാമത്തേതു ക്ഷേമേന്ദ്രന്റെ "ക്ഷീണസ്യേവാഥ ലസ്യ" എന്നതു്. അവിടെ കാമിനി എന്ന പദം പ്രയോഗിക്കാത്തതുകൊണ്ടും കേവലം ഒരു ജംബൂകിയെ കർത്തൃരൂപേണ സ്വീകരിക്കുന്നതുകൊണ്ടും ബീഭത്സത്തിനു തന്നെയാണു് പ്രാധാന്യമെന്നും, ശൃംഗാരം അതിനു് അംഗം മാത്രമാണെന്നും അനർഗ്ഗളവും ഗാഢവും ആയ വൈരാഗ്യവാസനയാൽ അധിവാസിതചേതസ്സായ ബുദ്ധഭഗവാനാണു് വക്താവെന്നും ആചാര്യന്മാർതന്നെ നമ്മെ ഉൽബോധിപ്പിക്കുന്നു. ഈ അവസ്ഥയൊന്നും രാമമന്മഥശരതാഡിതയെന്നും ഗന്ധവദ്രുധിരചന്ദനോക്ഷിതയെന്നും താടകയെ കവി തന്റെ വാക്കിൽ തന്നെ വർണ്ണിക്കുന്ന പ്രസ്തുത പദ്യത്തിനില്ല. 'ദന്തക്ഷതാനി' ഇത്യാദി പദ്യത്തിലും ബുദ്ധഭഗവാൻ തന്നെയാണു് നായകൻ. നിർവിണ്ണനായ അവിടത്തേക്കു് ഒരു തരുണിയുടെ സംഭോഗവും ഒരു ഹിംസ്രമൃഗത്തിന്റെ ഖാദനവും ഒന്നുപോലെയാണു്. അവിടത്തെ മനഃസ്ഥിതി ഞങ്ങൾക്കുമുണ്ടാകണമെന്നു് ആ പുളകോൽഗമപ്രദമായ കാഴ്ച കണ്ടുനിന്ന മഹർഷിമാർ ആശിക്കുന്നു. അവിടെ ദയാവീരത്തിനു ശൃംഗാരം ഉപമാനഭാവേന അംഗത്വം വഹിക്കുന്നു. ആ അവസ്ഥയും 'രാമമന്മഥ' ത്യാദി പദ്യത്തിനില്ല. മൂന്നാമത്തെ പദ്യം 'ക്ഷിപ്തോ ഹസ്താവലഗ്നഃ" എന്നുള്ളതാണു്. ഈ പദ്യം സങ്കീർണ്ണരസാലങ്കാരത്തിനു് ഉദാഹരണമായി ആനന്ദവർദ്ധനൻതന്നെ അംഗീകരിച്ചിട്ടുണ്ടു്. ഇതിനെപ്പററി അന്യത്ര ചർച്ചചെയ്യുന്ന അവസരത്തിൽ അഭിനവഗുപ്തൻ മഹേശപ്രഭാവത്തിനു് ഇവിടെ കരുണവും കരുണത്തിനു വിപ്രലംഭവും അങ്ഗമായി ഭവിക്കുന്നു എന്നും 'കാമീവ' എന്ന ഉപമാപ്രയോഗത്താൽ വിപ്രലംഭം ദൂരസ്ഥമായിത്തീരുന്നു എന്നും പ്രസ്താവിക്കുന്നു. ത്രിപുരസ്ത്രീകൾക്കു തങ്ങളുടെ പ്രാക്തനകാലത്തെ ശൃംഗാരലീലകളെ ശംഭുബാണം അനുസ്മരിപ്പിക്കുക നിമിത്തം കരുണത്തിനു് അതു പരിപോഷകമായിത്തീരുന്നു എന്നുള്ള ഹേമചന്ദ്രന്റെ മതം ഞാൻ ഇതിനു മുൻപു ചൂണ്ടിക്കാണിച്ചുവല്ലോ. മഹർഷിമാരുടെ ആശ്രമങ്ങളിൽ എങ്ങനെ അഹിയും നകുലവും സഹോദരഭാവ

Digitized By Kerala Sahitya Akademi

ത്തിൽ വർത്തിക്കുന്നതോ അങ്ങനെയാണു് സർവ്വാതിശായിയായ വീരരസത്തിൽ വിപ്രലംഭകരുണങ്ങൾ ഈ ശ്ലോകത്തിൽ വർത്തിക്കുന്നതെന്നാകുന്നു അജ്ജുനവർമ്മാവിന്റെ മതം. പ്രകൃതത്തിൽ ശ്രീമാൻ മാരാർ ത്രിപുരരിപുവിന്റെ സ്ഥാനത്തു ശ്രീരാമനും ത്രിപുരയുവതികളുടെ സ്ഥാനത്തു നിശാചരിയും ശൃംഗാരകരുണങ്ങളുടെ സ്ഥാനത്തു ശൃംഗാരബീഭത്സങ്ങളും നിലകൊള്ളുന്നു എന്നു പറയുന്നു. 'സ ദഹതു ദുരിതം ശാംഭവോ വഃ ശരാഗ്നിഃ' എന്ന ഭാഗത്തിൽ മഹേശ്വരപ്രഭാവം വിധേയമാണു്; അതിനു തുല്യമായ പ്രസ്താവനയൊന്നും 'രാമമന്മഥ'ത്യാദി പദ്യത്തിലില്ല. ഉണ്ടെങ്കിൽത്തന്നെ 'രാമമന്മഥശരേണ' എന്ന പദം കൊണ്ടു കവി വിവക്ഷിക്കുന്ന അർത്ഥം അനുവാദ്യമാണു്. മി: മാരാരുടെ മതത്തിനു് എന്തെങ്കിലും ഉപപത്തി സിദ്ധിക്കണമെങ്കിൽ പ്രസ്തുതശ്ലോകത്തിൽ ധർമ്മവീരമാണു് അങ്ഗിയായ രസമെന്നു സാധിക്കണം. അതിനു നിവൃത്തിയില്ല. വീരത്തിന്റെ സ്ഥായിഭാവമായ ഉത്സാഹം (കാര്യാരംഭങ്ങളിൽ സ്ഥേയസ്സായുള്ള സംരംഭം) അദ്ദേഹം ഉദ്ഭാവനം ചെയ്യുന്ന കർത്തവ്യബോധത്തിൽനിന്നു വളരെ ഭിന്നവും ദൂരസ്ഥവുമാണു്. കർത്തവ്യബോധാദ്യങ്ങളുണ്ടായാൽപ്പോലും പ്രകൃതപദ്യത്തിൽ ഒരു വിവക്ഷയുമില്ലാതിരിക്കെ ഉത്സാഹത്തിന്റെ കഥ പറയേണ്ടതില്ലല്ലോ. അഥവാ ധർമ്മവീരമാണു് രസമെന്നു വെച്ചാൽത്തന്നെ ശ്ലോകത്തിലല്ലെങ്കിൽ പ്രകരണത്തിൽപ്പോലുമെങ്കിലും അതിനു് ഈ ശൃംഗാരം എങ്ങനെ പോഷകമാകും? പോഷകമല്ലെങ്കിൽ അതിനു് അംഗത്വം എങ്ങനെ സംഭവിക്കും?

ആകെക്കൂടി നോക്കുമ്പോൾ പ്രകൃതപദ്യത്തിനു് ഒരു ഗതിയും കിട്ടുന്നില്ല. ജഗന്നാഥപണ്ഡിതർ പറയുന്നതുപോലെ ഒരു രസാനുഭൂതിക്കു പ്രതിബന്ധകമായി മറെറാരു രസാനുഭൂതിയുണ്ടാകരുതു്. ഇവിടെ ശൃംഗാരചർവ്വണാനന്തരം ബീഭത്സചർവ്വണത്തിനു മാർഗ്ഗമുണ്ടെങ്കിൽ ശൃംഗാരം ബീഭത്സത്തിനു് അംഗമാണെന്നു സമ്മതിക്കാം. പ്രതിബന്ധകജ്ഞാനം നിവർത്തിക്കുമ്പോൾ നിഷ്പ്രത്യൂഹമായി പ്രതിബദ്ധചർവ്വണം ആരംഭിക്കാം. അതിനു തരമില്ലെന്ന വിധത്തിൽ ഗന്ധഗന്ധകങ്ങളുടെ മിശ്രണം സംഭവിച്ചിരിക്കുന്നതാണു് ഈ പദ്യത്തിലെ യഥാർത്ഥമായ ദൂഷകതാബീജം. ഹേമചന്ദ്രൻ പറയുന്നതു് ഇവിടെ ശൃംഗാരവും ബീഭത്സവും ഒന്നുപോലെ അംഗികളായി നില



Digitized By Kerala Sahitya Akademi

കൊള്ളുന്ന എന്നും സമപ്രധാനങ്ങളായ രണ്ടു രസങ്ങൾക്ക് അന്യോന്യം ഉപകാര്യോപകാരകഭാവമുണ്ടാകാനിടയില്ലെന്നും ആണ്. ശൃംഗാരിയായ വീരരസം ബീഭത്സാഭാസമായിത്തീരുന്നു എന്നാണ് ആലങ്കാരികന്മാരുടെ സിദ്ധാന്തം.

പിന്നെ കാളിദാസനു് ഇത്തരത്തിലൊരു നോട്ടക്കുറവ് എന്തുകൊണ്ടു പററി? 'ജീവിതേശൻ' 'നിശാചരി' ഈ പദങ്ങൾ കൈയിൽ കിട്ടിയപ്പോൾ പ്രകൃതപദ്യത്തിൽ ശ്ലേഷത്തിന്റെ സാഹായ്യത്താൽ മറെറാരർത്ഥംകൂടി അവതരിപ്പിച്ചാലെന്താണു് എന്നു് അദ്ദേഹത്തിനു തോന്നി. മന്മഥനെപ്പോലെ സുന്ദരനാണല്ലോ ശ്രീരാമൻ. അദ്ദേഹത്തിന്ന് അങ്ങനെയും ഒരു സൌകര്യം കിട്ടി. പിന്നെ തന്റെ ഇഷ്ടമായ പന്ഥാവു വിട്ടു സ്വല്പം ക്ലിഷ്ടമായാലും 'ഗന്ധവദ്രുധിരചന്ദനോക്ഷിതാ' എന്നൊരു വിശേഷണംകൂടി ചേർക്കാമെന്നും അദ്ദേഹം നിശ്ചയിച്ചു. ഇതിന്റെയെല്ലാം ഫലമായി അഭിസാരികാപരമായ ഒരർത്ഥംകൂടി മഹാകവി ഈ ശ്ലോകത്തിൽ കയററിവച്ചു. അതിന്റെ ഫലമെന്തെന്നും അതിനു പ്രകൃതോപയോഗിതയെന്തെന്നും ക്ഷാത്രതേജസ്സിന്റെ പുരുഷാവതാരമായ ശ്രീരാമനെ താടകാവധസന്ദർഭത്തിൽ കുസുമശരനാക്കുന്നതു് അദ്ദേഹത്തിന്റെ പ്രഭാവത്തിനു് അപകർഷമല്ലേ എന്നും മററുമൊന്നും അദ്ദേഹം അത്രതന്നെ ചിന്തിച്ചില്ല. അല്പമായ ശബ്ദച്ഛലലാഭത്തിൽ അദ്ദേഹം ചരിതാർത്ഥനായി അടുത്ത ശ്ലോകത്തിലേക്കു കടക്കുകയും ചെയ്തു. ഇതാണ് എന്റെ അതിവിനീതമായ അഭിപ്രായം. തന്റെ പ്രാണപ്രിയനായ സുന്ദൻ യമരാജധാനിയിൽ വസിച്ചു വരുന്നു എന്നും ചിരവിരഹോൽക്കണ്ഠിതയായ താടക അദ്ദേഹവുമായുള്ള സംഗമത്തിനുവേണ്ടിയാണു് അഭിസാരികാവേഷം ധരിച്ചു ഗന്ധവദ്രുധിരചന്ദനോക്ഷിതയായി അതിത്വരയോടുകൂടി അങ്ങോട്ടു പോയതു് എന്നും മററും അശ്രുതപൂർവങ്ങളായ ഇനിയും ചില ഉപപത്തികൾ ഈ ശ്ലോകത്തിനു കല്പിക്കാം. അവയൊന്നും കവി സ്വപ്നത്തിൽപോലും കരുതിയിരുന്നിരിക്കുവാൻ ഇടയുള്ളതല്ലാത്തതിനാൽ ആ പന്ഥാവിലൂടെ സഞ്ചരിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇവിടെ പ്രകാശകാരാദികൾ ഉൽഭാവനം ചെയ്യുന്ന ദോഷം, ദോഷംതന്നെ. വാച്യചിത്രത്തിൽ കവിഞ്ഞുള്ള ഒരു കാവ്യശോഭ ഈ പദ്യത്തിനില്ല. സാക്ഷാൽ സഹൃദയസംവാദസാക്ഷികമാകുന്ന

Digitized By Kerala Sahitya Akademi

സാഹിത്യരസാനുഭൂതി. 'Even Homer nods' ആശാനും അടി പിഴയ്ക്കും എന്നുള്ള സാർവലൌകികമായതത്വം ഇവിടെ സ്മരിച്ചു സഹൃദയന്മാർ സമാധാനപ്പെട്ടുകൊള്ളേണ്ടതാണു്. ബാലവ്യുൽപത്തിക്കു വേണ്ടി മഹാകാവ്യപദ്യങ്ങൾക്കു വ്യാഖ്യാനമെഴുതുന്ന അരുണഗിരിനാഥാദികൾക്കു ഖണ്ഡനശൈലി അനുസരിക്കുന്നതിനേ മാർഗ്ഗമുള്ളു. ക്ഷോദക്ഷമമായ് നിരൂപണം ചെയ്തു് അവയുടെ ഗുണദോഷങ്ങൾ വെളിവാക്കേണ്ടതിനു സാഹിത്യാചാര്യന്മാരായ മമ്മടഭട്ടാദികളാകുന്നു ഉത്തമാധികാരികൾ. പാശ്ചാത്യസാഹിത്യാചാര്യന്മാരുടെ ദൃഷ്ടിയിൽ ഇത്തരത്തിലുള്ള മുക്തകങ്ങൾ എത്രമാത്രം വൈരസ്യജനകങ്ങളാണെന്നുള്ളതു് എന്റെ പ്രപഞ്ചനം കൂടാതെതന്നെ വായനക്കാർക്കു ഗ്രഹിക്കാവുന്നതുമാണല്ലോ.

Digitized By Kerala Sahitya Akademi

# കോട്ടയത്തു

# കേരളവർമ്മതമ്പുരാൻ.

---

വാല്മീകിരാമായണം കിളിപ്പാട്ടിന്റെ നിർമ്മാതാവായ മഹാകവി കോട്ടയത്തു കേരളവർമ്മതമ്പുരാനെപ്പററി കേരളീയർ പരക്കെ ധരിച്ചിരിക്കുവാനിടയില്ലാത്ത ചില വിവരങ്ങൾ ഇദംപ്രഥമമായി പ്രസിദ്ധപ്പെടുത്തുന്നതിനാണ് ഞാൻ ഈ ഉപന്യാസത്തിൽ ഉദ്യമിക്കുന്നതു്.

തെക്കൻതിരുവിതാംകൂറിൽ വില്ലടിച്ചാൻപാട്ടു് അഥവാ വില്ലുകൊട്ടിപ്പാട്ടു് എന്നപേരിൽ ഒരുമാതിരി ഗാനസമ്പ്രദായം ഇന്നും നടപ്പുണ്ടു്. ഈ ഇനത്തിൽപ്പെട്ട അതിദീർഘവും അതിവിശിഷ്ടവുമായ ഒരു കൃതിയാണ് അവാട്ടുതുറ അയ്യപ്പിള്ള ആശാന്റെ രാമകഥപ്പാട്ടു്. പുരാണകഥകൾ മാത്രമല്ല വിൽപാട്ടുകാർക്കു വിഷയീഭവിക്കുന്നതു്. ദുർമ്മരണത്തിൽപ്പെട്ട രാജാക്കന്മാർ, സേനാനായകന്മാർ, പതിവ്രതമാർ മുതലായി പലരും ഈ പാട്ടുകളിൽ നായകന്മാരായും നായികമാരായും പരിലസിക്കുന്നതുനിമിത്തം ദേശചരിത്രം, സമുദായചരിത്രം തുടങ്ങിയ പ്രമേയങ്ങൾ സംബന്ധിച്ചു പലവിധത്തിലുള്ള അറിവുകൾ നമുക്കു് ഇവയിൽനിന്നു ലഭിക്കുന്നു. ഒട്ടുവളരെ സമുജ്ജ്വലങ്ങളും വിജ്ഞാനപ്രദങ്ങളുമായ "ധനുർഗ്ഗാനങ്ങൾ" എന്റെ കൈവശമുണ്ടു്. അവയിൽ ഇരവിക്കുട്ടിപ്പിള്ളപ്പോർ (കണിയാകുളത്തുപോർ) ഒഴികെ മററൊന്നും സമഗ്രമായി അച്ചടിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. വായനക്കാർക്കു രസിക്കുമെങ്കിൽ അവയിൽ ചില ഗാനങ്ങളുടെ ഇതിവൃത്തവും തദ്വാരാ ലഭിക്കുന്ന ചില അറിവുകളും ഞാൻ അപ്പൊഴപ്പോൾ പ്രകാശനം ചെയ്യാം.

'പുതുവാത (പുതുബാധ)പ്പാട്ടു്" എന്ന പേരിൽ കോട്ടയത്തു കേരളവർമ്മരയ്യന്റെ ജീവിതചരിത്രത്തെ പരാമർശിച്ചു് അദ്ദേഹ

Digitized By Kerala Sahitya Akademi

ത്തിന്റെ മരണാനന്തരം 'പരപ്പുക്കുട്ടിപ്പുലവ'ന്റെ (1) ശിഷ്യനായ ഒരു കവി സാമാന്യം വിസ്താരിച്ചെഴുതീട്ടുള്ള ഒരു വില്ലടിച്ചാൻ പാട്ടുണ്ട്. അതു് ഇന്നും ചില കോവിലകങ്ങളിലും ക്ഷേത്രങ്ങളിലും വഴിപാടായി പാടിവരുന്നു. മററു വിൽപ്പാട്ടുകളിലേയെന്നപോലെ പുതുവാതപ്പാട്ടിലേയും ഭാഷ തെക്കൻതിരുവിതാംകൂറിൽ നടപ്പുള്ള പ്രാകൃതത്തമിഴാണു്. ഇത്തരം പാട്ടുകളിൽ കാണുന്ന പ്രസ്താവനകൾ മുഴുവൻ വിശ്വാസയോഗ്യങ്ങളല്ലെങ്കിലും അവയിൽ അനേകം അംശങ്ങൾ മററു തെളിവുകളുമായി തട്ടിച്ചു നോക്കുമ്പോൾ അങ്ഗീകാര്യങ്ങളായിട്ടാണു് കണ്ടുവരാറുള്ളതു്

"കേളിയുററ കേരളപുരം തിരുവിതാങ്കോട്ടു;
കിറുതൈപ്പ ചുഖായനാരും പള്ളികൊണ്ട നാട്ടു;
നാട്ടുതന്നിൽ മന്നർ പിറവേലി നാട്ടുംവിട്ടു
നല്ല പുകഴ്കൊണ്ട ചെണ്ടനാട്ടു മുഴുതാണ്ടു
ഉളവുവന്തരചർ തിരുവനന്തപുരി പുകുന്തു
അതർമന്നരുടെ മന്തിരിമാർക്കും വധൈചെയ്തു
അളവുവന്തരചർ കയിലാസവും പണിന്തു
അരനൈയടിതൊഴുതു മന്നർ വരമതും വാങ്കി."

എന്നു് ഉപോദ്ഘാതഭാഗത്തിൽ കവി പ്രതിപാദ്യവസ്തു ഏതാണു് സൂചിപ്പിച്ചിരിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ പെട്ട പ്രസിദ്ധങ്ങളായ കേരളപുരം, തിരുവിതാങ്കോട്ടു് ഈ സ്ഥലങ്ങളുള്ളതും പരമകാരുണികനായ ഭഗവാൻ ശ്രീപത്മനാഭൻ (അരവൻ=ഈശ്വരൻ) പള്ളികൊണ്ടരുളുന്നതുമായ വേണാട്ടു് (കൽക്കുളം മുതലായ പ്രദേശങ്ങൾക്കു വിൽപ്പാട്ടുകളിൽ ചെണ്ടനാട്ടു് (2) എന്നൊരു പേർ കാണുന്നു) ഭരിച്ചു തിരുവനന്തപുരത്തു ചെന്നു കൈരമാറ്റത്തിൽ താൽപര്യക്കാരായിരുന്ന മന്ത്രിമാരെ വധിച്ചു് അവരുടെ പാശ്ചാത്തി

(1) പരപ്പുക്കുട്ടിപ്പിള്ള എന്ന കവി.

(2) രാജധാനിയായ തിരുവിതാംകോട്ടിനു ചെണ്ടപ്പെട്ടവീടെന്നും പേർ കാണുന്നു. ഇതിന്റെ ആഗമത്തെപ്പററി ഖണ്ഡിച്ചൊന്നും പറവാൻ തൽകാലം നിവൃത്തി കാണുന്നില്ല.

Digitized By Kerala Sahitya Akademi

കളാൽ താനും വധിക്കപ്പെട്ട 'പിറവെലി' അതായതു പുറവഴി (3) (കോട്ടയം) നാട്ടിൽനിന്നു വന്ന കേരളവൎമ്മരാജാവു ശിവലോകം പ്രാപിച്ചു് അവിടെനിന്നു ശത്രുക്കളെ നശിപ്പിക്കുവാൻ വരംവാങ്ങി തിരുവനന്തപുരത്തു തിരിയെ എത്തുന്നതുവരെയുള്ള കഥ മാത്രമല്ല, ആ യുദ്ധവീരന്റെ ജനനംമുതല്ക്കുള്ള പൂൎവ്വചരിത്രവും അദ്ദേഹം തന്നെ യഥാൎത്ഥത്തോടുകൂടി പ്രസ്തുതകൃതിയിൽ കീൎത്തനം ചെയ്യുന്നു.

പുറവഴിനാട്ടിൽ ഗോദവൎമ്മരാജാവിനു് ഉമാദേവിയെന്നൊരു സഹോദരി ജനിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ ആ കന്യകയുടെ പള്ളിക്കെട്ടു കഴിഞ്ഞു. പതിമ്മൂന്നാമത്തെ വയസ്സിൽ ആ രാജ്ഞി ഋതുമതിയായി. മകനില്ലെന്നുള്ള ദുഃഖം നിമിത്തം ഗോദവൎമ്മരാജാവു കോട്ടയത്തു ശിവക്ഷേത്രത്തിൽ പല വഴിപാടുകളും നടത്തി. കുടക്കാട്ടു അയ്യപ്പൻ, പിറക്കാട്ടു് ശ്രീരാഘവൻ, മാമാങ്കത്തു കോത, കാരവാരപ്പള്ളി, (4) തുളുനാട്ടിൽ ശ്രീപരമേശ്വരൻ ഈ ദേവകൾക്കു് ആയുധം, ആഭരണം മുതലായവ സമൎപ്പിച്ചു. ശിവന്റെ കാരുണ്യത്താൽ കന്നിമാസം ൧൦-ാനു വെള്ളിയാഴ്ച ശുക്ലപക്ഷത്തിൽ പഞ്ചമിതിഥിയിൽ കാൎത്തികനക്ഷത്രത്തിൽ (5) ചിങ്ങം രാശിയിൽ പൂൎണ്ണചന്ദ്രനെപ്പോലെ എങ്ങും ശോഭിക്കുന്ന ഒരു കുമാരനെ ഉമാദേവി പ്രസവിച്ചു. കേരളവൎമ്മനെന്നു് ആ കുമാരനു പേരിട്ടു. അഞ്ചാമത്തെ വയസ്സിൽ ആറുമുകവൻ (സുബ്രഹ്മണ്യൻ) എന്നൊരു അദ്ധ്യാപകനെ നിയമിച്ചു ഗോദവൎമ്മാവു ഭാഗിനേയനെ നിഷ്കൎഷിച്ചു് അക്ഷരവിദ്യ പഠിപ്പിച്ചു. മലയാളത്തിലേയും, തമിഴിലേയും അക്ഷരമാലകൾ അദ്ദേഹം വശമാക്കി; ആ ഭാഷകൾക്കു പുറമേ കൎണ്ണാടകവും തുളുവും പഠിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ ആയുധാഭ്യാസം (ഉട

---

(3). പുറവഴി സംസ്കൃതീകരിച്ചതാണു് പൂരളി. സംസ്കൃതത്തിൽ 'റ' 'ഴ' ഈ അക്ഷരങ്ങൾ ഇല്ലല്ലോ. കോട്ടയം രാജാക്കന്മാർ പരദേശത്തുനിന്നു വന്നവരാണു്.

(4) ഈ സ്ഥലങ്ങളും ക്ഷേത്രങ്ങളും ഏതെന്നറിയുന്നില്ല.

(5) കന്നിമാസത്തിലെ ശുക്ലപഞ്ചമിയിൽ കാൎത്തിക വരികയില്ലെന്നു കാണുന്നതുകൊണ്ടു് ഇവിടെ കവിക്കു പ്രമാദമോ പാഠത്തിനു് പിഴയോ പറ്റിയതായി വിചാരിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

വാൾവെട്ടു്) ആരംഭിച്ചു. 'മാന്തയർ' (6) എന്നാണു് ആയുധവിദ്യാഗുരുവിന്റെ പേർ ഗ്രന്ഥത്തിൽ കാണുന്നതു്. ധനുർവേദത്തിൽ ഉപരിവിദ്യ തുളുനാട്ടുകാരനായ ഒരു നായകർ അഭ്യസിപ്പിച്ചു. അനന്തരം പുരവിയേററു് (അശ്വാരോഹണം) ഒരു രാവുത്ത (മഹമ്മദീയൻ)നും പഠിപ്പിച്ചു. ചുരുക്കത്തിൽ പറയുകയാണെങ്കിൽ കുമാരൻ ഏതാനും സംവത്സരങ്ങൾകൊണ്ടു് ഒരു വലിയ യോദ്ധാവായിത്തീർന്നു. വടക്കുനിന്നു് ൧൩ യുവാക്കന്മാരായ അഭ്യാസികളെ വരുത്തി അവൎക്കു ശമ്പളംകൊടുത്തു കന്നിച്ചേവകക്കാർ എന്നു പേരുനല്കി രാജധാനിയിൽ പാർപ്പിച്ചു.

പോർക്കലി ഭദ്രകാളിയുടെ തിരുക്കൈയിൽ നിന്നു പൊന്നുടവാൾ വാങ്ങിക്കുക (7) എന്ന സാഹസകർമ്മത്തിനാണു് രാജകുമാരൻ അനന്തരം ഒരുമ്പെട്ടതു്. "മന്ത്രിമരൊത്ത ശത്രുനിരക്കളെയൊക്കെയുമടക്കിമരു വാഴും ജനനാഥാളുകൈക്ക വാൾ തന്നരുളേണമമ്മേ." അന്തായതു ചന്ദ്രവംശപ്പുള്ള ശത്രുക്കളെ അടക്കി വടനാടു (വടക്കുള്ളനാട്ടു്) പരിപാലിക്കുന്നതിനുള്ള വാൾ തരണമെന്നു ഭദ്രകാളിയോടു കുമാരൻ പ്രാർത്ഥിച്ച അവസരത്തിൽ ഭദ്രകാളി തൃക്കണ്ണുകൊണ്ടു ശാന്തിക്കാരനെ നോക്കുകയും ഉടനെ ശാന്തിക്കാരൻ തുള്ളി.

"മകളും നീ ഇളുവരശാ, ഇന്നവും താനെന്നെ നമ്പി
കേരളമുററ വാളുക്കാക വന്താൽ

---

(6) മന്തയർ എന്ന പദത്തിനു പ്രാചീനചേരരാജാക്കന്മാൎക്കു ഉത്തരകേരളത്തിൽ ഉണ്ടായിരുന്നതായി കാണുന്ന മന്നൈ എന്ന തുറമുഖവുമായി വല്ല ബന്ധവുമുണ്ടോ എന്നറിയുന്നില്ല.

(7) കോട്ടയത്തു രാജാക്കന്മാരുടെ പരദേവതയായ പോർക്കലിഭദ്രകാളി ആ രാജാക്കന്മാർ യുദ്ധഭൂമിയിൽ പോകുമ്പോൾ അവരെ സഹായിക്കുവാൻ അനുഗമിക്കാറുണ്ടെന്നു്,

"യേഷാം വംശേ സമജനി ഹരിശ്ചന്ദ്രനാമാ നരേന്ദ്രഃ;
പ്രത്യാപത്തിഃ പതഗ, യദുപജ്ഞം ച കൗമാരിലാനാം;
തേഷാമേഷാം സ്ഥിതിഷു ന ഭവേത് കസ്യ വക്ത്രം പവിത്രം;
യുദ്ധേ യേഷാമഹിതഹതയേ ചണ്ഡികാ സന്നിധത്തേ."

എന്നു കോകിലസന്ദേശപദ്യത്തിൽ ഉദ്ദണ്ഡശാസ്ത്രികൾ സൂചിപ്പിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ജലമൃഗങ്ങൾ വന്തിടും കണ്ടേൻ നാൻ വാളു തന്തിടുകിൽ
ചിറന്ത വാളുനക്കടങ്ങിടാതെ.
അടങ്ങിടാതില്ലവരശാ, പിറവെടിക്കപ്പോമേയിപ്പോൾ
അതിവീര്യമുള്ള വാളു കണ്ടമേ.
കുടിയ നൽക്കരുതിയാഴ്ചതോറും ചോര കുടിത്തിടുമേ;
കരുതിമേ ജപങ്ങൾ വേണം നിത്യലും;
മുടങ്ങിടാതയാഴ്ചതോറും നല്ല പൂജൈ ചെയ്യവേണം;
മുന്നിന്നു നാളുതോറും വാളു തുള്ളുമേ;
നാടിയിന്ത വാളുക്കാകവേ മനതു വൈത്തിടാതെ."
നമ്പിമേലെഴുന്നു തുള്ളി ചൊല്ലുവാർ കാളി.

അതായത്, "അല്ലയോ ഇളയരാജാവേ, നീ എന്നെ വിശ്വസിച്ച് ഈ വാളിനായി കഷ്ടപ്പെട്ട് ഇവിടെ വന്നുവെങ്കിലും, ഞാൻ ഇതു തന്നാൽ നിനക്ക് ജാള്യമാണ് സംഭവിക്കുവാൻ ഇടയുള്ളത്. എന്തെന്നാൽ എന്റെ ബലിഷ്ഠമായ ഖഡ്ഗം നിനക്ക് അടങ്ങുകയില്ല. അതുകൊണ്ടു തിരികെ നാട്ടിലേക്കു പൊയ്ക്കൊള്ളുക. അതിവീര്യമുള്ള ഖഡ്ഗമാണ് ഇതെന്നു ഞാൻ ആവർത്തിച്ചു പറയുന്നു. ആഴ്ചതോറും ഇതു ചോരകുടിക്കും; ഇതിനു (നിത്യലും) ദിവസംതോറും ജപങ്ങളും പൂജയും വേണം; അല്ലെങ്കിൽ ഇതു (മുന്നിന്നു) കോപിച്ചു തുള്ളും. ഈ കാരണങ്ങളാൽ നീ ഇതിൽ മനസ്സു വയ്ക്കേണ്ട." എന്നു വിലക്കി. ആ വീരനുണ്ടോ അത്തരത്തിലുള്ള ഒരു കല്പനയ്ക്കു കീഴടങ്ങുന്നു! വാൾ തരില്ലെങ്കിൽ 'നായകി ഉന്നാണെ നാനിറപ്പേനേ' താൻ ക്ഷേത്രസന്നിധിയിൽ വെച്ച് ആത്മഹത്യ ചെയ്യുമെന്ന് അദ്ദേഹം ശപഥം ചെയ്തു. അതിനു മറുപടിയായി വെളിച്ചപ്പാട്, വാളിരിക്കുന്നതു സമുദ്രതീരത്തിലാണെന്നും അത് അവിടെനിന്ന് എടുക്കുവാൻ പ്രയാസമുണ്ടെന്നും പറഞ്ഞു. ദേവിയുടെ സന്നിധിയിൽ ചാരിവച്ചിരുന്ന വാൾ കുമാരൻ കൈകൊണ്ടു തൊട്ടതും അതു തുള്ളി അടുത്തുള്ള മുതലയാററിൽ വീണതും ഒന്നിച്ചുകഴിഞ്ഞു. കയത്തിൽ ചാടി വാളെടുക്കാമോ എന്ന് അദ്ദേഹം കന്നിച്ചേവുകക്കാരോടു ചോദിച്ചപ്പോൾ അവർ "മോശമുണ്ടാമിക്കയത്തിൽ പൊല്ലാത മുതലയുണ്ട്; മുടിമന്നവാ. വാളെടുക്കവേണ്ടാം" എന്നു തടുത്തു. അതു കൂട്ടാക്കാതെ ആ യോദ്ധാവു കയത്തിലേക്കു ചാടി; പുഴയിൽ വെള്ളം പൊ

Digitized By Kerala Sahitya Akademi

ങ്ങി; ഭൂതപ്രേതവേതാളങ്ങൾ ക്രോധത്തോടുകൂടി ഗർജ്ജിച്ചു; എന്നാൽ തൻെറ ഭക്തശിഖാമണിയായ രാജാവിനെ കാരുണ്യവതിയായ ദേവി കാക്കകനിമിത്തം വെള്ളത്തിനടിയിൽ പൊയ്പ്പോയ വാൾ എടുത്തുകൊണ്ടുതന്നെ അദ്ദേഹം തിരിച്ചെത്തി. 'അമ്മേ, അമ്മയുടെ രാജ്യമാണ് ഇതു്.' എന്നു തൊഴുതറിയിച്ചുകൊണ്ടു കുമാരൻ ഭദ്രകാളിയുടെ തൃക്കൈയിൽ വാൾ സമർപ്പിക്കുകയും 'കൈതവനിലമത്തിയേകി വാഴ്ക നെടുവാളിതെന്നു കാളി ചിത്രരൂപി അരുൾചെയ്തിതേ' അതു കൈയിൽ അമർത്തി 'വത്സാ! നീ ദീർഘകാലം വാഴുക' എന്നു് ആശിസ്സു നല്കി ദേവി അതു കുമാരനെ തിരികെ ഏല്പിക്കുകയും ചെയ്തു. കേരളവർമ്മതമ്പുരാൻ ഉടവാളോടുകൂടി കോട്ടയത്തു് എത്തി; ആ ദേശത്തിലും കോലത്തുനാട്ടിലും മാമാങ്കം ഘോഷിക്കുന്ന നാട്ടിലും (നെടുവിരിപ്പുസ്വരൂപം) ഉള്ള ജനങ്ങൾ അദ്ദേഹത്തിൻെറ അപദാനങ്ങൾ കണ്ടു് അത്ഭുതപ്പെട്ടു.

I

അങ്ങനെയിരിക്കെ ഇളയരാജാവെന്നു തുല്യംചാർത്തി ചിലനീട്ടുകൾ കേരളവർമ്മാവു് അയയ്ക്കുകയും ഗോദവർമ്മതമ്പുരാൻെറ മന്ത്രി അതുകണ്ടു് അമ്മാമനും മരുമകനും തമ്മിൽ വിരോധം വരുമാറു് ഏഷണിപ്രയോഗങ്ങൾ തുടങ്ങുകയും ചെയ്തു. അപ്പോൾ കേരളവർമ്മാവു നേരിട്ടു ഗോദവർമ്മാവിൻെറ സന്നിധിയെ പ്രാപിച്ചു തന്നെ യുവരാജാവായി അഭിഷേകം ചെയ്യണമെന്നു് അപേക്ഷിച്ചു; ഗോദവർമ്മാവാകട്ടെ മന്ത്രിയുടെ അനുവാദം വാങ്ങാതെ താൻ അതു ചെയ്യുകയില്ലെന്നു ശഠിച്ചു. അതുകേട്ടു ക്രുദ്ധനായി കുമാരൻ മന്ത്രിയെ താൻ വിളിച്ചുകൊണ്ടുവരാമെന്നു് അറിയിച്ചു് അദ്ദേഹത്തെ വധിക്കുന്നതിലേയ്ക്കു പോയി. മന്ത്രിയുടെ വീട്ടിൽ രാജാവു ചെന്നപ്പോൾ അദ്ദേഹം ഗർവിഷ്ഠനായി യാതൊരുപചാരവും ചെയ്യാതെ നിന്നതുകണ്ടു് "മരികെന്നിങ്കെവരും മന്തിരിയെ! അടക്കമാകമൊഴി ചേരുമൈക്കെ" എന്നു പറയുകയും

> "വിരൈന്തു മന്തിരി മുടുകി മുടുകിവര,
> വെറുത്തു മന്തിരിമുകം പാരാതെ
> കൈയിലുടവാളും ഇറുകപ്പൂട്ടി
> കാവലർ ചവട്ട വൈരത്തു വെട്ടിടവേ"

Digitized By Kerala Sahitya Akademi

മന്ത്രി അടുത്തു വന്നപ്പോൾ ഉന്നം നോക്കി ചോടുവച്ചു് ഉടവാൾ കൊണ്ടു വെട്ടി അദ്ദേഹത്തെ വധിക്കുകയും ചെയ്തു. കുമാരൻ അമ്മ തമ്പുരാനെക്കണ്ടു് ആ വിവരം ധരിപ്പിച്ചപ്പോൾ,

"അമ്മമാത്തുമല്ലാഴൊൻറു തിരുവുള്ളമായ്;
അന്തമിത്തു ചെയ്തീടേൻറ നകൈപ്പാർ;
അശരത മാപാപം ചെയ്തീരോ?
പിനത്തു മറുനാടാണ്ടിരുക്കിറതോർ
ചിറന്ത മന്നർ കേട്ടാൽ നകൈപ്പാരേ.
ചൂഴ്ന്ത മാപാപത്തെത്തീർപ്പതക്കു
ചിറന്ത നല്ല തീർത്ഥങ്ങളുണ്ടു."

"ഈ വധം ചെയ്തതിന്നു് അന്യർ നിന്നെ പരിഹസിക്കും. ചെയ്യരുതാത്ത മഹാപാപമാണല്ലോ നീയിപ്പോൾ ചെയ്തതു്. ഇതരരാജ്യങ്ങളിലുള്ള രാജാക്കന്മാർ നിന്നെ കോപത്തോടുകൂടി അധിക്ഷേപിക്കും. നിന്നെ വലംവെച്ചു ഈ മഹാപാപം തീരുന്നതിനു തീർത്ഥസ്നാനം ചെയ്യണം." എന്നു് അവിടുന്നു് ഉപദേശിച്ചു് അതിനു വേണ്ട ദ്രവ്യവും നല്കി. തന്റെ പതിനാറു കനിച്ചേവകക്കാരോടും 'ചിദോൻപട്ടർ' എന്ന പാട്ടിൽ പറയുന്ന ഒരു ബ്രാഹ്മണനോടും 'കരുണൻ' അഥവാ കരുണാകരൻ എന്ന പേരുള്ള ഒരു 'കുഴാതി' അതായതു പരിഷാരടിയനോടുംകൂടി രാജാവു കോട്ടയം വിട്ടു തീർത്ഥയാത്രയായി പരദേശത്തേക്കു പോയി.

തമ്പുരാന്റെ യാത്ര മലവഴിയായിരുന്നു. 'കല്ലുകുട്ടിമുങ്കിൽമല' 'കാനാറുംപൊറസ്റ്റ' മുതലായ പ്രദേശങ്ങളും, കുറവർ, വേടർ, മുതലായ മലയരും, സിംഹവ്യാഘ്രാദിമൃഗങ്ങളും അധിവസിക്കുന്ന പർവ്വതങ്ങളും കടന്നു് കടക്കഭേദ്യാരിമലയും ഇടന്താങ്കും പൊയ്ക്കയും അതിക്രമിച്ചു്, മുകിലന്റെ രാജ്യത്തു ചെന്നുചേർന്നു. ആ രാജ്യം ഭരിച്ചിരുന്നതു് 'മയ്യത്തുമ' എന്ന പാട്ടിൽ പറയുന്ന ഒരു മഹമ്മദീയനായിരുന്നു. അവിടെ ഒരു ക്ഷേത്രത്തിൽ തൽകാലത്തേക്കു താമസമുറപ്പിച്ച രാജാവിനോടു മയ്യത്തുമയുടെ ഭടന്മാർ "അങ്ങു ഞങ്ങളുടെ രാജ്യത്തിൽ എന്തിനാണു് മലവഴി കടന്നുവന്നതു്? ('ഉള്ളു പാക്കവോ കോട്ട പിടിക്കവോ ഊഴി

Digitized By Kerala Sahitya Akademi

ഷിങ്കെ ഒരുവരറിയാമതു്?") "ഉള്ളു കള്ളികൾ അറിയാതനാ കോട്ട പിടിക്കാനോ?" എന്നു ചോദിക്കുകയും, അതിനു് അദ്ദേഹം താൻ ചോരനോ ദുഷ്ടനോ അല്ലെന്നും മലവഴി വന്നതു പുറവഴിനാട്ടിൽനിന്നു ചോളമണ്ഡലത്തേക്കു് അതു കുറുക്കപാതയാകകൊണ്ടാണെന്നും തീൎത്ഥയാത്രയാണു് തന്റെ ഉദ്ദേശ്യമെന്നും മറുപടി പറയുകയും ചെയ്തു. അതുകേട്ടു് ആ ഭടന്മാർ "അവനെ അറിന്താൽ ചങ്കളു വിരുട്പാമേ" അതായതു തങ്ങളുടെ രാജാവു് ഈ കാൎയ്യം അറിഞ്ഞാൽ തങ്ങളെ വധിക്കുമെന്നും അതിനാൽ തീർത്ഥയാത്രയ്ക്കു ഒരുമ്പെട്ടാനെ സമ്മേളയായി അയയ്ക്കുവാൻ നിവൃത്തിയില്ലെന്നും ശഠിച്ചു. ഒരു ഭടൻ മന്ത്രിയുടെ കൊട്ടാരത്തിൽ ചെന്നു്—

"നമ്മുടെ രാജ്യത്തു വന്നതുണ്ടു;
നായകനോ മാലയനോ നാനറിയേൻ;
അമ്മമാതാക്കളിന്റെയടുത്തവരോ?
അറിയാത മായ ചുററി വന്തവരോ?
കണ്ണനെന്നാലവർ കണ്ണനല്ല;
കൈയിലൊരു വില്ലുമമ്പുതാനുമില്ലേ;
ഭീമനെന്നാലവർ ഭീമനല്ലേ,
കൈയിലൊരു ഭീമഗദയുമില്ലേ;
സോമകുലമോ സൂൎയ്യകുലമോ;
സോമബിംബമൊത്തമുഖമതുണ്ടേ,
ഞെമ്പൊല് വാനിപ്പുവിയിൽആരുമില്ലേ.
കളിവുപൊൻനിറംപോലെ മേനികണ്ടാൽ.
കണ്ടാൽ പല പല നിറം തോന്നും,
കൈയിലൊരു വാളുമിരിപ്പതുണ്ടു,
തെണ്ടൊട്ടും വാളുകണ്ടാലെല്ലാപേരും,
തെളിന്തവാള ചന്തമിതുപോലെയുണ്ടോ?"

"നാഥാ! നമ്മുടെ രാജ്യത്തിൽ ഒരു വിദേശി വന്നുചേൎന്നിരിക്കുന്നു. രാജാവോ അതോ സാക്ഷാൽ ശ്രീനാരായണനോ എന്നറിയുന്നില്ല. സാധാരണമനുഷ്യനോ മായാമനുഷ്യനായി സഞ്ചരിക്കുന്ന ദേവതാവിശേഷമോ എന്നും തിട്ടമില്ല. കണ്ണനാണെന്നു പറയാം, പക്ഷേ കൈയിൽ വില്ലുമമ്പുമില്ല. കൈയിൽ ഗദ കാണാത്തതുകൊണ്ടു ഭീമ

Digitized By Kerala Sahitya Akademi

സേനനെന്നു പറവാനും നിവൃത്തിയില്ല. സോമവംശത്തിലോ സൂൎയ്യ വംശത്തിലോ ജനിച്ച രാജാവായിരിക്കാം. ഏതായാലും സോമബിംബംപോലെയുള്ള മുഖമുണ്ടു്. അനുപമനായ അദ്ദേഹത്തിന്റെ ദേഹത്തിനു് ആദിത്യന്റെ കാന്തിയുമുണ്ടു്. കാണുമ്പോൾ പല നിറത്തിലാണു് ആ മഹാൻ ശോഭിക്കുന്നതു്. കൈയിൽ അത്യന്തം വിശിഷ്ടമായ ഒരു വാളുമുണ്ടു്. അതു കണ്ടാൽ ആരും പേടിച്ചുപോകും." എന്നും മററും ദൂരയോടു് അറിയിച്ചു. ദൂര ഒരു കൊമ്പനാനപ്പുറത്തുകേറി തമ്പുരാനെ കാണ്മാൻ ചെല്ലുകയും അദ്ദേഹത്തിന്റെ നേത്രപ്രതിഘാതിയായ തേജസ്സിൽ അരമണിക്കൂറു നേരത്തേയ്ക്കു് അന്ധപ്രായനായി നിന്നുപോകുകയും ചെയ്തു പിന്നീടു കുശലപ്രശ്നവും വിധിയും മററും അനുഷ്ഠിച്ചു. രാജാവു തീൎത്ഥയാത്രയ്ക്കു പോകുകയാണെന്നറിഞ്ഞപ്പോൾ "കള്ളർ മറവർ പാരമുണ്ടേ ഇപ്പുവിയിൽ കഴുത്തറുത്തുകൊല്ലും ദുഷ്ട(ദുഷ്ട)ചാതിയുണ്ടേ" എന്നു പറഞ്ഞു തന്റെ അരമനയിലേയ്ക്കു അദ്ദേഹത്തെ സപരിവാരം കൂട്ടിച്ചുകൊണ്ടുപോയി. അവിടെ ഒരു ക്ഷേത്രത്തിൽ വിളമ്പാൻ പട്ടരെക്കൊണ്ടു് അമൃതേത്തിനുള്ള ഒരുക്കങ്ങൾ ചെയ്യിച്ചു് ഉടവാളിനു യഥാവിധി പൂജനടത്തി രാജാവും അനുചരന്മാരും ഭക്ഷണം കഴിച്ചു സുഖമായിരുന്നു.

മധുത്തുരയുടെ ഭാൎയ്യയായ ഉമ്മാൾ 'ഏടലർ മനംമയങ്കിത്തേവതീർപടിവുകണ്ടു' തമ്പുരാന്റെ ദേഹകാന്തികണ്ടു മനം മയങ്ങി തങ്ങളുടെ ഏകസന്താനമായ താനാപതി എന്ന ബീവിക്കു് അദ്ദേഹം വരനായിത്തീരണമെന്നുള്ള തന്റെ ആഗ്രഹം ഭൎത്താവിനെ അറിയിച്ചു. ദൂര വലിയ ആശങ്കയോടുകൂടി തമ്പുരാനോടു് "ഇന്തനാട്ടു ജന്മമാകവേ ഉമക്കു, പെൺകൊടിയാം എന്നുതൻ മകളാനൈ പൊൻതാലി പൂണ്ടിരുക്കലാമോ?" എന്നു ചോദിക്കുകയും തമ്പുരാൻ "കൂണ്ടുമാല നാനിട്ടുകയില്ല, കുററമുണ്ടേ പിറവേലിക്കു്" അതായതു "ഞാൻ ഈ വിവാഹബന്ധത്തിൽ ഏൎപ്പെടുകയില്ല; കോട്ടയം രാജകുടുംബത്തിനു ഇതുകൊണ്ടു ദോഷമുണ്ടാകും" എന്നു മറുപടി പറയുകയും ചെയ്തു. ഒടുവിൽ തന്റെ സഹചരനും സംഗീതസാഹിത്യാദിവിനോദങ്ങളിൽ ഭാഗഭാക്കുമായ ബ്രാഹ്മണൻ, ബീവിയെ പരിഗ്രഹിക്കുന്നതുകൊണ്ടു ദോഷമില്ലെന്നും, ധാരാളം പൊന്നും പണവും പുറവഴിനാട്ടിലേക്കു കൊണ്ടുപോകാമെന്നും, തങ്കക്കുടത്തിനു കുറവില്ലെന്നും, വൈരക്കട

Digitized By Kerala Sahitya Akademi

ത്തിന്നു മാററു കുറയുകയില്ലെന്നും, പക്ഷെ ആ വിവാഹത്തിന്നു വിരോധം പറഞ്ഞാൽ കന്നടിയൻപോരിൽ വള്ളിയൂർ രാജാവിന്നു സംഭവിച്ച വിപത്തു അവിടത്തേയ്ക്കു വരാനിടയുണ്ടെന്നും മററും ഉപദേശിക്കകനിമിത്തം (കുയിഴയെ മാല നാറിട്ടപോനെൻറു 'തിരുവുള്ളമായി) സുന്ദരിയായ ആ മഹമ്മദീയരാജകന്യകയെ താൻ വിവാഹം ചെയ്യാമെന്നു തമ്പുരാൻ സമ്മതിച്ചു. എന്തിന്നധികം? കേരളവൎമ്മാവു ശുഭമുഹൂൎത്തത്തിൽ ആ കന്യകയെ പാണിഗ്രഹണം ചെയ്തു മയ്യത്തുമയുടെ നാട്ടിന്നു് അവകാശിയായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

പടക്കൻ എന്നും മുട്ടക്കൻ എന്നും പേരുള്ള രണ്ടു രാജാക്കന്മാർ ബീവിയിൽ മുമ്പുതന്നെ അനുരക്തരായിരുന്നു. പടക്കൻ മറവനും മുട്ടക്കൻ തെലുങ്കനുമായിരുന്നു. മയ്യത്തുമയ്ക്കു തമ്പുരാൻ ജാമാതാവായതറിഞ്ഞു കോപാക്രാന്തരായി അവർ രണ്ടുപേരും പെരുമ്പടകൂട്ടിക്കൊണ്ടു യുദ്ധത്തിന്നെത്തി; ദൂരം ഭയപ്പെട്ടു, തമ്പുരാൻ ധീരനായി സൈന്യസമേതം ആ രണ്ടു ശത്രുക്കളെയും തന്റെ വാളിന്നു് ഇരയാക്കി അവരുടെ ഭണ്ഡാരം മുഴുവൻ ഒരടക്കി മയ്യത്തുമയുടെ രാജധാനിയിലേയ്ക്കു കൊണ്ടുപോയി. ആ യുദ്ധത്തിൽ പേടിച്ചോടിയവരും ദൂരയുടെ സേവനത്തിലുള്ളവരുമായ ചില മറവന്മാർ കേരളവൎമ്മാവു ശമ്പളം കുറയ്ക്കുകയാൽ അവർ ഏഴു ദിവസത്തിനകം അദ്ദേഹത്തെ ഗൂഢമായി വധിക്കുന്നതിന്നു് അയ്യൻകോവിൽ എന്ന സ്ഥലത്തുവെച്ചു പ്രതിജ്ഞചെയ്തു. ആ വൎത്തമാനം പോക്കുവി ഭദ്രകാളി തമ്പുരാനെ സ്വപ്നത്തിൽ ധരിപ്പിക്കുകയും ആ രാജ്യംവിട്ടു പോകണമെന്നു് ഉപദേശിക്കുകയും ചെയ്തു. തമ്പുരാൻ ഉടൻ തന്റെ അനുചരന്മാരോടുകൂടി, ഒട്ടുവളരെ പൊന്നും പണവും ജാളികകളിൽ അടക്കി, ഉറങ്ങിക്കിടന്ന തന്റെ പ്രിയതമയും അരമനയിലുള്ള ഇതരബന്ധുക്കളും അറിയാതെ ചിങ്കളത്തുറയിൽച്ചെന്നു കപ്പൽ കയറി സ്വദേശത്തേയ്ക്കു യാത്രയായി. പുറവഴിത്തുറയിൽ കപ്പൽ അടുപ്പിച്ചു ഭണ്ഡാരം വഞ്ചിയിൽ കയററി രാജധാനിയിലേയ്ക്കു കൊണ്ടുപോകുകയുംചെയ്തു. ആ ഭണ്ഡാരം,

"ഏററം പുകഴ്കൊണ്ട കരവേലത്തെ
എണ്ണങ്കം തായാരമ്മ തിരുമുമ്പതിലേ

Digitized By Kerala Sahitya Akademi

വൈവെത്തു മുഖംകാട്ടി വാങ്ങിനിന്റുടനേ
ഇരുകൈക്കൂട്ടി ദണ്ഡനമസ്കാരം;
'വാ മകനേ' യെൻറു അരുകത്തണെത്തു
വന്നത്തിരുമുടിതന്നെ മുകന്തു.
തന്നെത്തിതല്ലോം പിറവേലിനാട്ടു;
സന്തോഷമാകവാണ്ടിരുന്താരേ."

അമ്മയുടെ മുമ്പിൽ സമപ്പിച്ചു് അമ്മയാൽ ലാളിതനായി കുറേക്കാലം കോട്ടയത്തു നമ്മുടെ കഥാനായകൻ കഴിച്ചുകൂട്ടി.

താനാപതി നിദ്രവിട്ടു് എഴുന്നേററപ്പോൾ പ്രാണനാഥനെ കാണായ്കയാൽ അത്യന്തം ദുഃഖിതയായി അച്ഛനോടു് അദ്ദേഹത്തെ എവിടെനിന്നെങ്കിലും തിരികെ വരുത്തിത്തരണമെന്നു് അപേക്ഷിച്ചു. മയ്യത്തുര തൻെറ ഭടന്മാരെ നാലുദിക്കിലും അന്വേഷണത്തിനു് അയച്ചു. കാശി, രാമേശ്വരം, കുററാലം, മധുര, ബാണതീത്ഥം, ചിദംബരം മുതലായ സ്ഥലങ്ങളിൽ അവർ തമ്പുരാനെ അന്വേഷിച്ചതിൽ യാതൊരു തുമ്പുമുണ്ടായില്ല. ഒടുവിൽ ചിങ്കളത്തുറയിൽ ച്ചെന്നു കപ്പൽ കേറിയാണു് അദ്ദേഹം മറുനാട്ടിലേയ്ക്കു പോയതെന്നുള്ള വത്തമാനം അറിഞ്ഞു് ആ വസ്തുത ദൂരയെ തെരിയപ്പെടുത്തി. അതു ഗ്രഹിച്ചപ്പോൾ നൈരാശ്യത്തിനു് അധീനയായി ഹാക്കപിഴുതു് ആ സാധ്വീമണി ആത്മഹത്യചെയ്കയാണുണ്ടായതു്.

ഗോദവമ്മത്തമ്പുരാൻ തൻെറ മരുമകനെ ഇളയരാജാവാക്കി യഥാവിധി അഭിഷേകം ചെയ്തു എങ്കിലും അദ്ദേഹത്തിനു തീത്ഥയാത്രയിലുള്ള ആസക്തി ശമിച്ചില്ല. വേണാട്ടിൽ വക്കല, കന്യാകുമാരി ഈ തീർത്ഥങ്ങൾ തനിക്കു മുമ്പിലത്തെ യാത്രയിൽ സേവിക്കുവാൻ സാധിച്ചില്ലെന്നും അതുകൂടി ചെയ്യണമെന്നും മാതാവിനോടു് അറിയിച്ചുകൊണ്ടു കേരളവമ്മാവു വീണ്ടും കോട്ടയം വിട്ടു. കോഴിക്കോട്ടു്, കൊച്ചി, പറവൂർ, ആലപ്പുഴ, കൊല്ലം, പരവൂർ ഈ സ്ഥലങ്ങൾ കടന്നു വക്കലയിൽ ചെന്നുചേൻ. അവിടെ തീർത്ഥസ്നാനം ചെയ്യുന്ന അവസരത്തിൽ അണ്ടിരങ്കനമ്പൂരി എന്നൊരു ബ്രാഹ്മണൻ

Digitized By Kerala Sahitya Akademi

"സാരമാമാററിങ്ങൽ വാഴും തമ്പുരാനെ-
ച്ചന്തമാകക്കണ്ടാലൊരു തീർത്ഥമല്ലോ."

അന്നു് ആററിങ്ങൽ മൂപ്പുവാണിരുന്ന അശ്വതിതിരുനാൾ ഉമയമ്മ റാണിയെ ദർശനം ചെയ്താൽ അതും ഒരു തീർത്ഥസ്നാനമാകുമെന്നു് ഉപദേശിക്കകയാൽ അവിടെനിന്നു് ആററിങ്ങൽവച്ചു ചെന്നു് അമ്മ തമ്പുരാനെ മുഖംകാണിച്ചു.

"അമ്മതമ്പുരാനരുമൊന്നു തിരുവുള്ളമായ്
'ഇളവരശർ എങ്കിരുന്തു വാറീരോ?"
"ചതുത്തിശയിലും പിറവെലിയാം നാടതിലേ
എണങ്കും മാതുമയാരുടെ മൈന്തനേ നാൻ;
പുത്തിതെളിവുററ കോതവമ്മരുടേ
പുകൾപെറ്റിയതോർ തിരുമരുക (8) നേ നാൻ;
മത്സരിത്തുടനേ നാടാളാതെ
മറുചീമ മുകിലരുടെ മാച്ചിയമേ;
മാച്ചിയം അരമനയിൽ നാട്ടമാണ്ടു
പിറവെലിയിൽ ഇളമുറ നാട്ടമാണ്ടു
ഇരുക്കവേ വേണാട്ടുകാണ ഇങ്കെ വന്തോം."

എവിടെനിന്നു വരുന്നു എന്നു് അമ്മതമ്പുരാൻ ചോദിച്ചതിനു താൻ പുറവഴിനാട്ടിൽ ഉമാദേവിത്തമ്പുരാട്ടിയുടെ മകനും ഗോദവർമ്മതമ്പുരാന്റെ മരുമകനുമാണെന്നും അമ്മാമനോടു മത്സരത്തിനു പോകാതെ മുകിലന്റെ രാജ്യം രക്ഷിക്കുകയും പിന്നീടു പുറവഴിനാട്ടിൽ തന്നെ ഇളയരാജാവായി വാഴുകയും ചെയ്തു അവസാനത്തിൽ വേണാടു സന്ദർശിക്കുന്നതിനായി വന്നതാണെന്നും കേരളവമ്മാവു മറുപടിപറഞ്ഞു.

"സാമമാകുമാററിങ്ങൽ വാഴ്ത്തമ്പുരാനും
ചന്തമാകത്തിരുമനം തെളിന്തുകൊണ്ടു
വേണാട്ടിൽപ്പടവീടാളുകയ്യു
വേന്തനില്ലാതെ നിനന്തിരിപ്പേൻ.

(8) മരുകൻ=മരുമകൻ.

Digitized By Kerala Sahitya Akademi

"വെററിയാകത്തെപ്പം (9) തിരുമാടമ്പും കൊണ്ടു
അളും പടവീട്ടിൽപ്പോമേയിപ്പോൾ."

വേണാട്ടിൽ പടവീട്ട പരിപാലിക്കുന്നതിനു രാജാവില്ലാത്തതിനാൽ അദ്ദേഹത്തെ ദത്തെടുത്തു തിരുമാടമ്പു കഴിപ്പിച്ചു രാജ്യത്തേക്കു അവകാശിയാക്കാമെന്നു് അമ്മതമ്പുരാൻ അരുളിച്ചെയ്യുകയും തമ്പുരാൻ അതു കല്പനയ്ക്കു വിധേയനാകുകയും ചെയ്തു. ദത്തും തിരുമാടമ്പും ഘോഷമായി നടന്നു. പടയാററുപിള്ള ഈ അടിയന്തിരങ്ങളിൽ ഭാഗഭാക്കായിരുന്നു. അന്നു ചില മന്ത്രിമാർ രാജ്യത്തിൽ പല കൈയേററങ്ങളും ചെയ്തിരുന്നതിനാൽ അവരെ അമർത്തുവാനാണു് തമ്പുരാൻ ആദ്യമായി ഉദ്യമിച്ചതു്. 'ഇന്ത മന്തിരിമാർകളും നാമാകവേ ഇതത്തിൽ വാരായിന്തപ്പടവീട്ടിൽ' എന്നു നിശ്ചയിച്ചു് അവരിൽ അനന്തൻപിള്ളയേയും കോട്ടകാൽ ഉടയാൻപിള്ളയേയും വധിക്കുകയും പകരം മാടപ്പെച്ചാരേയും ഉക്കപ്പെച്ചാരേയും മാലച്ചാരേയും നീലച്ചാരേയും എഴുപത്തിരണ്ടു മുന്നിലക്കാരേയും നിയമിക്കുകയും ചെയ്തു. പഴയ മന്ത്രിമാരിൽ ശേഷിച്ച പതിനാറുപേർക്കു്, എവിടെനിന്നോ വന്ന ഒരുവനെ മൂത്തു് ഊരാണ്മയായതായി മാത്രം അവർ ഗണിച്ച തമ്പുരാൻെറ ഇത്തരത്തിലുള്ള നടപടികൾ അശേഷം രസിച്ചില്ല. അവർ അദ്ദേഹത്തെ വധിക്കുവാൻ ഗൂഢാലോചനകൾ നടത്തി. തമ്പുരാൻ ഏഴു ദിവസത്തിനകം ഭണ്ഡാരം മുഴുവൻ കൊള്ളചെയ്തു കോട്ടയത്തേക്കു കൊണ്ടുപോകാൻ ഭാവിക്കുന്നു എന്നും അതു തടയുന്നതിനു തങ്ങൾക്കു് അനുവാദം കിട്ടണമെന്നും റാണിയെ അറിയിച്ചു് അതിനു സമ്മതം വാങ്ങി. ശത്രുക്കളുടെ ദുരുദ്യോഗം പടവീട്ടിൽ താമസിച്ചിരുന്ന തമ്പുരാൻെറ ഭദ്രകാളി തിരുവിതാംകോട്ട സ്വപ്നത്തിൽ തെര്യപ്പെടുത്തി എങ്കിലും അതു് അദ്ദേഹം സാരമായ്കരുതിയില്ല. ഭദ്രകാളിക്കു തന്നിമിത്തം കോപമുണ്ടായി.

അതിനു് അടുത്ത ദിവസം റാണിയെ മുഖംകാണിക്കുവാൻ തമ്പുരാൻ തൻെറ പതിനാറു കന്നിച്ചേവകക്കാരോടും നേമത്തുകാരനും തൻെറ വിശ്വസ്തഭൃത്യനുമായ ഒരു പട്ടാണിയോടും കൂടി തിരുവ

(9) തെപ്പ്=മഞ്ഞ്.

Digitized By Kerala Sahitya Akademi

നന്തപുരത്തു റാണി അന്നു് എഴുന്നള്ളിത്താമസിച്ചിരുന്ന വലിയ കോയിക്കലിൽ എത്തി. നേരം രാത്രിയായിരുന്നു. ശത്രുക്കൾ പിന്തുടൎന്നു് ഒരു പൂവരശ്ശുവൃക്ഷത്തിന്റെ ചുവട്ടിൽ ഒളിച്ചിരുന്നു. റാണിയെ മുഖം കാണിച്ചു് അത്താഴമമൃത്തും കഴിച്ചു കൊച്ചുകോയിക്കലിൽ ഉറങ്ങാൻ പോകുന്നു എന്നു തമ്പുരാൻ അറിയിച്ചപ്പോൾ,

“പോകവേണ്ടാ നടുരാത്രമതിൽ;
ഒഴല്ലാത ദുശ്ശകുനങ്ങൾ കണ്ടിരിപ്പേൻ;
ചെട്ടരച്ചാതി പലരുമുണ്ടേ.”
നേര്കിട്ടമ്മതമ്പുരാൻ കല്പനയായ്.

ഈരാത്രിസമയത്തു് അങ്ങോട്ടു പോകേണ്ട എന്നും താൻ പല ദുസ്സ്വപ്നങ്ങളും കാണുകയുണ്ടായി എന്നും നിഷ്ഠുരന്മാരായ പലരുമുണ്ടെന്നും അവരെ ഭയപ്പെടണമെന്നും അവിടുന്നു കല്പിച്ചു. അതിനു തമ്പുരാൻ,

“പേടാതേ മാതാവേ! എനക്കു വിന
വല്ലു വനത്തിലുമെങ്ങു പോനാലും”

തനിക്കു് ഏതു കാട്ടിൽ പോയാലും ഒരാപത്തും വരികയില്ലെന്നു പറഞ്ഞു. അപ്പോൾ റാണി അങ്ങനെയാണെങ്കിൽ കൊച്ചുകോയിക്കലിൽ പോയുറങ്ങാമെന്നും എന്നാൽ വാൾ അവിടെത്തന്നെ വച്ചും വെച്ചു പോകയായിരിക്കും നല്ലതെന്നും അരുളിച്ചെയ്തു. അതുകേട്ടു തമ്പുരാൻ വാൾ—തന്റെ സൎവ്വവിജയങ്ങൾക്കും ഹേതുഭൂതമായ പോൎക്കലിഭദ്രകാളിയുടെ വാൾ—തേവാരത്തുകോയിക്കൽ ഒരു കൽത്തൂണിൽ പൊന്നിൻചങ്ങലകൊണ്ടു ബന്ധിച്ചു ചാരിവച്ചിട്ടു് കൈയിൽ ഒരു ഉള്ളനാടൻ കത്തിയോടുകൂടി ഇറങ്ങി വലിയകോയിക്കൽ കൊട്ടിയമ്പലത്തിലെത്തി. മന്ത്രിമാർ പതിനാറുപേരും അദ്ദേഹത്തെ വളഞ്ഞു. അവരുടെ നേതാവായ പണ്ടാരത്തിൽ കുറുപ്പു്

“കതൃത്തു ചണ്ടയിട്ടു മുന്നിലക്കാരരും
കരുതിയടിയങ്ങൾ കുപ്പപ്പാടതെല്ലാം
തീരുവൻവിനൊപ്പോലിടിത്തുപൊടിത്തു-
ത്തിരുവടിയടിയങ്ങൾക്കു മറപ്പിൽ വെച്ചു.



Digitized By Kerala Sahitya Akademi

മതിയിനിയങ്ങെയിരിപ്പില്ലാതെ
മന്നവനേ, അരമുരതെ, ഇങ്ങെ വരന്താം.”

തമ്പുരാൻ പുത്തനായി നിയമിച്ച മുന്നിലക്കാർ താൻ മുതൽപേരുടെ വീടുകൾ, പാറക്കാരുടെ എന്ന നിലയിൽ, ഇടിച്ചുപൊടിച്ചു നശിപ്പിച്ചു എന്നും തങ്ങളെ ജാതിനു പുറമെ മാപ്പിൽ ഇരുത്തി എന്നും, അതുകൊണ്ടെല്ലാം ഇരിക്കപ്പൊറുതിയില്ലാതെയായിട്ടു തങ്ങൾ തമ്പുരാനെ ശരണം പ്രാപിക്കുന്നതാണെന്നും ഈത്തരത്തിലുള്ള അക്രമങ്ങൾ മുന്നിലക്കാർ ചെയ്യാതെയിരിക്കുവാൻ കല്പന നല്കണമെന്നും അപേക്ഷിച്ചു. കാര്യത്തിന്റെ വിവരം മുഴുവനു അന്വേഷിച്ചു പിറ്റേദിവസം വേണ്ടതു ചെയ്യാമെന്നു തമ്പുരാൻ പറഞ്ഞു. തൽക്ഷണംതന്നെ കല്പന വേണമെന്നു ശത്രുക്കൾ നിർബന്ധിച്ചു.

“പോരാ തിരുവെഴുത്തു ചാർത്തിപ്പോൾ;
പുകഴ്ന്ന തിരുവെഴുത്തു തന്നില്ലെങ്കിൽ
പെരുമ കുറന്നു നാങ്കൾ തമ്പുരാനേ,
പിറനാട്ടു കുടിയാകപ്പോകിറോമേ”

എന്നു അവരുടെ വാക്കുകൾ കേട്ടപ്പോൾ തമ്പുരാൻ അവരുടെ കൈയിൽ നിന്നു ഓലവാങ്ങിച്ചു മുന്നിലക്കാർക്കു നീട്ടു എഴുതി. അന്നു മാറിപ്പിടിച്ചു അവിടുന്നു ദ്രവ്യം ചാർത്തിക്കൊണ്ടിരുന്ന അവസരം നോക്കി ‘ഇറ്റപ്പൂവി’പോലെ കുറപ്പു വേൽക്കൊണ്ടു അവിടത്തെ നെഞ്ചിൽ കുത്തി. തമ്പുരാൻ ‘ചതിയോടാ’ എന്നു ചോദിച്ചതിനു വിധിയാണെന്നു ഘാതകൻ മറുപടി പറഞ്ഞു. പട്ടാണി ആ വാക്കുകേട്ടു ഉറക്കുണർന്നു ചാവടിയിൽനിന്നു ഓടിയെത്തി. പക്ഷെ അതിനു മുൻപുതന്നെ തമ്പുരാന്റെ കഥ കഴിഞ്ഞിരുന്നു. പട്ടാണി മന്ത്രിമാർ പതിനാറുപേരോടും ഒറ്റയ്ക്കു കുറേനേരം പൊരുതി; ചെറുവള്ളിപ്പിള്ള എന്നൊരാൾ വെടിവച്ചു അയാളെയും കൊന്നു.

“മടിന്നു പട്ടാണിയും മന്നർക്കു കൂട്ടാക
മന്നർക്കു കൂട്ടാകക്കൈലയിൽ പുകുന്താരേ.”

മരണാനന്തരം തമ്പുരാനും പട്ടാണിയുമായി കൈലാസത്തിൽ ചെന്നുചേർന്നു. റാണി നെടുമങ്ങാട്ടു കോയിക്കലിൽനിന്നു വീരകേരളവർമ്മത്തമ്പുരാനെ വരുത്തി പരേതന്റെ ശേഷക്രിയ ചെയ്യിച്ചു. തിരുവനന്ത

Digitized By Kerala Sahitya Akademi

പുരത്തു പള്ളിനടക്കമുക്കിലായിരുന്നു ശവദാഹം കഴിഞ്ഞതു്. ഈ കൊലപാതകങ്ങൾ നടന്നതു് കൊല്ലം ൮൭൦-ൽ ആയിരുന്നു. (10)

കൈലാസത്തിൽ ചെന്നു തമ്പുരാൻ തന്റെ ശത്രുക്കളെ കൊല്ലുന്നതിനു വരം നല്കണമെന്നു ശ്രീപരമേശ്വരനോടു പ്രാർത്ഥിച്ചു. ശ്രീപരമേശ്വരൻ ചിത്രഗുപ്തനെ വരുത്തി ആ മരണങ്ങൾ എങ്ങനെ സംഭവിച്ചതാണെന്നു വിചാരണ ചെയ്തു. ചിത്രഗുപ്തൻ, തമ്പുരാനും പട്ടാണിയും "അറുതി അററു വന്തവരല്ലേ" എന്നും അവർ അപമൃത്യുവിനു വംശംവദന്മാരായതാണെന്നും ഉണർത്തിച്ചു. അപ്പോൾ ഭഗവാൻ തമ്പുരാന്റെ പ്രേതത്തിനു പുതുവാത (പുതുബാധ) എന്നു പേർ നല്കി ദണ്ഡു്, പാശം മുതലായ ആയുധങ്ങളും കൊടുത്തു ശത്രുസംഹാരത്തിനു ശക്തിമത്താക്കി അതിനെ ഭൂമിയിലേക്കയച്ചു; കൂടെ പട്ടാണിയുടെ പ്രേതവുമുണ്ടു്. കാളിയെപ്പോലെ കരിമ്പനയിൽനിന്നു കരിമ്പനയിലേക്കു 'നിലപ്പാച്ചിൽ പാഞ്ഞുകൊണ്ടു്', കാഞ്ചീപുരം, മധുര, തെങ്കാശി മുതലായ സ്ഥലങ്ങൾ നശിപ്പിച്ചു തിരുവിതാംകോട്ടിൽ ചെന്നു കുറുപ്പിനേയും മററും കൊന്നു് തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരവാതലിൽ രണ്ടു പ്രേതങ്ങളും എത്തി.

"എന്നാരണ ദേവതയേ!
എന്റെ ദേശം കൊല്ലരുതേ!"

എന്നു കല്പിച്ചു ശ്രീപത്മനാഭൻ ആ പ്രേതങ്ങൾക്കു പട്ടും പരിവട്ടവും മററും കൊടുപ്പിച്ചു.

"കൊടുത്ത വകൈതനൈ വാങ്കി
കൊററവരൈ അടിതൊഴുതു
തിരുവെലിക്കല്ലിൽപ്പൂജപററി
തിട്ടമവേ നിന്നുകൊണ്ടാരേ."

(10) ജെസ്യൂവിററകാരുടെ രേഖകളിൽനിന്നു കേരളവർമ്മതമ്പുരാൻ മധുരയിലേ നായക്കർ സൈന്യത്തിന്റെ സാഹായ്യത്തോടുകൂടി എട്ടുവീടരെ അമർച്ചവരുത്തുകയും ഉടൻതന്നെ തിരിഞ്ഞുനിന്നു നായക്കർസൈന്യത്തെ ജയിക്കുകയും ചെയ്തതായി കാണുന്നുണ്ടു്.

Digitized By Kerala Sahitya Akademi

തങ്ങൾക്കു കിട്ടിയ വഴിപാട്ടു വാങ്ങി തൃപ്തിപ്പെട്ടു പത്മനാഭസ്വാമി
യെത്തൊഴുതു ബലിക്കല്ലിന്മേൽ പൂജ സ്വീകരിച്ചു പ്രേതങ്ങൾ ശാന്തന്മാ
രായി. "ഉന്നെപ്പോലെ ദേവമാർ ഒരുവിടത്തിലുമില്ല മന്നാ" "ശംഭോ
ഉമ്മരു വാഴുവിടം എന്ന പരമമന്നം വിശിവരം?" എന്നും മററും
സ്തുതിപാഠമായുള്ള ഒരു പൂപ്പടക്കാത (ഗാഥ)യോടുകൂടി പുളുവാതപ്പാട്ടു്
അവസാനിക്കുന്നു. ആകെ ഈ പാട്ടിൽ നല്പത്തു കാതകളുണ്ടു്

പുളുവാതപ്പാട്ടിൽ വാസ്തവമായ ചരിത്രത്തിന്റെ അംശം എത്ര
മാത്രമുണ്ടെന്നും കവിയുടെ കല്പന അതിനു് ഏതെല്ലാം രൂപഭേദം
വരുത്തിട്ടുണ്ടെന്നും നിർണ്ണയിക്കുവാൻ പ്രയാസമുണ്ടു്. ഭദ്രകാളിയെ
സേവിച്ചു കേരളവർമ്മത്തമ്പുരാൻ ഒരു വാൾ സമ്പാദിച്ചു എന്നുള്ള
ഐതിഹ്യം പ്രസിദ്ധമാണു്. ശിവനും ഭദ്രകാളിയും അദ്ദേഹ
ത്തിന്റെ ഉപാസനാമൂർത്തികളായിരുന്നു എന്നും ഊഹിക്കുവാൻ ന്യാ
യങ്ങളുണ്ടു്. മയ്യത്തുമ്മയുടെ മകളെ മാലയിട്ട കഥ അശ്രുതപൂർവ്വമാണു്.
മുകിലൻ എന്ന വംശനാമധേയത്താൽ അറിയപ്പെടുന്ന ഒരു മഹമ്മ
ദീയയോദ്ധാവു് ഉമയമ്മറാണി രാജ്യം ഭരിച്ചിരുന്ന കൊല്ലം ൮൫൩—
൮൬൦ ഈ വർഷങ്ങൾക്കിടയിൽ വേണാട്ടു കൈകേറി മണക്കാട്ടു പാള
യമടിച്ചു ഹിന്ദുക്കളുടെ ആചാരങ്ങളിൽപോലും ചില ഭേദഗതികൾ
വരുത്തിയതായും കേരളവർമ്മതമ്പുരാൻ ആ യോദ്ധാവിനെ തിരുവട്ടാ
റുവച്ചു നടന്ന യുദ്ധത്തിൽ വധിച്ചതായുമാണു് ചരിത്രപ്രസ്താവന.
യുദ്ധത്തിനു മുമ്പായി തമ്പുരാൻ തിരുവട്ടാററു ക്ഷേത്രത്തിൽ ആദികേ
ശവസ്വാമിയെ ഭജിക്കുവാൻപോയ അവസരത്തിൽ നിർമ്മിച്ച 'പട
സ്തുതി' ഇപ്പോഴും പ്രസിദ്ധമാണു്. ആ സംഭവത്തെപ്പററി യാതൊന്നും
പുളുവാതപ്പാട്ടിൽ പ്രതിപാദിച്ചിട്ടില്ല. മറെറാരു മുകിലനായ മയ്യ
ത്തുരയുടെ പുത്രിയായ താനാപതിയെ തമ്പുരാൻ വിവാഹം ചെയ്ത
തിനു് ഈ പാട്ടല്ലാതെ വേറെ തെളിവില്ല. ഹിന്ദുമതത്തിൽ ദൃഢ
വിശ്വാസമുള്ള; തമ്പുരാൻ അത്തരത്തിൽ ഉച്ഛൃംഖലമായ ഒരു പ്രവൃ
ത്തി ചെയ്തു എന്നു് വിശ്വസിക്കുവാനും പ്രയാസമുണ്ടു്. കവിക്കു ഭൂമി
ശാസ്ത്രസംബന്ധമായുള്ള ജ്ഞാനം വളരെ വിരളമാണെന്നുള്ളതിനു
പല തെളിവുകളും പാട്ടിൽ കാണുന്നുണ്ടു്. തിരുനെൽവേലി ജില്ലയു
ടെ തെക്കേ അററത്തുള്ള വള്ളിയൂരിൽ നിന്നാണു് കോട്ടയത്തു് ഉമാ

Digitized By Kerala Sahitya Akademi

ദേവി തമ്പുരാട്ടിക്കു് ഒരു സൂതികർമ്മിണിയെ വിളിച്ചുകൊണ്ടുപോകുന്നതായി അദ്ദേഹം വർണ്ണിക്കുന്നതു്. കേരളവർമ്മാവിന്റെ ഇളയതമ്പുരാനാണു് തിരുവിതാംകൂർ രാജകുടുംബത്തിലേക്കു ദത്തെടുത്തു എന്നുള്ളതിനു ലക്ഷ്യമുണ്ടു്. "വടക്കു പിറവഴിയാനാട്ടിൽനിന്നു തീർത്ഥയാത്ര വന്ന കേരളവർമ്മനു ഹിരണ്യസിംഹനല്ലൂർ (ഇരണിയൽ) ഇളമുറയ്ക്കു നീട്ടുംകുടുത്തു കിഴക്കു് അയച്ചിരിക്കുമേ" എന്നു കൊല്ലം 861-ൽ എഴുതിയ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ കാണുന്നു. ഈ ദത്തു നിമിത്തം തന്നെയാണു് 'പുരളീവനവഞ്ചികേരളനരപാലൻ' എന്നും മറ്റും രണ്ടു രാജ്യങ്ങളേയും കൂട്ടിയിണക്കി തന്റെ നാമധേയത്തോടു ഘടിപ്പിച്ചു് അദ്ദേഹം സ്വകൃതികളിൽ പ്രസ്താവിക്കുന്നതു് എന്നു് ഊഹിക്കാം. അതു പക്ഷേ മുകിലനോടുള്ള യുദ്ധത്തിനു മുമ്പായിരിക്കാം. കൊച്ചി വെള്ളാരപ്പള്ളി രാജകുടുംബത്തിൽനിന്നു ചില രാജകുമാരന്മാരേയും ഒരു ബ്രാഹ്മണബാലനേയും തിരുവിതാംകൂർ രാജകുടുംബത്തിൽ ഇടക്കാലത്തു ദത്തെടുത്തതിനു രേഖകൾ ഉണ്ടു്. അദ്ദേഹവും റാണിയും തമ്മിൽ സഖ്യമായി എന്നുള്ളതിനും തെളിവില്ലാതെയില്ല. കൊല്ലം ൮൬൨ മകരം ൧൨-ാം- ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഓലകത്തിൽ പോററിമാരിൽ ഒരാളായ അത്തിയറമഠത്തിൽ ശ്രീധരരു നാരായണരു കണ്ണൻ മൺറാ സായിപ്പിന്റെ മുമ്പാകെ എഴുതിവച്ച മൊഴിയിൽ "അശ്വതിതിരുനാൾ പിറന്ന ആററിങ്ങൽ മൂത്തരാജാവു നാടുവാണിരിക്കുമ്പോൾ കോട്ടയത്തു രാജ്യത്തുനിന്നു കേരളവർമ്മർ എന്ന രാജാവു കൂടെ വന്നു പാർത്തിരുന്നു എന്നും ചില സംഗതികളാൽ ആ രാജാവിനെ ആററിങ്ങൽ മൂത്ത രാജാവു ശിക്ഷിച്ചിരിക്കുന്നു" എന്നും കാണുന്നു. അതിനു മുമ്പു തന്നെ ചില ക്ഷേത്രാധികാരികൾകൂടി "മുൻപിനാൽ അശ്വതിതിരുനാൾ പിറന്ന പെൺ ആററിങ്ങൽ മൂത്തരാജാവു കോട്ടയത്തു കേരളവർമ്മരാജാവിനെ ദത്തെടുത്തിരിക്കുന്നു." എന്നും മൊഴി കൊടുക്കുകയുണ്ടായി. ൮൭൨-ൽ കോട്ടയത്തെ ഇളയരാജാവു എന്ന നിലയിൽ അന്നു കോലത്തുനാട്ടു രാജാവായിരുന്ന പുതിയ പണ്ടാരക്കോവിലകത്തു രവിവർമ്മതമ്പുരാനുമായി ഒരു സന്ധി ചെയ്തതായി കാണുന്നതിൽനിന്നു് അതിൽപിന്നീടാണു് അദ്ദേഹം തിരുവിതാംകൂറിലേക്കു വന്നതു് എന്നുള്ളതിനു സംശയമില്ല. തമ്പുരാൻ മഹാധീരനായ യോദ്ധാ

Digitized By Kerala Sahitya Akademi

വായിരുന്നതിനുപുറമെ ഒരു വലിയ തന്റേടക്കാരനും ശത്രുക്കളെ അമർച്ചചെയ്യുന്നതിൽ അത്യന്തം നൃശംസനും ആയിരുന്നു; മസൃണമോ കാരുണ്യച്ഛായയുള്ളതോ ആയ നയമൊന്നും അദ്ദേഹം അറിഞ്ഞിരുന്നതേ ഇല്ല. റാണി തന്നെ മന്ത്രിമാരെക്കൊണ്ട് അദ്ദേഹത്തെ ശിക്ഷിച്ചതായാണ് അത്തിയറപ്പോററിയുടെ മൊഴിയിൽനിന്നു കാണുന്നതു്. ഏതായാലും വലിയകോയിക്കൽ നടയിൽവെച്ച് അദ്ദേഹത്തെ ചില അധികൃതന്മാർ കൂടി വധിക്കുകയും തന്നിമിത്തം ഉണ്ടായ ബാധോപദ്രവങ്ങൾ നീങ്ങുവാൻ രാജകുടുംബത്തിൽ നിന്നു പല മാന്ത്രികകർമ്മങ്ങൾ ചെയ്യിക്കുകയും ചെയ്തു എന്നുള്ളതു വിശ്വസനീയം തന്നെ.

കേരളവർമ്മത്തമ്പുരാന്റെ വീര്യശൗര്യപരാക്രമങ്ങൾ അങ്ങനെ നില്ക്കട്ടെ. അദ്ദേഹത്തെ ഒരു വിശിഷ്ടഭാഷാകവി എന്ന നിലയിലാണ് കേരളീയർ ഇക്കാലത്തു പ്രാധാന്യേന ബഹുമാനപുരസ്സരം ആരാധിക്കുന്നതു്. അദ്ദേഹത്തിന്റെ ഭാഷാകൃതികളായി മുമ്പു പ്രസ്താവിച്ച പടസ്തുതിക്കു പുറമെ, സുന്ദരകാണ്ഡാവസാനംവരെയുള്ള ഭാഷാവാല്മീകിരാമായണം (കേരളവർമ്മരാമായണം എന്നും പറയും,) പാദ്മരാമായണം, ബാണയുദ്ധം, വൈരാഗ്യചന്ദ്രോദയം, മോക്ഷദായകപ്രകരണം, മോക്ഷസിദ്ധിപ്രകരണം, ഭീഷ്മോപദേശം ഇങ്ങനെ ചില ഭാഷാഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ '[illegible]' എന്നും 'പത്മനാഭകീർത്തനം' എന്നും രണ്ടു കീർത്തനങ്ങൾ കൂടി എന്റെ കൈവശം വന്നുചേർന്നിട്ടുണ്ട്.

കേരളവർമ്മരാമായണം ഏററവും ലളിതവും മധുരവും ആയ ഒരു കിളിപ്പാട്ടാകുന്നു. ആ കൃതി താൻ രചിക്കുന്നതിനുള്ള കാരണം അദ്ദേഹം താഴെ ഉദ്ധരിക്കുന്ന വരികളിൽ ഉപന്യാസം ചെയ്തിരിക്കുന്നു.

"പലരും പലവിധം ഭാഷയിൽ ചൊല്ലുന്നുണ്ടു;
ഫലമെന്തതിലേറാമിതിലെന്നതും ചൊല്ലാം;
മൂലത്തിലുള്ള കഥയൊട്ടുമേ ഒഴിയാതെ
ചാലവേ പറവാൻ ഞാൻ ഗ്രന്ഥവിസ്തരത്തോടെ.

* * * * * * * *

Digitized By Kerala Sahitya Akademi

ഗ്രന്ഥമായുള്ള പൊരുൾ മൂഢർക്കും തിരിയുമാ-
റൂഢഭാഷാശബ്ദമായിച്ചൊല്ലുവൻ മടിയാതെ.”

നിരണത്തു രാമപ്പണിക്കരുടെ രാമായണം പാട്ട് പക്ഷേ അവിടുന്നു കണ്ടിരുന്നില്ല; അഥവാ അതിലേ ഭാഷ അക്കാലത്തുള്ളവർക്കു രുചിക്കാത്ത മദ്ധ്യകാലമലയാളമായിരുന്നതിനാൽ കിളിപ്പാട്ടുരീതിയിൽ ഒരു ഗ്രന്ഥം പുത്തനായി നിർമ്മിക്കാമെന്നു് അവിടുന്നു നിശ്ചയിച്ചു. ”ശബ്ദാർത്ഥാലങ്കാരങ്ങൾ പാരമായി വീക്ഷിച്ചില്ല” എന്നു കവി ആരംഭത്തിൽ പറയുന്നതു് ആകമാനം അവാസ്തവമല്ലെങ്കിലും മററു പല കവിതാഗുണങ്ങളും ആ കൃതിക്കു ഭൂഷണങ്ങളായിത്തന്നെ പരിലസിക്കുന്നു.

“അഞ്ചിതാകൃതി കോലും വഞ്ചിഭൂവാസികളാൽ
സഞ്ചിതപുണ്യപൂരം സഞ്ചിതം ജലരാശൗ
അഞ്ചിതോരഗപതിമഞ്ചശായിയാം ദേവൻ
പഞ്ചബാണാതിസൗന്ദര്യൻ പഞ്ചഭൂതാധിവാസൻ
പഞ്ചകലായശീർഷപഞ്ചജനാദിഗണ-
പഞ്ചത കൊടുത്തവൻ പഞ്ചജനാസുരാരി.”

എന്നു തിരുവനന്തപുരത്തു പള്ളികൊള്ളുന്ന ശ്രീപത്മനാഭനേയും

“പുരളീജനപക്ഷ്വധീഭൂവി കളി-
ച്ചുരുളീടിന ശിവൻ കരളിലിരുന്നെന്റെ
മുരളീകൃതനാദഭക്തിയെയതിതരാം
സരളീകരിക്കണം ഷഷ്ഠീശമിത്രവൊൽചാൻ.”

എന്നു തന്റെ കുടുംബപരദേവതയായ ശ്രീപരമേശ്വരനേയും കവി വന്ദിക്കുന്നു.

“ശ്രീപതിയായീടുന്ന സ്യാനന്ദൂരേശൻ തന്റെ
ശ്രീപദത്തിങ്കൽനിന്നു ശ്രീപാദങ്ങളും കൂപ്പി.”

എന്ന വരികളിൽ അദ്ദേഹം ഉമയമ്മറാണിയെ വർണ്ണിക്കുന്നതിന്റെ സൂചനയും കാണ്മാനുണ്ടു്. അരണ്യകാണ്ഡത്തിന്റെ ആരംഭത്തിൽ

Digitized By Kerala Sahitya Akademi

"സലിലനിധിശായിനം സതതമനപായിനം
ജലദ ദേഹമായിനം പ്രണതസുഖദായിനം
കമലദളലോചനം കരിഭയവിമോചനം
ഭോഗിപരിവൃഢാസനം കലികലുഷനാശനം."

എന്നു തുടങ്ങുന്ന വിഷ്ണുസ്തുതി ശബ്ദാലങ്കാരങ്ങൾകൊണ്ടു സവിശേഷം ഹൃദയംഗമമായിരിക്കുന്നു. ഈ ഉപന്യാസത്തിൽ മഹനീയമായ പ്രസ്തുതകൃതിയുടെ മാഹാത്മ്യത്തെപ്പററി ഇതിലധികം പ്രസ്താവിക്കുവാൻ സൌകര്യമില്ലാത്തതിൽ വ്യസനിക്കുന്നു.

പാതാളരാമായണം നാലു പാദങ്ങളുള്ള ഒരു ചെറിയ കിളിപ്പാട്ടാണു്.

"പഴയകഥകൾ പരിചൊടു പറഞ്ഞു നീയെന്നതിൽ
പാരമൊന്നിങ്കലുണ്ടാശ കേട്ടീടുവാൻ.
പറവതു പകയർകുലകാലനാം രാഘവൻ
പവനപുത്രാദികപിവരന്മാരൊടും
രജനിചരവരരെ വിരവൊടു കൊന്നോരനാൾ
രാവണൻ പിന്നെയനുഷ്ഠിച്ചതെന്തെടോ?"
"ഇതി വചനമലിവിനൊടു വഞ്ചിഭൂപാലകൻ
ചോദിച്ചതു കേട്ടു ചൊല്ലിനാൾ ശാരിക.
സകലനൃപതിലകമണിമകുടമാണിക്യമേ,
താൽപരിയാർത്ഥമായ്-കേട്ടുകൊൾകെങ്കിലോ."

എന്ന വരികളിൽ ഒന്നാം പാദത്തിലും,

"എന്തൊരു ചോല്‌വതു ചിത്രമത്രേ തുലോം
ചെന്താമരാക്ഷന്റെ ലീലകൾ ശാരികേ.
സന്തോഷമാമ്മാറു ചൊല്ലുകെന്നിങ്ങനെ
വഞ്ചിഭൂപാലകൻ കോമളവക്ത്രന്റെ
പുഞ്ചിരിയും ബഹുമാനവും ഭക്തിയും
കണ്ടു കിളിമകൾ ചൊല്ലിനാൾ പിന്നെയും."

എന്ന വരികളിലും,

"ഇത്ഥം പറഞ്ഞടങ്ങീ കിളിപ്പൈതലും;
ചിത്തം തെളിഞ്ഞു കേട്ടു മഹീപാലനും."

Digitized By Kerala Sahitya Akademi

ഷ്യന്ന വരികളിലും നാലാം പാദത്തിലും കവി തന്നെപ്പററി പ്രസ്താവിച്ചിരിക്കുന്നു. കേരളവൎമ്മരാമായണവും പാതാളരാമായണവും അച്ചടിപ്പിച്ചിട്ടുണ്ടു്.

ബാണയുദ്ധം കിളിപ്പാട്ടു പാതാളരാമായണത്തേക്കാൾ ചെറുതാണു്. രണ്ടുപാദങ്ങളേയുള്ളു. 'വഞ്ചിപുരളീശൻ നെഞ്ചിൽ കരുതുന്ന' എന്നു് ഒന്നാം പാദത്തിലും,

"ഗുരുജനങ്ങളും പരശുരാമൻെറ
വിരുതുകൊണ്ടൊരു നരനാം രാമനും
പുരളീവഞ്ചിഭൂവരനുടെ നെഞ്ചി-
ലിരുന്നരുളുന്നോരനന്തശായിയാം
തിരുവനന്തനൽപുരമമരുന്ന
തിരുവടിതാനും തുണയ്ക്കണം മുദാ."

എന്നു രണ്ടാം പാദത്തിലും കാണുന്നു. ബാണയുദ്ധം അച്ചടിച്ചിട്ടില്ല. 'പുരളീവഞ്ചിഭൂവരൻ' എന്നും 'വഞ്ചിപുരളീശൻ' എന്നും ബാണയുദ്ധത്തിലും 'വഞ്ചിഭൂപാലൻ കേരളവൎമ്മൻ' എന്നു പാതാളരാമായണത്തിലും കാണുന്നതുകൊണ്ടു ബാണയുദ്ധത്തിനു ശേഷമാണു് പാതാളരാമായണത്തിൻെറ രചന എന്നു ചിലൎക്ക ഊഹിക്കാം.
വൈരാഗ്യചന്ദ്രോദയം ഒരു ഹംസപ്പാട്ടാണു്

"വഞ്ചിഭൂപനരമേവം ചോദിച്ചോരനന്തരം
അന്നവും ചൊല്ലീടിനാൻ ഖിന്നത കളവാനായ്.
* * * *
കേൾക്കെടോ നരാധിപ, ഭൂതപരായുള്ളതേ പ്രാഹ;
വാക്കിനു മാധുൎയ്യവും കേൾക്കാമ്പാളുണ്ടാകണം;
അക്ഷരത്തിൻെറ നല്ല വ്യക്തത വിശേഷിച്ചും;
സുസ്വരം വേണം നല്ല വാക്കുകൾ പറയുമ്പോൾ;
അത്വരയല്ലെടോ പദവ്യക്തിയും വരുത്തീടണം;
ധൈൎയ്യവും ലഘുത്വവും വാക്കിലുണ്ടായിടണം;
ഇത്തരമാറുഗുണം ചെററുമില്ലെന്നാകിലും
സത്തുക്കൾ ക്ഷമിപ്പാനായ് പ്രത്യഹം തൊഴുന്നു ഞാൻ.
കേൾക്കെടോ പുരളീശ, പാൎത്ഥിവശിഖാമണെ,

Digitized By Kerala Sahitya Akademi

വാസ്തവമേവമെങ്കിലാസ്ഥയോടിരിക്ക നീ.
ക്ഷീരത്തെക്കുടിപ്പാനും ഫലത്തെബ്ഭുജിപ്പാനു-
മാഗ്രഹമിവററിലും ചേൎത്തുമില്ലറികെടോ.
ക്ഷുത്തൃഡാദികളെന്നതൊട്ടുമില്ലിഹ പാൎത്താൽ;
ഭക്തവത്സലനായ പത്മനാഭന്റെ പദ-
യുഗ്മകമലസേവയായ നൽക്കളം തന്നിൽക്കളി-
ച്ചെത്രയും ശുദ്ധനായിട്ടെപ്പൊഴും വാഴ്പ്പൂ ഞാൻ.

* * * *

വിശ്രുതകീൎത്തികൊള്ളും പത്മനാഭന്റെ പദ-
ഭക്തികൾകൊണ്ടു വേണം മുക്തിയെ വരുത്തുവാൻ.
അത്ര വൈഭവമുള്ള നൽത്തിരുവനന്തേശൻ
തത്സമീപത്താണെഴുന്നള്ളിയിട്ടിരിക്കവേ,
ഭക്തവത്സലപാദം പ്രത്യഹം സേവിക്കിലോ
മുക്തി വന്നീടും നൃപസത്തമ! ധരിച്ചാലും.

* * * *

അത്രയല്ലിഹ വന്ന ബാലരാമനെ കണ്ടേൻ
തല്പമാമനന്തൻമേൽ തപമായുള്ള വസ്തു."

ഇത്യാദി ഭാഗങ്ങളിൽനിന്നു കേരളവൎമ്മരാജാവു് ഈ കൃതിയും തിരുവനന്തപുരത്തുവെച്ചു് എഴുതിയതാണെന്നു് വെളിവാകും. പാതാളരാമായണത്തിനും ബാണയുദ്ധത്തിനും കവിതാഗുണം പോരാ. വൈരാഗ്യചന്ദ്രോദയം അങ്ങനെയല്ല; അതു വാല്മീകിരാമായണത്തോടു കിടനില്ക്കുന്ന ഒരു കോമളകൃതിയാകുന്നു; അച്ചടിച്ചിട്ടുണ്ടു്.

മോക്ഷദായകപ്രകരണം കഥകളിപ്പാട്ടുകൾ എഴുതിയ കോട്ടയത്തുതമ്പുരാന്റെ കൃതിയാണെന്നു ഭാഷാചരിത്രകാരനായ ഗോവിന്ദപ്പിള്ള സൎവ്വാധികാൎയ്യക്കാർ അഭിപ്രായപ്പെട്ടിട്ടുള്ളതു ശരിയല്ല. അതു ഞാൻ നിഷ്കൎഷിച്ചു പരിശോധിക്കുകയും വൈരാഗ്യചന്ദ്രോദയവുമായി ഒത്തിച്ചുനോക്കുകയും ചെയ്തതിൽ കേരളവൎമ്മരാജാവിന്റെ കവനം തന്നെ എന്നു തെളിഞ്ഞിരിക്കുന്നു. വൈരാഗ്യചന്ദ്രോദയത്തിനും മോക്ഷദായകമോക്ഷസിദ്ധിപ്രകരണങ്ങൾക്കും തമ്മിൽ രചനാസമ്പ്രദായത്തിൽ യാതൊരു വ്യത്യാസവുമില്ലെന്നുമാത്രമല്ല, പ്രകടമായ സാമ്യവുമുണ്ടു്. പ്രസിദ്ധസംസ്കൃതപണ്ഡിതനായ കഥകളിക്കാ

Digitized By Kerala Sahitya Akademi

ത്തൻെറ ശൈലിയുടെ നിഴലാട്ടംപോലും അവിടെയെങ്ങും കാണ്മാനില്ല. 'തയ്യിയെന്നുള്ളമണ്ണെന്നതും' 'ദ്വൈതഭ്രമം' മുതലായ വരികളിൽ തെക്കൻപദങ്ങളും പ്രയോഗിച്ചുകാണുന്നു. മോക്ഷദായകവും മോക്ഷസിദ്ധിയും കിളിപ്പാട്ടുകളാണു്. മോക്ഷദായകത്തിൻെറ ആരംഭം താഴെ കാണുന്ന വിധത്തിലാകുന്നു.

“ചാനിലവേ മധുവുണ്ടു ടീനമേപോക്കം നിൻെറ
പേഷണാലും മൊഴികൊണ്ടു ഞാനേകരസമുഖൻ.
മാനസരാജൻതൻെറ ലീലകൾ കേട്ടിട്ടുള്ളി-
ലാനന്ദം വളരുവാനായിട്ടു കൊതിച്ചു ഞാൻ
നീ വരും വഴി നോക്കിയിരുന്നേനിത്രനാളും;
നിരത്തു പാരായണം മററാരാൻ പറയുമോ?”
“അനന്തതല്പേ പള്ളികൊള്ളുന്നോരനന്തേശ-
നനന്തം ജന്മമെട്ടത്തീടുന്ന കൃപാംബുധി.”

എന്ന വരികളിൽ തിരുവനന്തപുരത്തെ കവി സ്പഷ്ടമായി സ്മരിച്ചിരിക്കുമ്പോൾ അന്യഥാ ചിന്തയ്ക്കു് അവകാശമേ ലഭിക്കുന്നില്ല.

മോക്ഷസിദ്ധിപ്രകരണം മോക്ഷദായകപ്രകരണത്തിൻെറ തുടർച്ചയാണെന്നു പറയാം. “ഉണ്ടായി സ്ഥാണുപുത്രൻ ഗന്ധർവ്വനഗാത്തിൽ ഉണ്ടാക്കീടിനാൻ ശക്തിയുക്തമായ മഠം.” എന്നു മോക്ഷദായകത്തിലും “സ്ഥാണുപുത്രൻെറ കഥയെന്നതുപോലിതു വേണമെന്നാകിൽ പറയാം ചുരുക്കി ഞാൻ.” എന്നു മോക്ഷസിദ്ധിയിലും കാണുന്ന വരികളിൽനിന്നാണു് ഞാൻ ഈ വസ്തുത അനുമാനിക്കുന്നതു്. വൈരാഗ്യചന്ദ്രോദയത്തിലും ഈ ഗ്രന്ഥങ്ങളിലും നിന്നു തമ്പുരാൻ ഒരു വലിയ അദ്വൈതിയും ശാങ്കരഭാഷ്യാദിവേദാന്തഗ്രന്ഥങ്ങളിൽ നിഷ്ണാതനുമാണെന്നു വിശദമാകുന്നു. വിഷയം വളരെ ഗഹനമാണെങ്കിലും പ്രതിപാദനരീതി പതിവുപോലെ അത്യന്തം സുഗമമാണു്. പാണ്ഡിത്യപ്രകടനത്തിനു് അവിടുന്നു് ഒരിക്കലും ഉദ്യമിച്ചിട്ടില്ല. 'ശുദ്ധമായുള്ള പൊരുൾ മൂഢർക്കും തിരിയുമാറു്' ഗ്രന്ഥങ്ങൾ നിർമ്മിക്കണമെന്നേ അദ്ദേഹം കരുതിയിരുന്നുള്ളു. മോക്ഷദായകം യശശ്ശരീരനായ അഴകത്തു പത്മനാഭക്കുറുപ്പു് അദ്ദേഹത്തിൻെറ ആധിപത്യത്തിൽ പ്രചരിപ്പിച്ചുകൊണ്ടിരുന്ന ഒരു മാസികപുസ്ത

Digitized By Kerala Sahitya Akademi

കത്തിൽ പണ്ടു പ്രസിദ്ധപ്പെടുത്തിയിരുന്നതായി ഓർമ്മ തോന്നുന്നു. ഈയിടയ്ക്കു് അതു തിരുവിതാംകൂർ ക്യുറേററാഫീസിൽ നിന്നു പ്രത്യേക പുസ്തകരൂപത്തിലും പ്രകാശനം ചെയ്തിട്ടുണ്ടു്. മോക്ഷസിദ്ധിപ്രകരണം അച്ചടിപ്പിച്ചിട്ടില്ല. ഭീഷ്മോപദേശം വൈരാഗ്യചന്ദ്രോദയം പോലെ ഒരു ഹംസപ്പാട്ടാണു്. കർമ്മവിപാകമാണു് പ്രതിപാദ്യം. നാലു പാദങ്ങളുണ്ടെങ്കിലും അന്നനട വൃത്തത്തിലാണു് കൃതി ആദ്യന്തം രചിച്ചിരിക്കുന്നതു്.

> "ചിരിക്കയെന്നപ്പോളതിന്റെ വാക്ഷരകു-
> ട്ടരത്താനിങ്ങിന്നെ പുരളീനാഥനം"

എന്നും മററും ഇതിലും കവിയെ ചൂണ്ടിക്കാണിക്കുന്ന വരികൾ ഉണ്ടു്. യമകൻ മുതലായ തെക്കൻ പദങ്ങൾ കവി ഈ ഗ്രന്ഥത്തിലും പ്രയോഗിച്ചിരിക്കുന്നു. ഭീഷ്മോപദേശവും ക്യുറേററാഫീസിൽനിന്നു പ്രകാശനം ചെയ്തിട്ടുണ്ടു്.

പടസ്തുതി അപ്രകാശിതമല്ലെങ്കിലും സുലഭമല്ലാത്തതിനാൽ വായനക്കാരുടെ സൌകര്യത്തെ പുരസ്കരിച്ചു താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

൧

'അഹികുലവരശയന! രമാവര മഹിതപദാംബുജ! നതപാതക-
ദഹന! ജനാർദ്ദന! ദനുജാന്തക! ദനുജനിഷൂദര! കരുണാകര
അഹമഹമികയൊടു പൊരുവാൻ വരുമഹിതരെ യുധി സപദി
ജയിപ്പാൻ
അഹരഹരിഹ വരമരുളേണം കേശിമഥന! നാഥ! തൊഴുന്നേൻ

൨

ആതങ്കം മനസി വളർക്കും മാതംഗഗണങ്ങളുമതിവേഗ-
ശ്രീതങ്കും പെരിയ തുരംഗമജാതങ്ങളോടും ഭേവകരും
ഏറ്റം ഭയമിയലാതെ വന്നേറിന മദമോടു പൊരുമ്പോൾ
നീതന്നെ ജയിച്ചരുളീടുക കേശിമഥന.........

൩

ഇടിനികരമൊടിടയും ഡിണ്ഡിമപടുനിനദവുമിടയിടെ വെടിയും
പൊട്ടുപൊടെ നിലവിളികളുമായുധമിടയുന്നൊരു ഝടഝടരവവും

Digitized By Kerala Sahitya Akademi

ഝടിതി കിളരന്നുഴന്നൊരു പൊടിയും തടവിന പടയുടനെ തട്ടുപ്പാ-
നടിയനു യുധി പട്ടത തരേണം കേശിമഥന!.......

൩

ഈഷച്ചേരതാമ്പറ്റമാനം ദ്വേഷിച്ചോരരിയല്ലാതേ
പോഷിച്ചീടുകയെന്നേവം രോഷിച്ചു തിമിത്തതിവേഗാൽ
ഘോഷിച്ചുവരുമ്പോളുവരിഹ രോഷിച്ചീടായ്വാൻ കൃപ
പോഷിച്ചീടണമിന്നെങ്കൽ കേശിമഥന......

൪

ഉരുതരമായ് ഞെരുതരൊ നിയതം വരുമൊരു വൻതിരകൾ കണക്കേ
ഒരുമകലന്നരിവരനികരം പൊരുവതിനിഹ ചാടിവരുമ്പോൾ
കരബലമൊട്ടു തരിപ്പെടവെട്ടിത്തുരത്തുരമെണ്ടിപ്പതിനായ് ഞാൻ
സരസിജനയന! മുരാരേ! കേശിമഥന ........

൫

ഊക്കേറിന വൈരികൾ പോരിൽക്കാൽക്കാണി യുമഴകൊടുപിന്നിൽ
പാക്കാതെ പുളച്ചിഹ നമ്മോടു നോക്കായി വളഞ്ഞുവരുമ്പോൾ
ആർക്കും തുരഗങ്ങൾക്കും ശരമാക്കാരെക്കുട്ടമാഴറല്ലിച്ചുയിർ
പോക്കാകേണം പുനരെന്നാൽ കേശിമഥന.

൬

എള്ളുത്തു ജയിപ്പതിനെന്നു മനതളിരിലുറച്ചരിവരനികരം
പ്രളയപയോനിധിസമമേററം കളകളമൊടുമിളകി വരുമ്പോൾ
തെളുതെളെ വിലസും കരവാളാൽ ഗളതലമറവെട്ടിമുറിപ്പാൻ
കളയരുതേ ചെറുതിഹ സമയം കേശിമഥന.........

൭

ഏറിന മോഹത്തൊടുവാഹനമേറി മഹാബലമിയലുന്നവ-
രേറെമദിച്ചഴകൊടു വന്നടരേറിയലം പടപൊരുമളവിൽ
ഏറും കണ വെടിയെന്നിവയേററെമുടിഞ്ഞൊടുവതിന്നായ്
ഏറെനിരന്തരമൻപൊടു ഞാൻ കേശിമഥന........

൮

"ഐയയ്യോ" എന്നഖിലജനാനാം തോന്നുംപടി തിങ്ങിമുഴങ്ങി-
ക്കൈയ്യുക്കൊടു വന്നു വളഞ്ഞുടനെയ്യുന്നൊരു വൈരികൾതമ്മിൽ
കൈയും കാലും ഗളതലവും ചൊവ്വോടു മുറിച്ചെറിവാൻ കൃപ
ചെയ്യേണം സപദി വിഭോ! മേ കേശിമഥന........

Digitized By Kerala Sahitya Akademi

൧൦

ഒരു വൻകടൽ കരവാനത്തുപോലതിതീൎക്കുമഴകൊട്ടു കണ്ടി-
ങ്ങരുസങ്കടമോടു ജനമെല്ലാം പെരുകും ഭയമോടു മണ്ടുമ്പോൾ
കരിസംഘവുമഴകൊട്ടഞ്ഞിക്കുടയുംപടി ചെട്ടിമുറിപ്പാൻ
ചേരും നിൻ കൃപ വിരവൊടു കേശവ! കേശിമഥന......

൧൧

ഓരോവിധമായുധജാലവുമോരോവിധവേഷവുമാണ്ടുട-
നോരോവക വൻപട മുതിഭയമോരാതെ നടിച്ചുവരുമ്പോൾ
പാമാരവരെക്കൊലചെയ്തിഹ പാരിൽ നിരത്തീടുവതിന്നായ്
നേരേ മമ നീ തുണയാകുക കേശി

൧൨

ഔവണ്ണം സകലജ്ജഗത്തും ചൊവ്വോടു വന്നെതിരേറുകിലും
വൈഭവമില്ലരികളെ മമ കൊലചെയ്യുവതിന്നെങ്കിലുമനിശം
കൈവല്യപ്രദ, നിൻകൃപ മേ ദൈവാൽ വന്നെതിരേറുകിൽ ഞാൻ
സൎവ്വാരികളെക്കൊന്നീടുവൻ കേശി.........

൧൩

അക്ഷതശാലമിയലും രിപുകുലമൊക്കെ മുടിച്ചിഹ പുരളീശം
വക്ഷിക്ഷിതികേരളസംജ്ഞം രക്ഷ വിഭോ! രക്ഷ മുദാ മാം
പക്ഷീശ്വരവാഹന! സജ്ജനരക്ഷക! കരുണാകര! സന്തത-
മക്ഷയയശസം കുരു മാധവ! കേശി........

൧൪

പരിപുഷ്ടാടോപമൊടരിജനമെതിരിട്ടീടുമ്പോളടവികൾ
തന്നിൽ പെട്ടീടുംപടി പാഞ്ഞവരിഹ പട്ടീടുവതിനു (12) വേഗാൽ
ശ്രേഷ്ഠമുന്നിൽ വളീടുക പരിതുഷ്ടികരൻ വിഭോ നീ
തിരുവട്ടാറതിൽ മരുവീടിന കേശിമഥന! നാഥ! തൊഴുന്നേൻ.

പടസ്തുതി അകാരാദിക്രമത്തിൽ രചിച്ചിട്ടുള്ള ഒരു സ്തോത്രമാണെന്നു വായനക്കാൎക്കു കാണാവുന്നതാണല്ലൊ. പതിന്നാലാമത്തെ പാട്ടുമാത്രമേ അകാരാദിയിൽപെടാതെ നില്ക്കുന്നുള്ളു. കവിതയ്ക്കു വലിയ മെച്ചമൊന്നുമില്ലെങ്കിലും രചിച്ച സന്ദൎഭവും നിൎമ്മാതാവി

(12) പട്ടുക=പെട്ടുക=മരിക്കുക.

Digitized By Kerala Sahitya Akademi

ന്റെ വിപ്രതവും മററും നിരൂപിച്ചാൽ ഇതിനും സ്തുത്യങ്ങളായ ദേശീയഗാനങ്ങളുടെ മദ്ധ്യത്തിൽ മാന്യമായ ഒരു സ്ഥാനത്തിന് അവകാശമുണ്ട്.

ഇനി അവശേഷിക്കുന്നതു സംസ്കൃതകീർത്തനങ്ങളാണ്. രാഗമാല ഞാൻ തൃപ്പൂണിത്തുറ ഈട്ടുവെയ്പുഗ്രന്ഥപ്പുരയിലെ ചില ഗ്രന്ഥങ്ങൾ മററാവശ്യത്തെ മുൻനിറുത്തി പരിശോധിച്ചുകൊണ്ടിരുന്നപ്പോൾ എനിക്കു കിട്ടിയതാണ്.

രാഗമാല

കലയേ ഗാംഗേയാധിപസനാഥയേ ത്വാം (കലയേ)
അഹരിസുരഭിനമസ്കൃതപാദേ! നിസുംഭ-
മുഖാരിനിധനാദിനിപുണേ! നിഖില-
ദേവഗാന്ധാരനിഷാദാദിഗീതേ! (കലയേ)

൨

കമനീയകരുണേ! ശങ്കരാഭരണേ!
ചാരുസാരംഗനയനേ! കല്യാണി!
ദീനജനതതിപാലനലോലേ!
നതജനമലഹ (?) രിചരണസരോജേ! (കലയേ)

൩

പാടീരപങ്കവിരാജിതദേഹേ! സൗരാഷ്ട്രദേശനിവാസേ
ഇന്ദുമോഹനമുഖി! ദേവി ഭവാനി
അനർഗ്ഗളഗാംബുധിപാവിതലോകേ! (കലയേ)

൪

പുന്നാഗവരാളിവനാധിവാസേ!
കണ്ണാരവകമ്പിതരിപുജനഹൃദയേ!
ബകുളകലവാളിതകുന്തളേ! വശിതേ!
തോടിതരൂപമഹനീയചാപേ! (കലയേ)

൫

പന്തുവരാടിരാഗപാലനലോലേ! ഗൗഡചന്ദ്രരാഗാരൂഢേ!
പുണ്യജനനാഥനാമക്രിയാഡംബരികേ!
ജനനസാവേരിതബഹുവിധചരിതേ! (കലയേ)

Digitized By Kerala Sahitya Akademi

൩

സന്തതവീക്ഷിതസകലദശാക്ഷി!
ഘനനീലാംബരി! ഗിരിവരതനയേ! (കലയേ)
ഭേദാഭേദജ്ഞജനാർച്ചിതപാദേ!
കാന്തിതവസനശുഭേ! സുശുഭാംഗി! (കലയേ)

൪

ശ്രീരാഗപൂരഗശ്രീഹരിസോദരി!
നാട്ടഗീതചരണസഞ്ചാരവദനേ!
അഭിരാമക്രിയായുക്തമഹനീയവദനേ!
ധന്യധനാശിമോദകാരണി! വാരുണി! (കലയേ)

൫

മദ്ധ്യമാദിലയഹീരേ... ... ...ആദിചന്നടരാഗേ!
ദീനപാലനവഞ്ചിവീരകേരള-
വർമ്മഭൂപാലസേവിതപാദേ! (കലയേ)

ഈ ഗാനത്തിൽ ചില അശുദ്ധപാഠങ്ങളും ഉണ്ടാകാം. ഗ്രന്ഥത്തിൽ കണ്ടതു് ഏകദേശം അതേമാതിരിയിൽതന്നെ പ്രസിദ്ധപ്പെടുത്തുകയാണു് ഇവിടെ ചെയ്യുന്നതു്.

പത്മനാഭകീർത്തനം മനോഹരമാണു്. അപ്രസിദ്ധമായ ഒരു കീർത്തനവും താഴെ ചേർക്കുന്നു.

ധ്യായേമനിശം ശ്രീപത്മനാഭം (ധ്യായേ)
ശേഷഭോഗശയനം വരഭൂഷണ-
ഭൂഷിതാവയവപൗരുഷവേഷം; (ധ്യായേ)
വേദവാദിജനമാനസനളിനീ-
മോദദായിചരണാംബുരുഹാന്തം; (ധ്യായേ)
നീലവാരിവഹരാഗമേദയുത-
നീലകണ്ഠഗളസുന്ദരജംഘം; (ധ്യായേ)
ദേവരാജഗജരാജഹസ്തരുചി-
പീവരോരുയുഗമണ്ഡിതമതുലം; (ധ്യായേ)
ദേഹനീലഘനശോഭമാനസൗ-
ദാമനീസദൃശഹാടകവസനം (ധ്യായേ)
ശൃംഖലാഞ്ചിതകടിം വിരാജദഖി-
ലാണ്ഡഷണ്ഡപരിപൂർണ്ണപിചണ്ഡം; (ധ്യായേ)

Digitized By Kerala Sahitya Akademi

ലോകനാഥമുനകാരവിന്ദമുനി-
ഭൃമിനാദിവിലസന്നിജദേഹം; (ധ്യായേ)
ഇന്ദിരാമലഭുജാന്തരാവച്ഛിത-
ചന്ദനം രുചിരകൌസ്തുഭഹാരം; (ധ്യായേ)
ഭൃത്യഭീഹരണദക്ഷശിവാച്ഛന-
സക്തചാരണിയുഗളന്തപ്തുലാരം; (ധ്യായേ)
ഇന്ദുബിംബവദനം രദനച്ഛദ-
ഭിന്നബിംബരുചികുന്ദസുദന്തം; (ധ്യായേ)
ലംബമാനമണികുണ്ഡലമണ്ഡിത-
ഗണ്ഡമൃക്ഷപതിചണ്ഡകരാക്ഷം (13) (ധ്യായേ)
ദിവ്യമത്തമകരം കമലാവനി-
സംയുതം മുനിസുരാദിവിചിന്ത്യം (ധ്യായേ)
ചിന്തനീയ കവിവാഞ്ഛിതപൃഗളീ-
പുഞ്ചിഭൃ പതിരഹം സതതം തം. (ധ്യായേ)

ഈ കൃതികളെല്ലാം കേരളവർമ്മതമ്പുരാൻ വേണാട്ടിൽ താമസിച്ചു വരുന്ന പതിനൊന്നു കൊല്ലങ്ങൾക്കിടയിൽ രചിച്ചവയാണെന്നുള്ളതിന് ഇവയിൽ കാണുന്ന മുദ്രകൾതന്നെ ലക്ഷ്യമാണ്. വേണാട്ടിൽ വരുന്നതിനു മുൻപും അദ്ദേഹം ചില കൃതികൾ രചിച്ചിട്ടുണ്ടായിരുന്നിരിക്കണം. അവ കണ്ടുകിട്ടീട്ടില്ല.

ആട്ടക്കഥകൾ നിർമ്മിച്ച കോട്ടയത്തു തമ്പുരാൻ നമ്മുടെ കഥാനായകന്റെ കനിഷ്ഠസഹോദരനായിരുന്നുവെന്ന് ഊഹിക്കുന്നതു നിർമ്മൂലമാണ്.

"ശ്രീമാനനല്പഗുണശാലിതയാ നൃപാണാം
ഭൂഷായിതോ നിജകരാത്തസമസ്തതേജാഃ
കാമപ്രദാനജിതകല്പമഹീരുഹസ്സ-
ചിന്താമണിർജ്ജയതി കേരളവർമ്മനാമാ."

എന്ന പദ്യത്തിൽ ആട്ടക്കഥക്കാരൻ വന്ദിക്കുന്നതു് ആരു പുറവഴിനാട്ടു വാണിരുന്ന രാജാവിനെയാണ്. കിളിപ്പാട്ടുകാരൻ ആ നാട്ടു് ഒരിക്കലും പരിപാലിക്കുകയുണ്ടായിട്ടില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

---

(13) ഋക്ഷപതിചണ്ഡകരാക്ഷൻ=ചന്ദ്രസൂര്യന്മാരാകുന്ന നേത്രങ്ങളോടുകൂടിയവൻ



Digitized By Kerala Sahitya Akademi

## ആട്ടക്കഥകളിലെ

# ചില അപ്രകാശിതഭാഗങ്ങൾ.

---

കഥകളി, രാമനാട്ടം, ആട്ടക്കഥ, ഈ പേരുകളിൽ അറിയപ്പെടുന്ന ഭാഷാസാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, തിരുവിതാംകൂറിൽപ്പെട്ട കൊട്ടാരക്കര രാജവംശത്തിലെ ഒരു തമ്പുരാനായിരുന്നു എന്നുള്ളതിനെപ്പററി ആക്കും അഭിപ്രായവ്യത്യാസമില്ല. അദ്ദേഹത്തിന്റെ നാമധേയം "വീരകേരളവർമ്മാ" എന്നായിരുന്നുവെന്നും അദ്ദേഹം രാമായണത്തെ അവലംബിച്ചു നിർമ്മിച്ച "പുത്രകാമേഷ്ടി" മുതൽ "രാമരാവണയുദ്ധം" വരെയുള്ള എട്ടാട്ടക്കഥകൾക്കും കൂടി "വഞ്ചിബാലവീരകേരളവർമ്മരാമായണം കഥകളി" എന്നൊരു പേരുണ്ടെന്നും ൧൧൦൮—മേടമാസത്തിലെ കൈരളിയിൽ ഞാൻ ഉപന്യസിച്ചിട്ടുണ്ട്. "വഞ്ചിവീരകേരളഹൃദയാംബുജനിവാസരഘാധിപദാംബുജം" എന്ന "രാമരാവണയുദ്ധ"ത്തിന്റെ അവസാനത്തിലും "വഞ്ചിധരാവരബാലകവീരകേരളമാനസവാസ, ഹരേ" എന്ന് "വിച്ഛിന്നാഭിഷേക"ത്തിന്റെ ആരംഭത്തിലും കവി, തന്നെ ശ്രീരാമഭക്തനായി വർണ്ണിക്കുന്നു. "ശിഷ്യജന പ്രിയകാരണ ശങ്കരകവേഃ" എന്നു പുത്രകാമേഷ്ടിയിലും "ശങ്കരഗുരുസമശങ്കരഭദ്രമതിശങ്കരഗുരുപൂജിതപാദ" എന്നു വിച്ഛിന്നാഭിഷേകത്തിലും കാണുന്ന സൂചനകളിൽനിന്നു് അദ്ദേഹത്തിന്റെ ഗുരു ശങ്കരകവി എന്ന ഒരു മാന്യനായിരുന്നു എന്നും ആ ശങ്കരകവി ശങ്കരഭഗവൽപാദരോടു തുല്യനായിരുന്നതിനു പുറമേ രാമഭക്തൻകൂടി ആയിരുന്നുവെന്നും വെളിവാകുന്നു. ഈ ശങ്കരകവി ഇന്നും നമുക്ക് അപരിചിതനായിത്തന്നെ ഇരിക്കുന്നു. "കല്യേ ധൃതശരചാപം നൌമി വില്വാദ്രിനാഥം" എന്നു പുത്രകാമേഷ്ടിയിൽ കാണുന്ന പ്രസ്താവനയെ "ശങ്കരഗുരുപൂജിതപാദ" എന്നുള്ള സ്തുതിയുമായി സംഘടിപ്പിച്ചു നോക്കുമ്പോൾ പ്രസ്തുതശങ്കരൻ തിരുവില്വാമലയ്ക്കു സമീപത്തുള്ള ഒരാളായിരുന്നു എന്നു, പക്ഷേ, ഒട്ടൊന്നൂഹിക്കാം. "ശ്രീകൃഷ്ണവിജയം" "പഞ്ചതന്ത്രം" മുതലായ കൃതികളുടെ പ്രണേതാവും കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശാസ്ത്രികളുടെ മുഖതഃ ഞ്ഞ

Digitized By Kerala Sahitya Akademi

മായ ശ്ലാഘയ്ക്കു പാത്രീഭവിച്ച മഹാകവിയുമായ കോലത്തുനാട്ടു പള്ളിക്കുന്നിൽ ശങ്കരവാരിയരുടെ ജീവിതകാലം കൊല്ലം ഏഴാം ശതകത്തിന്റെ പൂൎവാൎദ്ധമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു കൊട്ടാരക്കരത്തമ്പുരാൻ എന്നു ഇപ്പോൾ ചിലർ ഒരു വാദം ആരംഭിച്ചിട്ടുള്ളതിനു്, "ശിഷ്യേണ പ്രവരേണ ശങ്കരകവേഃ" എന്നുള്ള പ്രസ്താവനയല്ലാതെ വേറെ പറയത്തക്ക അടിസ്ഥാനമൊന്നുമില്ല. ശങ്കരകവിയുടെ ശിഷ്യനാണു് കൊട്ടാരക്കര രാജാവു്; ശങ്കരകവി എന്ന പേരിൽ പ്രസിദ്ധനായി നാം അറിയുന്നതു് ശ്രീകൃഷ്ണവിജയകാരനെയാണു്; അതുകൊണ്ടു ശ്രീകൃഷ്ണവിജയകാരനായിരിക്കണം കൊട്ടാരക്കര രാജാവിന്റെ ഗുരു എന്നുള്ള വാദഗതിക്കു വലിയ വിലയൊന്നും കല്പിക്കുവാൻ നിവൃത്തിയില്ലല്ലോ. നേരെമറിച്ചു്, കൃഷ്ണനാട്ടത്തിനിപ്പുറമാണു് കഥകളിയുടെ ആവിർഭാവമെന്നും കോഴിക്കോട്ടു സാമൂതിരിപ്പാടിനോടു് കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടക്കാരെ തന്റെ കോയിക്കലേയ്ക്കു് ഒാടിയന്തരത്തിനു് അയച്ചുതരണമെന്നു അപേക്ഷിക്കുകയും ആ അപേക്ഷ സാമൂതിരിപ്പാട്ടു നിരസിക്കുകയും ചെയ്യുകനിമിത്തമാണു് വീരകേരളവൎമ്മത്തമ്പുരാൻ രാമനാട്ടപ്രസ്ഥാനം ആരംഭിക്കേണ്ടിവന്നതെന്നുമുള്ള ഐതിഹ്യത്തിനു് ഈ പുതിയ വാദം പ്രതികൂലമായിരിക്കുന്നു എന്നും ഈ അവസരത്തിൽ നാം ഓൎമ്മിക്കേണ്ടതാണു്.

കോഴിക്കോട്ടു മാനവേദൻരാജാവു പൂൎവഭാരതചമ്പു കൊല്ലം 823-ലും കൃഷ്ണനാട്ടം (കൃഷ്ണഗീതി, കൃഷ്ണനാടകം, കൃഷ്ണാഷ്ടകം ഈ പേരുകളും ഗ്രന്ഥത്തിനുണ്ടു്) 832-ലും ആണു് രചിച്ചതെന്നുള്ളതിനു ജ്ഞാപകങ്ങളായി ആ ഗ്രന്ഥങ്ങളിൽതന്നെ യഥാക്രമം "പാവോല്ലസാവലസായം" എന്നും "ഗ്രാഹ്യാ സ്തുതിഗ്ഗാഥകൈഃ" എന്നും കലിവാക്യങ്ങളുണ്ടു്. തന്നിമിത്തം കൊല്ലം 832-നു മേലാണു് രാമനാട്ടമുണ്ടായതെന്നു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. "ശങ്കരഗുരുസമ" എന്ന വിശേഷണത്തിൽനിന്നു് കൊട്ടാരക്കരത്തമ്പുരാന്റെ ഗുരു ഒരു ബ്രാഹ്മണനായിരുന്നുവെന്നും സാമാന്യമായി അനുമാനിക്കാവുന്നതാണു്. ഇതിനെല്ലാം പുറമേ, തിരുവിതാംകൂർമഹാരാജകുടുംബമായ തൃപ്പാപ്പൂർസ്വരൂപവും കൊട്ടാരക്കര കുന്നത്തമ്മൽ ഇളയിടത്തുസ്വരൂപവും തമ്മിൽ ഇടപ്രഥമമായി ഒരു മത്സരം നടന്നതു കൊല്ലം

Digitized By Kerala Sahitya Akademi

൯൪൯ കർക്കടകമാസം ൩-ാംനു-യായിരുന്നുവെന്നും ആ ദത്തിൽപ്പെട്ട കൊട്ടാരക്കര മൂത്തതമ്പുരാൻ പൂയം നാളിൽ ജനിച്ചു ഒരു വീരകേരളവർമ്മാവായിരുന്നു എന്നും ആ വീരകേരളവർമ്മാവിന്റെ മരുമകനാണു് രാമനാട്ടത്തിന്റെ ഉപജ്ഞാതാവെന്നും, "പ്രാപ്താനന്തമഹാനശ്രീയഃ പ്രിയതരശ്രീരോഹിണീജന്മനോ വഞ്ചിക്ഷ്മാവരവീരകേരളവിഭോരാജ്ഞഃ സദാസ്യഃ സ്മരാ" എന്നു പുത്രകാമേഷ്ടിയിലും "വഞ്ചിവീരകേരള" എന്നും "വഞ്ചിധരാവര" എന്നും മറ്റു ചില ഭാഗങ്ങളിലും കാണുന്ന പ്രസ്താവനകളിലെ "വഞ്ചി" ശബ്ദം മുൻപറഞ്ഞ ദത്തുവഴിയായി ഇളയിടത്തു സ്വരൂപത്തിലേക്ക സിദ്ധിച്ച മേന്മയെ സൂചിപ്പിക്കുന്നതാണെന്നും ഞാൻ കൈരളിയുടെ ൧൧൦൦ മേടം, കർക്കടകം ഈ മാസങ്ങളിലെ ലക്കങ്ങളിൽ ഉപപാദിച്ചിട്ടുണ്ടു്.

ക്രി. പി. പന്ത്രണ്ടാംശതകത്തിൽ മഹാകവി ജയദേവൻ ൧൨ സർഗ്ഗമായി അദ്ദേഹത്തിന്റെ ഗീതഗോവിന്ദം രചിച്ചു. ആ കാവ്യത്തിനു് അഷ്ടപദി എന്നു പേർ വരുവാൻ കാരണം ഗീതത്തിലും പ്രായേണ എട്ടു ചരണങ്ങൾ അടങ്ങീട്ടുള്ളതുകൊണ്ടാകുന്നു. ഒരു സർഗ്ഗത്തിൽ രണ്ടോ അതിലധികമോ ഗീതങ്ങൾ ഉണ്ടാകും. ഒന്നാം സർഗ്ഗത്തിലും ഏഴാംസർഗ്ഗത്തിലും നാലു് അഷ്ടപദികൾ വീതമുണ്ടു്. ആകെയുള്ള അഷ്ടപദികളുടെ എണ്ണം ഇരുപത്തിനാലാണു്. ജയദേവനെ അനുകരിച്ചു പിൻകാലങ്ങളിൽ അനേകം അഷ്ടപദികൾ ഭാരതഖണ്ഡത്തിൽ ആവിർഭവിച്ചുവെങ്കിലും അവയിൽ അധികം വിശിഷ്ടമായിട്ടുള്ളതു് ഭാനുദത്തന്റെ "ഗീതഗൗരീപതി"യാണു്. രസമഞ്ജരി, രസതരംഗിണി എന്നീ അലങ്കാരഗ്രന്ഥങ്ങളുടെ പ്രണേതാവായ ഭാനുദത്തകവി ക്രി. പി. പതിന്നാലാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ വിദേഹരാജ്യത്തിൽ (ഇന്നത്തെ ബീഹാറിൽ) ജീവിച്ചിരുന്നു. രസമഞ്ജരിയുടെ അവസാനത്തിൽ കാണുന്ന

"താതോ യസ്യ ഗണേശ്വരഃ കവികുലാലങ്കാരചൂഡാമണിർ-
ദ്ദേശോ യസ്യ വിദേഹഭൂഃ സുരസരിൽകല്ലോലകിമ്മീരിതഃ;
പദ്യേന സ്വകൃതേന തേന കവിനാ ശ്രീഭാനുനാ യോജിതാ
വാഗ്ദേവീശ്രുതിപാരിജാതകുസുമസ്പർദ്ധാകരീ മഞ്ജരീ.

എന്ന പദ്യത്തിൽനിന്നു് അദ്ദേഹത്തിന്റെ പിതാവിന്റെ നാമ

Digitized By Kerala Sahitya Akademi

ധേയം ഗണേശ്വരൻ എന്നായിരുന്നു എന്നു നാം ധരിക്കുന്നു. രസതരംഗിണിയിൽ,

"യാവൽഭാനോസ്സുതാ കാപി കാളിന്ദീ ഭുവി വത്തതേ
താവത്തിഷ്ഠതു മേ ഭാനോരേഷാ രസതരംഗിണീ."

എന്നും കവി പ്രസ്താവിക്കുന്നു. ഗീതഗൗരീപതികാവ്യം ൧൦ സർഗ്ഗങ്ങളിൽ ൨൨ ഗീതങ്ങൾ (പ്രബന്ധങ്ങൾ) ആയി ഭാനുദത്തൻ രചിച്ചിരിക്കുന്നു. ഓരോ ഗീതവും ഓരോ അഷ്ടപദിതന്നെ. രാധാകൃഷ്ണന്മാരുടെ സ്ഥാനത്തിൽ ഈ കാവ്യത്തിലെ നായികാനായകന്മാർ പാർവ്വതീപരമേശ്വരന്മാരാണ്. ഭാനുദത്തൻ ജയദേവനെ എത്ര വിനയത്തോടുകൂടി അനുകരണം ചെയ്യുന്നു എന്നു കാണിക്കുവാൻ, ഗീതഗോവിന്ദത്തിലെന്നപോലെ മാളവരാഗത്തിൽ രൂപകതാളത്തിൽ നിബന്ധിച്ചിട്ടുള്ള ഒന്നാമത്തെ പ്രബന്ധം തന്നെ ഉദ്ധരിക്കാം.

"അന്തശ്ചാരിണി ദൈത്യകാരിണി സുധാസാരാധരാലങ്കാരിണി
ധ്യാനാരോഹിണി ധൈര്യധർഷിണി ഘനസ്തനക്ഷത്രമുദ്രാങ്കിനി
മായാകൃഷ്ണപൃഷ്ഠരോഹിണി സുരാധീശദ്രോഹിണി
ക്രീഡാകല്പിതവേഷധാരിണി പുരാ ... മജ്ജതു."

മാളവരാഗേണ രൂപകതാളേന ഗീയതേ:—

1. ഭ്രമസി ജഗതി സകലേ ... 
ഇവ ജനാശ്രയമേഷ ...;
പുരഹര കൃതമാരരോഷ ജയ ഭുവനാധിപതേ.

2. പ്രസ്ഫുരസി മധുമഥനം നീരദാവളിഷു
മരകതമണിമിവ ... തുലിതം;
പുരഹര കൃതജലധിശരീര ജയ ഭുവനാധിപതേ!

3. കലിതസിന്ധുലഹരീരുചിരരുചിജാലം
... മിമു വഹസി വിശാലം;
പുരഹര കൃതഹിമകരരൂപ ജയ.........

Digitized By Kerala Sahitya Akademi

4. ഘനതിമിരചയം ചിരമപഗതശങ്കം
ഹരസി ലഗ്നമിവ ജഗതീപങ്കം
പുരഹര കൃതദിനകരരൂപ ജയ ഭുവ..........

5. കലയസി ദേവകുലം ഹവിഷാ സാനന്ദം
ഘന ഇവ പയസാ ചാതകവൃന്ദം;
പുരഹര കൃതയജമാനശരീര ജയ ഭുവ..........

6. വഹസി ഗ്രഹനിവഹം പരിഹൃതതാപം
കരുണതരോരിവ കുസുമകലാപം;
പുരഹര കൃതഗഗനാകാര ജയ ഭുവ..........

7. കപടകോലദശനേ രചയസി സുവിലാസം
കന്ദുകമഗതമധുകരഭാസം;
പുരഹര കൃതധരണീകായ ജയ ഭുവ..........

8. വഹസി ശിഖാനിചയം ഹിമസംഘാതഹരം
പ്രേമതരോരിവ ശാഖാനികരം;
പുരഹര കൃതഹുതവഹദേഹ ജയ ഭുവ

9. ഭാനുമത്തരചിതം ശശിശേഖരഗീതം
ഭവതു ശ്രവണയുഗളപുടപീതം;
പുരഹര കൃതവസുമിതശരീര ജയ ഭുവനാധിപതേ."

അന്തശ്ചാരി=വായു; ശൈത്യകാരി=ജലം; സുധാധാരാപ്രമൽക്കാരി=ചന്ദ്രൻ; ധാരാതാപകർഷി=സൂര്യൻ; ഹവ്യവർഷി=യഷ്ടാവ്; നക്ഷത്രാദ്യോതി=ആകാശം; നാനാകല്പവൃക്ഷധാരി=ഭൂമി; നന്ദനമഖങ്ങളേയും (ഒടുവിൽ) ഭോഗിക്കുന്നതു്=അഗ്നി. ഇതാകുന്നു "യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാ" ഇത്യാദി ശാകുന്തളപദ്യത്തിൽ കാളിദാസൻ സൂചിപ്പിച്ചിട്ടുള്ള ശ്രീപരമേശ്വരന്റെ അഷ്ടമൂർത്തിഭേദങ്ങൾ. ഓരോ ചരണംകൊണ്ടു് ഓരോ ഭേദത്തെ വർണ്ണിച്ചു് അഷ്ടപദീരൂപം വരുത്തി ഒടുവിൽ കവിമുദ്രയോടുകൂടിയ ഒരു ചരണം അധികമായും ചേർത്തു രചിച്ചിട്ടുള്ള ഈ ഒന്നാമത്തെ പ്രബന്ധം, "പ്രളയപയോധി

Digitized By Kerala Sahitya Akademi

ജയ....ജയ ജഗദീശഹരേ.” എന്നാരംഭിക്കുന്ന ഗീതഗോവിന്ദപ്രബന്ധത്തിന്റെ ഒരു പ്രതിച്ഛായതന്നെയാകുന്നു. മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളെ വർണ്ണിക്കേണ്ടിവന്നതിനാൽ ജയദേവന്റെ പ്രബന്ധം പതിനൊന്നു ഖണ്ഡങ്ങൾകൊണ്ടേ അവസാനിക്കുന്നുള്ളു. പ്രത്യുത, ശ്രീപരമേശ്വരനെ അഷ്ടമൂർത്തിയായിമാത്രം വർണ്ണിക്കേണ്ട രാമഭദ്രന്നു് ഒൻപതു ഖണ്ഡങ്ങളിൽ തന്റെ പ്രബന്ധം സമാപിപ്പിക്കുവാൻ സാധിക്കുന്നു. രാമഭദ്രൻ ഒരു വലിയ കവിയും ആലങ്കാരികനാണെങ്കിലും അദ്ദേഹത്തിനു കവിതാധ്വാവിൽ വാഗ്ദേവിയുടെ പുരുഷാവതാരമായ ജയദേവന്റെ വളരെ പുറകിൽ മാത്രമേ നില്ക്കുവാൻ കഴിയുന്നുള്ളു എന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

കോഴിക്കോട്ടു മാനവേദരാജാവു ഗീതഗോവിന്ദകാരനെപ്പോലെ ഒരു കൃഷ്ണഭക്തനായിരുന്നു. ദശമസ്കന്ധത്തിലെ കഥ ആദ്യന്തം അനേകം പ്രബന്ധങ്ങളായി കവി കൃഷ്ണനാട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. അവതാരം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം ഇങ്ങനെ എട്ടുഭാഗങ്ങളായി പിരിച്ചിട്ടുള്ളതുകൊണ്ടു് ഈ കൃതിയെ കൃഷ്ണാഷ്ടകം എന്നും പറഞ്ഞുവരുന്നു. ഇത്തരത്തിൽ എട്ടുഭാഗങ്ങൾ വേണമെന്നുള്ള ആഗ്രഹം നിമിത്തമാണു് കൊട്ടാരക്കരത്തമ്പുരാനും രാമായണത്തെ പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം എന്നു് എട്ടു കഥകളായി വിഭജിച്ചു് എട്ടിനുംകൂടി മൊത്തത്തിൽ “രാമായണംകഥകളി” എന്നു പേരിട്ടതു്. കൃഷ്ണനാട്ടം മുഴുവൻ സംസ്കൃതമാണെന്നു പറഞ്ഞാൽ പോരാ, പല ഭാഗങ്ങളിലും കടുത്ത സംസ്കൃതമാണെന്നു കൂടി പറയണം. മാനവേദൻ ഒരു മഹാവൈയാകരണനായിരുന്നു. പൂർവ്വഭാരതചമ്പു രചിച്ചതു സ്വഗുരുവായ അനായത്തു കൃഷ്ണപ്പിഷാരടിയുടെ മുമ്പിൽ തന്റെ വ്യാകരണപ്രയോഗപാടവം പ്രദർശിപ്പിക്കുന്നതിനായിരുന്നു എന്നുപോലും ഐതിഹ്യമുണ്ടു്. കൃഷ്ണനാട്ടത്തിൽ ചമ്പുവിലെപ്പോലെ വ്യാകരണഭ്രമം കവി പ്രകടിപ്പിക്കുന്നില്ലെങ്കിലും അപൂർവ്വപദങ്ങളും മറ്റും പ്രയോഗിക്കുന്നതിൽ അദ്ദേഹം അതിലും ശ്രദ്ധാലുതന്നെ. അദ്ദേഹത്തിന്റെ ശബ്ദകോലാഹലം ഏതു സഹൃദയനേയും ആശ്ചര്യപരതന്ത്രനാക്കുവാൻ പര്യാപ്തമാണു്.

Digitized By Kerala Sahitya Akademi

താഴെ ഉദ്ധരിക്കുന്ന കാളിയമർദ്ദനത്തിലെ ചില ഭാഗങ്ങൾ പരിശോധിക്കുക: —

. കാംബോജരി—പഞ്ചാരി.

"കൃഷ്ണരാമ കൃഷ്ണരാമ കൃഷ്ണരാമ കൃഷ്ണരാമ
കൃഷ്ണരാമ തവ തു നടനമധികമോഹനം. (കൃഷ്ണ)
പാദകടകകലിതകനക-പാദകടകനിനദവലയ-
വാദകമനപാണികമല-താളമോഹനം (കൃഷ്ണ)
ചാരുനിഹിതചരണനളിന-താളസദൃശമഖിലവിബുധ-
ജാലമധികകൗതുകമകൃത-വാദ്യവാദനം. (കൃഷ്ണ)

*            *            *            *

ഭ്രാന്തബന്ധഗളിതലളിത-കുന്തളാന്തലസിതചലിത-
പിഞ്ഛകാന്തമധികതരള-മകരകുണ്ഡലം (കൃഷ്ണ)
ശങ്കരാദിഘുസൃണതിലക-കമ്രഫാലനിടിലവിലയ-
ഘർമ്മവാരിമിളിതലളിത-നിർമ്മലാളകം (കൃഷ്ണ)
കുഞ്ജകദനകുമുദവദന-മഞ്ജുവിസ്മയോന്മിഷിത-
കുന്ദസദൃശമന്ദഹസിത-കന്ദലാളിതം (കൃഷ്ണ)
തരളതരളധന്യഹാര-മിളനവലിതചാരുദാമ-
വഹനസുഭഗമന്യമാന-ബാഹുപീഠകം (കൃഷ്ണ)
സ്ഥാനചലിതകമനകനക-സാരസനകനിനദരുചിര-
സാരകപിശവസനമുടിത-കിങ്കിണീരണം (കൃഷ്ണ)" ഇത്യാദി.

നാരായണീയത്തിലെന്നപോലെ കവി ഭഗവാനെ അഭിസംബോധനം ചെയ്തുകൊണ്ടാണ് ഗ്രന്ഥം ആമൂലാഗ്രം രചിച്ചിരിക്കുന്നതു്.

"ലക്ഷ്മീനാഥ പുരാ സുരാസുരമൃധേ ഹത്വാ കാലനേമ്യാദയഃ
സംപ്ലുഷ്യാ അപി ശിഷ്ടകർമ്മബലതോ ദൈത്യാ ന മുക്തിം—
(ഗതാഃ;
തേഷാം ഭൂരിതരേണ ഭക്തലജ്ജുഷാം സാ ഭുക്തധാത്രീ വ്യഥാ-
പാത്രീ ചേ ധസമേത്യ വേഗത ഇതി പ്രോവാച ദേവാവൃതം."

Digitized By Kerala Sahitya Akademi

എന്ന ശ്ലോകംകൊണ്ടാണല്ലോ ആദ്യത്തെ കഥതന്നെ ആരംഭിക്കുന്നതു്. മേല്പത്തൂർ ഭട്ടതിരിയേയും സുകുമാരകവിയേയും രാജാവു പല പ്രകാരത്തിലും ഉപജീവിച്ചിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണു്. കൃഷ്ണനാട്ടത്തിൽ ദണ്ഡകവും ഇടകലർത്തീട്ടുണ്ടു്.

കൊട്ടാരക്കരത്തമ്പുരാനു മനോധർമരാജാവിന്റെ വ്യുൽപത്തിയാകട്ടെ, വാസനയാകട്ടെ, ഉണ്ടായിരുന്നില്ല. വിച്ഛിന്നാഭിഷേകത്തിലെ "ജയ ജയ രാമ സന്തതം" എന്നും രാമരാവണയുദ്ധത്തിലെ "കലയ സദാ രഘുനായകം" എന്നുമുള്ള പദങ്ങൾ വായിച്ചാൽ അദ്ദേഹത്തിനു സംസ്കൃതകാവ്യരചനയിലിരുന്ന ഒന്നുകൂടി സ്വാധീനമെന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. "പാരം വൈകാന്തമാമുപായമമിഹ നയതീതി ച മന്യേ" എന്ന ഘട്ടത്തിൽ ഭോജചമ്പുവിന്റെയും "സഹജ, സൗമിത്രേ, മിഹിരനെങ്ങനാ ദഹനാശ്ശിയാൽ ഗഗനേ കാണുന്നു" എന്ന ഘട്ടത്തിൽ പ്രസന്നരാഘവത്തെയും ഉപജീവിക്കുന്ന കവി തീരെ അവ്യുൽപന്നനാണെന്നും വിചാരിച്ചുകൂടാ. ഏതായാലും അദ്ദേഹത്തിന്റെ ഭാഷാകവിത—ശ്ലോകങ്ങളും പദങ്ങളും—പ്രായേണ അത്യന്തം അസമഞ്ജസമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഒരു ദൃശ്യകാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്ന നിലയിൽ അദ്ദേഹത്തിനു മെച്ചമുണ്ടു്; ആ പ്രസ്ഥാനം മുഴുവൻ സംസ്കൃതമയമാക്കുവാൻ സാധിക്കാതെ വന്നതിനു കാരണമായ അദ്ദേഹത്തിന്റെ അപാണ്ഡിത്യം ഭാഷാസാഹിത്യത്തിനു് ഒരു അനുഗ്രഹമായി പരിണമിച്ചു എന്നോർത്തു നമുക്കു് ആനന്ദിക്കാം.

## 1. സേതുബന്ധനം.

സേതുബന്ധനം കഥയുടെ അവസാനത്തിൽ, അച്ചടിച്ച പുസ്തകത്തിൽ കാണുന്നതു്.

"ഏവം പറഞ്ഞു യുവഭൂമിപനന്ദനൻ താൻ
താൻ കൌണപാൻ പരിചിനോടു നിഹത്യ വേഗാൽ
രാമാന്തികം സ ച സമേത്യ ജഗാദ വൃത്തം;
രാമാജ്ഞയാ നിജപദഞ്ച സമേത്യ തസ്ഥൌ."

Digitized By Kerala Sahitya Akademi

എന്ന ശ്ലോകമാണു്. ഈ ശ്ലോകംകൊണ്ടു കവിയുടെ വിവക്ഷ നിറവേറുന്നുണ്ടെങ്കിലും ഇതിലെ ആശയം ചൊല്ലിയാട്ടുന്നതിനായി ഒരു പദംകൂടി കവി രചിച്ചിട്ടുണ്ടു്. അച്ചടിച്ചു കണ്ടിട്ടില്ലാത്ത ആ പദം താഴെ ഉദ്ധരിക്കുന്നു.

പുറനീര—ചെമ്പട.

അംഗദൻ:— പങ്കജലോചന! പാവനസുചരിത!
പാദപങ്കജം തവ പരിചോടേ വണങ്ങുന്നേൻ.
പുണ്യപുരുഷ ദശകണ്ഠനാം നിശാചരൻ
ദണ്ഡ്യനെന്നറിയണം നീതിജ്ഞനല്ല തെല്ലും.
താവകനിയോഗം ഞാനാവോളമുരചെയ്തു;
ഭാവഭേദങ്ങളതുകൊണ്ടവനുണ്ടായില്ല.
നീതിവചനംകൊണ്ടു സീതയെ നല്കുകയില്ല;
ചെയ്തിടേണമധുനാ സംഗരം തന്നെ നൂനം.

ശ്രീരാമൻ:— അക്ഷമകനിന്നിയാഹവത്തിൽ തന്നെ-
യാവോളം വൈകിടാതെയാരംഭിക്കണമല്ലോ.
ദക്ഷനാം ഭവാൻ ചെന്നു ദക്ഷിണദ്വാരംതന്നിൽ
രാക്ഷസവീരന്മാരോടെതിർത്തു വസിച്ചാലും.

“ജഗാദ വൃത്തം” എന്ന ഭാഗത്തിലെ വൃത്തമെന്തെന്നും “രാമാജ്ഞയാ” എന്ന ഭാഗത്തിലെ ആജ്ഞ എന്തെന്നും ഈ പദത്തിൽനിന്നത്രേ വിശദമാകുന്നതു്. “കൗണപാധമനുടെമൊഴികേട്ടിഹ നീ വരിക; അക്ഷണം പിന്നെ നീയും ദക്ഷിണഗോപുരത്തിൽ രാക്ഷസർ മഹോദരമഹാപാർശ്വരോടെതിർക്ക” എന്നു് അതിനു മുൻപുതന്നെ രാമാജ്ഞയുണ്ടെങ്കിലും അതുതന്നെയാണു് ഭൃത്യഫലനിവേദനാനന്തരവും ശ്രീരാമന്റെ നിർദ്ദേശമെന്നു് ഈ പദത്തിൽനിന്നു വെളിവാകുന്നു.

## 2. കാലകേയവധം.

അടുത്തതായി കോട്ടയത്തു തമ്പുരാന്റെ കാലകേയവധം കഥകളി പരിശോധിക്കാം. “ഇനിയും ക്ഷമിക്കയെന്നതിഭേദവും ഭോ നെങ്കിൽ കനിവോടേ കേൾക്ക മേലിൽ കാര്യഗതിനമുക്കു”

എന്ന ബകവധത്തിലെ അൎജ്ജുനന്റെ വാക്യം അറമാണെന്നും, ആ അറം കവിക്കു പററി എന്നും, അദ്ദേഹം തന്നെയാണു് ക്രി. പി 1792 മുതൽ 1803 വരെ ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരോടു പൊരുതിയ പഴശ്ശിരാജാവെന്നും ചിലർ പറയാറുണ്ടു്. തിരുവിതാംകൂർ കാൎത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലെ രാജ്യഭാരകാലത്തിന്റെ അവസാനത്തിലാണു് കോട്ടയത്തുരാജാവു് ജീവിച്ചിരുന്നതെന്നു വാദിക്കുകയാണെങ്കിൽ അതിനു മുമ്പായിരുന്ന അശ്വതിതിരുനാൾ തിരുമേനിയുടേയും മററും കാലം എന്നു സമ്മതിക്കേണ്ടിവരും. അതു് അത്യന്തം അനുപപന്നമാണു്. എന്നു തന്നെയുമല്ല കൊല്ലം 950-ാമാണ്ടിനു മുൻപു രചിച്ച "പാഞ്ചാലീമഥനം" (അപ്രകാശിതം) എന്ന ആട്ടക്കഥയിൽ ഓരോ പദത്തിനും മട്ടുകൾ കൊടുത്തിട്ടുള്ള കൂട്ടത്തിൽ ഒരു പദത്തിന്റെ മുകളിൽ "മാതലേ, നിശമയ മാമകവചനം എന്ന ററിം" എന്നെഴുതിക്കാണുന്നു. ററിം എന്നാൽ വൎണ്ണം (ഇവിടെ മട്ടു്) എന്നൎത്ഥം. അതുകൂടി നോക്കുമ്പോൾ സാരസ്യത്തിന്റെ ന്യൂനതനിമിത്തം വിദഗ്ദ്ധജനങ്ങൾക്കു് അതുവരെ അനാദരണീയമായി ഭവിച്ചിരുന്ന കഥകളിപ്രസ്ഥാനത്തിന്റെ ജീവാതുവായി ജീവിച്ചതു കോട്ടയത്തുതമ്പുരാനാണെന്നും അദ്ദേഹം രാമായണം കിളിപ്പാട്ടിന്റെ നിൎമ്മാതാവായ വഞ്ചികേരളവൎമ്മതമ്പുരാന്റെ അനുജനോ അനന്തരവനോ ആണെന്നു പറയുന്നതു് അനാസ്പദമാണെങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലം ഒൻപതാംശതകത്തിന്റെ ഒടുവിലായിരുന്നു എന്നു് അനുമാനിക്കുന്നതിൽ അസാംഗത്യമില്ലെന്നും എനിക്കു് ഉപപാദിക്കുവാൻ കഴിയും. അച്ചടിച്ചിട്ടുള്ള കാലകേയവധത്തിന്റെ ആരംഭത്തിൽ താഴെ കാണുന്ന ശ്ലോകങ്ങളും പദവും കാണുന്നില്ല.

ഭൈരവി—ചെമ്പട.

ശ്ലോകം.

"കാന്താജനൈസ്സഹ നിശാന്തമദാന്ധഭൃംഗാ-
ഝങ്കാരപൂരിതസുവൎണ്ണലതാനികാന്തേ
സന്താനപല്ലവസുമാവലികേളിതല്പേ
സന്തോഷിതസ്സുരപതിഃ സ ജു ജാന രേമേ.

Digitized By Kerala Sahitya Akademi

പദം.

സ്വർല്ലോകാധിപതി ശചീവല്ലഭനമലൻ
ഉല്ലാസയുതമാനസൻ മല്ലവിലോചനൻ
കല്യമതി സുരജനതല്ലജനമലൻ
മല്ലികാശരോപമാനൻ കല്യാണനിലയൻ
ബന്ധുരതരാംഗിമാരാം പന്തണിമുലമാർക-
ന്നന്തരംഗവാസൻ മദസിന്ധുരഗമനൻ
ശത്രുജനങ്ങളെയെല്ലാം ചീർത്ത രണമതിൽ
മിത്രപുത്രാലയേ ചേർത്തിട്ടുത്രയുമുദാരൻ
പന്നഗശയനകൃപാധന്യനരകീർത്ത്യാ
ഉന്നതമധുരാപുരിതന്നിൽ വാണീടിനാൻ *

ശ്ലോകം.

തനയോऽഥ തസ്യ വിനയോജ്ജ്വലോ വശീ
സമവാപ്യ പാശുപതമസ്ത്രമീശ്വരാൽ
മഹിതൈർമ്മഹർഷിഭിരഭിഷ്ടുതോऽജ്ജ്വല-
സ്ഥഹിനാചലേ സഹസാനികാനനിൽ."

ഈ ഭാഗം കഴിഞ്ഞിട്ടാണ്, "ലബ്ധ്വാസ്ത്രമീശാദവിഷഹ്യം വിദി തൌ" എന്ന ശ്ലോകം ചില ഏട്ടുകളിൽ പകർത്തിക്കാണുന്നതു്. കോട്ടയം കഥകളികൾ സാധാരണമായി ശ്ലോകപദങ്ങൾകൊണ്ടു് ആരംഭിക്കുന്നവയല്ലെന്നും അതുകൊണ്ടു് "കാന്താരഗതേസ്സഹ" ഇത്യാദി ശ്ലോകവും പദവും മഹാകവിയുടെ കൃതിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നുവെന്നും, ഞാൻ തലശ്ശേരി ഭാഷാപോഷിണീപരിഷദ്യോഗത്തിൽ ഏതദ്വിഷയകമായിച്ചെയ്ത പ്രസംഗത്തെ വിമർശിക്കുന്ന ഒരു ലേഖനത്തിൽ കാണുകയുണ്ടായി. "കാന്താരഗതേസ്സഹ" ഇത്യാദി ശ്ലോകവും പദവും ഞാൻ ഒരു താളിയോലഗ്രന്ഥത്തിലേ കണ്ടിട്ടുള്ളൂ എങ്കിലും "തനയോഽഥ തസ്യവിനയോജ്ജ്വലോ" ഇത്യാദി ശ്ലോകം അതിലധികം ഗ്രന്ഥങ്ങളിൽ കണ്ടിട്ടുണ്ടെന്നും 'തസ്യ' എന്ന പദത്തിനു് അതിനുമുമ്പുള്ള ശ്ലോകവും പദവുമില്ലെങ്കിൽ അർത്ഥം വ്യക്തമാകുകയില്ലെന്നും അതിനാൽ ഈ രണ്ടു ശ്ലോകങ്ങളും പദവും കോട്ടയത്തുതമ്പു

* ഈ പദം അച്ചടിച്ച പുസ്തകത്തിൽ സ്വല്പം ഭേദഗതിയോടുകൂടി രാവണോത്സവത്തിലെ ദേവേന്ദ്രന്റെ പുറപ്പാടായി ചേർത്തുകാണുന്നു.

Digitized By Kerala Sahitya Akademi

രാൻ രചിച്ചതായി വിചാരിക്കേണ്ടിയിരിക്കുന്നു എന്നുമാണ് എനിക്ക് അതിനു സമാധാനമായി പറയാനുള്ളത്. ഉപരിഗവേഷണം ആവശ്യമുള്ള ഒരു വിഷയമാണിത്. ഏതായാലും ‘ഹതാനഥ’ ഇത്യാദി പദ്യം കോട്ടയത്തു തമ്പുരാന്റേതാണെന്നുള്ളതു നിസ്തർക്കം തന്നെ.

കാലകേയവധത്തിന്റെ അവസാനമായി അച്ചടിപ്പിച്ചിട്ടുള്ള പാഠത്തിൽ വളരെ കുഴപ്പമുണ്ട്. പന്തുവരാളി ചെമ്പടയിലുള്ള ഒടുവിലത്തെ പദം “മാനഹാനിയല്ലോ വാനരത്തെച്ചെന്നാശ്രയിച്ചതു നിശ്ചയം ഖലു തേ” എന്ന കാലകേയന്റെ വാക്യത്തോടുകൂടി ഗ്രന്ഥകാരൻ അത്രയും എഴുതിക്കഴിഞ്ഞപ്പോൾ അശക്തനായി എന്നു സങ്കല്പിച്ചാലല്ലാതെ, അവസാനത്തിലെ ഗ്രന്ഥനാശത്തിന് ഉപപത്തി കണ്ടുപിടിക്കുവാൻ പ്രയാസമുണ്ട്. “ഹേ ദൈത്യേന്ദ്ര! പോരിനായേഹി” എന്നു പല്ലവി ആവർത്തിക്കാതിരിക്കുന്നതും വിചിത്രമായിരിക്കുന്നു. ചില താളിയോലഗ്രന്ഥങ്ങളിൽ കാണുന്ന പാഠമാണ് താഴെ ചേർക്കുന്നത്.

പന്തുവരാളി—മുറിയടന്ത.

ശ്ലോകം.

“ഹതാനഥാകർണ്യ ഭടാൻ സ്വപക്ഷീയാൻ
ധൃതായുധോഽസാവപി കാലകേയഃ
ഘനായസദ്യോഽഭിജഗാമ പാർത്ഥം
തൃണായ മത്വാഭിഭവേ സ ചൈവം.

പദം.

കാലകേയൻ:—കണ്ടുകൊൾക മമ ബാഹുപരാക്രമം;
മണ്ടിടൊല്ല പോരിൽ നീ.
മാനുഷാധമ, മറന്നുപോയിതോ നീ
മുന്നമെന്നോടു തോറ്റതാജിതന്നിൽ?
മാനഹാനിയല്ലോ വാനരത്തെച്ചെ-
ന്നാശ്രയിച്ചതു നിശ്ചയം ഖലു തേ. (കണ്ടു.)
ദൃഷ്ടിഗോചരനായ് വന്ന നീയുമിന്നു
ദിഷ്ടബലമിതു ദുഷ്ടനരാധമ.

Digitized By Kerala Sahitya Akademi

വാട്ടമററ ശരവൃഷ്ടികൊണ്ടു യുധി
നഷ്ടനായിവരുമെട്ടുമേ വൈകാതെ. (കണ്ടു)

വിജയൻ:— മായകൊണ്ടു മറഞ്ഞെന്നെ മോഹിപ്പിച്ചു-
രുചിരമല്ലിതു ദിതിജപുംഗവ രേ;
ന്യായമാകുന്നതുമിങ്ങുനിന്നെടോ
സമരമൻപൊടു ചെയ്ക നാം വിരവോടെ. (കണ്ടു)

കാലകേയൻ:—

സംഗരത്തിനായ്‌വന്ന നീയുമിന്നു
സായകങ്ങൾ തടുക്ക സമ്പ്രതി മേ;
തുംഗവീര കുരുപുംഗവാശു തവ
ശമനമന്ദിരഗമനമിന്നു ഭവിക്കും. (കണ്ടു)

വിജയൻ:— ദാനവാടവി ദഹിപ്പതിന്നു വേ-
ദഹനസന്നിഭനഹമരേ ഹി ദുരാത്മൻ!
മാനമോടു സമരത്തിൽ നിന്നൊരപ്പോഴെ
മായകൊണ്ടു മറഞ്ഞുപോകയുമില്ല. (കണ്ടു)

കാലകേയൻ:—വീരന്മാരിങ്കലമർ ചെയ്യുതിന്നിടയിൽ
വചനമെന്തിനായതു രേ?
വീരവാദം പറഞ്ഞിട്ടുകൊണ്ടയി
വിജയമൻപൊടു വരികയില്ലവനും നൂനം. (കണ്ടു)

ദേവഗാന്ധാരം—ചെമ്പട.

ശ്ലോകം.

ഹത്വാ യുദ്ധേ കാലകേയം സസൈന്യം
പ്രാപ്തും പാർശ്വം പാകശാസ്തുഃ പ്രസൂതം
ബദ്ധശ്രദ്ധം ഗാഢമാശ്ലിഷ്യ ദോർഭ്യാം
പ്രീത്യാ പ്രോചേ പാണ്ഡുസൂനും സ നന്ദീ.

പദം.

നന്ദി:—

അമിതപരാക്രമ, സുമതേ, പുണ്യാശയ, ഭൂമിപതേ,
സ്വാമിസമീപേ തരസാ യാമി; ശുഭം ഭവതു തവ.

Digitized By Kerala Sahitya Akademi

വിജയൻ:—

ദൈന്യംകൂടാതെ ഞാൻ ദൈത്യരെ വെന്നു സഹസാ
നിന്നുടെ കൈകയൂക്കാലേയെന്നതിനാലധികം
ധന്യോഹം തവ കൃപയാ; മാന്യ പിതോ കിം ബഹുനാ
ഖിന്നത വന്നീടായ്വതിനെന്നെയനുഗ്രഹിക്കേണം.

നന്ദി:—ഭുവനത്തിൽ കീർത്തിയും ഭൂതിയും ലഭിക്കു ചിരം
വിജയ സഖേ, വീര, ഹേ, നിജസഹോദരവരവശനായ്.

ഭൂപാളം—ത്രിപുട.

ശ്ലോകം.

ആമന്ത്ര്യ യാതേ പാകശാസനേ
ധാമ പ്രപദ്യാഹ പിതുഃ കരുണയാ
ജയതി ജീവേതി സുരൈരഭിഷ്ടുതോ
ജഗാദ വാചം പ്രണതോടിജ്ജനോ ഹരിം.

പദം

വിജയൻ:—

അമരപുംഗവ, സുരവിരോധിനിവാതകവചാദികളെയൊക്കെയും
സമരഭൂമിയിൽ യമപുരത്തിലയച്ചു ഞാൻ തവ കരുണയാ
(ശൃണു വചോമമ)
കാലകേയമുഖാസുരാനപി കാലലോകാതിഥികളാക്കി ഞാൻ
ബാലചന്ദ്രശേഖരകിങ്കരന്മാരുടെ ബലവിലാസം സഹസാ.
(ശൃണു)

ഇന്ദ്രൻ:—

സ്വസ്തി ഭവതു തവാദ്യ വയമപി ചിന്താശോകവിഹീനരായ്;
പുത്ര നീ കതിചിദ്ദിനാനി വസിച്ചുപോക യഥാസുഖം.
(ശൃണുവചോമമ)

ശ്ലോകം.

മാതലിതോടരവരേണ പാണ്ഡവഃ
കാനനത്തിൽ ഖലു ദിനാനി തത്പുരേ
ശ്രീനിവാസചരണാംബുജം സ്മരൻ
മാനിതാനപി വസന്നരനം സുഖം.

Digitized By Kerala Sahitya Akademi

ഈ ശ്ലോകങ്ങളും പദങ്ങളും കോട്ടയത്തു തമ്പുരാൻ നിബന്ധിച്ചതാകാൻ എളുപ്പമുണ്ടെന്നു ഭാവുകന്മാൎക്കു കാണാവുന്നതാണു്. ഈ ഭാഗം കൂടി ചേൎന്നാലല്ലാതെ കാലകേയവധം കഥകളിക്കു് ആ പേർ യോജിക്കുന്നതുമല്ല. ഇതു കണ്ടുപിടിച്ചു് ആദ്യമായി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചതിൽ ഞാൻ ചരിതാൎത്ഥനായിരിക്കുന്നു.

## 3. കംസവധം.

കംസവധം കഥകളിയുടെ കൎത്താവു് കിളിമാനൂർ രവിവൎമ്മകോയിത്തമ്പുരാനാണെന്നുള്ളതിനു് ഇതുവരെ ഐതിഹ്യം മാത്രമേ ഒരവലംബമായിരുന്നുള്ളു. എന്നാൽ ഒരു താളിയോലഗ്രന്ഥത്തിൽ എനിക്കു താഴെ ചേൎക്കുന്ന അപ്രകാശിതങ്ങളായ ശ്ലോകങ്ങൾ കാണ്മാൻ ഇടവന്നിട്ടുള്ളതും അതിൽനിന്നു് ഈ ഗ്രന്ഥത്തിന്റെ പ്രണേതാവു് അദ്ദേഹംതന്നെയാണെന്നു ന്യായമായി തീൎച്ചപ്പെടുത്താവുന്നതുമാകുന്നു. ആദ്യമായി "സുരചന്ദനത, ജയ പുരഹരതനയ, ഭക്തജനാധിപാൎത്ഥദായിൻ; നിസ്തുലഗുണഗണ, നിരുപമചരിത," എന്നു ഗണപതിയേയും തദനന്തരം സരസ്വതിയേയും ഓരോ പദംകൊണ്ടു വന്ദിച്ചതിനു ശേഷം കവി കൊടുങ്ങല്ലൂർ ഭദ്രകാളിയേയും കുലദൈവമായ അയ്യപ്പൻകാവിൽ ശാസ്താവിനെയും ശ്രീകൃഷ്ണാഭിധാനനായ ഗുരുവിനെയും താഴെ കാണുന്ന പദ്യങ്ങളിൽ സ്തുതിക്കുന്നു.

"ദേവീം കൃപാണവരഖേടശരാസിശൂല-
രാജൽകരാം കനകഭൂഷണഭൂഷിതാംഗീം
ഭദ്രാഖ്യ ഭദ്രനിടിലേക്ഷണജാം ത്രിണേത്രാം
വന്ദേ കുരുംബനിലയാം പരദേവതാം താം.

അശ്വാരൂഢസ്സുരഗം മഹാന്തമനഘൈഃ കോദണ്ഡബാണോജ്ജ്വലൽ-
പാണിഃ കിങ്കരദാമരാജിതകരൈൎഭൂതൈൎവൃതസ്സായുധൈഃ
നാനാരത്നവിഭൂഷണോജ്ജ്വലതനുശ്രീനാഥകമ്പീഡപീഷദം
ശാസ്താ ഖേടമതശ്ചിരം വേങ്ങനല്ലൂരാസ്ഥാ വിഭ്രതൈ്യ പരം.

Digitized By Kerala Sahitya Akademi

വേദാന്തചിന്താവിജൃംഭിതതത്ത്വബോധം
മേധാവതാം വരമധീതസമസ്തശാസ്ത്രം
ശ്രീദേവവഞ്ചിമകലാം കരുണാർദ്രചിത്താം
ശ്രീരാമകൃഷ്ണഗുരുനാഥമഹം സ്മരാമി."

അശ്വതിതിരുനാൾ തിരുമേനിയുടെ പിതാവായ പ്രസ്തുത കവി മുകുന്ദശർമ്മാ ഗുരുകീർത്തനങ്ങളിൽ അത്യന്തം ഔത്സുക്യവാനാണെന്നു ഗ്രന്ഥാന്തത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കഥകളിക്ക് അദ്ദേഹം നാടകമെന്നാണ് പേർ കല്പിച്ചിരിക്കുന്നതെന്ന് "കാവ്യ നാടകമപ്യസ്യ സാധു കാവ്യസ്യ ബോധകം" എന്ന ശ്ലോകാംശത്തിൽനിന്നു വ്യക്തമാകുന്നു. കോയിത്തമ്പുരാൻ ഈ ഗ്രന്ഥം രചിച്ചതു മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സിലെ കാലത്തിൽ—അതായതു കൊല്ലം 933-നു മുമ്പ്—ആകുവാൻ ന്യായമുണ്ട്. കിരാതരുദ്രനെയും ശാസ്താവിനെയും വന്ദിക്കാതെ കിളിമാനൂർ കോയിത്തമ്പുരാക്കന്മാർ സാധാരണയായി ഒരു കൃതിയും രചിച്ചു കണ്ടിട്ടില്ല. കൊല്ലം 1036-ൽ നാടുനീങ്ങിയ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ ആശ്രിതന്മാരിൽ ഒരാളായിരുന്ന കിളിമാനൂർ ഗോദവർമ്മകോയിത്തമ്പുരാൻ, അപ്രകാശിതമായ മൃത്യുഞ്ജയമോക്ഷം ആട്ടക്കഥയിൽ,

"ഇന്ദ്രോപലാസിതമനോഹരകേശപാശ-
മൗല്യന്തരാളിലസദിന്ദുവിരാജമാനം
ഇന്ദ്രാദിദേവമകുടപ്രസവാവലീഭി-
രാസ്പൃഷ്ടപാദം ശബരരുദ്രമഹം നമാമി.

ശ്രീഭൂതനാഥമരവിന്ദദളായതാക്ഷം
കീരാഖ്യസത്മ * നിലയം സുരസേവ്യമാനം
ശ്രീശർവ്വനന്ദനമഹം ജഗദേകനാഥം
വന്ദേ സദാ ഗുണനിധിം കുലദൈവതം നഃ."

എന്ന്, തന്റെ ബന്ധുവും സമകാലികനുമായ മഹാകവി കവീന്ദ്രൻ കോയിത്തമ്പുരാൻ രാവണവിജയത്തിൽ,

---

* കീരാഖ്യസത്മം=കിളിമാനൂർ. ഗോദവർമ്മകോയിത്തമ്പുരാനെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അവിടത്തെ [illegible]സ്മരണകം എന്ന സുപ്രസിദ്ധമായ ഉപന്യാസത്തിൽ സ്മരിച്ചിട്ടുണ്ട്.



Digitized By Kerala Sahitya Akademi

"ശംബരവൈരിതനൗ ശശാങ്കചൂഡേ
മുരമഥനേ കമലാസനേപി ഭൂതനാഥേ,
ഹരിഹരിണപുരാലയേഷു നിത്യം
വിഹരതു മാനസമേഷു മാമകീനം."

എന്നപോലെ, വന്ദിച്ചിരിക്കുന്നതു നോക്കുക. ൯൯൫-ൽ ജനിച്ച രാജ രാജവർമ്മക്കോയിത്തമ്പുരാന്റെ ദാരുകോദ്ഭവം ആട്ടക്കഥയിലും

"കനകരുചിരഭാസം കാളമേഘാവഭാസം
ശ്രുതമൃഗമദവാസം സുന്ദരഭ്രൂവിലാസം
അമൃതമൃദുലഹാസം ചന്ദ്രചൂഡാവതംസം
ജഗതി സുജനദാസം ഭൂതനാഥം സുഹാസം"

എന്നൊരു ശ്ലോകമുണ്ടു്. ഇത്തരത്തിലുള്ള വന്ദനശ്ലോകങ്ങൾ രാജ രാജവർമ്മ കൊച്ചുകോയിത്തമ്പുരാന്റെ രാസക്രീഡയിലും കാണാവുന്നതാണു്.

## 4. ഗീതരാമം.

'രാമപാണിവാദൻ' എന്ന കേരളീയമഹാകവിയെപ്പററി ഒരു കാലത്തു് എനിക്കു കിട്ടിയേടത്തോളമുള്ള അറിവുകൾ വെച്ചുകൊണ്ടു് ഒരു ഉപന്യാസം ഞാൻ എന്റെ വിജ്ഞാനദീപിക ഒന്നാംഭാഗത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാഗവതചമ്പു, ഗീതരാമം എന്നു് ക്യൂററരാപ്പീസുകാർ പേരിട്ടിട്ടുള്ള ഒരു നൃത്യപ്രബന്ധം, എന്നീ രണ്ടു ഗ്രന്ഥങ്ങൾകൂടി അംബരനദീശസ്തോത്രത്തിനു പുറമേ എനിക്കു് ഇപ്പോൾ ലഭിച്ചിട്ടുണ്ടു്. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ രണ്ടും അംബരനദീശവിഷ്ണുസ്തോത്രത്തിലുള്ളതാണു്.

"ഭൂതേഷു സർവ്വേഷ്വപി നിർവിശേഷം
ഭൂയസ്തരാമാഹിതകാരുണീകം
ഭൂദേവതാമംബരവാഹിനീശം
ശ്രീദേവനാരായണമാശ്രയാമഃ."

"ശ്രീനാരായണഭട്ടപാദരജസഃ കാരുണ്യവാരാന്നിധേ-
ർല്ലബ്ധ്വാ ചേടിതിശ്ശുഭൈർമ്മുരരിപുസ്തോത്രാക്ഷരൈർമ്മൌ-

(ക്തികൈ

Digitized By Kerala Sahitya Akademi

<u>രാമേണ</u> ഗ്രഥിതാമിമാമവിരതം യഃ ശ്ലോകസാരസ്രജം
കണ്ഠേ ലംബയതി; പ്രയാസ്യതി കൃതീ മർത്ത്യസ്സവിഷ്ണോഃ പദം.”

രണ്ടാമത്തെ പദ്യത്തിൽനിന്നു ശ്രീനാരായണഭട്ടപാദരുടെ ശിഷ്യനായ രാമനാണു് ഈ ഗ്രന്ഥത്തിന്റെ പ്രണേതാവെന്നും ആദ്യത്തെ പദ്യത്തിൽനിന്നു് ഈ സ്തോത്രം രചിച്ചതു ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി കവി അമ്പലപ്പുഴ താമസിക്കുമ്പോഴാണെന്നും വ്യക്തമാകുന്നു.

രുഗ്മാംഗദചരിതം അല്ലെങ്കിൽ ഏകാദശീമാഹാത്മ്യം എന്ന പ്രസിദ്ധമായ കിളിപ്പാട്ടു കുഞ്ചൻനമ്പിയാരുടെ അനുജൻ <u>കലക്കത്തു</u> ദാമോദരൻനമ്പിയാരുടെ കൃതിയെന്നാകുന്നു <u>ഗോവിന്ദപ്പിള്ള</u> സർവ്വാധികാര്യക്കാർ പ്രസ്താവിക്കുന്നതു്. അതു തെറ്റാണെന്നും ആ കൃതിയും രാമപാണിവാദന്റേതാണെന്നുമുള്ളതിനു് എനിക്കു മതിയായ തെളിവു കിട്ടീട്ടുണ്ടു്.

“<u>രാമേണ പാണിവാദേന</u> മംഗലഗ്രാമവാസിനാ
രുക്മാംഗദസ്യ ചരിതം രചിതം ഗീതബന്ധനം.”

എന്നൊരു ശ്ലോകം പ്രസ്തുതപ്രബന്ധത്തിന്റെ അവസാനത്തിൽ പലതാളിയോലഗ്രന്ഥങ്ങളിലും കാണുന്നു. ഈ ശ്ലോകം ഈയിടയ്ക്കു ചിറയ്ക്കൽ കോവിലകംവക ഗ്രന്ഥപ്പുര പരിശോധിച്ചപ്പോൾ അവിടത്തെ ഗ്രന്ഥത്തിലും എനിക്കു കാണുവാൻ ഇടവന്നു. പഞ്ചതന്ത്രം കിളിപ്പാട്ടു് രാമപാണിവാദൻ അമ്പലപ്പുഴവച്ചാണു് നിർമ്മിച്ചതെന്നുള്ളതിനു്,

“ശ്രീമദംബരവാഹിന്യാം ധാമനി സ്ഫുടമുല്ലസൻ
ശ്രീവാസുദേവോ ഭഗവാൻ ശ്രേയസേ ഭോഭവീതു നഃ.”

എന്നു് ആ ഗ്രന്ഥത്തിന്റെ ഒടുവിലായി ചില ഏടുകളിൽ കാണുന്ന പദ്യം സാക്ഷി നില്ക്കുന്നു.

ശ്രീമാൻ കാഞ്ഞിരമ്പാറ രാമുണ്ണിനായർ ഈയിടയ്ക്കു പ്രസിദ്ധപ്പെടുത്തിയ ശ്രീപാർവ്വതീസ്വയംവരം പാനയുടെ മുഖ

Digitized By Kerala Sahitya Akademi

വുരത്തിൽ ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യത്തിന്റെ ഒരു തച്ചിയോലപ്രതിയിൽ പ്രഥമസർഗ്ഗാവസാനത്തിൽ,

"രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽസർഗ്ഗഃ സമാപിതഃ"

എന്നും, ഗ്രന്ഥാന്തത്തിൽ

"ശ്രീമന്മഹീസുരകവോത്തമശിഷ്യഭാവാൽ
സംസിദ്ധസർവ്വപുരുഷാർത്ഥ (കൃതാർത്ഥ) രചിതാഃ
നിശ്ശേഷഭൂമിസുരപാദസരോജസേവീ
ഭാഷാപ്രബന്ധമകരോദിഹ പാണിവാദഃ."

എന്നും രണ്ടു പദ്യങ്ങൾ കാണുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നു. ഇതിൽനിന്നു കുഞ്ചൻനമ്പിയാരുടേതെന്നു വച്ചിട്ടുള്ള ശ്രീകൃഷ്ണചരിതം മണിപ്രവാളവും രാമപാണിവാദന്റേതാണെന്നു വെളിവാകുന്നുണ്ടല്ലോ. ഈ ഊഹം അബദ്ധമാണെന്നു തെളിയിക്കുവാൻ ഇത്തരത്തിലുള്ള പദ്യങ്ങളെല്ലാം അനന്തരകാലങ്ങളിൽ ഏതെങ്കിലും കസൃതിക്കാരായ ലേഖകന്മാർ ഉദ്ദേശമില്ലാതെ എഴുതിച്ചേർത്തതാണെന്നു ചില നിരൂപകന്മാർ പറഞ്ഞുതുടങ്ങിയിരിക്കുന്നു. ആ വാദം യുക്തിസഹമല്ല. തുള്ളൽകഥകളിൽ കുഞ്ചൻനമ്പിയാർ ചില പാത്രങ്ങളുടെ സംസ്കൃതഭാഷാസംഭാഷണങ്ങളിൽ രൂപം, ദീപം എന്നീ പദങ്ങൾ പുല്ലിംഗത്തിലല്ലാതെ നപുംസകലിംഗത്തിൽ പ്രയോഗിച്ചു കാണുന്നു എന്നും അതിൽനിന്നു് അദ്ദേഹത്തിനു് ഇത്തരത്തിലുള്ള സാധാരണ സംസ്കൃതപദങ്ങളെ സംബന്ധിച്ചുപോലും ലിംഗവിജ്ഞാനമില്ലായിരുന്നു എന്നും അവർ വീണ്ടും ഉപന്യസിക്കുന്നു. കുഞ്ചൻനമ്പിയാർ രാമപാണിവാദനായാലും അല്ലെങ്കിലും അദ്ദേഹത്തിനു സംസ്കൃതവ്യുൽപത്തി അത്രദൂരം കഷ്ടിയായിരുന്നു എന്നു് അനുമാനിക്കുന്നതു് അബദ്ധമാണു്; നേരെമറിച്ചു് പ്രസ്തുതഘട്ടങ്ങളിൽ അദ്ദേഹം മുറിസ്സംസ്കൃതക്കാരായ ആ പാത്രങ്ങളെ മുക്തകണ്ഠമായി അപഹസിക്കുകയത്രേ ചെയ്യുന്നതു് എന്നൂഹിക്കുന്നതിൽ യാതൊരു അനൗചിത്യത്തിനും അവകാശമില്ലതാനും. സാക്ഷാൽ രാമപാണിവാദനും കുഞ്ചനും ഒരാളോ രണ്ടുപേരോ എന്നു തീർച്ചപ്പെടുത്തിപ്പറയാൻ ഇനിയും കാലമാ

Digitized By Kerala Sahitya Akademi

യിട്ടില്ലെന്നു വാദിക്കുന്നവർപോലും കുഞ്ചനും ഒരു രാമപാണിവാദനാണെന്നു സമ്മതിക്കേണ്ടതാണ്. അതിനുള്ള തെളിവുകൾ ഇപ്പോൾ ധാരാളമായി കിട്ടിക്കഴിഞ്ഞിട്ടുണ്ട്.

രാഘവീയം മഹാകാവ്യം രാമപാണിവാദൻെറ കൃതിയല്ലെന്നും അതിൻെറ കർത്താവ് അദ്ദേഹത്തിൻെറ മാതുലനായ രാഘവപാണിവാദനായിരിക്കണമെന്നുമുള്ള ചില വിമർശകന്മാരുടെ അഭ്യൂഹം തീരെ അടിസ്ഥാനമില്ലാത്തതാണ്. രാഘവീയവും അതിൻെറ സംസ്കൃതവ്യാഖ്യാനവും രചിച്ചതു രാമപാണിവാദനല്ലാതെ മററാരുമല്ല. ചെമ്പകശ്ശേരി രാജാവിനു കവി ആ ഗ്രന്ഥം സമർപ്പിച്ചപ്പോൾ അടിയറ വെച്ചതാണ് താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ.

“യസ്യ നിർമ്മലയശോമതല്ലികാ
ലോകരംഗഭുവി ലാസികായതേ;
സാർവ്വഭൗമികമഹാഗുണാംബുധിം
തം ഭവന്തമഹമിത്ഥമർത്ഥയേ.

യോഽഭൂദങ്കുരിതോ മനോരഥതരുശ്ചിത്താലവാലേ പുരാ
തദ്ധർമസ്തു സ തു ചോളഖണ്ഡനനിബന്ധാവസ്ഥിതിജ്ഞാനതഃ
പശ്ചാൽ പല്ലവിതസ്തതഃ കുസുമിതസ്ത്വദ്ഗുണ്യതാകർണ്ണനാ-
ത്ത്വദ്ഗ്രന്ഥാഗ്ര്യസമർപ്പണേന സഫലീകർത്ത്വാർഹതാമേനം ഭവാൻ.
സാമസ്ത്യൈകസമാശ്രയോഽംബരധുനീലീലാരതസ്സന്തതം
രാജീവേക്ഷണരാജഹംസപൃഥുകോ യന്മാനസേ ഖേലതി;
തസ്മാദാശ്രിതനന്ദനാൽ സുമനസാം സംസേവിതാൽ സജ്ജനൈഃ
കോവാ കല്പതരോരിവാത്രഭവതോ ലോകേഽനവാപ്തേപ്സിതഃ?

“ചോളഖണ്ഡന നിബന്ധാവസ്ഥിതി” എന്താണെന്നു മനസ്സിലാകുന്നില്ല. ഏതോ ചോളദേശീയനായ ഒരു പണ്ഡിതൻെറ മതത്തെ വിദ്വാനായ രാജാവു ഖണ്ഡിച്ചുവോ എന്നറിഞ്ഞുകൂടാ. രാഘവീയത്തിൻെറ അവസാനത്തിലുള്ള താഴെ കാണുന്ന ശ്ലോകങ്ങളിൽനിന്നു കാവ്യവും വ്യാഖ്യാനവും രാമപാണിവാദൻെറ കൃതിയെന്നു സ്പഷ്ടമാകു

Digitized By Kerala Sahitya Akademi

"രസികജനവിനോദി രാഘവീയം
രഘുവരചാരുചരിത്രകാവ്യബന്ധം
രചയതി മയി രാമപാണിവാദേ
രതിരധികാസ്തു സദാ കവീശ്വരാണാം.
ക്ഷോണീദേവകദംബമൌലിമണ്ഡനം
പ്രീണിതാഖിലമനുഷ്യമണ്ഡലം
പാണിയുഗ്മരചിതാഞ്ജലിർഗ്ഗുരും
പാണിവാദകൃതിരേഷ വന്ദതേ.
രാമേണ പാണിവാദേന രാഘവീയമിദം കൃതം;
തേനൈവ ബാലപാഠ്യാഖ്യാ വ്യാഖ്യാപ്യാഖ്യായി ധീമതാ"

ഇത്രമാത്രം അപ്രതിഷേധ്യമായ തെളിവു ഞാൻ ഇപ്പോൾ കാണിച്ചിരിക്കകൊണ്ടു് ഇനി ഇതിനെപ്പററി ആർക്കും യാതൊരു സന്ദേഹത്തിനും അവകാശമുണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നു.

ഭാഗവതചമ്പു, ദശമസ്കന്ധത്തിന്റെ ആരംഭംമുതൽ മുചുകുന്ദമോക്ഷംവരെയുള്ള കഥ ഏഴു സ്തബകങ്ങളിൽ അടക്കിട്ടുള്ള മഹനീയമായ ഒരു നിബന്ധമാകുന്നു.

"ഹസ്തിമസ്തകമസ്തോകം വസ്തു സ്വസ്തികൃദസ്തു നഃ
യത്തു പ്രത്യൂഹവിധ്വസ്തിം വിധത്തേ വസ്തുതഃ സ്തുതം"

എന്ന ഗണപതിസ്തുതി കഴിഞ്ഞാൽ,

"ശ്രീനാരായണഭട്ടപാദഗുരുപാദാനാം കൃപാനുഗ്രഹഃ
ശ്രീകൃഷ്ണസ്യ കഥാം കഥാപയതി യം ചമ്പൂപ്രബന്ധാത്മികാം
രാമോ നാമ സ പാണിവാദകുലജഃ പാണീ ശിരസ്യർപ്പയൻ
ബ്രഹ്മഭ്യഃ പ്രണതിം കരോതി ഖലു വസ്സഭ്യാസ്സമഭ്യാഗതാഃ."

എന്ന പദ്യത്തിൽ തന്റെ ഗുരുവിനെയും സഭയിൽ അഭ്യാഗതരായ ബ്രാഹ്മണരേയും വന്ദിച്ചുകൊണ്ടു കവി കഥ തുടങ്ങുകയായി. അത്യന്തം മനോഹരമായ ഈ കൃതിയുടെ വൈശിഷ്ട്യം കേരളീയർ അല്ല

Digitized By Kerala Sahitya Akademi

മെങ്കിലും ഒന്നു ധരിച്ചിരിക്കണമെന്ന് എനിക്കു വളരെ അഗ്രഹമുള്ളതിനാൽ അതിൽനിന്നു ചില ഗദ്യപദ്യങ്ങൾ ഉദ്ധരിക്കാൻ മടിക്കുന്നില്ല.

1. ഭൂമിദേവി അസുരാംശജാതന്മാരായ രാജാക്കന്മാരെപ്പറ്റി അറിയിക്കുന്ന സങ്കടം.

"സജ്ജനോപഘാതനാജ്ജശാലിത്വേന നീതിമത്വം പ്രഥയദ്ഭിർ ദുർജ്ജനമതാനുസാരിത്വേന ദാക്ഷിണ്യം പ്രകാശയദ്ഭിർദുശ്ശാസ്സഹിഷ്ണുത്വേന ധീരത്വം ദർശയദ്ഭിർബ്രഹ്മസ്വാപഹാരേണാർത്ഥാർജ്ജന സാമർത്ഥ്യം സമർത്ഥയദ്ഭിരധ്യാരോപിതസംസർഗ്ഗാപ്രതിഹതശാസനത്വം പ്രഖ്യാപയദ്ഭിശ്ശത്രുകൃതാത്മതിരസ്കാരക്ഷോഭാനാകുലത്വേന ക്ഷമാവത്വം വ്യഞ്ജയദ്ഭിരബലാജനകുചകലശാച്ഛേദനേന തീക്ഷ്ണദണ്ഡത്വമുദ്ഭാവയദ്ഭിർഗ്ഗണികാജനവശംവദത്വേനാഭിഗമ്യതാമാപാദയദ്ഭിരുത്തമദാരപരിത്യാഗേന ജിതേന്ദ്രിയത്വമുദ്ബോധയദ്ഭിർദ്ദുഷ്ടസചിവവർഗ്ഗോപദേശഗ്രഹണേന സർവ്വസാധാരണാഭിപ്രായതാം പിശുനയദ്ഭിസ്സാധുജനാഹിതോപദേശപ്രത്യാഖ്യാനേന സ്വതന്ത്രതാമുദ്യോതയദ്ഭിരഗമ്യാഗമനേന പണ്ഡിതൈരദണ്ഡ്യദണ്ഡനേന ദണ്ഡധരൈരധർമ്മൈരിവ ശരീരിഭിരവിനയൈരിവ സവിഗ്രഹൈരജ്ഞാനൈരിവാകാരവദ്ഭിർവ്വചനീയാലസംജ്ഞയാവൃതൈർല്ലോകോസുരൈഃ"

പാണിവാദന്റെ ഫലിതപ്രയോഗചാതുരിയുടെ പാരമ്യം ഈ ഒരു ഗദ്യത്തിൽനിന്നു ഗ്രഹിക്കാം.

2. വസുദേവർ കംസനോട്.

"ചലാ പരേഷാം സുരതാപ്തിമാശു യാ
കരോതി കണ്ഠഗ്രഹണാദനന്തരം;
ധൃതാ ത്വയാസാവസുഹാരിണീ സഖേ,
കൃപാണയഷ്ടിർഗ്ഗണികേവ രാജതേ."

കൃപാണപക്ഷത്തിൽ, സുരതാപ്തി=സുരതയുടെ (ദേവത്വത്തിന്റെ) പ്രാപ്തി. "അസവഃ അസുഹാരിണീ" എന്ന കൃപാണപക്ഷ

Digitized By Kerala Sahitya Akademi

ത്തിലും "ഗാ വസുഹാരിണീ" എന്ന ഗണികാപക്ഷത്തിലും പാഠഭേദമുണ്ടാം. ഈ ശ്ലോകം വിഷ്ണുവിലാസത്തിലും ഇതേ ഘട്ടത്തിൽ കാണുന്നുണ്ട്.

3. ശ്രീകൃഷ്ണന്റെ ജനനം.

"വിദ്യുദ്ധ്വാന്തപ്രബോധം, സ്വഗിരാമകവിതാ-
വാസനേവോക്തിഗുംഫം,
സൽകാവ്യപ്രക്രിയേവ ധ്വനിം, അനുഗുണമാ
ത്മസ്വ വസ്ത്വേവ കാമം,
അദ്വൈതാനന്ദകന്ദോദ്ഗതകനകലതാ-
പാകമേകാന്തരമ്യം
ബാലം പ്രാസൂത നീലാംബുദരുചിരുചിരം
കേവലം ദേവകീ സാ."

4. കാളിന്ദീതീരത്തിലെ മന്ദവായു.

"പുളിന്ദവരസുന്ദരീപുളകിതാംഗരാഗോത്തര-
പ്രഗാഢപരിപീഡനപ്രഥിതസൗരഭോത്സേകിഭിഃ
കളിന്ദതനയാതടീവിടപിപാടസഞ്ചാരിഭിഃ
പ്രഗേ * ഹരിരസേവ്യത ഭ്രമരസംഗതൈർമാരുതൈഃ"

5. കാളിയനൃത്തം.

"ഝലംഝലിതനൂപുരം ഘടിതകിങ്കിണീകങ്കണ-
ച്ഛടാകളകളോന്മിളന്മുരളികാരവാമോദിതം
അരാളഘനകുന്തളീശിഥിലകേകിപിഞ്ഛാഞ്ചലം
വ്യരാജദഹിമസ്തകേ മുരജിതശ്ശ്രിയോസ്താണ്ഡവം"

6. പ്രലംബാഗമനം.

"ഖിലേഽദ കഥനാദ്ഗോപഃ കഥാനാഗോപമാഗതം;
തസ്മമസ്തസ്തരം വേത്തീത്യുക്തിസ്സത്യാ കിലാജനി"

* പ്രഗേ=പുലർച്ചയിൽ.

Digitized By Kerala Sahitya Akademi

7. ക്രുദ്ധനായ ദേവേന്ദ്രന്റെ ആജ്ഞ.

"വജ്രാഗ്നിസ്ഫുരണപ്രചണ്ഡപവനവ്യാഘാതമേഘാവലി-
വ്യാകീർണ്ണാഭിരിതസ്തതോ ഭൃശമപാം ധാരാഭിരാരാദിമാം
ആഭീരാധമവാസഭൂമിമചിരാദംഭോനിധിം കുർമ്മഹേ;
ഗോഭീരാജതി യസ്യ നാമ സപദി സാ നക്രൈസ്സമാക്രമ്യതാം."

8. ഗോപികമാർ രാധികയോട്.

"പാണൗ വേണുഃ സ്ഫുരതി, കുടിലകുന്തളേ ബർഹിബർഹ-
ശ്രേണീ, ശ്രോണീതടഭുവി ദൃഢം നൂതനം പീതചേലം,
ഗാത്രം നേത്രപ്രിയകൃദതസീഗുച്ഛസച്ഛായമച്ഛം;
തന്യേതാനി പ്രിയസഖി! സമാലക്ഷയേല്ലക്ഷണാനി."

9. അക്രൂരന്റെ പ്രത്യാശ.

"ശ്രീമൽകാളകളായകായസുഷമം കണ്ഠസ്ഫുരൽകൗസ്തുഭം
ശ്രീവത്സാങ്കിതവന്യദാമതുളസീഹാരോല്ലസദ്വക്ഷസം
രാജൽപീതപടീദൃഢീകൃതകടീമഞ്ജുമണീകാഞ്ചികം
രാജീവായതനേത്രമിന്ദുവദനം ദ്രക്ഷ്യാമി ലക്ഷ്മീപതിം. (1)

ഉത്തംസീകൃതകേകിപിഞ്ഛപടലസ്നിഗ്ദ്ധോല്ലസൽകുന്തളം
മുഗ്ദ്ധസ്മേരമുഖാരവിന്ദവിഹരദ്ഭൃംഗായിതാപാംഗകം
ബന്ധൂകദ്യുതിബന്ധുരാധരദളവ്യാസക്തവംശീരവം
ബാലം ബാലതമാലനീലവപുഷം ദ്രക്ഷ്യാമി ലക്ഷ്മീപതിം. (2)

മന്ദം നന്ദഗൃഹാങ്കണേ മണിമയമഞ്ജീരമഞ്ജുസ്വന-
സ്പന്ദസ്യന്ദമനോജ്ഞപാദയുഗളീവിന്യാസധന്യാന്തരം
സഞ്ചാരം കലയന്തമന്തികചരൈർഗ്ഗോപാലബാലൈസ്സമം
കഞ്ചിൽ ബ്രഹ്മ സവിഗ്രഹം ശിശുമഹം ദ്രക്ഷ്യാമി-
ലക്ഷ്മീപതിം. (3)

മുഗ്ദ്ധം ഗാ ദുഹതീഷു മുഗ്ദ്ധഹസിതസ്നിഗ്ദ്ധാനനേന്ദും മുദാ
മുഗ്ദ്ധസ്ത്രീഷു ഗൃഹീതരത്നചഷകം പാണൗ പരാന്തം മുഹുഃ
മത്തം മത്തമമൂഭിരേതദസകൃദ്ഭൂയോപി യാച്ഞാപരം
കൃഷ്ണം തൃഷ്ണജമദ്ഭുതാർഭകമഹം ദ്രക്ഷ്യാമി ലക്ഷ്മീപതിം." (4)

Digitized By Kerala Sahitya Akademi

ത്തിലും "പരം വസുഹാരിണീ" എന്ന ഗണികാപക്ഷത്തിലും പദച്ഛേദം ചെയ്യണം. ഈ ശ്ലോകം വിഷ്ണുവിലാസത്തിലും ഇതേ ഘട്ടത്തിൽ കാണുന്നുണ്ട്.

3. ശ്രീകൃഷ്ണന്റെ ജനനം.

"വിദ്യുത്പാത്രമപ്രബോധം, സുവിശേഷകവിതാ-
പാസനേവോക്തിഗുംഫം,
സത്കാവ്യപ്രക്രിയേവ ധ്വനിം, ഉപനിഷദം
സ്വപരസ്ത്രീവ കാമം,
അദ്വൈതാനന്ദകന്ദോദ്ഗതകനകലതാ-
പാകമേകാന്തരമ്യം
ബാലം പ്രാസൂത നീലാംബുദരുചിരരുചിരം
കേവലം ദേവകീ സാ."

4. കാളിന്ദീതീരത്തിലെ മന്ദമാരുതൻ.

"പുളിന്ദവരസുന്ദരീപുളകിതോരുവക്ഷോരുഹ-
പ്രഗാഢപരിപീഡനപ്രഥിതസൗരഭോത്സേകിഭിഃ
കളിന്ദതനയാതടീവിടപിവാടസഞ്ചാരിഭിഃ
പ്രഭോ * ഹരിരസേവ്യത ഭ്രമരസംഘസംഗൈർമരുത്ഭിഃ"

5. കാളിയനൃത്തം.

"ഝലംഝലിതനൂപുരം ക്വണിതകിങ്കിണീകങ്കണ-
ച്ഛടാകളകളാഞ്ചിതമുരളികാരവാമോദിതം
അരാളഘനകുന്തളീശിഖികേകിപിഞ്ഛാഞ്ചലം
വ്യരാജത ഫണിമസ്തകേ മുരജിതശ്ശിരോസ്താണ്ഡവം"

6. പ്രലംബാഗമനം.

"വിലോക്യ കപടനാഗോപഃ കപടാനാഗോപമാഗതം;
തസ്ഥൗ മസ്തകസ്ഥാനം വേണുതീതൃപ്തിസ്സത്യാ കിവാജനി"

* പ്രഭോ=പൂർവ്വച്ഛായയിൽ.

Digitized By Kerala Sahitya Akademi

7. ക്രുദ്ധനായ ദേവേന്ദ്രന്റെ ആജ്ഞ.

"വജ്രാഗ്നിസ്തനിതപ്രചണ്ഡപവനവ്യാഘാതമേഘാവലി-
വ്യാകീർണ്ണാഭിരിതസ്തതോ ഭൃശമപാം ധാരാഭിരാരാദിമാം
അഭീരാധമവാസഭൂമിമചിരാദംഭോനിധിം കുർമ്മഹേ;
ഗോഭിരാജതി യദ്ധനം സപദി സാ നക്രൈസ്സമാക്രമ്യതാം."

8. ഗോപികമാർ രാധികയോട്.

"പാണൌ വേണുഃ സ്ഫുരതി, കുടിലേ കുന്തളേ ബർഹിബർഹ-
ശ്രേണീ, ശ്രോണീതടഭുവി ദൃഢം നൂതനം പീതചേലം,
ഗാത്രം നേത്രപ്രിയകൃദതസീഗുച്ഛസച്ഛായമച്ഛം;
തന്മന്യേതാനി പ്രിയസഖി! സമാലക്ഷ്യതേല്ലക്ഷണാനി."

9. അക്രൂരന്റെ പ്രത്യാശ.

"ശ്രീമൽകാളകളായകായസുഷമം ഞ്ഞസ്ഫുരൽകൌസ്തുഭം
ശ്രീവത്സാങ്കിതവന്യമാലതുളസീഹാരോല്ലസദ്വക്ഷസം
രാജൽപീതപടീദൃഢീകൃതകടീരം ചഞ്ചന്മണീകാഞ്ചികം
രാജീവായതനേത്രമിന്ദുവദനം ദ്രക്ഷ്യാമി ലക്ഷ്മീപതിം. (1)

ഉത്തംസീകൃതകേകിപിഞ്ഛരചനാസ്നിഗ്ദ്ധോല്ലസൽകുന്തളം
മുഗ്ദ്ധസ്മേരമുഖാരവിന്ദവിഹരദ്ഭൃംഗായിതാപാംഗകം
ബന്ധൂകദ്യുതിബന്ധുരാധരദലവ്യാസക്തവംശീധരം
ബാലം ബാലതമാലനീലവപുഷം ദ്രക്ഷ്യാമി ലക്ഷ്മീപതിം. (2)

മന്ദം നന്ദഗൃഹാങ്കണേ മണിമയേ മഞ്ജീരമഞ്ജുസ്വന-
സ്പന്ദസ്യന്ദമനോജ്ഞപാദയുഗളീവിന്യാസധന്യാന്തരം
സഞ്ചാരം കലയന്തമന്തികചരൈർഗ്ഗോപാലബാലൈസ്സമം
കഞ്ചിൽ ബ്രഹ്മ സവിഗ്രഹം ശിശുമഹം ദ്രക്ഷ്യാമി-
ലക്ഷ്മീപതിം. (3)

മുഗ്ദ്ധം ഗാ ദുഹതീഷു മുഗ്ദ്ധഹസിതസ്നിഗ്ദ്ധാനനേന്ദും മുദാ
മുഗ്ദ്ധസ്ത്രീഷു ഗൃഹീതരത്നചഷകം പാണൌ ചരന്തം മുഹുഃ
മത്തം മത്തമമീഭിരേതദസകൃദ് ഭൂയോപി യാച്ഞാപരം
കൃഷ്ണം തൃഷ്ണജമദ്ഭുതാർഭകമഹം ദ്രക്ഷ്യാമി ലക്ഷ്മീപതിം." (4)

Digitized By Kerala Sahitya Akademi

## 10. ഗോപികകൾ ഉദ്ധവരോടു്.

"ചഞ്ചൽപിഞ്ഛാവതംസം ചടുലകുവലയ-
സ്പർദ്ധിമുഗ്ദ്ധാക്ഷിലീലം
കിഞ്ചിദ്വ്യാലോലബാലാതപരുചിവസനോദ്ദ-
ഞ്ചികാഞ്ചീകലാപം
ഗുഞ്ജന്മഞ്ജീരപാദാംബുജമസിതഘന-
ശ്യാമളശ്രീമദംഗം
മഞ്ജുസ്മേരാസ്യമീദൃക്ഷമയി കഥയ കദാ
താം ജനം കഞ്ജനാഭം?"

എന്തൊരു ശബ്ദമാധുര്യം! എന്തൊരു രസപ്രവാഹം! "ഇതി ശ്രീഭാഗവതചമ്പൂപ്രബന്ധേ രാമപാണിവാദവിരചിതേ സാനന്ദഗോവിന്ദോനാമ സപ്തമഃ സ്തബകഃ" എന്നൊരു കുറിപ്പോടുകൂടിയാണു് ഞാൻ വായിച്ച ഗ്രന്ഥം അവസാനിക്കുന്നതു്. ധാരാളം പ്രാകൃതശ്ലോകങ്ങളും ഗോവർദ്ധനയാഗം, കാളിയമർദ്ദനം, രാസക്രീഡ, ജരാസന്ധയുദ്ധം ഇത്യാദി ഘട്ടങ്ങളിൽ ഓട്ടൻതുള്ളലിന്റെ ഛായയിൽ

"തത്ര ച സമയേ ക്രമശഃ ക്രമശ-
സ്തരുണിമഭാജസ്തരണേഃ കിരണൈഃ
തപ്തതയാഥ നഖമ്പചപാംസുനി
തരണിസുതാതടസീമനി വിപിനേ
കാളിയവിഷമവിഷാനലദഗ്ദ്ധേ
കഥിതോജ്ജ്വലമൃഗതൃഷ്ണാസ്നിഗ്ദ്ധേ"
"ചൂതാഗമവര കഥയ സഖേ ധൃത-
പീതാംബരമരുണാധരചരണം
ചൂതാങ്കുരരഞ്ജിതമംഗരുചാടപില-
ചേതോഹരമരവിന്ദവിലോചനം"

ഇങ്ങനെയുള്ള ഗദ്യങ്ങളുമുള്ളതു് ഈ പ്രബന്ധത്തിന്റെ വിശേഷമാകുന്നു.

ഇനി രാമപാണിവാദന്റെ ഗീതരാമത്തിലേക്കു കടക്കാം. ഗീതരാമം ശ്രീരാമചരിതത്തെ അധികരിച്ചു സംസ്കൃതത്തിൽ രാമ

Digitized By Kerala Sahitya Akademi

പാണിവാദൻ നിർമ്മിച്ചിട്ടുള്ള ഒരു നൃത്യപ്രബന്ധമാകുന്നു. ആ ഗ്രന്ഥത്തിലെ ആദ്യത്തെ സ്വല്പം ഭാഗമേ എനിക്കു കണ്ടുകിട്ടുവാനിടവന്നിട്ടുള്ളൂ. സമഗ്രമായി വല്ല ദിക്കിലുമുണ്ടോ എന്നു ഗവേഷകന്മാർ സശ്രദ്ധം പരിശോധിക്കേണ്ടതാകുന്നു. ഗീതരാമത്തിനു പ്രത്യേകം തോടയമുണ്ടു്; അതിൽ ഗണപതിവന്ദനവും ശ്രീകൃഷ്ണവന്ദനവും പത്മനാഭവന്ദനവും കാണുന്നു:—

ഗണപതിവന്ദനം—ചെമ്പട.

1. "പ്രണമത ഗണപതിമശരണശരണം
പ്രണതശീലം പ്രൗഢലീലം
പ്രകടപ്രബലം ബാലം പടുലം (പ്രണമത)

2. പ്രഥിതഗാഢപടുതാഗുണജാലം
പ്രോദ്യൽകടതടമദജലകലിലം. (പ്രണമത)

വിഷ്ണുവന്ദനം—ചെമ്പട.

മുരഹര! പരിപാഹിമാമനിശം
ചിരതര! പരിപാഹി മേ സുദൃശം
പുരഹരവരദ! രമാപതേ!... ... ...
പരിണതഗുണവാരിധേ!
ഭഗവൻ യദുപതേ! ഗുരുതര-
കരുണാനിധേ!......... ഇത്യാദി.

വിഷ്ണുവന്ദനം—അടന്ത.

1. സരസിജനയനം വരഫണിശയനം
പരിണതസുരഗണവിരചിതനമനം
ഹിമകരവദനം സമുദിതമദനം
പ്രമഥിതരിപുകുലമുരുഗുണസദനം
ജനിമൃതിഹരണം ജനിതവിഹരണം
മുനിജനപരിനുതമൃദുതരചരണം
മുരഹരമമലം പരിധൃതകമലം
പരിചിനു നനു മമ ഹൃദയ, സകമലം.

2. മുരഹര, നഗധര, മുകുന്ദ, മാധവ,
ത്വാമേവ ഹരേ, ഭജാമഹേ.

Digitized By Kerala Sahitya Akademi

കാമിതദായക, ദയാനിധേ,
ചലദളകുവലയവിലോലലോചന,
ജലദസമരുചേ, ജഗദീശ,
വികസിതമണിമയകിരീടകന്ധര,
സുവളിതശരീര, രമാപതേ ജയ;
ത്വാമേവ ഹരേ ഭജാമഹേ......ഇത്യാദി

വിഷ്ണുവന്ദനം—പഞ്ചാരി.

അരുണാംബുജദളലോചന, തരുണാംബുദചപ്പളിത
കരുണാകര, സതതം മയി കരുണാം കുരു ഭഗവൻ!
കളഝങ്കൃതിമണിനൂപുരമിളിതം പദയുഗളം
പുളകീകൃതകമലാകരകലിതം പരികലയേ.
ഗളകന്ദളപരിലോളിതതുളസീഘൂർണ്ണമധുപാനജ-
കളകൂജിതലളിതോൽപ്പലദളനീകലശബളം
സലിലേശയകലികാപരികലിതാളകകലഭൂഷണ-
മലഘുസതരസുലഭം തവ കലയേ വപുരനിശം.

വന്ദനശ്ലോകങ്ങൾ.

1. ഗണപതി.

രജനികരസവർണ്ണം രക്തമാലാവകീർണ്ണം
രഭസചലിതകർണ്ണം രഞ്ജിതാനന്ദപൂർണ്ണം
രജനിചരവിദീർണ്ണം രംഗദേശാദിതീർണ്ണം
ഗജമുഖമനവർണ്ണം (1) ഗാഢമീഢേ ത്തുർണ്ണം.

2. സരസ്വതി.

രുചിരകനകപിംഗേ രൂപിണി ശ്രീമദംഗേ
ചരിതഭ്രമിതഗംഗേ ചാരുകാരുണ്യസംഗേ
കമലചലദപാംഗേ ദേവി, കല്യാണസംഗേ
വിലസ രസനരംഗേ വാണി, മേ വീതഭംഗേ.

3. അമ്പലപ്പുഴ ശ്രീകൃഷ്ണൻ.

പൂർണ്ണന്തം പാദതൂർണ്ണാ ജനമമരധുനീവാസനിഷ്ണം (2) നദീഷ്ണം (3)

---

(1) അനവദ്യൻ=ഉത്തമൻ. (2) നിഷ്ണൻ=നിഷ്ണാതൻ. (3) നദീഷ്ണൻ=കുശലൻ.

Digitized By Kerala Sahitya Akademi

കൃഷ്ണന്താം വാചഉദ്ദിഷ്ണും മധുരമപി പശ്യോ ദ്ദാരകകൃഷ്ണം ഹി കൃഷ്ണം
വിഷ്ണും സ്ഥൂലംവിഷ്ണും പ്രചിതകചിഭരൈരൽപരിഷ്ണും ചരിഷ്ണും,
ധൃഷ്ണുഞ്ചാലങ്കരിഷ്ണും ഭജത ഗുരുസരോജന്മജിഷ്ണും സഹിഷ്ണും.

4. വാസുദേവപുരത്തു വാസുദേവൻ.

ശ്രീവാസുദേവപുരവാസിനമംബുജാക്ഷം
ശ്രീവാസുദേവമസിതാംബുജജാലനീലം
ശ്രീവത്സകൗസ്തുഭവിരാജിതകന്ധരാളം
ശ്രീവത്സലം ഗുരുകൃപാനിലയം നമാമി.

5. പെരിഞ്ചെല്ലൂർ ശിവൻ.

വിശ്വാനന്ദപുരേഷു പേശലതമേഷു ശൃംഗാരദായിനിദേഷു
മുല്ലപ്രാന്തഗതേഷു വിന്ദുതമേഷു നീഹാരഗൌരാന്തികേഷു
നിർവാണം ദദതേഷു മുകന്ദപുരേഷു ഭക്താധ ദായകേഷു
ലക്ഷ്മീഗ്രാമജ്ഞരേഷു സനാജതേഷു പുരേഷു തസ്മൈ നമോ ജ്യോതിഷേ.

6. കുമാരനല്ലൂർ കാത്യായനി

ധന്യേ, സമ്പന്നധാന്യേ, ഫലജനിത-
മഹാചണ്ഡാക്ഷണ്ഡധാരിണ്യേ,
മാന്യേ, സന്താനശ്രേണ്യേ, കമലമുഖി,
കുമാരാലയാഭാസേ, വദാന്യേ,
താമ്രവൃക്ഷ ക്ഷേത്രമധ്യേ വഹി വിഹര-
മമാന്തം ദേവുഭാദിസന്യേ!
മന്യേ പാദപദ്മാന്യേദിനസകല-
സുഖദാന്യംബ, ശൈലേന്ദ്രകന്യേ.

7. ചെമ്പകശ്ശേരി രാജാവ്.

രക്ഷേദക്ഷയപക്ഷലക്ഷണകൃപാലക്ഷ്യം വിപക്ഷാവലീ-
വിക്ഷോഭക്ഷയദക്ഷദക്ഷിണഭുജ ദിക്ഷിപ്തകൗക്ഷേയകഃ
അക്ഷാമാക്ഷിതിരക്ഷണക്ഷമഗുണോ ലക്ഷാധികാക്ഷൗഹിണീ-
ലക്ഷ്മീരക്ഷിതശക്തിരക്ഷതബലഃ ശ്രീദേവനാരായണഃ.

Digitized By Kerala Sahitya Akademi

## ഗ്രന്ഥനിർമ്മാണഹേതു.

ശ്രീമദ്ബോധായനേന സ്വയമുപരചിതം ചാരു രാമായണം യ-
ച്ഛ്രുത്വാ ഗ്രന്ഥം തദേതന്മഹിതഹനുമന്നാമഹാമംഗശാല രംഗദേശേ
രാമഃ ശ്രീദേവനാരായണധരണിപതേരാജ്ഞയാ പാണിവാദോ
ഗേയം ലീലാനുകൂലം കലയതി കൃപയാ സൂരയഃ പൂരയന്തു.

ഈ ശ്ലോകങ്ങളിൽനിന്നു രാമപാണിവാദൻ ചെമ്പകശ്ശേരിരാജാവിനെ ആശ്രയിച്ചു് അമ്പലപ്പുഴയിൽ താമസിക്കുമ്പോൾ അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചാണു് ഗീതരാമം നിർമ്മിച്ചതെന്നും അതു ബോധായനൻെറ രാമായണം വായിച്ചുകേട്ടു് അതിനെ അനുകരിച്ചു പാണിവാദൻ രചിച്ച ഒരു കൃതിയാണെന്നും വിശദമാകുന്നു. 'ചാസുദേവപുരംതന്നിൽ വാണരുളും ജഗന്നാഥൻ വാസുദേവ'നും കുമാരനല്ലൂർ ഭഗവതിയും ചെമ്പകശ്ശേരി രാജാക്കന്മാരുടെ പരദൈവതങ്ങളാകുന്നു. പെരിഞ്ചെല്ലൂർ ശിവനെ വന്ദിച്ചതു ചെമ്പകശ്ശേരി രാജാവിൻെറയോ തെക്കേടത്തു ഭട്ടതിരിയുടെയോ പ്രീതിക്കുവേണ്ടി ആയിരിക്കാം.

ബോധായനൻ 'ഭഗവദജ്ജുകീയ'ത്തിൻെറയും മററും നിർമ്മാതാവാകുന്നു. അദ്ദേഹം ഒരു ദാക്ഷിണാത്യനാണെന്നും ക്രി: പി: പതിനൊന്നാം ശതകത്തിനു മുൻപു ജീവിച്ചിരുന്നിരിക്കണമെന്നും ഉള്ളതിനു് എനിക്കു ചില തെളിവുകളുണ്ടു്. ഹനുമന്നാടകമെന്നും മഹാനാടകമെന്നും പറയുന്ന മഹാഗ്രന്ഥത്തിൻെറ പ്രണേതാവാണു് ബോധായനനെന്നും ആ ഗ്രന്ഥത്തേയാണു് രാമപാണിവാദൻ ഇവിടെ സ്മരിക്കുന്നതെന്നും മാത്രമേ എനിക്കു ഇക്കാലം പ്രസ്താവിക്കേണ്ടതുള്ളൂ. ഹനുമന്നാടകത്തെപ്പററി ഒരൈതിഹ്യമുള്ളതു്, അതു സാക്ഷാൽ ഹനുമാൻതന്നെ നിർമ്മിച്ച ഒരു കൃതിയാണെന്നും വാല്മീകിമഹർഷി അതു വായിച്ചപ്പോൾ തൻെറ രാമായണത്തിനു മററു കുറയുമെന്നു ശങ്കിച്ചു് ഹനുമാൻെറ നിബന്ധം സമുദ്രത്തിലെറിഞ്ഞുകളവാൻ അദ്ദേഹത്തോടു് അപേക്ഷിച്ചുവെന്നും യശഃകാംക്ഷയില്ലാത്ത ഹനുമാൻ ആ അപേക്ഷ അനുവദിച്ചുവെന്നും എന്നാൽ അതിൻെറ ഏതാനും ഭാഗങ്ങൾ അതിനുമുമ്പുതന്നെ അദ്ദേഹം ശിലയിൽ കൊത്തിവച്ചിരുന്നു

Digitized By Kerala Sahitya Akademi

വെന്നും ക്രി. പി. പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ഭോജരാജാവു് ആ ശിലാരേഖകൾ കണ്ടുപിടിച്ചു തന്റെ ആസ്ഥാനകവിയായ ദാമോദരമിശ്രനെക്കൊണ്ടു പതിനാലങ്കത്തിൽ അവയേയും ഉൾപ്പെടുത്തി ഒരു വലിയ നാടകം രചിപ്പിച്ചുവെന്നും അതത്രേ ഇന്നു പ്രചാരത്തിലിരിക്കുന്ന മഹാനാടകമെന്നുമാകുന്നു. അസത്യപ്രസ്താവനകൾകൊണ്ടു നിറഞ്ഞ ബല്ലാലഭട്ടന്റെ ഭോജപ്രബന്ധത്തിലും ഈ ഐതിഹ്യത്തിന്റെ ഒരു നേരിയ സൂചന കാണ്മാനുണ്ടു്. ഗ്രന്ഥാക്ഷരത്തിലും ദേവനാഗരിയിലും മുദ്രണം ചെയ്തിട്ടുള്ള മഹാനാടകത്തിൽ ഒൻപതങ്കങ്ങളേ ഉള്ളു. അതിൽ ഒന്നാമങ്കത്തിന്റെ അവസാനത്തിൽ

"ഏഷ ശ്രീലഹനൂമതാ വിരചിതേ ശ്രീമന്മഹാനാടകേ
വീരശ്രീയുതരാമചന്ദ്രചരിതേ പ്രത്യുദ്ധൃതേ വിക്രമൈഃ
മിശ്രശ്രീമധുസൂദനേന കവിനാ സന്ദർഭ്യ സജ്ജീകൃതേ
യാതോങ്കഃ പ്രഥമോ വിദേഹതനയാലാഭാഭിധാനോ മഹാൻ"

എന്നൊരു പദ്യം കാണുന്നതിൽനിന്നു ദാക്ഷിണാത്യപാഠം ചിട്ടപ്പെടുത്തിയതു മധുസൂദനമിശ്രനാണെന്നു കാണുന്നു. അത്തരത്തിൽ ചില പരിഷ്കാരങ്ങൾ ഭോജരാജാവിന്റെ കാലത്തിൽ ദാമോദരമിശ്രനും ചെയ്തു് ഒരു ഔത്തരാഹപാഠം ഉണ്ടാക്കിയിരിക്കണം:

"ശിവശിരസി ശിരാംസി യാനി രേജു-
ശ്ശിവശിവ! താനി ലുഠന്തി ഗൃധ്രപാദേ;
അയി ഖലു വിഷമഃ പുരാകൃതാനാം
പ്രഭവതി ജന്തുഷു കർമ്മണാം വിപാകഃ."

എന്ന പദ്യം എല്ലാ പാഠങ്ങളിലുമുള്ളതും അതു ഭോജപ്രബന്ധകാരനും അസംബന്ധമായ ഒരു ചരിത്രത്തോടുകൂടി ഉദ്ധരിച്ചിട്ടുള്ളതുമാകുന്നു. ബോധായനനാണു് മഹാനാടകത്തിന്റെ പ്രണേതാവെന്നുള്ളതിനു് ഏറെ തെളിവു് ഇമ്മഡിദേവരായരെന്ന വിജയനഗരമഹാരാജാവിന്റെ "മഹാനാടകസൂക്തിമുക്താവലി"യുടെ ഉപക്രമത്തിലുള്ള,

Digitized By Kerala Sahitya Akademi

"നേതാ യസ്യ നിയന്ത്രിതാഖിലജഗൽപ്രാണസ്സ നാരായണഃ;
സീതാ യസ്യ സമസ്തലോകജനനീ ദേവീ കഥാനായികാ;
വക്താ ധ്വസ്തദശാനനാഹവപടുപ്രത്യാഹൃതിര്യസ്യ ത-
ത്താദൃങ്നാടകമാതതാന ജഗതാം ശ്രേയോധായ ശ്രേയോധായനഃ."

എന്ന പദ്യമാകുന്നു. ഇമ്മഡിദേവരായർ ദ്വിതീയദേവരായമഹാരാജാവിന്റെ പുത്രനും പ്രൌഢദേവരായർ, മല്ലികാൎജ്ജുനൻ എന്നീ നാമാന്തരങ്ങളിൽ പ്രസിദ്ധനുമാകുന്നു. അദ്ദേഹം വിജയനഗരം പരിപാലിച്ചതു ക്രി. പി. ൧൪൪൬-മുതൽ ൧൪൬൫-വരെയാണു. ആ മഹാൻ പ്രസ്തുതമായ സൂക്തിമുക്താവലിയിൽ തന്നെപ്പററി,

ശ്രീമാനിമ്മഡിദേവരായനൃപതിഃ സാൎവ്വലോകശിഖാമണിഃ
കല്ലോലപ്രതിമല്ലസൂക്തിവിഭവോ വിദ്വജ്ജനശ്ലാഘിതഃ
ധീമാനാദിമകാണ്ഡവസ്തുവിഷയന്യസ്താൻ മഹാനാടക-
ശ്ലോകാൻ വൎണ്ണപദക്രമാങ്കിതതയാ ന്യാസംകംഷീത് സ്ഫുടം"

എന്നു വൎണ്ണിക്കുന്നു. അദ്ദേഹം വാസ്തവത്തിൽ ആ ഗ്രന്ഥത്തിൽ ചെയ്ത മാററങ്ങളും പരിഷ്കാരങ്ങളുമെന്തെന്നു് ഉപരിപ്രദൎശനം കൊണ്ടു മാത്രമേ വിശദമാകുകയുള്ളു. "ചിരല്ലോദശാ വസ്സപായാൽ ത്രിഗുണസചിവതാം"—"കല്യാണാനാം നിദാനം"—"ഏതത്തൌ തൌ" ഈ മൂന്നു പദ്യങ്ങളും അച്ചടിപ്പിച്ച മഹാനാടകപുസ്തകത്തിലും സൂക്തിമുക്താവലിയിലും ഒന്നുതന്നെ. അയോദ്ധ്യാകാണ്ഡം സൂക്തിമുക്താവലിയിൽ അത്യന്തം ഹ്രസ്വവും യുദ്ധകാണ്ഡം ദീൎഘവുമാകുന്നു. "നാഗാനാമയുതം" എന്നു തുടങ്ങി "പായാന്നഃ പരമാത്മനോ രഘുപതേഃ കോദണ്ഡടങ്കാരവഃ" എന്നവസാനിക്കുന്ന സുപ്രസിദ്ധമായ പദ്യം പ്രസ്തുതഗ്രന്ഥത്തിലുള്ളതാണു്. ഒടുവിൽ,

"ജാതോ വംശേ രഘൂണാം മുനിവരവചനാ-
ത്താടകാം താഡയിത്വാ
കൃത്വാ പുണ്യാമഹല്യാം ത്രുടിതഹരധനു-
ൎജ്ജാനകീവല്ലഭോഽഭൂൽ

Digitized By Kerala Sahitya Akademi

## മൂന്നാം ഭാഗം

പ്രാപ്യാരണ്യം നിയോഗാൽ പിതുരടവിമഗാ-
ദ്ഭീതസീതോസ്സബാലി
ബധാദബ്ധിം രാമചന്ദ്രോ ദലിതദശമുഖ-
സ്സീതയാ രാജ്യമാപ"

എന്നൊരു രാമായണസംഗ്രഹശ്ലോകവും കാണുന്നുണ്ട്. ഭോധായ-നന്റെ കവിതാമാധുര്യം വായനക്കാർ ഗ്രഹിക്കുന്നതിന്നു ഗ്രന്ഥാരംഭ-ത്തിൽനിന്നു മൂന്നാല് ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം:-

1. "ഉൽഫുല്ലാമലകോമളോത്പലദലശ്യാമായ രാമാമനഃ-
കാമായ പ്രഥമാനനിർമ്മലഗുണസ്തോമായ രാമാത്മനേ
ധ്യാനാരൂഢമുനീന്ദ്രമാനസസരോഹംസായ സംസാരവി-
ധ്വംസായ സ്ഫുരദോജസേ രഘുകുലോത്തംസായ പുംസേ നമഃ"

2. "വാല്മീകേർമ്മതിമന്ദരേണ മഥിതഃ സീതാരമാസംഭവഃ
സുഗ്രീവാമരഭൂരുഹോംഗദഗജഃ സൗമിത്രിചന്ദ്രോദയഃ
വാതാൽപന്നമണിർവിഭീഷണസുധഃ പൗലസ്ത്യഹാലാഹലഃ
ശ്രീരാമായണദുഗ്ദ്ധസിന്ധുരമലോ ഭൂയാൽ സതാം ശ്രേയസേ"

3. "ചത്വാര്യേവ മുഖാനി പങ്കജഭുവഃ, പഞ്ചാനനഃ ശങ്കരഃ,
സ്കന്ദഃ ഷഡ്വദനഃ, സുരേഷു കതമഃ സാമ്യേ ദശാസ്യസ്യ മേ?
ഗീർവാണാനിതി ഗർവതഃ പ്രഹസതോ ലങ്കേശ്വരസ്യാഹവേ
നുന്നം യേന ശരൈശ്ശിരോംബുജവനം, പായാൽ സദേവോ-
രാഘവഃ."

4. "ത്രൈലോക്യത്രാണകാരീ ദശവദനവധൂവക്ത്രവൈധവ്യകാരീ
സീതാസീമന്തകാരീ മരകതകശിലാസ്തംഭശോഭാപഹാരീ
രക്ഷോവിക്ഷേപകാരീ കനകമൃഗവധോദ്ദണ്ഡകോദണ്ഡധാരീ
ലങ്കാലങ്കാരഹാരീ ജയതി രഘുപതിർഭൂമിഭാരാപഹാരീ."

ഇത്തരത്തിലുള്ള ശ്ലോകങ്ങളടങ്ങിയ ഒരു കൃതി വിജയനഗരത്തിൽ ഇമ്മഡിദേവരായനേയും കോലത്തിൽ ദേവനാരായണനേയും ആനന്ദപുളകിതമാക്കിയതിൽ എന്താശ്ചര്യമാണുള്ളത്? ഇമ്മഡിദേവരായൻ



Digitized By Kerala Sahitya Akademi

സംഗീതരത്നാകരവ്യാഖ്യ നിർമ്മിച്ച കല്ലിനാഥപണ്ഡിതന്റെ പുരസ്കൎത്താവായിരുന്നു എന്നു് ആ ഗ്രന്ഥത്തിൽ കാണുന്ന,

"വിശ്വംഭരാഭാരകൃതാവതാര-
സ്തസ്യാസ്തി പുത്രോ യശസാ പവിത്രഃ
സംഗീതസാഹിത്യകലാസ്വഭിജ്ഞഃ
പ്രതാപവാന്നിമ്മഡിദേവരായഃ."

എന്നും മററുമുള്ള പ്രശംസാപദ്യങ്ങളിൽനിന്നു വെളിപ്പെടുന്നു.

ഇതു് ഒരു വലിയ ശാഖാചംക്രമണമാണെന്നു ഞാൻ നല്ലപോലെ അറിയുന്നുണ്ടു്. അതിനു് ഞാൻ ഇപ്പോൾ രാമപാണിവാദനെപ്പററി പ്രതിപാദിക്കുന്ന വിഷയങ്ങൾ ഇതുവരെ അജ്ഞാതങ്ങളാണെന്നുള്ള വസ്തുത മാത്രമാണു് എനിക്കുള്ള സമാധാനം. ഗീതരാമത്തിലെ ആദ്യത്തെ പുറപ്പാടുശ്ലോകവും പടത്തിന്റെ ഒടുക്കത്തെ വുംകൂടി ഉദ്ധരിച്ചുകൊള്ളുന്നു.

"കൈലാസാദ്രീന്ദ്രശൃംഗസ്ഖലിതജലധാരാ
കോസലേ ഭാസമാനാം
തസ്മാദ്ഭൂപാലകീർത്തിപ്രസരസുരധുനീ
സംഗമേധ്യാമയോധ്യാം
അധ്യാസീനഃ സുരാധീശ്വരപരമസഖാ
മേദിനീകല്പശാഖീ
സാകം രാമൈരുദാരൈർദ്ദശരഥനൃപതി-
സ്സംവിതേനേ വിഹാരം."

സാകേതനികേതന മരമേ സാമർദ്ദോ രാജാ
സാകം രാമൈരുദാരൈ ലോകാനാമാതങ്കവിനോദി." ഇത്യാദി,

രാമപാണിവാദന്റെ ചന്ദ്രികാവീഥിയെപ്പററി ഞാൻ വിജ്ഞാനദീപിക ഒന്നാംഭാഗത്തിൽ ഉപന്യസിച്ചിട്ടുണ്ടു്. ആ ഗ്രന്ഥത്തിന്റെ ഒരു താളിയോലപ്രതിയിൽ അവസാനത്തിൽ കാണുന്നതും താഴെ ചേർക്കുന്നതുമായ രണ്ടു ശ്ലോകങ്ങൾ വായനക്കാൎക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

1. "വീഥീയം ചന്ദ്രികാ നാമ രാമപാണിവിനിർമ്മിതാ
ഏകാഹചരിതൈകാങ്കാ നാട്യേഷ്വപ്യുത്തമലക്ഷണം."

Digitized By Kerala Sahitya Akademi

൪. "ധാമാങ്കാരോപിതോമാകുചകലശസുന്ദരസാ
 രക്തദോഃകന്ദമാലം
ഹേമാലങ്കാരസിംഹാസനപരിലസിതം
 പാരിജാതസ്യ മൂലേ
സോമാപീഡം കരോദഞ്ചിതപരശുമൃഗാ
 ശുചിനം നീലകണ്ഠം
ക്ഷേമായാമീ ഭജാമഃ സ്ഫടികമണിസുധാ-
 ശുഭ്രഗാത്രം ത്രിനേത്രം"

രണ്ടാമത്തെ ശ്ലോകം തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശനെപ്പററിയുള്ളതാണ്.

## 5. ശാകുന്തളം.

ശാകുന്തളം ആറുദിവസത്തെ ആട്ടക്കഥമാത്രമേ ഇതുവരെ അച്ചടിച്ചിട്ടുള്ളു. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിലെ നാലാമങ്കം പൂർവാംഗംവരെയുള്ള ഇതിവൃത്തത്തിനുശേഷമുള്ള ഭാഗം അതിൽ കവി സ്പർശിച്ചിട്ടില്ല; അതായതു്, ദുഷ്യന്തൻ കണ്വാശ്രമം വിട്ടു രാജധാനിയിൽ എത്തുന്നതുവരെയുള്ളതാണ് ആട്ടക്കഥയ്ക്കു വിഷയീഭവിച്ചിരിക്കുന്ന കഥ.

മാത്രാ മുദശ്രുസഖിലൈരഭിഷിക്തമൂർധ്ന്യാ
നേത്രാംബുഭിഃ സചിവിധൈരനുഗമ്യ പൗരാൻ
ശ്രോത്രാഭിരാമശുഭഘോഷണഗാനതുഷ്ടോ-
ധാത്രീപതിർന്നിജപുരേ സുഖമധ്യുവാസ.

എന്ന ശ്ലോകംകൊണ്ടു് ആറാംദിവസത്തെ കഥ അവസാനിക്കുന്നു, ബാക്കിയുള്ള മൂന്നു ദിവസത്തെ കഥ എനിക്കു കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ഒന്നാംദിവസത്തെ കഥ ആരംഭിക്കുന്നതിനുമുൻപുള്ള തോടയവും വന്ദനശ്ലോകങ്ങളും കണ്ടുകിട്ടീട്ടുള്ളതും അവയിൽനിന്നു കവിയെപ്പററി ചില വിവരങ്ങൾ അറിവാൻ സാധിക്കുന്നതുമാകുന്നു.

Digitized By Kerala Sahitya Akademi

തോടയം — നാട്ട — ചെമ്പട

1. ഗണപതിവന്ദനം.

ഗണപതിമനുപമഗുണമനുകലയേ ഗണ്ഡവിരാജിദാനതോയം
ഗജരാജമുഖം ഗൗരീതനയം......... (ഗണ)
കരതലോല്ലസിതകാഞ്ചനകലശം
കാരുണ്യാമൃതജലനിധിമനിശം (ഗണ)
കാമണമാരണസന്തതചരിതം
കനകോജ്ജ്വലതനുമഹിമതവരദം...... (ഗണ)

2. വിഷ്ണുവന്ദനം — ചെമ്പട.

ജയജയ മുരഹര, ജഗദീശ, ജയജയ, പരിഹൃതഭവപാശ,
ജയജയ സഫലിത സുജനാശ, ജയ ഗോപവേഷ, (ജയജയ)
അരുണാംബുജദലനിഭനേത്ര, സുരനാഗകമണിരുചിഗാത്ര,
കരുണാമൃതരസശ്രുപോത്ര, കമകലിതവേത്ര...... (ജയജയ)
ഗോപകുമാരകപരിവാര, ഗോപരിപാലനസുവിഹാര,
ഗോപവധൂജനമതിചോര, ഗോവിന്ദ, ശൗരേ...... (ജയജയ)
ലോലതരവനമാല, ലാലസിതമൃദുചേല
നീലകഞ്ചിതഫാല, നിഗമനുതലീല... (ജയജയ)
കാളിയമദോന്മഥന, കലികലുഷഭയശമന,
പാലയ രമാരമണ, പരചിന്മയാത്മൻ!...... (ജയജയ)

3. കിള്ളിക്കുറിശ്ശി ശിവസ്തുതി — പഞ്ചാരി.

പാഹി സദാശിവ ശംഭോ, പുരഹര, ജയ പരമേശ്വര,
ദേഹി ശുഭം ദേവ വിഭോ! മോഹതമോഭാനോ.
പാണ്ഡവവരദാമരനുത! പാണ്ഡരഭസിതാല്ലളിത,
താണ്ഡവരസികാഖിലമുദിതാണ്ഡവവരതരണേ,
ചരണാംബുജമരുണം തവ ശരണം ഭവഹരണം;
ശരണാഗതഭരണവ്രത, കരുണാമൃതസിന്ധോ,
നിഗമാന്തവിചാരൈരിഹ സുഗമാം തവ പദവീം
ലഘു മാം നയ മദനാന്തക, ശുകമന്ദിരവസതേ.

Digitized By Kerala Sahitya Akademi

4. പഴയന്നൂർ പാർവ്വതീസ്തുതി—അടന്ത.

അംബദേവി, മഹാമായേ, തുംബുരുനാരദഗേയേ,
നിർമ്മലാംഗി, പഴയന്നൂരംബികേ, പരിപാഹിമാം.
ജംഭവൈരിനുതഹീലേ, കുംഭികുംഭസ്തനഭാരേ,
കംബുകണ്ഠി, പഴയന്നൂരംബികേ, പരിപാഹിമാം.
ഇന്ദുബിംബാനനേ, ഗൗരി, സന്നതാലംബനാപാംഗേ
വന്ദനീയേ പഴയന്നൂരംബികേ പരിപാഹിമാം
മാടഭൂമിപാലവംശപ്രൗഢതാവിധാനലോലേ,
ശുദ്ധകീർത്തേ, പഴയന്നൂരംബികേ, പരിപാഹിമാം.

വന്ദനശ്ലോകങ്ങൾ.

1. തൃശ്ശിവപേരൂർ വടക്കുന്നാഥൻ.

"കല്യാണം വോ വിധത്താം കമലഭവകപാ-
ലാന്തരാസ്ഫാലനോദ്യൽ
കല്ലോലോല്ലാസിഗംഗാശശിശകലജടാ-
ശോഭിതുംഗോത്തമാംഗഃ
സല്ലീലാലോലവല്ലീലളിതഗിരിസുതാ
പാംഗവീക്ഷൈകലക്ഷ്യോ
മല്ലീബാണപ്രമാഥീ വൃഷഗിരിനിലയേ
തുഷ്ടിമാനഷ്ടമൂർത്തിഃ"

2. ചേന്നമംഗലത്തു നരസിംഹമൂർത്തി.

"വീക്ഷാമാത്രവികസ്വര ... നം വ ശാദ്ഭുതപ്രാഭവം
മോക്ഷാനന്ദകരം മു ... ധ്യേയം സദാ ഭാസുരം
സാക്ഷാദ്ഭുതജനന്ത ... പുരേ വല്ഗിത്തു നതാം പരം
ക്ഷോദക്ഷിണമാവിരസ്തു ഹൃ ... ഭോ നൃസിംഹാത്മകം."

3. ചേന്നമംഗലത്തു പുതി തൃ ... വിൽ ശിവൻ.

"പായാൽ ബാലേന്ദു ... പദനരമ ... താ-
പാലനേ ലോലുപാത്മ
ജായാസമ്മിശ്രകായോ ജനിമൃതിജലധേ-
സ്താരകോ മാരവൈരി

രായാതീരതോടപി മായാമയഭുവനമയഃ
പാലിയാധീശ്വരാണാം
ശ്രേയോദായീ നിതാന്തം ശ്രുതിനുതമഹിമാ
നൃതനാക്ഷേത്രനാഥഃ"

4. സരസ്വതീസ്തുതി.

അംബേ, വാണി, കവിലോകസേവിതേ
ബ്രഹ്മദേവമുഖപങ്കജാസ്പദേ
വന്ദമാനജനകല്പവല്ലി, നീ-
സ്സന്നിധേഹി രസനാഗ്രണേ ക്ഷണം.

5. കൊച്ചി വീരകേരളവർമ്മതമ്പുരാൻ.

"യസ്യാജ്ഞാ നിഖിലക്ഷമാപശിരോമാന്യാ യദീയം-(യശോ
വിശ്വവ്യാപി; മഹീ സമുദ്രവസനാ യേനൈവ രാജന്വതീ;
ഭക്താനുഗ്രഹതല്പരേണ ഹരിണാ ലക്ഷ്മീഃ സ്വയം കല്പിതാ
നിത്യാ യദ്വശവർത്തിനീ; സ ജയതി ശ്രീമാടധാത്രീപതിഃ"

"ശ്രീമാനനർഘഗുണരത്നമഹാപയോധിഃ
ശ്രീമാടഭൂതിലകമാത്മജനാനുകമ്പീ
ശ്രീകാഞ്ചിരാജകുലശേഖരബദ്ധസഖ്യഃ
ശ്രീവീരകേരളനരാധിപതിർവ്വിഭാതി."

6. വസ്തുനിർദ്ദേശം.

"തസ്യാജ്ഞയാ ഗുരുഗണേനസമുഖാൻ പ്രണമ്യ
ശ്രീപാലിയേശ്വരശിക്ഷിതനീതിഭേദൈഃ
ശാകുന്തളം വിതനുമോ ലളിതം കിതം; തദ്-
ഗീതം ക്ഷമാകൃതധിയഃ പരിശോധയന്തു."

പ്രസ്തുതനായ വീരകേരളവർമ്മതമ്പുരാൻ കൊച്ചിരാജ്യം ഭരിച്ചത്തു കൊല്ലം 936 മുതൽ 951 വരെയാണു്. തിരുവിതാംകൂറിലെ

Digitized By Kerala Sahitya Akademi

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവുമായി അവിടുന്നു സന്ധി ചെയ്തതു കൊല്ലം 937-ൽ ആകുന്നു. 937-നും 951-നും ഇടയ്ക്കു നിർമ്മിച്ച ഒരു കൃതിയാണ് ശാകുന്തളമെന്ന് ഇത്രയുംകൊണ്ട് ഊഹിക്കാം. അദ്ദേഹത്തിന്റെ ആജ്ഞയും പാലിയത്തു കോമി അച്ഛന്റെ ഉപദേശവും കവിക്ക് ഈ ഗ്രന്ഥനിർമ്മിതിയിൽ പ്രേരകങ്ങളായിരുന്നുവെന്നും കവി ചേന്നമംഗലത്തു താമസിക്കുമ്പോഴാണ് ഗ്രന്ഥം രചിച്ചതെന്നുംകൂടി മേലുദ്ധരിച്ച ശ്ലോകങ്ങളിൽനിന്നു കാണാം. തിരുവിതാംകൂറിലെ രാജസദസ്സുമാത്രമല്ല, കൊച്ചിയിലെ രാജസദസ്സും അന്നു കഥകളിപ്രസ്ഥാനത്തിന്റെ പുരോഗതിക്കു സഹായമായിരുന്നു എന്നും നമുക്ക് ഈ ശ്ലോകങ്ങളിൽനിന്നു ധരിക്കാം. പഴയന്നൂർ ഭഗവതിയെ കവി വന്ദിച്ചിരിക്കുന്നതു കൊച്ചിത്തമ്പുരാന്റെ പ്രീതിക്കു വേണ്ടിയാകുന്നു. രാമപാണിവാദന്റെ സാധാരണമുദ്രകളൊന്നും ഈ ആട്ടക്കഥയിൽ കാണാത്തതുകൊണ്ടുമാത്രം ആ കവിയല്ല ഈ ആട്ടക്കഥയുടെ പ്രണേതാവ് എന്ന് ഉദ്ദേശിക്കാവുന്നതല്ല.

കലക്കത്തു രാഘവൻനമ്പിയാരാണ് ശാകുന്തളം ആട്ടക്കഥ നിർമ്മിച്ചതെന്ന് ഒരൈതിഹ്യമുണ്ട്. അതു ശരിയല്ലെന്നു തോന്നുന്നു. അദ്ദേഹം കുഞ്ചൻനമ്പിയാരുടെ അനുജനോ ശിഷ്യനോ ആയിരുന്നു എന്നും കൊല്ലം ൯൪൦-നിടയ്ക്കു ജനിച്ചു എന്നും തൃപ്പൂണിത്തുറ കോവിലകത്ത് ആശ്രയിച്ചു പാർത്തിരുന്നതായി അറിവില്ലെന്നും പാലക്കാട്ടു രാജാവിന്റെ സദസ്യനായി ആ ദിക്കിൽ താമസിച്ചിരുന്ന കാലത്താണ് ശാകുന്തളം നിർമ്മിച്ചതെന്നുമുള്ള ഗോവിന്ദപ്പിള്ള സർവാധികാര്യക്കാരുടെ പ്രസ്താവനയിൽ ത്യാജ്യാംശങ്ങളാണ് അധികമുള്ളത്.

## 6. കീചകവധം.

അച്ചടിച്ച പുസ്തകത്തിൽ കീചകവധം ആരംഭിക്കുന്നതു വിരാടരാജാവിന്റെ പുറപ്പാടോടുകൂടിയാകുന്നു. അതിനു മുൻപ് ഇരയിമ്മൻ തമ്പി ചില വന്ദനശ്ലോകങ്ങൾ രചിച്ചു ചേർത്തിട്ടുണ്ടു

Digitized By Kerala Sahitya Akademi

ആർക്കും ഇതുവരെ അറിവാൻ ഇടവന്നിട്ടില്ലാത്തവയും അതിമനോഹരങ്ങളുമായ ആ ശ്ലോകങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

1. ഗണപതി.

"മദജലമിളദ്ഗണ്ഡം മൗലിബദ്ധേന്ദുഖണ്ഡം
ഷിഹിതലിമതണ്ഡം വിഘ്നവിച്ഛേദശൗണ്ഡം
വരദമുദ്രപിചണ്ഡം വ്യായതാപീനശുണ്ഡം'
നതസുരമുനിഷണ്ഡം നൗമി വേതണ്ഡതുണ്ഡം."

2. ശ്രീപത്മനാഭൻ.

"ശ്രീകണ്ഠബ്രഹ്മമുഖ്യത്രിദശപരിവൃഢസ്തുത്യമത്യാപദാനം
ശ്രീകണ്ഠാശ്ലേഷലഗ്നപ്രസൃമരഘുസൃണാരക്തഹാരാങ്കിതാംഗം
കാരുണ്യാംഭോനിധാനം കരകലിതഗദാശംഖചക്രാരവിന്ദം
രാജച്ഛുഭ്രേതരാഭ്രദ്യുതിമിഹ ഭജത ശ്രേയസേ പദ്മനാഭം."

3. ശുചീന്ദ്രത്തു ശിവൻ.

"ഗംഗാതുംഗതരംഗസംഗചപലോൽകോടീരകോടിസ്ഫുരദ്-
ബാലേന്ദുദ്യുതിഭാസമാനഭുജഗശ്രേണീകലാപോജ്ജ്വലം
അങ്കാരൂഢഗിരീന്ദ്രജാകുചതടീപാടീരപങ്കാങ്കിതം
വന്ദേ ചാരു ശുചീന്ദ്രമന്ദിരഗതം തേജഃ പരം പാവനം."

4. അമ്പലപ്പുഴ ശ്രീകൃഷ്ണൻ.

"ഫുല്ലാംഭോദകദംബഡംബരഭിദാനിഷ്ണാതമൂർത്തിസ്സദാ
ബിഭ്രാണോ ലകുടം ദരം കരയുഗേനാംഭോരുഹശ്രീമുഷാ
രമ്യാംബരനിമ്നഗാനിവസനഃ ശ്രീവന്യമാലോജ്ജ്വലഃ
ശ്രീകൃഷ്ണഃ ശ്രിതലോകകല്പകതരുഃ ശ്രേയാംസി ഭൂയാംസി വഃ."

5. ചിതറാൽ ഭഗവതി.

"നവ്യാംഭോദകളേബരാം കമലഭൂപാദ്യായുധാഗ്ര്യാന്തക-
ക്രവ്യാദേശപരപാശപാണിപവനദ്വ്യാധിപാദ്യഞ്ചിതാം
സവ്യാസവ്യകരാരവിന്ദവിലസദ്ദിവ്യായുധോഡ്ഡാമരാം
ഭവ്യാം സിദ്ധഗിരിസ്ഥിതാം ഭഗവതീമവ്യാജരമ്യാം ഭജേ."

Digitized By Kerala Sahitya Akademi

6. മൂത്താട്ടു് ശങ്കരനിളയതു് —ഗുരു.

"സർവ്വജ്ഞം ബുധപരിഷൽസന്നുതഗുണം ധാമഗിരിജയോരുപേതം
മദനാതങ്കനിദാനം ശങ്കരസംജ്ഞം ഗുരും സദാ വന്ദേ."

7. മകയിരംതിരുനാൾ രവിവർമ്മ ഇളയതമ്പുരാൻ; മാതാമഹൻ.

"മന്ദാദ്രിക്ഷുബ്ധദുഗ്ദ്ധാംബുധിപരിചലദുത്തുംഗഭംഗപ്രകാണ്ഡ–
സ്തോമസ്തോമകേതഃശ്രീഹരണചണയശോമണ്ഡിതാശാവകാശം
കല്പാന്തോന്നിദ്രരൌദ്രദ്യുമണിഗണകനദ്ദീപ്തിദീപ്രപ്രകാശം
വന്ദേ മാതാമഹം മേ മുഹുരപി രവിവർമ്മാഭിധം വഞ്ചിഭൂപം."

മകയിരംതിരുനാൾ ഇളയതമ്പുരാൻ ശ്രുതിപ്പെട്ട ഒരു ഐന്ദ്രജാലികനായിരുന്നു.

"ശ്രീസത്മവക്ഷോഭാഗേ ശ്രീവത്സം വിളങ്ങുന്ന
ശ്രീപത്മനാഭൻതന്റെ കാരുണ്യത്താൽ
ശ്രീസർവ്വസ്വം ലഭിച്ച വഞ്ചീന്ദ്രസഹോദരൻ
ശ്രീരവിവർമ്മാവെന്റെ ജീവനാഥൻ."

എന്നും മററും അപ്രകാശിതങ്ങളായ ചില ശൃംഗാരഗാനങ്ങൾ ഞാൻ അവിടത്തെപ്പററി വായിച്ചിട്ടുണ്ടു്.

"തദനുജരവിവർമ്മാ ഭാഗിനേയഃ സ്വനാമാ
സ്വയമപി സതു വഞ്ചിക്ഷ്മാപതിർമ്മേ ബഭൂവാഃ"

ഇത്യാദി ബാലരാമഭരതപദ്യത്തിൽ സ്മൃതനായ രവിവർമ്മാവു് അദ്ദേഹവും വഞ്ചിക്ഷ്മാപതി കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവും, അദ്ദേഹത്തിന്റെ നാമധേയത്തോടുകൂടിയ ഭാഗിനേയൻ മഹാകവി അശ്വതിതിരുനാൾ തമ്പുരാനുമാകുന്നു. തന്റെ ഗുരുവിനേയും ശ്രീപരമേശ്വരനേയും കവി എത്ര മനോജ്ഞശ്ലേഷസുന്ദരങ്ങളായ വിശേഷണങ്ങൾകൊണ്ടു് ഐകരൂപ്യം വരുത്തി വർണ്ണിച്ചിരിക്കുന്നു എന്നു പരിശോധിക്കുക. 'ഗിരിജയോടുകൂടിയവൻ' എന്നു പരമേശ്വരപക്ഷത്തിലും 'ഗീരിങ്കൽ (വാക്കിൽ) ജയത്തോടു കൂടിയവൻ' എന്നു ഗുരുപക്ഷത്തിലും അർത്ഥം. 'മദനന്റെ ആതങ്കത്തിനു നിദാനം' പരമേശ്വരൻ; 'എന്റെ അനാതങ്കത്തിനു നിദാനം' ഗുരു. എന്തൊരു സമഞ്ജസമായ സഭംഗശ്ലേഷമാണു് നാം ഇവിടെയെല്ലാം കാണുന്നതു്! ചിതറാൽ ഭഗവതിയെപ്പററി

Digitized By Kerala Sahitya Akademi

യുള്ള അഷ്ടപ്രാസപേശലമായ ശാർദ്ദൂലവിക്രീഡിതപദ്യവും സഹൃദയഹൃദയാഹ്ലാദകരംതന്നെ.

ഈ ഉപന്യാസം ഇവിടെ അവസാനിപ്പിക്കാം. നളചരിതം നാലാംദിവസത്തെ ആട്ടക്കഥയുടെ അവസാനത്തിൽ,

"സംവർണ്ണ്യോദ്ദണ്ഡകേതുപ്രചുരവരചമൂ-
വേഷ്ടിതോ ഭീമനും വ-
ന്നാവിർമ്മോദം പുരസ്താൽ സഹ നിജസുതയാ
വ്യാഹരന്നൈഷധേന്ദ്രം."

എന്ന പദ്യമാണല്ലോ അച്ചടിച്ച പുസ്തകത്തിൽ കാണുന്നതു്. അതു കഴിഞ്ഞു നിശ്ചയമായി ഒരു പാദമെങ്കിലും കവി രചിച്ചിരിക്കണം. അതു് എനിക്കു് ഇതുവരെ കാണ്മാൻ സംഗതിവന്നിട്ടില്ല. ഗവേഷണകുശലന്മാരായ ഭാഷാഭിമാനികളുടെ ശ്രദ്ധയെ ഞാൻ ഇക്കാര്യത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ഇട്ടിരാരിശ്ശമേനോന്റെ സുഭദ്രാഹരണം ആട്ടക്കഥയുടെ അവസാനത്തിൽ.

"ബാലാൻ വിപ്രായ ദത്വാ പ്രിയസഖവിജയാ-
നാപി സാകം തദാനീം
ബാലാപത്യാ നന്ദനസ്യാശിഷമപി ശിരസാ
തസ്യ ഗൃഹ്ണൻ മഹാത്മാ
കേളീലോലാത്മരാത്ര്യാജനകരചരിലാ-
ള്യോരുപാദാംബുജോഽന്തേ
നാളീകാക്ഷഃ സ്വപുര്യാമഖിലനദ്വപരൈ-
മ്മാനിതാത്മാ വിരേജേ."

എന്നൊരു പദ്യം ഞാൻ കാണുകയുണ്ടായിട്ടുണ്ടു്. ഇങ്ങനെ മററനേകം ആട്ടക്കഥകളിലും അപ്രകാശിതാംശങ്ങൾ കണ്ടേക്കാവുന്നതാണു്.

# കല്യാണസൌഗന്ധികം.

'കല്യാണസൌഗന്ധികം' എന്ന ഗ്രന്ഥനാമത്തിലെ 'കല്യാണ' പദത്തിന് എന്താണ് അർത്ഥം? കല്യാണത്തിന് സ്വർണ്ണം എന്നൊരർത്ഥം എല്ലാ നിഘണ്ടുക്കളിലും കാണുന്നുണ്ട്. 'കല്യാണം കാഞ്ചനേ ശ്രേഷ്ഠേ' എന്ന ത്രികാണ്ഡശേഷം; 'കല്യാണമക്ഷയേ സ്വർണ്ണേ' എന്ന വിശ്വം; 'കല്യാണം ഹേമ്നി മങ്ഗളേ' എന്ന് അനേകാർത്ഥസംഗ്രഹം.

"കല്യാണം തു ശുഭേ ക്ലീബം
മങ്ഗലാക്ഷയയോഃ കർമ്മയോഃ;
ഹലായുധസ്സ്വർണ്ണപത്രേ
പാത്ര്യന്തരിസൂക്ഷ്മകേ"

എന്ന നാനാർത്ഥാർണ്ണവസംക്ഷേപം. ഇതിൽനിന്നെല്ലാം കല്യാണസൌഗന്ധികത്തിന് സ്വർണ്ണസൌഗന്ധികമെന്ന് അർത്ഥം കല്പിക്കാമെന്ന് സിദ്ധിക്കുന്നു. നമ്പിയാരുടെ 'കല്യാണസൌഗന്ധികം' എന്ന പദപ്രയോഗത്തെപ്പറ്റിയാണ് ഇപ്പോൾ ഒരു വാദം നടക്കുന്നത്. "പൊൻപൂവിതിലൊന്നെനിക്കുണ്ടെന്നു ധരിക്ക നീ" എന്നും "പൊൻപൂവു[illegible]ക്കുന്ന ഞങ്ങളേ വളച്ചു" എന്നും "പൊൻപൂ പറിക്കുന്ന നിന്നെ പിടിപെട്ടു" എന്നും നമ്പിയാർ തന്നെ പാടിയിരിക്കുന്ന സ്ഥിതിക്ക് കല്യാണപദത്തിന് സ്വർണ്ണമെന്നൊരർത്ഥം അദ്ദേഹം കല്പിച്ചിരുന്നു എന്ന് നിശ്ചയമായി ഊഹിക്കാം.

'കല്യാണസൌഗന്ധിക'മെന്നൊരു പദം ഇൻഡ്യയിലെ ഇതര ഭാഷാസാഹിത്യങ്ങളിൽ ഈ മഹാഭാരതകഥയിൽ കാണാതിരിക്കെ കേരളത്തിൽ മാത്രം ഇതെങ്ങനെ കടന്നുകൂടി എന്നുള്ളതു മറ്റൊരു പ്രശ്നമാകുന്നു. അതിനെപ്പറ്റി കേരളീയരിൽ പലരും അറിഞ്ഞിരിക്കുവാനിടയില്ലാത്ത ചില വിവരങ്ങൾ പ്രസ്താവിക്കുവാനാണ് ഞാൻ ഒരുമ്പെടുന്നത്.

Digitized By Kerala Sahitya Akademi

"മല്ലികാവേണിതൻ ചൊല്ലാലേ മാരുതി
കല്യാണസൌഗന്ധികത്തിനായി
വണ്ണം തിരഞ്ഞൊരു മാമല തന്നിലും
ചെന്നങ്ങു മെല്ലെക്കരേറുന്നേരം."

എന്നു ഭാരതഗാഥയിൽ കാണുന്നുണ്ടു്. ആ സ്ഥിതിക്കു ഭാരതഗാഥാകാരൻ ജീവിച്ചിരുന്ന കൊല്ലം ഏഴാം ശതകത്തിനുമുമ്പു് ഈ പദം ഏതു കേരളകവിയെങ്കിലും പ്രയോഗിച്ചിട്ടുണ്ടോ എന്നു ഇവിടെ നോക്കുവാനുള്ളു. കല്യാണസൌഗന്ധികം ഭാഷാചമ്പു ശ്രീമൂലം ഗ്രന്ഥാവലിയിൽ ആറാമത്തേ അങ്കമായി ഞാൻതന്നെ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. ആ ഗ്രന്ഥത്തിനു് 'കല്യാണസൌഗന്ധികം' എന്നു പേർ നല്കിക്കാണുന്നുണ്ടെങ്കിലും അതിനകത്തെങ്ങും 'കല്യാണ'പദം പ്രയോഗിച്ചിട്ടില്ല.

"ഉന്നിദ്രശോഭമതിൽ മിന്നും പ്രസൂനതതി
കണ്ണിന്നു പുണ്യപരിപാകം;
ഉരചെയ്തരിയ മേളം-കലരുമൊരു നാളം;
പലനിറമിതതിലളിതകന്ദന്നി രമതുകരാരു-
മധികതരരുചിരദലജാലം."

എന്നും

"ഊക്കേറും ഭീമസേനൻ പുനരതിൽ നടുവേ
ചാടിവീണാത്തരാഗം
വായ്ക്കും സൌഗന്ധികശ്രേണികൾ ചടിതൊടറു-
ത്തോരുനേരം ഗദാവാൻ
കേൾക്കായീ ഘോരഘോരം നവജലദഘടാ-
നാദപൂരം നടുക്കം
വാക്യാടോപങ്ങൾ വാപിരേണചിധി ഉള-
ക്കുന്ന രക്ഷാഭടോനാം."

എന്നും മററുമുള്ള വർണ്ണനകളും സൂചനകളുമേ അതിൽ കാണുന്നുള്ളു. ആ ഗ്രന്ഥം തന്നെ ഭാരതഗാഥയെ അപേക്ഷിച്ചു് അവാചീനമെന്നാണു് എന്റെ അഭിപ്രായം. ഭാരതഗാഥാകാരന്റെ സമകാലികനെന്നു ഞാൻ ഉദ്ദേശിക്കുന്ന അനന്തഭട്ടൻ ഭാരതചമ്പുവിൽ കല്ഹാരം,

Digitized By Kerala Sahitya Akademi

ഹല്ലകം, സൗഗന്ധികം എന്നീ പദങ്ങൾകൊണ്ടേ പെരുമാറുന്നുള്ളൂ. ക്രി. പി. പതിന്നാലാം ശതകത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന ബാലഭാരതകാരനായ അഗസ്ത്യഭട്ടനും കല്യാണപദം പ്രയോഗിക്കുന്നില്ല. അദ്ദേഹത്തിൻെറ മരുമകനായ വിശ്വനാഥകവിയുടെ സൌഗന്ധികാഹരണവ്യായോഗത്തിൻെറ അവസ്ഥയും ആ പദത്തെ സംബന്ധിച്ചു ഭിന്നമല്ല. ക്രി. പി. പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ക്ഷേമേന്ദ്രമഹാകവി ഭാരതമഞ്ജരിയിൽ പുഷ്പരാഹരണം എന്നാണു് പ്രസ്തുതകഥയ്ക്കു പേരിട്ടിരിക്കുന്നതു് അദ്ദേഹമാകട്ടെ വ്യാസഭഗവാനാകട്ടെ പ്രയോഗിക്കാത്ത 'കല്യാണ'പദം ഭാരതഗാഥാകാരനു് എവിടെനിന്നു കിട്ടി എന്നാണു് പരിശോധിക്കേണ്ടതു്.

പെരുമാൾ വാഴ്ചക്കാലത്തു്—കൗണ്ടി കണ്ടപ്പെട്ടത്തിയാൽ ക്രി. പി. ഒൻപതാം ശതകത്തിലോമറ്റോ—ജീവിച്ചിരുന്നതായി വിചാരിക്കേണ്ട നീലകണ്ഠകവിയുടെ കൃതിയായി ഒരു കിരാതാർജ്ജുനീയവ്യായോഗമുണ്ടു്. അതു ചാക്കിയാന്മാർ ധാരാളമായി അഭിനയിക്കുന്ന ഒരു രൂപകമാണു്.

ആ ഗ്രന്ഥത്തിൽ കവി തന്നെപ്പററി "അഹംബലപാശ്ചിമപ്രൈരാദിഷ്ടഃ.

അജ്ഞാതപൂർണ്ണേന ഗുണാദിഭിർഭിരഭിഷ്ടുതാനാം
കാത്യായനീചരണപങ്കജഭക്തിഭാജാം
ഷട്കർമ്മിണാം നിവസതൌ പരമാഗ്രഹാരേ
പ്രാപ്തപ്രസൂതിരുപസേവിതവാൻ ഗുരൂന്നഃ.

തദസ്യ നീലകണ്ഠനാമ്നഃ കല്യാണസൌഗന്ധികം നാമ നിബന്ധനശരീരമിദമഭിനയാലങ്കാരാലംകൃതമനുസന്ദർശ്യ ഇതി" എന്നു പ്രസ്താവിക്കുന്നു. ഇതിൽനിന്നു പാർവ്വതീദേവി കലദേവതയായുള്ള ഏതോ ഒരു സ്വാതന്ത്ര്യവും വിശിഷ്ടവുമായ അഗ്രഹാരത്തിൽ ജനിച്ച പണ്ഡിതനാണു് നീലകണ്ഠകവിയുടെ ഗുരു എന്നും ആ കവിയാണു് കല്യാണസൌഗന്ധികവ്യായോഗം രചിച്ചതെന്നും സിദ്ധിക്കു

Digitized By Kerala Sahitya Akademi

ന്നു. പ്രാചീനന്മാരായ മഹാകവികളുടെ നിബന്ധനങ്ങൾ (1) ഇരിക്കെ പുതിയ ഒരു രൂപകം എങ്ങനെ സാമാജികന്മാർക്ക് രുചിക്കുമെന്നുള്ള നടിയുടെ ചോദ്യത്തിനു സൂത്രധാരന്റെ സമാധാനം "ഭവതു ആശ്രിതവാത്സല്യവ്യസനീ നനു സജ്ജനസമൂഹഃ. അപിച

വിദ്യാനാമതിചിരസംസ്തവൈകദോഷാദ്–
ഭുക്താനാം ബഹുഗുണതാമചിന്തയിത്വാ
ഭോഗ്യാനാം സമുപനതൌ നവോദയാനാം
സർവ്വോപി പ്രമദമുപൈതി ജീവലോകഃ."

എന്നാകുന്നു. സജ്ജനങ്ങൾ ആശ്രിതവത്സലന്മാരാണ് എന്നുമാത്രമല്ല ഭുജിച്ച സാധനങ്ങൾക്ക് എന്തെല്ലാം ഗുണങ്ങളുണ്ടെങ്കിലും അവയെപ്പറ്റി ചിന്തിക്കാതെ പുത്തനായുള്ള ഭോഗ്യസാധനങ്ങൾ കൊണ്ടുവരുമ്പോൾ അവയെക്കണ്ടു സന്തോഷിക്കുന്നതു ജീവികളുടെ ധർമ്മവുമാണ്.

മഹേന്ദ്രവിക്രമപല്ലവന്റെ മത്തവിലാസപ്രഹസനം ചാക്യാന്മാർക്ക് അത്യന്തം പ്രിയമായ ഒരു രൂപകമാണല്ലോ. ആ പ്രഹസനത്തെ നീലകണ്ഠൻ "നൃത്യന്മത്തവിലാസമദ്യ ധനാപതേഃ പ്രീതിം കരിഷ്യാമ്യഹം" എന്നവസാനിക്കുന്ന പദ്യത്തിൽ സ്മരിക്കുന്നുണ്ടെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കല്യാണസൌഗന്ധികവ്യായോഗത്തിൽ കവി ഇതിവൃത്തത്തിൽനിന്നു ചില വ്യത്യാസങ്ങൾ വരുത്തീട്ടുണ്ട്. ഭീമസേനൻ

---

(1) ചാക്കിയാന്മാർ അഭിനയത്തിനു പ്രായേണ ഉപയോഗിച്ചുവന്ന രൂപകങ്ങൾ കുലശേഖരവർമ്മപ്പെരുമാളുടെ സുഭദ്രാധനഞ്ജയവും തപതീസംവരണവും, ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി (പ്രത്യേകിച്ചു പർണ്ണശാലാങ്കം, ശൂർപ്പണഖാങ്കം അശോകവനികാങ്കം ഈ ഭാഗങ്ങൾ), ഹർഷദേവന്റെ നാഗാനന്ദം (പ്രത്യേകിച്ചു നാലാമങ്കം) ഭാസന്റേതോ അല്ലയോ എന്നു ഇനിയും തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ലാത്ത പ്രതിജ്ഞായൌഗന്ധരായണത്തിലെ മന്ത്രാങ്കം (മൂന്നാമങ്കം), സ്വപ്നവാസവദത്തത്തിലെ സ്വപ്നാങ്കവും ശേഫാലികാങ്കവും, ദൂതഘടോൽകചം, ബാലചരിതത്തിലെ മല്ലാങ്കം, അഭിഷേകനാടകത്തിലെ ബാലിവധാങ്കവും തോരണയുദ്ധാങ്കവും, വിച്ഛിന്നാഭിഷേകം, കല്യാണസൌഗന്ധികവ്യായോഗം, മത്തവിലാസപ്രഹസനം, ഭഗവദജ്ജുകീയപ്രഹസനം, ഇവയാകുന്നു.

Digitized By Kerala Sahitya Akademi

ഹനൂമാനെ കാണുന്നതിനു മുൻപുതന്നെ സരസ്സിലേക്കു പോകുകയും സൌഗന്ധികങ്ങൾ ഹരിക്കുകയും, സൂക്ഷിപ്പുകാരനായ രാക്ഷസനെ ഓടിക്കുകയും ചെയ്യുന്നു. ഭാരതത്തിൽ വ്യാസഭഗവാന്റെ കബോമൻ എങ്ങനെ,

"ഗ്രഹ്ണാതു ഭീമോ ജലജാനി കാമം
കൃഷ്ണാനിമിത്തം; വിദിതം മമൈതൽ"

എന്നു പറയുന്നതാവാം, അതുപോലെ നീലകണ്ഠന്റെ കബോധം

"ക്ഷേത്രേ പാണ്ഡോരയം ജാതോ-
മാരുതാദ് ഭ്രാതരായുഷഃ
സൈപ്യരം ഹരതു ഭീമോ മേ
കുസുമാനി പ്രിയാകൃതേ."

എന്നു പറയുന്നു. അനന്തരം ദേവേന്ദ്രനാൽ പ്രയുക്തനായ കല്യാണകൻ എന്ന വിദ്യാധരനും അദ്ദേഹത്തിന്റെ പത്നി ഗുണമഞ്ജരിയും രംഗപ്രവേശം ചെയ്യുന്നു. സ്വർഗ്ഗലോകത്തിൽനിന്ന് അവർ ഭൂമിയിലേക്കു വരുമ്പോൾ വായു പ്രതികൂലമായി ചരിക്കുന്നതുകണ്ടു്

"ദേവമിത്രസ്യ ശക്രസ്യ
ശാസനാത്തവ പുത്രയോഃ
ഹനുമദ്ഭീമയോഃ കർത്തും
കല്യാണം ശര്യതേ മയാ."

"അല്ലയോ വായോ! ഭവാന്റെ ഇഷ്ടനായ ദേവേന്ദ്രന്റെ ആജ്ഞയെ അനുസരിച്ചു് അങ്ങയുടെ പുത്രന്മാരായ ഹനൂമാനും ഭീമനും കല്യാണത്തെ (പ്രത്യഭിജ്ഞാരൂപമായ മംഗളത്തെ) നല്കുവാനാകുന്നു ഞാൻ പോകുന്നതു്" എന്നു പറയുന്നു. അതുകേട്ടു വായു അനുകൂലനായിത്തീരുന്നു.

"മൂർദ്ധോദ്ധൂതസുരാപഗാംബുകണികാസംഘട്ടിതോഡുച്ഛടാ
സ്ഫീതോദഞ്ചിതനീലമണ്ഡലഗളാന്തരാപ്ത
ഭൂതോദ്ധാരമഹോത്സവാമലമനസ്സമ്മുഗ്ദ്ധ-
സിദ്ധാവൃതശോഭമാനായ നമശ്ശിവായ."

എന്ന സുപ്രസിദ്ധമായ ശിവസ്തുതിപദ്യം ഈ വ്യായോഗത്തിലുള്ളതാകുന്നു. ഹനൂമാനും വൃകോദരനും അന്യോന്യം അറിഞ്ഞറിയാ

Digitized By Kerala Sahitya Akademi

തെ കൗരവരുമായി യുദ്ധംചെയ്യുന്നതിനു ഭാവിക്കുമ്പോൾ കല്യാണകൻ ഇടയ്ക്കു നിന്നുകൊണ്ടു്

"ഹനൂമൻ, ഭീമ, യുവയോർ-
ഭ്രാത്രോർജ്യേഷ്ഠകനിഷ്ഠയോഃ
മാരുത്യോഃ കിമിദം ഘോര-
മസാമ്പ്രതമുപസ്ഥിതം?"

"അല്ലയോ ഹനൂമൻ, ഭീമസേന, ജ്യേഷ്ഠാനുജന്മാരും വായുനന്ദനന്മാരുമായ നിങ്ങൾ തമ്മിൽ അനുചിതമായ ഈ ഘോരയുദ്ധം എന്തുകൊണ്ടു സംഭവിക്കുന്നു? "എന്നു ചോദിക്കുന്നു. അപ്പോൾ സഹോദരന്മാർ തമ്മിൽ സ്നിഗ്ദ്ധന്മാരായി ഭീമസേനൻ അഭിവാദനം ചെയ്യുകയും ഹനൂമാൻ ആശീർവ്വദിക്കുകയും ചെയ്യുന്നു. പിന്നീട് ഹനൂമാൻ വിദ്യാധരൻ ആരെന്നു ചോദിക്കുകയും അതിനു മറുപടിയായി അദ്ദേഹം "അഹം പുരന്ദരസ്യനിയോഗകാരീ "കല്യാണകോ നാമ വിദ്യാധരഃ.........സ്വാമിനാ സമാദിഷ്ടഃ യഥാ രാമലക്ഷ്മണയോരിവ ഭ്രാതൃത്വം യുവയോരവബോധയേതി" അതായതു് "ഞാൻ ദേവേന്ദ്രന്റെ സേവകനായ കല്യാണകനെന്ന വിദ്യാധരനാകുന്നു, നിങ്ങൾക്കു് രാമലക്ഷ്മണന്മാർക്കെന്നപോലെ ഉള്ള ഭ്രാതൃത്വം നിങ്ങളെ ധരിപ്പിക്കുന്നതിനുവേണ്ടി എന്റെ സ്വാമി എന്നെ നിങ്ങളുടെ സന്നിധിയിലേക്കയച്ചു" എന്നു പറകയും ചെയ്യുന്നു. 'രാമ' പദം കേട്ടപ്പോൾ ഹനൂമാൻ മൂർച്ഛിതനാകുന്നു; ഭീമനും കല്യാണകനും സമാശ്വസിപ്പിക്കുന്നു. പിന്നെ ഹനൂമാൻ

"ശാഖാമൃഗോസ്മി തരുപല്ലവമാത്രസാരഃ
സ്തുത്യസ്സതാം സദസി യസ്യ പരിഗ്രഹേണ;
തേന ത്വയാ വിരഹിതോ രഘുനന്ദനേന
ഭാരം മഹാന്തമിവ ജീവിതമുദ്വഹാമി."

എന്നും മറ്റും പ്രലപിക്കുന്നു. "അടിയൻ കേവലം ഒരു കുരങ്ങാണു്. വൃക്ഷങ്ങളുടെ തളിരുകൾ മാത്രമാണു് അടിയന്റെ സ്വത്തു്. അങ്ങനെയുള്ള അടിയനെ നിന്തിരുവടി സ്വീകരിച്ചതുകൊണ്ടല്ലയോ അടിയൻ യോഗ്യന്മാരുടെ പരിഷത്തിൽ സ്തുത്യനായി ഭവിച്ചതു്. അല്ലയോ രഘുനന്ദന, നിന്തിരുവടിയോടുകൂടാതെയുള്ള ഈ ജീവിതത്തെ അടിയൻ ഒരു പെരുഞ്ചുമട്ടുപോലെയാകുന്നു ചുമക്കുന്നതു്" എന്നാണു് ഈ ശ്ലോകത്തിന്റെ അർത്ഥം.

Digitized By Kerala Sahitya Akademi

ഇത്രയും പ്രസ്താവിച്ചതിൽനിന്നു് കല്യാണസൌഗന്ധികമെന്നു ഈ വ്യായോഗത്തിനു പേർ വന്നതു കല്യാണകനെന്ന വിദ്യാധരൻ ഹനൂമാനും ഭീമസേനനും കല്യാണത്തെച്ചെയ്യുന്നതുകൊണ്ടാണെന്നു വിശദമാകുന്നുണ്ടല്ലോ. കല്യാണകനെന്നപേർതന്നെ കവി വിദ്യാധരനു അന്വർത്ഥമായി നല്കിയതായിരിക്കണം. കാർത്തികതിരുനാൾ മഹാരാജാവു തന്റെ കല്യാണസൌഗന്ധികം ആട്ടക്കഥയിൽ കല്യാണസൌഗന്ധികം എന്ന പദംതന്നെ പ്രയോഗിക്കുന്നുണ്ടു്. ആ ഗ്രന്ഥത്തിലും ഹനൂമൽഭീമസേനന്മാരെ യുദ്ധത്തിൽനിന്നു് വിനിവർത്തിപ്പിക്കുന്നതു് വിദ്യാധരനാകുന്നു.

"ജന്യേ ജഞ്ജന്യമാനേ പവനതനയയോ-
രിന്ദ്രസന്ദേശതസ്തൌ
രുദ്ധ്വാ വീരൌ കഥഞ്ചിദ് ഗിരമിതി മധുരാ-
മാഹ വിദ്യാധരേന്ദ്രഃ."

എന്നു് അവസാനിക്കുന്ന ശ്ലോകവും "വായുനന്ദനവീരഹനൂമൻ വിരമ സംഗരാൽ നീ" എന്ന പദവും നോക്കുക. 'ജംഭനിഷൂദനവചസാ ഞാനും നിങ്ങടെ സവിധേ വന്നേൻ' എന്നിങ്ങനെ ആ പദത്തിലും വിദ്യാധരന്റെ സ്വാമിയുടെ സൂചനയുണ്ടു്. ഇതു നോക്കുമ്പോൾ കാർത്തികതിരുനാൾ മഹാരാജാവു് മഹാഭാരതത്തെത്തന്നെയാണു് പ്രായേണ അനുകരിക്കുന്നതെന്നു വരികിലും ആ ഗ്രന്ഥത്തിനു കല്യാണസൌഗന്ധികവ്യായോഗവും ഉപജീവ്യമായിരുന്നു എന്നു വെളിപ്പെടുന്നു. ആട്ടക്കഥയിൽ ഹനൂമാന്റെ ഉപദേശം വാങ്ങിയതിനു മേലാണു് ഭീമസേനൻ സരസ്സിലേക്കു പോകുന്നതു്. അതു മഹാഭാരതത്തിലെ രീതി പിടിച്ചുകൊണ്ടുള്ള കഥനമാകുന്നു. വ്യായോഗകാരൻ ആ സന്ദർഭത്തിൽ പ്രത്യക്ഷമായ പ്രക്രമഭംഗം വരുത്തിയതു ധീരോദാത്തനായ (നായകന്റെ) ഭീമസേനന്റെ മാററു കൂട്ടുന്നതിനുവേണ്ടിയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇനി കുഞ്ചൻനമ്പിയാർ പ്രസ്തുതവ്യായോഗം വായിച്ചിരുന്നു എന്നുള്ളതിനു രണ്ടുദാഹരണങ്ങൾ കാണിക്കാം.

"പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ്പ്പഴുത്തപഴങ്ങളും



Digitized By Kerala Sahitya Akademi

ഉച്ചൈശ്രവസ്സിനെ കണ്ടാൽപ്പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചു ദിക്കെങ്ങും
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്നു വാഴകൾ.
* * * *
പക്ഷികൾ വന്നിപ്പഴുത്ത പഴങ്ങളെ-
ബ്ഭക്ഷിക്കമാറില്ല പേടികൊണ്ടാരുമേ."

എന്നു് അദ്ദേഹം കദളീവനവർണ്ണനാവസരത്തിൽ ഗാനംചെയ്യുന്നു. വ്യായോഗകാരൻ

"വാതേരിതപ്രചലനീലദലാകുലോയം
പക്വൈഃ ഫലൈശ്ശബളിതഃ കദളീവനാന്തഃ
ആഭാതി വിദ്രുമലതാവിടപൈഃ പ്രഭിന്നഃ
തുങ്ഗതരങ്ഗപരികീർണ്ണ ഇവാംബുരാശിഃ."

എന്നും "നാകിഞ്ചിന്മൃഗപക്ഷിഭിരപി പരിണാമം ഫലമവലുപ്യതേ" എന്നും വർണ്ണിക്കുന്നു. പവിഴവും പച്ചക്കല്ലും കലർന്നുള്ള മാലയെന്നു് നമ്പിയാർ; നീലദളങ്ങളുണ്ടാകയാൽ പവിഴക്കൊടികളോടു കൂടിയ സമുദ്രമെന്നു നീലകണ്ഠൻ. പക്ഷികൾ ആ പഴങ്ങൾ ഭക്ഷിക്കുന്നില്ലെന്നു് നമ്പിയാർ; മൃഗങ്ങളും പക്ഷികളും ഭക്ഷിക്കുന്നതില്ലെന്നു നീലകണ്ഠൻ. ഈ വർണ്ണനം ഇതരഗ്രന്ഥങ്ങളിൽ ഇല്ലാത്തതാണെന്നു കൂടി ഇവിടെ വക്തവ്യമായുണ്ടു്. തന്റെ വിക്രമപ്രക്രമങ്ങൾ ഹനുമാൻ താനെന്നു് ആളറിയിക്കാതെ പറഞ്ഞുകേൾപ്പിക്കുന്ന ഘട്ടത്തിൽ നമ്പിയാരുടെ ഭീമസേനൻ

"ശ്രീരാമദാസൻ പവനാത്മജനത്രേ
ശ്രീഹനുമാൻ മഹാവീര്യപരാക്രമൻ;
അദ്ദേഹമെങ്ങു ഭവാനെങ്ങു ഹാഹന്ത!
ദുർഗ്രഹ വൃദ്ധപ്ലവങ്ഗ, മതിമതി!
പക്ഷീന്ദ്രനാകും ഗരുഡനോടൊത്തിട്ടു
മക്ഷികക്കൂട്ടം മദിക്കും കണക്കിനെ."

എന്നു പറയുന്നു. വ്യായോഗത്തിലെ ഹനുമാൻ

Digitized By Kerala Sahitya Akademi

"അപാരം ഗോഷ്പദവദ്വിലംഘ്യ ജലധിം
    നക്തഞ്ചരാണാം ഗണാൻ
ഹത്വാ പാതദന്തകോടിലിഖിതൈ-
    വ്വക്ഷഃസ്ഥലൈർഭീഷണാൻ
പ്ലുഷ്ട്വാ യേന പുരാ കനൈദ്രീനഗരതോ-
    പ്യസ്പൃഷ്ടപൂർവാ ഭയാ-
ല്ലങ്കാ; കിന്നു സ വാനരോ വദ ജഗ-
    ത്യസ്മിൻ നവാ വിശ്രുതഃ?"

എന്നു തന്റെ പരാക്രമത്തെ പ്രശംസിക്കുകയും അതിനു് ഭീമസേനൻ "ദേഹമപി വാനരസ്ത്വമപി വാനരഃ!" എന്നു തന്റെ പുച്ഛരസത്തെ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതിൽനിന്നെല്ലാം നമ്പിയാർ ധ്രുവചരിതം തുള്ളലിൽ സൂചിപ്പിക്കുന്ന കല്യാണസൗഗന്ധികം പ്രസ്തുതവ്യായോഗം തന്നെയെന്നു വ്യക്തമാകുന്നു. 'നല്ല ധനഞ്ജയം' എന്നു നമ്പിയാർ പറയുന്നതു് കുലശേഖരവർമ്മാവിന്റെ സുഭദ്രാധനഞ്ജയത്തെപ്പറ്റിത്തന്നെയാണെന്നുള്ളതിൽ പക്ഷാന്തരത്തിനു് അവകാശമില്ല. ആശ്ചര്യചൂഡാമണിക്കു ചൂഡാമണിയെന്നും തപതീസംവരണത്തിനു് സംവരണമെന്നും സുഭദ്രാധനഞ്ജയത്തിനു ധനഞ്ജയമെന്നുമുള്ള ചുരുക്കപ്പേർ കേരളത്തിൽ സാധാരണവും സംസ്കൃതഭാഷയിൽ വൈയാകരണസമ്മതവുമാകുന്നു.

'കല്യാണസൗഗന്ധിക'ത്തിനു് 'കല്യാണത്തെ ചെയ്യുന്ന സൗഗന്ധികം' എന്നു ചെയ്യുന്ന അർത്ഥകല്പന അസംഗതമല്ല. പക്ഷേ ആ കല്യാണം പാഞ്ചാലിയെ സംബന്ധിച്ചുള്ളതല്ല, ഹനൂമദ്ഭീമസേനന്മാരെ സംബന്ധിച്ചുള്ളതെന്നാണു് വ്യായോഗത്തിൽ നിന്നു് വെളിവാകുന്നതു്. നമ്പിയാർ കല്യാണസൗഗന്ധികവ്യായോഗം വായിച്ചിരുന്നു എങ്കിലും അദ്ദേഹം 'കല്യാണസൗഗന്ധിക'പദത്തിനു് കേവലം സ്വർണ്ണമയമായ സൗഗന്ധികം എന്നേ അർത്ഥം കല്പിച്ചിരുന്നുള്ളു എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

'സൗഗന്ധികം തു കല്ഹാരം ഹല്ലകം രക്തസന്ധ്യകം' എന്ന അമരസിംഹവാക്യത്തിൽ സൗഗന്ധികവും കല്ഹാരവും വെളുത്ത കല്ഹാരത്തിന്റെ പേരു്, ഹല്ലകവും രക്തസന്ധ്യകവും

Digitized By Kerala Sahitya Akademi

ചുവന്ന കല്ഹാരത്തിന്റെയും പുഷ്പങ്ങളാണെന്ന വ്യാഖ്യാതാക്കന്മാർ പ്രതിപാദിക്കുന്നു. സുഗന്ധകരണം ശിവമാകയാലാണു് സൌഗന്ധികം എന്ന പേർ വന്നതു് രക്തസന്ധ്യകമെന്നാൽ സന്ധ്യപോലെ രക്തവർണ്ണം പ്രാപിച്ചിട്ടുള്ളതെന്നു് അർത്ഥം.

"പുഷ്പഗന്ധസ്സുഖസ്പർശോ
വവൌ തത്ര സമീരണഃ"

എന്ന വാക്യത്തിലാണല്ലൊ വ്യാസഭഗവാൻ ഈ കഥയെ ഉപക്രമിപ്പിക്കുന്നതു്. ആ വാസനയാണു് ആദ്യമായി പാണ്ഡവന്മാരേയും പാഞ്ചാലിയേയും ആഹ്ലാദിപ്പിക്കുന്നതു്; പിന്നീടേ പുഷ്പം കാറ്റിൽ പറന്നുവന്നു് അവരുടെ മുമ്പിൽ പതിക്കുന്നുള്ളു. അതുകൊണ്ടു സൌഗന്ധികം എന്ന പേർ പുഷ്പത്തിനു് ഏറ്റവും യോജിച്ചതുതന്നെ. വ്യാസൻ ആ പുഷ്പത്തെ

"തസ്യാം ലക്ഷ്യാം മഹാരാജ സൌഗന്ധികവനം മഹൽ
അപശ്യൽ പ്രീതിജനനം ബാലാർക്കസദൃശദ്യുതി."

എന്നും

"താം തു പുഷ്കരിണീം രമ്യാം—ദിവ്യസൌഗന്ധികാവൃതാം
ജാതരൂപമയൈഃ പത്മൈ—ശ്ഛന്നാം പരമഗന്ധിഭിഃ
വൈഡൂര്യവരനാളൈശ്ച—ബഹുചിത്രൈർമ്മനോരമൈഃ
ഹംസകാരണ്ഡവോദ്ധൂതൈ—സ്സൃജദ്ഭിരമലം രജഃ."

എന്നുമുള്ള പദ്യങ്ങളിൽ വർണ്ണിക്കുന്നതിൽനിന്നു് അതിന്റെ നിറം സൌവർണ്ണമാണെന്നും എന്നാൽ അതിൽ ചുമപ്പുംകൂടി കലർന്നിട്ടുണ്ടെന്നും ഊഹിക്കാം. അങ്ങനെയാണെങ്കിൽ ചെങ്ങഴിനീർപ്പൂവെന്നു വിചാരിക്കുന്നതും ശരിയായിരിക്കും. ഈ അംശത്തെ ഒന്നുകൂടി വ്യക്തമാക്കി ക്ഷേമേന്ദ്രൻ പറയുന്നതു്.

"വൈഡൂര്യനാളരുചിരൈഃ ശോണതാമ്രച്ഛദൈഃ
ഭൂഷിതാമുലതാമോദൈഃ പുഷ്പൈഃ കനകകർണ്ണികൈഃ."

എന്നാണു്. കുബേരന്റെ സൌഗന്ധികപുഷ്പങ്ങളുടെ നാളങ്ങൾ വൈഡൂര്യംകൊണ്ടും ഇതളുകൾ പത്മരാഗംകൊണ്ടും അല്ലി സ്വർണ്ണംകൊണ്ടും നിർമ്മിക്കപ്പെട്ടിരിക്കുന്നവയത്രേ. അങ്ങനെയാകുമ്പോൾ

Digitized By Kerala Sahitya Akademi

'വ്യാമാംക്ഷോദ്രശല്യതി' എന്നും 'ജാതരൂപമയൈഃ' എന്നുമുള്ള വ്യാസന്റെ വാക്കുകൾക്കു തമ്മിൽ വിപ്രതിപത്തിയില്ലാതെ എല്ലാം അവദാതമായി പരിണമിക്കുന്നു.

വ്യാസഭഗവാന്റെ ആഖ്യാനത്തിൽ എനിക്കു് അത്യന്തം ഹൃദ്യമായി തോന്നീട്ടുള്ള ഭാഗം ക്രോധവശന്മാർ ഭീമനോടു സൌഗന്ധികപുഷ്പം വേണമെങ്കിൽ തങ്ങളുടെ സ്വാമിയായ കുബേരനെ കണ്ടു യാചിച്ചു വാങ്ങിക്കൊള്ളണമെന്നു പറയുന്നതിനു് ആ ക്ഷത്രിയവരൻ ചെല്ലുന്ന മറുപടിയാണു്.

“രാക്ഷസാസ്തം ന പശ്യാമി—ധനേശ്വരമിഹാന്തികേ;
ദൃഷ്ട്വാപി ച മഹാരാജം—നാഹം യാചിതുമുത്സഹേ.
ന ഹി യാചന്തി രാജാന—ഏഷ ധർമ്മസ്സനാതനഃ;
ന ചാഹം ഹാതുമിച്ഛാമി—ക്ഷാത്രധർമ്മം കഥഞ്ചന.
ഇയഞ്ച നളിനീ രമ്യാ—ജാതാ പർവ്വതനിർഝരേ;
നേയം ഭവനമാസാദ്യ കുബേരസ്യ മഹാത്മനഃ.
തുല്യാ ഹി സർവ്വഭൂതാനാ—മിയം വൈശ്രവണസ്യ ച;
ഏവംഗതേഷു ദ്രവ്യേഷു—കഃ കം യാചിതുമർഹതി?”

“കല്യമയാ രാക്ഷസന്മാരേ, ഞാൻ നിങ്ങളുടെ ആ ധനേശ്വരനെ ഇവിടെ സമീപത്തെങ്ങും കാണുന്നില്ല. അദ്ദേഹത്തെ കണ്ടാൽപോലും ഞാൻ യാചിക്കുവാൻ ഉദ്യമിക്കുന്നതുമല്ല. രാജാക്കന്മാർ യാചിക്കുന്നവരല്ല എന്നുള്ളതു സനാതനധർമ്മമാകുന്നു; ആ ക്ഷത്രിയധർമ്മത്തെ ഞാനായിട്ടു നശിപ്പിക്കുവാൻ ഇച്ഛിക്കുന്നില്ല. ഈ മനോഹരമായ നളിനി മലയുടെ ചരിവിൽനിന്നുണ്ടായതാണു്, കുബേരന്റെ ഗൃഹത്തിൽനിന്നല്ല. തന്നിമിത്തം ഇതു് അദ്ദേഹത്തിനും അതുപോലെ സർവ്വജനങ്ങൾക്കും ഒപ്പമായി അനുഭവിക്കത്തക്കതാകുന്നു. ഇത്തരത്തിലുള്ള ദ്രവ്യങ്ങൾക്കു് ആർ ആരെ യാചിക്കണം?” എത്ര പുളകപ്രദമായ പ്രത്യുത്തരം! എത്ര യുക്തിയുക്തമായ പ്രതിവാദം! മഹാഭാരതകാരനായ ആ മഹർഷിക്കല്ലാതെ ഈവിധത്തിലുള്ള സൂക്തിരത്നങ്ങൾ സുലഭങ്ങളല്ലെന്നു ഞാൻ പറയേണ്ടതുണ്ടോ?

Digitized By Kerala Sahitya Akademi

“ധാരാംഗനേവ നളിനീ വിജ്ഞഃ കസ്യ പരിഗ്രഹഃ?”

എന്നു മേൽ കാണിച്ച വ്യാസന്റെ ആശയത്തെ ഒന്നു് അലങ്കാരവാർണ്ണിഷിട്ടു മോടിപ്പെടുത്തി വ്യാസദാസൻ (ക്ഷേമേന്ദ്രൻ) ആവിഷ്കരിക്കുന്നു. “വേശ്യയെപ്പോലെയുള്ള ഈ നളിനി ആരുടെ സ്വന്തം ഭാര്യയാണു്?”

വ്യാസൻ പ്രസ്തുതപുഷ്കരിണിയെ

“കാഞ്ചനൈർവിമലൈഃ പത്മൈ-
രുദ്ദർശ വിമലാം നദീം
ഹംസകാരണ്ഡവയുതാം
ചക്രവാകോപശോഭിതാം
രചിതാമിവ ധന്യാമദ്ര-
സ്ഥലാം വിമലപങ്കജാം
തസ്യാം നദ്യാം മഹാസത്വഃ”
* * * *
“കൈലാസശിഖരേ രമ്യേ
ദദർശ ശുഭകാനനേ
കുബേരഭവനാഭ്യാശേ
ജാതാം പർവ്വതനിർഝരേ”

എന്നും മററും വർണ്ണിക്കുന്നുണ്ടു്. ഭീമസേനന്റെ ഈ മറുപടി രാക്ഷസന്മാരെക്കൊണ്ടു് അവരുടെ ബുദ്ധിമുട്ടുകൾ—കുബേരന്റെ പത്തുനൂറിൽ കുറയില്ലാത്ത പരിഗ്രഹങ്ങൾക്കു പൊൻപൂവും മററും കൊണ്ടു കൊടുക്കാതെയിരുന്നാൽ ഉണ്ടാവുന്ന വിപത്തുകൾ—അതിഭംഗിയായ് പ്രസംഗിപ്പിക്കുന്ന നമ്പിയാർ പാഠാവർത്തനം ചെയ്യാത്തതു നമ്മുടെ ഭാഗ്യദോഷമായിപ്പോയി. കുഞ്ചന്റെ അനുഗൃഹീതമായ രസനയിൽ കൂടി വന്നാൽ ആ പ്രത്യുത്തരം എത്ര ഉദാത്തമായിരിക്കും? എത്ര ഉത്തേജകമായിരിക്കും?

Digitized By Kerala Sahitya Akademi

# ധർമ്മരാജാവിന്റെ

# രാമേശ്വരയാത്ര.

---

ഇക്കാലത്തു തിരുവിതാംകൂർ, കൊച്ചി മുതലായ രാജ്യങ്ങളിലെ മഹാരാജാക്കന്മാരും അവരുടെ പ്രജകളും കാശി, രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതു സാധാരണമാണെങ്കിലും, പണ്ടു് അത്തരത്തിലുള്ള പ്രയാണങ്ങൾ വളരെ വളരെ വിരളങ്ങളായിരുന്നു. തിരുവിതാംകൂറിൽനിന്നു് ഒന്നാമതായി രാമേശ്വരത്തേയ്ക്കു് എഴുന്നള്ളിയ മഹാരാജാവു് കൊല്ലം ൯൦൫ കന്നി ൩-ാംനു- തിരുമുല്പെറ്റു്, ൯൩൩ ചിങ്ങം ൨൨-ാംനു- തീപ്പെട്ട വീരവിവർമ്മകുലശേഖരപ്പെരുമാളാകുന്നു. അവിടുന്നു് തിരുവനന്തപുരത്തു് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ തിരുപ്പണി മിക്കവാറും നിർവഹിച്ചതിനു ശേഷം ൯൨൫ മകരത്തിൽ രാമേശ്വരത്തേയ്ക്കു യാത്രപുറപ്പെട്ടു് ആ മാസം ൪-ാംനു- വരെ കൽക്കുളത്തും ൧൨-ാം നു- വരെ ഭൂതപ്പാണ്ടിയിലും താമസിച്ചു് ൨൧-ാംനു- ഏകാദശിനാളിൽ രാമേശ്വരത്തെത്തുകയും ൨൫-ാംനു- സോമവാരവും തിരുവോണവും അമാവാസ്യയും വ്യതീപാതയോഗവും കൂടിയ മഹോദയപുണ്യകാലത്തിൽ ധനുഷ്കോടിയിൽ സ്നാനം ചെയ്തു രാമനാഥസ്വാമിയെ തൊഴുകയും കുംഭം ൪-ാംനു- കൽക്കുളത്തു കൊട്ടാരത്തു കോവിലകത്തും ൨൩-ാംനു- തിരുവനന്തപുരത്തും തിരിച്ചെഴുന്നള്ളുകയും ചെയ്തു.

തിരുവിതാംകൂർ മഹാരാജവംശത്തിൽ രണ്ടാമതായി രാമേശ്വരം സന്ദർശിക്കുവാനുള്ള ഭാഗ്യം ലഭിച്ചതു് ധർമ്മരാജാവു്, എന്നു ഭാരതവർഷമെങ്ങും പ്രസിദ്ധനായിത്തീർന്ന കാർത്തികതിരുനാൾ രാമവർമ്മ തമ്പുരാൻ തിരുമേനിക്കാണു്. അവിടുന്നു കൊല്ലം ൯൩൩ മിഥുനം ൧൭-ാംനു- മുതൽ ൯൭൩ കുംഭം ൬-ാംനു- വരെ ഏകദേശം ൪൦ വർഷങ്ങളോളം രാജ്യഭാരം ചെയ്തു. രാമനാഥസ്വാമിയെ ആരാധിക്കുന്നതിൽ പ്രത്യേകം പ്രതിപത്തിയുള്ള ആസ്തികനായിട്ടാണു് ആ മഹാരാജാവിനെ നാം രാജ്യഭാരകാലത്തിന്റെ ആരംഭം മുതൽക്കുതന്നെ അറിയുന്നതു്. ൯൩൪ തുലാം ൨൭-ാംനു- രാമനാ

Digitized By Kerala Sahitya Akademi

ഥത്തിലെ ചോഴാഴിനാട്ട കാക്കൂർഗ്രാമം അഡിട്ടുന്ന നാലായിരം വരാഹൻ കൊടുത്തു വിലയ്ക്കു വാങ്ങി അതു രാമനാഥസ്വാമിക്ഷേത്രത്തിൽ ചില ധൎമ്മങ്ങൾ നടത്തുവാൻ സമർപ്പണംചെയ്തു. അതുസംബന്ധിച്ചുള്ള ശിലാശാസനത്തിൽ, "തൃപ്പാപ്പൂർ സ്വരൂപമാന അധീനത്തിൽ ശ്രീപത്മനാഭദാസവഞ്ചിപാലരാമവൎമ്മകുലശേഖരപ്പെരുമാൾ മഹാരാജാവവർകൾ രാമേശ്വരത്തിൽ ശ്രീരാമനാഥസ്വാമിക്കു കട്ടളൈ നടത്തുവതർക്കാക കാക്കൂരുക്കു ക്രയദാനശാസനപട്ടയം എഴുതിക്കൊടുത്തപടി ക്രയദാനമായിതു. കാക്കൂരുക്കു ക്രയം വരാഹൻ നാലായിരം, ഇന്ത നാലായിരം വരാഹനും റൊക്കം പററിക്കൊണ്ടപടി യിനാലെ തടാതകൈ (1) നാട്ടിൽ കാക്കൂർഗ്രാമത്തുക്കു എല്ലൈ..." എന്നീ പ്രസ്താവം കാണുന്നു. പ്രസ്തുത ധർമ്മങ്ങൾ ഇന്നും യാതൊരു വിലോപമോ വിച്ഛിത്തിയോ കൂടാതെ നടന്നുപോരുന്നുണ്ട്. കാക്കൂർഗ്രാമത്തിൽപ്പെട്ട വസ്തുക്കൾക്കു ബ്രിട്ടീഷു ഗവൺമെന്റു കരം ചുമത്തുന്നില്ല. ആ വസ്തുക്കളെ തിരുവിതാംകൂർ സർക്കാരിൽനിന്നു ഒരു ഉദ്യോഗസ്ഥൻമുഖേന ഭരിക്കുകയും അവയിലെ ആദായം കൊണ്ടു കട്ടള നിൎവ്വഹിക്കുകയും ചെയ്യുന്നു.

കാർത്തികതിരുനാൾ മഹാരാജാവിന്റെ രാമേശ്വരയാത്രയെ വിഷയീകരിച്ചു രചിച്ചിട്ടുള്ള രണ്ടു പ്രബന്ധങ്ങൾ എന്റെ കൈവശമുണ്ട്. അവയിൽ ഒന്നു മലയാളഭാഷയിൽ, തുള്ളൽക്കഥയുടെ മട്ടിൽ, ഏററുമാനൂർക്കാരനും നയനവികലനുമായ ഒരു മാരാർ എഴുതീട്ടുള്ളതാണ്. മറേറതു തെക്കൻതിരുവിതാംകൂറിലെ തമിഴ്ഭാഷയിൽ അജ്ഞാതനാമാവായ ഒരു കവി വില്ലടിച്ചാൻപാട്ടുകാരുടെ ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഒരു പാട്ടാകുന്നു. രണ്ടാമത്തെ പ്രബന്ധം എനിക്കു ഗവേഷണകുശലനും ഭാഷാഭിമാനിയുമായ ശ്രീമാൻ അംശി രാമൻപിള്ള അയച്ചുതന്നതാണ്. ആദ്യത്തേതു് എന്റെ കൈയിൽ വന്നിട്ടു കാലം കുറെയായി. രണ്ടു കൃതികളിലും വിജ്ഞേയങ്ങളായ വിവരങ്ങൾ പലതുമുണ്ട്. അവയെ ആസ്പദമാക്കിയാകുന്നു ഞാൻ ഈ ഉപന്യാസരചനയ്ക്കു ഒരുങ്ങുന്നതു്.

---

(1) തടാതക=മധുര മീനാക്ഷി.

Digitized By Kerala Sahitya Akademi

കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലെ മാതാവായ ശ്രീപാർവ്വതീബായി കൊല്ലം ൮൯൫-ൽ കോലത്തുനാട്ടു രാജകുടുംബത്തിൽ നിന്നു് ആററിങ്ങൽ സ്വരൂപത്തിലേയ്ക്കു ദത്തെടുക്കപ്പെട്ട കാർത്തികതിരുനാൾ തമ്പുരാട്ടിയായിരുന്നു. ആ തമ്പുരാട്ടിക്കു് ആററിങ്ങൽ മൂപ്പുസിദ്ധിച്ചതു് 926-ൽ മാർത്താണ്ഡവർമ്മമഹാരാജാവിൻെറ മാതാവിൻെറ കനിഷ്ഠസഹോദരി തീപ്പെട്ടതിനു മേലാണു്. അവിടുന്നു് 957-ൽ ഇടവം 30-ാംനു- ആററിങ്ങൽവച്ചു നാടുനീങ്ങി. ആ സംഭവം നമ്മുടെ തമിഴ്ക്കവി താഴെ കാണുന്ന വിധത്തിൽ വർണ്ണിക്കുന്നു.

"ആററിങ്ങൽ മൂപ്പാണ്ടിരുക്കും അമ്മതമ്പുരാൻ തനക്കേ
നേററ (1) മെഴ തിരുവുടമ്പിൽ ചേർന്തുവന്ത അലതിയം
അലതിയം (2) ഏറിനതാൽ അരുമൈ വൈത്തിയരെന്തവരോടേ
ശീലതയും (3) ഇനിവേണ്ടാമെൻറു തിരുവുള്ളം പാറിട്ടവാർ.
ഇരുന്ത മനക്കുത്തുയരെഴമാ; അൻറു തിരുമനം താനിരങ്കി
അൻറു തിരുമനം താനിരങ്കിയന്തണർക്കു ദാനമിട്ടാർ.
തനം പലവകൈ മികക്കൊടുത്തു സഹസ്രനാമങ്കൾ ജപിത്തപ്പാരു
ആറപ്പടവീട്ടിൽ (4) മന്തിരിമാരാകളുമവർകൊണ്ടവർകളെല്ലാം
എല്ലാം ത്തുമവർകൊണ്ടമ്മതമ്പുരാനും, ഏററ തിരുവൈന്തർ
തിരുവടിയിൽ
നല്ല തിരുമുടി തൈച്ചാർത്തി നന്മയുടൻ പത്തികൊണ്ടുനേരം
നിൻറു പച്ചത്തേരും വന്തു
പൊരുളും പടിയെൻറു കൈലാസത്തിൽ പുകന്താർ അരുൾപ്പാരം (5)
ചൊൻറുകൊണ്ടാരേ"

അവിടത്തെ തിരുമാസം 958 ഇടവം 23-ാംനു- നിർവ്വഹിച്ചതിനുശേഷം രാമേശ്വരത്തേയ്ക്കെഴുന്നള്ളുകയുണ്ടായ മഹാരാജാവു തിരിച്ചപ്പെടുത്തി, അർക്കാട്ടുനവാബായ മഹമ്മദലിയേയും ഇംഗ്ലീഷു്

(1) നേററം=(നേററി) നന്മ.
(2) അലതിയം=ആലസ്യം.
(3) ശീലത=ചികിത്സ.
(4) ആറപ്പടവീടു്=ആററിങ്ങൽ.
(5) പുകന്തു്, ×അരുളു, ×അരുൾപ്പാരം.

Digitized By Kerala Sahitya Akademi

ഈസ്റ്റിൻഡ്യാകമ്പിനിക്കാരും തന്റെ ആഗ്രഹം അറിയിച്ചു. അവർ വേണ്ട ഒത്താശകളെല്ലാം ചെയ്യാമെന്ന് വാഗ്ദാനംചെയ്തു. ആ ഭാഗം തമിഴ്ക്കൃതിയിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

"പരുന്തുംപടി കരുകാരിയം എന്തനേരത്തിൽ നിനൈന്താലുണ്ടു
മകാതീത്മാവാം രാമേശപദംതന്നിൽ മാറാതെനക്കുണ്ടുതോഴ
കണ്ടുകൊഴണ്ടെൻറ എന്മാമന്മാർക്കല്ലാതെ തന്നതുണ്ടു.
അന്തകാരിയമാനതു വിചാരിക്കൈയെൻറു കണത്തിലറിന്തുകോൾവീരർ.
എൻറു പലപലവാചകമെല്ലാം എഴുതിമുകിലുകൂടവേ
ഏറെക്കൂട്ടതാശി മുത്തിരൈവൈത്തിട്ടെഴുതിയൊപ്പുമെഴുത്തുമിട്ടു
മററുംപുകഴാൽ കൊടുത്തങ്കനപ്പിവഴിയഞ്ചെപ്പാരമാടി

* * * *

മന്നർ വാറാരെൻറുചൊല്ലിമമുതലിനവാവും മനമകിഴ്ന്താർ
ചൂഴ്ന്തുപരിശമുരുകിടവേ മാരിപൊഴിന്തപടിയപോലെ
ചൊല്ലിടുവാനൊ താനാപതിയെല്ലുരുമായി വരവൈത്തു
അനന്തപുകഴുടയ വേണാട്ടുമന്നവനൈയെൻപുടൻ ചെൻറുകണ്ടു
അവർകൾ മനതന്നിൽനിനൈന്ത കാര്യമുള്ളതാരും തടൈയവരില്ലൈ.
ഇന്നല്ല തിരുവടി ശീമൈക്ക (1) നാനല്ലാലിങ്കാരുപേർകളുണ്ടോ?

* * * *

വല്ലവണ്ണത്തിൽ കാരിയം പരിക്കിറെൻറ വെള്ളമൂപ്പനാക്കിരിയും (2)
വാണ്ടുകൊണ്ടു രോചങ്കൾ വന്തു നല്ലാതെൻറായിട്ടാർ."

ഈ ഉടക്ക് സംബന്ധമായ ആലോചനയ്ക്ക് മുൻപായി മഹാരാജാവു വലിയസർവ്വാധികാര്യക്കാരായ [illegible] കുമാരൻ ചെമ്പകരാമൻ പിള്ളയോടും സമ്പ്രതി രാമൻ കേശവനോടും (പിന്നീട്ട് വലിയ ദിവാൻജി രാജാകേശവദാസൻ) ആലോചിച്ചതായും പ്രസ്തുതകൃതിയിൽ കാണുന്നു.

---

(1) തിരുവടി ശീമ=തിരുവിതാംകൂർ.

(2) മൂപ്പനിങ്കിരി=മുഖ്യനായ ഇംഗ്ലീഷുകാരൻ. വാണിജ്യസംബന്ധമായുള്ള പ്രാബല്യത്തെ പരാമർശിച്ചായിരിക്കാം കവി ഇംഗ്ലീഷുകാരെ മൂപ്പന്മാരെന്ന് വർണ്ണിക്കുന്നത്.

Digitized By Kerala Sahitya Akademi

"ഇമ്പമുടനെ കുമാരൻ ചെയ്ത കാമദഹനം ചമ്പതിത്താർ
പൊരുന്നുമപ്പടിയേ ചമ്പ്രതി രാമൻ കേശവനും
പുത്തിയുടൻ ചെന്നർ കല്പനയാകപ്പൊരുത്ത എഴുതിട്ടുവാർ."

അതുകഴിഞ്ഞു് ഒരു ദിവസം രാത്രിയിൽ ഭഗവാൻ ശ്രീപത്മനാഭൻ തന്നെ സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ചു മഹാരാജാവിനോടു താൻകൂടി പിൻതുണയായി രാമേശ്വരത്തേയ്ക്കു കൂടെപ്പോരുന്നുണ്ടെന്നും യാതൊരു ഭയവും വേണ്ടെന്നും അരുളിച്ചെയ്തതായി കവി പ്രസ്താവിക്കുന്നു. അനന്തരം എഴുന്നള്ളത്തിനുള്ള ചെണ്ടകൊട്ടലുകളും വട്ടംകൂട്ടലുകളും തുടങ്ങി.

മാരാരുടെ മലയാളകവിത ഗണപതിയേയും സരസ്വതിയേയും വന്ദിച്ചുകൊണ്ടു് ആരംഭിക്കുന്നു. പിന്നീട്,

"കല്യാണമൂർത്തി ഗൌരീവല്ലഭൻ തന്റെ പാദ-
പല്ലവകേതന്മാരിൽ.......
നല്ലോർമണിയായോരു കല്യാണൻതാതൻ ഗുരു-
ഉല്ലാസമോടു മററുമുള്ള ദേശികന്മാരും".

തന്നെ അനുഗ്രഹിക്കണമെന്നു് കവി പ്രാർത്ഥിക്കുന്നു. തുടർന്നു്,

"മൂപ്പാരിടത്തിലൊന്നാമ കല്പകതരുവായു-
ററപ്പായ് മരുവിടുന്ന സൽപുരുഷൻ ഭഗവാൻ
സർപ്പാധിപകുണ്ഡലൻ ദർപ്പകവൈരിച്ചര-
ണൽപ്പൂവിൽ കൃപയോടെ ക്ഷിപ്രം തുണച്ചീടേണം
ഊററം പെരുമിയലും കൂറാനിലേറുന്നാഥൻ
തെററിങ്ങെട്ടനായകൻ പററജ്ജടമുടിയിൽ
പററുമത്തലക്ഷ്മികം ചീററുന്ന പാമ്പും ശശി-
ക്കീററും ധരിക്കും തിരുമേററുമാന്ത്രരരും
പോററിതൻ പാദതാരം മുററും ഞാൻ വന്ദിക്കുന്നേൻ."

എന്നു് തന്റെ ഇഷ്ടദേവതയായ ഏററുമാനൂരപ്പനേയും അതു കഴിഞ്ഞു ശ്രീപത്മനാഭനേയും ധ്യാനിച്ചുകൊണ്ടു് പ്രകൃതത്തിലേയ്ക്കു പ്രവേശിക്കുന്നു. താഴെ ഉദ്ധരിക്കുന്നതു് ധർമ്മരാജാവിനെപ്പററിയുള്ള പ്രശസ്തിയാണു്.

Digitized By Kerala Sahitya Akademi

"കുഞ്ജരഗതികളാം കഞ്ജമിഴിമാർക്കെല്ലാം
കഞ്ജശരാധിപനായ് മഞ്ജുത്വം ചൊരിയുന്ന
വഞ്ചിക്ഷിതീശൻ തിരുനെഞ്ചിൽ കരുണയോടെ
ചെഞ്ചെമ്മേ തുണയ്ക്കണം തൻചരിതം പാടുവാൻ;
കൊഞ്ചുന്നവർക്കധികം വാഞ്ഛിതം നല്കും നൃപ-
സഞ്ചയമണിയെ ഞാനഞ്ചാതെ വണങ്ങുന്നേൻ."

പിന്നീടാണ് ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ അദ്ദേഹത്തിന്റെ ഭാഷാചരിത്രത്തിൽ ഉദ്ധരിച്ചിട്ടുള്ള

"മലയാംബുധി മേഖലയായുള്ളൊരു
മലയാളം പരദേശങ്ങളിലും
ഉലയാതുള്ളൊരു കീർത്തിയശേഷം
വിളയാടിച്ചൊരു വേണാട്ടധിപതി
പാരിടമഖിലം പുകൾപെരുകിടുന്ന
ചാരുതകലരുമനന്തപുരത്തിൽ
പാരമതായൊരു ഫണിവരതല്പ
പരിചൊടു പള്ളിശ്ശയനംകൊള്ളും.
താമരനാഭൻ തിരുവടിതന്നുടെ
താമരമലരടി സന്തതം മാനസ-
താരതിൽ നിധിയായ് കരുതീട്ടും ശ്രീ-
രാമമഹാനൃപകുലശേഖരനിഹ
ഭൂമിസുരർക്കൊരു താങ്ങ് മരുവീടിന
സാമദയാംബുധിയായ മഹീപതി
രാമേശ്വരമാം പരരാജ്യത്തിനു
രാജേശ്വരനെഴുന്നള്ളിന പോത്തുകൾ
ശിഷ്ടന്മാർ ധരണീസുരർ ചൊല്ലി-
കേട്ടപ്രകാരം പറയുന്നു ഞാൻ."

എന്ന ഭാഗം കാണുന്നുണ്ട്.

തമിഴ്ക്കൃതിയിൽ പിന്നീട് വർണ്ണിക്കുന്നത് മഹാരാജാവും ഇളയ രാജാവും തമ്മിൽ നടന്ന ഒരു സംഭാഷണമാണ്. താൻ രാമേശ്വരത്തു തീർത്ഥസ്നാനത്തിനു പോയിവരുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതുവരെ തനിക്കുവേണ്ടി രാജ്യം ഭരിക്കണമെന്നും അനുജ

Digitized By Kerala Sahitya Akademi

നായ മകയിരം തിരുനാൾ രവിവർമ്മാവിനോടു മഹാരാജാവു് അരുളിച്ചെയ്യുന്നു. രവിവർമ്മാവു് അതുകേട്ടു് ആ ഭാരം ഏല്ക്കുവാൻ താൻ ശക്തനല്ലെന്നും തന്നെക്കൂടി രാജ്യഭാരത്തെയും കൊണ്ടുപോകണമെന്നും തിരുമനസ്സറിയിക്കുന്നു. അപ്പോൾ കുമാരൻ ചെമ്പകരാമൻ വലിയ സർവ്വാധികാര്യക്കാർ എല്ലാം ചുമതലകളും താൻ വഹിച്ചുകൊള്ളാമെന്നു വിജ്ഞാപനംചെയ്തു് അവിടത്തെ സമാശ്വസിപ്പിക്കുന്നു. "മരുകരുമായ് (1) ച്ചെൻറു തീർത്തുമാടിവരും" എന്നു് ഇളയരാജാവു് ഒടുവിൽ സമ്മതം നൽകുകയും ചെയ്യുന്നു. ഈ സംഭവം മലയാളകൃതിയിലും വർണ്ണിച്ചുകാണുന്നുണ്ടു്.

"ധർമ്മപരായണയമ്മ മഹേശ്വരി
നിർമ്മലമാനസ ചിന്മയരൂപിണി
അംബികതന്നോടു സാമ്യമിയന്നൊരു
രമ്യഗുണാകരയായ നൃപശ്വരി
തന്നുടെ തിരുമാനസസന്തോഷം
ഉന്നതിയോടു കഴിച്ചതിനുശേഷം
മന്നവർകുലമണി മഞ്ജുളാംഗൻ
പുണ്യമഹീപതി ഭൂരിഗുണജ്ഞൻ
നിർമ്മലമച്യുതതൃച്ചരണാംബുജ-
മിച്ഛയോടകമേ നിശ്ചലമാക്കി-
ച്ചെയ്തു ഭജിക്കുന്നൊരുത്തമശീലൻ
സത്യപരായണനായ നൃപേന്ദ്രൻ
പന്തണിമുലമാർ മാരമനോജ്ഞൻ
സിന്ധുപരാക്രമനായീടും പരി-
പന്ഥിമതംഗജകേസരിവീരൻ
ബന്ധുകലാംബുജഭാനുസമാനൻ:—
ഇങ്ങനെയുള്ള സഹോദരവരനോടു
തിങ്ങിന മോദമൊടാര്യനൃപേന്ദ്രൻ
മംഗളകാര്യഗുണങ്ങളതെല്ലാം
ഭംഗിയോടങ്ങരുൾചെയ്തുതുടങ്ങി.
ശംഖഗദാംബുജചക്രായുധവും

(1) മരുകർ=മരുമകൻ.

Digitized By Kerala Sahitya Akademi

തൻകൈയിലേന്തിന പങ്കജനാഭൻ
പങ്കജസംഭവശങ്കരവന്ദ്യൻ
പങ്കജമകളുടെ കൊങ്കയിലിഴുകിന
കുങ്കുമപങ്കവിലേപനമൂൎത്തി

* * *

ശീഘ്രംചെന്നു ദക്ഷിണകടലതി-
ലാക്കാലമൊരു വൽചിറ കെട്ടി
ഇക്കാലം ചെന്നച്ചിറ രണ്ടു ധ-
നുഷ്കോടീങ്കൽ തീൎത്ഥവുമാടി
സൽകൎമ്മാദികളേറ്റം ചെയ്തു പി-
തൃക്കൾക്കും പരഗതിയെ വരുത്തി
ആവോളം ദാനാദികൾ ചെയ്തു
ദേവബ്രാഹ്മണപ്രീതിവരുത്തി
രാമേശ്വരനാഥനെയും കൂപ്പി-
ത്താമസിയാതെ വരുവൻ ഞാനിഹ
ഞാൻ വരുവോളം നമ്മുടെ രാജ്യം
ചെമ്മേ പരിപാലിച്ചു വിളങ്ങുക.
ഇങ്ങുള്ളോരതു കേട്ടഴകോടേ
കരളിൽപ്പാരം ഭക്തിയൊടങ്ങനെ
ഭാനുസമാനൻ രവിവൎമ്മേന്ദ്രൻ
ഗുരുവരചരണം തൊഴുതറിയിച്ചു.
നിന്തിരുവടി പരരാജ്യത്തിന്നു
ചന്തമൊടിന്നെഴുന്നള്ളുന്നാകിൽ
കാന്തിയെഴും തിരുമുമ്പിലകമ്പടി-
യന്തരമെന്യേയടിയൻകൂടെ.

* * *

നാട്ടുകൾ നഗരം പട ഭണ്ഡാരം
പാടേ കാൎയ്യങ്ങൾക്കുമശേഷം-
കാരണഭൂതനതാം നിന്തിരുവടി
പോരിമ (1) യോടെഴുന്നള്ളത്തിന്നി-

(1) പോരിമ=എതിരിടുന്നസ്വഭാവം; ഇവിടെ പ്രതിബന്ധങ്ങളോടു് എന്നു കൂടി ഗ്രഹിക്കണം

Digitized By Kerala Sahitya Akademi

ല്പാരിടമതിലെവിടത്തെന്നാലും
പാരാതവിടെയ്യൂടിയൻകൂടെ.
ഇത്ഥം ഭക്തിപരോക്തികൾ കേട്ടഥ
ചിത്തസന്തോഷത്തൊടൊട്ടു നാഥൻ
മുഗ്ദ്ധതരം തിരുമുത്തു വിളക്കി-(2)
ത്തത്വപ്രബോധമരുൾചെയ്തുടങ്ങി.
'സൗമ്യമതേ! മമ സോദരവീര!
നമ്മുടെ നാട്ടും പട ഭേദാരം
* * *
നമ്മുടെ ദൈവം പങ്കജനാഭൻ
നന്മയോടേറം കാരണമത്രേ.
* * *
നമ്മുടെ മുരുകവർണ്ണി സുശീലൻ
നമ്മുടെ കൂടെയെപ്പാരത്തിൽപ്പോരും." (3)

യാത്രയ്ക്കുള്ള ഒരുക്കങ്ങളെപ്പറ്റിയും തുള്ളൽക്കാരൻ വിശദമായി വർണ്ണിക്കുന്നുണ്ട്.

"ശൗര്യപരാക്രമനായിട്ടും ദിവ്യ-
വാരണകേസരി ശ്രീമഹാത്മാ
കാര്യകണക്കിനു ചാതുര്യതാമയ
വീരകേരളൻ ചെമ്പകരാമ-
ന്നാരണ (4) പ്പെട്ടിയ സർവാധിപനോട്ടും
ഭൂമിഗുണജ്ഞനായിട്ടുള്ളോരു
പെരിയൊരു മേൽലിഖിതാധിപനാകിയ (1)
മഹാദേവൻ തരുണേശൻ തന്നോടും
വമ്പെഴുമത്തിരുമുമ്പരികത്തനെ-
യിമ്പമൊടെപ്പൊഴും നിന്നു വിളങ്ങിന

---

(2) തിരുമുത്ത്=പല്ല്. ആചാരഭാഷ. (3) മഹാകവി അശ്വതിതിരുനാൾ തമ്പുരാനെ ഉദ്ദേശിച്ചാണ് ഇങ്ങനെ പറഞ്ഞിട്ടുള്ളത്. (4) പിള്ള എന്ന പദം സംസ്കൃതീകരിച്ചിട്ടുള്ളതാണിത്.

1. വലിയമേലെഴുത്തു പിറാച്ചൂട്ടംപെരുമാൾ മാർത്താണ്ഡൻപിള്ള.

Digitized By Kerala Sahitya Akademi

സമ്പ്രതി കേശവബാലാധിപനോടും (2)
ഉരുതരമാകിന കരിബലമഖിലം
പരിപാലിച്ചു വിളങ്ങീടുന്നോരു (3)
പത്മനാഭസചിവാധിപനോടും
മതിയോടെ മേൽലിഖിതാധിപനാകിന
ശിവതാണുവത്തരസേനാപതിയോടും (4)
സംഭൃതകൗതുകം ദാമോദരനാം
നമ്പിയാരോടുമിടകലർന്നു ചെയ്തു. (5)

*   *   *

നീട്ടിനുതുല്യം ചാർത്തിച്ചുടനേ
വാട്ടമതെന്യേ സാധനമെഴുതി-
ക്കൂട്ടിക്കെട്ടിയയച്ചൊരുപോലെ
നാട്ടിലശേഷവുമറിയിച്ചപ്പോൾ
വീട്ടിനകത്തോ പെരിയപദാർത്ഥം
കൂട്ടിക്കാത്തുകാർ ധീരന്മാർ
കൂട്ടത്തായധികാരികളോടും
കൂട്ടത്താടധികാരികളൊക്കി
നീട്ടിക്കത്തിനെ വായിട്ടിക്കാരും
ചൊട്ടക്കാരോടു ചുരികക്കാരും
വേലും വാളും പരിചക്കാരും
ചിലവകയായുധപാണികളങ്ങനെ
മല്ലന്മാർ ഘനവില്ലന്മാരും
വില്ലുമെടുത്തു ശരക്കൂട്ടോടേ
നല്ലൊരു യോദ്ധന്മാരവരെല്ലാ-
മുല്ലാസത്തൊടു വരവുതുടങ്ങി.
പുള്ളിക്കെല്ലാമധിപതിയാം തിരു-
പുള്ളിക്കെട്ടിയതായീടുന്നോരു

---

2. സമ്പ്രതി കേശവപിള്ള. ഇവിടെ ബാലപദവും തരുണപദത്തിന്റെ പര്യായം തന്നെ. 3. ആനമേൽ വിചാരിപ്പ്. 4. ആനമേലെഴുത്തു ശിവതാണുപിള്ള. 5. ഈ നമ്പിയാരുടെ ഉദ്യോഗമെന്തെന്നറിയുന്നില്ല. കലക്കത്തു കുടുംബത്തിൽപ്പെട്ട കവികളിൽ ആരെങ്കിലുമായിരിക്കുമോ?

Digitized By Kerala Sahitya Akademi

മാർത്തേവൻ ചെമ്പകരാമൻ തരണൻ (1)

മതിമാനായൊരു വലിയെജമാനൻ
മറ്റും പല സേനാപതിമാരും
ഊരാറക്കാരവരായുധമോടേ
*  *  *  *
ചോക്കുമിട്ടവർ വിക്രമശാലിക-
ളൂക്കോട്ട തോക്കെടുത്തവർ തോളിൽ.
വമ്പന്മാരാമകമ്പടി പുള്ളികൾ
ഗംഭീരർ ചക്രവെടിപ്പുള്ളികൾ
ഇടമാട്ടുകളും വലിയ വെടിപ്പുള്ളികൾ
കഠിനമെഴും തീക്കുടുക്കപ്പുള്ളികൾ
പട്ടാളപ്പുള്ളികൾ ചിലതന്മാ-
രൊട്ടാളു കല്പിതമനവധിയങ്ങനെ
തംബുരുകളും കൊമ്പും കുഴലും
വൻപുള്ളികളും വരവുതുടങ്ങി.
ചൊല്ക്കൊണ്ടീടിന കപ്പിത്താനൊട്ട (2)
വെടിപ്പുറീടിന വെള്ളക്കാരും
ഒപ്പം ഭാഷയുമപ്പാനമൊട്ടു
ദുബ്ബാശികളും (3) കൂടിയതങ്ങനെ
തോക്കിൻ ശിങ്കികൾ ചാമുമരക്കാച്ചികൾ
ഭയങ്കരരാം ചില മറവന്മാരോ
അതിഭീമാകാരന്മാരാകും
ചില മേൽമീശക്കാരന്മാരും
*  *  *  *
വട്ടത്തിൽ തലപ്പാവുകൾ കെട്ടി-

---

1. ഈ കൃതിയിലെ സാഹിത്യാംശം വളരെ നോക്കാതെ ചരിത്രാംശംകൊണ്ടു വായനക്കാർ തൃപ്തിപ്പെട്ടുകൊള്ളണമെന്നപേക്ഷിക്കുന്നു. 2. ഇതു് വലിയകപ്പിത്താൻ ഡിലനോയി അല്ല. അദ്ദേഹം ക്രി. പി. 1777-ൽ മരിച്ചുപോയി. കൊല്ലം 959-ൽ തിരുവിതാംകൂറിനു് "ഉലുവോ കപ്പിത്താൻ വിചാരിക്കുന്ന 'പഴയപട്ടാളം, നാരായണപിള്ള വലിയ യജമാനൻ വിചാരിക്കുന്ന പുത്തൻപട്ടാളം, കുരുഡിയോസ് കപ്പിത്താൻ വിചാരിക്കുന്ന മൂന്നാം പട്ടാളം" ഇങ്ങനെ മൂന്നു പട്ടാളങ്ങളും ഉണ്ടായിരുന്നു. 3. ദ്വിഭാഷികൾ.



Digitized By Kerala Sahitya Akademi

പ്പട്ടാണിക്കൂട്ടങ്ങളുമൊരു വക

* * * * *

വെള്ളത്തിൽത്തിരമാലകളങ്ങനെ
തള്ളിത്തള്ളി മറിയുംപോലെ
തുള്ളിച്ചാടി നടന്നീടുന്നോരു
വെള്ളക്കുതിരക്കൂട്ടമതങ്ങനെ
ഉന്നതമാകിന കരിമലപോലെ
പെരിയതരം മദകരികളുമങ്ങനെ
വൃഷഭഗണങ്ങളുമൊട്ടകപ്പാളികൾ
സുലഭമതാത്തുമദിച്ചു വരുന്നു.
പൊന്നും വെള്ളിയണിഞ്ഞു വിളങ്ങിന
മിന്നും പല്ലക്കുകളുമതങ്ങനെ
ഒന്നും രണ്ടും മൂന്നുമതല്ലാ
അവനി നിറഞ്ഞിതു വാഹനജാലം.
ഭേദമൊട്ടു തുല്യതയായിട്ടുന്നൊരു-
വിധമിനിയും കോലാഹലമണികൾ
ധാടിയിലേറിന ചാട്ടുകളനവധി
വടിവിനലും നല്ല കൂടാരങ്ങളും

* * * *

കണക്കായ ദീപങ്ങളിലാകം
ശ്രുണ്ടിന്റെ മട്ടുതടർ പന്തനാകിൽ
മണ്ഡിപ്പതിനായ് ഭടവൈശേഷം
ഡിണ്ഡിമമൊച്ചയിൽ വെടി വർഷിപ്പാൻ
ഉണ്ടു മരുന്നുകൾ വെടിതോക്കുകളും
വേണ്ടുംപോലെ കരുതിയതങ്ങനെ
സൂത്രം കീർത്തനം ഹരി ശിവനാമം
സ്തോത്രംചെയ്തു ജപിക്കും ഭൂസുര-
ഗോത്രങ്ങൾക്കപി ദാനം ചെയ്വാൻ
വസ്ത്രം കടകം ചെയിപ്പുകളനവധി

* * * * *

തിരുവനന്തപുരം മുതലൊരുപോലെ
പെരിയ രോഡാളമുഖത്തോളം

Digitized By Kerala Sahitya Akademi

പരിചോട്ട ബഹുകാലം വഴിവട്ടം
കരിതുരഗപുരുഷാർത്ഥ പദാർത്ഥം
പാരം ചന്ത നിറഞ്ഞതുകണ്ടാൽ
പാരാവാരംപോലെ തോന്നും.”

൯൫൯ തുലാം ൧൩-ാംനു "നല്ലമുഹൂർത്തം വെള്ളംപടിയാത്തിരെപോകവേണ്ടും കിരണങ്ങൾ നിഷ്പന്നമെന്നു്” എന്നു ജ്യോത്സ്യന്മാർ നിശ്ചയിക്കകയാൽ അന്നു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലും, കുപക്കരമഠത്തിലും (ദേവീക്ഷേത്രം), വെട്ടക്കൊരുമകൻകോവിലിലും, ശ്രീകണ്ഠേശ്വരത്തും (ശിവക്ഷേത്രം), ചെന്നു ദർശനം കഴിച്ചു കാണിക്കയിട്ടു്, കാവു, കരമന, നീറമൺകര, (നീർമൺകര,) പാപ്പനംകോട്ടു്, നേമം, വെങ്ങാനൂരു്, അതിയന്നൂരു് ഈ സ്ഥലങ്ങൾ കടന്നു നെയ്യാറ്റിൻകരയിൽ എഴുന്നള്ളി കൃഷ്ണൻകോവിലിലും തൊഴുതു കാണിക്കയിട്ടു് അന്നു രാത്രി അവിടെ താമസിച്ചതായി തമഴ്കൃതിയിൽ കാണുന്നു.

"ആൻപോട്ട കൊല്ലം തൊള്ളായിരവും
അൻപത്തൊൻപതാണ്ടു പിറന്നൊരു
കാർത്തികമാസം എട്ടാംതീയ്യതി
അത്തംനാളിൽ ഗുരുവാരദിനന്ന
മംഗലഗേഹ ഗുരുവായൂരപ്പന അധിപതി”

എന്നു മലയാളകൃതിയിൽ പ്രസ്താവിക്കുന്ന തീയതി മഹാരാജാവു് തിരുവിതാംകൂർ വിട്ട ദിവസത്തെയാണു് സൂചിപ്പിക്കുന്നതു്. മഹാരാജാവിനു പുറകെ "മന്നവർകുലമണിയുടെ മരുമകനും കന്ദർപ്പസമാനനും വന്ദിപ്പോർക്കുമരതരുവും സർവ്വവിദ്യാംബുധിയും ഭുവനമനോഹരശീലനു”മായ മൂന്നാം ധരണിപാലൻ അശ്വതിതിരുനാൾ തിരുമേനിയും "ഹരിഹരചരണസരോജം വന്ദിച്ചുടിക്കൂപ്പി നമസ്കരിച്ചു” പള്ളിയന്തലാവിൽ (അന്തോളത്തിൽ) കയറി യാത്രയായി. "കോയിൽ ഭൂപതി (കോയിത്തമ്പുരാൻ,) പന്തളഭൂപതി, തരണനല്ലൂർ ചോമാതിരിയാം ഗുരു മന്ത്രീശ്വരൻ, ധരണിയിൽ പുകഴേറുകിടും കുപക്കര വിപ്രേശ്വരൻ, ധന്വന്തരിമൂർത്തിയെപ്പോലെ

Digitized By Kerala Sahitya Akademi

ലുള്ള ചിരട്ടരൺമൂസ്സതു" മുതലായവരും തമ്പാന്മാരും മററും തിരുമേനിയെ യാത്രയറിയിച്ചു വിടവാങ്ങി. "മന്ത്രിപ്രപരാക്രമശാലികൾ കാന്തന്മാർ നൃപസുതന്മാം തമ്പികൾ ചെന്താർസായകകോമളന്മാ"രും "ചിദ്യാംബുധിയും സുമുഖനുമായ കമുണ്ടാ വിഷ്ണുസും നൃപഗുരുവരനും" (1) "ഗംഭീരൻ വീരകുമാരൻ ചെമ്പകരാമമന്ത്രിയും സമ്പ്രതി കേശവൻ ബാലാധിപനും മഹാദേവൻ ചെമ്പകരാമനും കരിബലപരിപാലകൻ പത്മനാഭൻ സചിവാധിപനും അതിനുടെമേൽ ലിഖിതാധിപനാകും ശിവരാമപത്തരുഭൂപനും" മററും തിരുമേനിയെ അനുയാത്രചെയ്തു. പിമ്പിട്ടു തോവാള കടന്നു പോകുന്നതുവരെയുള്ള വൃത്താന്തങ്ങളൊന്നും തുള്ളൽക്കഥയിൽ വർണ്ണിച്ചു കാണുന്നില്ല. തമിഴ്പ്പാട്ടിൽ നെയ്യാററിൻകരയിൽ താമസിച്ചതിൻെറ പിറേറദിവസം അമരവിള പിന്നിട്ടു പാറശ്ശാലയിൽ ചെന്നു മഹാദേവനെ തൊഴുതുകൊണ്ടു തിരുവട്ടാററെത്തി ആദികേശവസ്വാമിയെ വന്ദിച്ചു് അഗസ്ത്യകൂടത്തിൽ നിന്നൊഴുകിവരുന്ന പറളിയാറു കടന്നു്,

"ചാലവഴിചാലക്കോട്ടും തക്കലവയലും കടന്നു
പാർവേന്തരിട്ട കോട്ടൈയ്യകമതിൽ
തക്കപത്മനാപുരത്തിലേകിനാർ.
അരവിഷമുണ്ട ശിവനാഥനേ! ശരണമെൻറു
അരമനയിൽ വന്തുവതരിത്തുടൻ"

എന്നു പ്രസ്താവിക്കുന്നു. യാത്രയ്ക്കായി ഒരുക്കിയ കൂടാരങ്ങൾ തൃക്കൺപാർത്തു് അവ നാഗർകോവിലിലേയ്ക്കു കൊണ്ടുപോകുവാൻ കല്പനയായി. അന്നു പത്മനാഭപുരത്തു താമസിച്ചു്, അടുത്തദിവസം കാലത്തു നീലകണ്ഠസ്വാമിയേയും ആനന്ദവല്ലിയമ്മയേയും തൊഴുതു രാമസ്വാമികോവിലിലെഴുന്നള്ളി ശ്രീരാമനേയും വന്ദിച്ചു തെക്കേ കോട്ടവാതൽവഴി പുലിയൂർക്കുറിച്ചി കടന്നു "ചെന്തിൽ (2) വേൽമുരുകനുടെ കോവിലിൽ" (കുമാരകോവിൽ) എഴുന്നള്ളി കുറത്തിവള്ളിപ

(1) കമുകറക്കുറുപ്പു്,

(2) ചെന്തിൽ=തിരുച്ചെന്തൂർ. തിരുച്ചെന്തൂർ സുബ്രഹ്മണ്യസ്വാമിതന്നെയാണ് കുമാരകോവിലിലെ മൂർത്തിയും.

Digitized By Kerala Sahitya Akademi

കന്തനും (3) മാൽമരുകനും (4) ആയ ആ ദേവനെ വണങ്ങി. വില്ലിട്ടാൻമൂട്ട്, തൊട്ടിയോട്ട്, പോരുവിള, പഞ്ചക്കാട്ട് (പഞ്ചവൻകാട്ട്) മുതലായ പ്രദേശങ്ങൾ അതിലംഘിച്ച്,

"ചൊല്ലുംകോട്ടാർരാജ്യത്തിൽച്ചെന്നുടൻ
ശുചീന്ദ്രപ്പതിയിൽ മേവിനാർ."

എന്നാണ് പിന്നത്തെ യാത്രാവിവരണം. ശുചീന്ദ്രത്തു പെരുമാളെയും ശിവനെയും ഭജിച്ചു നാഗർകോവിലിലെത്തി. അവിടെ വലിയ സർവ്വാധികാര്യക്കാർ കുമാരൻചെമ്പകരാമനോട് പട ശേഖരിക്കാൻ മഹാരാജാവ് അരുളിച്ചെയ്തതായും, അതിന്റെ ഫലമായി ഒരു വലിയ സേന ആ സ്ഥലത്തു വന്നുചേർന്നതായും, അതിൽനിന്ന്,

"നന്റാക രാമേശ്വരം നാടിത്തീർത്താടല്ലാത
നമ്മോടു വാറ പേരെ നന്റായ് തിരിയുമെൻറാർ."

തന്നെ അനുയാത്ര ചെയ്യുന്ന സൈന്യവിഭാഗത്തെ വേർതിരിക്കുവാൻ കല്പിച്ചതായും, തമിഴ്ക്കവി പറയുന്നു. അപ്പോൾ കുമാരൻ ചെമ്പകരാമപിള്ള, "ഉറൈശേന്ത കനക സമ്പ്രതി രാമൻ കേശവൻ," പുള്ളികൾക്കെല്ലാം വലിയ തലമാനനായ രാമവൻ ചെമ്പകരാമപിള്ള, ഇവർ മൂന്നുപേരും കൂടെപ്പോകുവാൻ നിശ്ചയിച്ചു. നായന്മാരെ ശേഖരിച്ചുകൊണ്ടു പോകുന്നതിനു നാരായണൻ ചെമ്പകരാമൻപിള്ളയെയും, അവർക്കു ശമ്പളം കൊടുക്കുവാൻ ഈശ്വരപിള്ളയെയും, കുതിരപ്പട്ടാളങ്ങൾക്കു നേതാവായി അയ്യപ്പൻ മാർത്താണ്ഡൻപിള്ളയെയും, കൊട്ടാരംവക കുതിരകളെയും വിചാരിപ്പായി ഗോവിന്ദൻ ഈശ്വരപിള്ളയെയും, കണക്കുവിവരങ്ങൾ സൂക്ഷിക്കുവാൻ മാർത്താണ്ഡൻ പത്മനാഭപിള്ളയെയും ചുമതലപ്പെടുത്തി. അവരെക്കൂടാതെ തമ്പിമാർവകയിൽ തിരുവിക്രമൻതമ്പിയും ചെമ്പകരാമൻ അനന്തപത്മനാഭൻതമ്പിയും പല്ലക്കുകളിലും, ഇരവി പത്മനാഭൻതമ്പി കുതിരപ്പുറത്തും തിരുമേനിയെ അനുഗമിച്ചു. ഇരവി പത്മനാ

(3) കുറത്തിയായ വള്ളിയുടെ ഭർത്താവ്.
(4) മഹാവിഷ്ണുവിന്റെ മരുമകൻ.

Digitized By Kerala Sahitya Akademi

ൻ അഥവാ പടശ്ശേരി ശ്രീപത്മനാഭൻതമ്പി ധർമ്മരാജാവിന്റെ പുത്രനായിരുന്നു എന്നറിയാം. അദ്ദേഹത്തോട് മുപ്പതിനായിരം പണം 973 മിഥുനം 1-ാംനു മേലെഴുത്തു നാരായണപിള്ള ഒരുപന്തല്പലിശയ്ക്കു് കടംവാങ്ങി മുളകുമടിശ്ശീല ഈടുവയ്പിൽ ഗവൺമെന്റിലെ അവശ്യത്തിനുവേണ്ടി ഒടുക്കിയതായി രേഖയുണ്ടു്. വൃശ്ചികമാസം ൭-ാംനു നാഗർകോവിലിൽ നാഗേശ്വരസ്വാമിയെ തൊഴുതു് കാണിക്കയിട്ടു് അന്നത്തെരാത്രി ശിഷ്ടപ്രതിസാരത്തിൽ കഴിച്ചുകൂട്ടി. അവിടെയും ഭഗവദ്ദർശനം മുറയ്ക്കു നടന്നു. പിറ്റേന്നു തോവാള കൃഷ്ണസ്വാമിയെ തൊഴുതുകൊണ്ടു് ആരുവാമൊഴിയിൽ എത്തി. അവിടെ 'മക്കമുതലി' (മഹമ്മദ് അലി)യുടേയും 'ഇങ്കാചിമ്പ്ളി'ന്റെയും (ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനി) പ്രതിനിധികൾ വന്നു തിരുമേനിയെ വേണ്ടവിധത്തിൽ ഉപചരിച്ചു് 'സ്നേഹത്തോടുകൂടാത്ത യാതൊരു പ്രവൃത്തിയും ചെയ്യുകയില്ലെന്നു' ഇംഗ്ലീഷുകാർ വീണ്ടും വാഗ്ദാനം ചെയ്തു. അവിടെനിന്നു ദളവാ മാതേവൻ സുബ്രഹ്മണ്യനും (വടിവീശ്വരം സുബ്രഹ്മണ്യയ്യർ) ഭഗവതീശ്വരയ്യനും നാരായണൻചെമ്പകരാമപിള്ളയും പിറചൂട്ടംപോറ്റമാറ മാധവൻപിള്ളയും അയ്യപ്പൻ മാതേവൻപിള്ളയും വെട്ടിപ്പുറം തെക്കുംവിചാരിപ്പു മാതേവൻ അതിച്ചുപിള്ളയും കണക്കു കുമാരസ്വാമി ശിവതാണുപിള്ളയും മറ്റുള്ള ഉപാറ്റിമാരും മാടമ്പിമാരും, 'അങ്കവടിയ പണ്ഡിതരും അമ്പുപരി (1) വീരർകളും' തിരുമേനിയെ പിൻതുടർന്നു. (2) കുപ്പൂറുമാലും ചല്ലടങ്ങളും അണിഞ്ഞു് തുണിയും ശരവുമായി വില്ലന്മാർ അകമ്പടിനടന്നു പോകുന്നതു്, "ഇരുളോട്ടു മുകിലിളകി മൈലതന്നിലേറിന പടിപോലെ" എന്നു് കവി വർണ്ണിക്കുന്നു. ആരുവാമൊഴിയിൽനിന്നു് അസ്വർഗ്ഗിച്ചു ധർമ്മസ്ഥലവും മല്ലന്തട്ടും കടന്നു മഹാരാജാവും പരിവാരങ്ങളും പണകുടിയിലെത്തി.

1. പരി=കുതിര.

2. വടിവീശ്വരം സുബ്രഹ്മണ്യർ കൊല്ലം 952 മുതൽ 957-വരെ ദളവായായിരുന്നു എന്നാണു് സാധാരണമായുള്ള ധാരണ. തമിഴ്പ്പാട്ടിലെ വിവരണം ശരിയാണെങ്കിൽ അദ്ദേഹം 959-ലും ദളവായായിരുന്നുവെന്നു തോന്നിപ്പോകും. എന്നാൽ 958-ൽതന്നെ വടിവീശ്വരം രാമയ്യൻ ദളവയായിരുന്നതിനു വേറേ രേഖയുള്ളതിനാൽ സുബ്രഹ്മണ്യയ്യർ അന്നു് സ്ഥാനമൊഴിഞ്ഞ ദളവാ ആയിരുന്നു എന്നു വിചാരിക്കണം.

Digitized By Kerala Sahitya Akademi

അതിനങ്ങോട്ടുള്ള എഴുന്നള്ളത്തിനെ മലയാളകവി വർണ്ണിക്കുന്നതിൽ ഒരു ഭാഗമാണു് ചുവടെ ഉദ്ധരിക്കുന്നതു്:—

"നടവഴി നിലമതിലാകിയശേഷം
വടിവിനലും പൂവാടകളങ്ങനെ
തടവിയമാനം മനോജ്ഞതരത്തിൽ
ഇടമുറിയാതെ വിരിച്ചൊരുപോലെ
സുരവരനാഥനിരുന്നരുളീടിന
പെരിയൊരു സിംഹാസനമതുപോലെ
സുരുചിരമായൊരു മണിപീഠങ്ങൾ
നിരനിരയാസ്ഥാനങ്ങൾതോറും
പരിചൊടുവെച്ചപി വെള്ളിവിളക്കും
പരിമളമോടു കൊളുത്തി നിരത്തി
ആട്ടം പാട്ടം കുരവയുമായ-
മ്മട്ടോപ്യംകൈതൊഴിമെയ്‌വലിജനങ്ങൾ
പട്ടുകൾ ചേലയുടുത്തു മിടുക്കോടു
ചട്ടകളിട്ടു മുറുക്കിച്ചെപ്പമ്മ
ഒട്ടഴിയുംവണ്ണം ചുരികുഴലതു
കെട്ടിയതിന്മേൽ പൂക്കൾ ചൂടി
പൊട്ടുകൾ തൊട്ടവർ കണ്ണുമെഴുതി-
പ്പുഷ്ടാനന്ദം പുഞ്ചിരിതൂകി
പൊൽത്താമരമിഴിമാരെല്ലാരും
പൊൻതോടകളെ (1) ക്കാതിലണിഞ്ഞു
നന്മയമാകിന കസ്തൂരികളും
പൂചത്തിട്ടുള്ളൊരു ചന്ദനകളഭം
മഞ്ജുഗജകുംഭത്തിനെവെന്നൊരു
കുത്തുമുലത്തടമാകെയണിഞ്ഞു
തളവള മേഖല ധാവികൾ മാലകൾ
വെള്ളിയൊട്ടുകൾ മാറിൽപ്പിന്നുമണിഞ്ഞു

(1) തോടു്=തോട.

Digitized By Kerala Sahitya Akademi

കട്ടു കിളിമൊഴിമാരിരുപുറമങ്ങനെ
സാദമൊടുമനോക്കി വസിച്ചീടുന്നു.

*　　*　　*　　*

കൊട്ടാരത്തെരുവതിലിരുപാട്ടും
ഭംഗിയൊടങ്ങു നിരത്തിയശേഷം
തിങ്ങിനിറഞ്ഞൊരു കടിലുംചെട്ടി-
ശ്രേഷ്ഠരുമന്മാരായുള്ളൊരു
ചെട്ടികൾ കോമട്ടിപ്പരിഷകളും
കൂട്ടക്കാരങ്ങൊട്ടല്ലനവധി
ഉച്ചിച്ചുള്ളൊരു വിഭവം കൂട്ടി-
ക്കച്ചവടക്കാരും വാഴുന്നു."

പല വിഷയങ്ങൾ ഇത്തരത്തിൽ കവി പ്രതിപാദിക്കുന്നതു പകർത്തുവാൻ സ്ഥലം പോരാതെയിരിക്കുന്നു. തമിഴ്കൃതിയിൽ,

"കടന്തു പണകുടിയിൽ കാവലമെഴുന്തരുള-
ക്കണ്ടിരുന്താനങ്കിരുക്കുമിങ്കുശി വെള്ളക്കാറൻ
ഉടൻതാനവർകൾ വന്തു ഉറവൊചെരപ്പണിന്തു
ഓമനയായ് കൂടിക്കാഴ്ചയൊത്തുതമ്മിലെ കണ്ടുകൊണ്ടാർ."

എന്നിങ്ങനെ പണകുടിയിൽവെച്ചു മഹാരാജാവും ഇംഗ്ലീഷുകാരും തമ്മിൽ ഒരു കൂടിക്കാഴ്ച നടന്നതായി പ്രസ്താവിക്കുന്നു. അവിടെ അച്യുതനെ ഭജിച്ചു വള്ളിയൂരിലെത്തി "ആറുമുഖവേലവരെ അൻപിനോടെ കൈവണങ്കി" അന്നു രാത്രിയിൽ ആ ഗ്രാമത്തിൽ താമസിച്ചു പിറേറദിവസം തിരുക്കുറുങ്കുടിയിൽ ചെന്നു് അവിടത്തെ ദേവന്മാരെ നമസ്കരിച്ചു് അന്നു വൈകുന്നേരം കളക്കാട്ടിൽ എത്തി. അവിടെയും വെള്ളക്കാരുമായി ഒരു കൂടിക്കാഴ്ച നടന്നു. വെള്ളക്കാർ കൊണ്ടുവന്ന സമ്മാനങ്ങൾ മഹാരാജാവു സ്വീകരിച്ചു. അന്നത്തെ രാത്രിയിൽ ആ ഗ്രാമമായിരുന്നു താവളം. ആ മാർഗ്ഗത്തിലെ ആഘോഷം മലയാളകൃതിയിൽ വളരെ വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ടു്. മുത്തുപോലെ ധവളമായ ശീലകൊണ്ടാണു് കൂടാരങ്ങൾ പണിതിരുന്നതു്. ഊററക്കാരായ മന്ത്രിവീരന്മാർ പിടിച്ചാൽപോലും നീങ്ങാത്ത ചരടുകൾകൊണ്ടു് അവ കെട്ടിമുറുക്കിയിരുന്നു. വെയിലും മഴയും

Digitized By Kerala Sahitya Akademi

മഞ്ഞും അവയ്ക്കകത്തെല്ലാം കടന്നിരുന്നില്ല. പള്ളിത്തേവാരമുറി വെള്ളിക്കണ്ണാടിപോലെ മിന്നി. പള്ളിയറ, മടപ്പള്ളി, നടപ്പുര, നാടകശാല, പടിപ്പുര, ഗോപുരം ഇവയെല്ലാം ആ കൂടാരങ്ങളിൽ സംവിധാനം ചെയ്യപ്പെട്ടിരുന്നു. അവ കണ്ടാൽ "വെള്ളിഗ്ഗിരിയുമൊന്നഞ്ചു" മെന്നാണു കവി പറയുന്നതു്. ആനപ്പന്തി, കുതിരപ്പന്തി, കാമ്പാറുപ്പാളയം, കോട്ട, കൊത്തളം, കടത്തെരുവുകൾ എന്നിവയെല്ലാം അവയോടു് അനുബന്ധിച്ചു് ഒരുക്കിയിരുന്നു. "അസ്സുരാലോകം സമുച്ചപോലെ"യാണു് ആകെക്കൂടിയുള്ള ആ കാഴ്ച പ്രേക്ഷകന്മാൎക്കു് അനുഭവപ്പെട്ടതു്.

ഭോജനാനന്തരം,

"സൂരികൾ ശാസ്ത്രിവരന്മാർക്കൂടി-
ബ്ഭൂരിപുരാണം വായിച്ചുണ്ടവൊ
തുംബുരുനാരദരിവരെപ്പോലെ
മേന്മേൽ സംഗീതക്കാർകൂടി"

തംബുരുമീട്ടി വീണവായിക്കുകയും "പദ്ണങ്ങൾ, ഗദ്യങ്ങൾ, രാമേന്ദ്രകീത്തനങ്ങൾ" ഇവ പാടുകയും ചെയ്യുന്നു. വഴിപ്പാക്കർ സ്തുതിക്കുന്നു; പാണ്ടിമേളങ്ങൾ ഘോഷിക്കുന്നു; പൊന്നിൻനാഗസ്വരക്കാർ വായിക്കുന്നു; ദാസിമാരാടുന്നു.

"കഥകൾ പുരാണം മൃദുതരഗീതം
സ്തുതിപാഠകസങ്കീത്തനഘോഷം
അധികം പാണ്ടിവിദ്യാഘോഷങ്ങളും
കുതുകമിയറും മതിമുഖിനടനം
അതിമോഹനരസമെന്നിവയെല്ലാ-
മതിശയഘോഷമയങ്ങൾ തുടങ്ങി.
അപ്പോഴങ്ങു പടജ്ജനമെല്ലാം
ഒപ്പത്തോടു സുഖിച്ചിട്ടവർ
തപ്പടി തമ്പേറടികൾ കുഴൽവിളി-
ക്കൊമ്പൊടു കാളം വിളിഘോഷത്തോ-
ടൊട്ടുക്കൊടു നന്തുണി ചന്തിരവളയ-
മിടയ്ക്കിടെ നല്ലോരു വിരലുറുകളും

കൊട്ടിന വില്ലും പവിത്രമങ്ങനെ
വട്ടമതായ് കൈയിലണിയൊട്ടു താളം
കൂട്ടിയടിച്ചു ചെറിച്ചവർ മേന്മേൽ
കൂട്ടംകൂടി മിഴുക്കിനൊടങ്ങനെ
മുത്തമിഴിൽച്ചേർത്തഴകൊട്ടു കെട്ടിയ
മുഗ്ദ്ധതരം രാമായണപാട്ടുകൾ
ഭാരതകഥയൊട്ടു സങ്കീർത്തനവും
പാനകളും മാരൻ പാട്ടുകളും
പറയൻകഥ ചിന്തുകളൊട്ടേറും
പതിവൊട്ടു ചില വഞ്ചിപ്പാട്ടുകളും
ഉലകുടെപെരുമാൾ പാട്ടുകൾ മറ്റും
കുചേലവരവേകീർത്തനപ്പാട്ടും
മത്സരമോടവർ ചൊല്ലിപ്പാടീ-
ട്ടുത്സാഹത്തൊട്ടു പിന്നെപ്പലപല
ഗാഥകൾ തായം ചതുരംഗാദികൾ
പകടപറഞ്ഞും പൊരുത്തുരസിച്ചും
വടിയൊട്ടു ചിലര പിടിച്ചുകളിച്ചും
പ്രൗഢജനം നടനാഘോഷിച്ചും
ഇടയിടയങ്ങവർ കാവൽവിളിച്ചും
കൊടിയൊരു കരിതുരഗങ്ങൾ മദിച്ചും
ഹരഹര ശിവശിവ! ചൊല്ലാവല്ലേ
പെരിയൊരു നേരമ്പോക്കുകളിങ്ങനെ."

എന്നിത്തരത്തിൽ ആ കവി ഭടന്മാരുടെ പല വിനോദങ്ങളെയും വർണ്ണിക്കുന്നു. സൂര്യാസ്തമനത്തിൽ,

"ഉത്കടമാകിന നിശയിൽ നിറഞ്ഞൊരു
കൂരിരുൾ മഞ്ഞും ദൂരെപ്പോവാൻ
ദീപസ്തംഭവിളക്കുകളും പല
തീവെട്ടികൾ പന്തക്കുഴലങ്ങനെ
കുത്തുവിളക്കുകൾ കവരവിളക്കുകൾ
തൂക്കുവിളക്കുകൾ ചൊക്കപ്പനകളും

Digitized By Kerala Sahitya Akademi

മത്താപ്പൂക്കൾ കമ്പക്കററൽബാണം
ഊററമൊടുയരെപ്പൊങ്ങിന ബാണം
ചുററിച്ചിതറിന ചക്രമതിങ്ങനെ-
യെത്രയുമനവധി കമ്പവെടികളും
അന്നിചയങ്ങു കൊളുത്തിയശേഷം
വെണ്ണിലാവും വെയിലും നാണിക്കും
ശോഭകളങ്ങനെയൊക്കെ നിറഞ്ഞതി-
മംഗളമായിസ്സത്രത്തിലോളം
മംഗളമൂർത്തിയെഴുന്നള്ളുമ്പോൾ"

മാണിക്കവാചകരാണ് ഓരോ താവളസ്ഥലത്തും വേണ്ടവിധത്തിൽ വട്ടം കൂട്ടിയത്. സീതാരാമാദികളായ ബ്രാഹ്മണരും മഹാരാജാവിനെ അനുഗമിച്ചിരുന്നു. പിടാരന്മാരായ ബ്രാഹ്മണർകൂടെ, യുണ്ടായിരുന്നതായി തമിഴ്പ്പാട്ടിലും കാണുന്നു. തമിഴ്കൃതിയിൽ പരദേശങ്ങളിലെ ദേവദാസിമാർ മഹാരാജാവിന്റെ ആഗമനം കണ്ട്,

"പാരിൽ പുകഴ്കൊണ്ട രാമവർമ്മൻതന്നെ-
പ്പുനിന്നു ശോഭാഗം പാട വാരായ്.
പേരിൽപെരിയ ശ്രീരാമരടി;
പെൺചിറൈ (1) കാക്കും പെരുമാനടി;
നാരിമാർ തങ്കൾക്കു മാരനടി;
നമ്മ വഞ്ചിപാലവർമ്മനടി"

എന്ന് കുമ്മിയടിച്ചു പാടുന്നു. കളക്കാട്ടുനിന്ന് ചേററൂർവഴി മഹാരാജാവ് ത്രിക്കുക്കടിയിലെത്തി അവിടെയും വെള്ളക്കാരുമായി കൂടിക്കാഴ്ച കഴിച്ച് ഒരു രാത്രി അവിടെ താമസിക്കുന്നു. പിന്നീട് അവിടത്തെ പാളയക്കാരനായ കട്ടപ്പനായക്കനുമായി കൂടിക്കാഴ്ച നടത്തി, അവിടെനിന്നു പള്ളിയോടമേറി തിരുമേനിയും പരിവാരവും ധനുഷ്ക്കോടിക്കു പോയി. തിരുനെൽവേലി, ആഴ്വാർതിരുനഗരി, ശ്രീവൈകുണ്ഠം ഈ സ്ഥലങ്ങളിലും കൂടി താമസിച്ചതായി മലയാളകൃതി

(1) പെൺചിറ=പെണ്ണുങ്ങളുടെ (ഇടം) രാജ്യം, മലയാളം.

Digitized By Kerala Sahitya Akademi

യിൽ കാണുന്നു. ഇവ കല്ലക്കാട്ടിനും തൂത്തുക്കുടിക്കും ഇടയ്ക്കുള്ള പ്രദേശങ്ങളാണു്.

"..........ക്രിസ്തുകൂട്ടക്കാരും
ചട്ടമതാകിന വെള്ളക്കാരും
വട്ടമൊരുങ്ങീട്ടുപരമതങ്ങനെ
കട്ടമ(1)നാകിയ കട്ടപ്പനായ്ക്കനും
പുഷ്ടിമനായിയ എട്ടപ്പനായ്ക്കനും (2)
ഊറ്റക്കേറീടിന ചൊക്കൻപട്ടിയും (3)
വിക്രമിയാകിയ ശിവഗിരിവന്യനും
ഊക്കമതേറിനൊരാറ്റൂർമന്നനും
പാടവമേറിന വടകരയാനും (4)
മോടിയൊടങ്ങനെ നവനീതകൃഷ്ണനും
കൊടിയ പരാക്രമശാലികളിങ്ങനെ
പരിചൊടു മറവുള്ള പാളയക്കാരും
പരദേശദീപങ്ങളിലുള്ളവ-
രൊരുമയൊടെ വന്നങ്ങു നിറഞ്ഞു,
സൂര്യനാം മഹാദേവൻതന്നെ-
സ്സന്നിജ്ജാലം കണ്ടതുപോലെ."

ഇങ്ങനെ വേറെയും പല പ്രമാണികൾ മഹാരാജാവിനെ സന്ദർശിച്ച വിവരവും ആ കവി പ്രസ്താവിക്കുന്നു. ധനുഷ്കോടിയിൽ തീർത്ഥസ്നാനംചെയ്ത തിരുമേനി "മാതാവാദിപിതൃക്കൾക്കെല്ലാം പ്രീതി വരുത്തി" പല ദാനങ്ങളും ചെയ്തു രാമേശ്വരത്തെഴുന്നള്ളി രാമസ്വാമിയെ വന്ദിച്ചു.

"മുന്നം രഘുപതി ശിവനോടിക-
ളുന്നതരാക്ഷസപാളിയെയെല്ലാം
ധന്യൻ തിരുവടി ശരനികരത്താൽ

---

(1) കട്ടമൻ=കട്ടപ്പമുള്ളവൻ.
(2) എട്ടിയാപുരത്തു രാജാവു്.
(3) ചൊക്കൻപട്ടി ജെമിന്ദാർ.
(4) ശിവഗിരി, ആറ്റൂർ, വടകര ഇവയെല്ലാം ജെമിന്ദാരികളാണു്.

Digitized By Kerala Sahitya Akademi

റൊന്ന മഹാലക്ഷ്മിയെയും മീണ്ടു
പൊങ്ങും ഹരിസൈന്യത്തോടു കൂടി-
പ്പുഷ്പകമായ വിമാനമേറി
അക്കാലത്താത്രിഭുവനദൈവമ-
യോദ്ധ്യയ്ക്കെഴുന്നള്ളിയപോലെ
തിരുവഞ്ചീശ്വരനിപ്പോളിങ്ങനെ
ദുരിതമതായൊരു രാക്ഷസപാളിയെ
ഉരുതരതീർത്ഥസ്നാനശരത്താൽ
വിരവൊടു സംഹാരത്തെ വരുത്തി
മുക്തിയതാകും ശ്രീമഹാലക്ഷ്മിയെ
മൂർദ്ധതലത്തിൽ വഹിച്ചുംകൊണ്ടു്
നിർമ്മലകീർത്തിയതാം സൈന്യത്തോടു
ധർമ്മരഥമാം വിമാനമേറി
ഇക്കാലത്തിന്നകുലദൈവം
ഹിന്ദരാട്ടു തിരുവനന്താട്ടുകരയ്ക്കായ്
കാന്തിയെഴും തനയമകരോടും
തന്ത്രികളോടും മന്ത്രികളോടും
ചന്ദനകാന്തി വിളങ്ങും നാഥർ
അന്തരമെന്യേ തിങ്ങിനിറഞ്ഞൊരു
പെരിയൊരു ചതുരംഗപ്പടനടുവേ
പരിചൊടെഴുന്നള്ളത്തു തുടങ്ങി.”

തമിഴ്കൃതി രാമേശ്വരസ്ഥാനത്തോടുകൂടി അവസാനിക്കുന്നു. മലയാളപ്രബന്ധത്തിൽ മഹാരാജാവു് തിരിയെ തിരുവനന്തപുരത്തേയ്ക്കു് എഴുന്നള്ളിയ വിവരവും വർണ്ണിച്ചിട്ടുണ്ടു്. തിരുമേനി രാമേശ്വരത്തുവച്ചു സേതുപതിയായ രാമനാഥപുരത്തിലെ രാജാവുമായി സന്ധിക്കുകയും മഹമ്മദ്അലി അയച്ച “പൊന്മയമായ മ്യാനാം പല്ലക്കു്” സ്വീകരിക്കുകയും ചെയ്തു. തിരിയെയുള്ള എഴുന്നള്ളത്തിലും അവിടുന്നു തിരുച്ചെന്തൂരിലെത്തി വേലായുധനെ തൊഴുതു. അപ്പോഴേയ്ക്കും തിരുവിതാംകൂറിന്റെ തെക്കേ അതിർത്തിയായ മുപ്പന്തൽ മുതൽ തിരുവനന്തപുരം വരെ മഹാരാജാവിനെ വേണ്ടവിധത്തിൽ സൽക്കരിക്കുന്നതിനുള്ള സകലസജ്ജീകരണങ്ങളും ഇളയരാജാവു് നിവ്

Digitized By Kerala Sahitya Akademi

ഹിച്ചു കഴിഞ്ഞിരുന്നു. 'ഗംഭീരപാഠക'നായ നാഗൻപിള്ള സർവ്വാധികാര്യക്കാരും കുഞ്ചിരയിമ്മൻതമ്പിയും "ചൻകടൽപോലെ പാക്കല്ലോരു വെങ്കിടസുബ്ബയ്യൻ സർവ്വാധിപനും" ആണ് ഈ ഏർപ്പാടുകൾക്ക് ഉത്തരവാദിത്വം വഹിച്ചത്.

"ചേൺപെഴും നടപ്പന്തലിൻപൊടിട്ടതിനുള്ളിൽ
പട്ടുകൾ വിതാനിച്ചു ഭോജനാലയങ്ങളും.
അമ്പൽക്കേകികളും ചെമ്പകമന്തികൾ
കാന്തിയേറീടുന്ന സന്ധ്യകപാളികളും
ചന്തംകലർന്നീടുന്ന മല്ലികാജാലങ്ങളും
മുല്ലകൾ കുറുമൊഴിവല്ലിയുഷമലരി
നല്ല ചെത്തിമലരും പിച്ചകദ്വയങ്ങളു-
മുച്ചമലരികളും നൽച്ചെമ്പഴുക്കാകളും
ഇച്ഛയിൽ താംബൂലങ്ങൾ പച്ചക്കൊഴുന്തുകളും
* * * * * *
ഇങ്ങനെയിവയെല്ലാം തിങ്ങിനിറഞ്ഞീടുമാർ
ഭംഗിയോടെ നിരത്തി മണ്ഡതലങ്കരിച്ചു
നൂതനതരമായ ചൂതപത്രജാലവും
ചേതോഹരമായ് കെട്ടീട്ടാദരവോടങ്ങനെ
നൽക്കൊടിക്കൂറകളും തോരണാദികളൊക്ക-
ദ്ദീർഘതരമായ്ത്തൂക്കിത്തോരണങ്ങളും
രംഭകൾ കുലയോടങ്ങിമ്പമോടെ നിറുത്തി
ഉമ്പർപുരത്തിനൊണ്ട കമ്പം വരുത്തീടുമാർ."

ഇത്തരത്തിലുള്ള വിവിധാലങ്കാരങ്ങളെക്കൊണ്ടു നടയ്ക്കാവുകൾ ശോഭിച്ചു.

"പവിഴം കൊണ്ടലറു ചമഞ്ഞോരം
വലിതൊരു ദാഹം തീർപ്പാനായി
ഏലം ചുക്കു ഞെരിഞ്ഞിൽ പനർപ്പാടി
ചേലൊടു ജീരകവും ചേർത്തങ്ങനെ
തെളിവൊടു മുത്തുപളുങ്കുനിറത്തിൽ

Digitized By Kerala Sahitya Akademi

സലിലം വലിയ ചരക്കുകൾ(1) തോറും
കളകളമെന്നു തിളപ്പിച്ചങ്ങു
നാക്കിനു രുചികൾ വളക്കുമാറാക്കുന്നു."

ഇങ്ങനെ ചുക്കുവെള്ളം, പാനകം, പാൽ, നാരങ്ങാവെള്ളം ഇവയെല്ലാം വഴിനീളെ തയ്യാറാക്കിയിരുന്നു.

"പരിചിനൊടാമ്പാമവ്യഥമടക്കം
ധരണീശൻ തന്നുടെയെഴുന്നള്ളത്താം
പരമോത്സവമതു നോക്കിക്കണ്ടു
പരമസുഖത്തോടു നില്ക്കുന്നേരം
കാണാകുന്നു കിഴക്കു സമുദ്രം
കനിവോടു പശ്ചിമതോയധിയൊടുഴകി
ഘോഷംഘോഷേണ വരുന്നതുപോലെ
കാണപ്പെട്ടൊരു ദൈവതമങ്ങനെ
കരി തുരഗം പുരുഷാരത്തോടും
പുരുകോലാഹലമെഴുന്നള്ളുന്നതു
പശ്ചിമജലധി കിഴക്കോട്ടേപ്പാ-
ളാശ്ചര്യത്തോടൊഴുകുംവണ്ണം
ചെല്ലൊങ്ങും നിജസൈന്യസമൂഹം
എല്ലാരും ചെന്നൊരുമിച്ചപ്പോൾ
അർണ്ണവമൊന്നതുപോലെയായി.
ബ്രഹ്മാണ്ഡാധിപതിയതിനുടെ നടുവിൽ
പാൽക്കടലിൽ ഹരി വിലസുംപോലെ."

അവ്വിധത്തിൽ തിരുവനന്തപുരത്തെത്തി, അനുജന്റെ ഉപചാരങ്ങൾ സ്വീകരിച്ചു് ശ്രീപത്മനാഭനെത്തൊഴുതു പല വിശിഷ്ട വസ്തുക്കളും നടയ്ക്കുവച്ചു് കാണിക്കയിട്ടു ധർമ്മരാജാവു് സുഖമായിരുന്നു.

"ഇങ്ങനെയുള്ളാക്കോയ്മാധിപനുടെ
ഭംഗിയെഴും തിരുമുമ്പിൽച്ചെല്ലുന്നോർ

(1) ചരക്ക്-വെള്ളം തിളപ്പിക്കുന്ന പാത്രം.

Digitized By Kerala Sahitya Akademi

തിങ്ങിന മോദമോടടിമലർകൂപ്പി
മംഗലമാമിപ്പാട്ടറിയിപ്പാൻ
ശീഘ്രം സംഗതിവരുവതിനോരം
മൽഗുരുനാഥൻ തക്കവതെന്യ
ല്ലണച്ചെയ്യുമല്ലോ; തൻ കഴലിണ മമ
മാനസാ കരുതിക്കൈക്കൂപ്പുന്നേൻ.
ഇക്കവി കെട്ടിയതിന്നതാനും
നീക്കമുള്ള വരുന്നാകിലുമാകെയും
എന്നുടെ സ്വാമിയതാം വഞ്ചിക്ഷിതി-
ചക്രാധിപതി പൊറുത്തരുളേണം.
കുചേലനു മുന്നം ശ്രീപതിഭഗവാൻ
കുശലമതേറെവുമരുളിയപോലെ
തിരുവുള്ളത്തൊടടിയനുമിപ്പോൾ
നരപതിഭഗവാൻ നിരവധി കുശലം
കുറവില്ലാതെ കുതുകമൊടരുളി-
ച്ചിരകാലം പരിപാലിക്കേണം."

എന്നുള്ള പ്രാർത്ഥനയും തുള്ളൽക്കഥയുടെ അവസാനത്തിലുണ്ട്. അനേകം മഹാകവികൾ കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലെ വിദ്വത്സദസ്സിനെ അലങ്കരിച്ചിരുന്നുവെങ്കിലും, അന്ധനായ മാരാരുടെ വിദഗ്ദ്ധ്യോജ്ജ്വലമല്ലെന്നുവരികിലും ഭക്തിസുരഭിലമായ തുള്ളൽപ്പാട്ടും അവിടത്തെ ഉദാരഹൃദയത്തെ ആവർജ്ജിക്കുകയും തന്നിമിത്തം ആ സാധുവിൻെറ ദാരിദ്ര്യബാധ നീങ്ങുകയും ചെയ്തിരിക്കണമെന്നുള്ളതിനു സംശയമില്ല. അശ്വതിതിരുനാൾ തമ്പുരാൻെറ വഞ്ചീശസ്തവത്തിലും സദാശിവദീക്ഷിതരുടെ ബാലരാമവർമ്മയശോഭൂഷണത്തിലും കല്യാണസുബ്രഹ്മണ്യകവിയുടെ അലങ്കാരകൗസ്തുഭത്തിലും നിന്നു ലഭിക്കാവുന്നതിൽ എത്രയോ അധികം ചരിത്രവൃത്താന്തങ്ങൾ നമുക്ക് ഈ എളിയ ഗ്രന്ഥത്തിൽനിന്നു കിട്ടുന്നുണ്ട്.

ചരിത്രകാരദൃഷ്ട്യാ പരിശോധിക്കുമ്പോൾ തമിഴ്കൃതിയും വളരെ പ്രയോജനമുള്ള ഒന്നാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. വില്ലടിപ്പാട്ടുകൾ നിർമ്മിച്ച കവികൾക്കു ദേശാഭിമാനം ധാരാളമുണ്ടായിരുന്നു. പ്രസ്തുതകവി തന്നെ കേരളത്തെ,

Digitized By Kerala Sahitya Akademi

"അൻറു കന്നിയാകുമരിതൊട്ടു കൊങ്കർനാടളവും (1)
അയൻ പടൈത്താൻ ചേരർക്കായങ്കു മലയാളം;
മലയാളം കൊല്ലം വഞ്ചിവേണാട്ടുനാട്ടു;
മൻ(2) കാവു കോയിലെല്ലാം വളരെയുള്ള നാട്ടു;
അലയാഴിതന്നൈവിട്ടു അച്ചുതനാർവന്തു
അനന്തയിൽ പള്ളികൊണ്ട അഴകുപെററനാട്ടു;
അഴകുടയ ചേരമന്നർ അമർന്തിടത്തിനാലേ
അൻപാകപ്പേരുപെററ അൻവഞ്ചിക്കിഴമൈ-
മഴൈ പൊഴിന്തു പയിർവിളയും മലൈനാട്ടുദേശം."

എന്നും മററും ഹൃദയംഗമമായി പ്രശംസിക്കുന്നു. ധർമ്മരാജാവിൻെറ രാമേശ്വരയാത്രയെപ്പററി, അപ്രകാശിതങ്ങളായ ഈ രണ്ടു ഗ്രന്ഥങ്ങളിൽനിന്നല്ലാതെ മറെറാരിടത്തുനിന്നും നമുക്കു യാതൊരറിവും ലഭിക്കുന്നില്ല. കൂടെ എഴുന്നള്ളിയ മഹാകവി അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ ഈ വിഷയത്തെ അധികരിച്ച് ഒരു കാവ്യം രചിച്ചിരുന്നു എങ്കിൽ അതെത്ര വിശിഷ്ടമായിരുന്നിരിക്കും? അങ്ങനെ ചെയ്യാത്തതു സാഹിത്യത്തിൻെറ ഭാഗ്യദോഷമെന്നേ പറവാനുള്ളു.

---

(1) കൊങ്കർനാട്ടു=കോയമ്പത്തൂർ. (2) മൻ=വലിപ്പം.



Digitized By Kerala Sahitya Akademi

## കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ

# ഒരു അപ്രകാശിതകൃതി.

---

കവിസാർവ്വഭൗമൻ കൊടുങ്ങല്ലൂർ ചെറിയകൊച്ചുണ്ണിത്തമ്പുരാൻ മലയാളഭാഷാസാഹിത്യത്തിനു ചെയ്തിട്ടുള്ള ബൃഹത്തും മഹത്തുമുമായ സാഹായ്യത്തെപ്പററി അറിവില്ലാത്ത കേരളീയർ ആരുംതന്നെ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. കൊച്ചുണ്ണിത്തമ്പുരാൻ ൧൦൩൩-ാമാണ്ടു മീനമാസം ൧൭-ാംനു ജനിച്ചു; ൧൧൦൧-ാമാണ്ടു കർക്കടകമാസം ൧൧-ാംനു തീപ്പെട്ടു. അവിടത്തെ ജീവിതകാലം മുഴുവൻ കൈരളീദേവിയുടെ കൈങ്കര്യത്തിനാണു് പ്രധാനമായി സമർപ്പിക്കപ്പെട്ടിരുന്നതു്. സംസ്കൃതവൃത്തങ്ങളിലും ദ്രാവിഡവൃത്തങ്ങളിലുമായി ആ മഹാകവി രചിച്ചിട്ടുള്ള ഭാഷാസാഹിത്യനിബന്ധനങ്ങൾക്കു കണക്കില്ല. സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ കവനം ചെയ്യുന്നതിനു് ശക്തനായിരുന്നതിനാലാണു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ കവിഭാരതത്തിൽ അവിടത്തെ "ദിവ്യനാം സവ്യസാചി"യായി വർണ്ണിക്കയുണ്ടായതു്. എങ്കിലും ആ പുണ്യശ്ലോകന്റെ സംസ്കൃതകൃതികളും ഭാഷാകൃതികളും സൂക്ഷ്മദൃഷ്ടിയോടുകൂടി വായിച്ചു താരതമ്യവിവേചനം ചെയ്തിട്ടുള്ള സഹൃദയന്മാൎക്കു് അവിടത്തെ സംസ്കൃതകൃതികളാണു് ആസ്വാദ്യതരങ്ങളായിത്തോന്നുക. കവിപുഷ്പമാലയിൽ വെണ്മണിമഹൻ നമ്പൂരിപ്പാടു്,

> "കേട്ടാൽ ഭങ്ഗി ചുരുക്കമല്ലരസമ-
> ല്ലോരാളമിത്യാദികം-
> ണ്ടാട്ടെ നൽപവിഴാഖ്യമല്ലികയ-
> താകട്ടെ പകിട്ടെന്നിയേ."

എന്നു് അവിടത്തെ ഭാഷാകവിതയെപ്പററി പ്രസ്താവിച്ചിട്ടുള്ളതു് അതേപ്രകാരത്തിൽ സമ്മതിച്ചുകൊടുക്കുവാൻ ഭാവുകന്മാർ സന്നദ്ധരാകയില്ലെങ്കിലും, ആ പ്രസ്താവനയിൽ വാസ്തവോക്തിയുടെ

Digitized By Kerala Sahitya Akademi

ഛായാസ്പർശം തീരെയില്ലെന്നു ശപഥം ചെയ്യുവാൻ ആൎക്കു പ്രയാസമുണ്ടാകുന്നതാണു്. ഇതിൽനിന്നു ലക്ഷ്മീസ്വയംവരം കിളിപ്പാട്ടു്, സുന്ദരകാണ്ഡം തുള്ളൽ, മധുരമങ്ഗലം നാടകം, പാണ്ഡവവിജയം മഹാകാവ്യം, വഞ്ചീശവംശം മഹാകാവ്യം, മലയാംകൊല്ലം കാവ്യം, രാമാശ്വമേധം കിളിപ്പാട്ടു്, ശ്രീമഹാഭാഗവതം ഗാഥ ഇത്യാദി കൃതികൾക്കു ഭാഷാസാഹിത്യത്തിൽ ഉള്ള സ്ഥാനം അത്യന്തം മഹനീയമാണെന്നുള്ള വസ്തുതയെ ഞാൻ അപലപിക്കുന്നു എന്നു് ആരും തെററിദ്ധരിക്കരുതു്. സംസ്കൃതത്തിൽ അവിടുന്നു രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ എണ്ണത്തിൽ ചുരുങ്ങുമെങ്കിലും ഗുണത്തിൽ ഇവ മിക്കവയേയുംകാൾ മേലെയാണെന്നു് മാത്രമാകുന്നു എന്റെ പ്രസ്താവനയുടെ സാരം.

കൊച്ചുണ്ണിത്തമ്പുരാന്റെ സംസ്കൃതകൃതികളിൽ അത്യന്തം ഗുണഭൂയിഷ്ഠമായ ഒരു നിബന്ധമാണു് 'ബാണയുദ്ധം' എന്ന ചമ്പു. അതു് ഇതുവരെ അച്ചടിപ്പിച്ചിട്ടില്ല. പ്രസ്തുത ഗ്രന്ഥത്തിന്റെ നിൎമ്മിതി ൧൦൭൩-ാമാണ്ടിലായിരുന്നു എന്നുള്ളതിനു അതിൽ തന്നെ രേഖയുണ്ടു്.

ബാണാസുരൻ തന്റെ കൈത്തരിപ്പു തീൎക്കുവാൻ ശത്രുക്കളില്ലാത്തതു നിമിത്തമുള്ള സങ്കടം ശ്രീപരമേശ്വരനെ അറിയിക്കുന്ന ഘട്ടത്തിലുള്ള ശ്ലോകങ്ങളിൽ ചിലതു താഴെ ഉദ്ധരിക്കുന്നു.

"ദൈത്യേന്ദ്രായം കദാചിൽ പ്രബലതര-
 മദാക്രാന്തധീസ്തം മഹേശം
ഭാസ്വന്തം നത്വാ സമൂൎദ്ധ്നാ മണിമകുടവതാ
 വ്യാജഹാരൈവമുച്ചൈഃ
സ്ഫൂൎജ്ജൽകണ്ഡൂതിവല്ഗൽകരനികരസമാ-
 സ്ഫോടിതൈൎഭ്ഭൂരിഘോഷൈഃ
കുൎവ്വാണസ്സംഭ്രമോദ്യല്പതിതഫണഗണാൻ
 ഭേവഭൃഷാളജങ്ഗാൻ.

യേ യാച്ഞ്യേന തവ പ്രസാദമതുലം
 ന്യൂനേന പുരാപ്തയേ-
ഭസ്മീ ശങ്കര, നിസ്തുലാ മമ ഭുജാഃ
 കണ്ഡൂതിവിച്ഛിത്തയേ

Digitized By Kerala Sahitya Akademi

ഷ്വന്തസ്ഥാപ്യ പരസ്പരം നിജകുലേ
    സ്നേഹം വിമുച്യാഖിലം
ജാതാ ഹന്ത ജനാപവാദവിഷയാ-
    യുക്തം കിമേതത്തവ?

വിന്ധ്യ ഹ്രസ്വതപസ്വിഹസ്തമഥിതേ,
    മന്ദരമോഃകമ്പിതേ
കൈലാസേ, ഗുഹശസ്ത്രപാടിതതനൌ
    ക്രൗഞ്ചേപി വാ പർവ്വതേ,
മൽകാന്താകുചകുംഭരോചിഷിതേ
    ദേവൌ ച മേരീ ഭുജഃ
കണ്ഡൂലാഅപി നോ പതന്തി ഭഗവൻ,
    വ്രീഡനു; കിം കുർമ്മഹേ?

ബ്രഹ്മൻ, മദ്ഭുജദണ്ഡമണ്ഡലമഹാ-
    കണ്ഡൂതിശാന്തിപ്രദം
വേതാളത്താം സുദൃഢം സൃജാത കിമപീ-
    ത്യേവം മയാ ശാസിതഃ
തത്സ്രഷ്ടാവപടുർഭയാകുലമതിർ-
    ലീനാംബുധിമധ്യസ്ഥലീ-
സുപ്തശ്രീശഗഭീരനാഭിനളിനീ-
    നാളീകനാളേ വിധിഃ."

ഈ ബാണാസുരനോടുള്ള ഓിക്കൽ പോരചാലനായ ശ്രീപരമേശ്വരനെ മദാന്ധനായി പ്രാപിച്ചു നമസ്കരിച്ചു് ഇങ്ങനെ ഉച്ചത്തിൽ പറഞ്ഞു. ആ ദൈത്യരാജന്റെ കരാസ്ഫാലനഘോഷം കേട്ടു സംഭ്രമിച്ചു ഭഗവാന്റെ ആഭരണങ്ങളായ സർപ്പങ്ങൾ അവയുടെ വിസ്തൃതങ്ങളായ ഫണങ്ങൾ ഉയർത്തി. "അല്ലയോ ശങ്കര, നിന്തിരുവടിയുടെ നൃത്തത്തിൽ വാദ്യംകൊട്ടി അവിടത്തെ പ്രസാദത്തെ പണ്ടു പൂരിപ്പിച്ചിരുന്ന അടിയന്റെ ഈ ആയിരം കൈകൾ ഇപ്പോൾ അവയുടെ ചൊറിച്ചിൽ തീരുവാൻ അന്യോന്യം പ്രാപിച്ചു് ഒരേ കുലത്തിൽ ജനിച്ച തങ്ങൾക്കു ബന്ധുസ്നേഹമില്ലെന്ന

Digitized By Kerala Sahitya Akademi

ഈ ലോകാപവാദത്തിനു വിഷയീഭവിച്ചിരിക്കുന്ന ഈ നിലയിൽ അവനെ എത്തിക്കുന്നതു് അവിടെയ്ക്കു യുക്തമാകുമോ? വാമനനായ ഒരു ഋഷി മഥിച്ച വിന്ധ്യപർവ്വതത്തിലും ഇരുപതുകൈകൾ മാത്രമുള്ള രാവണൻ ഇളക്കിയ കൈലാസത്തിലും കുമാരൻ ബാണങ്ങൾകൊണ്ടു മെയ്യ് പൊളിച്ച ക്രൌഞ്ചഗിരിയിലും എന്റെ പ്രിയതമയുടെ കുചകുംഭങ്ങൾ തോല്പിച്ച മഹാമേരുവിലും, തരിപ്പു ധാരാളമുണ്ടെങ്കിലും, എന്റെ ഈ ബാഹുസഹസ്രം പതിക്കുന്നില്ല. ഞാനെന്തുചെയ്യട്ടെ? ഈ തരിപ്പു തീർക്കത്തക്ക നിലയിൽ സുദൃഢമായ എന്തെങ്കിലും ഒന്നിനെ സൃഷ്ടിക്കു എന്നു ബ്രഹ്മാവിനോടു് ഞാൻ ആജ്ഞാപിച്ചു; അത്തരത്തിലുള്ള സൃഷ്ടിക്കു് അസമർത്ഥനായ അദ്ദേഹം പേടിച്ചോടി സമുദ്രമദ്ധ്യത്തിൽ ഉറങ്ങുന്ന ശ്രീനാരായണന്റെ നാഭിയിൽ മുളച്ച താമരയുടെ നാളത്തിൽ ഒളിച്ചു." നോക്കുക, മഹാകവിയുടെ കല്പനാധോരണി.

ഉഷാകല്യാണകഥ സുപ്രസിദ്ധമാകയാൽ അതു് ഇവിടെ പ്രപഞ്ചനം ചെയ്യേണ്ട ആവശ്യമില്ല. മാർദ്ദവമാംസളം കൊണ്ടോ എന്നു തോന്നുമാറു മൃദുലമൃദുലമായ ശയ്യാതലം വിട്ടു പരിതപ്തയായി തറയിൽ കിടന്നു് ഉരുളുന്ന ഉഷയെക്കണ്ടു ചിത്രലേഖ ചോദിക്കുന്നു.

> "കസ്മാത്ത്വം ബഹു രോദിഷി പ്രിയസഖി,
>     പ്രേമ്ണാ തവാഹം ഗൃഹം?
> സന്താപാദ്ഭ്രമത്; കുതസ്തമധുനാ?
>     ഭർത്തുർവിയോഗാദഭൂത്;
> ലബ്ധസ്തേത്ര പതിഃ കഥം? പ്രിയസഖീ-
>     സാഹായ്യതഃ; കാ നു സാ
> മത്തോഽന്യാ കിമിഹാദ്യ രോദനമയേ?
>     നിദ്രാതിരേകേ പ്രഭോ"

ഇതു ചിത്രലേഖയും ഉഷയും തമ്മിലുള്ള സംഭാഷണമാണു്. "അല്ലേ പ്രിയസഖി, നീയെന്താണു് ഇത്രയധികം കരയുന്നതു്? പ്രേമംകൊണ്ടു നീതന്നെയാണല്ലോ ഞാൻ." എന്നു ചിത്രലേഖ. സന്താപംകൊണ്ടാണെന്നു് ഉഷ- "ഈ സന്താപം എങ്ങനെയുണ്ടായി?" "ഭർത്താവിന്റെ വിയോഗംവന്നപ്പോൾ" "നീ എങ്ങനെയാണു്

ഭർത്താവിനെ കണ്ടെത്തു്?" "പ്രിയസഖിയുടെ സാഹായ്യം ഹേതുവായിട്ടു്." "എന്നിൽനിന്നു ഭിന്നയായ നിന്റെ ആ പ്രിയസഖി ആരാണു്?" "ഏററവും ഭദ്രപ്രദയായ നിദ്രതന്നെ" ഇങ്ങനെ ഉപന്യസിച്ചുകൊണ്ടു് ഉഷ ചിത്രലേഖയോടു താൻ സന്ധ്യാസമയത്തു് സഖികളോടുകൂടി ദേവീക്ഷേത്രത്തിൽ പാർവ്വതീപരമേശ്വരന്മാരെ ഭജിക്കുവാൻ പോയി എന്നും അവിടെ കുഞ്ജശരണനായ ഒരു തരുണനെ കണ്ടുമുട്ടി ആ മഹാനിൽ അനുരക്തയായിത്തീൎന്നു എന്നും പ്രസ്താവിക്കുന്നു. ആ യുവാവിന്റെ സൌന്ദൎയ്യാതിശയം കവി വൎണ്ണിക്കുന്നതു കേൾക്കുവിൻ:

"യം ദൃഷ്ട്വായം വസന്തോ വനമധിവസതി
ഹ്രീമദംബരാന്തം
ചന്ദ്രോ മന്ദാക്ഷമേചലാവൃതമസമശരഃ
സ്ത്രീജനാനാം ഹൃദന്തം
കോവായം കോമളാംഗഃ കുവലയകലികാം-
കന്തിരിത്യുവമന്ത-
സ്സന്തോഷാച്ചിന്തയന്തി വിവിധമകരവം
തത്ര നേത്രപ്രചാരം."

ആ പുണ്യപുരുഷനെക്കണ്ടിട്ടു വസന്തം സൌരഭ്യപൂൎണ്ണ വനത്തിലും ചന്ദ്രൻ ആകാശത്തിലും കാമദേവൻ ലജ്ജയാകുന്ന വസ്ത്രത്താൽ മൂടപ്പെട്ട സ്ത്രീകളുടെ മനസ്സിലും ചെന്നൊളിക്കുന്നപോലും. അദ്ദേഹം തന്നെക്കണ്ട ക്ഷണത്തിൽ "തമാദാതുംകിളം ശ്രുസ്ഥാനുമന്യത്ര യാഗന്നുമപാദയന്തീ ലജ്ജയാ മുഖമാനമയന്തീ പാദാംഗുഷ്ഠേന ഭൂപൃഷ്ഠം ലിഖന്തീ സ്വേദകണാൻ കിരന്തീ മുദുമുദുഹസന്തീ ക്ഷണം തസ്ഥുഷീ" എന്ന നില താനിക്കു സംഭവിച്ചതായി ഉഷ തന്റെ സ്വപ്നകഥ തുടരുന്നു. വീണയെടുത്തു മീട്ടി പാടുവാനാരംഭിച്ചപ്പോൾ ആ യുവതിയുടെ മനസ്സിൽനിന്നു് "താളഃ കാപി ഗതഃ സ്വരാശ്ച വിരതോ രാഗസ്തു ചേതസ്സിൻ സ്ഥിതഃ" താളം ഒരിടത്തും സ്വരങ്ങൾ മറെറാരിടത്തും പോയി; രാഗംമാത്രം അവിടെത്തന്നെ ക്ഷുരന്നു. അതു കണ്ടു ചിത്രലേഖയെന്നിക്കെട്ടുള്ള സഖികൾ ഉഷയെ അപഹസിച്ചു. ചിത്രലേഖയാകട്ടെ കുഞ്ജസ്ഥനായ നായകനോടു ഭാഗ ഭ്യമായു്,

Digitized By Kerala Sahitya Akademi

‘‘പശ്യ ത്വം ചഞ്ചരീകപ്രവര, സാദരം
മഞ്ജുളം കുഞ്ജമേത-
ത്സേവസ്വാമും നവാശോകദ്രുമനവകലികാം
മന്ദമന്ദം ഹസന്തീം;
യാ തസ്യാഃ പല്ലവാളീ സവിധഭുവി
തിരസ്കാരകർത്ത്രീ പുരോഭൂത്-
സേയം സൌരഭ്യവിജ്ഞാപനപടുരധുനാ
വാത്യയാ പാതിതാ.’’

എന്നു നായികയുടെ ഇംഗിതം സ്പഷ്ടമാക്കി പ്രസ്താവിച്ചു. ‘‘അല്ലയോ ഭ്രമരശ്രേഷ്ഠ, അങ്ങു വേഗത്തിൽ വള്ളിക്കുടിലിൽ ചെന്നിട്ടു മന്ദമന്ദം ഹസിച്ചു (വികസിച്ചു) കൊണ്ടിരിക്കുന്ന ഈ തേന്മാവിന്റെ പൂമൊട്ടിനെ സേവിക്കുക. ഈ മൊട്ടിന്റെ അടുത്തിരുന്ന ധിക്കാരകർത്ത്രിയായ പല്ലവാളിയെ (തളിർനിരയെന്നും നിസ്സാരയായ സഖിയെന്നും) സൌരഭ്യമറിയിക്കുന്നതിൽ വിശേഷവൈദഗ്ദ്ധ്യമുള്ള കൊടുങ്കാററു നീക്കിക്കളഞ്ഞിരിക്കുന്നു.’’ വിചാരമില്ലാത്ത മററു സഖിമാർ പോയിയെന്നും വിദഗ്ദ്ധയായ താൻ മാത്രമേ നായികയുടെ സമീപത്തുള്ളു എന്നും അതുകൊണ്ടു നായകൻ നവയൌവനാഭിരാമയായ നായികയെ തന്റെ സാഹായ്യത്തോടുകൂടി യഥേച്ഛം അനുഭവിക്കുവാൻ മടിക്കേണ്ടതില്ലെന്നും താൽപര്യം.

അങ്ങനെ സ്വപ്നലബ്ധനായ പ്രിയതമനുമായി ഉഷ പ്രബുദ്ധയാകുന്നതുവരെ രമിച്ചു. പിന്നെയും ചിത്രലേഖയോടു പറയുകയാണ് ആ വിയോഗദുഃഖിതയായ സുന്ദരി:—

‘‘പശ്യാമീവ മുഖം ശശാങ്കസുഭഗം
തസ്യാദ്യ; വക്ഷസ്തടം
ശ്ലിഷ്യാമീവ; സുധാസമാനമധരം
പ്രീത്യാ പിബാമീവ ച;
ജിഘ്രാമീവ സുഗന്ധിശീതവദനോ-
ച്ഛ്വാസം; ശൃണോമീവ ച
ശ്രോത്രാനന്ദകരം വചോതിമധുരം;
സങ്കല്പശക്ത്യാ സഖി.’’

Digitized By Kerala Sahitya Akademi

ഒടുവിൽ ചിത്രലേഖാപായി അനിരുദ്ധനെ അന്തഃപുരത്തിലേക്കു കൊണ്ടുവരുന്നു. അനിരുദ്ധൻ ധർമ്മഭ്രംശം ശങ്കിച്ചു കോപിക്കുന്നു. അതിനു ചിത്രലേഖ

"കന്ദർപ്പാത് കാമദഗ്ദ്ധാമവിതുമപഹൃത-
സ്ത്വം മയാദ്യാന്യഥാ തു
സ്ത്രീഹത്യാപങ്കിലസ്യാദഖിലഭുജഭൃതാ-
മഗ്രയായീ പിതാ തേ."

കാമദേവനാൽ ദഗ്ദ്ധയായ തന്റെ പ്രിയസഖിയെ രക്ഷിക്കുന്നതിനു വേണ്ടിയാണു് താൻ അദ്ദേഹത്തെ അവിടെ അപഹരിച്ചുകൊണ്ടു പോന്നതു് എന്നും അല്ലെങ്കിൽ ലോകൈകവീരനായ (പ്രദ്യുമ്നൻ തന്നെയാണല്ലോ കാമൻ) അദ്ദേഹത്തിന്റെ പിതാവിൽ സ്ത്രീഹത്യാപാപം നിലകൊള്ളുന്നതാണെന്നും ഉള്ള യുക്തിവാദംകൊണ്ടു ശമനം വരുത്തുന്നു. അനിരുദ്ധന്റെ ആ കോപം, അല്ലെങ്കിൽതന്നെ, എത്ര നിമിഷത്തേക്കു നീണ്ടുനിൽക്കും?

"തദവധി കുശലീ പുരാണശാസ്ത്ര-
ശ്രുതിശതചാരുവിചാരജോ വിവേകഃ
യദവധി ന പദം ദധാതി ചിത്തേ
ഹരിണകിശോരദൃശോ ദൃശോർവിലാസഃ."

എന്ന ജഗന്നാഥപണ്ഡിതർ സ്വാനുഭവത്തെ ആസ്പദമാക്കി വെളിപ്പെടുത്തിട്ടുള്ള തത്ത്വം സാർവ്വലൗകികവും സാർവ്വകാലികവുമല്ലയോ?

കാലക്രമത്തിൽ കന്യകയുടെ ആ അപഥസഞ്ചാരം അന്തഃപുരപരിപാലകന്മാരായ പട്ടാളക്കാർ അറിഞ്ഞു. അവർ പോയി ബാണനോടു നിവേദനം ചെയ്യുന്നതും താഴെ ഉദ്ധരിക്കുന്നതുമായ പദ്യം ഈ പ്രബന്ധമാല്യത്തിന്റെ നടുനായകമാണു്.

"അന്തഃപുരേസ്മാഭിരിഹാപ്രമത്തൈ-
സ്സുരക്ഷിതേ കോപി പുമാൻ സമാഗാത്;
പ്രവേശമാർഗ്ഗം തു ന തസ്യ വിദ്മോ
മുക്താഫലസ്യേവ ശുചീന്ദ്രകംബേ"

Digitized By Kerala Sahitya Akademi

"അടിയങ്ങൾ ഈ അന്തഃപുരം യാതൊരു പിഴയും കൂടാതെ ഭദ്രവിധത്തിൽ രക്ഷിക്കുന്നുണ്ടു്; എന്നിട്ടും ഇവിടെ ഒരു പുരുഷൻ ഇപ്പോൾ കടന്നുകൂടിയിരിക്കുന്നു. ആ വിദ്വാൻ ഏതുവഴിക്കു് അകത്തുകേറി എന്നു് അറിവാൻ അടിയങ്ങൾക്കു് ഒരു നിവൃത്തിയുമില്ല. ആനത്തലവന്റെ മസ്തകത്തിൽ ഏതുവഴിക്കു മുത്തു കടന്നുകൂടിഎന്നു് ആർക്കെങ്കിലും പറവാൻ കഴിയുമോ? അതുപോലെയാണു് പ്രസ്തുതസംഭവം." കാളിദാസൻ പോലും കണ്ടാൽ കൊതിക്കുന്ന ഒരു ഉപമയാണു് ഇതു്.

ആ വാക്കുകേട്ടു ബാണൻ ക്രോധാന്ധനായി അന്തഃപുരത്തിൽ എത്തി പോരിൽ അനിരുദ്ധനെ ബന്ധിക്കുന്നു. "യഥാ ഫണിപതേസ്സ്വപ്നസ്യ ബാലം ഘടേ" ഉറങ്ങിക്കിടക്കുന്ന നാഗരാജാവിന്റെ കുഞ്ഞിനെ കുടത്തിലടയ്ക്കുന്നതിനു തുല്യമായിരുന്നു ആ ബന്ധനം. 'പ്രാണേശൈകീകരണനിപുണ'മായ സങ്കല്പം ഉഷയെ ആത്മഹത്യയിൽ നിന്നു വിരമിപ്പിച്ചു. 'ശശാങ്കചൂഡാങ്കവിരാജമാന'യായ ശൈലപുത്രിയെ ഭജിച്ചുകൊണ്ടു് ആ യുവതി യഥാകഥഞ്ചിൽ കാലയാപനം ചെയ്തു.

അപ്പോഴേയ്ക്കും കലഹപ്രിയനായ നാരദമഹർഷി ദ്വാരകയിൽ എത്തിക്കഴിഞ്ഞു. ചുവടേ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വർണ്ണിക്കുന്നതു് ശ്രീകൃഷ്ണനും അദ്ദേഹവും തമ്മിൽ നടന്ന സംഭാഷണമാണു്.

"കസ്ത്വം ത്വം മുനിചന്ദ്ര? ബാണനഗര-
ദ്വാരസ്ഥിതേശാന്തികാൽ;
കശ്ശ്ലോകഃ? ഗിരിശേന വീക്ഷിത ഇതി
ശ്രീമൻ, കുതഃ കഥ്യതാം;
പ്രാദ്യുമ്നിഗ്രഹണാത്തദാത്മജസുതാ-
സേഷാപ്രസന്നാശയ-
ശ്രീഗൌരീസ്പൃഹദാനസംഭ്രമവശാത്
സ്വഃസ്ഥാന ദേവഃ കില!"

"അല്ലയോ മഹർഷേ, അങ്ങു് എവിടെ നിന്നാണു് വരുന്നതു്" എന്നു ശ്രീകൃഷ്ണൻ. "ബാണാസുരന്റെ ഗൃഹദ്വാരത്തിൽ കാവ

Digitized By Kerala Sahitya Akademi

ല്ലാദനായി നില്ക്കുന്ന ശ്രീപരമേശ്വരന്റെ സമീപത്തിൽനിന്നു്" എന്നു നാരദൻ. "അങ്ങേക്കെന്താണു് ദുഃഖം?" "ശിവനെ കാണുവാൻ ഒക്കാത്തതുതന്നെ." "അതെങ്ങനെപററി? പറയുക." "അങ്ങയുടെ മകനായ പ്രദ്യുമ്നന്റെ പുത്രൻ അനിരുദ്ധനെ ബാണൻ കാരാഗൃഹത്തിലടച്ചിട്ടു. അതുകണ്ടു ദുഃഖിതയായ അദ്ദേഹത്തിന്റെ പുത്രി ഉഷ പാർവ്വതിദേവിയെ സേവിച്ചു പ്രസന്നയാക്കി. അനിരുദ്ധനെ സ്വതന്ത്രനാക്കണമെന്നു പാർവ്വതി പരമേശ്വരനോടു പ്രാർത്ഥിച്ചു. പ്രാണാധികപ്രേയസിയായ പാർവ്വതിയുടെ പ്രാർത്ഥന ഭഗവാൻ എങ്ങനെ നിരസിക്കും? ഭക്തശിഖാമണിയായ ബാണാസുരന്റെ ഹിതത്തിനു പ്രതികൂലമായി എങ്ങനെ ആ പ്രാർത്ഥന സാധിക്കും? അവിടുത്തേക്കു മനഃസ്വാസ്ഥ്യമില്ലപോലും. ഈ ധർമ്മസങ്കടത്തിൽ എങ്ങനെയാണു് മാദൃശന്മാരെ സ്വസാന്നിധ്യംകൊണ്ടു് അവിടന്നു് അനുഗ്രഹിക്കുക?" പ്രാസംഗികമായിത്തന്നെ മഹർഷി പറയേണ്ടതെല്ലാം പറഞ്ഞുതീർത്തു. യാദവന്മാർ ഉടനടി യുദ്ധസന്നദ്ധരായി. സാത്യകി സിംഹനാദം ചെയ്തുകൊണ്ടു് ഉദ്ഘോഷിക്കുന്നു:—

"ബാണം നിഹത്യ യുധി ജിഹ്മഗതിം തമേകം
ദൈത്യേശചാപലകമഥാസ്യ പുരം മനോജ്ഞം
സദ്യഃ ദൈത്യകുലനാശകരൈരനേകൈർ-
ബാണൈശ്ച ജിഹ്മഗതിഭിഃ പരിപൂരയിഷ്യേ."

"കുടിലഗതിയും ദൈത്യരാജനും ആയ ഒരു ബാണനെ (ബാണത്തെയെന്നും) പോരിൽ ജയിച്ചിട്ടു ഞാൻ ഇദ്ദേഹത്തിന്റെ പുരത്തെ ഇപ്പോൾതന്നെ ജിഹ്മഗതികളും ദൈത്യകുലനാശകങ്ങളുമായ അനേകം ബാണങ്ങളെക്കൊണ്ടു നിറയ്ക്കുന്നുണ്ടു്."

ശ്രീകൃഷ്ണൻ ശോണിതപുരത്തിൽ എത്തി. അദ്ദേഹത്തിന്റെ അജയ്യങ്ങളായ സൈന്യങ്ങൾ "ഔന്നത്യമസഹിഷ്ണവ ഇവ പ്രാകാരാംശ്ചൂർണ്ണീകൃത്യ, സ്വഭുജമാത്രസ്ഥാപനായൈവ കേതുദണ്ഡാൻ ബന്ധയിത്വാ, ഭക്തസ്ഥിതസ്യ ഭഗവതോ ഭീതിസ്പൃശസ്യ ധൂർജടേഃ പ്രസാദായേവ ശംഖതാമരാദികാൻ ഭസ്മീകൃത്യ കൃതകൃത്യം നൃത്യന്തി സ്മ" ഔന്നത്യത്തെ സഹിക്കായ്കകൊണ്ടെന്നോ എന്നതോന്നുമാറു കോട്ടകളെ

Digitized By Kerala Sahitya Akademi

പൊടിപെടുത്തുകയും തങ്ങളുടെ ഭുജശാഖകളോടു മത്സരിക്കുന്ന അപാരാധം കൊമ്പുകളോ എന്നു തോന്നുമാറു കൊടിമരങ്ങളെ മുറിക്കുകയും അസ്ഥലത്തുള്ള ഭസ്മപ്രിയനായ ഭഗവാൻ ശ്രീപരമേശ്വരന്റെ പ്രാസദത്തിനു വേണ്ടിയോ എന്നു തോന്നുമാറു ശാഖകളും ആരാമങ്ങളും മുതലായവയെ വെണ്ണീറാക്കുകയും ചെയ്തു കൃതകൃത്യത നേടിയവിധത്തിൽ നർത്തനം ചെയ്തു.

ഉഗ്രസ്ഥനായ പരമേശ്വരനും യുദ്ധോദ്യുക്തനായ ശ്രീകൃഷ്ണനും തമ്മിൽ അനന്തരം താഴെക്കാണുന്നവിധത്തിലുള്ള ധർമ്മസല്ലാപം നടക്കുന്നു.

“ഭോഭോസ്ത്വം കുത ആഗതോ മധു-
രിപോ? ബാണം നിഹന്തും രണേ;
കിം ബാണേന തവാപരാധമധുനാ?
ബദ്ധോനിരുദ്ധശ്ശിശുഃ;
പൌത്രസ്യാപി ജിതേന്ദ്രിയസ്യ ഖലു തേ
ശ്രേയോർത്ഥമേതൽ കൃതം;
തർഹി സ്വീയസുതൈവ ബന്ധുമുചിതാ-
നേനൈവ കാമാതുരാ.

പൌത്രം വാഞ്ഛതി ഭോ ഭവാൻ യദി
സഖേ! തർഹ്യസ്യ ഭോഗേച്ഛിനഃ
പുത്രസ്യാപി പുരഃ പുരാ പിതൃരിവ
ത്വം ദേവ ഭിക്ഷാടക;
ഭിക്ഷാർത്ഥം ന മമാസ്തി ഹസ്തപുടകേ
കിഞ്ചിൽ കപാലാദികം;
കിന്ത്വത്ര വിലസന്തി ഭീഷണധനു-
സ്തൂണീരബാണാദയഃ.”

“അല്ലയോ മധുസൂദന, അങ്ങ് എന്തിനായിട്ടാണ് വന്നതു?” എന്നു ശിവൻ. “പോരിൽ ബാണനെ വധിക്കുവാൻ” എന്നു കൃഷ്ണൻ. “ബാണൻ എന്തപരാധമാണ് അങ്ങയോട് ചെയ്തതു?” “ശിശുവായ അനിരുദ്ധനെ ബന്ധിച്ചു” “ഇന്ദ്രിയനിഗ്രഹ

Digitized By Kerala Sahitya Akademi

മില്ലാത്ത അങ്ങയുടെ പൌത്രന്റെ ശ്രേയസ്സിനുവേണ്ടിയാണല്ലോ ബാണൻ അങ്ങനെ ചെയ്തതു്." "അങ്ങനെയാണെങ്കിൽ ആ കുട്ടിയെക്കണ്ടിട്ടു കാമാതുരയായിത്തീൎന്ന ഞങ്ങളുടെ മകളെയല്ലേ ബാണൻ ബന്ധിക്കേണ്ടതു്?" "അങ്ങേയ്ക്കു് പൌത്രനെ തിരിച്ചുകിട്ടണമെന്നു് ആഗ്രഹമുണ്ടെങ്കിൽ പണ്ടു് ഈ രാജാവിന്റെ അച്ഛനോടു (മഹാബലിയോടു്) പിച്ചതെണ്ടിയതുപോലെ ഇപ്പോൾ ഇദ്ദേഹത്തോടും ഇരക്കൂ." "ഇരക്കാൻ ആവശ്യമുള്ള തലയോടു മുതലായ സാധനങ്ങളല്ലല്ലോ എന്റെ കൈയിലിരിക്കുന്നതു്. ഭയങ്കരങ്ങളായ വില്ലു്, ആവനാഴി, അമ്പു മുതലായവയാണു്."

ക്ഷിപ്രപ്രസാദിയായ ശ്രീപരമേശ്വരൻ ക്ഷിപ്രകോപിയുമാണു്. "ഭിക്ഷാർത്ഥം ന മമാസ്തി ഹസ്തപുടകേ കിഞ്ചിൽ കപാലാദികം" എന്ന വാക്കു കേട്ടപ്പോൾ അവിടത്തെ ഭാവം പാടേ പകൎന്നു.

"കിംകിം ജല്പസി ശൃണ്വതോ മമ സമു-
ന്മീലല്ലലാടേക്ഷണ-
ക്രീഡാശേഷപുരത്രയസ്യ വിഫലൈ-
ർവ്വാചാം നിഗുംഫൈരലം.
ഇത്യുദ്യമ്യ പിനാകമുൽകടലസദ്-
ഭ്രൂഭംഗസന്ദർശന-
ത്രസ്യദ്ഭ്രാന്തചരാചരം സ ഭഗവാ-
നഭ്യുദ്യവച്ഛാർങ്ഗിണം."

"ലീലയായി മൂന്നാം തൃക്കണ്ണു തുറന്നു ത്രിപുരന്മാരെ ദഹിപ്പിച്ച ഞാൻ കേട്ടുകൊണ്ടിരിക്കെ എന്തെന്താണു് അങ്ങു പറയുന്നതു്? നിഷ്ഫലങ്ങളായ ഈ വാഗ്ഗുംഫങ്ങൾ മതി" എന്നു പിനാകത്തെ ഉയർത്തി ഉൽക്കടമായ വീരവാദം ചെയ്തു ഭ്രൂഭംഗംകൊണ്ടു സകലചരാചരങ്ങളും പേടിച്ചോടുമാറു് ആ ഭഗവാൻ ശ്രീകൃഷ്ണനോടു് എതിരിട്ടു.

അനന്തരം ബാണാസുരൻ യുദ്ധരംഗത്തിൽ എത്തി. ശ്രീകൃഷ്ണൻ അദ്ദേഹത്തെ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ പരിഹസിക്കുന്നു:

Digitized By Kerala Sahitya Akademi

"ത്വാം ജാനാമി കുജന്മ ഹേ ഖലു തയോഃ
കൂടസ്ഥയോർദ്ദൈത്യയോ-
രേകോ മർത്ത്യമൃഗേണ യുദ്ധസമയേ
കോലേന ചാന്യോ ഹതഃ
മുഗ്ദ്ധസ്തു ജനകസ്തു ഹന്ത! വടുനാ
കേനാപ്യഹോ വഞ്ചിതോ-
ബദ്ധോദ്യാപി ഭയാത്തമിസ്രമശിതം
പാതാളമാസേവതേ.

ഭൂതപ്രേതപിശാചകൈസ്സഹ ഘോ-
രഘോരശ്മശാനാന്തരേ
നിർല്ലജ്ജം പരിനൃത്യതോ നിശി മുഹുർ-
ഭിക്ഷാടനം കുർവ്വതഃ
സ്ത്രീദത്താർദ്ധതനോരിഹാതനരിപോ-
ശ്ശംഭോഃ പ്രസാദേച്ഛയാ
കഃ ക്ലിശ്യേത മഹാജഡം ബലധനൈ-
ർഹീനം ഭവന്തം വിനാ?"

"നിന്നെ ഞാനറിയും; നിന്റെ കുലത്തേയുമറിയും! അതിന്റെ കൂടസ്ഥന്മാരായ അസുരന്മാരിൽ ഒരുവൻ ഒരു മനുഷ്യമൃഗത്താലും മററൊരുവൻ ഒരു പന്നിയാലും പോരിൽ കൊല്ലപ്പെട്ടു. വിഡ്ഢിയായ നിന്റെ അച്ഛനാകട്ടെ ഒരു വടുവിനാൽ വഞ്ചിതനായി ബന്ധിക്കപ്പെട്ട് ഇന്നും പേടിച്ച് ഇരുൾ നിറഞ്ഞ പാതാളത്തിൽ നിവസിക്കുന്നു. ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുകൾ ഇവയോടുകൂടി അതിഘോരമായ ശ്മശാനഭൂമിയിൽ നാണംകൂടാതെ രാത്രിതോറും നടനംചെയ്യുകയും (പകൽസമയം) പിച്ച തെണ്ടുകയും ചെയ്യുന്ന ഒരു ദേവനുണ്ട്. ശംഭു എന്നാണ് അദ്ദേഹത്തിന്റെ പേർ; അനംഗാരിപുവാണെങ്കിലും പെണ്ണിനു പകുതിശ്ശരീരം തീറെഴുതിക്കൊടുത്ത മൂപ്പർ! അദ്ദേഹത്തിന്റെ പ്രസാദം തീരെ ബുദ്ധിയില്ലാത്തവനും പുരുഷദ്രവ്യസമ്പത്തു കണികാണാത്തവനുമായ നീയല്ലാതെ ആർ കൊതിച്ചു ക്ലേശിക്കും?

തന്നെപ്പററി രാവണൻ ചെയ്ത അവഹേളനം ബാണൻ സഹിച്ചു; തന്റെ ശ്രീപരമേശ്വരനെപ്പററിയുള്ള നിന്ദാവാക്യം

Digitized By Kerala Sahitya Akademi

ആ മഹാഭക്തൻ എങ്ങനെ സഹിക്കും? രണ്ടുപക്ഷം തമ്മിൽ വലിയ ഒരു യുദ്ധം നടന്നു. പിന്നീടു ജ്വരങ്ങൾ തമ്മിലുള്ള സമരമായി. വിഷ്ണുജ്വരം ശിവജ്വരത്തെ തോല്പിച്ചു. ശിവജ്വരം ശ്രീകൃഷ്ണനെ താഴെ കാണുന്ന പദ്യത്തിൽ സ്തുതിക്കുന്നു.

"ത്വാമാശ്രയേഽഖിലസുരേശ്വര! ദുഃഖശാന്ത്യൈ
നാന്യാൻ സുരാനപി ഭവൽപ്രതിബിംബരൂപാൻ;
കോ വാ ഭജേത പുരുഷസ്തപനാഭിതപ്ത-
ശ്ചിത്രാർപ്പിതാൻ ഹിമകരാംബുധരാംബുരാശീൻ?"

"അല്ലയോ എല്ലാ ദേവന്മാർക്കും ഈശനായുള്ളോവേ, എന്റെ ദുഃഖശാന്തിക്കായി ഞാൻ അങ്ങയെ ആശ്രയിക്കുന്നു. അങ്ങയുടെ പ്രതിബിംബങ്ങളാണെങ്കിലും മറ്റുള്ള ദേവന്മാരെ ആശ്രയിക്കുന്നില്ല. ആദിത്യൻ നിമിത്തമുണ്ടാകുന്ന സന്താപം ശമിക്കുവാൻ ഏതു പുരുഷനെങ്കിലും ചിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ള ചന്ദ്രനെയോ മേഘങ്ങളെയോ സമുദ്രങ്ങളെയോ അടിപണിയുമോ? ഒരിക്കലുമില്ലല്ലോ!"

ബാണന്റെ കൈകൾ ശ്രീകൃഷ്ണൻ ചക്രായുധംകൊണ്ടു തെരുതെരെ ഛേദിച്ചുതുടങ്ങി. നാലു കൈകൾ മാത്രം ശേഷിച്ചപ്പോൾ ഭക്തപരായണനായ പരമശിവൻ ഓടിയെത്തി "നാമൊന്നല്ലേ? ഉപാധികൾകൊണ്ടല്ലാതെ നമുക്കെന്താണ് ഭേദം?

കൃഷ്ണശ്ശുക്ലഃ കപിശ ഇതി പാ-
ത്രേന്ധനാദിസ്വഭാവാദ്-
ഭേദേ സത്യപ്യനലമനലഃ
കിം ദഹത്യുജ്ജ്വലോഽപി?"

കറുത്തും വെളുത്തും മഞ്ഞയായും മറ്റും, പാത്രത്തിന്റെയും വിറകിന്റെയും വ്യത്യാസംകൊണ്ട് അഗ്നി മാറിത്തോന്നുമെങ്കിലും ഒരഗ്നി മറ്റൊരഗ്നിയെ എത്ര ഉജ്ജ്വലമാണെങ്കിലും ദഹിപ്പിക്കുന്നുണ്ടോ?" എന്നും മറ്റും ഉള്ള സാന്ത്വവാക്യങ്ങൾകൊണ്ട് അവിടത്തെ പ്രസാദിപ്പിച്ചു. ശ്രീകൃഷ്ണൻ "കരിപതേർദ്ദിവ്യസ്യ മന്താ ഇവ" "ഐരാ

Digitized By Kerala Sahitya Akademi

വതത്തിനുള്ള കൊമ്പുകൾപോലെ ബാണന്റെ ബാക്കിയുള്ള നാലു കൈകളുമിരിക്കട്ടെ" എന്നരുളിച്ചെയ്തു. ബാണൻ,

"നമസ്തേ ബഹുശസ്തസ്മൈ
മൽകുലസ്യൈകബാന്ധവേ
മായാമാനുഷരൂപായ
കൃഷ്ണായ ഗിരിശാത്മനേ."

എന്നു സ്തോത്രം ചെയ്തു ശ്രീകൃഷ്ണനെ നമസ്കരിച്ചു. ചിത്രലേഖയെ അരികിൽ വിളിച്ചു് സന്തുഷ്ടനായ അസുരാധിപതി,

"പ്രാങ്മഹ്യം സ്വശിരസ്ഥിതാമരധുനീ-
ശർക്കോടിതൈർമ്മൗക്തികൈ-
രാസൂത്ര്യ സ്വയമേവ യാം പ്രമുദിതാ-
ന്നൃത്താവധൗ തോഷിതഃ
താമേനാമിഹ തേ ദദാമി ദയിതാം
ഹേ ചിത്രലേഖേ, സഖി,
സ്ത്രീശ്ചായൈ ശേവന്തഹാകുലമഹാ-
സംബന്ധകർത്ര്യൈ ചിരം.

ഝടിതി നിജഭുജാഭ്യാം ദൈത്യരാട് ചിത്രലേഖാം
മുകുളിതകരപത്മാം പാശ്ചാദാകൃഷ്യ നീതാ
അധിഗളതലമസ്യാസ്സ്വാ പദാഭ്യാം ഭുജാഭ്യാം
സഫലഭുജചതുഷ്കോऽധാരയന്മാലികാം താം."

[illegible] ശ്രീപരമേശ്വരൻ പണ്ടു നൃത്താവസാനത്തിൽ പ്രസന്നനായി സംഭാവനചെയ്തതും ദേവഗംഗയിൽ ഉൽപന്നങ്ങളായ മുത്തുകളെക്കൊണ്ടു് നിർമ്മിക്കപ്പെട്ടതുമായ മാല ശ്രീകൃഷ്ണനുമായി അത്താണിൽ ഒരു സംബന്ധം നടത്തിക്കൊടുത്ത അവൾക്കു സമ്മാനിച്ചു. രണ്ടു കൈകൾകൊണ്ടു് അവളെ എടുത്തണച്ചു് ബാക്കി രണ്ടു കൈകൾകൊണ്ടു് അവളുടെ കഴുത്തിൽ ആ മാലയണിയിച്ചപ്പോൾ ബാണനു തന്റെ ബാഹുചതുഷ്കം സഫലമായി. പിന്നെ ഉഷയും അനിരുദ്ധനുമായുള്ള വിവാഹം മോടിപ്പമായി കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ഇതാണു് കൊച്ചുണ്ണിത്തമ്പുരാന്റെ 'ബാണയുദ്ധം' കവി ശിരോമണിയെന്നും ആലങ്കാരികമൂർദ്ധന്യൻ എന്നും മററും അവിടത്തെ പ്പററി പല അഭിജ്ഞോത്തമന്മാരും പ്രശംസിച്ചിട്ടുള്ളതു് അശേഷം അസ്ഥാനത്തിലല്ലെന്നുള്ളതിനു ഞാൻ ഈ ഉപന്യാസത്തിൽ ഉദ്ധരി ച്ചിട്ടുള്ള പദ്യങ്ങൾ മതിയായ സാക്ഷ്യം വഹിക്കുന്നതാകുന്നു. അവി ടുന്നുതന്നെ പ്രസ്തുതഗ്രന്ഥത്തിന്റെ അവസാനത്തിൽ ഇങ്ങനെ പറ ഞ്ഞിട്ടുണ്ടു്:

"സന്ത്വന്യേഷ്വപി ചമ്പുഷു ധ്വനിരസാ-
ലങ്കാരഹൃങ്കാരിഷു
സ്വീകുര്യുസ്സുഭഗാമിമാം മമ കൃതിം
സന്തോതിസന്തോഷതഃ;
ക്ഷീരക്ഷൌദ്രസിതാഗുളാമധുരസദ്-
ദ്രവ്യാണി സന്തീത്യത-
സ്ത്യാജ്യഃ കിം ഹരിണീദൃശാം സ്മരരസാ-
ലംബസ്സുബിംബാധരഃ?"

"ധ്വനിരസാലങ്കാരങ്ങൾ വിജൃംഭിക്കുന്ന ചമ്പുക്കൾ വേറെ ഉണ്ടെങ്കി ലും എന്റെ ഈ സുഭഗയായ കൃതിയേയും വിദ്വാന്മാർ സന്തോഷ ത്തോടുകൂടി സ്വീകരിക്കണം. പാൽ, തേൻ, പഞ്ചസാര, ശക്കര എ ന്നീ മധുരദ്രവ്യങ്ങളുള്ളതുകൊണ്ടു സുന്ദരിമാരുടെ സ്മരരസാലംബമായ 'ബിംബാധരം ത്യാജ്യമാണെന്നു വരുന്നതല്ലല്ലോ."

വലിയകോയിത്തമ്പുരാനേയും കൊച്ചുണ്ണിത്തമ്പുരാനേയും ഇന്നു ചിലർ മറന്നിരിക്കും. പക്ഷേ ആ മറവി അന്ധന്മാരുടെ അദർശ നമാണു്. ആ മഹാനഭാവന്മാരുടെ യശഃകായങ്ങൾ അഭൌമമായ ഔജ്ജ്വല്യത്തോടുകൂടി ആകല്പകാലം പരിലസിക്കും. അതിനു പക്ഷാ ന്തരമില്ല; പ്രതിവിധിയുമില്ല.

---

Digitized By Kerala Sahitya Akademi

# * പ്രതാപരുദ്രീയവും അലങ്കാരശാസ്ത്രവും.

പ്രതാപരുദ്രീയമെന്നും പ്രതാപരുദ്രയശോഭൂഷണമെന്നുമുള്ള പേരുകളിൽ നാം അറിയുന്ന അലങ്കാരശാസ്ത്രഗ്രന്ഥം പ്രതാപരുദ്രമഹാരാജാവിന്റെ അപദാനങ്ങളെ പ്രകീർത്തനം ചെയ്ത വിദ്യാനാഥമഹാകവി രചിച്ചിട്ടുള്ള ഒരു വിശിഷ്ടനിബന്ധമാകുന്നു.

രുദ്രാംബയുടെ പൌത്രനും മഹാദേവന്റെയും മുമ്മഡാംബയുടെയും പുത്രനുമായ പ്രതാപരുദ്രമഹാരാജാവു് വാറങ്കൽ (Warangal) എന്നു് ഇക്കാലത്തു് പറയപ്പെടുന്നതും നൈസാം മഹാരാജാവിന്റെ ഹൈദരാബാദ്ദു് മഹാരാജ്യത്തിൽ അന്തർഭവിച്ചതുമായ ഓരുങ്കൽ (ഒരുകൽ) അഥവാ ഏകശില എന്ന നഗരത്തെ രാജധാനിയാക്കി ത്രിലിങ്ഗ (തെലുങ്കു) രാജ്യം ഭരിച്ചിരുന്ന കാകതീയരാജവംശത്തിലെ ഏഴാമത്തെ വാഴ്ചക്കാരനായിരുന്നു. അദ്ദേഹത്തിനു വീരരുദ്രനെന്നും നാമാന്തരമുണ്ടു്. ആദിത്യനെപ്പോലെ പ്രതാപശാലിയും വിഷ്ണുവിനെപ്പോലെ വീരനുമാകയാലാണു് ആ മഹാരാജാവിനു് ഈ നാമധേയങ്ങൾ സിദ്ധിച്ചതെന്നു വിദ്യാനാഥൻ നാടകപ്രകരണത്തിൽ പ്രസ്താവിക്കുന്നു. ഏകശിലേശ്വരന്മാരുടെ കുലദേവതയായിരുന്നു ദുർഗ്ഗാശക്തിസ്വരൂപയായ കാകതീദേവി. കാകതീദേവിയെ ഭജിക്കുകനിമിത്തം അവരെ കാകതീയന്മാരെന്നു ജനങ്ങൾ വിളിച്ചുവന്നു. ശ്രീശൈലം, കാളഹസ്തി, ദ്രാക്ഷാരാമം എന്നിങ്ങനെ മൂന്നു സുപ്രസിദ്ധങ്ങളായ ശിവക്ഷേത്രങ്ങളുള്ളതിനാൽ അവരുടെ രാജ്യത്തിനു ത്രിലിങ്ഗം എന്നു പേരുണ്ടായി. കാഞ്ചീപുരം മുതലായ സ്ഥലങ്ങൾ തന്റെ ദേശത്തോടു ചേർത്ത ഗണപതിമഹാരാജാവു് കാകതീയരാജാക്കന്മാരിൽ പ്രഥമഗണനീയനായിരുന്നു. അദ്ദേഹം ക്രി. പി. ൧൨൬൧-ൽ പുത്രസന്താനമില്ലാതെ മരിക്കു

* തിരുവനന്തപുരം ആർട്ട്സ് കാളേജ് സംസ്കൃതസമാജത്തിന്റെ ആഭിമുഖ്യത്തിൽ ചെയ്ത ഒരു വാചാപ്രസംഗം.



Digitized By Kerala Sahitya Akademi

കയാൽ മൂത്തപുത്രിയായ രുദ്രാംബ കിരീടാവകാശിനിയായിത്തീൎന്നു രാജ്യഭാരം ആരംഭിച്ചു. ൧൨൬൧-ൽ ആണ് പ്രതാപരുദ്രന്റെ ജനനം. ൧൨൯൫-ൽ താൻ പരമപദം പ്രാപിക്കുന്നതുവരെ രുദ്രാംബ തന്നെ രാജ്യഭാരം നടത്തി. ൧൨൯൩-ൽ ത്രിലിംഗരാജ്യത്തിന്റെ തുറമുഖമായ മോട്ടുപ്പള്ളി സന്ദർശിച്ച മാർക്കോ പോളോ എന്ന വെനിഷ്യൻ ദേശസഞ്ചാരി ആ മഹിളാരത്നത്തിന്റെ നീതിതൽപരതയേയും പ്രജാരക്ഷണനിരതതയേയും പററി മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. പ്രസ്തുതമഹാരാജ്ഞിയെപ്പററി കൂടുതൽ വിവരങ്ങൾ അറിയേണമെന്ന് ആഗ്രഹമുള്ളവൎക്ക് എന്റെ 'വിജ്ഞാനദീപിക' രണ്ടാംഭാഗത്തിൽ അടങ്ങീട്ടുള്ള [illegible] ഉപന്യാസം വായിക്കാവുന്നതാണ്.

പ്രതാപരുദ്രൻ ക്രി. പി. ൧൨൯൫-ൽ രാജ്യഭാരം കൈയേററു. ഏററവും വിജയപൂർണ്ണമായ പ്രജാരഞ്ജനവൃത്തിയാണു അദ്ദേഹത്തിന് അനുഷ്ഠിക്കുവാൻ ഭാഗ്യമുണ്ടായതു്. ൧൨൯൬-ൽ മനുസിദ്ധർ (മനുസിദ്ധ്) എന്ന ത്രിലിംഗമഹാപ്രഭുവിനെ അദ്ദേഹം കാഞ്ചീപുരത്തിലെ സിംഹാസനത്തിൽ വാഴിച്ചു. രംഗനാഥരാജഗണ്ഡഗോപാലൻ എന്നും മാനാവീരൻ എന്നും രണ്ടു ബിരുദങ്ങൾ ആ പ്രഭുവിനുണ്ടായിരുന്നു. ൧൩൦൩-ൽ മാലിക്‌ഫക്രുദ്ദീൻ എന്നൊരു മഹമ്മദീയസേനാനി [illegible] ഡെൽഹിസാമ്രാജ്യാധിപതിയായിരുന്ന അലാവുദ്ദീൻ കിൽജിയുടെ നിർദ്ദേശമനുസരിച്ച് ഏകശിലാനഗരത്തെ ആക്രമിച്ചു എങ്കിലും ആ ആക്രമണം ഫലോന്മുഖമായില്ല. ൧൩൦൯-ൽ ക്ഷേത്രനാശത്തിന്റെ ധൂമകേതു എന്ന കുപ്രസിദ്ധി സമ്പാദിച്ച സാക്ഷാൽ മാലിക് കാഫർ എന്ന പ്രധാനസേനാപതിതന്നെ ഒരു വലിയസൈന്യവുമായി വീണ്ടും ഏകശിലയിൽ എത്തി, ഗത്യന്തരമില്ലാതെ പ്രതാപരുദ്രൻ ൧൩൧൦ മാർച്ചുമാസത്തിൽ-ആ ഘാതകന്മാരോട് തനിക്കു അഭിമാനകരമല്ലാത്ത ഒരു സന്ധി ചെയ്യുകയും വളരെ ധനം ശത്രുക്കൾക്ക് ഉപഹാരരൂപേണ സമർപ്പിക്കുകയും ചെയ്തു. കാഫർ തന്റെ ഭുജശക്തി ആ ദിഗ്വിജയയാത്രയിൽ രാമേശ്വരംവരെ വ്യാപിപ്പിച്ചു.

ഈ രാഷ്ട്രവിപ്ലവം ഒരു തക്കമായിക്കരുതി അക്കാലത്തു കൊല്ലത്തു രാജ്യഭാരം ചെയ്തിരുന്ന നമ്മുടെ സംഗ്രാമധീരബിരുദവാനായ വീര

Digitized By Kerala Sahitya Akademi

രവിവർമ്മമഹാരാജാവു് പാണ്ഡ്യചോളന്മാരെ ജയിച്ചു മനുമസിദ്ധനെ കാഞ്ചീപുരത്തുനിന്നു് ഓടിച്ചു് അവിടെ ൧൩൧൨-ൽ പാലാറിന്റെ ഒരു പോഷകനദിയായ വേഗവതിയുടെ തീരത്തിൽവച്ചു ദക്ഷിണാപഥചക്രവർത്തിയായി കിരീടധാരണംചെയ്തു. തിരുവിതാംകൂറിനു വെളിയിൽ ആ മഹാനുഭാവന്റെ ശിലാശാസനങ്ങൾ കാഞ്ചീപുരത്തിനു പുറമേ തിരുവാടി, ശ്രീരംഗം, മദിരാശിയിലെ പൂന്തമല (പൂനമല്ലി), എന്നീ സ്ഥലങ്ങളിൽ കാണുന്നുണ്ടു്. താൻ പുതുതായി നേടിയ രാജ്യങ്ങൾ അദ്ദേഹത്തിനു വളരെ നാളത്തേക്കു കൈവശം വച്ചുകൊണ്ടിരിക്കുവാൻ കഴിഞ്ഞില്ല. ൧൩൧൩ മാർച്ചുമാസത്തിനും ജൂൺമാസത്തിനുമിടയ്ക്കു മനുമസിദ്ധനെ പ്രതാപരുദ്രൻ വീണ്ടും കാഞ്ചീപുരത്തിലെ അന്തപാലനായി അവരോധിച്ചു.

൧൩൨൧-ൽ ഡെല്‍ഹിയിൽ നിന്നു പുറപ്പെട്ട മറെറാരു മഹമ്മദീയസൈന്യം ഏകശിലയെ രോധിച്ചു. അതിനുമുൻപു താൻ ഉടമ്പടിപ്രകാരം കൊടുക്കേണ്ടിയിരുന്ന കപ്പം പ്രതാപരുദ്രൻ മുടക്കുകയാലാണു വീണ്ടും ആക്രമണത്തിനു മഹമ്മദീയർ സന്നദ്ധരായതു്. ആ സേനയ്ക്കു സുരക്ഷിതമായ ഏകശിലാദുർഗ്ഗം ഭേദിക്കുവാൻ സാധിച്ചില്ല. എന്നാൽ ൧൩൨൩-ൽ ഗിയാസുദ്ദീൻ ടോഗ്ളക് ചക്രവർത്തിയുടെ പുത്രനായ ജൂനാഖാൻ (പിൽകാലത്തു മുഹമ്മദ് ബിൻ ടോഗ്ലക്ക്) തന്നെ മറെറാരു മഹാസൈന്യത്തെ നയിക്കുകയും ആ സൈന്യം പ്രതാപരുദ്രനെ സകുടുംബം ബന്ധനസ്ഥനാക്കി ഡെല്‍ഹിയിലേക്കു കൊണ്ടുപോകുകയും ചെയ്തു. അദ്ദേഹത്തിന്റെ അനന്തരചരിത്രം ഇന്നും അജ്ഞാതമായിരിക്കുന്നു. ൧൩൨൪-ൽ പ്രതാപരുദ്രന്റെ പുത്രനായ കൃഷ്ണനെ മഹമ്മദീയർ ഏകശിലയിലെ സാമന്തരാജാവായി വാഴിച്ചു. ൧൩൩൬-ാമാണ്ടോടുകൂടി വിജയനഗരസംസ്ഥാനം സ്ഥാപിതമാകുകയും ചെയ്തു.

പ്രതാപരുദ്രന്റെ സമകാലികനായി ദ്വിതീയനരസിംഹൻ എന്നൊരു രാജാവു് ഉദ്ദേശം ക്രി. പി. ൧൨൭൮ മുതൽ ൧൩൦൬ വരെ കലിങ്ഗരാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനപണ്ഡിതനായിരുന്നു ഏകാവലി എന്ന അലങ്കാരഗ്രന്ഥത്തിന്റെ പ്രണേതാവായ മഹാമഹേശ്വരവിദ്യാധരമഹാകവി. വിദ്യാധരൻ

Digitized By Kerala Sahitya Akademi

എന്നതു" ഒരു ബിരുദനാമമാണു്. ഗ്രന്ഥകാരന്റെ യഥാൎത്ഥമായ പേരെന്തെന്നു് അറിയുന്നില്ല. ഭാമഹൻ, ദണ്ഡി മുതലായി പുരാതനകാലം മുതല്ക്കു പല അലങ്കാരഗ്രന്ഥനിൎമ്മാതാക്കളും ഭാരതഭൂമിയിൽ ജീവിച്ചിരുന്നു എങ്കിലും അവരിൽ ആരും ലക്ഷ്യഗ്രന്ഥങ്ങളിൽനിന്നു സന്ദർഭോചിതമായി പദ്യങ്ങൾ ഉദ്ധരിക്കുകയല്ലാതെ ആദ്യന്തം തങ്ങൾ തന്നെ ഒരു നായകനെ വിഷയീകരിച്ചു ശ്ലോകങ്ങൾ ഉണ്ടാക്കിവച്ചുകൊൾവാൻ ഉദ്യമിച്ചിരുന്നില്ല. ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു വിദ്യാധരനെന്നുവേണം പറവാൻ. വിദ്യാധരന്റെ മാതൃക വിദ്യാനാഥൻ സ്വീകരിച്ചു. അവനെ അനുകരിച്ചു വീരരവിവൎമ്മാവിന്റെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്ന സമുദ്രബന്ധനും രാജാനകരുയ്യകന്റെ കാവ്യാലങ്കാരത്തിനു മംഖുകമഹാകവി രചിച്ച അലങ്കാരസൎവസ്വം എന്ന ശോഭനമായ ടീകയുടെ വ്യാഖ്യാനമെഴുതുമ്പോൾ തന്റെ പുരസ്കൎത്താവിനെ പ്രശംസിച്ചു വളരെ ശ്ലോകങ്ങൾ ഉദാഹരണരൂപേണ നിൎമ്മിച്ചു. അങ്ങനെ ക്രിസ്തുവൎഷം ൧൩൦൦-ആം ഇടയ്ക്കു രാജപ്രശസ്തിപരങ്ങളായ മൂന്നു് അലങ്കാരഗ്രന്ഥങ്ങൾ ആവിർഭവിക്കുകയുണ്ടായി.

"വിദ്യാനാഥൻ" എന്നതും വിദ്യാധരനെപ്പോലെ ഒരു ബിരുദപ്പേരാണു്. കവിയുടെ സൂക്ഷ്മമായ നാമധേയം എന്തെന്നറിവില്ലെങ്കിലും ചില ഗവേഷകന്മാർ ബാലഭാരതമഹാകാവ്യത്തിന്റെ പ്രണേതാവായ അഗസ്ത്യഭട്ടനാണു് വിദ്യാനാഥൻ എന്നു് അനുമാനിക്കുന്നു. ഗുണീഭൂതവ്യംഗ്യകോടിയിൽ പെടുന്ന അഗൂഢവ്യംഗ്യകാവ്യത്തിനു് ഉദാഹരണമായി വിദ്യാനാഥൻ രചിച്ചിട്ടുള്ള

"ഔന്നത്യം യദി വൎണ്ണ്യതേ ശിഖരിണഃ
ക്രുധ്യന്തി നീചൈഃകൃതാ-
ഗാംഭീൎയ്യം യദി കീൎത്ത്യതേ ജലധയഃ
ക്ഷുഭ്യന്തി ഗാധീകൃതാഃ
തത്ത്വാം വൎണ്ണയിതും ബിഭേമി യദി വാ
ജാതോസ്മ്യശക്തഃ സ്ഥിത-
സ്ത്വൽചാൎശേ ഗുണരത്നരോഹണഗിരേ,
ശ്രീവീരരുദ്രപ്രഭോ.

Digitized By Kerala Sahitya Akademi

എന്ന പദ്യമാണ് ഈ അനുമാനത്തിനു അവക്ക് ആധാരമായി നില്ക്കുന്നതു്. താൻ അഗസ്ത്യനാകുന്നു എന്നു കവി പ്രസ്തുതപദ്യത്തിൽ പ്രസ്താവിക്കുന്നുണ്ട്. പരമക്ഷ 'ഗുണരത്നരോഹണഗിരേ' എന്നു രാജാവിനെ സംബോധനചെയ്തിട്ടാണ് അദ്ദേഹം ആ രൂപകം അർത്ഥവത്താക്കുന്നതെന്നു നാം ഓർമ്മിക്കണം. പ്രതാപരുദ്രീയത്തിന്റെ വ്യാഖ്യാതാവായ കുമാരസ്വാമി ഈ സംഗതിയെപ്പററി ഒന്നും പറയുന്നില്ലെന്നുള്ള വസ്തുതയും നാം മറക്കരുതു്. പ്രതാപരുദ്രീയം അഗസ്ത്യന്റെ കൃതിയല്ലെന്നു ഞാൻ വാദിക്കുന്നില്ല. ആ മഹാകവിയുടെ പ്രസന്നമധുരമായ ശൈലിതന്നെയാണ് കാവ്യത്തിലെന്നപോലെ അലങ്കാരത്തിലും കളിയാടുന്നതു്. എങ്കിലും ഈ കാര്യത്തിൽ കൂടുതൽ തെളിവു കിട്ടിയാൽ കൊള്ളാമെന്നുണ്ടു്. അഗസ്ത്യഭട്ടൻ ബാലഭാരതത്തിനു പുറമേ ശ്രീകൃഷ്ണചരിതം എന്നൊരു ഗദ്യകാവ്യവും രചിച്ചുകാണുന്നു. ഈ കാവ്യത്തിന്റെ ഏതാനും ഭാഗം തഞ്ചാവൂർ സരസ്വതീമഹൽ ഗ്രന്ഥശാലയിൽ ഞാൻ വായിച്ചിട്ടുണ്ടു്. ബാലഭാരതത്തിനു വിജയനഗരസാമ്രാട്ടായ കൃഷ്ണദേവരായരുടെ സേനാനായകനായ സാളുവതിമ്മയ്യൻ, 'മനോഹരം' എന്നൊരു വ്യാഖ്യാനം നിർമ്മിച്ചുകാണുന്നു. അഗസ്ത്യഭട്ടനെപ്പററി ക്രി. പി. പതിന്നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ സ്വബാ[illegible]ധ്യംകൊണ്ടു് ദക്ഷിണാപഥത്തെ പരിലസിപ്പിച്ചിരുന്ന ഒരു ഉത്തമക്ഷത്രിയും വിജയനഗരരാജകുമാരനായ വീരകമ്പണന്റെ പ്രേമഭാജനവുമായിരുന്ന ഗംഗാദേവി തന്റെ മധുരാവിജയകാവ്യത്തിൽ

"ചതുസ്സപ്തതികാവ്യാബ്ധി-
വ്യക്തവൈദുഷ്യസമ്പദേ.
അഗസ്ത്യായ ജഗത്യസ്മിൻ
സ്പൃഹയാലുർ [illegible] ൧൪"

എന്നു പ്രശംസിച്ചിരിക്കുന്നു. ഈ [illegible]യുടെ എഴുപത്തിനാലു നിബന്ധങ്ങളിൽ പ്രതാപരുദ്രീയം കൂടി ചേർത്താലും മൂന്നെണ്ണം മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. അഗസ്ത്യന്റെ അനന്തരവനായിരുന്ന സൌഗന്ധികാഹരണം വ്യായോഗത്തിന്റെ നിർമ്മാതാവായ വിശ്വനാഥകവി. ഈ വിശ്വനാഥനെയും ഗംഗാദേവി പുകഴ്ത്തുന്നുണ്ടു്.

Digitized By Kerala Sahitya Akademi

ഏകാവലിക്ക 'തരള' എന്ന വിസ്തൃതമായ വ്യാഖ്യാനം നിർമ്മിച്ചതു് ടീകാകാരസാർവ്വഭൗമനായ മല്ലിനാഥസൂരിയാകുന്നു. മല്ലിനാഥന്റെ പുത്രനായ കുമാരസ്വാമി പ്രതാപരുദ്രീയത്തിനു രത്നാപണം എന്ന വ്യാഖ്യാനം രചിച്ചിരിക്കുന്നു. അദ്യത്തെ രണ്ടു പ്രകരണങ്ങൾക്കു് അജ്ഞാതനാമാവായ ഒരു പണ്ഡിതന്റെ രത്നശാണം എന്നൊരു വ്യാഖ്യാനവും കാണ്മാനുണ്ടു്. രത്നാപണത്തോടുകൂടി ആ വ്യാഖ്യാനവും പണ്ഡിതകുലോത്തംസമായ ശ്രീമാൻ കെ. പി. ത്രിവേദി, ബോംബെ സംസ്കൃതഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. രത്നാപണം നിലവിലിരിക്കെ രത്നശാണത്തിന്റെ നിർമ്മിതിക്കുള്ള കാരണമെന്തെന്നു് ആ ഗ്രന്ഥത്തിന്റെ പ്രണേതാവു് താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ വെളിപ്പെടുത്തീട്ടുണ്ടു്.

"രത്നാപണേ വിസ്താരസാധ്യപേക്ഷേന
മുക്താ പദം കോമളമന്യദേവ
വ്യാഖ്യായ ശങ്കാപരിഹാരമാർഗ്ഗഃ
പ്രദർശിതഃ പ്രാക്തനപണ്ഡിതേന.
തസ്മാ മയാ ബാലവിബോധനായ
പ്രതാപരുദ്രീയസുപദ്യപങ്‌ക്തേഃ
പ്രകാശ്യതേ സർവ്വപദാന്വയോ'ത്ര
ന സംഭ്രമോ യത്ര യതഃ പൃഥങ്‌ക്ഷേ."

രത്നാപണത്തിൽ ഗ്രന്ഥവിസ്തരഭീരുവായ ആ പ്രാചീനവ്യാഖ്യാതാവു് മൂലത്തിലെ കോമളപദങ്ങൾ വ്യാഖ്യാനിച്ചിട്ടില്ലെന്നും താൻ ബാലവ്യുൽപത്തിക്കു വേണ്ടി എല്ലാപദങ്ങളും അന്വയിച്ചു് അർത്ഥവിവരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്നുമാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. തന്റെ പ്രതിജ്ഞയനുസരിച്ചുതന്നെ കണ്ടുകിട്ടിയ ഭാഗങ്ങളിൽ അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തുകാണുന്നു. മല്ലിനാഥൻ ക്രി. പി. പതിന്നാലാം ശതകത്തിന്റെ അവസാനത്തിലും കുമാരസ്വാമി പതിനഞ്ചാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിലും ജീവിച്ചിരുന്നു. കുമാരസ്വാമിയെ രത്നശാണകാരൻ പ്രാക്തനപണ്ഡിതൻ എന്നു പറയുന്നതിൽനിന്നു് അദ്ദേഹത്തിന്റെ കാലം പതിനേഴാം ശതകത്തിനു മുൻപല്ലെന്നു് ഊഹിക്കാവുന്നതാണു്. ക്രി. പി.

Digitized By Kerala Sahitya Akademi

൧൩൩൦-ൽ രചിച്ച രസാർണ്ണവസുധാകരത്തിൽ ശിംഗഭൂപൻ ഏകാവലിയെ സ്മരിക്കുന്നു; അനന്തരകാലികനായ കുമാരസ്വാമി രസാർണ്ണവസുധാകരത്തെയും സ്മരിക്കുന്നു.

ഏകാവലിയെയും പ്രതാപരുദ്രയശോഭൂഷണത്തെയും അനുകരിച്ച് അനവധി അലങ്കാരഗ്രന്ഥങ്ങൾ അതേ അച്ചിൽ കരുപ്പിടിപ്പിച്ച് പിൽക്കാലങ്ങളിൽ നിർമ്മിതങ്ങളായിട്ടുണ്ട്. നരസിംഹകവിയുടെ നഞ്ജരാജയശോഭൂഷണം, യജ്ഞനാരായണദീക്ഷിതരുടെ അലങ്കാരരത്നാകരം, പുരുഷോത്തമസുധീന്ദ്രന്റെ കവിതാവതാരം, ലക്ഷ്മണകവിയുടെ ശാഹരാജീയം, ഇതുപോലെയുള്ള കൃതികൾ ഈ ഇനത്തിൽ പെടുന്നു. നരസിംഹൻ മൈസൂരിലെ നഞ്ജരാജാവിന്റെയും യജ്ഞനാരായണദീക്ഷിതർ തഞ്ചാവൂരിലെ രഘുനാഥനായകന്റെയും പുരുഷോത്തമസുധീന്ദ്രൻ ഉത്തര ഇൻഡ്യയിലെ ഏതോ ഒരു ചെറിയ രാജ്യത്തിന്റെ അധിപനായ നാഗവർമ്മാവിന്റെയും, ലക്ഷ്മണകവി തഞ്ചാവൂരിലെ ശാഹജിരാജാവിന്റെയും ആസ്ഥാനപണ്ഡിതന്മാരായിരുന്നു.

കേരളത്തിൽ അലങ്കാരഗ്രന്ഥകാരന്മാരായി വളരെ കവികൾ ജീവിച്ചിരുന്നിട്ടില്ല. എന്നാൽ വിദേശീയരായ വിദ്വാന്മാർ കേരളീയരായ മഹാരാജാക്കന്മാരെ ആശ്രയിച്ച് അത്തരത്തിൽ ചില കൃതികൾ നിർമ്മിച്ചിട്ടുണ്ട്. അവരിൽ ഒരു. പ്രമാണിയാണ് കാവ്യപ്രകാശത്തിന് ഉദാഹൃജിഃ എന്ന വ്യാഖ്യാനം രചിച്ച വേദാന്താചാര്യർ.

"ഭാരദ്വാജാന്വയാംഭോനിധിജനനജുഷഃ
ശ്രീനിവാസാധ്വരീന്ദ്രാ-
ത്സഞ്ജാതസ്സർവ്വവിദ്യാജലധികലശജഃ
ശ്രീനൃസിംഹാനുജോऽയം
ശ്രീതഞ്ജാരാജസിംഹാസനനിലയസുധീ-
ചക്രവർത്തീ ബുധാസൌ
വേദാന്താചാര്യനാമാ രചയതി വിവൃതിം
വ്യക്തകാവ്യപ്രകാശാം."

ഇത്യാദിപദ്യങ്ങളിൽനിന്ന് അദ്ദേഹം ഭാരദ്വാജഗോത്രജനായ ശ്രീനിവാസദീക്ഷിതരുടെ പുത്രനായിരുന്നു എന്നും തഞ്ചാവൂർ മഹാരാജാവിന്റെ സദസ്സിനെ ഒരു കാലത്ത് അലങ്കരിച്ചിരുന്നു എന്നും അദ്ദേ

Digitized By Kerala Sahitya Akademi

ഹത്തിന്റെ ജന്മഭൂമി കാഞ്ചീപുരമായിരുന്നു എന്നും വെളിപ്പെടുന്നു. ഇരിങ്ങാലക്കുടവച്ചു തീപ്പെട്ട കൊച്ചി രവിവർമ്മത്തമ്പുരാന്റെ വാഴ്ചക്കാലത്തു് അദ്ദേഹം ഇരിങ്ങാലക്കുടയിൽ എത്തി മഹാരാജാവിനെ കാണുകയും അവിടത്തെ അനന്തരവനും പണ്ഡിതനുമായിരുന്ന വീരകേരളവർമ്മത്തമ്പുരാന്റെ വയസ്യനായിത്തീരുകയും ചെയ്തു. വീരകേരളവർമ്മാവു്

"തൌതാതികന്നൈയായിക-
വൈയാകരണാദിവാദിസിദ്ധാന്തൈഃ
ദുരധിഗമസ്യ വിധേഹി
വ്യാഖ്യാം കാവ്യപ്രകാശസ്യ"

എന്നു് ആചാര്യരോടു് ആജ്ഞാപിച്ചു. ആ ആജ്ഞ അനുസരിച്ചാണു് അദ്ദേഹം ഉദ്യോതിനി രചിച്ചതു്. 'തൌതൻ' ലോചനകാരനായ അഭിനവഗുപ്താചാര്യരുടെ ഗുരുവായ ഭട്ടതൌതനാകുന്നു. ഉദ്യോതിനിയിലെ ഉദാഹരണങ്ങൾ രവിവർമ്മസ്തുതിപരങ്ങളാണു്.

"ജഗദ്ദൃശസ്ഥിതിഭിർയ്യൈ-
രിദം യദമലീകൃതം
തൈരേവ ഹന്തി മലിനം
കുർവതേ രവിഭൂപതിഃ"

"കൈലാസാലയമത്ര്യങ്കുഞ്ജവിഹര-
ദ്വിദ്യാധരീകിന്നരീ-
ഗന്ധർവ്വീജനഗീയമാനമനിശം
പൂർവ്വം രവിക്ഷ്മാപതേ,
ധൈര്യ്യം സങ്ഗരരങ്ഗസീമനി ദ്വിഷൽ-
ക്ഷോണീഭൃതാകർണ്ണ്യതേ
നീഹാരദ്രവകൈതവേന നിതരാം
മന്യേ ഭിയാ സ്വിദ്യതി."

ഇത്യാദി പദ്യങ്ങൾ നോക്കുക. തന്റെ ടീകയ്ക്കുള്ള സർവ്വോൽകൃഷ്ടതയെ ആചാര്യർ ഗ്രന്ഥാവസാനത്തിൽ താഴെ കാണുന്ന പദ്യംകൊണ്ടു വെളിവാക്കുവാൻ ഉദ്യമിക്കുന്നു.

Digitized By Kerala Sahitya Akademi

"യോ നൈയായികശബ്ദഭാട്ടസരണീ-
സാംഖ്യാദിസ്വമതം ജനോ
ധ്വന്യധ്വന്യനുമാധിഗത്വമപി ചാ-
ലങ്കാരതത്ത്വസ്ഥിതിം
ഉല്ലേഖാന്തരചാതുരീം പദമത-
ച്ഛേദൈകധൌരന്ധരീം
ലബ്ധും വാഞ്ഛതി സോത്ര ഭജതു കൃതാ-
വാചാര്യമൌലേസ്സുഖം."

രവിവർമ്മതമ്പുരാന്റെ വാഴ്ചക്കാലം കൊല്ലം ൯൭൭-മുതൽ ൯൮൦ വരെയും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ രാമവർമ്മതമ്പുരാന്റേതു് ൯൬൬ മുതൽ ൯൭൭ വരെയുമായിരുന്നു. ഗ്രന്ഥാന്തത്തിൽ

"ശ്രീരാമക്ഷിതിപാനുജസ്ത്രിജഗതി
പ്രൌഢാരിമല്ലാധിപോ
യോ വൈമാനവപാരിജാത ഇതി യോ-
ജ്യോഗ്ലുഷ്യമാണോ ജനൈഃ
വ്യുത്പന്നൈരനഘൈർവരാത ഇതി യോ
ലീലാഹരിശ്ചന്ദ്ര ഇ-
ത്യാഖ്യാതോ രവിമേദിനീപതിരയം
ജീയാദിഹായുശ്ശതം"

എന്ന പദ്യത്തിൽ വേദാന്താചാര്യർ രാമവർമ്മതമ്പുരാനേയും സ്മരിച്ചിരിക്കുന്നു.

നീലകണ്ഠൻമൂത്തതു് എന്നൊരു പണ്ഡിതൻ കാവ്യപ്രകാശത്തിനു് കാവ്യോല്ലാസം എന്നൊരു സ്വതന്ത്രമായ പരാവർത്തനം നിർമ്മിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കത്തക്കതല്ല. ലക്ഷണങ്ങൾ ലളിതങ്ങളായ കാരികകൾകൊണ്ടും ഉദാഹരണങ്ങൾ പ്രാകൃതഭാഷാസംബന്ധമില്ലാത്ത പദ്യങ്ങൾകൊണ്ടുമാണു് അദ്ദേഹം പൂരിപ്പിച്ചിട്ടുള്ളതു്.

"സ്വല്പഗ്രന്ഥതയാപ്യനീദൃശഗഹനാ-
ന്യായഗ്രഹഗ്രന്ഥിലാ-
സ്തർക്കേണാപി പുരാതനോദിതമഹാ-
തന്ത്രാന്തരസ്ഥാസ്തതഃ

Digitized By Kerala Sahitya Akademi

ഏതദ്വൈരദ്യ തു കാവ്യലക്ഷണപരാ
തൽകാരികാ കഥ്യതേ
പദ്യൈഃ പ്രാകൃതവർജ്ജിതൈസ്തദനു ത-
ദ്ഭേദോദാഹൃതിശ്ചോച്യതേ."

എന്ന പ്രതിജ്ഞാപദ്യം നോക്കുക.

ഗോദവർമ്മയശോഭൂഷണം എന്നു കൊടുങ്ങല്ലൂർ സ്വതന്ത്രരാജ്യമായിരുന്ന ഒരു കാലത്തു് അതു നാടുവാണിരുന്ന ഗോദവർമ്മരാജാവിന്റെ പ്രശസ്തിയെ ആസ്പദമാക്കി ഒരലങ്കാരഗ്രന്ഥം വേങ്കടാദ്രിയുടെ ശിഷ്യനും ശേഷാദ്രിയുടെ പുത്രനുമായ അരുണഗിരികവി രചിച്ചിട്ടുണ്ടു്. അർത്ഥാലങ്കാരപ്രകരണം മാത്രമാണു് അതിലെ പ്രതിപാദ്യവസ്തു.

"വാണീപാണിസരോജശോണനഖര-
ശ്രീകോണവീണാരവ-
ശ്രേണീനിർഭരമാധുരീരസലസ-
ദ്വേണീകിരാ യദ്ഗിരഃ
സോഹം സൽകവിസമ്മതോരുണഗിരിഃ
ശ്രീഗോദവർമ്മപ്രഭോ-
രർത്ഥാലങ്കൃതിപദ്ധതിം വിതനുതേ
ഹൃദ്യം യശോഭൂഷണം."

എന്ന പദ്യത്തിൽനിന്നു് ഈ വസ്തുത വിശദമാകുന്നതാണു്. കവി വശ്യവാക്കാണു്. ചില ശ്ലോകങ്ങൾ മാതൃക കാണിക്കുന്നതിനായി ഉദ്ധരിക്കാം.

"ഹരേ ധൃതശരാസനം കമലപത്രദീർഘേക്ഷണം
കനൽകനകഭൂഷണം കലിതലോകനേത്രോത്സവം
വിലോക്യ കില ബിംബമക്ഷിതിപമത്ര വാമാളകാ-
സ്മരന്തി കില സന്തതം സ്മരമുദഗ്രരൂപാകൃതിം."

"ജന്മശ്രീഹാരാളിർജ്ജനഹൃദയ-
പടീരരചനാ
നഭോഗംഗാഗംഗോ നിഖില-
ജഗദുല്ലോചനിചയഃ

Digitized By Kerala Sahitya Akademi

ജടാടീരതാണ്ഡവ്ഗദ്ദദ്ഝതര-
ജടാചന്ദ്രസുഷമാ
ജയത്യച്ഛാ കീർത്തിർജ്ജഗതി ജയിനോ
ബിംബജലപതേഃ.

"ഗണ്ഡാഭ്രാമഗളന്മദസ്രുതിഭരൈർ-
ഗന്ധദ്വിപാനാം ഗണൈഃ
പ്രാരബ്ധവഹ പരിഷ്കൃതാനി ഭവന-
ദ്വാരാണി സംഖ്യാവതാം;
പ്രായഃഫുല്ലസരോരുഹോദരഗത-
ശ്രീമത്സൗദരാ മേദുരാഃ
പശ്ചാത്തേഷു പതന്തി ബിംബജലപതേഃ
സ്ഫാരാഃ കടാക്ഷാങ്കുരാഃ".

പാലാററിന്റെ പോഷകനദിയായ ചെയ്യാററിന്റെ തീരത്തിലുള്ള ഉത്തരമേരൂർ ജന്മഭൂമിയായ ശിവരാമകൃഷ്ണസൂരിയുടെ പുത്രനായ കൃഷ്ണസൂരി കോലത്തുനാട്ടു രവിവർമ്മരാജാവിനെ പ്രശംസിച്ചു കാവ്യകലാനിധി എന്നു് ഒരലങ്കാരഗ്രന്ഥം രചിച്ചിട്ടുണ്ടു്. ഇതിൽ പത്തു കുസുമങ്ങൾ അടങ്ങിയിരിക്കുന്നു. കവിത വിശിഷ്ടമാണെന്നു പറയുവാൻ നിവൃത്തിയില്ല. രണ്ടു ശ്ലോകങ്ങൾ ചുവടെ ഉദ്ധരിക്കുന്നു.

"കാളിന്ദീജലകാളീയ-
സർപ്പദർപ്പഹരോ ഹരിഃ
കാദംബിനീശ്യാമളശ്രീഃ
കല്യാണാനി കരോതു നഃ.

കാവ്യാലങ്കാരജിജ്ഞാസോർ-
മുദേ കാവ്യകലാനിധിം
കുർവേ കൃഷ്ണസുധീഃ കോല-
ഭൂപാലകയശശ്ശ്രിതഃ."

കൊല്ലം ൯൨൪ മുതൽ ൯൭൩ വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന കാർത്തികതിരുനാൾ (ധർമ്മരാജാ) രാമവർമ്മമഹാരാജാവിന്റെ

Digitized By Kerala Sahitya Akademi

വിവിധാപദാനങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു സമഗ്രമായ അലങ്കാരശാസ്ത്രഗ്രന്ഥമാകുന്നു സദാശിവദീക്ഷിതരുടെ ബാലരാമവർമ്മയശോഭൂഷണം. പ്രതാപരുദ്രീയത്തിലെന്നപോലെ ഇതിലും ഒൻപതു പ്രകരണങ്ങളും പ്രതാപരുദ്രകല്യാണത്തിനു പകരം നാടകപ്രകരണത്തിൽ വസുലക്ഷ്മീകല്യാണം എന്നൊരു ദീർഘമായ നാടകവുമുണ്ടു്. സദാശിവദീക്ഷിതർ ചൊക്കനാഥമഖിയുടേയും മീനാക്ഷ്യംബയുടേയും പുത്രനും ഭാരദ്വാജഗോത്രജനുമായിരുന്നു.

വെങ്കിടസുബ്രഹ്മണ്യദീക്ഷിതർ എന്ന മറെറാരു കവിയും കാർത്തികതിരുനാൾ മഹാരാജാവിനെ പ്രശംസിച്ചു വസുലക്ഷ്മീകല്യാണം എന്നൊരു നാടകം രചിച്ചിട്ടുണ്ടു്. അതു് കൊല്ലം ൯൫൯-ൽ നടന്ന തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്ത്യുത്സവത്തിന്റെ സ്മാരകമായി രചിച്ചതാണു്. ബാലരാമവർമ്മയശോഭൂഷണവും ആ അവസരത്തോടു് അടുപ്പിച്ചു നിർമ്മിതമായിരിക്കണം. അന്നു കേശവദാസൻ ദിവാൻജിയായിക്കഴിഞ്ഞിരുന്നില്ലെങ്കിലും രാജ്യഭരണത്തിന്റെ മാർമ്മികങ്ങളായ എല്ലാ ചുമതലകളും അദ്ദേഹംതന്നെയാണു് വഹിച്ചിരുന്നതു്. ഈ വ്യതിയാനം ഇങ്ങനെ നില്ക്കട്ടെ.

രാജപ്രശസ്തിപരങ്ങളായ അലങ്കാരഗ്രന്ഥങ്ങൾ രചിക്കുന്നവരെ ധർമ്മസൂരി സാഹിത്യരത്നാകരത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽ മുക്തകണ്ഠമായി അധിക്ഷേപിക്കുന്നു.

"അലംക്രിയാഃ പൂർവതരൈഃ പ്രണീതാഃ
പ്രയോജിതാഃ കാംശ്ചന നായകേന;
കൈശ്ചിത്തു കക്ഷീകരിഭിർനിബദ്ധാഃ
ക്ഷോദീയസാ കാംശ്ചന നായകേന"

കവികൾ അവരുടെ പുരസ്കർത്താക്കന്മാരായ രാജാക്കന്മാരുടെ പ്രശസ്തിയെ നിലനിറുത്തുന്നതിനായി ഗ്രന്ഥങ്ങൾ നിർമ്മിച്ചു് തദ്വാരാ തങ്ങളുടെ കൃതജ്ഞതയെ പ്രകടിപ്പിക്കുന്നതിൽ അധിക്ഷേപാർഹന്മാരാണെന്നു പറയുവാൻ പാടുള്ളതല്ല. മഹർഷികല്പന്മാരായ മഹാകവിമൂർദ്ധന്യന്മാർപോലും ക്ഷുദ്രപ്രഭുക്കളെ സ്തുതിച്ചിട്ടുണ്ടു്. അപ്പയ്യദീക്ഷിതർ എന്താണു് ചെയ്തു്? പരമശിവന്റെ പുരുഷാവതാരമെന്നു

Digitized By Kerala Sahitya Akademi

സമകാലികന്മാരായ സംഖ്യാവാന്മാർ ഐകകണ്ഠ്യേന പ്രശംസിച്ചുവന്ന അദ്ദേഹം ദാരിദ്ര്യഗർത്തത്തിൽനിന്നു തന്നെ ഉദ്ധരിക്കുകയും തന്നെക്കൊണ്ടു ശിവാർക്കമണിദീപിക രചിപ്പിക്കുകയും ചെയ്ത വെല്ലൂരിലെ സാമന്തരാജാവായ ചിന്നബൊമ്മനായക്കനെ

“ഭാഷ്യമതമദ്വൈതം വിവൃണുതിതി
സ്വപ്നജാഗരണയോഃ സമം പ്രഭുഃ
ചിന്നബൊമ്മനൃപതൗ പട്ടൽ സ്വയം
മാം ന്യയുങ്ക്ത മഹിള്ളാദ്ധ്വിഗ്രഹഃ”.

എന്ന പദ്യത്തിൽ ആ പരമശിവന്റെ മററൊരവതാരമായി സ്തുതിച്ചിരിക്കുന്നു. ദ്രാവിഡകവിചക്രവർത്തിയായ കമ്പരെ അന്നവസ്ത്രാദികൾ നല്കി സമ്മാനിച്ചതു മററൊരു ക്ഷുദ്രപ്രഭുവായ വെണ്ണനല്ലൂർ ചടയപ്പനായിനാരായിരുന്നു. ഷഡ്ഡാനഗാത്തിൽ ചടയപ്പന്റെ കീർത്തിപോലെ ചന്ദ്രിക പ്രകാശിച്ചു എന്നും അദ്ദേഹം തന്റെ ആശ്രിതരെ താങ്ങിയതുപോലെ നളൻ പർവ്വതങ്ങളെ ചുമന്നു എന്നും വെണ്ണനല്ലൂരിൽ ചെല്ലുന്ന യാചകന്മാരുടെ വിശപ്പു നീങ്ങിയതുപോലെ നാഗപാശം വാനരന്മാരെ വിട്ടുനീങ്ങിയെന്നും വർണ്ണിക്കുവാൻ അദ്ദേഹത്തിനു യാതൊരു സങ്കോചവും തോന്നിയില്ല. ചോളരാജാവിനെ താൻ ഒരവസരത്തിൽ സന്ദർശിച്ചപ്പോൾ തന്നോടു കാണിച്ച അനാദരത്തെ ആസ്പദമാക്കി ‘മന്നവൻ നീയോ’ (നീയുമൊരു രാജാവാണോ?) എന്നു ചോദിച്ച ധീരാതിധീരനായ കമ്പനാട്ടാഴ്‌വാരാണു് ഇതു്, വൈതാളികവൃത്തിയാണെങ്കിൽ, അനുഷ്ഠിക്കുന്നതെന്നുകൂടി നാം ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാകുന്നു. നാരായണീയകർത്താവും ആദിശേഷാംശസംഭൂതനെന്നു് ആസ്തികന്മാരാൽ അഭിഷ്ടുതനുമായ മേല്പുത്തൂർ നാരായണഭട്ടതിരി ചെമ്പകശ്ശേരിരാജാവിനോടു് എങ്ങനെ പെരുമാറി? പ്രക്രിയാസർവ്വസ്വം രചിക്കുവാൻ വേണ്ട സൌകര്യം രാജാവു നൽകിയ അവസരത്തിൽ ആ മഹാനുഭാവൻ അദ്ദേഹത്തെ

“തിഷ്ഠത്യേവാനിലോപി പ്രചലതി ഗിരിര-
പ്യാജ്ഞയാ യസ്യ രാജ്യേ
ശത്രോസ്സർവ്വാഭിസാരേ സതി രചയതി യ-
സ്തസ്യ സർവ്വാപഹാരം;

Digitized By Kerala Sahitya Akademi

ഭാസോയം നിശ്ശേഷശാസ്ത്രശ്രുതിനിവഹകഥാ-
നാടകേഷ്വപ്രതീതോ
ഭാതി ശ്രീദേവനാരായണധരണിപതി-
ർമ്മഗ്നചേതാ മുകുന്ദേ"

ഇത്യാദി പദ്യങ്ങളിൽ ഉപശ്ലോകനം ചെയ്തു. 'മഗ്നചേതാ മുകുന്ദേ' എന്ന വിശേഷണം തന്റെ നാമസ്തുതിക്കു് അല്പമൊരു പരിഹാരമായി സൂക്ഷ്മദൃക്കായ കവി കരുതിക്കൂട്ടി പ്രയോഗിച്ചതല്ലയോ എന്നും സംശയമുണ്ടു്. ഏതായാലും വിദ്യാധരനെയും വിദ്യാനാഥനെയും സംബന്ധിച്ച പറയുകയാണെങ്കിൽ ആ മഹാകവികൾക്കു യഥാക്രമം ഏകാവലിയുടേയും പ്രതാപരുദ്രീയത്തിന്റേയും നിർമ്മിതി യശസ്സിനെന്നപോലെ അത്ഥലാഭം കാരണമായി ഭവിച്ചിരിക്കണം. ആ തരത്തിലുള്ള പദ്യവാക്യകളായ സരസപ്രതീതാസന്മാനാമല്ലാതെ ഏകനായകാധിഷ്ഠിതങ്ങളായ ഉദാഹരണങ്ങൾ കൊണ്ടുമാത്രം ഏതാദൃശങ്ങളായ ഗ്രന്ഥങ്ങൾ പൂർത്തിയാകാവുന്നതുമല്ല. കാവ്യപ്രകരണത്തിൽ മഹാപുരുഷവർണ്ണനം കവിയുടെ ഉത്തമധർമ്മമാണെന്നു പല യുക്തികൾ പ്രപഞ്ചനം ചെയ്തും പ്രമാണവചനങ്ങൾ ഉദ്ധരിച്ചും വിദ്യാനാഥൻ ഇത്തരത്തിലുള്ള ഗ്രന്ഥനിർമ്മാണം അനാശാസ്യമല്ലെന്നു സ്ഥാപിച്ചിട്ടുമുണ്ടു്

പ്രതാപരുദ്രീയത്തിനു മററു് അലങ്കാരകൃതികളെ അപേക്ഷിച്ചു ചില വിശിഷ്ടഗുണങ്ങളുണ്ടെന്നുള്ളതു നാം വിസ്മരിച്ചുകൂടാത്തതാകുന്നു. ഒന്നാമതായി ഇത്ര സമഗ്രമായ ഒരലങ്കാരശാസ്ത്രഗ്രന്ഥം സംസ്കൃതഭാഷയിൽ ഒരു പ്രാമാണികന്റേതെന്നു പറയുവാൻ വേറെയില്ല. ഭരതമുനിയുടെ നാട്യശാസ്ത്രം ദൃശ്യകാവ്യങ്ങളേയും ഭാമഹന്റെ കാവ്യാലങ്കാരം, ദണ്ഡിയുടെ കാവ്യാദർശം മുതലായ ഗ്രന്ഥങ്ങൾ ശ്രാവ്യകാവ്യങ്ങളേയും മാത്രം പരാമർശിക്കുന്നു. ഈ രണ്ടുതരം ലക്ഷ്യങ്ങൾക്കും പ്രത്യേകം ലക്ഷണഗ്രന്ഥങ്ങൾ വേണമെന്നായിരുന്നു പ്രാചീനന്മാരുടെ മതം. ശ്രാവ്യകാവ്യങ്ങൾക്കുള്ള ലക്ഷണഗ്രന്ഥങ്ങളിൽ സർവോത്തമമായ കാവ്യപ്രകാശം ദൃശ്യകാവ്യങ്ങളെ സ്മരിക്കുന്നതുപോലുമില്ല. അവയ്ക്കു ലക്ഷണഗ്രന്ഥങ്ങൾ ധനഞ്ജയന്റെ ദശരൂപകം, ശാരദാതനയന്റെ ഭാവപ്രകാശനം മുതലായവയാണു്. വിദ്യാധരന്റെ കൃതി

Digitized By Kerala Sahitya Akademi

യും ശ്രാവ്യകാവ്യങ്ങളെ മാത്രമേ പരാമർശിക്കുന്നുള്ളൂ. ഭിന്നാഭിമതങ്ങളിൽനിന്നു ജനിച്ച ഈ ഗംഗായമുനകൾ ഒന്നാംപ്രഥമമായി യോജിക്കുന്നതു വിദ്യാനാഥന്റെ ഗ്രന്ഥപ്രയോഗത്തിലാകുന്നു. നായകനാടകാദിപ്രകരണങ്ങൾക്കു ഇതിൽ ഗുണാലങ്കാരാദി പ്രകരണങ്ങൾക്കൊപ്പം സ്ഥാനമുള്ളതുകൊണ്ടു രണ്ടുഗ്രന്ഥങ്ങൾ പഠിക്കേണ്ട ആവശ്യം ഈ ഒരു ഗ്രന്ഥംകൊണ്ടു നിർവഹിക്കാവുന്നതാണു്. സാഹിത്യദർപ്പണത്തിൽ വിശ്വനാഥകവിരാജനും ആറാമത്തെ പരിച്ഛേദത്തിൽ ദൃശ്യകാവ്യലക്ഷണനിരൂപണത്തിനു ഒരുങ്ങുന്നുണ്ടു്. പക്ഷേ വിദ്യാനാഥനെപ്പോലെ പ്രത്യേകം ഒരു നാടകം നിബന്ധിച്ചു കാണിച്ചിട്ടില്ലാത്തതിനാൽ അത്രയും മാത്രം അദ്ദേഹത്തിന്റെ പ്രയത്നം ആ വിഷയത്തിൽ അപൂർണ്ണമെന്നു പറയേണ്ടിവരുന്നു. കവിശിക്ഷ എന്ന ഒരു വിഷയം മാത്രമേ വിദ്യാനാഥൻ സ്പർശിക്കാതെയുള്ളു. അതു രാജശേഖരന്റെ കാവ്യമീമാംസ, ശ്രീകൃഷ്ണന്റെ മന്ദാരമരന്ദചമ്പു, ക്ഷേമേന്ദ്രന്റെ കവികണ്ഠാഭരണം മുതലായ ഗ്രന്ഥങ്ങൾ നോക്കി മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. സൌശബ്ദ്യജ്ഞാനം കവിക്കു് ആവശ്യകമാകയാൽ ഭാമഹൻ, വാമനൻ മുതലായ ചില പ്രാക്തനാചാര്യന്മാർ അതിനെപ്പററി ചില തത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ ശബ്ദദോഷങ്ങളെല്ലാം ദോഷപ്രകരണത്തിൽ നിരൂപണീയങ്ങളാകയാൽ പിൻകാലത്തുള്ള ആലങ്കാരികന്മാർ ആ പദ്ധതി പാടേ പരിത്യജിക്കുകയാണുണ്ടായതു്.

പ്രതാപരുദ്രീയത്തിലെ കാരികകളിലും വൃത്തിയിലും പ്രയോഗിച്ചിരിക്കുന്ന ഭാഷ അത്യന്തം ലളിതമാകയാൽ വിദ്യാർത്ഥികൾക്കു് ആ ഗ്രന്ഥം അഭിഗമ്യമാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കാവ്യപ്രകാശത്തിന്റെ അർത്ഥം ചില ഭാഗങ്ങളിൽ നല്ലപോലെ മനസ്സിലാക്കണമെങ്കിൽ തർക്കശാസ്ത്രത്തിന്റെ സാഹായ്യം ആവശ്യമുണ്ടു്. ആ ഗ്രന്ഥത്തിന്റെ വ്യാഖ്യാതാക്കന്മാരിൽ അഗ്രഗണ്യനെന്നു സർവസമ്മതനായ ഗോവിന്ദഠക്കുരൻ ഒരു വലിയ നൈയായികനായിരുന്നു. ആ കാരണത്താൽ കേരളത്തിൽ ഇടക്കാലത്തിൽ അധ്യേതാക്കളുടെ ഇടയിൽ പ്രകാശത്തിനു് അത്ര അർഹിക്കുന്ന പ്രചാരമുണ്ടായിരുന്നില്ല എന്നാണു് അഭിജ്ഞന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു്. രാജചൂഡാമണിദീക്ഷിതരുടെ കാവ്യദർപ്പണത്തിന്റെ ആവിർഭാവത്തോടുകൂടി വിദ്യാർത്ഥികൾക്കു പാഠ്യപുസ്തകം അതായിത്തീർന്നു.

Digitized By Kerala Sahitya Akademi

ഉല്ലേഖം പ്രകാശത്തെ ഉപജീവിച്ചു താരതമ്യേന ലളിതമായ ശൈലിയിൽ രചിച്ചിട്ടുള്ള ഒരു പ്രൌഢശാസ്ത്രഗ്രന്ഥമാകുന്നു. മമ്മടഭട്ടന്റെ കാരികകളെ രാജചൂഡാമണിദീക്ഷിതർ എങ്ങനെ ഭേദപ്പെടുത്തിയിരിക്കുന്നു എന്നു കാണിക്കുവാൻ രണ്ടു പദ്യങ്ങൾ ഉദ്ധരിക്കാം.

"നിയതികൃതനിയമരഹിതാം
ഹ്ലാദൈകമയീമനന്യപരതന്ത്രാം
നവരസരുചിരാം നിർമ്മിതി-
മാദധതീ ഭാരതീ കവേർജ്ജയതി." (പ്രകാശം)

"നിയത്യനിയതാം ഹ്ലാദ-
മയീം നവരസോജ്ജ്വലാം
കൃതിം സ്വതന്ത്രാം കുർവ്വാണാ
കവേർജ്ജയതി ഭാരതീ." (ഉല്ലേഖഃ)

"കാവ്യം യശസേർത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃപരനിർവൃതയേ
കാന്താസമ്മിതതയോപദേശയുജേ." (പ്രകാശം)

"കാവ്യം ഹി യശസേർത്ഥായ
ശിവേതരനിവൃത്തയേ
കാന്താവദുപദേശായ
പരനിർവൃതയേ ക്ഷണാൽ." (ഉല്ലേഖം)

ക്രി. പി. പതിനെട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ചില കേരളീയർ കാശിയിൽ പോയി ഗോവിന്ദഠക്കുരന്റെ കാവ്യപ്രദീപവും അതിനു നാഗേശഭട്ടൻ രചിച്ച ഉദ്യോതവ്യാഖ്യയും സമ്പ്രദായക്രമത്തിൽ അഭ്യസിച്ചു തിരിച്ചുവന്നതിനു മേലാണു് പ്രകാശത്തിനു കേരളത്തിൽ വീണ്ടും പ്രചാരം സിദ്ധിച്ചതു്. കാവ്യപ്രകാശത്തിൽ കാളിദാസസൂക്തികളെപ്പോലും നിസ്സങ്കോചം കാവ്യദോഷങ്ങൾക്കു ഉദാഹരണങ്ങളാക്കിട്ടുള്ളതിനാൽ കേരളീയരുടെ ഇടയിൽ

Digitized By Kerala Sahitya Akademi

കാവ്യപ്രകാരശോ യവനഃ;
കാവ്യാളീ ച വരാങ്ഗനാ;
അന്യേന പ്രസഭാകൃഷ്ടാ
കഷ്ടാമേഷാദശാം ഗതാ.”

എന്നൊരു ഉപാലംഭപദ്യവും ഉൽഭവിച്ചിട്ടുണ്ടു്. ഇതൊക്കെയാ യാലും കാവ്യപ്രകാശത്തോളം (ധ്വന്യാലോകത്തിന്റെ വ്യാപ്തി പരിമിതമാണല്ലോ) പ്രമാണഭൂതമായ ഒരലങ്കാരഗ്രന്ഥം സംസ്കൃത ത്തിൽ ഇല്ല; അതു പഠിപ്പിക്കാൻ കഴിയാത്ത പണ്ഡിതനെ അലങ്കാ രശാസ്ത്രജ്ഞൻ എന്നു പറയാറുമില്ല. ജഗന്നാഥപണ്ഡിതരുടെ കാല ത്തിനു പിന്നിട്ടു് ഓരോ വിദ്വാനും തന്റെ അലങ്കാരവൈദുഷ്യം പ്ര കടിപ്പിച്ചിരുന്നതു പ്രായേണ കാവ്യപ്രകാശത്തിനു വ്യാഖ്യാനം നിർമ്മി ച്ചു മാത്രമായിരുന്നു. പ്രകാശപരിപഠിഷുക്കൾക്കു് ഒരു പ്രവേശകം എന്ന നിലയിൽ മാത്രമേ ദർപ്പണത്തിനു സ്ഥാനമുള്ളു.

കാവ്യപ്രകാശത്തിന്റെ വ്യാഖ്യാതാക്കന്മാരിൽ എങ്ങനെ നോ ക്കിയാലും അപശ്ചിമനായ ഒരു പണ്ഡിതനായിരുന്നു സാഹിത്യചൂ ഡാമണിയുടെ പ്രണേതാവായ ലൌഹിത്യഭട്ടഗോപാലൻ. അദ്ദേഹം ചില പ്രാചീനാലങ്കാരികന്മാരെപ്പററി താഴെക്കാണുന്ന പദ്യങ്ങൾ രചിച്ചിട്ടുള്ളതു വായിക്കുവാൻ രസമുണ്ടു്.

“ജയന്തി കൃതിനസ്സന്തോ
ഭേദാന്തരമഹാദ്രുമാഃ
ഛായാ സാരസ്വതം യേഷാം
കർപ്പൂരമിവ പച്യതേ.

ശിക്ഷയന്നദ്ഭുതാം രേഖാം
കാവ്യാദർശലിപിക്രമേ
മദ്ധ്യേമദ്ധ്യേ മഹാചാര്യോ
ദണ്ഡീ ഭീഷയതേ കവീൻ.

വാമനസ്യ തദുത്തുങ്ഗം
ന്നതിശാലിനഃ



Digitized By Kerala Sahitya Akademi

പ്രസൂതേ പാവനീം വൃത്തിം
ഗങ്ഗാമിവ കവിപ്രിയാം.

ചക്രാന്തരഞ്ജിനീമുക്തിം
ചാതുര്യമിവ മുഖേ വഹൻ
കന്ദുകഃ ക്രീഡതി സുഖം
കീർത്തിസ്ഫടികപഞ്ജരം.

ഉദ്ഭേദേനാപി നമ്രേണ
നായകേനോപലാളിതഃ
ഹൃദ്യോ ഭാര ഇവ സ്ത്രീണാ-
മല്പാരംഭോപി ഭാരവഃ.

അതിലോകമലങ്കാര-
മാബിഭ്രദമൃതസ്രുതം
അന്ത്യാനുരാഗീ സർവ്വജ്ഞ-
സ്സ്വാദം ഭദ്രസ്തു ഭട്ടഃ.

ഭാരതസ്യ പ്രസംഗസ്യ
ശൃണോതി ശിക്ഷിതോത്തരഃ
വസ്ത്യജ്ഞാതമല്യാപി
സ്ത്രീഭിഃ ശോച്യാ ധനഞ്ജയഃ.

പക്ഷപാതേന രമതേ
രാജഹംസോ വിവേകവാൻ
മഹതാം മാനസാംഭോജേ
ഭോജഃ കീർത്ത്യാ വിശുദ്ധയാ.

ലോചനേനൈവ ജാനന്തി
ലോകേ യേ കേചന ധ്വനിം;
ഭുജങ്ഗാ ഏവ തേ; കിന്തു
വമന്ത്യമൃതമാനനൈഃ.

Digitized By Kerala Sahitya Akademi

രസാമൃതനദീകല്ലോ
ധ്വനികാരേ മഹാഗുരൗ
അനന്തമായാപി മഹിമാ
കാവ്യഗോഷ്ഠീം ന മുഞ്ചതി.”

കാവ്യാദർശകാരനായ ദണ്ഡി, കാവ്യാലങ്കാരസൂത്രപ്രണേതാവായ വാമനൻ, വക്രോക്തിജീവിതപ്രണയിതാവായ കുന്തകൻ, കാവ്യാലങ്കാരനിർമ്മാതാവായ ഭാമഹൻ, ഭാമഹകൃതിക്കു വിവരണമെഴുതിയ ഉത്ഭടൻ, കാവ്യാലങ്കാരനാമധേയമായ മറെറാരു ഗ്രന്ഥം നിബന്ധിച്ച രുദ്രടൻ, ദശരൂപകകാരനായ ധനഞ്ജയൻ, ധ്വന്യാലോകലോചനപ്രണേതാവായ അഭിനവഗുപ്തൻ, വ്യക്തിവിവേകരചയിതാവും അനുമാനസിദ്ധാന്തവാദിയുമായ മഹിമഭട്ടൻ ഈ പൂർവ്വാചാര്യന്മാരെ പ്രസ്തുതപദ്യങ്ങളിൽ എത്ര തന്മയത്വത്തോടുകൂടി ഭട്ടഗോപാലൻ വർണ്ണിച്ചിരിക്കുന്നു! ക്രി. പി. പന്ത്രണ്ടാം ശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ശാരദാതനയന്റെ പിതാവായ ഭട്ടഗോപാലനാണു് സാഹിത്യചൂഡാമണികാരനെന്നു ചിലർ സങ്കല്പിക്കുന്നതു സോപപത്തികമല്ല. അത്ര പ്രാക്തനനാണു് അദ്ദേഹമെന്നു ധനഞ്ജയൻ, ഭോജരാജാവു മുതലായവരെപ്പററിയുള്ള വർണ്ണനത്തിൽനിന്നു സിദ്ധിക്കുന്നില്ല. അദ്ദേഹത്തിന്റെ കാലത്തു ദശരൂപകത്തിനു് ആ ഗ്രന്ഥം അർഹിക്കുന്ന പ്രചാരം സിദ്ധിച്ചിരുന്നില്ലെന്നും വെളിവാകുന്നു.

കാവ്യദർപ്പണത്തെ അപേക്ഷിച്ചുനോക്കുമ്പോഴും വളരെ സരളമാണു് പ്രതാപരുദ്രീയം. അതിലെ ഉദാഹരണശ്ലോകങ്ങൾ എല്ലാം ഒരു കവിയാൽ മാത്രം വിരചിതവും ഒരു നായകനെ മാത്രം പ്രശംസിക്കുന്നതുമാണെങ്കിലും അവ അത്യന്തം ആസ്വാദ്യങ്ങളാണു്. വിദ്യാധരന്റെ പദ്യങ്ങൾക്കു് ഓജസ്സു കൂടുമെങ്കിൽ വിദ്യാനാഥന്റെ പദ്യങ്ങൾക്കു മാധുര്യം ഏറും. അതുകൊണ്ടു പ്രതാപരുദ്രീയത്തിലെ പദ്യങ്ങൾ വിദ്യാർത്ഥികൾക്കു മനഃപാഠമാക്കുന്നതിനും വളരെ സൌകര്യമുണ്ടു്.

ഇനി ഈ ഗ്രന്ഥത്തിനുള്ള ഏതാനും ചില ന്യൂനതകളെപ്പററി പ്രസ്താവിക്കാം. കാവ്യസ്വരൂപനിരൂപണത്തിനായി ആരംഭിക്കുന്ന വിദ്യാനാഥൻ ദ്വിതീയപ്രകരണത്തിൽ

Digitized By Kerala Sahitya Akademi

"ഗുണാലങ്കാരസഹിതൌ
ശബ്ദാർത്ഥൌ ദോഷവർജ്ജിതൌ
ഗദ്യപദ്യോഭയമയം
കാവ്യം കാവ്യവിദോ വിദുഃ"

എന്നാണ് കാവ്യത്തിനു ലക്ഷണം ചെയ്യുന്നതു്. അതു് അദ്ദേഹം തന്നെ

'ശബ്ദാർത്ഥൌ മൂർത്തിരാഖ്യാതൌ
ജീവിതം വ്യംഗ്യവൈഭവം'

———————

എന്നു് അതേ പ്രകരണത്തിലും "അഥ സർവ്വേഷാം പ്രബന്ധാനാം ജീവിതഭൂതസ്യ രസസ്യ സ്വരൂപം നിരൂപ്യതേ" എന്ന ചതുർത്ഥപ്രകരണത്തിന്റെ ആരംഭത്തിലും ചെയ്യുന്ന പ്രസ്താവനകൾക്കു പ്രതിയോഗിതം വഹിക്കുന്നു. നിർവ്വചനത്തിൽ ആശയം മുഴുവൻ അടങ്ങീട്ടില്ല എന്നുപറഞ്ഞാൽ അതു സമാധാനമാകുകയില്ലല്ലോ. മമ്മടഭട്ടനാകട്ടെ

'തദദോഷൌ ശബ്ദാർത്ഥൌ സഗുണൌ'

എന്നു കാവ്യസ്വരൂപം കാണിച്ചിട്ടു് "അനലങ്കൃതീ പുനഃക്വാപി" എന്നുകൂടി പ്രസ്താവിച്ചു് സ്ഫുടമായ അലങ്കാരമില്ലാത്ത പദ്യത്തിനും കാവ്യത്വം ഉണ്ടാകാമെന്നു വ്യവസ്ഥാപനം ചെയ്തു്

'ഇദമുത്തമമതിശയിനി
വ്യംഗ്യേ വാച്യാദ്ധ്വനിർബ്ബുധൈഃ കഥിതഃ'

വ്യംഗ്യാർത്ഥം വാച്യാർത്ഥത്തെ എവിടെ അതിശയിച്ചു നില്ക്കുന്നുവോ, ധ്വനി എന്നു പേരുള്ള ആ കാവ്യമാണു് ഉത്തമമെന്നു സമർത്ഥിക്കുന്നു. മമ്മടന്റേതിൽ നിന്നു ഭിന്നമായി ഒരുമതം ഈ വിഷയത്തിൽ ഉപന്യസിക്കണമെന്നു വിദ്യാനാഥന് അഭിസന്ധിയുമില്ല.

"ന്യക്കാരോഹ്യയമേവമേ യദരയ-
സ്തത്രാപ്യസൌ താപസഃ;
സോപ്യത്രൈവ നിഹന്തി രാക്ഷസകുലം;
ജീവത്യഹോ രാവണഃ;

Digitized By Kerala Sahitya Akademi

ധിക്ധിക്ഛക്രജിതം; പ്രബോധിതവതാ
കിം കുംഭകർണ്ണേന വാ;
സ്വർഗ്ഗഗ്രാമടികാവിലുണ്ഠനവൃഥോ-
ച്ഛൂനൈഃ കിമേഭിർഭുജൈഃ?”

[“മാററാരങ്ങെന്നരതാമേ കുറവ, തിലുമിവൻ
താപസൻ, കേറിവന്നി-
ട്ടേററം കൊല്ലുന്നു രക്ഷോഗണമുയിരൊടഹോ!
രാവണൻ വാണിടുന്നു;
എന്തിന്നാണിന്ദ്രജിത്തി,ന്നുറക്കൊട്ടുമരുവു-
ന്നെന്തിനക്കുംഭകർണ്ണൻ?
വിൺകുഗ്രാമം തകർത്താൽ വെറുമിട്ടതടിയൻ
കൈകളാലെന്തുസാദ്ധ്യം”?]

എന്ന പദ്യം ധ്വന്യാലോകത്തിൽ തൃതീയോദ്യോതത്തിൽ അലക്ഷ്യക്രമവ്യംഗ്യത്തിനു പൂർണ്ണാഭിഷിക്തമുദാഹരണമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ‘അരയഃ’ എന്ന ബഹുവചനവും ‘താപസഃ’ എന്ന ഏകവചനവും ‘അത്രൈവ’ എന്ന സപ്തമ്യന്തപദവും ‘ഹന്തി’ ‘ജീവതി’ എന്ന രണ്ടു തിങന്തങ്ങളും ‘അഹോ’ എന്ന അവ്യയവും ‘ഗ്രാമടികാ’ എന്ന കപ്രത്യയരൂപമായ തദ്ധിതവും വിലുണ്ഠനശബ്ദത്തിലെ ‘വി’ എന്ന ഉപസർഗ്ഗവും ‘ഭുജൈഃ’ എന്ന ബഹുവചനവും വ്യഞ്ജകങ്ങളാണെന്നു വിശ്വനാഥകവിരാജൻ സാഹിത്യദർപ്പണത്തിൻെറ ചതുർത്ഥപരിച്ഛേദത്തിൽ പ്രതിപാദിക്കുന്നു. “തദംശസ്ഥിതയാപി വിഭ്യേമാനേന ശ്ലോകഃ സർവ്വ ഏവ പാംശുലാഞ്ജകയാ ഭാതി” അതായതു് പ്രസ്തുത ശ്ലോകത്തെ എൺമണിപ്രായമായി കെട്ടിനിറുത്തിയാലും ഓരോ എൺമണിയും വ്യഞ്ജകമായി നിലസിക്കുന്നു എന്നാണു് അഭിനവഗുപ്താചാര്യൻെറ മതം. എന്നാൽ ഈ ശ്ലോകത്തെ സപ്തമോല്ലാസത്തിൽ കാവ്യപ്രകാശകാരൻ അവിമൃഷ്ടവിധേയാംശമെന്ന കാവ്യദോഷത്തിനു് ഉദാഹരണമായ് ഉദ്ധരിക്കുന്നു. പ്രസ്തുതദോഷം കൊണ്ടു് ഇതിനു കാവ്യത്വമില്ലെന്നു പറയാമോ? ഒരിക്കലും പാടില്ലല്ലോ. അതാണു് ദോഷരഹിതമായാൽ മാത്രമേ കാവ്യമാകൂ എന്നുള്ള മമ്മടവിദ്യാനാഥാദിമതത്തിനുള്ള വൈകല്യം. സഗുണമാകണം

Digitized By Kerala Sahitya Akademi

കാവ്യം എന്നു നിഷ്കർഷിക്കുന്നതിലും കുഴപ്പമുണ്ടു്. ശബ്ദാർത്ഥനിഷ്ഠമല്ല പ്രത്യുത രസനിഷ്ഠമാകുന്നു ഗുണം.

"യേ രസസ്യാങ്ഗിനോ ധർമ്മാഃ
ശൌര്യാദയ ഇവാത്മനഃ
ഉൽകർഷഹേതവസ്തേ സ്യു-
രചലസ്ഥിതയോ ഗുണാഃ"

എന്നു മമ്മടൻ തന്റെ അഷ്ടമോല്ലാസത്തിൽ ഗുണങ്ങളുടെ സ്വരൂപത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. ശബ്ദാർത്ഥങ്ങൾ കാവ്യശരീരം മാത്രമാകയാൽ അവയുടെ ധർമ്മമല്ല ഗുണമെന്നു് ഇതിൽനിന്നു വ്യക്തമാകുന്നു.

"യഃ കൌമാരഹരസ്സ ഏവ ഹി വര-
സ്താ ഏവ ചൈത്രക്ഷപാ-
സ്തേ ചോന്മീലിതമാലതീസുരഭയഃ
പ്രൌഢാഃ കദംബാനിലാഃ;
സാ ചൈവാസ്മി; തഥാപി തത്ര സുരത-
വ്യാപാരലീലാവിധൌ
രേവാരോധസി വേതസീതരുതലേ
ചേതസ്സമുൽക്കണ്ഠതേ."

(എൻ കൌമാരം ഹരിച്ചോൻ വര, നിശവുകളും
ചൈത്രമാസത്തിലേതാൻ
ഫുല്ലശ്രീപിച്ചകപ്പൂമണമുറ്റ കദം-
ബാനിലന്നില്ല ഭേദം;
ആ ഞാൻ താനെങ്കിലും രേവയുടെ തടഭു-
വിങ്കലങ്ങാറ്റുവഞ്ചി-
ക്കീഴേ ചെയ്താരതക്കേളികളിൽ മനമധികോൽ-
കണ്ഠയുൾക്കൊണ്ടിടുന്നു.)

എന്ന പദ്യത്തിൽ വിഭാവനാവിശേഷോക്തിമൂലമായ സന്ദേഹസങ്കരാലങ്കാരമുണ്ടെന്നു വിശ്വനാഥൻ വാദിക്കുന്നുണ്ടെങ്കിലും പ്രകടമായ അലങ്കാരമൊന്നുമില്ലെന്നുള്ള മമ്മടന്റെ മതത്തോടാണു് ഞാൻ യോജിക്കുന്നതു്. അതുകൂടി

Digitized By Kerala Sahitya Akademi

"വാക്യം രസാത്മകം കാവ്യം;
ദോഷാസ്തസ്യാപകർഷകാഃ;
ഉൽകർഷഹേതവഃ പ്രോക്താ-
ഗുണാലങ്കാരരീതയഃ"

എന്നു വിശ്വനാഥൻ സാഹിത്യദർപ്പണത്തിൽ കാവ്യത്തിനു ചെയ്തിട്ടുള്ള സാമാന്യനിർവചനം എനിക്കു് അധികം സമഞ്ജസമായ് തോന്നുന്നു. ഈ മതത്തിന്റെ ബീജാവസ്ഥ ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽതന്നെ കാണാവുന്നതുമാണു്. രസത്തിന്റെ വ്യാപ്തിയിൽ ഭാവവും രസാഭാസവും ഉൾപ്പെടും. ഇതിനെത്തന്നെ ഈഷൽഭിന്നമായ് വ്യാഖ്യാനിച്ചു രസഗംഗാധരത്തിൽ പണ്ഡിതരാജൻ രമണീയാർത്ഥപ്രതിപാദകമായ ശബ്ദമാണു് കാവ്യം എന്നു സ്ഥാപിക്കുവാൻ ചെയ്യുന്ന ഉദ്യമത്തെയും മറ്റും ഇവിടെ നിരൂപണം ചെയ്യുന്നില്ല.

രസമെന്നാലെന്താണു്? 'രസ്യത ഇതി രസഃ' ആസ്വദിക്കപ്പെടുന്നതു രസം. "വിഭാവാനുഭാവവ്യഭിചാരിഭാവസംയോഗാദ്രസനിഷ്പത്തിഃ" എന്നാണു് രസസ്വരൂപനിരൂപണത്തിനു മൂലഭൂതമായ ഭരതസൂത്രം. ഭാവമാണു് രസത്തിന്റെ മൂലമെന്നും വാഗംഗസത്വോപേതങ്ങളായ കാവ്യാർത്ഥങ്ങളെ ഭാവനം ചെയ്യിക്കുന്നതുകൊണ്ടാകുന്നു അതിനു് ആ പേർ സിദ്ധിച്ചതെന്നും ഭരതൻ തുടർന്നു പ്രസ്താവിക്കുന്നു. ഇവിടെ ദൃശ്യകാവ്യങ്ങളെ മാത്രമേ അദ്ദേഹം ഉൾപ്പെടുത്തുന്നുള്ളു. വിഭാവം വിജ്ഞാനാർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. യാതൊന്നിനാൽ രത്യാദിഭാവങ്ങൾ വിശേഷേണ ഭാവനം ചെയ്യപ്പെടുന്നുവോ, അതു വിഭാവം. ആ വിഭാവം ആലംബനം, ഉദ്ദീപനം എന്നിങ്ങനെ രണ്ടുപ്രകാരത്തിലുണ്ടു്. ശൃംഗാരത്തിൽ യൌവനത്താൽഭിന്നമായ ചിത്തവൃത്തിയോടുകൂടിയ യുവാവിനു യുവതിയും യുവതിക്കു യുവാവും ആലംബനവിഭാവം. ആലംബനത്തിന്റെ ഗുണം, ചേഷ്ട, അലങ്കാരം ഇവയും ചന്ദ്രചന്ദനമലയാനിലാദിതടസ്ഥവസ്തുക്കളും ഉദ്ദീപനങ്ങൾ. ഉദ്ദീപനവിഭാവങ്ങളെക്കൊണ്ടു ശ്രവണത്താലോ ദർശനത്താലോ സഞ്ജാതമാകുന്ന പ്രീതി, ഉൽക്കണ്ഠ അഥവാ അഭിലാഷമായ് പരിണമിക്കുന്നു. ഉല്ലസിതമനസ്സയാണു് രതി. അതുതന്നെയാണു് സ്ഥായിയായ ഭാവവും. രത്യാദികളെ അനുഭാവനം അഥവാ അനുമാപനം ചെയ്യിക്ക

Digitized By Kerala Sahitya Akademi

വ്യാത്മാഃ" എന്നാണ് അഭിനവഗുപ്തപാദൻ പറയുന്നതു്. വാസ്തവത്തിൽ സീതാദിഗോചരമായ രസം രാമാദികളിൽതന്നെയാണ് സ്ഥിതിചെയ്യുന്നതു്. എന്നാൽ ഒരു വലിയ ലോകതത്ത്വം ഇവിടെ ഓർമ്മിക്കേണ്ടതുണ്ടു്. നാം പൂർവ്വജന്മസംസ്കാരങ്ങളുടെ ഫലമായി നൈസർഗ്ഗികങ്ങളായ ചില വാസനകളോടുകൂടി ജനിക്കുന്നു; ആ വാസനകളെ ഈ ജന്മത്തിൽ പരിപുഷ്ടങ്ങളാക്കുകയും നൂതനസംസ്കാരജന്യങ്ങളായ വാസനകളെ സമാർജ്ജിക്കുകയും ചെയ്യുന്നതിനു നമുക്കു കഴിയും; അങ്ങനെ ചെയ്യുന്നുമുണ്ടു്. ആ വാസനകളുടെ പ്രേരകശക്തിയാൽ ഉത്തമമായ ഒരു നാടകം കാണുമ്പോഴോ ഒരു കാവ്യം വായിക്കുമ്പോഴോ നമ്മുടെ ഹൃദയം ചമൽക്കരിക്കുകയും തദ്വാരാ അതു് അനിർവചനീയമായ ഏതോ ഒരുതരം ആനന്ദത്തിനു വിധേയമാകുകയും ചെയ്യുന്നു. ആ ആനന്ദത്തിന്റെ സ്വരൂപം വിശ്വനാഥകവിരാജൻ താഴെക്കാണുന്ന കാരികകളിൽ വിശദപിസ്മാപകമായ വിധത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്.

"സത്വോദ്രേകാദഖണ്ഡസ്വ-
പ്രകാശാനന്ദചിന്മയഃ
വേദ്യാന്തരസ്പർശശൂന്യോ-
ബ്രഹ്മാസ്വാദസഹോദരഃ

ലോകോത്തരചമൽകാര-
പ്രാണഃ കൈശ്ചിൽ പ്രമാതൃഭിഃ
സ്വാകാരവദഭിന്നത്വേ-
നായമാസ്വാദ്യതേ രസഃ"

രജോഗുണത്തിലും തമോഗുണത്തിലും കവിഞ്ഞു നിൽക്കുന്ന അന്തഃധർമ്മമാകുന്നു സത്വാധിക്യം. സാധാരണീകരണമെന്നൊരു വ്യാപാരം വിഭാവാദികൾക്കുണ്ടു്; ആ സാധാരണ്യാഭിമാനംകൊണ്ടു ശ്രോതാവും അനുവാചകനും നായകാദിഭിന്നരായിത്തീരുന്നു. "ഹനുമാനാണു് സമുദ്രലംഘനം ചെയ്തതു്; ഞാനല്ല; അദ്ദേഹത്തിന്റെ അപദാനം ഞാൻ കേൾക്കുക അഥവാ വായിക്കുക മാത്രമാണു് ചെയ്യുന്നതു്." ഇത്തരത്തിലുള്ള വിഭാവാദിപരിച്ഛേദം രസാസ്വാദത്തിൽ വരുന്നതല്ല. കാവ്യത്തിൽ സീതാദിശബ്ദങ്ങൾ പരിത്യക്തജനകതനയാദിവിശേഷങ്ങളും സ്ത്രീമാത്രവാചികളുമാകുന്നു. അങ്ങനെ ലൌകിക

Digitized By Kerala Sahitya Akademi

രസവിലക്ഷണവും വിഗളിതവേദ്യാന്തരവുമായ ഈ രസത്തെ എങ്ങനെ പരബ്രഹ്മത്തെ യോഗീശ്വരന്മാർ ആസ്വദിക്കുമോ അതുപോലെ സഹൃദയന്മാർ ആസ്വദിക്കുന്നു. 'ചർവ്വണ' തന്നെയാണു് ആസ്വാദനം. എല്ലാവരും സഹൃദയന്മാരല്ല. വിമലമായ പ്രതിഭാനത്തോടുകൂടിയ ഹൃദയമുള്ളവർ മാത്രമേ രസാസ്വാദത്തിനു് അധികാരികളാകുകയുള്ളു എന്നും "യേഷാം കാവ്യാനുശീലനാഭ്യാസവശാദ്വിശദീഭൂതേ മനോമുകുരേ വർണ്ണനീയതന്മയീഭവനയോഗ്യതാ; തേ ഹൃദയസംവാദഭാജസ്സഹൃദയാഃ" എന്നും അഭിനവഗുപ്തപാദൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. യാവചിലരുടെ കാവ്യാനുശീലനാഭ്യാസങ്ങൾകൊണ്ടു വിശദമായ മനോദർപ്പണത്തിൽ വർണ്ണനീയവസ്തു തന്മയീഭവിക്കുന്നതിനു യോഗ്യമായിത്തീരുന്നുവോ അത്തരത്തിലുള്ള കവിസമാനഹൃദയന്മാരാകുന്നു സഹൃദയന്മാർ. കാവ്യത്തിലെ വാച്യാംശത്തെ അതിശയിച്ചുള്ള വ്യംഗ്യാംശത്തിന്റെ ചർവ്വണയാലാകുന്നു ഈ ആനന്ദവിശേഷം അവർക്കു ലഭിക്കുന്നതു്. അതുകൊണ്ടത്രേ ധ്വനികാവ്യത്തിനു് ഉത്തമത്വം സിദ്ധമാകുന്നതു്. സ്ഥായിഭാവങ്ങൾക്കു് ആ പേർ വന്നതുതന്നെ അന്തഃകരണപ്രവൃത്തിരൂപങ്ങളായ രത്യാദിഭാവങ്ങൾക്കു് ആശുവിനാശിത്വമുണ്ടാകാമെങ്കിലും സംസ്കൃതമായ ഹൃദയത്തിൽ അതിനു ചിരകാലസ്ഥിതിയും രസപ്രതീതിദശവരെ അനുസന്ധാനക്ഷമതയും വരാവുന്നതിനാലാണെന്നു ചില ആലങ്കാരികന്മാർ പറയുന്നുണ്ടു്. രസാസ്വാദത്തിന്റെ ഭേദമനുസരിച്ചാണു് രസഭേദമുണ്ടാകുന്നതു്.

"സ്വാദഃ കാവ്യാർത്ഥസംഭേദാ-
ദാത്മാനന്ദസമുദ്ഭവഃ
വികാസവിസ്തരക്ഷോഭ-
വിക്ഷേപൈസ്സ ചതുർവ്വിധഃ

വികാസഃ കുസുമസ്യേവ
പാദപസ്യേവ വിസ്തരഃ
ക്ഷോഭോബ്ധേരിവ വിക്ഷേപോ
മാരുതസ്യേവ ചാത്മനഃ.

ശൃംഗാരവീരബീഭത്സ-
രൌദ്രേഷു മനസഃ ക്രമാൽ

Digitized By Kerala Sahitya Akademi

ഹാസ്യാദ്ഭുതഭയോൽകർഷ-
കരുണാനാം ത ഏവ ഹി."

സഹൃദയന്റെ മനസ്സ പുഷ്പംപോലെ വികസിക്കുകയോ വൃക്ഷംപോലെ പടരുകയോ, സമുദ്രംപോലെ ക്ഷോഭിക്കുകയോ, കാററുപോലെ ഭ്രമിക്കുകയോ ചെയ്യാം. ശൃംഗാരത്തിൽ വികാസവും വീരത്തിൽ വിസ്തരവും ബീഭത്സത്തിൽ ക്ഷോഭവും രൌദ്രത്തിൽ വിക്ഷേപവുമുണ്ടാകുന്നു. ശൃംഗാരത്തിൽനിന്നു ഹാസ്യവും രൌദ്രത്തിൽനിന്നു കരുണവും വീരത്തിൽനിന്ന് അത്ഭുതവും ബീഭത്സത്തിൽനിന്നു ഭയാനകവും ജനിക്കുന്നതിനാൽ മുൻചൊന്ന ശൃംഗാരാദികളായ നാലുരസങ്ങളും ജനകങ്ങളും ഹാസ്യാദികളായ നാലുരസങ്ങളും ജന്യങ്ങളുമാണ്.

അഭിധാമൂലധ്വനിക്കോടിയിൽ അസംലക്ഷ്യക്രമവ്യംഗ്യമെന്ന വകഭേദത്തിൽപ്പെട്ടതാണ് രസധ്വനി; ലക്ഷ്യവ്യംഗ്യക്രമത്തിൽ പെട്ടവയാണ് വസ്തുധ്വനിയും അലങ്കാരധ്വനിയും. ഇവയിൽ രസധ്വനിതന്നെയാണ് സർവോത്തമം. "രസ ഏവ വസ്തുത ആത്മാ; വസ്ത്വലങ്കാരധ്വനീ തു രസ ഏവ പര്യവസ്യേതേ" എന്നു ലോചനകാരൻ വ്യവസ്ഥാപനം ചെയ്യുന്നുണ്ട്.

ഇതിൽനിന്നു ശബ്ദാർത്ഥചിത്രകാവ്യങ്ങളുടെ നില എത്ര താഴെയാണെന്നു വിശദമാകുന്നുണ്ടല്ലോ. ചിത്രകാവ്യം കേവലം ധാശികല്പമെന്നാകുന്നു ധ്വനിപ്രസ്ഥാനക്കാർ സമർത്ഥിക്കുന്നത്.

"സച്ഛിന്നമൂലഃ ക്ഷതജേന രേണു
സ്തസ്യോപരിഷ്ടാൽ പവമാനധൂതഃ
അംഗാരശേഷസ്യ ഹുതാശനസ്യ
പൂർവോത്ഥിതോ ധൂമ ഇവാവിരാസീൽ."

എന്ന രഘുവംശപദ്യത്തിൽ അതിവിശിഷ്ടമായ ഉപമാലങ്കാരപ്രയോഗമുണ്ടെങ്കിലും ധ്വനിവിഹീനമാകയാൽ അതിനു കാവ്യത്വമില്ലെന്നു സിദ്ധാന്തിക്കുന്ന ആലങ്കാരികന്മാരുണ്ട്. പിന്നെ വേണ്ട അർദ്ധഭ്രമകഗോമൂത്രികാദി ബന്ധങ്ങളെക്കൊണ്ടു സഹൃദയഹൃദയോദ്വേജനം ചെയ്യുന്ന ശബ്ദചിത്രകാവ്യങ്ങൾക്കു കാവ്യത്വമുണ്ടാകുകി വെറുതേയല്ല നീലകണ്ഠദീക്ഷിതർ ശിവലീലാർണ്ണവത്തിൽ അദ്ദേഹത്തിന്റെ

Digitized By Kerala Sahitya Akademi

സുപ്രസിദ്ധമായ ഫലിതശൈലിയിൽ താഴെക്കാണുന്ന വിധത്തിൽ കവികളെ ഉപദേശിക്കുന്നതു്.

“വിദ്വൽപ്രിയം വ്യംഗ്യപ്രപഞ്ചം വ്യതീത്യ
ശബ്ദാർത്ഥചിത്രേഷു കല്പേവിലാസാൽ
പ്രാപ്തോദയാഭോഗോ നിഗമാന്തരേപക്ഷ്യ
ഭാഷാപ്രബന്ധേഷ്വിവ പാമരാണാം.

കൃതേ യുഗേ വ്യഞ്ജനയാവതീർണാ;
ത്രേതായുഗേ സൈവ ഗുണീബഭൂവ;
അഭൂദ്വിതീയേ തു യുഗേർത്ഥചിത്രം;
യുഗേ തുരീയേ യമകപ്രപഞ്ചഃ.

ദിഷ്ട്യാധിരൂഢാഃ കവിതാധിരാജ്യം
ധീരാ രമന്തേ ന തു ശബ്ദചിത്രേ;
സ്വർഗ്ഗേപി ഗതാപ്സരസാം നിവാസേ
കാണൈവ കിം കാപി ഗവേഷണീയാ?”

ഗുണപ്രകരണത്തിൽ വാമനന്റെ ദശഗുണഗണനം ശരിയല്ലെന്നും

“മാധുര്യൗജഃ പ്രസാദാഖ്യാ-
സ്ത്രയസ്തേ ന പുനർദ്ദശ”

അതായതു് മാധുര്യം, ഓജസ്സ്, പ്രസാദം എന്നിങ്ങനെ ഗുണങ്ങൾ മൂന്നേയുള്ളു എന്നും മമ്മടഭട്ടൻ സ്ഥാപിച്ചിരിക്കെ തദനുയായിയായ വിദ്യാനാഥൻ ഭോജരാജാവിനേയും മറ്റും പിൻതുടർന്നു് ഇരുപത്തിനാലു ഗുണങ്ങൾക്കു പ്രവേശം നല്കിയിരിക്കുന്നതു് ഉചിതമാണെന്നു പറവാൻ പാടുള്ളതല്ല. കവിക്കു നായകോൽകർഷാധായകങ്ങളായ പദ്യങ്ങൾ കുറേക്കൂടി നിർമ്മിക്കുവാൻ അതൊരു മാർഗ്ഗമായെന്നേയുള്ളു. ആലങ്കാരികപിതാമഹനായ ഭാമഹനും മുൻചൊന്ന മൂന്നു ഗുണങ്ങളെ മാത്രമാകുന്നു അങ്ഗീകരിക്കുന്നതു്. മിശ്രാലങ്കാരങ്ങളെ അർത്ഥാലങ്കാരപ്രകരണത്തിൽ ഉൾപ്പെടുത്താതെ അവയ്ക്കായി പ്രത്യേകം ഒരു പ്രകരണം വിനിയോഗിച്ചതും അനാവശ്യം തന്നെ. അർത്ഥാലങ്കാരവിഷയത്തിൽ രാജാനകരുയ്യകനെ അ

Digitized By Kerala Sahitya Akademi

നകരിച്ചതു നന്നായി. അവയുടെ സംഖ്യ അനുചിതമായി വർദ്ധിപ്പിച്ച ചന്ദ്രാലോകകാരനായ ജയദേവൻ വിദ്യാനാഥനു മുൻപു ജീവിച്ചിരുന്നതുകൊണ്ടു വേണമെങ്കിൽ അദ്ദേഹത്തിന്റെ കാലടിപ്പാട്ടുകൾ നമ്മുടെ ഗ്രന്ഥകാരനു പിൻതുടരാമായിരുന്നു. അതു ചെയ്യാത്തതിന്നു് അദ്ദേഹത്തെ പ്രശംസിക്കേണ്ടിയിരിക്കുന്നു. ഇനിയും പലതും പറവാനുണ്ടു്. വിസ്തരഭയത്താൽ ഇവിടെ നിറുത്തുന്നു.

---

# ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ

---

മഹാകവി ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ കൊല്ലം ൲൰൬-ാമാണ്ടു തുലാമാസം ൨൮-ാംതീയതി പൂരാടം നക്ഷത്രത്തിൽ തിരുവിതാംകൂറിൽ ഉൾപ്പെട്ട ഇലത്തൂർ പകുതിയിൽ പടിഞ്ഞാറേ അഗ്രഹാരത്തിൽ ജനിച്ചു. പിതാവു് അണ്ണിശാസ്ത്രികൾ എന്ന പേരിൽ പ്രസിദ്ധനായ ശങ്കരനാരായണശാസ്ത്രികളായിരുന്നു. ഹരിതഗോത്രക്കാരാണു് ഈ കുടുംബക്കാർ. ബാലനായ രാമസ്വാമി തദ്ദേശവാസികളായ ഏതാനും പണ്ഡിതന്മാരോടും, പ്രത്യേകിച്ചു കൃഷ്ണാപുരം ലക്ഷ്മീനാരായണശാസ്ത്രികളോടും, ചില കാവ്യനാടകഗ്രന്ഥങ്ങൾ പഠിച്ചതിനുമേൽ ശാസ്ത്രാഭ്യസനത്തിനുവേണ്ടി, വൈദുഷ്യത്തിനെന്നപോലെ വദാന്യത്വത്തിനും അക്കാലങ്ങളിൽ കേരളമെങ്ങും കേളികേട്ടിരുന്ന പന്തളത്തു കോയിക്കലേക്കു പോയി. ഒരുകാലത്തു ചെങ്കോട്ടത്താലൂക്കിലെ ചെങ്കോട്ട, കക്കടി ഈ പകുതികൾ കൊട്ടാരക്കര രാജാവിനും, ശാമ്പൂർവടകര കായംകുളംരാജാവിനും, ആയക്കുടി, അച്ചൻപുതൂർ ഈ പകുതികൾ ഇടമനപ്പണ്ടാരത്തിലേക്കും, ഇലത്തൂർ, ശിവനല്ലൂർ ഈ പകുതികൾ പന്തളത്തുരാജാവിനും, പുളിയറ, പുതൂർ ഈ പകുതികൾ ആര്യങ്കാവുദേവസ്വത്തിലേക്കും അവകാശപ്പെട്ടിരുന്നു. പന്തളം തിരുവിതാംകൂറിലേക്കു് ഒതുങ്ങിയതോടുകൂടി പന്തളത്തുരാജാവിന്റെ അധീനതയിലിരുന്ന ഇലത്തൂർ ഗ്രാമക്കാർ തിരുവിതാംകൂർ മഹാരാജാവിന്റെ പ്രജകളായി.

Digitized By Kerala Sahitya Akademi

പന്തളത്തേക്കു് ഇലത്തൂരിലുണ്ടായിരുന്ന ആധിപത്യം നിശ്ശേഷം നശിച്ചുള്ള രാമസ്വാമിശാസ്ത്രികൾ ജനിക്കുന്നതിനു മൂന്നു കൊല്ലം മുമ്പു്—അതായതു കൊല്ലം ൯൯൩-ൽ മാത്രമായിരുന്നു. അതിനാൽ നമ്മുടെ കഥാനായകന്റെ ബാല്യകാലത്തിലും ഇലത്തൂർ ഗ്രാമക്കാർ പന്തളത്തുരാജാക്കന്മാരെ തങ്ങളുടെ രക്ഷാധികാരികളായ്ത്തന്നെ കരുതിയിരുന്നു. ബാലനായ രാമസ്വാമിയെ പഠിപ്പിക്കുന്നതിനു പന്തളത്തുതമ്പുരാനു് ഭേധാ ബാദ്ധ്യതയുണ്ടായിരുന്നു എന്നു് ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ. പന്തളത്തുകോയിക്കൽ ചെന്നെത്തിയ ആ വിദ്യാർത്ഥിക്കു് അവിടെ ആദ്യത്തെദിവസം മാങ്ങാക്കറിയും നെയ്യുംകൂട്ടി ഉണ്ണകഴിക്കുവാൻ ഇടവരികയും, പ്രതിഭാസമ്പന്നനായ അദ്ദേഹം അതു "സാമ്രാജ്യഭുക്തി"യായി (ആജ്യത്തോടും ആമ്രത്തോടും കൂടിയുള്ള ഭോജനമാകയാൽ) എന്നു പ്രശംസിക്കുകയും ചെയ്തു. അതു കേട്ടുകൊണ്ടിരുന്ന വലിയതമ്പുരാൻ കുട്ടിയുടെ സരസ്വതീപ്രസാദമോർത്തു് അത്ഭുതപ്പെടുകയും എല്ലാച്ചെലവുകളും കോയിക്കൽനിന്നു തന്നെ നല്കി ആ അദ്ധ്യേതാവിനെ വ്യാകരണം പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുകയുമുണ്ടായി.

കുറേക്കാലം രാമസ്വാമി അവിടെ താമസിച്ചു വ്യാകരണം, തർക്കം ഈ രണ്ടു ശാസ്ത്രങ്ങളിലും പ്രാവീണ്യം സമ്പാദിച്ചു് "ശാസ്ത്രി" പദത്തിൽ ആരൂഢനായിത്തീർന്നു. കൊച്ചപ്പൻ തമ്പുരാൻ, ശങ്കുവാദ്ധ്യർ ഇങ്ങനെ പന്തളത്തുവച്ചു് അദ്ദേഹത്തിനു രണ്ടു സതീർത്ഥ്യന്മാരുണ്ടായിരുന്നതായി അറിയുന്നു. പന്തളത്തെ വിദ്യാഭ്യാസം അവസാനിപ്പിച്ചതിനു ശേഷം ശാസ്ത്രികൾ മൂകാംബിയിൽ പോയി മൂകപഞ്ചശതീസ്തോത്രം പാരായണംചെയ്തു കവിതാകാമധേനുവായ അവിടത്തെ ദേവിയെ കുറേക്കാലം ഭജിച്ചു. അനന്തരം ഗോകർണ്ണം, കാശി, കുംഭകോണം മുതലായ പുണ്യക്ഷേത്രങ്ങൾ സന്ദർശിക്കുകയും, തത്തദ്ദേശീയരായ വിദ്വാന്മാരുമായി ശാസ്ത്രവാദം നടത്തുകയും, വേദാന്തം തുടങ്ങിയ വേറേ ചില ശാസ്ത്രങ്ങൾ അഭ്യസിക്കുകയും ചെയ്തതിന്റെ ശേഷം കൊല്ലം ൧൦൨൦-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തെത്തി. അന്നു തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്ന ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവിന്റെയും, അവിടത്തെ അനന്തിരവനും യുവരാജാവുമായ ആയില്യം

Digitized By Kerala Sahitya Akademi

തിരുനാൾ രാമവർമ്മമഹാരാജാവിന്റെയും പ്രീതിഭാജനമായും വലിയ കൊട്ടാരം വിദ്വൽസദസ്സിലെ ഒരു പ്രധാനാംഗമായും പരിലസിച്ചു. ൧൦൩൯-ൽ മാർത്താണ്ഡവർമ്മമഹാരാജാവു് നാടു നീങ്ങി, ആയില്യംതിരുനാൾ മഹാരാജാവു സിംഹാസനസ്ഥനായപ്പോൾ ശാസ്ത്രികളുടെ പദവി ഒന്നുകൂടി ഉയർന്നു. കവിസാർവ്വഭൗമനെന്നും സർവ്വശാസ്ത്രപാരംഗതനെന്നും ശാക്തേയശിഖാമണിയെന്നും മററും അനേകം നിലകളിൽ അവിടത്തേയ്ക്കു ശാസ്ത്രികളെപ്പററി അത്യന്തം സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. ഇലത്തൂരിനു് ഉദ്ദേശം പതിനഞ്ചു് മൈൽ വടക്കുള്ള ശങ്കരനെയനാർകോവിൽ എന്ന മഹാക്ഷേത്രത്തിലെ പ്രധാനമൂർത്തിയായ ഗോമത്യംബ (പാർവ്വതീദേവി) യായിരുന്നു ശാസ്ത്രികളുടെ ഇഷ്ടദേവത. ആ ദേവതയുടെ അനുഗ്രഹംമൂലം അദ്ദേഹത്തിനു് അദൃശ്യദർശനം മുതലായ ചില സിദ്ധികളുണ്ടായിരുന്നതായി വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഒരിക്കൽ ആയില്യംതിരുനാൾ മഹാരാജാവു് സൌവർണ്ണവും പഞ്ചമുഖവുമായ ഒരു ഹനുമദ്വിഗ്രഹം കയ്യിൽ വച്ചു മറച്ചുകൊണ്ടു് അതെന്തെന്നു കണ്ടുപിടിച്ചു് ഒരു ശ്ലോകം ഉടനടി നിർമ്മിച്ചു് ചൊല്ലണമെന്നു തന്റെ ആസ്ഥാനപണ്ഡിതന്മാരോടു് ആജ്ഞാപിച്ചു. പ്രമേയം ഇന്നതെന്നറിഞ്ഞാൽ ശ്ലോകമുണ്ടാക്കുവാൻ കഴിയുന്ന പലരും ആ കൂട്ടത്തിലുണ്ടായിരുന്നു; പക്ഷേ അറിയാഞ്ഞാൽ എന്തുചെയ്യും? എന്നാൽ നമ്മുടെ ഗോമതീദാസനു് ആ കല്പന കേട്ടപ്പോൾ ഒരു സങ്കോചവും തോന്നിയില്ല. അദ്ദേഹം ചെട്ടെന്നു താഴെക്കാണുന്ന ശ്ലോകം ചൊല്ലി.

"ശ്രീമാൻ ശ്രീരാമദാസോ ജയതി വസുമതീതാതതാതാർദ്ധജാതഃ
ശ്രീരക്ഷോനാഥപക്ഷക്ഷിതിധരകുലിശപ്രായദംഷ്ട്രാകരാളഃ
ശ്രീദഃ ശ്രീരാമസേവാസമരസമനസാം ശ്രീധരോദാരബാഹുഃ
ശ്രീദാശാദ്രീശചാപപ്രതിഭടതനുമാൻ പഞ്ചവക്ത്രോ ഹനൂമാൻ."

(ശ്രീദന്റെ) കുബേരന്റെ. (ആശ) ദിക്കിലുള്ള. (അദ്രി) പർവ്വതം=കൈലാസം. അതിന്റെ ഈശൻ=ശ്രീപരമേശ്വരൻ. അദ്ദേഹത്തിന്റെ ചാപം=മഹാമേരു. അതിനോടൊപ്പമുള്ള തനുവോടുകൂടിയതു്=സ്വർണ്ണമയം. സകലകലാവല്ലഭനായ തിരുമനസ്സിലേക്കു് ഒരുദിവസംപോലും ശാസ്ത്രികളെ പിരിഞ്ഞിരിക്കുക പ്രയാസ

Digitized By Kerala Sahitya Akademi

മായിരുന്നു. വിദേശങ്ങളിൽനിന്നു ദിവസംതോറുമെന്നപോലെ തിരുവനന്തപുരത്തു വന്നുകൊണ്ടിരുന്ന വിദ്വൽപുംഗവന്മാരോടു് വാദപ്രതിവാദം ചെയ്യുന്നതിനും അവരെ ഉചിതവിധത്തിൽ മാനിക്കുന്നതിനും ദൂരസ്ഥന്മാരായ പണ്ഡിതപ്രവേകന്മാർക്കു യഥോചിതം ഗദ്യപദ്യാത്മകങ്ങളായ രാജകീയലേഖനങ്ങൾ അയയ്ക്കുന്നതിനും ശാസ്ത്രികളുടെ സാഹായ്യം അവിടത്തേക്കു് ഒഴിച്ചുവയ്ക്കത്തക്കതായിരുന്നില്ല. സ്വതന്ത്രസ്വതന്ത്രനായ ശാസ്ത്രികൾക്കും ആ തിരുമേനിയുടെ മേൽ—എന്തെല്ലാം കുറ്റങ്ങളും കുറവുകളും ഉണ്ടായിരുന്നാലും അവിടന്നു സഹൃദയശിരോമണിയും പണ്ഡിതപക്ഷപാതിയും ആയിരുന്നു എന്നുള്ളതിനു സംശയമില്ലല്ലോ—അസാമാന്യമായ ഭക്തിയും സ്നേഹവുമുണ്ടായിരുന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ വിവിധകൃതികളിൽനിന്നു സ്പഷ്ടമാകുന്നു. ൧൦൭൮-ൽ നടന്ന ഡെൽഹിദർബാറിൽ ലിററൺ പ്രഭു ആ മഹാരാജാവിന്റെ സംസ്കൃതപാണ്ഡിത്യത്തെ അഭിനന്ദിച്ചു കൈയടന്റെ ഭാഷ്യപ്രദീപത്തിനു നാഗേശഭട്ടർ രചിച്ച ഉദ്യോതഗ്രന്ഥം പാരിതോഷികമായി നല്കിയെന്നു കേൾവിയുണ്ടു്. ചുരുക്കത്തിൽ എങ്ങനെ മുൻപു പന്തളത്തുചെന്നു സംസ്കൃതം പഠിച്ചു്, അനന്തരം കാശിയിൽ പോയി ശേഖരാന്തം വ്യാകരണം അഭ്യസിച്ചു സകലശാസ്ത്രപാരീണനായ് തിരിച്ചെത്തി കൊല്ലം ൯൭൩-ൽ തീപ്പെട്ട തിരുവിതാംകൂർ കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സദസ്യനായ പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ സമുല്ലസിച്ചുവോ, അതുപോലെ ആയില്യം തിരുനാൾ തിരുമനസ്സിലെ സദസ്യനായി ഇലത്തൂർ രാമസ്വാമിശാസ്ത്രികളും സമുല്ലസിച്ചു. കാർത്തികതിരുനാൾ മഹാരാജാവു് ഒരിക്കൽ രോഗാതുരനായ സുബ്രഹ്മണ്യശാസ്ത്രികളോടു താൻ അദ്ദേഹത്തിനു് എന്തഭീഷ്ടമാണു് സാധിക്കവാനുള്ളതു് എന്നു് ചോദിച്ചപ്പോൾ ആ മർമ്മജ്ഞൻ

"പുംസാമർത്ഥ ഉപോത്തമേ, പ്രഭവിതുർഗ്ഗോപ്തുർമ്മഹത്വാദരേ,
സൌജന്യാകരവൈദുഷീനിലയസംവാദേ ച ദൃഷ്ടാ മിതഃ;
ത്വേഷാദ്യാവിഹ സംസൃതൌ വിതരതഃ പ്രായേണ നസ്സൌഹിതീ-
മന്യസ്മാത്തു ചിരാദപി പ്രണയിനസ്ത്വാം മന്മഹേ ദുർല്ലഭാം."



Digitized By Kerala Sahitya Akademi

എന്നു മറുപടി അറിയിക്കുകയുണ്ടായി. ഈ ലോകത്തിൽ പുരുഷന്മാർ വളരെ വിലയുള്ളതായി കരുതേണ്ടതു് മൂന്നാണു്. തൃതീയപുരുഷാർത്ഥം ഒന്നു്; പ്രഭവിതാവായ ഗോപ്താവിന്റെ മഹത്തായ സേവനം ഒന്നു്; സൌജന്യവും വൈദുഷ്യവും ചേർന്ന സഹൃദയന്മാരുമായുള്ള സംഭാഷണമൊന്നു്. ഇവയിൽ തിരുമേനി, ആദ്യത്തേതു രണ്ടും എനിക്കു മിക്കവാറും സന്തൃപ്തി നല്കിക്കഴിഞ്ഞിരിക്കുന്നു; വളരെ ആകാംക്ഷമായി ഞാൻ പരിചയിക്കുന്നതായെങ്കിലും മൂന്നാമത്തേതിൽനിന്നു് ആ സന്തൃപ്തി ലഭിക്കുക പ്രയാസമാണെന്നത്രേ തോന്നുന്നതു്" എന്നാണു് ശ്ലോകത്തിന്റെ അർത്ഥം. മഹാരാജാവിനെ സർവ്വാഭീഷ്ടപ്രദനായ ഒരു പ്രഭു എന്നുള്ളതിനെക്കാൾ സൌജന്യനിധിയായ ഒരു സഹൃദയൻ എന്ന നിലയിലാണു് താൻ അധികമായി ബഹുമാനിക്കുന്നതെന്നു വ്യംഗ്യം. അതുപോലെയായിരുന്നു ആയില്യംതിരുനാൾ മഹാരാജാവിന്റെയും അവസ്ഥ.

ഒരവസരത്തിൽ, ൧൦൨൨-ാമാണ്ടു നാടുനീങ്ങിയ തന്റെ അമ്മാമൻ സ്വാതിതിരുനാൾ മഹാരാജാവിന്റെയും അവന്റെയും രാജ്യഭാരധോരണിയെ താരതമ്യപ്പെടുത്തി ഓരോ ശ്ലോകം രചിക്കണമെന്നു് ആയില്യംതിരുനാൾ മഹാരാജാവു് ഒരിക്കൽ വിദ്വൽസദസ്സിലെ അംഗങ്ങളോടു് ആവശ്യപ്പെട്ടു. എല്ലാ പണ്ഡിതന്മാരും അവിടത്തെ രാജ്യഭാരം, അങ്ങയുടേതാണു് ശ്രേഷ്ഠമെന്നു പദ്യരൂപമായി സമർത്ഥിച്ചു. രാമസ്വാമിശാസ്ത്രികൾ മാത്രം ആ വിഷയത്തെ അധികരിച്ചു ശ്ലോകമൊന്നുമുണ്ടാക്കിയില്ല. ആ സരസശ്രുതകവികിരീടമണിയുടെ മൌനം മഹാരാജാവിനെ അസ്വാസ്ഥനാക്കി. "ശാസ്ത്രികളെന്താ ഒന്നും ചൊല്ലാത്തതു്?" എന്നു കല്പിച്ചു ചോദിച്ചപ്പോൾ അന്തരാത്തിൽ ഒരു ശ്ലോകമുണ്ടാക്കുവാൻ ആജ്ഞാപിച്ചതു് അവിവേകമായിപ്പോയി എന്നും സരസ്വതീദേവിയുടെ കരുണയെ വ്യഭിചരിപ്പിക്കുവാൻ താൻ സന്നദ്ധനല്ലെന്നും ശാസ്ത്രികൾ അറിയിച്ചു. ശാസ്ത്രികൾ ശാക്തേയനാണെന്നുള്ള വസ്തുത മനസ്സിൽ വച്ചുകൊണ്ടു് മഹാരാജാവു് വീണ്ടും "എന്താ? ശാസ്ത്രികൾ ഇങ്ങോട്ടു പോരുമ്പോൾ എന്തെങ്കിലും പൂജാദ്രവ്യം സേവിക്കുകയുണ്ടായോ?" എന്നു് അല്പം കോപത്തോടുകൂടി ചോദിച്ചപ്പോൾ, ആ സാഹിത്യസമ്രാട്ടു

Digitized By Kerala Sahitya Akademi

താൻ ആ ദ്രവ്യം ഭേദിച്ചാലുമില്ലെങ്കിലും അതിന്റെ വികാരം തിരുമനസ്സിലെ മുഖത്താണു് പ്രത്യക്ഷീഭവിക്കുന്നതു് എന്നു് അതേ സ്വരത്തിൽത്തന്നെ മറുപടി പറഞ്ഞു. മഹാരാജാവിനു തിരുവുള്ളക്കേടായി; ശാസ്ത്രികൾ ലേശവും കുലുങ്ങിയില്ല; "വിസ്തീർണ്ണാ പൃഥിവീ ജനാശ്ച ബഹവഃ; കിം കിം ന സംഭാവ്യതേ?" എന്നു പറഞ്ഞുകൊണ്ടു സദസ്സിൽനിന്നിറങ്ങി തിരുവനന്തപുരം വിട്ടു് ഒന്നുകൂടി വിദേശസഞ്ചാരം ചെയ്യുകയും കൽക്കത്തയിലും ബോംബേയിലും മറ്റും താരാനാഥതൎക്കവാചസ്പതി മുതലായ മഹാവിദ്വാന്മാരുടെ സശിരഃകമ്പമായ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും ചെയ്തു. മഹാരാജാവിന്റെ സദസ്സ് ശാസ്ത്രികളുടെ അഭാവത്തിൽ ആദിത്യനില്ലാത്ത ആകാശമായി; വിദേശികളോടു വാഗ്വാദം ചെയ്യുവാൻ വിദഗ്ദ്ധരായി അവിടെയാരുമുണ്ടായിരുന്നില്ല. പശ്ചാത്താപാർത്തനായ ആ മഹാരാജാവു് ഏറെത്താമസിയാതെ തന്നെ ശാസ്ത്രികളെ ആളയച്ചു തിരിയെ വരുത്തി പൂർവ്വാധികം മാനിച്ചു സകലയോഗക്ഷേമങ്ങളും അന്വേഷിച്ചു വീണ്ടും ആസ്ഥാനപണ്ഡിതസാർവ്വഭൗമനായി വാഴിച്ചു. വിപ്രലംഭത്താൽ പരിപുഷ്ടമായ സംഭോഗംപോലെ ആ പുനസ്സമാഗമം രണ്ടുപക്ഷക്കാൎക്കും ആനന്ദത്തെ വർദ്ധിപ്പിച്ചു.

ശാസ്ത്രികൾ തിരുവനന്തപുരത്തു് തന്റെ സമയത്തിൽ ഭൂരിഭാഗവും ശിഷ്യന്മാരെ സംസ്കൃതം പഠിപ്പിക്കുന്നതിനും സ്വയമായ് വിവിധഗ്രന്ഥങ്ങൾ രചിക്കുന്നതിനുമാണു് വിനിയോഗിച്ചുവന്നതു്. കുറേക്കാലം ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമേനിയെ പഠിപ്പിക്കുന്നതിനും അദ്ദേഹം നിയമിക്കപ്പെടുകയുണ്ടായി. ശിഷ്യന്മാരിൽ സർവ്വഥാ അഗ്രഗണ്യൻ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, അവിടുന്നു ശാസ്ത്രികളോടു് പ്രധാനമായി അഭ്യസിച്ച ശാസ്ത്രം വേദാന്തവുമായിരുന്നു. ആയില്യംതിരുനാൾ മഹാരാജാവും വലിയകോയിത്തമ്പുരാനും തമ്മിലുള്ള വിരോധം മൂർച്ഛിച്ച കാലത്തിൽ മഹാരാജാവു കോയിത്തമ്പുരാനെ അനുനയിപ്പിക്കുവാൻ ശാസ്ത്രികളെ മധ്യസ്ഥനാക്കി അദ്ദേഹത്തിന്റെ സമീപത്തിലേക്ക് അയച്ച കഥ അവിടുന്നു ശ്രീവിശാഖവിജയം മഹാകാവ്യം ചതുൎത്ഥസൎഗ്ഗത്തിൽ വിശേഷോത്തരമായ തന്മയത്വത്തോടുകൂടി വിവരിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

“ഗംഗാധരാഖ്യയോഗീന്ദ്ര ശ്രീരാമസ്വാമിശാസ്ത്രിണം
മഹിതക്ഷാത്രജ്ഞഃ ക്വ ഭൂദേഹിനാം ... ളുന്ത ...
ബ്രഹ്മവിദ്യോപദേഷ്ടാരം സ്വസ്യ സാഹിത്യദേശികം
കേരളഃ പ്രതിജഗ്രാഹ ബഹുമാനപുരസ്സരം.
അഥാനുയുജ്യ കുശലം കേരളശ്ശാസ്ത്രിപുംഗവഃ
തേന സല്ലാപമകരോദിത്ഥമുൽസമന്യയാ
'ഭവതേ കല്പ്യതി കുതഃ കുമാരശൈലബഭ്രുപതിഃ?'
'യാവദത്ര ഭവാൻ ഭവേത് താവദേവ വസ്യതൈ ...ഹം.'

*  *  *  *

'ക്ഷമാപതേഃ പദേ നത്വാ ക്ഷമാപയതു തം ഭവാൻ.'
'ന മാം ദിദൃക്ഷതേ സ്വാമീ; നമാമ്യസ്യ പദേ കഥം?'
'പ്രേഷ്യതാം പത്രികാ തർഹി പുത്രസ്യ ദർശനാർത്ഥിനീ.'
'ഭവതേവം; ഭവന്തോ മാമനുഗൃഹ്ണന്തു സന്തതം.'
'മോചയേൽ സങ്കടാദ്യുഷ്മാൻ ശങ്കരീ ഭക്തകിങ്കരീ.'
'ശേശപീയിതാശപാസദായീ ശശപദിശപാസഃ ... മേ.'
അഥ ശാസ്ത്രിണി നിർഗ്ഗതേ വിമനാ അപി കേരളഃ
ഗുരുവാക്യം ലംഘിതേതി പത്രികാം പ്രൈഷയൽ ... ഹിതനാൽ”

ശേശപീയിതമെന്നാൽ ദ്ദശപ്പവ്വത്തമെന്നൎത്ഥം, ഈ അല്പസമസ്യകൾ മുഴുവൻ ആസ്വദിക്കണമെന്നുള്ളവർ ആ സൎഗ്ഗംതന്നെ പാരായണം ചെയ്യണം. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെക്ക തന്റെ ബ്രഹ്മവിദ്യോപദേഷ്ടാവും സാഹിത്യദേശികനുമായിരുന്ന ശാസ്ത്രികളുടെ പേരിലുള്ള ഭക്തി എത്ര ഗാഢവും അചഞ്ചലവുമായിരുന്നു എന്നുള്ളതു മേലുദ്ധരിച്ച ശ്ലോകങ്ങളിൽനിന്നു ധാരാളം തെളിയുന്നുണ്ടല്ലോ.

ശാസ്ത്രികൾ വിരക്തനായിരുന്നതിനാൽ ഐഹികങ്ങളായ അഭ്യുദയങ്ങൾ ഒന്നിലും അദ്ദേഹത്തിന് അഭിസന്ധിയില്ലായിരുന്നു. തിരുവനന്തപുരം സദർ (ഹൈ) ക്കോടതിയിലെ പണ്ഡിതസ്ഥാനം ഒഴിവായപ്പോൾ ആയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു ശാസ്ത്രികളെ അതിൽ നിയമിക്കുവാൻ അനുഗ്രഹിച്ചു എങ്കിലും, തന്റെ ബ്രഹ്മോപാസനയ്ക്കു പ്രതിബന്ധമായിത്തീരുമെന്നു ശങ്കിച്ചു ശാസ്ത്രികൾ

Digitized By Kerala Sahitya Akademi

അതിന്ന വഴിപ്പെട്ടില്ല. ഒരിക്കൽ എട്ടിയാപുരം സംസ്ഥാനത്തിൽ വിദ്വൽസംഭാവനയ്ക്കായി ആയിരം രൂപാ കിഴികെട്ടിവച്ചുകൊണ്ടു് അവിടത്തേ ജമിന്ദാർ ശാസ്ത്രികളെ ആഹ്വാനം ചെയ്തുവെങ്കിലും അദ്ദേഹം അങ്ങോട്ടു പോകുകയുണ്ടായില്ല. തന്റെ ജന്മസ്ഥലമായ ഇലത്തൂർ പടിഞ്ഞാറെ ഗ്രാമത്തിന്റെ സമീപം ഒരു കളവും അതിന്റെ കരയിൽ ഒരു ഗണപതിക്ഷേത്രവും അദ്ദേഹം നിർമ്മിച്ചിട്ടുള്ളതു് ഇന്നും ബഹുജനങ്ങൾക്കു് ഉപകരിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ സ്മാരകമായി നിലകൊള്ളുന്നു. ൧൦൪൭-ൽ ആയില്യംതിരുനാൾ മഹാരാജാവു നാടുനീങ്ങുകയും അവിടത്തെ അനുജനും വിദ്വദഗ്രേസരനും—വിശേഷിച്ചു വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രാണസുഹൃത്തും—ആയ വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു വഞ്ചിഭൂവല്ലഭനാകുകയും ചെയ്തു. അവിടത്തെ രാജ്യഭരണകാലത്തിലും ശാസ്ത്രികൾക്കു വലിയകൊട്ടാരത്തിലും വെളിയിലുമുണ്ടായിരുന്ന പദവിയും പ്രശസ്തിയും അന്യാദൃശമായിരുന്നു. തന്റെ ശിഷ്യനായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു രാജ്യഭാരം കയ്യേറ്റതിനുശേഷം ശാസ്ത്രികൾക്കു് അധികകാലം ജീവിച്ചിരിക്കുവാൻ യോഗമുണ്ടായില്ല. ൧൦൬൭-ാമാണ്ടു കർക്കടകമാസം ൧-ാംനു- അഭിനാളിൽ [illegible]സൻ—അശ്വത്ഥവിദ്യ [illegible]ൻ മുൻകൂട്ടി തീർച്ചപ്പെടുത്തിയിരുന്ന സമയത്തിൽ തിരുവനന്തപുരത്തു സ്വഗൃഹത്തിൽ വച്ചു [illegible]യി പരമശിവപദത്തെ പ്രാപിച്ചു.

രാമസ്വാമിശാസ്ത്രികളുടെ കൃതികളെപ്പറ്റിയുള്ള ഒരു നിരൂപണമാണു് ഈ ഉപന്യാസത്തിൽ എന്റെ പ്രധാനമായ വിഷയം. അതിനാൽ ആ നിരൂപണത്തിനു് ഒരു പീഠികയായി മാത്രമേ ഈ ജീവചരിത്രസംക്ഷേപം വായനക്കാർ സ്വീകരിക്കേണ്ടതുള്ളു. ശാസ്ത്രികൾ സംസ്കൃതത്തിലും മലയാളത്തിലും ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. സംഭരണത്തിൽ നിഷ്കർഷയില്ലാതിരുന്നതിനാൽ അവയിൽ പലതും ഇപ്പോൾ നഷ്ടങ്ങളായിരിക്കുന്നു; ചിലതെല്ലാം നാമാവശേഷങ്ങളായിട്ടുമുണ്ടു്. സംസ്കൃതകൃതികളെ (1) കാവ്യഗ്രന്ഥങ്ങൾ; (2) ശാസ്ത്രഗ്രന്ഥങ്ങൾ; (3) സ്തോത്രഗ്രന്ഥങ്ങൾ; (4) വ്യാഖ്യാനങ്ങൾ എന്നു നാലു വകുപ്പുകളായി വിഭജിക്കാം. കാവ്യഗ്രന്ഥങ്ങളിൽ (1) സുരൂപരാഘവം മഹാകാവ്യം; (2) കീർത്തിവിലാസചമ്പു; (3) പാർവ്വ

Digitized By Kerala Sahitya Akademi

തീപരിണയം; (4) ഗാന്ധാരചരിതം; (5) അംബരീഷചരിതം; (6) തുലാഭാരപ്രബന്ധം; (7) അന്യാപദേശസപ്തതി; (8) ശൌണസമാഗമം; (9) കാശീയാത്രാനുവർണ്ണനം എന്നീ പ്രബന്ധകാവ്യങ്ങൾ (10) കൈവല്യവല്ലീപരിണയം നാടകം ഇവ കണ്ടുകിട്ടീട്ടുണ്ട്. ഇവ കൂടാതെ (1) തിരുമാസപ്രബന്ധം; (2) ശ്രീധർമ്മസംവർദ്ധിനീമാഹാത്മ്യം (അഥവാ ഇരത്തൂർ സ്ഥലപുരാണം) (3) പന്തളപുരീമാഹാത്മ്യം; (4) ശാകുന്തളചമ്പു ഇങ്ങനെ നാലു കൃതികൾ കൂടി ഈ ഇനത്തിലുള്ളതായി അറിയുന്നു; കാണ്മാൻ ഇടയായിട്ടില്ല.

സുഗ്രീവരാഘവത്തിലെ ഇതിവൃത്തം രാമായണം തന്നെയാണ്. കവി ഭട്ടികാവ്യം, വാസുദേവവിജയം, അർജ്ജുനരാവണീയം, ധാതുകാവ്യം, സുഭദ്രാഹരണകാവ്യം ഇവയുടെ രീതിയിൽ, വ്യുൽപിത്സുക്കൾക്കു വ്യാകരണത്തിൽ പരിനിഷ്ഠിതമായ ജ്ഞാനം ലഭിക്കുന്നതിനുവേണ്ടിയത്രേ ഈ ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളത്. അഷ്ടമസർഗ്ഗത്തിൽ ആദ്യത്തെ മുപ്പത്തിമൂന്നു ശ്ലോകങ്ങളോളം മാത്രമേ എനിക്കു വായിക്കുവാനിടവന്നിട്ടുള്ളു. പത്തു സർഗ്ഗങ്ങൾക്കു മേലുണ്ടെന്നു ചില പണ്ഡിതന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. ശാസ്ത്രകാവ്യമാകയാൽ ഗ്രന്ഥകാരൻതന്നെ അതിനു വിസ്തരിച്ച് ഒരു വ്യാഖ്യാനവും രചിച്ചുകാണുന്നു. ആദ്യത്തെ വന്ദനശ്ലോകമാണ് താഴെ ഉദ്ധരിക്കുന്നത്.

"ഈശാനം സർവ്വവിദ്യാനാം വരദം സോമശേഖരം;
ഈശ്വരം ശാശ്വതം വന്ദേ സച്ചിദാനന്ദവിഗ്രഹം." ൧

"ശ്രീമദ്വ്യാഘ്രമഹാവംശേ ഭവതിസ്മ കലാനിധിഃ;
രാജാ ദേശമഠോ നാമ സുധാബ്ധാവിവ ചന്ദ്രമാഃ" ൨

എന്ന രണ്ടാമത്തെ ശ്ലോകത്തിൽ കഥ ആരംഭിക്കുന്നു. ആദ്യത്തെ നാലു ശ്ലോകങ്ങളിൽ പ്രധാനങ്ങളായ അർത്ഥാലങ്കാരങ്ങളെ ഉദാഹരിച്ച് "അഥാജന്തപുല്ലിംഗസാധാരണവിശേഷശബ്ദസ്വരൂപാണി പ്രദർശ്യന്തേ" എന്നുള്ള പ്രതിജ്ഞയോടുകൂടി അ൫-ാമത്തെ ശ്ലോകംവരെ അജന്തപുല്ലിംഗരൂപങ്ങളേയും അനന്തരം സർഗ്ഗമവസാനിക്കുന്ന ൪൯-ാമത്തെ ശ്ലോകംവരെ അജന്തസ്ത്രീലിംഗരൂപങ്ങളേയും കവി നമുക്കു കാണിച്ചുതരുന്നു. രണ്ടാം സർഗ്ഗത്തിൽ ആദ്യത്തെ ൫൦ ശ്ലോകങ്ങളിൽ അജന്തനപുംസകസാമാന്യവിശേഷശബ്ദങ്ങൾക്കും സർഗ്ഗാ

Digitized By Kerala Sahitya Akademi

ന്നത്തിലുള്ള ൩൭-ാമത്തെ ശ്ലോകംവരെ ഫലന്തശബ്ദങ്ങൾക്കു ഉദാഹരണം നല്കുന്നു. മൂന്നാം സർഗ്ഗത്തിൽ ൬൫. ശ്ലോകങ്ങളുണ്ട്. സ്ത്രീപ്രത്യയപ്രകരണത്തിലെ "അജാദ്യതഷ്ടാപ്" എന്ന സൂത്രം തുടങ്ങി ഓരോ സൂത്രത്തിനും ഈ സർഗ്ഗത്തിൽ ഉദാഹരണം കാണുന്നു. ദശരഥമഹാരാജാവ് സന്താനലബ്ധിക്കായി ശ്രീയഃപതിയായ മഹാവിഷ്ണുവിനെയും ലോകമാതാവായ ശ്രീപാർവ്വതീദേവിയെയും ആരാധിക്കുന്നതും പാർവ്വതീദേവി പ്രസന്നയായ് പ്രത്യക്ഷീഭവിച്ച് അശ്വമേധയാഗവും പുത്രകാമേഷ്ടിയും നിർവ്വഹിച്ചാൽ മഹാവിഷ്ണു അംശങ്ങളെക്കൊണ്ടു പുത്രഭാവേന അവതീർണ്ണനാകുമെന്ന് അരുളിച്ചെയ്യുന്നതുമാകുന്നു. പ്രതിപാദ്യവിഷയം. ഇവിടെ ശ്രീപാർവ്വതിയുടെ സാഹചര്യ്യപ്രാധാന്യം നല്കിയിരിക്കുന്നതു ഗോമതീദാസനെന്ന അപരാഭിധാനത്താൽ പ്രസിദ്ധനായ കവിക്കു യോജിച്ച ഒരു മൂലകഥാവ്യതിയാനം തന്നെ. കോയിത്തമ്പുരാനോടു "ഭക്തകിങ്കരിയായ ശങ്കരി അങ്ങയെ സങ്കടത്തിൽനിന്നു മോചിപ്പിക്കും." എന്നു ശാസ്ത്രികൾ വിശാഖവിജയത്തിൽ പറയുന്നതു് ഈ വരദയായ ദേവിയെ ഉദ്ദേശിച്ചാണു്. നാലുമഞ്ചും സർഗ്ഗങ്ങളിൽ കാരകവിഭക്തികൾ, അനുപ്രയോഗങ്ങൾ, ഉപപദവിഭക്തികൾ, ഇവയെ ഉദാഹരിക്കുന്നു. അഞ്ചാം സർഗ്ഗത്തോടുകൂടി ബാലകാണ്ഡകഥ അവസാനിക്കുകയും ചെയ്യുന്നു. ൬—൭—൮, ഈ സർഗ്ഗങ്ങളിൽ തദ്ധിതപ്രത്യയങ്ങളാണ് ഉദാഹരണത്തിനു വിഷയീഭവിക്കുന്നതു്. എട്ടാം സർഗ്ഗത്തിൽ കണ്ടുകിട്ടീട്ടുള്ളിടത്തോളമുള്ള ഭാഗത്തിൽ ദശരഥൻ ക്രോധാഗാരത്തിൽ ചെന്നു് മന്ഥരാദൂഷിതാശയയായ കൈകേയിയെ അനുനയിപ്പിക്കുവാൻ ശ്രമിക്കുന്നതാണു് കഥ.

ഇനി ശാസ്ത്രികളുടെ കവിതാമാധുര്യവും ശാസ്ത്രപാണ്ഡിത്യവും പ്രദർശിപ്പിക്കുന്നതിലേയ്ക്കായ് ഈ മഹാകാവ്യത്തിൽനിന്നു ചില ശ്ലോകങ്ങൾ പകർത്താം.

താഴെ കാണുന്ന ശ്ലോകം വിരോധാഭാസത്തിനു് ഉദാഹരണമാകുന്നു.

"അദൃഷ്ടപൂർവ്വാണാമദ്ഭുതാനാമജോ നിധിഃ,
ഉദിതേ യത്പ്രതാപാർക്കേ നക്ഷത്രാണി ചകാശിരേ."

"ഈ ദശരഥമഹാരാജാവു പണ്ടാരും കണ്ടിട്ടില്ലാത്ത അത്ഭുതങ്ങൾക്കു നിധിയായ് ഭവിച്ചു; ഇദ്ദേഹത്തിന്റെ പ്രതാപസൂര്യൻ

Digitized By Kerala Sahitya Akademi

ഉദിച്ചപ്പോൾ നക്ഷത്രങ്ങൾ പ്രകാശിക്കുകയാണല്ലോ ഉണ്ടായതു്.” ഈ അർത്ഥം വിരോധം. ക്ഷത്രങ്ങൾ=ക്ഷത്രിയന്മാർ; ന പ്രകാശിരേ= പ്രകാശിച്ചില്ല. ഇതു വിരോധപരിഹാരം.

താഴെ ഉദ്ധരിക്കുന്ന ശ്ലോകം വ്യതിരേകത്തിനു് ഉദാഹരണമാണു്:—

“അംഭോധിരിവ ഗംഭീരഃ കിം ത്വസൌ ന ജലാശയഃ,
മഹാദേവ ഇവോദാരഃ കിം ത്വസൌ ന ഗലേഗരഃ.”

“ഈ ദശരഥൻ സമുദ്രത്തെപ്പോലെ ഗംഭീരനായിരുന്നെങ്കിലും ജലാശയനല്ലായിരുന്നു; സമുദ്രം ജലാശയമാണല്ലോ. ശിവനെപ്പോലെ ഉദാരൻ (ക്ഷിപ്രപ്രസാദി) ആയിരുന്നെങ്കിലും കഴുത്തിൽ വിഷമില്ലാത്തവൻ (ദുർവാക്കുപറയാത്തവൻ എന്നു രാജപക്ഷത്തിൽ) ആയിരുന്നു.” ദശരഥമഹാരാജാവിന്റെ പൂജാഗൃഹത്തിൽ വസിഷ്ഠാദിമഹർഷിമാർ ആസനോപവിഷ്ടന്മാരായി എന്നു വണ്ണിക്കുന്ന ഒരു ശ്ലോകത്തിൽ എത്ര സ്ത്രീപ്രത്യയോദാഹരണങ്ങൾ ഇടകലത്തിവിട്ടിരിക്കുന്നു എന്നു നോക്കുക:—

“തത്ര പ്രവേണീഷു സുലോഹിനീഷു,
മൃദ്വീഷു കാളീഷു ച ലാക്ഷികീഷു
ഏനീഷു ശോണീഷു സുവണ്ണലീഷ്വ-
ഷ്വദ്ധ്യാസനം തേ പരിതോ നിഷേദുഃ.”

വസിഷ്ഠാദികൾ ആ അച്ചാഗൃഹത്തിൽ (പരിതഃ) എല്ലാസ്ഥലത്തും (അദ്ധ്യാസനം) പീഠങ്ങളിൽ (പ്രവേണീഷു) ആസ്തരണങ്ങളിൽ നിഷണ്ണരായി; എങ്ങനെയുള്ള പ്രവേണികൾ? ‘സുലോഹിനീഷു’ (അതിരക്തങ്ങൾ) എന്ന പദത്തിൽ ‘വണ്ണാദനുദാത്താത്തോപധാത്തോനഃ’ എന്ന പാണിനിസൂത്രമനുസരിച്ചു് ഇവിടെ സ്ത്രീപ്രത്യയത്തിൽ വൈകല്പികമായി ‘ങീപു്’ പ്രവത്തിക്കുന്നു. അതുപോലെ ‘മൃദ്വീഷു’ (മൃദുക്കൾ) എന്ന പദത്തിൽ ‘വോതോ ഗുണവചനാൽ’ എന്ന സൂത്രത്താൽ ‘ങീഷും’ ‘കാളീഷു’ (കറുത്തവ) എന്ന പദത്തിൽ ‘ജാനപദകുണ്ഡഗോണാ’ ദിസൂത്രത്തിൽ കാളശബ്ദം പഠിച്ചിട്ടുള്ളതിനാൽ ‘ങീഷും’ ലാക്ഷികീഷു’ (ലാക്ഷാരക്തങ്ങൾ) എന്ന പദത്തിൽ ‘ടിഡ്ഢാണഞ്’ ഇത്യാദി സൂത്രത്താൽ ‘ങീപും’

Digitized By Kerala Sahitya Akademi

'ഏനീഷു' (ചിത്രവർണ്ണങ്ങൾ) 'ശോണീഷു' (ചുവന്നവ) എന്ന പദങ്ങളിൽ വീണ്ടും 'വർണ്ണാദനുദാത്താൽ' ഇത്യാദി സൂത്രത്താൽ 'ങീപും' സുവർണ്ണലിപ്ത്വീഷു (കനകരൂഷിതങ്ങൾ) എന്ന പദത്തിൽ 'ക്താദല്പാഖ്യായാം' എന്ന സൂത്രത്താൽ 'ങീപും' വരുന്നു എന്നു കവി നമ്മെ ഈ ശ്ലോകത്തിൽ പഠിപ്പിക്കുന്നു. "ന ഷട്സ്വസ്രാദിഭ്യഃ" എന്ന സൂത്രമനുസരിച്ചു 'ടാപിനും' മററും പ്രതിഷേധം താഴെക്കാണുന്ന ശ്ലോകത്തിൽ കവി ഉദാഹരിക്കുന്നു:—

"ഹരേഃ സ്വസാരം ദുഹിതുഃ പുരാരാമ്രേം
നനാന്ദരം യാതുരിരാ നനാന്ദ്യ
സ മാതരം താം തിസൃഭിർവധൂഭിർ-
ദ്വാരശ്ചതസ്രഃ ചരിതൻ വവന്ദേ."

"ആ ദശരഥൻ തന്റെ മൂന്നു ഭാര്യമാരോടുംകൂടി വിഷ്ണുവിന്റെ സഹോദരിയും വീണ്ടും പുരാരാതിയിന്റെ പുത്രിയുടെ, അഥവാ ഇന്ദ്രാണിയുടെ (യാതുഃ) ഭർത്താവിന്റെ സഹോദരഭാര്യയുടെ, അതായത് ഉപേന്ദ്രവല്ലഭയായ ലക്ഷ്മിയുടെ (നനാന്ദാവ്), ഭർത്താവിന്റെ സഹോദരിയും, ഗണപതിയുടെ മാതാവും ആയ കാത്യായനീദേവിയെ, നാലുനടകളും ചുററി പ്രദക്ഷിണംവച്ചു വന്ദിച്ചു". ഇനി വ്യാകരണവിഷയം വിട്ടു വീണ്ടും കവിതാചാതുര്യത്തിനുതന്നെ ഉദാഹരണങ്ങൾ കാണിക്കാം. വിശ്വാമിത്രന്റെ യാഗത്തെ ശ്രീരാമൻ എങ്ങനെ രക്ഷിച്ചു എന്നു കവി വർണ്ണിക്കുന്നതു താഴെ കാണുന്ന വിധത്തിലാണ്:—

"അന്തകം യജതി സംഗരയജ്ഞേ
യാതുധാനപശുഭി രഘുവീരേ
അന്തകാന്തകമയഷ്ട യഥാർഹം
പ്രോക്ഷിതൈസ്സ പശുഭിർഗുരുവീരഃ."

ശിഷ്യനായ രഘുവീരൻ രാക്ഷസന്മാരാകുന്ന പശുക്കളെ യുദ്ധയജ്ഞത്തിൽ കാലനു ദാനം ചെയ്യുമ്പോൾ ഗുരുവീരനായ വിശ്വാമിത്രൻ പ്രോക്ഷിതങ്ങളായ (മന്ത്രപൂതങ്ങളായ) പശുക്കളെ കാലകാലനു ദാനംചെയ്തു.

Digitized By Kerala Sahitya Akademi

അഹല്യാമോക്ഷത്തിൽ നിന്നെടുത്തിരിക്കുന്നതാണു് താഴെക്കാണുന്ന ശ്ലോകം:—

"സംസർഗ്ഗമാത്രേണ പരസ്യ പുംസഃ
പാഷാണഭൂയം രമണീമണീത്വം
പാദാനുഷംഗേണ പരസ്യ പുംസോ-
യോഷിന്മണീഭ്രൂയമഗാൽ പുനസ്സാ."

"അന്യപുരുഷൻെറ (ദേവേന്ദ്രൻെറ) സംസർഗ്ഗംമാത്രംകൊണ്ടു പാഷാണരൂപം പ്രാപിച്ച അഹല്യ അന്യപുരുഷനായ (പരമപുരുഷനായ) ശ്രീരാമൻെറ ചരണസ്പർശംകൊണ്ടു വീണ്ടും സ്ത്രീത്വമായിത്തീർന്നു". ശ്രീരാമൻെറ പട്ടാഭിഷേകസംഭാരവർണ്ണനഘട്ടത്തിലെ ഒരു ശ്ലോകത്തിൽനിന്നു കവിയുടെ ദേശാഭിമാനം പ്രകടീഭവിക്കുന്നു.

"പരിഹിതനവപത്രൈസ്സൂർമൈഃപിഭാസാച്ഛിദ്രൈസ്സൂർ-
വൃതവിവിധതനൂത്രൈഃ കാർത്തികീചന്ദ്രവക്ത്രൈഃ
ധൃതകനകവിഭൂഷൈർന്നാഗരൈർമ്മഞ്ജുവേഷൈ-
രജനി രജനിസീമാ കേരളശ്രാവണീവ."

അഭിഷേകദിനത്തിനുമുൻപുള്ള രാത്രി കേരളത്തിലെ ചിങ്ങമാസത്തിരുവോണംപോലെ ശോഭിച്ചുപോലും.

ഇനി ശാസ്ത്രികളുടെ ഫലിതചാതുര്യത്തിനു് ഒരു ഉദാഹരണം കാണിക്കാം. പട്ടാഭിഷേകത്തിനുള്ള ഒരുക്കങ്ങളൊന്നും മന്ഥര അറിയുന്നില്ല. കാരിഷഗന്ധ്യ എന്ന അവളുടെ സഖി ഒരു സ്വർണ്ണപാത്രത്തിൽ കുറെ പൂക്കളും പഴങ്ങളും സംഭരിച്ചുകൊണ്ടു തെരുവീഥിയിൽകൂടി പോകുന്നതുകണ്ടു് അവിടെയുള്ള ആൾക്കൂട്ടത്തിൻെറ അർത്ഥമെന്തെന്നും അവൾ എങ്ങോട്ടേക്കാണു് പോകുന്നതെന്നും മന്ഥര ചോദിക്കുന്നു. 'രാമാഭിഷേകം' കാണുവാൻ പോകയാണെന്നു കാരിഷഗന്ധ്യ മറുപടി പറഞ്ഞപ്പോൾ ഏതു രാമയെ (സ്ത്രീയെ)യാണു് ദശരഥൻ പുത്രനായി ദേവീപദത്തിൽ അഭിഷേകം ചെയ്യിക്കുവാൻ പോകുന്നതു എന്നു മന്ഥര വീണ്ടും ചോദിക്കുന്നു; "ഞാൻ രാമയുടെ കാര്യമൊന്നും പ്രസ്താവിച്ചില്ല; കൌസല്യയുടെ അഭിഷേകം എന്നാണു് പ്രസ്താവിച്ചതു്." എന്നു സഖി പറഞ്ഞിട്ടും തൃപ്ത

Digitized By Kerala Sahitya Akademi

യാകാതെ കൌസല്യയപദത്തിലെ 'സ'കാരത്തെ 'ശ'കാരമായി മാററി "കാ വാ സാ കൌശല്യാ യദീയതനയം രാജ്യേഭിഷേക്ഷ്യത്യസൌ?" (ആരുടെ പുത്രനെയാണ് ദശരഥൻ രാജ്യാഭിഷേകം ചെയ്യിക്കുവാൻ പോകുന്നതു്? അങ്ങനെയൊരു കൌശല്യയുണ്ടോ? എന്നാൽ അവളുടെ പേർ കേൾക്കട്ടെ) എന്നു കൈകേയീദാസി പിന്നേയും സംഗതിയിട്ടു വളയ്ക്കുന്നു. "യോ വീരോ ജനകാത്മജാമുദവഹത്തസ്യാഭിഷേകോദ്യ നു" (ഏതൊരു വീരൻ ജനകാത്മജയെ പാണിഗ്രഹണം ചെയ്തുവോ അദ്ദേഹത്തിന്റെ രാജ്യാഭിഷേകമാണ് നടക്കുവാൻ പോകുന്നതു്) എന്നു സഖി പിന്നെയും മറുപടി പറയുന്നു. മന്ഥര അതുകേട്ടു പിന്മാറുമോ? "കോ വീരോ ഭഗിനീം നിജാമുദവഹദ്യസ്യാ ന പശ്യന്തരം?" (ജനകാത്മജയെന്നല്ലേ തോഴി, നീ പറഞ്ഞതു്? അതായതു് ഉൾപ്പിറന്നവൾ ഉടപ്പിറന്നവളെ വിവാഹം ചെയ്ത വീരനാരപ്പാ! അവൾക്കു ലോകത്തിൽ വേറെ ഭർത്താവു കിട്ടാതെയായിരുന്നായോ?) എന്നു് ഒന്നുകൂടി പുച്ഛരസത്തിൽ പുലമ്പുന്നു. "മാഹേയീമനസ്യ സമ്പ്രതി ഭവേദസ്യാഭിഷേകോത്സവഃ" (മാഹേയി അതായതു് മഹീപുത്രിയായ സീതയുടെ മന്നന്റെ അഭിഷേകോത്സവമാണ് ആസന്നമായിരിക്കുന്നതു്) എന്നു സഖി വീണ്ടും പറഞ്ഞപ്പോൾ മാഹേയീപദത്തിനു പശുവെന്നു് അർത്ഥം കല്പിച്ചു് "കോവാ വൃഷസ്തദൃശഃ?" ആ കാള ഏതെന്നു് ആ ഭൃഷ്ട ഒന്നുകൂടി ചോദിക്കുന്നു. "മുഗ്ദ്ധേ, നായമവസരസ്ത്വയാ പ്രലപിതും യാമ്യാളയോടഗ്രേ ഗതാഃ" (മൂഢേ! നിന്നോടു പ്രലപിക്കുവാൻ സമയമില്ല; ഞാൻ നടക്കട്ടെ; തോഴികൾ മുൻപിൽ കടന്നുപോയിക്കഴിഞ്ഞു) എന്നു കാവീഷഗന്ധ്യ അതിനു പറയുന്ന മറുപടി ആരെയും രസിപ്പിക്കുകതന്നെ ചെയ്യും.

2. <u>കീർത്തിവിലാസചമ്പു.</u> ഈ ചമ്പുവിന്റെ ഒരു ഉല്ലാസമേ ഇപ്പോൾ കാണ്മാനുള്ളു. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ വാഴ്ചക്കാലത്തിൽ യുവരാജാവായിരുന്ന ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ അപദാനങ്ങളെ വർണ്ണിക്കുന്ന ഒരു കാവ്യമാണ് ഇതു്. പ്രസ്തുതഗ്രന്ഥത്തിൽ കവി വസ്തുനിർദ്ദേശം ചെയ്യുന്നതു താഴെക്കാണുന്ന വിധത്തിലാകുന്നു:—

Digitized By Kerala Sahitya Akademi

"ധർമ്മോ ദൃഷ്ടഃ ശ്രുതോ വാ സകൃദപി മനസാ
സംസ്മൃതഃ കീർത്തിതോ വാ
നാകം ലോകം നൃലോകം നയതി ന ഹി മൃഷാ;
തത്ര വേദാഃ പ്രമാണം;
തസ്മാച്ഛ്രീരാമവർമ്മാഹ്വയയുവനൃപതേർ-
ധർമ്മവിശ്രാമഭൂമേഃ
കീർത്തിം വിശ്വൈകഹൃദ്യാം വിബുധജനമുദേ
വർണ്ണയേ വർണ്ണനീയാം."

"ഒരിക്കലെങ്കിലും കാണുകയോ കേൾക്കുകയോ മനസ്സുകൊണ്ടു സ്മരിക്കുകയോ കീർത്തനം ചെയ്യുകയോ ചെയ്താൽ ധർമ്മം മനുഷ്യരെ സ്വർഗ്ഗലോകത്തിൽ പ്രാപിക്കുമെന്നുള്ളതു് അസത്യമല്ല; അതിനു വേദങ്ങൾ തന്നെയാണു് പ്രമാണം. അതുകൊണ്ടു ധർമ്മത്തിനു വിശ്രമഭൂമിയായ രാമവർമ്മയുവരാജാവിന്റെ അത്യന്തം ഹൃദ്യവും വർണ്ണനാർഹവുമായ കീർത്തിയെ ഞാൻ വർണ്ണിക്കുന്നു" എന്നു ശ്രീ പദ്മനാഭദീപസം പ്രീതിപരമേശ്വരനെ യുവരാജാവു ഭക്തിപൂർവ്വം ഉപാസിക്കുന്നു; പിറന്നാൾ കാലത്തു വേദാന്തശ്രവണത്താൽ കുതുകിയായി ആസ്ഥാനപണ്ഡിതന്മാരെ സദസ്സിലേക്കു് ആനയിക്കുന്നു. വിദ്വന്മൂർദ്ധന്യനായ രാമസ്വാമിശാസ്ത്രികളെ കവി താഴെ കാണുന്ന പദ്യത്തിൽ വർണ്ണിക്കുന്നു:—

"ഘോടീധാടീപടീയഃ പ്രവചനഗഹനൈ-
സ്തർക്കൈശസ്തക്ഷ്ണതൈക്ഷ്ണ്യൈർ-
ഗർവ്വം ഖർവ്വം പ്രകുർവ്വൻ സദസി ബഹുവിധം
വാദിനാം വാദകല്പ്യം
കീർത്തിസ്തോമോരാശിവീചീചയഹിമലവശഃ
പ്രാശിതാശാവകാശോ
രാമസ്വാമീതി വിഖ്യാതഭജന നൃപസഭാം
മണ്ഡിതാം പണ്ഡിതാനാം."

തർക്കികശിഖാമണിയായ ആ മഹാശയനെ പണ്ഡിതൻ എന്നാണു് വിദ്വാന്മാർ ബഹുമാനപുരസ്സരം വിളിച്ചുവന്നിരുന്നതു്. അദ്ദേഹം തിരുവനന്തപുരത്തു സദർക്കോടതിയിലെ പണ്ഡിതസ്ഥാനവും അല

Digitized By Kerala Sahitya Akademi

കരിച്ചിരുന്നു. ഒരിക്കൽ ശേഷചൂഡാമണി (?) വ്യാഖ്യാതാവായ മഹാവിദ്വാൻ പട്ടത്തോൾ നമ്പൂതിരിപ്പാട്ട് ആയില്യംതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ സദസ്സിൽ സന്നിഹിതനാകുകയും, പണ്ഡിതന്മാർക്കും വന്ദ്യനായ അനന്തരാമശാസ്ത്രികൾ തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുപോയി "വ്യാകരണത്തിൽ നല്ല വിദ്വാനാണ്" എന്നറിയിക്കുക നിമിത്തം സമ്മാനപാത്രമായിത്തീരുകയും ചെയ്ത അവസരത്തിൽ, പുളകക്കുപ്പായമണിഞ്ഞ (?) നമ്പൂതിരിപ്പാട്ട് ഭക്തിപൂർവ്വം ശാസ്ത്രികളോട്ട് "തിരുമനസ്സിലെ സമ്മാനദാനമല്ല എന്നെ രോമാഞ്ചകഞ്ചുകിതനാക്കുന്നത്; സർവ്വവിദ്യാപാരംഗതനായ അങ്ങയുടെ നിർമ്മത്സരമായ പ്രശംസയാണ്" എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. നമ്മുടെ കഥാനായകൻ സ്വാതന്ത്ര്യം സഭാപ്രവേശം താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വർണ്ണിക്കുന്നു:—

"പാടീരദ്രവസിക്തചമ്പകലതാവാടീലസന്മാധവീ-
കോടീനിഷ്കുടതീർണ്ണമാധവഹരീശൌരീസ്തുഹർമ്മ്യാധ്വരീം
ഘോടീനാഗനികേതനീം സ്വാപശയൻ ധാടീം ജവാൽ സാഹിതീം
കോടീരാനതഗോമതീധരനൃഭാഗാദികതാം സ്മ കവിഃ"

സദസ്സിൽ വൈയാകരണൻ, താർക്കികൻ, മീമാംസകൻ, അദ്വൈതി മുതലായവർ അവരവരുടെ ശാസ്ത്രസിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്നു; ഒടുവിൽ സന്ധ്യാവർണ്ണനത്തോടുകൂടി സദസ്സ് പിരിയുകയും ചെയ്യുന്നു.

3. ഗാന്ധാരചരിതം. ഗാന്ധാരചരിതം, പാർവ്വതീപരിണയം, അംബരീഷചരിതം ഈ മൂന്നു ലഘുകൃതികളും ഒരേ ജാതിയിൽപ്പെട്ടവയാണ്. സാഹിത്യത്തിലെന്നപോലെ സംഗീതത്തിലും പാരംഗതനായിരുന്ന ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു മഹാരാഷ്ട്രസമ്പ്രദായത്തിലുള്ള ഹരികഥാകാലക്ഷേപത്തിൽ, അദ്ദേഹത്തിന്റെ മാതുലനും ഗർഭശ്രീമാനുമായിരുന്ന സ്വാതിതിരുനാൾ രാമവർമ്മമഹാരാജാവിനെന്നപോലെ അഭിരുചിയുണ്ടായിരുന്നു. 'മെരു സ്വാമികൾ' മുതലായ ഹരികഥാപ്രസംഗകോവിദന്മാരുടെ സ്മരണ ഇന്നും സഹൃദയന്മാരെ പരമാനന്ദമേദുരന്മാരാക്കുവാൻ പര്യാപ്തമാണ്. അത്തരത്തിലുള്ള ഭാഗവതന്മാരുടെ ഉപയോഗത്തിനു വേണ്ടിയത്രേ

Digitized By Kerala Sahitya Akademi

കവി, മഹാരാജാജ്ഞയെ അനുവൎത്തിച്ചു്, ഈ മൂന്നു കൃതികളും രചിച്ചതു്. മഹാരാഷ്ട്രശൈലി അനുസരിച്ചു ശ്ലോകങ്ങൾ പ്രായേണ ആൎയ്യാ, പഞ്ചചാമര മുതലായ ഗാനോചിതങ്ങളായ വൃത്തങ്ങളിൽ നിബന്ധിച്ചിരിക്കുന്നു.

ഉത്തമബ്രാഹ്മണകുലത്തിൽ ജനിച്ച ഗാന്ധാരൻ എന്ന ഒരു ബ്രഹ്മചാരി ഒരിക്കൽ ഗോകൎണ്ണത്തിലേക്കു പോകുകയും ആ പുണ്യസ്ഥലത്തു് ഒരു ശിവരാത്രിദിവസം ശ്രീപരമേശ്വരനെ പൂജിക്കുകയും ചെയ്യുന്നു. അവിടെ ഒരു ദാശകന്യകയെ കണ്ടുമുട്ടി അവളിൽ അനുരക്തനായിത്തീൎന്നു്,

“അദ്യ പ്രഭൃതി തവാഹം, യാവജ്ജീവം കരോമി കൈങ്കൎയ്യം;
സ്പൃഷ്ടോപവീതസൂക്തഃ; നാന്യാം ഗച്ഛാമി; നാന്യേതി വിപ്രഃ.”

“ഇന്നുമുതൽ മരിക്കുന്നതുവരെ ഞാൻ ഭവതിയുടെ ദാസനായി ജീവിച്ചുകൊള്ളാം. എന്റെ പൂണുനൂൽ തൊട്ടുകൊണ്ടു ഞാൻ പറയുന്നു, മറ്റൊരു സ്ത്രീയെ ഒരിക്കലും പ്രാപിക്കയില്ലെന്നു്; ബ്രാഹ്മണൻ അസത്യവാദിയാകുകയില്ലല്ലോ” എന്നു് അവളോടു ശപഥം ചെയ്യുന്നു. ആ ദാശകന്യകയാകട്ടെ

“പ്രത്യഹമപൂൎവ്വമാംസം, യോ മേ ദദ്യാൽ സ്വയം സമാഹൃത്യ;
സ്വപ്നേപ്യനന്യഗാമീ, തസ്യ വശാ സ്യാം; മമൈഷ സങ്കല്പഃ.”

“ഓരോ ദിവസവും താൻതന്നെ സമ്പാദിച്ചു് അപൂൎവ്വമായ മാംസം എനിക്കു കൊണ്ടുവന്നു തരുന്നുവോ, ആർ സ്വപ്നത്തിൽപോലും മറ്റൊരു സ്ത്രീയെ പ്രാപിക്കയില്ലയോ, ആ പുരുഷന്റെ ധൎമ്മപത്നിയായി ഞാൻ ജീവിക്കും; ഇതാണു് എന്റെ സങ്കല്പം” എന്നു മറുപടി പറയുന്നു. ആ ഉടമ്പടിക്കുൾപ്പെട്ടു ഗാന്ധാരൻ അക്കാലത്തെ സമ്പ്രദായമനുസരിച്ചു താൻ അന്നുവരെ സമ്പാദിച്ച പുണ്യമെല്ലാം അങ്ങാടിയിൽ കൊണ്ടുചെന്നു വിറ്റു കുറെ ധനം സമ്പാദിച്ചു് അതുകൊണ്ടു ദാശവൃത്തി പുലൎത്തി “അഹതഭൂചരഖേചരജലചരമാംസ” നായി (“വൎഷേ വൎഷേ തനയം ജനയന്നേകം നിനായ ബഹുകാലം”) കൊല്ലംതോറും ആ ദാശസ്ത്രീയിൽ ഓരോ പുത്രനെയും ജനിപ്പിച്ചു

Digitized By Kerala Sahitya Akademi

ഒരാശ്രമമൃഗം വെള്ളം കുടിക്കുവാൻ ഒരു സരസ്സിൽ ഇറങ്ങി; അതിനെ ഗാന്ധാരൻ അമ്പെയ്തുകൊന്നു; മൃഗത്തിന്റെ ഉടമസ്ഥനായ മഹർഷി, 'പാപി! നീ ജലതൃഷ്ണാർത്തനായി മരിക്കും' എന്നു് ആ രാജപാശനെ ശപിച്ചു. ഗാന്ധാരൻ സ്വഗൃഹത്തിൽ തിരിച്ചെത്തിയതും ജ്വരം പിടിപെട്ടതും ഒന്നിച്ചു കഴിഞ്ഞു. തന്റെ ഭാര്യ തനിക്കു കുടിക്കുവാൻ വെള്ളം കൊണ്ടുവരണമെന്നു് ആ പാതകി താഴെക്കാണുന്ന വിധത്തിൽ അഭ്യർത്ഥിച്ചു.

> "അയി ശശിവദനേ! സുകേശിവാമേ!
> ദ്രശിയസുധാധരി! വാരി ദേഹി ശീഘ്രം."

തദ്ഭാര്യ "ശിവ ശിവാ, ശിവ ശിവാ" എന്നു താനറിയാതെ രണ്ടു തവണ അയാൾക്കു് ഉച്ചരിക്കുവാൻ ഇടവന്നു. അപ്പോഴേയ്ക്കും ഘോരരൂപന്മാരായ യമകിങ്കരന്മാരും കരുണാശീതളസ്വാന്തന്മാരായ ശിവപാർഷദന്മാരും ഗാന്ധാരന്റെ മുമ്പിലെത്തി. പാർഷദന്മാർ യമഭടന്മാരെ തടുത്തു. അതറിഞ്ഞു ക്രോധാകുലനായി കാലൻതന്നെ പാർഷദന്മാരോടെതിർത്തു; പരാജിതനായി മൂർച്ഛിച്ചു താഴെ വീണു. പാർഷദമുഖ്യന്റെ ദയകൊണ്ടു ലബ്ധസംജ്ഞനായ ഗാന്ധാരൻ അവരാരെന്നു ചോദിച്ചപ്പോൾ അദ്ദേഹം ആ ഗമനത്തിന്റെ കാരണം ഗ്രഹിപ്പിച്ചു്, "ഭാര്യയുടെ ആകസ്മികമായ ശിവനാമോച്ചാരണം കൊണ്ടു് അങ്ങു സകല പാപങ്ങളിൽനിന്നും വിമുക്തനായിത്തീർന്നിരിക്കുന്നു. ഏതു വരം വേണമെങ്കിലും വരിക്കുക." എന്നു പറഞ്ഞു. ഗാന്ധാരൻ ആദ്യമായി കാലനെ ഉത്ഥാപനം ചെയ്യണമെന്നപേക്ഷിക്കുകയാൽ പ്രമഥപ്രധാനൻ അങ്ങനെ ചെയ്യുകയും, അപ്പോൾ ഭഗ്നാശയനായ പരേതരാജാവു "ശ്രീപരമേശ്വരൻ പാപികളെ ശിക്ഷിക്കുവാൻ എനിക്കു് അധികാരം തന്നു; ആ അധികാരം നടത്തുവാൻ തുടങ്ങുമ്പോൾ ഞാൻ സ്വാമിദ്രോഹിയായി. പാപികൾ സ്വാമിഭക്തന്മാരുമായി. ഇതെന്തു കഷ്ടം!" എന്നു പിറുപിറുത്തുകൊണ്ടു്,

> "ഇത്യേവമുക്ത്വാ ശിവകിങ്കരാഗ്രേ നിധായ ദണ്ഡം
> പ്രണമൻ കൃതാന്തഃ
> ഗൃഹാണ മുദ്രാമിതി ഗദ്ഗദോക്തിഃ സംജ്ഞാപയാമാസ സ-
> ചിത്രഗുപ്തം."

Digitized By Kerala Sahitya Akademi

ന്റെ ദണ്ഡം ആ ശിവകിങ്കരന്റെ മുമ്പിൽവച്ചു് 'ഇതാ മുദ്ര എടുത്തുകൊള്ളു' എന്നു പറഞ്ഞു ചിത്രഗുപ്തനോടു് ആംഗ്യം കാണിച്ചു. ചിത്രഗുപ്തൻ ഏട്ടുകൾ പരിശോധിച്ചു ഗാന്ധാരന്റെ പുണ്യംമുഴുവൻ ലോകങ്ങളുള്ളതുവെച്ചു വിററുപോയെന്നും പിന്നീടു പുണ്യമൊന്നും ചെയ്തിട്ടില്ലെന്നും സിദ്ധാന്തിച്ചു. കിങ്കരവശ്യനാകട്ടെ, അയാൾ ലോകങ്ങളിൽ ശിവരാത്രിനാൾ ചെയ്ത ശിവപൂജ അക്ഷയ്യമാണെന്നും അതു ക്രയ്യമല്ലെന്നും യമനേയും ചിത്രഗുപ്തനേയും മനസ്സിലാക്കി. കിം ബഹുനാ! ഗാന്ധാരൻ വീണ്ടും വളരെക്കാലം ഭൂമിയിൽ സാത്വികവൃത്തിയിൽ ജീവിച്ചു് ഒടുവിൽ ശിവലോകത്തെ പ്രാപിച്ചു.

"അവശതയാ ഭക്ത്യാ വാ ജല്പതി പുമാൻ യഃ ശിവേതി കീർത്തയതി,
സംസൃതിബന്ധവിമുക്തോ ഭജതേ ഹി സദാശിവസ്യ സായൂജ്യം."

അവശതകൊണ്ടാകട്ടെ ഭക്തികൊണ്ടാകട്ടെ ഒരു പുരുഷൻ ശിവനാമോച്ചാരണം ചെയ്താൽ അവൻ സംസാരബന്ധത്തിൽനിന്നു വിമുക്തനായി സദാശിവസായൂജ്യം പ്രാപിക്കുമെന്ന ഫലശ്രുതിയോടുകൂടി കാവ്യം അവസാനിക്കുന്നു.

4. പാർവതീസ്വയംവരം:—ഈ കാവ്യത്തിലെ ഇതിവൃത്തം പ്രഖ്യാതം തന്നെ. യമകപ്രധാനമാണു് കൃതി എന്നൊരു വിശേഷം കാണുന്നു.

"അഗുണമവർണമഗോത്രം ഗുണിനി, സുവർ-
ണേ, സുഗോത്രവരജാതേ,
ഗിരിശം ലിപ്സസി കിമയേ, ഗുണിനി സുവർ-
ണേ സുഗോത്രവരജാതേ."

ഈ പദ്യം വൃദ്ധവേഷധരനായ ശിവനും തപസ്സു ചെയ്യുന്ന പാർവതിയും തമ്മിൽ നടക്കുന്ന സംഭാഷണത്തിന്റെ മദ്ധ്യത്തിൽ ഉള്ളതാണു്. ഈ കഥയുടെ തുടർച്ചയായു് കവി കുമാരസംഭവംവരെയുള്ള കഥകൂടി വിവിധവൃത്തവിചിത്രങ്ങളായ ശ്ലോകങ്ങളെക്കൊണ്ടു പ്രതിപാദിക്കുകയും അവയെ വൃത്തരത്നാവലിയിൽ ഒരു പ്രകരണത്തിൽ ഉദാഹരണശ്ലോകങ്ങളായി ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

5. <u>അംബരീഷചരിതം</u>:—ഈ കഥ വളരെ ചുരുക്കി ഇരുപത്തിരണ്ടു ശ്ലോകങ്ങളിൽ ഗ്രഥിച്ചു ശാസ്ത്രികൾ വൈഷ്ണവഭക്തിമാഹാത്മ്യത്തെ സ്ഥാപിക്കുന്നു. അംബരീഷന്റെ ഓരോ അവയവവും ശ്രീനാരായണനെ ഭജിച്ചുകൊണ്ടിരുന്നു എന്നു താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ കവി വർണ്ണിക്കുന്നു:—

"മനോ ഭഗവതഃ സ്മൃതൌ ശ്രവണമസ്യ കീർത്തിശ്രുതൌ;
ശിരോപി പദവന്ദനേ ദൃഗപി ദർശനേ ഗീഃ സ്തുതൌ;
പദം പദാഭിഗമനേ; തനുരപി വൈഷ്ണവാലിംഗനേ;
കരസ്തുളസികാർച്ചനേ/രമത നാസികാ തദ്ഘ്രാണേ."

അംബരീഷന്റെ മനസ്സു ഹരിയുടെ സ്മരണത്തിലും ചെവി അപദാനശ്രവണത്തിലും ശിരസ്സു പാദാനതിയിലും കണ്ണു ദർശനത്തിലും വാക്കു സ്തുതിയിലും കാൽ പ്രദക്ഷിണത്തിലും ദേഹം വൈഷ്ണവന്മാരുടെ ആലിംഗനത്തിലും കൈ തുളസീസമർച്ചനത്തിലും മൂക്കു തുളസീമാല കെട്ടിയ [illegible]ലിലും രമിച്ചു. ഭഗവച്ചക്രത്താൽ ആക്രാന്തനായ ദുർവ്വാസസ്സിന്റെ പലായനം വർണ്ണിക്കുന്ന ശ്ലോകമാണു് ചുവടെ ഉദ്ധരിക്കുന്നതു്:—

"പുരാദ്വനം വനാദ്ഗിരിം ഗിരേർന്നഭസ്തതോ ദിവം
ദിവോ വിധിം വിധേർഹരം സഹസ്രധാരധാവിതഃ
ഹരാദ്ഗതോ ഹരിം മുനിസ്തമാഹ സാധു മാധവോ
ഗതാസ്മി യസ്യ ദാസതാം തമംബരീഷമാശ്രയ."

രാജധാനിയിൽ നിന്നു വനം; വനത്തിൽ നിന്നു പർവ്വതം; പർവ്വതത്തിൽ നിന്നു് ആകാശം; ആകാശത്തിൽ നിന്നു സ്വർഗ്ഗം; സ്വർഗ്ഗത്തിൽ നിന്നു ബ്രഹ്മാവു്; ബ്രഹ്മാവിൽനിന്നു ശിവൻ; ശിവനിൽ നിന്നു മഹാവിഷ്ണു; ഇങ്ങനെ ഓടിയ ദുർവ്വാസസ്സിനോടു മഹാവിഷ്ണു 'ഞാൻ ആരുടെ ദാസനായിത്തീർന്നിരിക്കുന്നുവോ ആ അംബരീഷനെ ആശ്രയിക്കുക' എന്നരുളിച്ചെയ്തു.

6. <u>തുലാഭാരപ്രബന്ധം</u>:—ഇതു മനോഹരങ്ങളായ നൂറിലധികം മുക്തകങ്ങളെക്കൊണ്ടു വിശാഖം തിരുനാൾ മഹാരാജാവുതിരു



Digitized By Kerala Sahitya Akademi

മനസ്സിലെ ഇലാദാരമഹോത്സവത്തെ വാഴ്ത്തുന്ന ഒരു പ്രശസ്തകൃതിയാകുന്നു. ആദ്യത്തെ മുക്തകം താഴെ ചേർക്കുന്നതാണ്:—

"തേജസ്വീ മേദിനീട്ടാൾ ബുധപരിവൃഢസ്സർവ്വദാതാ കരോസ്മീ-
ത്യുത്സേകാദേവ ബിഭ്രൽ കലിതിലകവിശാഖോ ന ലോകം ഇലായാം
അത്യുഗ്രഃ സ്വർണ്ണതാല്പ്രകരമയപുനീഖാനേകർമ്മഭൂമാവസീദൻ;
സാമ്യം മാഞ്ഞരൻ മഹത്ഭിഃ പ്രകടയതി ഫലൂന്നീചതാരമപ്യേതാം."

തേജസ്വിയായും കല്പാദ്ഭുതങ്ങളും ദേവന്മാരെക്കൊണ്ടു ചിറഞ്ഞതായും (വിദ്വച്ഛ്രേഷ്ഠന്മാരെന്നു രാജപക്ഷത്തിൽ) സർവരത്നാകരമായുമാണ് തന്റെ സ്ഥിതി എന്നുള്ള ഗർവ്വാട്ടുകൂടി സ്വർണ്ണമയശരീരമായ മഹാമേരുപർവ്വതം പഞ്ചിദ്രോപാദലാന്തമായ വിശാഖമഹാരാജാവുമായി ത്രാസിൽ കയറിയപ്പോൾ ലഘിമസ്സംഗമിന്നു. ഇച്ഛ്യേച്ച മഹാന്മാരോടു സാദൃശ്യമിച്ഛിച്ചാൽ തന്റെ ജീവത്തെത്ത പ്രകടിപ്പിക്കുക തന്നെ ചെയ്യും. ഇലാദാരമഹോത്സവത്തിൽ ഇന്നു എത്രമാത്രം പാറിയ ഒരു വർണ്ണനമാണെന്നു ഭാവുകന്മാർ കണ്ടറിയേണ്ടതാണ്.

'അഹോ വിശാഖോപി സുരദ്രുമോയമഹീത്ത നന്ദാവകല്പഞ്ചശാഖഃ' ഈ പുണ്യപുരുഷൻ വിശാഖൻ (ശാഖയില്ലാത്തവൻ എന്നും) അതാണെങ്കിലും അർത്ഥിക്കും ദാനംചെയ്യുന്ന അഞ്ചു ശാഖകളോടുകൂടിയ (പഞ്ചശാഖമെന്നാൽ രാജപക്ഷത്തിൽ പാണിയെന്നർത്ഥം) കല്പവൃക്ഷമാണ് എന്നു മറ്റൊരു ശ്ലോകാർദ്ധം.

"ശ്രീമദ്വിശാഖക്ഷിതിപാലമൗലേ
തൽകീർത്തിമുക്താഫലജാലമാസ്തഃ
ഹാരം വിധാതും ഭവതോ ഗുണനാ-
മന്തം വിചിന്വന്തി; ന തം ലഭന്തേ."

എന്ന ശ്ലോകത്തിന്റെ അനുകരണഫലമാണ് ചാത്തുക്കുട്ടി മന്നാടിയാരുടെ "ഇച്ഛില്ലവർക്കും തഥാ" എന്നവസാനിക്കുന്ന സുപ്രസിദ്ധമായ ഭാഷാപദ്യം. ഇനി ചില ശ്ലോകങ്ങൾ കേട്ടാൽ ഭാഷയാണെന്നു തോന്നുമെങ്കിലും അവയ്ക്കു ഭാഷയുമായ് യാതൊരു സംബന്ധവുമില്ലാത്തതാണ് ആശ്ചര്യം.

Digitized By Kerala Sahitya Akademi

"അവൻ ധരാനവനിത്യം ഇവനാരീമനോഹരൻ;
മലയാളംകൃതമഹീപോടതി മാരരിവൽ സുഖം."

എന്ന ശ്ലോകത്തെ കവിയുടെ ഈ രീതിക്കു് ഉദാഹരണമായി സ്വീകരിക്കാം. 'അവൻ' (അഃ=വിഷ്ണു) വിഷ്ണുവിനെപ്പോലെയുള്ളവൻ (ധരാനരെ=മനുഷ്യന്മാരെ) നിത്യം 'അവൻ' (അവനം ചെയ്യുന്നവൻ) രക്ഷിക്കുന്നവനായു്, 'ഇ നാ' (ഇ=കാമഃ) കാമനെന്നപോലെ (നാരീമനഃ) സ്ത്രീകളുടെ മനസ്സിനെ (ഹരൻ) ഹരിക്കുന്നവനായു്. (മലയാളംകൃതമഹീപഃ) ഈ മലയപർവതത്താൽ അലംകൃതമായ (വളരെയൊരുമ്പോൾ) ഭൂമിയുടെ പതി (മാരരിവൽ) ശിവനെപ്പോലെ (സുഖം അത്തി) സുഖമായി ഭുജിക്കുന്നു. 'ദംഹാറാ' എന്ന പാഠം ദ്രാവിഡർ പൊന്തിനാക്കി ഉച്ചരിക്കാറുണ്ടു്.

"അഭ്യസേർദ്രവാൻ ശ്രീയഃ രാജാ പേഷ്കിഷ്കാരപരാടസതാം;
ശിരസ്ഥദാരിതശ്രീകഃ ദിഃ സർവാധികാരവാൻ"

എന്ന ശ്ലോകത്തിൽ ദിവാൻ, പേഷ്കാർ, ശിരസ്തദാർ, സർവാധികാര്യക്കാർ ഈ ഉദ്യോഗസ്ഥന്മാരുടെ സ്ഥാനം കവി അക്ലിഷ്ടമായി ഉൽപാദിപ്പിക്കുന്നു.

7. അന്യാപദേശദ്വാസപ്തതി. ഇതു ഭല്ലടമഹാകവി, ജഗന്നാഥപണ്ഡിതർ മുതലായ പൂർവസൂരികളുടെ രീതിയിൽ ശാസ്ത്രികൾ നിർമ്മിച്ചിട്ടുള്ള എഴുപത്തിരണ്ടു ശ്ലോകങ്ങളടങ്ങിയ ഒരു കാവ്യമാകുന്നു. ഒരിക്കൽ ദന്തം കൊണ്ടുണ്ടാക്കിയ ഒരു ത്രാസു് ആയില്യം തിരുനാൾമഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ ഒരു ശില്പി വച്ചു അടിയറ വയ്ക്കുകയും ആ ത്രാസിനെപ്പറ്റി പെട്ടെന്നു ഒരു ശ്ലോകമുണ്ടാക്കിച്ചൊല്ലുവാൻ സമീപത്തിൽ നിന്നിരുന്ന ശാസ്ത്രികളോടു മഹാരാജാവു് ആജ്ഞാപിക്കുകയും ചെയ്തു. ശാസ്ത്രികളുടെ ശ്ലോകം മഹാരാജാവിനേയും ത്രാസിനേയും ഒന്നുപോലെ സ്പർശിക്കുന്ന ഒരു അന്യാപദേശമായിട്ടാണു് പുറപ്പെട്ടതു്.

ഉച്ചൈഃ പ്രാപയസേ പദം ലഘുതരാനർത്ഥാ, നധസ്താൽ ഗുരൂൻ;
ജിഹ്വാം ലോലതമാം ബിഭർഷി; കുടിലാ വിസ്രംസിനസ്തേ-
(ഗുണാഃ;

Digitized By Kerala Sahitya Akademi

ആരോപ്യാവം ധട, നൂതനൈകലനാചാതുര്യധോരണീ
ത്വയ്യാധീയത യേന, സർവ്വവിദസൗ ധാതൈവ; കിം ബ്രൂമഹേ?"

ഇതാണു് ആ ശ്ലോകം. "അല്ലയോ ത്രാസേ, നീ തുച്ഛപദാർത്ഥങ്ങളെ ഉയർത്തുന്നു; ഗൗരവമുള്ളവയെ താഴ്ത്തുന്നു; അത്യന്തം ചപലമായ നാക്കിനെ വഹിക്കുന്നു; നിന്റെ പാട്ടുകൾ (രജ്ജുപക്ഷത്തിൽ ഗുണങ്ങൾ) കുടിലങ്ങളും ഇറുക്കമില്ലാത്തവയുമാണു്. ഇങ്ങനെയുള്ളവനാണെങ്കിലും താരതമ്യം നിർണ്ണയിക്കുന്നതിനുള്ള പരമാധികാരം സർവ്വജ്ഞനായ ബ്രഹ്മാവു തന്നെയാണല്ലോ നിന്നിൽ നിക്ഷേപിച്ചിരിക്കുന്നതു്. ഞങ്ങളെന്തു പറയട്ടെ?" മഹാരാജാവിനു് ആ ശ്ലോകം കേട്ടപ്പോൾ അകൃത്രിമവും സൂക്ഷ്മദർശിയുമായ തന്റെ ആസ്ഥാനപണ്ഡിതന്റെ വശ്യവചസ്സിൽ അപരിമിതമായ ആനന്ദമാണു് ഉണ്ടായതു്. അന്യാപദേശശതകത്തിൽ ശാസ്ത്രികൾ ഒരു കാവ്യം തന്നെ നിർമ്മിക്കണമെന്നും അതിൽ ചില പ്രധാനോദ്യോഗസ്ഥന്മാരുടെ സ്വഭാവങ്ങളെക്കൂടി വ്യംഗ്യമായി ഘടിപ്പിക്കണമെന്നും അവിടുന്നു് അരുളിച്ചെയ്തു. ആ കല്പനയാണു് പ്രസ്തുതകാവ്യരചനയ്ക്കു കാരണമായി ഭവിച്ചതു്. ഈ ഗ്രന്ഥത്തിലടങ്ങിയിട്ടുള്ള ഓരോ ശ്ലോകവും രസികരസായനമാകുന്നു. ഏതാനും ശ്ലോകങ്ങൾ കൂടി ഉദ്ധരിക്കാം.

മൂർഖനും പരോപകാരചിന്തയില്ലാത്തവനുമായ ഒരുവനെ മററുള്ളവർക്കു് ആരാധിക്കേണ്ടിവരുന്ന നിയതിവികൃതിയെപ്പററി വിലപിച്ചു് അശ്വത്ഥാന്യോക്തിരൂപത്തിൽ കവി പറയുന്നു:—

"മൂലേ യത്ര ശനൈശ്ചരസ്തദുപരി ജ്യേഷ്ഠാ പിശാചാവലീ
ശാഖാസൂഗ്രപിപീലികാഃ പ്രതിദളം സബ്രഹ്മരക്ഷാശ്ശിഖാഃ
നാദേയം കുസുമം ഫലം ന സരസം ഛായാപി നാനന്ദദാ
സോഽപ്യശ്വത്ഥതരുർജ്ജഡേന വിധിനാ സേവ്യഃ കൃതോ മാനവൈഃ."

"മൂട്ടിൽ ശനി; അതിനു മുകളിൽ ഏട്ട; കൊമ്പുകളിൽ പിശാചുകൾ; ഇലതോറും കട്ടുറുമ്പുകൾ; മുകളിൽ ബ്രഹ്മരക്ഷസ്സ്; പൂ പറിക്കാനില്ല; പഴം മധുരമല്ല; ഛായപോലും നീരമ്യമല്ല; അങ്ങനെയുള്ള അശ്വത്ഥവൃക്ഷത്തെക്കൂടി ബുദ്ധിഹീനനായ വിധി മനുഷ്യർക്കു്

Digitized By Kerala Sahitya Akademi

ആരാധനീയമാക്കിയിരിക്കുന്നു." ഇതിൽ ദൃഷ്ടാന്തമായി ഏതോ ഒരു രാജസേവകന്റെ വൃത്താന്തംകൂടി അന്തർഭവിച്ചിട്ടുണ്ട്.

വാസ്തവത്തിൽ യോഗ്യതയില്ലാത്തവർ യോഗ്യന്മാരുടെ വേഷം കെട്ടി നടന്നാലും അതുകൊണ്ടു കാര്യത്തിനു കൊള്ളുകയില്ലെന്നു കവി കാകാന്യോക്തിയാൽ വിശദമാക്കുന്നു:—

"കാകഃ പക്ഷൌ വല്ലർക്ഷൌ കലയതി ഘനസാ-
രാതിസാന്ദ്രാങ്ഗലേപൈഃ
പത്മിന്യാം വാ മരാളൈസ്സഹ വസതു രവം
ഭീഷണം വാ ജഹാതു;
ആധത്താം വാ സചഞ്ചൂപുടചരണയുഗേ
രക്തതാം ധാതുരാഗൈഃ
ക്ഷീരം നീരാദ്വിവേക്തും പ്രഭവതി കിമതോ
ഹംസവദ്വേഷമാത്രാൽ?"

"കാക്ക കർപ്പൂരം നല്ലപോലെ തേച്ചു ചിറകുകൾ വെളുപ്പിക്കട്ടെ; താമരപ്പൊയ്കയിൽ അരയന്നങ്ങളോടുകൂടി താമസിക്കട്ടെ; പരുഷമായ ശബ്ദം ത്യജിക്കട്ടെ; ധാതുരാഗം പുരട്ടി കൊക്കും കാലും ചുവപ്പിക്കട്ടെ; അത്തരത്തിലുള്ള വേഷപ്പകർച്ചകൊണ്ടു മാത്രം അരയന്നത്തിന്റെ നീരക്ഷീരവിവേചനശക്തി അതിനു ലഭിക്കുന്നതല്ലല്ലോ."

ഒരു പ്രഭുവിന്റെ സന്നിധിയിൽ ചെന്നു ധനവിഷയത്തിനായി സാധുക്കൾ യാചിച്ചാൽ യാതൊന്നും കിട്ടാതിരിക്കുന്നതിനെയും ദുഷ്ടന്മാർ അവിടെ നിന്ന് അപഹരിക്കുന്ന ധനം നിന്ദ്യമായ വിധത്തിൽ ഉപയോഗിക്കുന്നതിനെയും പറ്റി കവി മയൂരാന്യോക്തിയിൽ വിഷാദിക്കുന്നു:—

"സ്ഥന്ദാധാരണീവംശമൌക്തികമണേ, നേത്രാഭിരാമാകൃതേ,
ത്വാം ഭ്രാതഃ സ്തുമഹേ ശിഖാവല, ശിഖോത്തംസായ മേ മേചകം
ദേഹീത്യനാഹമർത്ഥിതോദിത ന യോ ലോമാപി ദേല്ലാലഘ്യതേ-
സ്തസ്യാലോകയ ചന്ദ്രകൈശ്ശുചരിതം നിർമ്മാർഷ്ടി ബാഹ്യാങ്കണം."

Digitized By Kerala Sahitya Akademi

"സുബ്രഹ്മണ്യന്റെ വാഹനശ്രേഷ്ഠവും മഹനീയാകൃതിയുമായ നിന്നെ, അല്ലയോ മയിലേ', ഞാൻ വീണ്ടും വീണ്ടും സ്തുതിച്ച് എന്റെ ചൂഡാലങ്കാരമായി അണിയുന്നതിന് ഒരു പീലി തരണമെന്ന് അഭ്യർത്ഥിക്കുന്നു; നീയോ ഒരു രോമം പോലും തരുന്നില്ല; വേടത്തിയാകട്ടെ, ആയുധംകൊണ്ട് അടത്തെടുത്ത നിന്റെ പീലികൾകൊണ്ടു ചൂലുണ്ടാക്കി അവളുടെ കുടിലിന്റെ വെളിമുറ്റം അടിച്ചുവാരുന്നു."

മഹാപരാക്രമിയായ ഒരു പ്രഭുവിന്റെ സ്ഥാനത്തിൽ ശക്തിഹീനനായ മറ്റൊരുത്തൻ ആരൂഢനായാലുള്ള ശോച്യത താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽനിന്നു വെളിവാകുന്നു.

"യാമധ്യാസ്ത പുരാ പരാക്രമപരാക്രാമീ മഹാകേസരീ
യദ്ദ്വാരേ ന്യപതൻ പ്രതീക്ഷ്യ സമയം ശാർദ്ദൂലകോലാദയഃ
യാമാരാദഗമൻ പ്രണമ്യ കരിണസ്തസ്യാം ഗുഹായാമഹോ
ഗോമായുസ്സ്വപിലാളകോ വിതനുതേ സിംഹാസനപ്രക്രിയാം."

"പണ്ടു പരാക്രമത്തോടുകൂടി ശത്രുക്കളെ ആക്രമിച്ചുകൊണ്ടിരുന്ന ഒരു വലിയ സിംഹം വാണിരുന്നതും പുലിയും പന്നിയും മറ്റും സമയം കാത്തു നടയിൽ നിന്നിരുന്നതും ആനകൾ നമസ്കരിച്ചുകൊണ്ടു സമീപിച്ചിരുന്നതുമായ ഗുഹയിൽ ഇപ്പോൾ കുറുക്കൻ പൂച്ചയോടുകൂടി സിംഹാസനസ്ഥനായി രാജ്യഭാരം ചെയ്യുന്നു! ആശ്ചര്യം."

ധനവാന്റെ മിത്രമായിരിക്കുന്ന ഒരുവന്റെ പിന്നാലെ ജനങ്ങൾ പ്രാർത്ഥികളായി പാഞ്ഞുചെല്ലുന്നതു കവി താഴെക്കാണുന്ന വിധത്തിൽ വർണ്ണിക്കുന്നു.

"അസ്തീന്ദ്രന്യവ വിഭൂഷണാനി കടകേ;
ധത്താം കപാലം കരേ;
വസ്ത്രം വാ ഗജചർമ്മ; വിദ്യതു പിതാ-
സ്മോനി, വാ ഭിക്ഷതേ;
ഭസ്മാം വാ പിതൃകാനനേ; ക്ഷിപതി ഗോ
ജാതാർത്ഥിഭിർമ്മൃഗ്യതേ
ശ്രീകണ്ഠോസ്യ സഖാ ധനേശ ഇതി സ-
ന്തോഷാ ജഗതീശ്രുതാ.'

Digitized By Kerala Sahitya Akademi

"ശ്രീകണ്ഠനായ ഭഗവാൻ പരമേശ്വരൻ അസ്ഥികൾ ആഭരണങ്ങളാക്കട്ടെ; കയ്യിൽ തലയോടെടുത്തോട്ടെ; അനാഥത്താലുഴക്കട്ടെ; ചുടലച്ചാമ്പൽ പൂശട്ടെ; ഉരഗങ്ങളൊട്ടെ; ശ്മശാനത്തിൽ താമസിക്കട്ടെ. എങ്കിലും യാചകന്മാർ അദ്ദേഹത്തെ വിടുകയില്ല. എന്തുകൊണ്ടു്? ഇദ്ദേഹത്തിനു ധനപതി ചങ്ങാതിയാണെന്നൊരു ചൊല്ലു ജഗൽപ്രസിദ്ധമായില്ലേ? അതുകൊണ്ടുതന്നെ."

"ഐശ്വര്യശ്ലാഘയതി ക്വചിൽ സുരഗണാ ഘ്നന്തി മന്ഥാദ്രിണാ
വാർദ്ധിന്യൂഃ ക്വചിദാപതന്ത്യനിമിഷാ ഗ്രാഹാ ലുഠന്തി ക്വചിൽ
മേഘാ ഭൂരി ജലം ഹരന്ത്യഭിപതന്ത്യാക്രമ്യ സാംയാത്രികാ-
മസ്മാദേം ന ജഹാത്യഥാപി ജലധേർഗ്ഗാംഭീര്യമസ്യാദ്ഭുതം."

എന്ന സമുദ്രാന്യോക്തിപരമായ ശ്ലോകം ഈ കാവ്യത്തിലുള്ളതും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ബാലകന്മാറിവക ഒരു മലയാളപാഠ്യപുസ്തകത്തിൽ ഉദ്ധരിക്കുക നിമിത്തം സുപ്രസിദ്ധവുമാകുന്നു.

"ശ്രുത്വാ യസ്യ യദൃച്ഛയാപ്യപചിതാ പത്രാളിഭിഃ കാമസൂ-
ക്ത്യാ തത്ര സമർപ്പിതാ വിരചിതാ മാലാ തപോച്ചായകൈഃ
രത്നൈരദ്രിസമുദ്രജൈഃ ശ്രമമിദം ജാനാതു മാ പാപദാ
വേദോക്തം വിഹിതം, തദസ്തി സുകൃതീ സദ്പ്രത്യവായോനമേ.

എന്ന വാക്യത്തോടുകൂടിയാണു് ഗ്രന്ഥത്തിന്റെ അവസാനം. 'ഞാൻ വേദോക്തമായിട്ടുള്ളതു ചെയ്യുന്നു; അതുകൊണ്ടു പ്രത്യവായശാന്തി ഉണ്ടാകുമെന്നുള്ളതിനാൽ അതിനാൽ തന്നെ ഞാൻ സുകൃതിയായിത്തീരും." എന്നാണു് കവിയുടെ സമാശ്വാസം.

൪. ശൌണസമാഗമം. ഇതു കൊല്ലം ൧൦൪൫-ാമാണ്ടു തിരുവനന്തപുരം സന്ദർശിച്ച ലോർഡ് നേപ്പിയർ എന്ന മദിരാശിഗവർണ്ണരുടെ വരവിന്റേയും ആ അവസരത്തിൽ നടന്ന ആഘോഷങ്ങളേയും സരസമായി വർണ്ണിക്കുന്ന ഒരു കാവ്യമാകുന്നു.

"പത്മനാഭപദപത്മഭക്തിപരിലബ്ധസർവ്വഗുണസമ്പദം
രാമരാജമതിമാനഷം വിമലവഞ്ചിഭൂപകുലശേഖരം

Digitized By Kerala Sahitya Akademi

ഹൂണാംഗസേനമധിഭൂരചിതകമതകത്തൃമാത്മനയനോത്സവം
സീമരാണികലക്ഷണാകരോപമതിരാശിഗൌണപദമുദ്രികഃ."

'ഗൌണഃ' എന്നാൽ ഗവർണ്ണർ എന്നർത്ഥം; സീമരാണി–ശിമറാണി. സമാഗമഘോഷം കാണ്മാൻ വരുന്ന ജനങ്ങളുടെ സംഖ്യ കവി അധോലിഖിതമായ ശ്ലോകത്തിൽ വർണ്ണിക്കുന്നു:—

"വഞ്ചിഭൂമിപതിഗൌണഹൂണപസമാഗമോത്സവദിദൃക്ഷയാ
തത്ര സന്നിഹിതപൌരലോകപരിമാണകർമ്മണി പടുർഭവേൽ
താരകാമ്പികരസിന്ധുസൈകതപയോധരാന്തരപിപീലിക-
ത്തോയബിന്ദുഗണനാവിധൌ വേത്തി യഃ പടുർജ്ജഗതി മാനവഃ."

മഹാരാജാവും ഹൂണദളപതിമാരും തെരുവീഥിയിൽക്കൂടി ഘോഷയാത്രയായി പോകുന്ന അവസരത്തിൽ സുന്ദരിമാരായ സ്ത്രീകൾ മാളികകളിൽ ഇരുന്നു് ആ കാഴ്ച കാണുന്നതു ശാസ്ത്രികൾ താഴെക്കാണുന്ന വിധത്തിൽ ഉല്ലേഖനം ചെയ്യുന്നു:—

"കുംഭിഡിംഭകുരകുംഭഗോപുരാതകുംഭമേചകം വേ-
ണ്ണുമോഹനകുചസുന്ദരീവദനചന്ദ്രബിംബനികുരംബകേ
സൌധജാലഗവാക്ഷിതേ കിരതി മന്ദഹാസനവചന്ദ്രികാം
പൂർണ്ണിമാതിഥികമേഖമേ ഭുതലീദൃക്ഷയേവ സമഭൂത്തദാ."

ആ സുന്ദരിമാരുടെ മുഖചന്ദ്രപംക്തി, അവരുടെ മന്ദഹാസചന്ദ്രിക, അവർ അധിവസിക്കുന്ന സൌധജാലമാകുന്ന ആകാശം, ഇതെല്ലാം കാണുമ്പോൾ കവിക്കു് അനവധി പൌർണ്ണമാസിതിഥികൾ ആ കാഴ്ചകാണുന്നതിനുള്ള ആഗ്രഹം നിമിത്തം ഒന്നിച്ചു വന്നുചേർന്നുവോ എന്നു തോന്നുന്നു.

ഗവർണ്ണർ മഹാരാജാവിനെ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനു 'ഗൌണ'ത്വം പോയി ഭൃത്യത്വം വന്നു എന്നു കവി പിന്നിടൊരു ശ്ലോകത്തിൽ പ്രസ്താവിക്കുന്നു:—

"ശ്രീവഞ്ചിക്ഷിതിപാകശാസനസഭാം യാതസ്യ ഗൌണപ്രഭോ-
സ്സൽകാരൈരഭിയാനനുതികരദാനാഗ്രാസനോപക്രമൈഃ

Digitized By Kerala Sahitya Akademi

മുഖ്യൈവ പ്രഭൂതാ തദാ സമഭവൽ; ഗൌണീ പുനസ്ത്വൌണതാ;
രൂപസ്യാംഗതസ്യ ഹേമഗുളികാം കാ നാമ ദുർവ്വർണ്ണതാ?"

ആ അവസരത്തിൽ ഗൌണപ്രഭുവിൻെറ പ്രഭുത്വം മുഖ്യവും ഗൌണത്വം ഗൌണവുമായി. സ്വർണ്ണഗുളികയെ സമീപിക്കുന്ന (സ്വർണ്ണഗുളികയായിത്തീരുന്ന എന്നും) രൂപത്തിന് (രൂപയ്ക്ക്) ദുർവ്വർണ്ണത്വം (രജതത്വം) എവിടെ? ഇവിടെ ഹേമഗുളിക എന്ന പദംകൊണ്ടു കവി സ്വർണ്ണവർണ്ണനായ മഹാരാജാവിനെ വിവക്ഷിക്കുന്നു.

മഹാരാജാവു പ്രതിസന്ദർശനത്തിനെഴുന്നള്ളുന്ന ഘട്ടം കവി ഗദ്യരൂപത്തിൽ വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

"രാജീവാദിഷിതാസിതതൊരണാംരാജിരാജിതരാജപഥേ
ജംഗമഹേമഗിരാവിവ ശതശൈംഗാത്തി തുംഗേ പുഷ്യരഥേ
നാളീകേഡിതഭീഷണഘോഷനാപാളീ വിചരിതൈരെങ്കലം
ചിത്രധ്വജപടരാജിസുവീജിതവീതശോഭാരാംഗണം
സുന്ദരഘണ്ടാഘണംഘണനനികരാനന്ദമന്ദഗതികുലം
തുംഗതുരംഗഖുരോദ്ധൃതധൂളീസംഛാദിതഗതിതഖേദകരം
കുന്തപാശധനുശ്ശൂലകൃപാണിസന്ദിഗ്ധീസിതപത്തികുലം
വാദിതഭേരീദുന്ദുഭിപണവകനാദിതനാദിതസവ്ദിശം
വീണാദികാനകവാദിതതന്ത്രിലളന്നാഗകരവമുഖരിതം
കർണ്ണസുഖായഹഗ്നുനകമുരളീവർണ്ണനശീകൃതസർവജനം
തുംഗമതംഗജപീഠനിഭവാശിതദേശേ കുട്ടിമാനഗാഹം
ഭാവുകനരപതിസേവകജനാഭിതസ. ന്ത്രി തുംഗതുരംഗരഥം
രാജബലം കില ഗൌണമാസം പ്രതി രാജ ... ഭതാ-
(ചലികാ"

9. <u>കാശിയാത്രാവർണ്ണനം.</u> കാവ്യവും ഗൌണസമാഗമംപോലെ ചരിത്രസാധിയാകുന്നു. വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു കാശിയിലെഴുന്നള്ളി തിരിച്ചുവരുന്നതുവരെയുള്ള സംഭവങ്ങളെ സംക്ഷിപ്തമായും സമഞ്ജസമായും കീർത്തനം ചെയ്യുന്ന പ്രസ്തുതകൃതിയിൽ അഞ്ചുവൃത്തത്തിലുള്ള ൧൨൦ ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യത്തെ ൧൫ ശ്ലോകങ്ങൾകൊണ്ടു സ്യാനന്ദൂരപുരത്തെ കവി വർണ്ണിക്കുന്നു.

Digitized By Kerala Sahitya Akademi

"ശ്രീമതി കേരളദേശേ, ശ്രീമലയാദ്രിദക്ഷിണാബ്ധിഭ്യാം
സീമവതി, കാപി നഗരീ, ശ്രീമദനന്താഭിധാ ജയതി."

ഇതാണ് അന്ത്യത്തെ ശ്ലോകം.

കൈവല്യവല്ലീപരിണയം. ഇതു പ്രബോധചന്ദ്രോദയം, സങ്കല്പസൂര്യോദയം, വിദ്യാപരിണയം, അമൃതോദയം മുതലായ രൂപകങ്ങളുടെ രീതിയിൽ എഴുതിയിട്ടുള്ള ഒരു കൃതിയാണ്. ആദ്യത്തെ ഒന്നുരണ്ടങ്കങ്ങൾ ഞാൻ പത്തുകൊല്ലം മുമ്പു വായിക്കുകയുണ്ടായി. ശേഷവും കുറിച്ചിട്ടില്ല; ഇപ്പോൾ ഗ്രന്ഥവും കിട്ടുന്നില്ല. തിരുമാസപ്രബന്ധം മുതലായ കൃതികൾ കാണുവാൻ സംഗതി വന്നിട്ടില്ലെന്നു മുൻപുതന്നെ പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ.

ശാസ്ത്രികളുടെ ശാസ്ത്രഗ്രന്ഥങ്ങളായി (1) വൃത്തരത്നാവലി, (2) രാമോദയം, (3) ക്ഷേത്രതത്ത്വദീപിക ഇങ്ങനെ മൂന്നു എണ്ണം നമുക്കു ലഭിച്ചിട്ടുണ്ട്.

1. വൃത്തരത്നാവലി. ഈ ഗ്രന്ഥം തന്നെയാണ് ശാസ്ത്രികളുടെ കൃതികളിൽ അതിപ്രധാനമെന്നു പറയേണ്ടത്. പേരുകൊണ്ടുതന്നെ വൃത്തങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് ഇതെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഛന്ദശ്ശാസ്ത്രത്തിന്റെ സമഗ്രമായ ജ്ഞാനം സമ്പാദിക്കുന്നതിനു പിംഗളച്ഛന്ദസ്സ്, വൃത്തരത്നാകരം ഇത്യാദി സംസ്കൃതഗ്രന്ഥങ്ങളെക്കാൾ ഈ ഗ്രന്ഥം വളരെയധികം പ്രയോജനീഭവിക്കുന്നുണ്ട്. ഡോക്ടർ ബെർണ്ണൽ വൃത്തരത്നാവലി വായിച്ചുനോക്കി, ഒരു ആധുനികഭാരതീയനാണ് ഇതിന്റെ പ്രണേതാവെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഉപോദ്ഘാതത്തിലെ പ്രഥമശ്ലോകം താഴെക്കാണുന്നതാണ്.—

"ശ്രീമന്മാർത്താണ്ഡഗോത്രാമൃതജലധിഭവോ ലക്ഷ്മണോപാഖ്യയാതാ-
സ്സ്വൈരത്തസ്സർവ്വസ്ഥസ്സദനശതപദശ്ശ്രേയസിസ്സൽകലാനാം
ശ്ലേഷാലാനന്ദകാരീ ശുഭഗുണഭരണസ്സാധുസന്താപഹാരീ
സർവജ്ഞോത്തംസഭൂതോ ജയതി കുലമഹോല്ലാസദോ രാമരാജഃ."

ഈ ശ്ലോകത്തിനു ശ്രീരാമചന്ദ്രപരമായും അശ്ലേഷ (ആയില്യം) മഹാരാജപരമായും ഇങ്ങനെ രണ്ടുപ്രകാരത്തിൽ അർത്ഥകല്പന ചെയ്യാം

Digitized By Kerala Sahitya Akademi

വുന്നതാണു്. ഭൂജാതാ=സീതാദേവിയെന്നും, സർവജ്ഞോത്തംസം= യോഗിവര്യൻ എന്നും, രാമചന്ദ്രപക്ഷത്തിൽ അർത്ഥം. വീരമാർത്താണ്ഡവർമ്മമഹാരാജാവിന്റെ വംശത്തിൽ ജാതനെന്നും (ഭൂജാതന്മാർ) ഭൂമിയിൽ ജനിച്ചവർക്കു് ഭരനായകനെന്നും ശത്രുഗണങ്ങളുടെ ഭരം (ഭാരിശ്യം) ഹേതുവായിട്ടു സാധുക്കളുടെ സന്താപത്തെ ഹരിക്കുന്നവനെന്നും സകലകലാവല്ലഭനെന്നും മഹാരാജപക്ഷത്തിൽ. ചന്ദ്രപദവായു് അർത്ഥം എല്ലാ വിശേഷണങ്ങൾക്കും ചേരുകയുമുണ്ടെന്നു വ്യാഖ്യാനിച്ചു പറയേണ്ടതില്ലല്ലോ.

"മാത്രാനന്ദം യതിശ്ലാഘ്യം വർണ്ണിതം ഛന്ദസി സ്ഥിതം;
ഗണാശ്രിതപദം വന്ദേ പുണ്യശ്ലോകം വിനായകം"

ആതാകുന്നു കവിയുടെ മംഗലാചരണപദ്യം. "ലഘുഗുരുക്കളാകുന്ന മാത്രകളെക്കൊണ്ടു് ആനന്ദിക്കുന്നതും, (യതി) വിരാമങ്ങളെക്കൊണ്ടു ശ്ലാഘ്യവും, പ്രശസ്തങ്ങളായ വർണ്ണങ്ങളോടു കൂടിയതും, ഉക്താദിച്ഛന്ദസ്സുകളിൽ സ്ഥിതവും, മഗണാദികളാൽ ആശ്രിതങ്ങളായ പാദങ്ങളോടുകൂടിയതും വിശിഷ്ടനായ കവികർത്താവുമായ ഉത്തമശ്ലോകത്തെ ഞാൻ വന്ദിക്കുന്നു." എന്നു ശ്ലോകപക്ഷത്തിൽ അർത്ഥം. പാർവതീദേവിയാൽ ആനന്ദനീയനും, യതികളാൽ ശ്ലാഘ്യനും, ബ്രഹ്മചാരിയും, വേദസ്ഥിതനും ഭൂതഗണങ്ങൾ ആശ്രയിക്കുന്ന പദത്തോടു കൂടിയവനും പാവനകീർത്തിയും എന്നു വിനായകപക്ഷത്തിൽ. ഗുരുലഘുക്കൾ, ഗണങ്ങൾ ഇവയെ ലക്ഷ്യലക്ഷണസഹിതം പ്രതിപാദിച്ചതിനുശേഷം ഉക്താദിച്ഛന്ദസ്സുകളിൽ പെട്ട പ്രധാനവൃത്തങ്ങളെല്ലാം കവി യഥാക്രമം ഉദാഹരിക്കുന്നു. ഓരോ ഛന്ദസ്സിന്റെയും അവസാനത്തിൽ ആ ഛന്ദസ്സിലുള്ള വൃത്തങ്ങളുടെയും മറ്റും സംഖ്യ കാണിക്കുന്ന ഓരോ ശ്ലോകത്തിലേയും പ്രഥമപാദത്തിലെ മുദ്രാക്ഷരങ്ങൾ കൊണ്ടു വൃത്തലക്ഷണം സൂചിപ്പിക്കുകയും രാമായണകഥ ഇതിൽ സംക്ഷേപിച്ചു പ്രതിപാദിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു എന്നുള്ളതു് ഈ ഗ്രന്ഥത്തിന്റെ വലിയ മെച്ചങ്ങളിൽ ഒന്നാണു്. അതുപോലെ കവിയുടെ പേർ അന്ത്യശ്ലോകത്തിൽ കാണുമെന്നുള്ളതോ അനുകരിക്കാനാവാത്തതാണല്ലോ. ഇങ്ങനെ സമവൃത്തങ്ങൾ, അർദ്ധസമവൃത്തങ്ങൾ, വിഷമവൃത്തങ്ങൾ, മാത്രാവൃത്തങ്ങൾ, ദണ്ഡകങ്ങൾ മുതലായവയുടെ ഉദാ

Digitized By Kerala Sahitya Akademi

ഹരിച്ചതിൽ പിന്നീടു് 'ആര്യാദിവൃത്തഗതഗുരുലഘുവർണ്ണമാത്രാസംഖ്യാജ്ഞാനോപായം', പ്രസ്താരം, നഷ്ടോദ്ദിഷ്ടാദിക്രിയകൾ, ഖണ്ഡമേരുക്രിയ, വൃത്തസംഖ്യ കണ്ടുപിടിക്കുന്നതിനുള്ള ലഘൂപായം ഇത്യാദി ഛന്ദശ്ശാസ്ത്രവിഷയങ്ങൾ പൂർവ്വകൃതികളെ അപേക്ഷിച്ചു സ്ഫുടതരമായി പ്രസ്തുതഗ്രന്ഥത്തിൽ പ്രതിപാദിച്ചുകാണുന്നു. ഇതോടുകൂടി 'വൃത്തരത്നാവലി' അവസാനിക്കുന്നു എങ്കിലും 'ശ്രീരാമസ്തുതിരത്നം' എന്ന പത്തു ശ്ലോകങ്ങളിൽ മറ്റൊരു കൃതി കൂടിച്ചേർത്തു് അതിൽ ബൃഹത്യാദിച്ഛന്ദസ്സുകളിലടങ്ങിയ അപ്രസിദ്ധങ്ങളും എന്നാൽ ശ്രാവ്യങ്ങളുമായ പല വൃത്തങ്ങളെയും ലക്ഷണസമേതം ഉദാഹരിക്കുന്നു. അത്യന്തം വിഷമപദങ്ങൾക്കു ടിപ്പണിയുമുണ്ടു്. രണ്ടുമൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1. വസന്തതിലകം.

"ത്വം ഭൂജജൈർഗ്ഗഗനചാരിഭിരർച്ച്യമാനം
ശാന്തം പ്രസന്നഹൃദയം തപസാന്നിധാനം
ദൂരാജ്ജപാദഭിയമേവ ജഗല്ലോചനാളീ
ചൂതം വസന്തതിലകം ഭ്രമരാവലീവ"

ഭൂജങ്ങൾ=വൃക്ഷങ്ങൾ. ഭൂജജങ്ങൾ=പുഷ്പങ്ങൾ.

2. ശാർദ്ദൂലവിക്രീഡിതം.

"മാസജ്ജസ്സതതാഗതൈരലഘുപതേശ്ശാർദ്ദൂലവിക്രീഡിതം
രക്ഷഃക്ഷുദ്രമൃഗേഷു കുർവ്വതി ശരേ നിർവ്വിഘ്നമിഷ്ടീ മുനിഃ
വീരശ്രീപരിരംഭസംഭൃതരസം ശ്രീരാമമാലിംഗ്യ തം
സാനന്ദം സമയൂയുജൽ പ്രിയതരോദാരോപരോ ഭേദ്യശിഷാ."

സതതാഗതി=വായു. വായുവിനോടു 'മാസജ്ജം'=(മാ)ഉപമാവിഷയത്തിൽ സന്നദ്ധം. വായുവേഗത്തോടുകൂടിയ ശരമെന്നർത്ഥം.

3. പുഷ്പിതാഗ്രം.

"നനരയമയമാനമഗ്ര്യ ചാപം
നജജരഗൈരവിനരശ്ശരണ ഭിന്ദൻ

Digitized By Kerala Sahitya Akademi

ചകിതഭുഗ്രഭുവസ്സ്ഫോജഭോകാൻ
വ്യനമയദന്യശിഷ്ടാഞ്ച പുഷ്പിതാഗ്രാം."

നനായം=നരനമല്ലാതെ=ഭവനഭരതാട്ടകൂടി. നജ്ജന്മാർ=ജ്ഞ ന്മാർ=ദേവന്മാർ. വിസ്തരഭീരുതകൊണ്ടു ഈ മഹാഗ്രന്ഥത്തെപ്പററിയു ള്ള നിരൂപണം ഇവിടെ നിറുത്തുന്നു. "ശ്രീമദ്ദക്ഷിണഭകാളമണ്ഡ ലാഖണ്ഡല വരാന്യ വദാവദകോവിദാഗ്രേസര സാർവ്വഭൗമാശ്ലേഷ രാമ രാജ കരുണ്ണ ണയ.മഹാരിതാഗ്ന ശാങ്കരനാരായണി ശ്രീ ഗോമതീദാ സരാമസ്വാമിവിരചിതേയം സദൃത്തരത്നാവലീ ശ്രീരാമപ്രസാദായ കല്പതാം" എന്നു ഗ്രന്ഥകാരൻ പ്രാരംഭത്തിൽതന്നെ പ്രസ്താവിച്ചി ട്ടുള്ളതിനാലും മററും ഇതു് അയില്യംതിരുനാൾ മഹാരാജാവു തിരു മനസ്സിലെ വാഴ്ച്ചക്കാലത്തു നിർമ്മിച്ചിട്ടുള്ളതാണെന്നു കാണാവുന്നതാ ണു്. ഹാരിതാഗ്നനൻ=ഹരിതഗോത്രാത്ഭവൻ. ശാങ്കരനാരായ ണി=ശങ്കരനാരായണന്റെ പുത്രൻ.

2. രാമരാജയം. ഇതു് ഒരു അലങ്കാരശാസ്ത്രഗ്രന്ഥമാകുന്നു. ചന്ദ്രാലോകത്തിലേതുപോലെയും മററും രീതിയിൽ പൂർവ്വാർദ്ധം ലക്ഷണവും ഉത്തരാർദ്ധം ലക്ഷ്യവുമായ് വസന്തതിലകവൃത്തത്തിലുള്ള ശ്ലോകങ്ങ ളെക്കൊണ്ടു് എല്ലാ അർത്ഥാലങ്കാരങ്ങളേയും ശാസ്ത്രീകമ്ം ഈ ഗ്രന്ഥ ത്തിൽ ഉദാഹരിച്ചിരിക്കുന്നു. ലക്ഷ്യവിഷയം രാമരാജസമനായ അയില്യംതിരുനാൾ മഹാരാജാവുതന്നെ.

1. അനന്വയം.

"യത്രൈക ഏവ വിഷയി വിഷയശ്ച കാവ്യേ
തത്ര ഹ്യലംകൃതിമനന്വയമാമനന്തി;
ശ്രീരാമ, താവകജനാവനചാതുരീയ-
മാഭാതി താവകജനാവനചാതുരീവ."

2. പ്രതിവസ്തൂപമ

"സ്യാദവാക്യയോർദ്വയോഃ പൃഥഗേകധർമ്മോ
നിർദ്ദിശ്യതേ തദുപമാ പ്രതിവസ്തുപൂർവാ
ഓജോഭരേണ ഭുവി രാജതി രാമരാജ-
സ്തേജോഭരേണ ദിവി ദീവ്യതി രശ്മിമാലീ."

Digitized By Kerala Sahitya Akademi

3.— ക്ഷേത്രതത്വദീപിക. ഇതു "ജ്യോമെറ്റ്റി" എന്നു ഇംഗ്ലീഷിൽ പറയുന്ന മാതിരിയിലുള്ള ഒരു ക്ഷേത്രവ്യവഹാരഗ്രന്ഥമാകുന്നു. ജഗന്നാഥപണ്ഡിതരുടെ രേഖാഗണിതമല്ലാതെ സംസ്കൃതഭാഷയിൽ ഇതുമാതിരി മറ്റൊരു വിശിഷ്ടഗ്രന്ഥവുമുള്ളതായി തോന്നുന്നില്ല. പ്രസ്തുത ഗ്രന്ഥത്തിന്റെ ഒടുവിൽ ഗണിതസംബന്ധമായുള്ള അനേകം വിഷയങ്ങളെ ശാർദ്ദൂലശ്ലോകങ്ങൾകൊണ്ടു പ്രപഞ്ചനം ചെയ്തിരിക്കുന്നു.

സ്തോത്രഗ്രന്ഥങ്ങൾ. ശാസ്ത്രികൾ ഈ ഇനത്തിൽ രചിച്ചിട്ടുള്ള കൃതികൾ അസംഖ്യങ്ങളെന്നാണു ജനാഭിപ്രായം. പ്രസ്തുതസ്തോത്രങ്ങൾ പ്രായേണ മന്ത്രാത്മകങ്ങളാണ്. ശങ്കരഭഗവൽപാദരുടെ സൌന്ദര്യലഹരിക്കുള്ളതുപോലെ അനിർവചനീയമായ ഒരു മാഹാത്മ്യം ഇവയിൽ പലതിനുമുള്ളതായി ഗുരൂപദേശം സിദ്ധിച്ച ചില ഉപാസകന്മാർ പ്രസ്താവിച്ചുകേട്ടിട്ടുണ്ട്. താഴെ കുറിക്കുന്ന സ്തോത്രങ്ങൾ മാത്രമേ കണ്ടുകിട്ടീട്ടുള്ളു—(1) ദേവ്യഷ്ടപ്രാസശതകം; (2) ശിവാഷ്ടപ്രാസശതകം; (3) വിഷ്ണ്വഷ്ടപ്രാസശതകം; (4) ദേവീവർണ്ണകമാവലി—'അ' മുതൽ 'ക്ഷ' വരെ ഓരോ അക്ഷരത്തിനു ഓരോന്നുവീതം അൻപത്തൊന്നു ശ്ലോകങ്ങൾ; (5) ആര്യാശതകഭാഷ്യം; (6) ശ്രീകൃഷ്ണദണ്ഡകം; (7) ത്രിപുരസുന്ദരീകേശാദിപാദം; (8) ശ്രീരാമസ്രഗ്ധരാസ്തോത്രം (രണ്ടും ഗോപികാഗീതിയുടെ മട്ടിൽ); (9) മധുസൂദനാഷ്ടകം; (10) ഹനുമദഷ്ടകം; (11) കലിനാശനസ്തോത്രം; (12) പുണ്ഡരീകപുരേശസ്തോത്രം; വൈക്കത്തപ്പനെപ്പററി; (13) ശ്രീകണ്ഠേശസ്തോത്രചിന്താമണി—ശ്രീകണ്ഠേശ്വരത്തപ്പനെപ്പററി; (14) ധർമ്മസംവർദ്ധിനീസ്തോത്രം; (15) ശ്രീലളിതാപ്രാതഃസ്മരണസ്തോത്രം; (16) അശ്വത്ഥഗണനാഥാഷ്ടകം (കവി ഇലത്തൂരിൽ പ്രതിഷ്ഠിച്ച ഗണപതിയെപ്പററി).

താഴെക്കാണുന്ന പദ്യങ്ങൾകൊണ്ടു ശിവാഷ്ടപ്രാസശതകം കവി ആരംഭിക്കുന്നു:—

"ആകാശാദിനിദാനമാദിപുരുഷം ശ്രീകാമകോട്യർച്ചിതം
ഭ്രൂകാഗ്ര്യാശ്രുഗവാക്ക്സോമയജമാനാകാരമേകാധിപം

Digitized By Kerala Sahitya Akademi

ലോകാനാം ഭജതാമഭീഷ്ടഫലദം ലോകാമയധ്വാംസനം
പാകാനന്ദഗ്രശേഖരം പശുപതിം ശ്രീകണ്ഠനാഥം ഭജേ.

പാകാരാതിസഹോദരപ്രഭൃതിഭിർന്നാകാലയൈര്യസ്സ്തുതം
ശാകംഭേപ പരാശരൈഃ ശമധനൈർഭക്ത്യാ പ്രപന്നൈസ്സദാ
ഏകാന്തേ പരിചിന്തിതം ശിവകരം നൌമ്യാദരാന്മൌലികം
കാരുണ്യാംബുനിധിമുത്തമീശ്വരമസാം ശ്രീപങ്കകാലം ഭജേ.

യാ കാപി സ്മരശാസിനി സുന്ദരതനുർല്ലോകാധികാ സമ്മില-
ദ്രാകാചന്ദ്രമുഖീതി സുഹൃദ്ഗശതീനികാമം ച ലീലാ
ഏകാനേകപരാ ജഗജ്ജനനീ ശോകാപഹാ സാ ച മേ
ലോകാന്തരപദോദ്യമപ്രീതാഭീകം പാതു ലോകം.”

മൂന്നു ശ്ലോകത്തിലും ‘കം’ എന്ന അക്ഷരംകൊണ്ടുള്ള അഷ്ടപ്രാസ്വം അതിനപ്പുറവും കവി നിർവ്വഹിച്ചിരിക്കുന്നതു കാണുമ്പോൾ എത്ര ഭാവുകനാണു് അത്ഭുതം തോന്നാത്തതു്! താഴെ ഉദ്ധരിക്കുന്ന ശ്ലോകം പുണ്ഡരീകപുരേശസ്തവത്തിലുള്ളതാകുന്നു.

“ബാഹുലാസിതമഹാഷ്ടമീമഹേ,
ബാഹുവാലസദുപായനൈഃശ്രിതം
ബാഹുദേശസാരദേവയോഗിഭിർ-
ബാഹുലേയജനകം സമാശ്രയേ”

വൃശ്ചികമാസത്തിലെ കൃഷ്ണപക്ഷാഷ്ടമിയെന്നു ബാഹുലാസിതമഹാഷ്ടമിക്കർത്ഥം. ബാഹുക്കളിൽ ലാലസിക്കുന്ന ഉപായനങ്ങളോടുകൂടിയവരെന്നും ബാഹുദേശങ്ങളിൽ നിന്നു വരുന്നവരെന്നും രണ്ടും മൂന്നും പാദങ്ങളിലെ പ്രയോഗങ്ങൾക്കു് അർത്ഥം കണ്ടുകൊള്ളണം. ശ്രീകണ്ഠേശ്വരസ്തോത്രചിന്താമണിയിലുള്ള ഒരു ശ്ലോകമാണു് അടിയിൽ കാണുന്നതു്.

“ഗന്ധർവ്വീകൃതകൃത്തിരേതരവചഃ, പത്രീകൃതശ്രീപതേ,
ഭൂമിസ്യന്ദന, സാരഥീകൃതവിധേ, മൌർവ്വീകൃതാഹീശ്വര,
കോദണ്ഡീകൃതകാഞ്ചനാചല, പുരാ ജേതും പുരാണാം ത്രയം,
ശ്രീകണ്ഠേശ്വര, ചന്ദ്രശേഖര, വിഭോ, ഗൌരീപതേ,-
പാഹിമാം.”

Digitized By Kerala Sahitya Akademi

ശ്രീകൃഷ്ണദണ്ഡകം രാസക്രീഡാവൎണ്ണനരൂപത്തിലുള്ള ഒരു ലഘുകൃതിയാകുന്നു. "ജയ ജയ കോമളാനന്ദനാരായണശ്രീധര, ശ്രീപതേ, ഭൂപതേ, സത്യഭാമാപതേ, ജയ ജയ ജഗദീശ ഗോപാലകൃഷ്ണപ്രഭോ, ദുഗ്ദ്ധകല്ലോലിനീവല്ലഭാദേശവാകുല്ലോലമാലാനടീലാസ്യവിദ്യാഗുരുസ്പർശനസ്പർശനസ്യന്ദമാനാപദാചൂഡത്രുഢപ്രസൂനാവലീ ബാലസൽകല്പവൃക്ഷാടവീഗേഹമധ്യേ മണിവിധ്ഠാടകസ്ഫാടികസ്ഥൂലനീലോപല" ഇങ്ങനെ ആകുന്ന ഈ ദണ്ഡകം അത്യന്തം രമണീയമാണെന്നു പ്രസ്താവിക്കേണ്ടതില്ലല്ലോ. മററു സ്തോത്രങ്ങളിൽനിന്നു് ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ടതില്ല.

രാമസ്വാമിശാസ്ത്രികളുടെ ഭാഷാകൃതികളായി ജലന്ധരാസുരവധം ആട്ടക്കഥയും വിശാഖംതിരുനാൾ മഹാരാജാവിനു പ്രജകൾ അനുഭവിച്ചു വന്ന ചില സങ്കടങ്ങളെപ്പററി വിജ്ഞാപനരൂപത്തിൽ സമർപ്പിച്ച ഒരു കത്തുമേ എനിക്കു കാണ്മാൻ സംഗതി വന്നിട്ടുള്ളു. 'ശങ്കരക്രിയാക്രമം മണിപ്രവാളം' എന്നൊരു കൃതികൂടിയുണ്ടെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. ജലന്ധരാസുരവധം എന്റെ അവതാരികയോടുകൂടി എന്റെ പരേതനായ പ്രിയസഹോദരൻ കൃഷ്ണയ്യരുടെ സഹചാരിയും കഥാനായകന്റെ പൌത്രനുമായിരുന്ന എൻ. രാമസ്വാമിഅയ്യർ എം. എ. ഏതാനും കൊല്ലങ്ങൾക്കുമുമ്പു് അച്ചടിപ്പിക്കുകയുണ്ടായി. കുശാഗ്രബുദ്ധിയും സാഹിതീപ്രണയിയുമായിരുന്ന ആ യുവാവു കുറേക്കാലംകൂടി ജീവിച്ചിരുന്നു എങ്കിൽ തന്റെ പിതാമഹന്റെ ഗ്രന്ഥങ്ങളിൽ പലതും സൂര്യപ്രകാശം ഏൽക്കുമായിരുന്നു. പക്ഷെ ദൈവവിധി മറിച്ചായിരുന്നു എന്നല്ലേ പറയേണ്ടതുള്ളു! ജലന്ധരാസുരവധം കഥകളിപ്രിയനായിരുന്ന ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സിലെ വാഴ്ചക്കാലത്തു നിർമ്മിച്ച ഒരു കൃതിയാണെന്നുള്ളതിനു് അതിന്റെ ഉപോൽഘാതത്തിലുള്ള,

"സോയം മാർത്താണ്ഡരാജോ ജയതി ഭുവനമാ-
ക്രമ്യ യസ്യ പ്രതാപേ
ക്ഷേമം ഹേതൌ രസാംശം കലയതി സമയേ
കാഞ്ചനാമോഘവൃഷ്ടിം

Digitized By Kerala Sahitya Akademi

മാർത്താണ്ഡസ്സ്വാധികാരപ്രചലനചകിത-
സ്സപ്തപഥേ വർത്തമാനഃ
പ്രാദക്ഷിണ്യക്രമാഖ്യം പ്രചരതി നിയമം
സർവ്വദേവാലയസ്യ.”

എന്ന ശ്ലോകം സാക്ഷ്യം വഹിക്കുന്നു. സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ ഇതിവൃത്തത്തെത്തന്നെ ഉപജീവിച്ചു ഗാഥാരൂപത്തിൽ ഒരു കൃതി നിർമ്മിച്ചു എന്നു കവി,

“ശ്രീരാമചിന്തനനിരന്തരസക്തചിത്തഃ
ശ്രീരാമവർമ്മനൃപതിസ്സ്വകരാംബുജേന
സംഗീതമോദഹൃദയഃ കുതുകാൽ കദാചി-
ജ്ജാലന്ധരാസുരവധം നിബബന്ധ ഗാഥാം.”

എന്നു ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതു കാണ്മാൻ സാധിച്ചിട്ടില്ല. ജലന്ധരാസുരവധം ആട്ടക്കഥയിലെ ശ്ലോകങ്ങളും പദങ്ങളും പ്രായേണ സംസ്കൃതമയങ്ങളാണെങ്കിലും അത്യന്തം മനോഹരങ്ങളാണ്. ഇതിൽ ശിവനെ വന്ദിക്കുന്ന ആദ്യത്തിലുള്ള ശ്ലോകമാണ് താഴെ ഉദ്ധരിക്കുന്നതു്:—

“ഫാലകാലമഥ ഹാലഹാലസദൃശാളബാലശശിബാലകം
കാളകൂടഗളകാന്തശോഭിഗളനാളലോലഫണിജാലകം
ബാലയാ ലളിതമാലയാ മിളിതമേത്യ ശൈലകുലകന്യയാ
പാലകം ധൃതകപാലകം ത്രിദശപാലകഃ സ്തുതിഗിരാലപൻ.”

ഈ പദ്യത്തിന്റെ മാധുര്യം പരിശോധിക്കുക. ബാലശശിബാലകം എന്നാൽ ബാലചന്ദ്രനാകുന്ന ശിരോഭൂഷണമെന്നർത്ഥം. ‘കാമദകോടിസമ’ ഇത്യാദി അശ്വതിതിരുനാൾ തിരുമേനിയുടെ അംബരീഷചരിതപദ്യത്തിനും ഇതിനും ആനുരൂപ്യമുണ്ട്. അതുപോലെ താഴെക്കാണുന്ന നാരദന്റെ ശിവസ്തുതിക്കും കോട്ടയത്തു തമ്പുരാന്റെ കിർമ്മീരവധത്തിലെ ദുർവാസസ്സിന്റെ ശിവസ്തുതിക്കും തമ്മിലുള്ള സാദൃശ്യം ആലോചനാമൃതമാണ്:—



Digitized By Kerala Sahitya Akademi

“ഫാലവിലോചന, പാലയമാമഘജാലവിമോചന പാലയ മാം;
ശൈലസുതാകുചകുങ്കുമപങ്കില, ശൈലവരാലയ, പാലയ മാം.
നീലവിലോഹിത, ലോകപതേ, ഹരിനീലമനോഹര, ഭൂതപതേ;
കാലനിഷൂദന, ദേവ, നമോ ഹര, താരകലാനിധിശേഖര, തേ.

* * * * * * * *

മാരകളേബരതുല്യരുചേ, സുകുമാരശരീര, സുചാരുകചേ,
കാരണകാരണ, ചാരണവന്ദിത, പാഹി നതാംബുജതിഗ്മരുചേ;
കാമിതഭോഗദകാമധേനോ, ജയ ഹൈമവതീ പരിശോഭിതവാമ,
സോമവിഭാകരപാവകലോചന, സാമപരായണ, പാഹി വിഭോ;
ഭൂമിധരാധരചാപധരേ, വരവാരിദവാഹനസൂതപതേ,
വാരിജനേത്രശരായ ധരാരഥവേദഹയായ നമോ ഭവതേ.”

“ചിടാതെ സത്വരം മട്ടലർമിഴിയോടു് വിടാ! വിനോദം പടയേ തിഴകേ?” “നില്ലാതെ ഖലു വക്കാണത്തിന്നു മുക്കണ്ണാ ചാടാ—ഇനി മടിക്കിലുടിക്കുമെനിക്കുമക്ഷമ കണ്ണെ രോഷമൊടം” ഇത്യാദി ഭാഷാപ്രധാനങ്ങളായ പദങ്ങളും വളരെ നന്നായിട്ടുണ്ടു്.

വിജ്ഞാപ്തിരൂപത്തിലുള്ള കഥ ആരംഭിക്കുന്നതു് ഇങ്ങനെയാണു്:—“പൂർവ്വം കൃതയുഗത്തിൽ പ്ലക്ഷദ്വീപിൽ ഹേമക്കൂടശൃംഗത്തിൽ ശതയോജനവിസ്തീർണ്ണയായിരിക്കുന്ന അഞ്ജനാവതീരാജധാനിയിൽ കേസരി എന്നൊരു മൃഗരാജൻ ധർമ്മേണ പ്രജാപാലനം ചെയ്തുകൊണ്ടുപോന്നു. അദ്ദേഹത്തിനു് മഹാതപസ്സുകൊണ്ടു് അഞ്ജന എന്നുള്ള ഭാര്യയിൽ ഹനുമാനെന്നൊരു പുത്രനുണ്ടായി. അദ്ദേഹം ഈശപാദാംശമാകകൊണ്ടു് സകലഗുണശാലിയായി ഭവിച്ചു.” സുകുമാരകവിയുടെ ശ്രീകൃഷ്ണവിലാസം കാവ്യത്തിൽ ഏതാനും സർഗ്ഗങ്ങൾക്കു നമ്മുടെ കവി രചിച്ച വ്യാഖ്യാനം നാഗരലിപിയിൽ പകർത്തി വിശാഖംതിരുനാൾ മഹാരാജാവു് അവിടുന്നു യുവരാജാവായിരുന്ന കാലത്തു് കാശി സംസ്കൃതമഹാവിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകനായിരുന്ന ബാലശാസ്ത്രികൾക്കു് അയയ്ക്കുകയുണ്ടായി. കാശിയിൽ കവി ചെന്നപ്പോൾ ബാലശാസ്ത്രികളെ കാണുവാൻ ഇടവന്നു. സംഭാഷണമദ്ധ്യത്തിൽ ബാലശാസ്ത്രികൾ രാമസ്വാമിശാസ്ത്രികളോടു് “തിരുമനസ്സുകൊണ്ടു് എനിക്കു് അയച്ചുതന്ന ശ്രീകൃഷ്ണവിലാസവ്യാഖ്യാനം മല്ലിനാഥന്റെ മഹാവ്യാഖ്യാനത്തെ അതിശയിക്കുന്നു; അതിന്റെ

Digitized By Kerala Sahitya Akademi

പ്പണേതാവായ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ എന്ന മഹാനെ അങ്ങു് അറിയുമോ?" എന്നു തന്റെ അതിഥിയോടു് വിസ്മയോൽഫുല്ലനേത്രനായി ചോദിച്ചു. 'എന്നോളം അദ്ദേഹവുമായി പരിചയം ആർക്കും ഉണ്ടാകുവാൻ തരമില്ല' എന്നു രാമസ്വാമിശാസ്ത്രികൾ മറുപടിപറഞ്ഞപ്പോൾ 'അതെന്തുകൊണ്ടാണു്?' എന്നു് ബാലശാസ്ത്രികൾ വീണ്ടും ചോദിക്കവേ "അദ്ദേഹം ഞാൻ തന്നെയായതുകൊണ്ടാണു്.' എന്നു് വ്യങ്ഗ്യത്തെ വാച്യമാക്കി പ്രസ്താവിക്കയും ചെയ്തു. അപ്പോൾ 'എന്നെ ഇങ്ങനെ പരിഭ്രമിപ്പിക്കേണ്ടതില്ലായിരുന്നു.' എന്നു പറഞ്ഞുകൊണ്ടു ബാലശാസ്ത്രികൾ നമ്മുടെ കവിയെ ഗാഢമായി ആലിങ്ഗനം ചെയ്തു.

ഇവ കൂടാതെ ശാസ്ത്രികളുണ്ടാക്കിയ അനവധി ഒററശ്ലോകങ്ങൾ ഇന്നും പ്രചാരത്തിലിരിക്കുന്നുണ്ടു്; ഒട്ടധികം നശിച്ചുപോയിട്ടുമുണ്ടു്.

ആയില്യംതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു സിംഹാസനാരൂഢനായ അവസരത്തിൽ ശാസ്ത്രികളെ വിളിച്ചു ശൃംഗാരം, നീതി, വൈരാഗ്യം ഈ മൂന്നു വിഷയങ്ങളേയും പരാമർശിക്കുന്ന ഒരു പദ്യം പെട്ടെന്നു നിർമ്മിക്കണമെന്നു് ആവശ്യപ്പെട്ടു. ഒട്ടും കൂസൽ കൂടാതെ ശാസ്ത്രികൾ അപ്പോൾ ചൊല്ലിയ ശ്ലോകമാണു് താഴെ കാണുന്നതു്.

"രമ്യാ സാവനിതാ പുരോപ്യുപനതാ
യാ രത്നാന്തർഹിതാ
ഹൃദ്യാവിഷ്കൃതഭാ ശ്രുതിപ്രണയവൽ സാ-
രസ്യവച്ഛാരദാ
യോഗാഭ്യാസബലേന യത്ര ഭവതി
ത്രൈവർഗ്ഗികീ ധന്യതാ
നിസ്സാരസ്വധരാശയൈകവശഗാ
സമ്യഗ്വിധിക്ഷേമതിഃ"

ഇവിടെ വനിത=സ്ത്രീ; അഥവാ വനിയുടെ ഭാവം. സാവനിതാ= അവനി (ഭൂമി) യോടുകൂടുക എന്നെല്ലാം അർത്ഥം കല്പിക്കണം.

Digitized By Kerala Sahitya Akademi

മഹാരാജാവുമായി പിണങ്ങിപ്പിരിഞ്ഞപ്പോൾ ശാസ്ത്രികൾ ചൊല്ലിയ മറ്റൊരു ശ്ലോകമാണു് താഴെ കുറിക്കുന്നതു്.

"ചിത്തഭ്രുവിത്തഭ്രമത്തഭ്രപാലകോ-
ഉപാസനാപാസനായാസനാശന ഭ്രമം
സാധുതാ സാധുതാ; സാധിതാ സാധിതാ;
കിന്തയാ ചിന്തയാ? ചിന്തയാമഃ ശിവം.

എന്നിക്കു് ആ സാധുത ധുതയായി. സാധിത (ആധിയോടുകൂടിയവനാക എന്നുള്ളതു്) സാധിതയാകയും ചെയ്തു എന്നർത്ഥം. ഇതു വേദാന്തദേശികരുടെ സുപ്രസിദ്ധമായ

"ദുരീശദ്വാരബഹിർവിതർദ്ദികാ-
ദുരാസികായൈ രചിതോയമഞ്ജലിഃ;
യദഞ്ജനാഭം നിരപായമസ്തി മേ
ധനഞ്ജയസ്യന്ദനഭൂഷണം ധനം."

ഇത്യാദി പദ്യങ്ങളെ അനുസ്മരിപ്പിക്കുന്നു.

ആ പിണക്കത്തിൽ ശാസ്ത്രികൾ സ്വദേശമായ ഇലത്തൂർ വരെ മാത്രമേ പോകുകയുണ്ടായുള്ളു എന്നും മറ്റൊരവസരത്തിൽ മഹാരാജാവിന്റെ അനുമതിയോടുകൂടിയാണു് കാശി, കല്ക്കത്ത മുതലായ പട്ടണങ്ങൾ സന്ദർശിച്ചതെന്നും ചിലർ പറയുന്നു.

ഒരിക്കൽ സ്വദേശമായ ഇലത്തൂരിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിന്റെ മുൻവശത്തുവച്ചു് ശാസ്ത്രികളോടു് ചില കുട്ടികൾ കുരുവികൾ ചിലയ്ക്കുന്നതു് കേട്ടുകൊണ്ടു്, 'കുരുവി' എന്ന വാക്ക വരുത്തി ഒരു ശ്ലോകമുണ്ടാക്കണമെന്നു് അപേക്ഷിച്ചു. അപ്പോൾ ചൊല്ലിയതാണു് താഴെ കാണുന്ന ശ്ലോകം.

"കുരു വീശവാഹ! തവ കാക്കായതവിലോചന!
മയി ലക്ഷ്മീം കൃപാസിന്ധോ രാജാളീവദനാലക!"

വീശവാഹൻ=ഗരുഡൻ. കാക്കം=കം (ജലം) അക്ക (അമ്മ) ആയിട്ടുള്ളതു് (താമരപ്പൂവു്.) രാജാളി എന്നതു് ഒരുമാതിരി പക്ഷിയാണു്. കൃഷ്ണപക്ഷത്തിൽ യഥാസംഖ്യമായി "രാജാവിനെ (ചന്ദ്രനെ)പ്പോലെ

Digitized By Kerala Sahitya Akademi

വദനവും അബ്ജിയെപ്പോലെ അളകവുമുള്ളോവേ” എന്നു വ്യാഖ്യാനിക്കണം.

തിരുവിതാംകൂറിലെ മഹാവിദ്വാന്മാരായ മൂന്നു മഹാരാജാക്കന്മാരുടെ പണ്ഡിതസദസ്സിന് അലങ്കാരരത്നമായി ഭാരതഖണ്ഡമൊട്ടുക്ക തന്റെ ശാശ്വതകീർത്തിയെ അപ്രതിഹതമായി വ്യാപിപ്പിച്ചു കേരളദേശത്തിനു മാനവും പെരുമയും പുലർത്തിയ ഈ പുണ്യശ്ലോകനെപ്പററി ഇനിയും പല വിഷയങ്ങൾ പ്രസ്താവനാർഹങ്ങളായിട്ടുണ്ടെങ്കിലും ഇപ്പോൾത്തന്നെ ദീർഘമായിപ്പോയ ഈ ഉപന്യാസത്തെ ഈ ഘട്ടത്തിൽ അവസാനിപ്പിക്കണമെന്നുദ്ദേശിക്കുന്നു. രാമസ്വാമി ശാസ്ത്രികളുടെ ഒരു പ്രധാനശിഷ്യനായ ശ്രീകണ്ഠേശ്വരത്ത് കല്പുഴിപ്പോററിയുടെ ശിഷ്യനായിരുന്നു എന്റെ പിതാവ്. ശാസ്ത്രികളുടെ മറെറാരു പ്രധാനശിഷ്യൻ ഒറവങ്കര ശങ്കരപ്പിള്ള മുൻസിപ്പായിരുന്നു എന്നുള്ളതു പലരും ധരിച്ചിരിക്കും. ഒരിക്കൽ മഹാരാജാവ് ശാസ്ത്രികളുടെ ഒരു പുത്രൻ ശരിയായി സംസ്കൃതമഭ്യസിക്കുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ, “എനിക്ക് ഒന്നല്ല, രണ്ടു പുത്രന്മാർ—കല്പുഴിപ്പോററിയും ശങ്കരപ്പിള്ളയും—ഉണ്ട്” എന്നും അവർ രണ്ടുപേരും നല്ലതുപോലെ പഠിക്കുന്നുണ്ടെന്നും തിരുമനസ്സറിയിച്ചതായി ഞാൻ അച്ഛന്റെ മുഖത്തുനിന്നു കേട്ടിട്ടുണ്ട്. ഇതിൽനിന്ന് ആചാര്യന്റെ ശിഷ്യവാത്സല്യം എത്രയുള്ളതെന്നു ഗ്രഹിക്കാം. ശങ്കരപ്പിള്ള തന്റെ ദേവീഭാഗവതം കിളിപ്പാട്ടിൽ ശാസ്ത്രികളെ,

“നാരതച്യവ്യാജേന വന്നവതാരത്തെച്ചെയ്തു-
രിവത്തൂർ ബ്രഹ്മശ്രീരാമശാസ്ത്രികളിഹ വിളങ്ങുന്നു.
യാതൊന്നിൽ ഗുണശ്രേണി ചൊല്ലവാസമാക്കം പരി;
യാതൊന്നിൽ കീർത്തിവല്ലി നിർജ്ജിതാശേഷമല്ലി;
യാതൊന്നിൽ വാണീധുനി പീയൂഷപ്രവാഹിനി;
യാതൊന്നിൽ തത്ത്വബോധം പാർക്കിലോ ദൃഢതരം;
യാതൊന്നിൽ ധ്യാനരൂപം ചിൽകലാസൂക്ഷ്മദീപം;
യാതൊന്നിൽ നിത്യകൃത്യം യോഗികൾക്കതിസ്തുത്യം;

Digitized By Kerala Sahitya Akademi

യാതൊന്നിൻ കാവ്യബന്ധം ഗണനേ സദാനന്ദം;
യാതൊന്നിൻ കൃപാശീലം ചൊല്ലുവാനഹം നാലം;
യാതൊന്നിൻ തിരുനാമം രാമശർമ്മാഭിരാമം;
യാതൊന്നിൻ സുകിങ്കരൻ പാർക്കിതിന്നിശ്ശങ്കരൻ;
അയതിൻ തൃപ്പാദാബ്ജേ സാഷ്ടാംഗം നമിച്ചുകൊ-
ണ്ടാവതുമിപ്രകാരം സങ്കല്പപുരസ്സരം
മൽഗുരുകൃപാമൃതസിന്ധുവിലാറാടി ഞാ-
നഗ്ഗുരുവാക്യപഞ്ചാമൃതവുമുണ്ടുപിന്നെ
മൽഗുരുനിയോഗമാം ഭൂഷണഗണമണി-
ഞ്ഞഗ്ഗുരുനാഥന്നനുഗ്രഹമാം സൌധമേറി
മൽഗുരുകടാക്ഷമാം കഞ്ചുകമതും ധരി-
ച്ചഗ്ഗുരുശ്രീപാദുകാശിരസ്സുമണ്ണും വച്ചു
ഇക്കൃതി പരയ്യൂവാനദ്യമം തുടങ്ങുന്നേൻ;
സൽകൃതിയായിച്ചമഞ്ഞീടണം സജ്ജനനാം."

എന്നു പ്രശ്രയാവനതനായി വന്ദിക്കുന്നു. രാമസ്വാമിമഹാകവി മൂലധന്യൻ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തിട്ട് ഇനിയും അരശ്ശതാബ്ദം കഴിഞ്ഞിട്ടില്ല. ഈ സമീപകാലത്തുപോലും ഇത്തരത്തിലുള്ള ഒരു പണ്ഡിതപ്രകാണ്ഡത്തെ പ്രസവിച്ച കേരളഭൂമി രത്നഗർഭതന്നെയെന്നുള്ളതിനു സന്ദേഹമുണ്ടോ? അനന്തവിദ്യാനിധിയായ ഗോമതീദാസന്റെ സ്മരണം നമ്മുടെ ആഹ്ളാദത്തെ വർദ്ധിപ്പിക്കുകയും അഭിമാനത്തെ ഉദ്ദീപിപ്പിക്കുകയും ചെയ്യുവാൻ പര്യാപ്തമാകുമെങ്കിൽ എന്റെ ഏതദ്വിഷയകമായ ശ്രമം നിഷ്ഫലമല്ല.

Digitized By Kerala Sahitya Akademi

# ദ്രാവിഡവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും.

---

മലയാളഭാഷയിൽ ദ്രാവിഡവൃത്തങ്ങളിലല്ലാതെ സംസ്കൃതവൃത്തങ്ങളിൽ കവനം ചെയ്യുന്നതു സമഞ്ജസമല്ലെന്നു് ഒരഭിപ്രായം ഇയ്യിടയ്ക്കു പ്രചരിച്ചുതുടങ്ങിയിരിക്കുന്നു. ഇതിന്റെ സാധുത്വത്തെപ്പററി നിഷ്പക്ഷമായ് വിചിന്തനം ചെയ്യേണ്ടതു് ആവശ്യകമാണു്.

മലയാളം ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട ഒരു ഭാഷയാകയാൽ ദ്രാവിഡവൃത്തങ്ങൾക്കു മലയാളഭാഷാകാവ്യങ്ങളിൽ അവ അർഹിക്കുന്ന അഗ്രിമസ്ഥാനം ലഭിക്കേണ്ടതാണെന്നുള്ളതിനെപ്പററി ആക്കും വിവാദമില്ല. ആശയങ്ങളുടെ അപ്രതിഹതമായ പ്രവാഹത്തിനു് അധികം ഉതകുന്നതു് ഈ വക വൃത്തങ്ങളാണെന്നുള്ളതും അനുഭവസിദ്ധം തന്നെ. എഴുത്തച്ഛൻ, കുഞ്ചൻനമ്പിയാർ, കോട്ടയത്തു കേരളവർമ്മ തമ്പുരാൻ, ഉണ്ണായിവാരിയർ തുടങ്ങിയ പൂർവ്വമഹാകവികൾ കിളിപ്പാട്ടുകളിൽ കേക, കാകളി, അന്നനട, കളകാഞ്ചി, ഈ വൃത്തങ്ങൾ പ്രധാനമായു് സ്വീകരിച്ചു. മണികാഞ്ചി ('പരമപുരുഷൻ മഹാമായതൻ വൈഭവം പറകയുമനാരതം കേൾക്കയും ചെയ്കിലോ' എന്ന മട്ടു്) ദ്രുതകാകളി (പാനവൃത്തം) ഇത്യാദി വൃത്തങ്ങളും കിളിപ്പാട്ടുകളിൽ കാണ്മാനുണ്ടു്. ഗാഥാവൃത്തമായ മഞ്ജരി, വഞ്ചിപ്പാട്ടുവൃത്തമായ നതോന്നത ഇവയും ഭാഷയിൽ പ്രസിദ്ധങ്ങൾതന്നെ. തുള്ളൽപ്പാട്ടുകളിലെ വൃത്തങ്ങളെപ്പററി ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. ഇന്നു പ്രായേണ ഭാഷാകവികൾ ആശ്രയിക്കുന്ന ദ്രാവിഡവൃത്തങ്ങൾ മഞ്ജരിയും കേകയും, അവ കഴിഞ്ഞാൽ നതോന്നതയും ദ്രുതകാകളിയും, അവയ്ക്കു പിന്നീടു് അന്നനടയും കാകളിയുമാകുന്നു. മററു ചില വൃത്തങ്ങൾക്കും ("ഇന്നലെച്ചെയ്തൊരബദ്ധം—മൂഢർക്കിന്നത്തെയാചാരമാവാം" "നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ—നരകവാരിധി നടുവിൽ ഞാൻ" മുതലായ മട്ടുകൾ) പ്രവേശമില്ലെന്നി

Digitized By Kerala Sahitya Akademi

ല്ലം. പണ്ടു പ്രചുരങ്ങളായിരുന്ന വൃത്തങ്ങളിൽ കേവലം ശബ്ദപ്രധാനമായ് മാത്രമല്ലാതെ ശോഭവരുത്തുവാൻ പ്രയാസമുള്ള കളകാഞ്ചിയെ ആധുനികകവികൾ ആദരിക്കുന്നില്ല. അതുകൂടി നോക്കുമ്പോൾ എല്ലാ കവികളും എടുത്തു പെരുമാറുന്ന ദ്രാവിഡവൃത്തങ്ങൾ ഇക്കാലത്തു് ഏറെക്കവിഞ്ഞാൽ എട്ടോ പത്തോ മാത്രമേയുള്ളു എന്നു പറയേണ്ടതില്ലല്ലോ.

രാമചരിതം മുതലായ പ്രാചീനഭാഷാകാവ്യങ്ങൾ പരിശോധിച്ചാൽ ആ കൃതികളുടെ പ്രണേതാക്കൾ അർവ്വാചീനന്മാരെക്കാൾ വളരെ അധികം ദ്രാവിഡവൃത്തങ്ങളിൽ കൈകാര്യം ചെയ്തുകൊണ്ടിരുന്നു എന്നു കാണാവുന്നതാണു്. ആ വൃത്തങ്ങളിൽ ആധുനികന്മാൎക്കു സ്വീകാരയോഗ്യമായി പലതുമുണ്ടു്. നാലായിരപ്രബന്ധം, പെരിയപുരാണം, തേവാരത്തിരട്ടു്, കമ്പരാമായണം, ജീവകചിന്താമണി, വില്ലിഭാരതം മുതലായ തമിഴ്ഗ്രന്ഥങ്ങളിൽ മലയാളത്തിനിണങ്ങുന്ന അനേകം വൃത്തങ്ങൾ ഞാൻ കണ്ടിട്ടുണ്ടു്. അവയെ ആധുനികപദ്യസാഹിത്യത്തിൽ സംക്രമിപ്പിക്കുന്നതു് ഒരു പ്രകാരത്തിലും അനാശാസ്യമാകുന്നതല്ല. ദ്രാവിഡഗോത്രത്തിൽ—പ്രത്യേകിച്ചു തമിഴിൽ—നടപ്പിലിരിക്കുന്ന വൃത്തങ്ങളിൽ ഏതെല്ലാം മലയാളഭാഷയ്ക്കു യോജിക്കുമോ അവയെ പ്രയോഗപദ്ധതിയിൽ പ്രവേശിപ്പിക്കുന്നതിനു നാം മടിക്കേണ്ടതില്ല. അങ്ങനെ ചെയ്താൽ മാത്രമേ നമ്മുടെ ഭാഷാവൃത്തഭണ്ഡാരം അതിന്റെ ഇന്നത്തെ ദയനീയമായ ശോഷത്തിൽനിന്നു വിമുക്തമായി ഇതു് അർഹിക്കുന്ന മാംസളതയെ പ്രാപിക്കുകയുള്ളു. അതല്ലാതെ ഇന്നു സ്വീകരിച്ചുകാണുന്ന എട്ടോ പത്തോ വൃത്തങ്ങൾകൊണ്ടുമാത്രം കേരളീയർ തൃപ്തിപ്പെട്ടിരുന്നുകൊള്ളണമെന്നു പറയുന്നതു് അവരുടെ ആത്മാഭിമാനത്തിനും ഉൽക്കർഷേച്ഛയ്ക്കും അനുരൂപമല്ല. പുതിയ വൃത്തങ്ങൾക്കു പൊതുജനസമ്മതി സിദ്ധിക്കുവാൻ കാലതാമസം വേണ്ടിവരുമെന്നു വിചാരിച്ചു മാത്രം കവികൾ അവരുടെ പരമമായ ലക്ഷ്യത്തിൽനിന്നു് ഒരിക്കലും പരാങ്മുഖരാകരുതു്.

നാം ഇപ്പോൾ പഴയ രീതിയിലുള്ള ഈരടികൾ മാത്രമേ രചിക്കുന്നുള്ളു. ഇതും നമുക്കു് ഒരു പോരായ്മയായ് നാം കരുതേണ്ടതാണു്.

Digitized By Kerala Sahitya Akademi

ഇംഗ്ലീഷിൽ സ്റ്റാൻസാ (Stanza) എന്നു പറയുന്ന പദ്യഖണ്ഡികാസമ്പ്രദായം മലയാളത്തിൽ പല മാതിരിയിൽ ആവിർഭവിക്കേണ്ടിയിരിക്കുന്നു. എന്റെ ഭക്തിദീപിക ഈ ഉദ്ദേശത്തെ മുൻനിറുത്തി രചിച്ചിട്ടുള്ള ഒരു കാവ്യമാണ്. അതിൽ ഓരോന്നിൽ ആറ് “ഈരടികൾ” (പന്ത്രണ്ടു വരികൾ) ചേരുമ്പോൾ ഒരു ഖണ്ഡികയാകുന്നു. ഇംഗ്ലീഷിലുള്ള സോണെററിനെ (Sonnet) അനുകരിച്ച് ഏഴ് ഈരടികൾ തമ്മിൽ ഘടിപ്പിച്ചു മലയാളത്തിൽ ഈയിടയ്ക്കായി രചിച്ചു കാണുന്ന ഗീതകം എന്ന കാവ്യപ്രസ്ഥാനത്തിനു ശോഭനമായ ഒരു ഭാവിയുണ്ടാകുന്നതിനു സംശയമില്ല. ഈ പ്രസ്ഥാനം ഇനിയും പല പരിഷ്കാരങ്ങൾക്കു വിധേയമാകുവാനുണ്ട്. നമുക്ക് ഇക്കാലത്തും ദ്വിതീയാക്ഷരപ്രാസം നിശ്ശേഷം വർജ്ജിച്ച് ഓരോ ഈരടിയുടേയും അവസാനത്തിൽ സാർവത്രികമായി വിരാമം വരുത്താതെയും വരികളുടെ മദ്ധ്യത്തിൽ സീഷുറാ (Caesura) എന്ന് ഇംഗ്ലീഷിൽ പറയുന്ന വൈവിധ്യത്തോടുകൂടിയുള്ള വിച്ഛിത്തിക്കു പഴുതു നല്കിയും ഒരു ബ്ലാങ്ക് വെഴ്സ് അഥവാ നിഷ്പ്രാസകാവ്യരീതി ഭാഷയിൽ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ലല്ലോ. ഈ വഴിക്ക് ആരെങ്കിലും ഒന്ന് ഉററു പരിശ്രമിക്കേണ്ടതാണ്. പണ്ടത്തെക്കാലങ്ങളിൽ ഒരു പാട്ടിന്റെ അവസാനത്തിൽ മാത്രമേ സാധാരണമായി വിരാമമുണ്ടായിരുന്നുള്ളു. “യതിസ്സർവത്ര പാദാന്തേ ശ്ലോകാർദ്ധേ തു വിശേഷതഃ” ഇത്യാദി യത്യുപദേശങ്ങൾ പിംഗളാചാര്യന്റെ ഛന്ദശ്ശാസ്ത്രത്തിലും മററുംകാണുന്നതു സംസ്കൃതത്തിന്റെ സമ്മർദ്ദം നിമിത്തം മലയാളഭാഷ കാലാന്തരത്തിൽ അംഗീകരിക്കേണ്ടതായി വന്നുകൂടി.

സംസ്കൃതം പദവിധാനത്തിൽ എന്നതുപോലെ വൃത്തവിഷയത്തിലും ദ്രാവിഡത്തിനു ധാരാളമായി കടപ്പെട്ടിട്ടുണ്ട്. ഈ തത്ത്വം ഞാൻ പല അവസരങ്ങളിൽ പ്രഖ്യാപനം ചെയ്തിട്ടുള്ളതാണ്. രാമായണം ഇരുപത്തിനാലു വൃത്തത്തിൽ കാണുന്ന ഓരോ വൃത്തവും ദ്രാവിഡവൃത്തമാകുന്നു. അവയിൽ ഇന്ദുവദന, കല്യാണി, മല്ലിക, മദനാർത്ത, പഞ്ചചാമരം മുതലായ വൃത്തങ്ങൾ പ്രസിദ്ധങ്ങളായ സംസ്കൃതകാവ്യങ്ങളിൽ വളരെ വിരളമായെങ്കിലും

Digitized By Kerala Sahitya Akademi

പ്രവേശിച്ചിട്ടുണ്ട്. മാഹരത മാഹാത മാഹരതബുദ്ധ്യാ, എന്ന ഇന്ദുവദനാപദ്യം മേൽപുത്തൂർ നാരായണഭട്ടതിരി നൃഗമോക്ഷം പ്രബന്ധത്തിൽ എഴുതി ചേർത്തിരിക്കുന്നു. ഭട്ടതിരി നാരായണീയത്തിൽ രാസക്രീഡാഘട്ടത്തിലും മററും പൊടിപാററീട്ടുള്ള കുസുമമഞ്ജരിയെപ്പററി ഛന്ദശ്ശാസ്ത്രകാരനായ പിങ്ഗളമുനിയാകട്ടെ, വൃത്തരത്നാകരകാരനായ കേദാരഭട്ടനാകട്ടെ, മന്ദാരമരന്ദചമ്പൂകാരനായ ശ്രീകൃഷ്ണകവിയാകട്ടെ, വാണീഭൂഷണകാരനായ ദാമോദരമിശ്രനാകട്ടെ കേട്ടിട്ടുപോലുമില്ല. പിങ്ഗളൻ ഇരുപത്തൊന്നക്ഷരമുള്ള പ്രകൃതി എന്ന ഛന്ദസ്സിൽ സ്രഗ്ദ്ധരയേയും, കേദാരഭട്ടനും ദാമോദരമിശ്രനും അതിനു പുറമെ മത്തവിലാസിനീ എന്നും നരേന്ദ്രം എന്നും യഥാക്രമം ഓരോ വൃത്തത്തേയും മാത്രമേ അനുസരിക്കുന്നുള്ളു. വൃത്തരത്നാവലിയിലാകട്ടെ കേരളീയനായ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ആ ഛന്ദസ്സിൽ സ്രഗ്ദ്ധരാ, തിരുചിരാ, കുസുമമഞ്ജരീ, തടിനീ, ശശിവദനാ, കുമുദിനീ, ഇങ്ങനെ ആറു വൃത്തങ്ങൾ പഠിക്കുന്നു. ഇന്ദുവദനയ്ക്കും കുസുമമഞ്ജരിക്കും മററും രാമചരിതത്തിൽ ധാരാളം പ്രവേശമുണ്ടെന്നുള്ളതു വായനക്കാർ ധരിച്ചിരിക്കുമല്ലോ.

ഭാഷയിൽനിന്നു നമുക്കു സംസ്കൃതവൃത്തങ്ങളെ ഏതുകാലം ബഹിഷ്കരിക്കാമോ എന്നാണ് അടുത്ത ചോദ്യം. മലയാളഭാഷാസാഹിത്യം പാട്ടെന്നും മണിപ്രവാളമെന്നും അത്യുകാലത്തു രണ്ടു ശാഖയായി പിരിഞ്ഞു. ദ്രാവിഡാക്ഷരങ്ങൾ മാത്രം ചേർന്നിട്ടുള്ളതും എതുക എന്ന ദ്വിതീയാക്ഷരപ്രാസത്തോടും മോന എന്ന പാദാദ്യപ്രാസത്തോടും കൂടിയതും ദ്രാവിഡവൃത്തത്തിൽ രചിക്കപ്പെട്ടിട്ടുള്ളതുമായ ഭാഷാകാവ്യമാണ് പാട്ട്. ഈ ലക്ഷണങ്ങളെല്ലാം ലീലാതിലകകാരൻ ഉദ്ധരിക്കുന്ന "തരതലന്താൻ" ഇത്യാദി പദ്യഖണ്ഡികയ്ക്കും രാമചരിതകാവ്യത്തിനുമുണ്ട്. പിന്നീടു ക്രമേണ സംസ്കൃതപദങ്ങൾ ഭാഷയിൽ പ്രവഹിച്ചു തുടങ്ങിയപ്പോൾ 'ദ്രമിഡസംഘാതാക്ഷരനിബദ്ധ'മെന്ന ആദ്യത്തെ ലക്ഷണം പാട്ടിൽ കാണാതെയായി. മണിപ്രവാളപദ്യം സംസ്കൃതവൃത്തങ്ങളിൽ രചിക്കണമെന്നും അതിൽ സംസ്കൃതപദങ്ങൾ സംസ്കൃതപ്രത്യയങ്ങളോടുകൂടിയും അല്ലാതെയും പ്രയോഗിക്കാമെന്നും ഭാഷയ്ക്കും രസത്തിനും

Digitized By Kerala Sahitya Akademi

പ്രാധാന്യം വരുത്തി രചിക്കുന്ന മണിപ്രവാളകാവ്യം ഉത്തമകോടിയിൽ പെടുമെന്നായിരുന്നു പണ്ടത്തെ നിയമം. മണിപ്രവാളകവിതയ്ക്കു ദ്വിതീയാക്ഷരപ്രാസം കണ്ഠാഭരണമായിത്തീർന്നതു പിന്നീടു മാത്രമാണു് എന്നുള്ളതിനു ചന്ദ്രോത്സവം ഒരു വിശിഷ്ടോദാഹരണമാണു്. സംസ്കൃതവൃത്തങ്ങളെല്ലാംതന്നെ മണിപ്രവാളകവികൾ സ്വീകരിച്ചില്ല. ഭാഷയിൽ രസപോഷണത്തിനു് ഉതകുമെന്നു തോന്നിയ സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം, മന്ദാക്രാന്ത, മാലിനി, വസന്തതിലകം, വംശസ്ഥം, പുഷ്പിതാഗ്ര, വസന്തമാലിക, വിയോഗിനി, രഥോദ്ധത, അനുഷ്ടുപ്പ് മുതലായ വൃത്തങ്ങളിലേ അവർ പദ്യങ്ങൾ രചിച്ചിട്ടുള്ളൂ.

> "അഥ തത്ര പാണ്ഡുതനയേന
> സദസി വിഹിതാം മധുദ്വിഷഃ;
> മാനമസഹത ന ചേദിപതിഃ;
> പരവൃദ്ധിമത്സരി മനോ ഹി മാനിനാം."

എന്ന പദ്യം ഉദ്ഗതാവൃത്തത്തിലുള്ളതും മാഘൻ ശിശുപാലവധം പതിനഞ്ചാം സർഗ്ഗവും അശ്വഘോഷൻ സൌന്ദരനന്ദം മൂന്നാം സർഗ്ഗവും ആ വൃത്തത്തിൽ രചിച്ചിട്ടുള്ളതുമാകുന്നു. എങ്കിലും ആ വൃത്തത്തിലൊരു പദ്യംപോലും നിർമ്മിക്കണമെന്നു് ഒരു മണിപ്രവാളകവിക്കും തോന്നീട്ടില്ല. പിംഗളാചാര്യൻപോലും സ്മരിക്കത്തക്കവണ്ണം അത്ര പ്രാചീനമായ ഒരു വൃത്തമാണു സ്വാഗത. കേദാരഭട്ടൻ, ശ്രീകൃഷ്ണൻ, ദാമോദരമിശ്രൻ മുതലായ ഛന്ദശ്ശാസ്ത്രാചാര്യന്മാരും അതിനെ സ്മരിക്കുന്നുണ്ടു്. കിരാതാർജ്ജുനീയം ഒൻപതാം സർഗ്ഗവും, ശിശുപാലവധം പത്താം സർഗ്ഗവും, നൈഷധീയചരിതം അഞ്ചും ഇരുപത്തൊന്നും സർഗ്ഗങ്ങളും ആ വൃത്തത്തിൽതന്നെ രചിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയെല്ലാമിരുന്നാലും മണിപ്രവാളത്തിനു ലക്ഷണശാസ്ത്രം നിർമ്മിച്ച ലീലാതിലകകാരൻ ആ മഹനീയമായ ഗ്രന്ഥത്തിന്റെ നാലാം ശില്പത്തിൽ ദുർവൃത്തം എന്ന കാവ്യദോഷത്തിനു് അനുചിതവൃത്തം എന്നു് അർത്ഥനിയമനം ചെയ്തു്, സ്വാഗത മണിപ്രവാളത്തിൽ യോജിക്കയില്ല എന്നു പ്രസ്താവിച്ചു് അതിനെ ദുർവൃത്തകോടിയിൽ തള്ളുന്നു. അതു് ആ വൃത്തം പാട്ടുപോലെ തോന്നുകയാലായിരിക്കണം. കേരള

Digitized By Kerala Sahitya Akademi

ള്ളനെ വധിക്കുന്നകണ്ടു' എന്നും മററും സ്യമന്തകം തുള്ളലിൽ കുഞ്ചൻ നമ്പിയാർ ഈ വൃത്തം പ്രയോഗിച്ചിരിക്കുന്നതു നോക്കുക. ഇതിൽനിന്നു പൂർവമഹാകവികൾ ഏതാനും സംസ്കൃതവൃത്തങ്ങളെ നല്ലതുപോലെ വിവേചനംചെയ്തു മണിപ്രവാളപദ്യസാഹിത്യത്തിൽ സംക്രമിപ്പിച്ചു എന്നും അവ ചിരകാലപ്രയോഗം നിമിത്തം ഭാഷയ്ക്കു സ്വാധീനങ്ങളായി ഭാഷാവൃത്തങ്ങളെപ്പോലെതന്നെ ജനസമ്മതിയെ ആവർജ്ജിച്ചു എന്നും ഊഹിക്കാവുന്നതാണു്. ആ വൃത്തസംഘാതം നമുക്കു നമ്മുടെ പൂർവഗാമികളിൽനിന്നു കിട്ടീട്ടുള്ള ഒരു വലിയ പിതൃധനഭണ്ഡാരമാകുന്നു. അതിനെ നാം എന്തിനു് ഇന്നു് അകാരണമായി തിരസ്കരിക്കണം? അനുഷ്ടുപ്പിനും, ഉപജാതിക്കും, ഗീതികക്കും, പുഷ്പിതാഗ്രയ്ക്കും, വസന്തതിലകത്തിനും, ശാർദ്ദൂലവിക്രീഡിതത്തിനും, സ്രഗ്ദ്ധരയ്ക്കും 'മററും ഭാഷയിൽ എല്ലാക്കാലത്തും ആത്മപ്രതിഷ്ഠയും ആവർജ്ജനശക്തിയും ഉണ്ടായിരിക്കുന്നതാണു്. ചങ്ങനാശ്ശേരി രവിവർമ്മകോയിത്തമ്പുരാന്റെ [illegible]ശതകം ഗീതിയിലും, വള്ളത്തോളിന്റെ ബധിരവിലാപം പുഷ്പിതാഗ്രയിലും, അനിരുദ്ധൻ വസന്തതിലകത്തിലും, വിലാസലതിക ശാർദ്ദൂലവിക്രീഡിതത്തിലും, നാലപ്പാട്ടു നാരായണമേനോന്റെ കണ്ണുനീർത്തുള്ളി ഉപജാതിയിലും, ചന്ദ്രോത്സവം ഒന്നാം സർഗ്ഗം മാലിനിയിലും, ഉണ്ണുനീലിസന്ദേശം മന്ദാക്രാന്തയിലും, കുമാരനാശാന്റെ നളിനി രഥോദ്ധതയിലും, എന്റെ മങ്ഗലമഞ്ജരി സ്രഗ്ദ്ധരയിലും രചിച്ചിട്ടുള്ളതുകൊണ്ടു് ആ കാവ്യങ്ങൾക്കു് അന്യഥാ പരിഹരിക്കാമായിരുന്ന യാതൊരു പ്രത്യേകമായ ന്യൂനതയും സഹൃദയന്മാരുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നില്ല. ആശയങ്ങളുടെ പ്രവാഹം ഈരടികളിലെന്നപോലെ അനുഷ്ടുപ്പിലും, ഉപജാതിയിലും, വംശസ്ഥത്തിലും അവിച്ഛിന്നമാക്കണമെങ്കിൽ ആക്കാവുന്നതാണു്. ഈരടികളുടെ അവസാനത്തിലുള്ള വിരാമംപോലും ചിലപ്പോൾ ആ പ്രവാഹത്തെ പ്രതിരോധിക്കുന്നില്ലെന്നു് എങ്ങനെ പറയാം? അതുകൊണ്ടാണു് ബ്ലാങ്ക് വേഴ്സ് പ്രസ്ഥാനം ഭാഷയിൽ വേണമെന്നു പറയുന്നതു്; അല്ലെങ്കിൽ കീററ്സ് (Keats) എൻഡിമിയോണിലും (Endymion), വില്യം മോറിസ് (William Morris) ലൈഫ് ആൻഡ് ഡെത്ത് ഓഫ് ജെസൺ (Life and Death of Jason) മുതലായ ആഖ്യാനകാവ്യങ്ങളിലും സ്വീകരിച്ചിരിക്കുന്ന (ഈരടികളുടെ അവസാനത്തിൽ

Digitized By Kerala Sahitya Akademi

വിച്ഛിത്തിവരുത്തുന്ന പ്രാസങ്ങളോടുകൂടിയ) ഒരു പുതിയ പ്രസ്ഥാനമെങ്കിലും ഏർപ്പെടുത്തേണ്ടിവരും. സംസ്കൃതവൃത്തങ്ങളെക്കാൾ ധാരാവാഹിതയ്ക്കു് ഒന്നുകൂടി പ്രയോജകീഭവിക്കുന്നതു ദ്രാവിഡവൃത്തങ്ങളായിക്കൊള്ളട്ടെ. അങ്ങനെ വേണ്ട അവസരങ്ങളിൽ ദ്രാവിഡവൃത്തങ്ങളിൽ തന്നെ കവനം ചെയ്യാവുന്നതുമാണല്ലോ. 'മുക്തകങ്ങൾക്കു സംസ്കൃതവൃത്തങ്ങൾ അത്യന്തം യോജിച്ചവയാണു്' എന്നു് ആരും സമ്മതിച്ചേ മതിയാവൂ. അതുകൊണ്ടുതന്നെയാണു് ഇന്നും ഒരുപറയ സന്ദേശകാവ്യപ്രസ്ഥാനത്തിലും മററു കവികൾ സാർവ്വത്രികമായി ശാർദ്ദൂലാദികൾ സ്വീകരിക്കുന്നതു്. സ്മരണത്തിനു അനുസന്ധാനത്തിനും താരതമ്യേന സൌകര്യം ശ്ലഥബന്ധങ്ങളല്ലാത്ത വൃത്തങ്ങൾക്കു തന്നെയാണെന്നുള്ള വസ്തുത ആർക്കു് അപലപിക്കാം? അതുകൊണ്ടാണു് അക്ഷരശ്ലോകപദ്ധതിക്ഷയ്ക്കും മററും ഈ വൃത്തങ്ങളിൽ രചിച്ചിട്ടുള്ള ശ്ലോകങ്ങൾ തന്നെ ഇക്കാലത്തും ചൊല്ലിപ്പോരുന്നതു്. വാസ്തവത്തിൽ വിരഹോദ്വേഗങ്ങളുടെ സങ്കേതത്തിൽ വസന്തതിലകവും ശാർദ്ദൂലവിക്രീഡിതാധികാരത്തിൽ ശോഭിക്കുമെന്നു ക്ഷേമേന്ദ്രമഹാകവി പ്രഭൃതിയും മററും സമർത്ഥിച്ചിട്ടുള്ളതു് സ്വവൃത്തതിലകത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് എത്രയോ അർത്ഥവത്താണു. അദ്ദേഹത്തിന്റെ വൃത്തസംബന്ധമായുള്ള മതങ്ങൾ സാകല്യേന ഭാഷയ്ക്കു യോജിച്ചവയാണെന്നു് എനിക്കഭിപ്രായമില്ലെന്നുകൂടി ഞാൻ അതോടുകൂടിത്തന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. മഹാകവിതയ്ക്കു പാദാന്തങ്ങളിൽ വിസർഗ്ഗം ഉണ്ടായിരുന്നാൽ മഹാഹാനി വരുമെന്നും മററുമുള്ള അദ്ദേഹത്തിന്റെ നിയമങ്ങൾ മണിപ്രവാളകവികൾപോലും അംഗീകരിച്ചിട്ടില്ല; പിന്നെയാണോ ഇപ്പോഴത്തെ ഭാഷാകവികൾക്കു് അവ ബാധകമാകുവാൻ? എങ്ങനെ നഖമുഖാദികൾ ശബ്ദവിഷയത്തിലോ അതുപോലെ വസന്തതിലകാദികൾ വൃത്തവിഷയത്തിൽ വളരെക്കാലം മുൻപുതന്നെ ഭാഷയിൽ സംക്രമിച്ചു ഭാഷയുമായി സാത്മ്യം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അവയെ ഇന്നു തികച്ചും കേകാദികളെപ്പോലെ ഭാഷാവൃത്തങ്ങൾ എന്നു ഗണിക്കുവാനേ തരമുള്ളു. അതുകൊണ്ടു നാം സംസ്കൃതവൃത്തങ്ങളിൽ കവനം ചെയ്യുമ്പോൾ അന്യഭാഷയിൽപ്പെട്ട വൃത്തങ്ങളിലാണു് കവനം ചെയ്യുന്നതു് എന്നോർത്തു മനസ്സങ്കോചത്തിനു വശംവദന്മാരാകേണ്ട ആവശ്യമില്ല. ഇംഗ്ലീഷിൽ ഒട്ടാവാറീമി (Ottava rima) മുതലായ എത്രയെത്ര വൃ

Digitized By Kerala Sahitya Akademi

ത്തങ്ങളാണ് ഇററാലിയൻ തുടങ്ങിയ ഭാഷകളിൽനിന്നു കടന്നുകൂടിയിരിക്കുന്നതു്। സ്വിൻബേർൺ (Swinburn) ബ്രിഡ്ജെസ് (Bridges) മുതലായ മഹാകവികൾ സമീപകാലത്തുപോലും എത്രയെത്ര വൃത്തങ്ങൾ ഫ്രഞ്ചിൽനിന്നു കടം വാങ്ങി? അതിനു് ആരെങ്കിലും അവരെ അധിക്ഷേപിക്കുകയോ അന്യരുടെ സ്വത്തുക്കൾക്കാവശ്യമില്ലെന്നു പറയുകയോ ചെയ്തുവോ? ഇല്ല.

ചുരുക്കത്തിൽ എനിക്കു പറവാനുള്ളതു് കൈരളി തനിക്കു് അമ്മവഴിക്കും അച്ഛൻവഴിക്കും കിട്ടീട്ടുള്ള സ്വത്തുകൾ ഒന്നുംതന്നെ കളഞ്ഞിട്ടു കാര്യമില്ലെന്നാകുന്നു; രണ്ടുവഴിക്കുള്ള സ്വത്തുകളും ആ ദേവി ഒപ്പം അനുഭവിച്ചുകൊള്ളട്ടെ. മാതാവിനെ പൂർവ്വാധികമായി മാനിക്കട്ടെ; ദ്രാവിഡവൃത്തങ്ങളുടെ രൂപവും സംഖ്യയും വർദ്ധിപ്പിച്ചു് അവയിൽ യുവകവികൾ ധാരാളമായി കൈകാര്യം ചെയ്യട്ടെ. എന്നാൽ അവർ സംസ്കൃതത്തെ വെറുക്കരുതു്; സംസ്കൃതവൃത്തങ്ങളേയും യഥായോഗ്യം ആദരിക്കണം. ഒരു കാവ്യത്തിനു് ഏതാണു് സന്ദർഭാനുഗുണമായ വൃത്തമെന്നു് അന്തരാത്മാവു കവിയെ ഉപദേശിച്ചുകൊള്ളും. ആ ഉപദേശത്തെ അവർ അനുസരിക്കട്ടെ. സർവ്വോപരി ഏതെങ്കിലും ഒരു വൃത്തത്തിൽ കവനംചെയ്യുവാൻ അന്യാദൃശമായ നൈപുണി സമ്പാദിക്കട്ടെ. അഭിനന്ദൻ (രാമചരിതകർത്താവു്) അനുഷ്ടുപ്പിലും, ഭാരവി വംശസ്ഥത്തിലും, രത്നാകരൻ (ഹരവിജയകർത്താവു്) വസന്തതിലകത്തിലും, ഭവഭൂതി ശിഖരിണിയിലും, കാളിദാസൻ മന്ദാക്രാന്തയിലും, രാജശേഖരൻ ശാർദ്ദൂലവിക്രീഡിതത്തിലും പ്രത്യേകിച്ചു മെച്ചം നേടിയതായി ക്ഷേമേന്ദ്രൻ പ്രസ്താവിക്കുന്നു. കൃഷ്ണഗാഥാകാരൻെറ മഞ്ജരി, എഴുത്തച്ഛൻെറ അന്നനട, പൂന്താനത്തിൻെറ ദ്രുതകാകളി, രാമപുരത്തു വാരിയരുടെ നതോന്നത, കാത്തുള്ളിൽ അച്യുതമേനോൻെറ കളകാഞ്ചി ഇവയുടെ മാധുര്യം അന്യാദൃശമാണെന്നുള്ളതു് അനുഭവൈകവേദ്യമാണല്ലോ.

"നാനാവൃത്തവിശേഷാസ്തു
കവേശ്ശുസ്തസ്യ ശാസനാൽ
യാന്തി പ്രഭോരിവാത്യന്ത-
മയോഗ്യാ അപി യോഗ്യതാം."

Digitized By Kerala Sahitya Akademi

എന്നുള്ള ക്ഷേമേന്ദ്രൻെറ വാക്യവും നാം ധരിച്ചിരിക്കണം. ഒരു വൃത്തം എത്രതന്നെ യോജിപ്പില്ലാത്തതായാലും വിദഗ്ദ്ധനായ ഒരു കവിയുടെ കൈകാര്യത്തിൽ പെടുമ്പോൾ അതിനു പ്രശസ്തനായ ഒരു പ്രഭുവിൻെറ ശാസനത്തിനു് അധീനനാകുന്ന സേവകനെന്നപോലെ യോഗ്യത തനിയെ വന്നുചേരുന്നതാകുന്നു.

സംസ്കൃതവൃത്തങ്ങളെ നമുക്കു പാടേ പരിത്യജിക്കേണ്ട ആവശ്യമൊന്നും ഇപ്പോൾ നേരിട്ടിട്ടില്ല; അങ്ങനെ ചെയ്യുന്നതു നമുക്കൊരു ഭൂഷണവുമല്ല. കൈരളിയുടെ സമാനകക്ഷ്യയിൽ സമുല്ലസിക്കുന്ന കർണ്ണാടകവും തെലുങ്കും അത്തരത്തിൽ ഒരു നിരർത്ഥകമായ സ്വാഭിമാനവിജൃംഭിതത്തിനു് ഇതുവരെ വിധേയകളായിട്ടില്ല. അവയും പണ്ടത്തെക്കാലത്തു ദ്രാവിഡവൃത്തങ്ങൾ കൊണ്ടുമാത്രം ഉപജീവിച്ചവയാണു്. തമിഴിൻെറ സ്ഥിതിയൊന്നു വേറെയാകുന്നു. അതു സംസ്കൃതത്തിലുള്ള വൃത്തങ്ങളെ മാത്രമല്ല—പദങ്ങളെക്കൂടിയല്ല—അക്ഷരമാലയെപ്പോലും പരിത്യജിക്കുന്നു. ആ പരിത്യാഗംകൊണ്ടുള്ള ഗുണവും ദോഷവും—അതേ ദോഷംതന്നെ—ആദിമകാലംമുതല്ക്കു് അനുഭവിക്കുകയും ചെയ്യുന്നു. ഡിസ്ട്രിക്റ്റ് ബോർഡ് ഡിസ്ട്രിക്റ്റ് പോർട്ടായും; മധ്യവും മദ്യവും ഒന്നുപോലെ മത്തിയമായുമല്ലാതെ തമിഴക്കു് എഴുതുവാൻ കഴിയുകയില്ലല്ലോ. തമിഴല്ല കൈരളിക്കു് ഈ വിഷയത്തിൽ മാർഗ്ഗജ്യോതിസ്സ്. ഞാൻ പറയുന്നതു തമിഴിനു പുറമേ ബെംഗാളി, ഹിന്ദി, കർണ്ണാടകം, തെലുങ്കു് മുതലായ ഭാഷകളിൽ നിന്നുകൂടി മലയാളഭാഷയ്ക്കിണങ്ങുന്ന വൃത്തങ്ങൾ സ്വീകരിച്ചു നമ്മുടെ വൃത്തസാമ്രാജ്യത്തിൻെറ പരിധി നമുക്കു കഴിവുള്ളിടത്തോളം വർദ്ധിപ്പിക്കുവാനായിരിക്കണം നമ്മുടെ ശ്രമമെന്നാകുന്നു. അതിനു നമ്മെക്കൊണ്ടു കഴിയട്ടെ! കഴിയാതെയിരിക്കട്ടെ; കൈവശത്തിലുള്ളതു കളഞ്ഞു കുളിക്കുന്നതു് ഏതായാലും അഭിലഷണീയമല്ല.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സാരാൎത്ഥവിവരണം. *

൮൦. ശുഭ്രാങ്ഗൌ:—വെളുത്ത ശരീരത്തോടുകൂടിയ കവിയും (ശുക്രനും) ഗീഷ്പതിയും (ബൃഹസ്പതിയും) അങ്ങയുടെ കവിത്വത്തേയും വാഗ്മിത്വത്തേയുംപററി കേട്ടു തങ്ങളുടെ യശസ്സിനു ഭംഗം വരുമല്ലൊ എന്നുള്ള ഭയത്തോടുകൂടി അങ്ങയുടെ കണ്ണുമൂലത്തെ പ്രാപിച്ചു ലജ്ജകൊണ്ടു "കരുണാരാശിയായ മഹാരാജാവേ, ഞങ്ങളെ രക്ഷിക്കണമേ" എന്നു പ്രാൎത്ഥിക്കുവാൻ നാക്കു പൊങ്ങാതെ, ആരുമറിയാത്ത നിലയിൽ, വൈരക്കടുക്കൻ എന്ന വ്യാജത്തിൽ എല്ലായ്പോഴും സ്ഥിതിചെയ്യുന്നു. ഗ്രഹങ്ങളായ ശുക്രബൃഹസ്പതികളുടെ വൎണ്ണം ശുഭ്രമാണല്ലോ.

൮൨. പ്രയുക്തഃ:—

"സ്വയമനവധി സൽകരിച്ചൊരെന്നെ-
ക്കരുതിടൊലാ വഴിപോമൊരുത്തനെന്നു്;
പരനൊടു മൊഴിവേൎണ്ടു രണ്ടുമൂന്നേ
ഖലു സുജനത്തിനു സഖ്യമങ്ങുനേടാൻ."

അയിഭവന്തം:—ജാഡ്യത്തെ (മൌഢ്യത്തെ എന്നു രാജപക്ഷത്തിലും തണുപ്പിനെ എന്നു സൂൎയ്യപക്ഷത്തിലും) ശമിപ്പിക്കുന്നവനെന്നും പ്രതിഭാകരനെന്നും (പ്രതിഭയ്ക്കു് ആകരം എന്നു രാജപക്ഷത്തിലും വെളിച്ചത്തെ നല്കുന്നവൻ എന്നു സൂൎയ്യപക്ഷത്തിലും) ശതപത്രങ്ങൾക്കു സുഹൃത്തുമെന്നും (അനവധി പത്രങ്ങൾ എന്നു രാജപക്ഷത്തിലും താമരപ്പൂക്കളെന്നു സൂൎയ്യപക്ഷത്തിലും) സുവിദിതനായ അങ്ങയെ ഞാൻ ആദിത്യനെന്നു ധരിക്കുന്നു.

൨൨. വിഷീദതാ:—വിഷാഗ്നി തുല്യവും വിഷാദസ്ഥാനവുമായ സംസാരസാഗരത്തിൽ കിടന്നുഴലുന്ന അടിയൻ, മറെറാരു പ്രതിവിധിയും കാണാതെ, ഈശ്വര, അടിയൻെറ അന്തരങ്ഗം

* ഇടത്തുവശത്തു കാണിച്ചിരിക്കുന്ന സംഖ്യ പുറത്തിൻേറതാകുന്നു.



Digitized By Kerala Sahitya Akademi

അവിടത്തെ സന്നിധിയിൽതന്നെ അറിയിച്ചുകൊള്ളുന്നു. (ആത്മാവിനെ അവിടത്തേക്കായി നിവേദനം ചെയ്യുന്നു.)

൨൮. യസ്യപ്രസാദ:—വരദനായ യാതൊരു ദേവന്റെ (മഹാവിഷ്ണുവിന്റെ) പ്രസാദലേശംകൊണ്ടു ബധിരൻ കേൾക്കുകയും, മുടന്തൻ നല്ലവണ്ണം ഓടുകയും, മൂകൻ ശീഘ്രമായി സംസാരിക്കുകയും, അന്ധൻ സമ്യക്കായ് ദർശനംചെയ്യുകയും, കന്യ പുത്രനെ ലഭിക്കുകയും ചെയ്യുമൊ, ആ ദേവനെ ഞാൻ ശരണം പ്രാപിക്കുന്നു.

൨൯. പ്രാകാരേണ:—ചുററും പുത്തനായ കോട്ടയോടുകൂടിയതും ഉയരത്തിലുള്ള ഗോപുരങ്ങളെക്കൊണ്ടു ശോഭിക്കുന്നതും ആയ ആ തൃപ്പൂണിത്തുറയിൽ ഭക്തന്മാൎക്ക് ഐശ്വൎയ്യദാനം ചെയ്യുന്നതിനവേണ്ടി, പരമകാരുണികനായ്, സകലജഗത്തുകളുടേയും മൂലകന്ദമായ മുകുന്ദൻ സ്ഥിതിചെയ്യുന്നു. അവിടെ അനന്തഭോഗാസനസ്ഥനായ ഭഗവാനെ വന്ദിക്കുകയും അതിനു സമീപം ശോഭിക്കുന്ന രാജധാനിയേയും വിപുലമായ അങ്ങാടിവഴിയേയും സന്ദൎശിക്കുകയും ചെയ്തശേഷം എന്റെ അവസ്ഥയെ ആലോചിച്ചു പിന്നെയും യാത്രതുടരുക.

൩൦. യഥാഹി:—എങ്ങനെ ഒരു ഗൎഭിണിയായ സ്ത്രീ തന്റെ മനസ്സിനു് ഏററവും പ്രിയമായി തോന്നുന്നതിനെ കൈവെടിഞ്ഞിട്ടു ഗൎഭത്തിന്റെ ഹിതത്തെ ചെയ്യുമോ അതുപോലെ രാജാവും ആത്മപ്രിയത്തെ ത്യജിച്ചു പ്രജാഹിതത്തെ പാലിക്കണം.

ഏഷന്യാസോ:—അല്പയോ പ്രജകളേ, നിങ്ങൾ എല്ലാവരുടേയും പക്കൽ ഈ യുധിഷ്ഠിരനെ ഒരു ന്യാസദ്രവ്യമായി ഞാൻ ഏല്പിക്കുന്നു; നിങ്ങളേയും അതുപോലെ ഈ വീരനായ യുധിഷ്ഠിരന്റെ പക്കൽ ഞാൻ ഒരു ന്യാസദ്രവ്യമാക്കുന്നു.

൩൧. ത്രീണ്യാഹു:—ഗോദാനം, ഭൂദാനം, (സരസ്വതീ) വിദ്യാദാനം ഇവ മൂന്നിനേയും അതിദാനങ്ങൾ എന്നു പറയുന്നു. ഇവ മൂന്നും ദാതാവിനെ നരകത്തിൽനിന്നു് ഉദ്ധരിക്കുന്നു. ഇവ കൊണ്ടു മനുഷ്യൎക്കു മുക്തി സിദ്ധിക്കുമെന്നുള്ളതിനാൽ) (വിദ്യാദാനമാകുന്നു സൎവോത്തമം. വിദ്യാ

Digitized By Kerala Sahitya Akademi

൩൭. അന്യോന്യഭാഷാ:—പല ദിക്കുകളിൽനിന്നു വന്ന രാജാക്കന്മാർ അവരവരുടെ ഭാഷയിൽ സംഭാഷണം ചെയ്താൽ അന്യന്മാൎക്ക് മനസ്സിലാകുന്നതല്ല എന്നുള്ളതുകൊണ്ടു് സംസ്കൃതഭാഷയിൽ സംവ്യവഹാരം ചെയ്തു. ദേവന്മാരുടെ ഭാഷയും അതുതന്നെയാണല്ലോ. അതുകൊണ്ടു ജനങ്ങൾ അവരെ രാജാക്കന്മാരിൽനിന്നു ഭിന്നന്മാരാണെന്നു ധരിച്ചില്ല.

൩൮. ധൎമ്മേചാൎത്ഥേച:—ധൎമ്മത്തിലും അൎത്ഥത്തിലും കാമത്തിലും മോക്ഷത്തിലും ഈ മഹാഭാരതത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ഇതരഗ്രന്ഥങ്ങളിലും കണ്ടേക്കാം; ഇതിലില്ലാത്തതു് ഒരിടത്തും കാണുകയില്ല.

ശ്രുത്വാതവിദം:—ഈ മഹാഭാരതം വായിച്ചു കേട്ടാൽ ശ്രാവ്യമായുള്ള മറെറാന്നിലും മനുഷ്യനു രുചി തോന്നുകയില്ല. ആൺകുയിലിന്റെ പാട്ടുകേട്ടവൎക്കുണ്ടോ രൂക്ഷമായ കാക്കയുടെ ശബ്ദം ആനന്ദപ്രദമാകുന്നു?

വന്ദേ മുതലായ പദ്യങ്ങൾ:—കുവലയിനീ......പീഡൻ. ബാലചന്ദ്രൻ അവതംസമായിട്ടുള്ളവൻ (ഗണപതിയും ശൈവമൂൎത്തിയാകകൊണ്ടു കവി അത്തരത്തിൽ വന്ദിക്കുന്നു.) സബ്രഹ്മചാരി=തുല്യം. കബളയതി (ഭക്ഷിക്കുന്നു)=അപഹരിക്കുന്നു.

൩൯. ഇദംഭുങ്ക്ഷ്വ:—അല്ലയോ സ്വൎഗ്ഗതനായ മഹാരാജാവേ, ഈ ഓടൽപിണ്ണാക്കു ഭക്ഷിക്കുക; ഞങ്ങൾക്കു് എല്ലാവൎക്കും ഇപ്പോൾ ഇതുതന്നെയാണു് ആഹാരം. യാതൊന്നാണോ ഒരു മനുഷ്യൻ ഭക്ഷിക്കുന്നതു് അതുതന്നെയാണല്ലോ അവന്റെ ദേവതകൾക്കും ഭക്ഷണം.

൪൦. അലാതം തിന്ദുകസ്യ:—കുന്തിരിക്കംകൊണ്ടുണ്ടാക്കിയ പന്തം പോലെ മുഹൂൎത്തസമയത്തേക്കു ജ്വലിക്കുക; അനുമതി. ജീവനിൽ കൊതിയോടുകൂടി ഉമിത്തീപോലെ ജ്യോതിസ്സില്ലാതെ പുകമാത്രമായികഴിഞ്ഞുകൂടരുതു്.

൪൧. യദ്യദാത്മനി:—യാതൊന്നു് ഒരുവൻ തനിക്കുവേണമെന്നു് ഇച്ഛിക്കുന്നുവോ അതു് അന്യനും ഇച്ഛിക്കണം; തനിക്കു

Digitized By Kerala Sahitya Akademi

യാതൊന്നു് അപ്രിയമാണെന്നു താൻ അറിയുന്നുവോ അതു മററുള്ളവൎക്കു ചെയ്യുകയുമരുതു്.

൭൨. ചമൂനിയമമേനനവാ:—സേനാനായകന്മാരായോ ജനപദാധിപന്മാരായോ ബ്രാഹ്മണർ മഹാരാഷ്ട്രദേശത്തിൽ പ്രഭുപദവിയെ പ്രാപിച്ചു ബ്രാഹ്മണരുടെ വൃത്തിയെ പാലിച്ചില്ലെന്നുവരികിൽ യവനന്മാരാൽ (വേഷ്ടിതം=ചുററപ്പെട്ടതു്) ആക്രാന്തമായ ഈ ഭാരതവർഷം അബ്രാഹ്മണമായിപ്പോകുമായിരുന്നു.

൭൭. വടമൊഴിയെ:—ഭഗവാൻ ശ്രീപരമേശ്വരൻ സംസ്കൃതത്തെ പാണിനിമഹൎഷിക്കെന്നപോലെ വിശിഷ്ടമായ തമിഴിനെ എല്ലാ ലോകവും തൊഴുതു പുകഴുന്ന അഗസ്ത്യമഹൎഷിക്കു ദൃഢമായി നല്കി എന്നു വരുമ്പോൾ സമുദ്രം അതിരായുള്ള ഭൂമിയിൽ ഈ തമിഴുഭാഷയുടെ മേന്മ ആരാണു് പരിച്ഛേദിച്ചറിയുന്നതു്?

അവശ്യം മുതലായ പദ്യങ്ങൾ:—സംസ്കൃതംപോലെതന്നെ പ്രാകൃതവും ഗ്രഹിക്കേണ്ടതാകുന്നു; എന്തുകൊണ്ടെന്നാൽ അതു സരസ്വതീദേവിയുടെ മുഖത്തിൽനിന്നു നിസ്സരിച്ച മുഗ്ദ്ധഭാഷിതമാകുന്നു അതുപോലെതന്നെ ദ്രാവിഡഭാഷയും പഠിക്കേണ്ടതാണു്; എന്തുകൊണ്ടെന്നാൽ ആ ഭാഷയ്ക്കു വ്യാകരണം നിൎമ്മിച്ചതു സൎവ്വജ്ഞനായ അഗസ്ത്യമഹൎഷിയാകുന്നു.

൩൦. അങ്കനെടു:—അങ്കം=അലങ്കാരം. നെടുമതിൽപുടൈചൂഴയോത്തി=ഉയൎന്ന നെടുമതിൽ ചൂഴുന്ന അയോദ്ധ്യ. അനൈത്തും=മുഴുവൻ. വെങ്കതിരോൻ=സൂൎയ്യൻ. ഉയ്കൊള്ളുക=രക്ഷിക്കുക. ചെങ്കൺ=ചെമ്മുള്ള (നല്ല) കണ്ണുകൾ. മുതല്വൻ=ആദ്യൻ. കൊൽ (പാദപൂരകമായ ഒരു പദം.)

൩൯. മാവീററിരുന്ത:—ലക്ഷ്മീദേവി ആനന്ദത്തോടുകൂടി വാഴുകന്നിത്തും പ്രാചീനമായ മലനാട്ടിനു പലമാതിരിയിലുള്ള കീൎത്തികളെ കവികൾ കല്പിച്ചു ഗാനംചെയ്യത്തക്കവണ്ണം അത്ര മഹനീയമായ പുരാണനഗരമാകുന്ന ശ്രീപരമേശ്വരൻ അടിയരുള്ള

Digitized By Kerala Sahitya Akademi

ന്നതും തിരുവഞ്ചിക്കുളത്തിനടുത്തു ചേരരാജാക്കന്മാർ അധിവസിച്ചു രാജ്യഭാരം ചെയ്യുന്നതുമായ കൊടുങ്കോളൂർ (കൊടുങ്ങല്ലൂർ.)

൯൭. കണ്ണങ്കൊള വൃന്ദർ:— സംഘംചേൎന്ന് അസുരരെ വെന്ന സ്വൎണ്ണമാല ധരിച്ച മായോൻ (വാമനമൂൎത്തി) ജനിച്ച ഓണമെന്ന നല്ല ദിവസത്തിൽ......മത്സരിക്കുന്ന ചേരികളിൽ അന്യോന്യം നടത്തുന്ന യുദ്ധത്തിൽ പിൻവാങ്ങാതെ നില്ക്കുകയാൽ മുറിപെട്ട നെററിയോടുകൂടിയ വീരന്മാർ.

൯൮. ഭയോത്സൃഷ്ടഃ:—

“ഭയരതിനാൽ കേരളിമാർ വിഭൂഷാ-
ചയത്തെ വിട്ടന്നളകത്തിൽ വീരൻ
ജയത്തെ നേടും പടയാളിമാര-
ങ്ങുയൎത്തിയോരപ്പൊടി ചൂൎണ്ണമാക്കി.”

൯൯. അമൃഖതോവലിതഃ—തലയിൽ ചുററിക്കെട്ടിവച്ച മുടിയാകുന്ന ശിരോലങ്കാരത്തോടും, കുറുനിരക്കൂട്ടംകൊണ്ടു ലാഞ്ഛിതമായ നെററിത്തടത്തോടും, കച്ചപ്പുറംകൊണ്ടു ഞെരുക്കപ്പെട്ട ഉടുപുടവയോടുംകൂടിയ കേരളസ്ത്രീകളുടെ വേഷം എന്നും ജയിക്കുന്നു.

മുരളാമാരുതഃ:—

“സ്വയം ലസൽകേതകസൂനരേണു-
ചയത്തെയന്നാ മുരളാസമീരൻ
പ്രയത്നമെന്ന്യേ പടവാസമാക്കീ
പ്രിയത്തൊടന്നബ്ഭടകഞ്ചുകത്തിൽ”

൧൦൦. ശ്രദ്ധയോടുകൂടിയവൻ താണവനിൽനിന്ന വിദ്യയേയും അന്ത്യജനിൽനിന്ന മോക്ഷധൎമ്മത്തെയും ദുഷ്കുലത്തിൽനിന്ന സ്ത്രീരത്നത്തേയും സ്വീകരിക്കാം.

൧൦൧. യുദ്ധത്തിൽ മരിച്ച ഭടന്മാർ, നഭോവീഥിയിൽ തങ്ങളുടെ വക്ഷസ്തടം പാരിജാതപ്പൂമ്പൊടിയാൽ പരിമളം ഉൾക്കൊള്ളവേ, ഭൂമിയിൽ തങ്ങളുടെ കുണപങ്ങൾ നിഷത്തിലേ പൊടി പിരണ്ടു കിടക്കുന്നതും, തങ്ങളെ ദേവസ്ത്രീകൾ ആലിങ്ഗനംചെയ്യുവേ.

Digitized By Kerala Sahitya Akademi

ദരം ഭയ ജംബൂകികൾ പരിരംഭണം ചെയ്യുന്നതും, തങ്ങൾ ചന്ദനജലത്തിൽ നനയ്ക്കപ്പെട്ട കല്പലതാദുകൂലങ്ങളെക്കൊണ്ടു സംവീജിതരാകുമ്പോൾ, അവയെ മാംസഭുക്കുകളായ പക്ഷികൾ ചിറകുകൾകൊണ്ടു വീശുന്നതും, തങ്ങൾ വിമാനപര്യങ്കത്തിൽ ശയിക്കുമ്പോൾ തങ്ങളുടെ ദേഹങ്ങൾ പതിക്കുന്നതും, സ്വർഗ്ഗസുന്ദരികൾ ചൂണ്ടിക്കാണിക്കുന്നതു കണ്ടു.

൪൦൯. സത്യംമനോരമാ:—സ്ത്രീകൾ മനോഹരകളെന്നും ഐശ്വര്യങ്ങൾ രമ്യങ്ങളെന്നുമുള്ളതു സത്യംതന്നെ; പക്ഷെ ജീവിതം മത്തയായ ഒരു സ്ത്രീയുടെ കടാക്ഷവീചിപോലെ ചഞ്ചലമാണു് എന്നുകൂടി ഓർമ്മിക്കേണ്ടതുണ്ടു്.

൪൧൦. ലാലാജലം ഒഴുകട്ടെ; പല്ലുകളാകുന്ന അസ്ഥികളെക്കൊണ്ടു നിറഞ്ഞിരിക്കട്ടെ; അധരം ചോരകൊണ്ടു ബന്ധുരമാക്കപ്പെട്ടതായിരിക്കട്ടെ; കണ്ണു സ്നിഗ്ദ്ധമായ മാംസത്തോടു ചേരുകനിമിത്തം ഉജ്ജ്വലമാകട്ടെ; ഏതായാലും, അല്ലയോ നായികേ, നിന്റെ മുഖം തന്നെയാകുന്നു സംസാരത്തിൽ സാരമായിട്ടുള്ളതു്.

൪൧൧. കപാകാര്യം:—

"എങ്ങിരുന്നാലുമെങ്ങു മൃഗകുലക്കന്യാ-
മിനിക്കാണുമെന്നോ?
പങ്കം പോക്കണമെന്‍ശ്രുതം; രുചിരമാ-
വക്ത്രം കയത്തൊപ്പാഴും;
എന്തോതും ബുധർ കേൾക്കിൽ? ആയവളഹോ സ്വപ്നത്തിലും ദുർല്ലഭാ;
സ്വാന്ത, താം ഭ്രമിയായ്ക; യോഗ്യമധുവാണ്ടു-
ണ്ടോനെവൻ ഭാഗ്യവാൻ?"

൪൧൨. അയംസ:—ഇതാ ഒരു മേഖലയെ ഉയർത്തുന്നതും പീനസ്തനങ്ങളെ വിമർദ്ദനം ചെയ്യുന്നതും, നാഭി, ഊരുക്കൾ, ജഘനം ഇവയെ സ്പർശിക്കുന്നതും മടിക്കുത്തു് അഴിക്കുന്നതുമായ കൈ.

Digitized By Kerala Sahitya Akademi

ദന്തക്ഷതാനി:—"രക്തത്തിൽ അനുഗ്രഹമുള്ള സിംഹി അങ്ങയുടെ സാന്ദ്രമായ രോമാഞ്ചം എഴുന്ന ശരീരത്തിൽ പല്ലുകൊണ്ടു കടിക്കുകയും നഖംകൊണ്ടു മാന്തുകയും ചെയ്തു. അതു കണ്ടപ്പോൾ ആ മൃഗരാജവധു അനുരക്തഹൃദയയായി പുളകമണിഞ്ഞ അങ്ങയുടെ ശരീരത്തിൽ ദന്തക്ഷതവും നഖക്ഷതവും ഏല്പിച്ചതുപോലെ മഹർഷിമാർക്കു തോന്നുകയും അവരും ആ അവസ്ഥ കാമിക്കുകയും ചെയ്തു." ഇവിടെ രോമാഞ്ചം വസ്തുസ്ഥിതിയിൽ ദയാവീരത്തിൻെറ സാത്വികഭാവമാണ്.

൮൬. ക്ഷിപ്തോഹസ്താവലഗ്നഃ:—

"വേഗത്താൽ ക്ഷിപ്തനാലംബിതകരനവധൂ-
താൻ ഗൃഹീതാംശുകാന്തൻ
പ്രാഗല്ഭ്യത്തോടപാസ്തൻ കലിതകചനനാ-
ലോകിതൻ പാദലഗ്നൻ
ആശ്ലിഷ്ടോംഗനേ നിർധൂതനഴലിയച്ചും
മുപ്പുരസ്ത്രീജനത്താ-
ലാഗസ്വീ കാമിപോൽ ശങ്കരശരദഹനൻ
ദഗ്ധമാക്കട്ടെഘം വഃ"

൮൭. കോപാൽ കോമള:—

"കാലുഷ്യത്തോടു ലോലായിതഭുജലതയാൽ
ഗാഢമാബദ്ധ്യ സായം-
കാലേ കേളീഗൃഹത്തിൽ പ്രിയതമനെ നയി-
ച്ചാളിമാർ നോക്കിനില്ക്കെ
'മേലാലീവണ്ണ' മെന്നങ്ങിടറിയരുളിയാഗ-
സ്സിനെസ്സൂചിപ്പിതാ
ലോലാക്ഷീ, നിഹ്നവാൽകം പ്രഹരതി
രുദതീ ധന്യമേനം ഹസന്തം."

൮൮. അന്യസ്യയ:—ഒരു രസത്തിൻെറ പ്രസംഗത്തിൽ ക്രമം വിട്ടു മററു രസം കടന്നു കൂടിയാൽ അതു വിരസമായിത്തീരുന്നു; അതു

Digitized By Kerala Sahitya Akademi

പ്രബന്ധങ്ങളിൽനിന്നു നല്ലപോലെ അറിയുവാൻ കഴിയുന്ന തുമാണു്

൭൭൪. സീതാം സംസ്മൃത്യ:—തിരകളിൽ ഇളകുന്ന കരിംകുവളപ്പൂവു പോലെയുള്ള കണ്ണുകൾകൊണ്ടുമനോഹരമാക്കുന്ന സീതയെ സ്മരിച്ചു കൊണ്ടും രാക്ഷസന്മാരുടെ അമ്പുകളേറ്റുണ്ടായ മുറിവുകളിൽ നിന്നൊഴുകുന്ന രക്തത്താൽ സിക്തമായ സേനയെ കണ്ടു കൊണ്ടും, ശ്രീരാമൻ ക്രോധത്താൽ ഗർവിതനായ ദശമുഖനിൽ നിന്നു പതിക്കുന്ന മുണ്ഡങ്ങളുടെ ലാഭത്തിൽ സന്തോഷിച്ചു കളിയാടുന്ന കാളിയുടെ ഭയങ്കരമായ ഭ്രൂകുടിയോടു തുല്യമായ വില്ലു സന്ധാനംചെയ്തു.

൭൭൫. ഗളേ ചിഹ്നം:—മാറിടത്തിൽ വിശാലമായ മുണ്ഡമാലയാണു് ആഭരണം; കഴുത്തിൽനിന്നു തലയോടു വിട്ടുപിരിഞ്ഞിട്ടില്ല; ഉടുക്കുന്ന തുണിയോ മാൻതോലാണു്; അങ്ങനെയായാലും പാർവതീദേവിക്കു പക്ഷപാതം ശ്രീപരമേശ്വരനിൽ ഉദിക്കുന്നു. കാമികളുടെ പ്രേമബന്ധം വിചിത്രമെന്നേ പറയേണ്ടതുള്ളു,

൭൭൬. ഉദ്യതൈക:—

"സ്ഫുടമാണിനുള്ള കുടൽ കാഞ്ചിയായ് ഭുജ-
ത്തടിയൊന്നുപൊക്കിയണഞ്ഞ ളിലന്നവൻ
തടവറ്റൊരമ്പുമബലാവധേ പരം
തടവുന്നൊരൻപുമൊരുമിച്ചു വിട്ടതേ"

അപ്രചിഷ്ട:—

നെട്ടമാർഗ്ഗമായിതു കടന്നിടാതൊഴി-
ഞ്ഞിട്ടമാനിശാടവിഷയത്തിലേക്കഹോ."

മാല്യൈർധ്വജാഗ്രപതിതൈഃ:—

"ചന്തം ചേരും ധ്വജാഗ്രച്യുതമലർനിരയാ-
ലുത്തമാങ്ഗത്തിൽ മാല്യം
ബന്ധിക്കപ്പെട്ടൊരപ്പേന്തിയ കരമൊടെഴും
ചന്ത രോരാളിതന്നെ

Digitized By Kerala Sahitya Akademi

ബന്ധുപ്പെണ്ണുങ്ങൾ പുത്രീകണ്ഠവക്ത്രവഹ്ന-
ത്തിങ്കൽ നിന്നെന്നപോലെ
വൻതേരിന്നുള്ളിൽ നിന്നിക്കുറുനരികളിറ-
ക്കുന്നു ചിത്തം കുളിക്കെ."

൧൨൭. അനത്ഥമത്ഥദ്രവ്യപണ:—

അനത്ഥമത്ഥപടിപ്പി—ലവൾ ചൊല്ലിക്കൊടുക്കയാൽ
ഹർഷിച്ചുറച്ചു കൈകേയി—ചൊന്നാൾ മന്ഥരയോടിദം.
കൂനിവാക്കാൽപ്പൈൺകുതിര—പോലുന്മാർഗ്ഗമണഞ്ഞവൾ;
കൈകേയി വിസ്മയിച്ചല്ലോ—പാരം പരമദശന.

൧൨൮. യേഷാംവംശേ:—

"ഈ മാഹാഭാഗ്യവാന്മാർകുലത്തിലുളവായാ
ഹരിശ്ചന്ദ്രരാജൻ;
മീമാംസാസാരകൈതമാരിളമതിവഴി-
ക്കേരളത്തിൽപ്പരത്തി;
സാമാന്യം പോരിൽ വൈരികൾക്കയമതിനിവാ-
രിൽക്കാളി മുന്നിട്ടനില്ല-
ങ്ങാമാന്യന്മാരെ വാഴ്ത്തുമ്പൊഴുതെ വന്ന ജനി-
ക്കില്ലഹോ വക്ത്രശുദ്ധി?

കേളുംനീ:—ഇന്നാവും=ഇനിയും. ജളം=ജാള്യം. കുരുതി=രക്തം. മുനിന്തു=കോപിച്ച്.

൧൨൯. ഭ്രമസി:—സർവ്വജനദുഃഖത്തേയും ശമിപ്പിക്കുന്നതിനു എന്ന പോലെ എല്ലാ സ്ഥലത്തിലും ഒരേ കണക്കിൽ അങ്ങു വായുരൂപനായി സഞ്ചരിക്കുന്നു; നവമേഘശ്യാമളനായ മഹാവിഷ്ണുവിനെ മരതകരത്നംപോലെ സമുദ്രരൂപനായി വഹിക്കുന്നു; പാൽക്കടലിലെ തിരകളുടെ ശോഭയുള്ള കിരണങ്ങളോടുകൂടിയ വിശിഷ്ടതേജസ്സിനെ ചന്ദ്രരൂപനായി ധരിക്കുന്നു; ഭൂമിയുടെ ചേറെന്നപോലെയുള്ള സാന്ദ്രമായ കൂരിരുട്ടിനെ വിശങ്കം ആദിത്യരൂപനായി നശിപ്പിക്കുന്നു; ജലംകൊണ്ടു മേഘം ചാതകങ്ങളെയെന്നപോലെ ഹവിസ്സുകൊണ്ടു ദേവന്മാരെ യജമാനരൂപ

Digitized By Kerala Sahitya Akademi

നായി ആനന്ദിപ്പിക്കുന്നു; താപത്തെ നശിപ്പിക്കുന്ന ഗ്രഹങ്ങളെ കാരുണ്യവൃക്ഷത്തിന്റെ പുഷ്പങ്ങളെ എന്നപോലെ ഗഗനരൂപനായി വഹിക്കുന്നു; മായാവരാഹനായ മഹാവിഷ്ണുവിന്റെ തേറ്റയിൽ മുല്ലമാലയിൽ വണ്ടെന്നപോലെ പൃഥിവീരൂപനായി വസിക്കുന്നു; ഹിമസംഹതിയെ നശിപ്പിക്കുന്ന ജ്വാലകളെ പ്രേമവൃക്ഷത്തിന്റെ കൊമ്പുകളെന്നപോലെ അഗ്നിരൂപനായി വഹിക്കുന്നു. വസുമിതശരീരൻ=അഷ്ടമൂർത്തി. വസുക്കൾ എട്ടുപേരാണല്ലോ.

൱൰൧. കൃഷ്ണരാമ:—ഈ ചരണങ്ങളിലെ ശബ്ദമാധുര്യമാണ്. ആസ്വാദ്യമായുള്ളത്. അകൃത=ചെയ്യ. ഘുസൃണം=കുങ്കമം. ഫെമ്മ വാരി=വിയർപ്പ്. സാരസനാകം=അരഞ്ഞാൺ. കപിശവസനം=പീതാംബരം.

ലക്ഷ്മീനാഥ:—അല്ലയോ ലക്ഷ്മീപതേ! പണ്ടു ദേവാസുരയുദ്ധത്തിൽ കാലനേമി തുടങ്ങിയുള്ള അസുരന്മാർ തുച്ഛതരന്മാരാണെങ്കിലും കർമ്മശേഷത്തിന്റെ ബലംകൊണ്ടു മുക്തിയെ പ്രാപിച്ചില്ല; തന്നിൽ നിവസിക്കുന്ന അവരുടെ ഭൂരിഭാരം സഹിക്കവാൻ പാടില്ലാതെ ഭൂദേവി ദുഃഖത്തോടുകൂടി ദേവപരിവൃതനായ ബ്രഹ്മാവിന്റെ സന്നിധിയിൽചെന്ന് ഇങ്ങനെ ഉണർത്തിച്ചു.

൱൧൨. തനയോഥ:—അദ്ദേഹത്തിന്റെ പുത്രനും, വിനയഗുണാഭിരാമനും, ജിതേന്ദ്രിയനും ആയ അർജ്ജുനൻ ശ്രീപരമേശ്വരന്റെ പക്കൽനിന്നു പാശുപതാസ്ത്രം ലഭിച്ചു മഹിതന്മാരായ മഹർഷിമാരാൽ പുകഴ്ത്തപ്പെട്ടവനായി ഏതാനും ദിവസങ്ങൾ ഹിമവൽപർവ്വതത്തിൽ വസിച്ചു.

൱൧൩. ഹതാൻ:—തന്റെ ഭടന്മാർ മരിച്ച വൃത്താന്തം കേട്ടു കാലകേയനും ആയുധം ധരിച്ചുകൊണ്ട് അർജ്ജുനനോടു യുദ്ധത്തിനായി നേരിട്ടു പ്രതിയോഗിയെ പുല്ലുപോലെ ഗണിച്ച് ഇങ്ങനെ പറഞ്ഞു.

൱൧൪. ഹത്വാ യുധേ:—യുദ്ധത്തിൽ സേനയോടുകൂടി കാലകേയനെ വധിച്ചതിന്റെശേഷം സൂതസഹിതനായി ദേവേന്ദ്രന്റെ പാർശ്വത്തെ പ്രാപിക്കുന്നതിനു ബദ്ധശ്രദ്ധനായ അർജ്ജുനനെ

Digitized By Kerala Sahitya Akademi

കൈകൾകൊണ്ടു് ഗാഢമായി ആശ്ലേഷിച്ചിട്ടു പ്രീതിയോടു കൂടി നന്ദികേശ്വരൻ ഇങ്ങനെ പറഞ്ഞു.

൨൧൭. **ആമന്ത്ര്യ:**—ശ്രീപരമേശ്വരന്റെ പാർഷദൻ ആമന്ത്രണം ചെയ്തുപോയതിനുശേഷം അൎജ്ജുനൻ അച്ഛന്റെ ഗൃഹത്തെ പ്രാപിച്ചു; അവിടെ 'ജയിച്ചാലും' 'ജീവിച്ചാലും' എന്നു ദേവന്മാരാൽ സ്തുതിക്കപ്പെട്ടവനായി ദേവേന്ദ്രനെ നമസ്കരിച്ചുകൊണ്ടു് ആ കുരുശ്രേഷ്ഠൻ (ഇങ്ങനെ) പറഞ്ഞു.

മാനിതോമര: — ആ പുരത്തിൽ ഏതാനും ദിവസങ്ങൾ ദേവേന്ദ്രനാൽ മാനിതനായും മഹാവിഷ്ണുവിന്റെ പാദപങ്കജങ്ങളെ സ്മരിച്ചുകൊണ്ടും മാനികൾക്കു് അഗ്രേസരനായ അൎജ്ജുനൻ താമസിച്ചു.

൨൧൮. ദേവീം ഇത്യാദി പദങ്ങൾ: —ഖേടം=പരിച. കുക്കരം=പട്ടി. ദാമം=കയറു്. ഖേടരതൻ=നായാട്ടിൽ പ്രീതിയുള്ളവൻ. മേധാവതാം=ബുദ്ധിമാന്മാരുടെ ഇന്ദ്രോപലാസിതം=ഇന്ദ്രനീലക്കല്ലു പോലെ ശ്യാമളം.

൨൧൯. ശബരവര:—കിരാതരുദ്രൻ, വിഷ്ണു, ശാസ്താവു് എന്നീ കിളിമാനൂരിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മൂന്നു ദേവന്മാരിലും എന്റെ മനസ്സു് എന്നും വിഹരിക്കട്ടെ.

ഭൂതേഷു ഇത്യാദി പദ്യങ്ങൾ: — സമസ്തഭൂതങ്ങളിലും കാരുണ്യത്തോടുകൂടിയവനും ഭൂദേവനും അമ്പലപ്പുഴ രാജാവുമായ ശ്രീദേവനാരായണനെ ഞങ്ങൾ ആശ്രയിക്കുന്നു. ശ്രീനാരായണഭട്ടന്റെ പാദധൂളിയാകുന്ന കാരുണ്യസമുദ്രത്തിന്റെ അന്തർഭാഗത്തിൽനിന്നു് ഉത്ഭവിച്ചവയും വിഷ്ണുസ്തോത്രാക്ഷരരൂപങ്ങളുമായ ഉത്തമമൌക്തികങ്ങളെക്കൊണ്ടു രാമൻ ഈ ശ്ലോകമാല കെട്ടി; ഇതിനെ യാവനൊരുത്തൻ കണ്ഠത്തിൽ ധരിക്കുന്നുവോ അവൻ ചരിതാൎത്ഥനായു് വിഷ്ണുവിന്റെ പദത്തെ പ്രാപിക്കും. ബോഭവീതു=അതിശയേന ഭവിക്കട്ടെ.

Digitized By Kerala Sahitya Akademi

൧൯൧. യസ്യ നിമ്മല:—യാതൊരാളുടെ നിർമലയായ ഉത്തമ കീത്തി ലോകരങ്ഗത്തിൽ നത്തകിയായിത്തീന്നിരിക്കുന്നുവോ, എല്ലാവരും അറിയുന്ന വിധത്തിൽ മഹാഗുണങ്ങൾക്ക് ഇരിപ്പിടമായുള്ള ആ മഹാരാജാവേ, അങ്ങയോടു ഞാൻ ഇപ്രകാരം പ്രാത്ഥിക്കുന്നു

യോഭ്രദങ്കുരിതഃ—എന്റെ ഹൃദയമാകുന്ന തടത്തിൽ ഒരു മനോരഥവൃക്ഷം കിളിത്തു. ബോളഖണ്ഡനരൂപമായ നിബന്ധത്തിന്റെ ഇരിപ്പ് അങ്ങയുടെ കൈയിലാണെന്നറിഞ്ഞപ്പോൾ അതു തളർവിശി; അങ്ങു ഗുണവാനാണെന്നു കേട്ടപ്പോൾ പൂത്തു; ഈ ഗ്രന്ഥത്തിന്റെ സമപ്പണംകൊണ്ട് അതു കായ്ക്കുന്നതിന് അങ്ങു കനിയണം.

സാരസ്യൈക:—സാരസ്യത്തിന് ഏകാവലംബമായ് അമ്പലപ്പുഴയിൽ നിവസിക്കുന്ന ശ്രീനാരായണനാകുന്ന രാജഹംസശിശു ആരുടെ മനസ്സിൽ (മറ്റു മാനസസരസ്സിൽ എന്നും) ക്രീഡിക്കുന്നുവോ; ആ ആശ്രിതന്മാക്ക് ആനന്ദപ്രദനും വിദ്വൽഗണത്താൽ സംസേവിതനും ആയ അങ്ങയിൽനിന്ന് അംശിച്ചതു ലഭിക്കാത്തവർ ആരാണ്? നന്ദനവനത്തെ ആശ്രയിച്ചതു് എന്നും ദേവസമൂഹത്താൽ സേവിതമെന്നും കല്പവൃക്ഷപക്ഷത്തിൽ അത്ഥം കണ്ടുകൊള്ളണം.

൧൯൨. രസികജന:—രസികന്മാരെ വിനോദിപ്പിക്കുന്നതും രഘുവരചരിതത്തെ വിഷയമാക്കീട്ടുള്ളതുമായ രാഘവീയകാവ്യം രചിച്ച രാമപാണിവാദനാകുന്ന എന്നിൽ കവീശ്വരന്മാക്ക് എല്ലായ്പോഴും അധികമായ പ്രീതി ഭവിക്കട്ടെ.

ക്ഷോണിദേവ ഇത്യാദി പദ്യങ്ങൾ:—പാണിവാദകൃതി=പാണിവാദനാകുന്ന പണ്ഡിതൻ. ബുദ്ധിമാനായ അദ്ദേഹത്താൽ ബാലപാഠ്യം എന്നു പേരുള്ള ഈ വ്യാഖ്യാനവും ആഖ്യാനം ചെയ്യപ്പെട്ടു ഹസ്തിമസ്തകം=ആനത്തലയുള്ളതു്. കഥാപയതി=കഥനം ചെയ്യിക്കുന്നു. ബ്രഹ്മഭ്യഃ … … അല്ലയോ അഭ്യാ

Digitized By Kerala Sahitya Akademi

ഗതന്മാരായ സഭ്യന്മാരേ, ബ്രാഹ്മണരായ നിങ്ങൾക്കു നമസ്കാരത്തെ ചെയ്യുന്നു.

൭൩. ദുർജ്ജനേഷു:—സത്തുക്കളിൽ ആർജ്ജവഹീനത കാണിച്ചു നീതിമാന്മാരെന്നും, ദുർജ്ജനങ്ങളുടെ അഭിപ്രായങ്ങളെ അനുസരിച്ചു ദാക്ഷിണ്യവാന്മാരെന്നും, ദുര്യശസ്സിനെ സഹിച്ചു ധീരന്മാരെന്നും, ബ്രഹ്മസ്വത്തെ അപഹരിച്ചു് അർത്ഥസമ്പാദനത്തിൽ സമർത്ഥന്മാരെന്നും, രാഗാദികളെ നശിപ്പിച്ചു് അപ്രതിഹതശാസനന്മാരെന്നും, ശത്രുക്കൾ തങ്ങളെ തിരസ്കരിച്ചാൽ അതിൽ അനാകുലത്വം പ്രദർശിപ്പിച്ചു ക്ഷമാവാന്മാരെന്നും, സ്ത്രീജനങ്ങളുടെ കുചോദ്ഘട്ടനത്താൽ തീക്ഷ്ണദണ്ഡന്മാരെന്നും വേശ്യകൾക്കു വശംവദന്മാരായ് അതിഗമ്യന്മാരെന്നും, പാണിഗ്രഹണം ചെയ്ത ഭാര്യമാരെ പരിത്യജിച്ചു ജിതേന്ദ്രിയന്മാരെന്നും ദുർമ്മന്ത്രിമാരുടെ ഉപദേശം കേട്ടു സർവ്വസാധാരണാഭിപ്രായന്മാരെന്നും, സാധുജനങ്ങളുടെ ഹിതോപദേശത്തെ ഖണ്ഡിച്ചു സ്വാതന്ത്ര്യന്മാരെന്നും പേരു കേൾക്കുവാൻ ഉദ്യമിക്കുന്നു. അഗമ്യകളായ സ്ത്രീകളിലുള്ള ഗമനംകൊണ്ടു പണ്ഡിതന്മാരും, അദണ്ഡ്യന്മാരെ ദണ്ഡിക്കുന്നതുകൊണ്ടു ദണ്ഡധരന്മാരുമായ് സശരീരങ്ങളായ അധർമ്മങ്ങളേയും അവിനയങ്ങളേയും അജ്ഞാനങ്ങളേയും ഉപാധിരാജസംജ്ഞയോടുകൂടി ജനിച്ചിരിക്കുന്നവരാണ് ഈ അസുരന്മാർ. ഇവരാൽ—

ഛായാ പരിഭാഷാം:—ഇളകിയാൽ ശത്രുക്കളെ കണ്ഠത്തിൽ പിടികൂടി അവരുടെ പ്രാണങ്ങളെ ഹരിച്ചു് അവരെ ദേവലോകത്തിൽ പ്രാപിപ്പിക്കുന്നതാണ് അസുരരുടെ കൃപാണി (വാൾ); അതു ദേവാംഗനയെപ്പോലെ ശോഭിക്കുന്നു. അവളും ചഞ്ചലയാണ്. കണ്ഠഗ്രഹണം ചെയ്തു കഴിഞ്ഞാൽ വസുവിനെ (ദ്രവ്യത്തെ) ഹരിക്കും; സ്വർഗ്ഗത്തെ പ്രാപിപ്പിക്കുകയും ചെയ്യും.

൭൪. വിദ്യാവാദമപ്പരബോധം:—വിദ്യ ആത്മബോധത്തേയും കവിതാവാസനാവൈദഗ്ദ്ധ്യത്തേയും, സൽകവിത ധ്വനിയേയും, സമ്യക്ചക്ഷുഷ്മത്തയേയും എന്നപോലെ ആ ദേവകി അദ്വൈതാന

Digitized By Kerala Sahitya Akademi

ഭമാകുന്ന കന്ദത്തിൽനിന്നു മുളച്ച കനകലതയിലെ പക്വഫലത്തിനു സമാനനും നീലാംബുദശ്യാമളനുമായ ബാലനെ പ്രസവിച്ചു

പുളിന്ദപര:—കിരാതസുന്ദരികളുടെ കുചതടങ്ങളിൽ ചുട്ടകകൊടുക്കു സൗരഭ്യത്തോടുകൂടിയതും / കാളിന്ദീതീരത്തിലെ വൃക്ഷോദ്യാനത്തിൽ സഞ്ചരിക്കുന്നതും ഭ്രമരങ്ങളെക്കൊണ്ട് അനുഗതത്തോടു അതായത് ആസമന്താൽ ഉള്ള ശബ്ദത്തോടുകൂടിയതും (വണ്ടുകളുടെ ശബ്ദത്തോടു കൂടുന്നതും) ആയ കാറ്റ് പ്രാതഃകാലത്തു ശ്രീകൃഷ്ണനെ സേവിച്ചു എന്നു സാരം.

ഝലംഝലിത:—ഝലംഝലമെന്ന കാൽച്ചിലമ്പൊച്ചയോടും, ഇളകുന്ന കിങ്കിണികളുടെയും കൈവളകളുടെയും കളകളത്തോടു സമ്മേളിക്കുന്ന മുരളീരവത്തോടും, കുടിലവും സാന്ദ്രവും ആയ കുന്തളത്തിൽനിന്ന് ശിഥിലമാകുന്ന മയിൽപ്പീലിയുടെ അഗ്രത്തോടുംകൂടി ശ്രീകൃഷ്ണൻ ആ കാളിയസർപ്പത്തിന്റെ ശിരസ്സിൽ ചെയ്ത താണ്ഡവം ശോഭിച്ചു.

വിവേദ:—മായാഗോപനായ ഭഗവാൻ മായാഗോപരൂപത്തിൽ അവിടെവന്ന പ്രലംബനെ അറിഞ്ഞു. കള്ളൻ കള്ളനെ അറിയുമെന്നുള്ള പഴമൊഴി സത്യമായി പരിണമിച്ചു.

൫൭. വജ്രാഗ്നി:—വജ്രായുധത്തിൽനിന്നുള്ള അഗ്നിസ്ഫുരണം നിമിത്തം പ്രചണ്ഡനായ വായുവിന്റെ സമ്മർദ്ദമേററ മേഘങ്ങളിൽനിന്നു തെറിച്ചുവീഴുന്ന ജലധാരകൊണ്ട് ഈ അഭീരാധമന്റെ (അഭീരൻ=ഇടയൻ) വാസഭൂമിയെ ഞാൻ വേഗത്തിൽ സമുദ്രമാക്കുന്നുണ്ട്. ആ ഭൂമി ഇപ്പോൾ (ഗോഭിഃ രാജതി) പശുക്കളെക്കൊണ്ടു ശോഭിക്കുന്നു; അതു ക്ഷണത്തിൽ മുതലകളാൽ ആക്രമിക്കപ്പെടട്ടെ.

ദുഗ്ധ:—യുവതികൾ പശുക്കളിൽ നിന്നു പാൽകറക്കുമ്പോൾ മന്ദഹാസത്തോടുകൂടി ഒരു രത്നചഷകവും കൈയിലേന്തി അവിടെ സഞ്ചരിച്ച് അവർ എത്രതന്നെ പാൽകൊടുത്താലും അ

Digitized By Kerala Sahitya Akademi

ത്തുകുടിച്ചു മതിയാകാതെ പിന്നെയും പിന്നെയും നുകരുന്ന വനും (തൃഷ്ണജം=തൃഷ്ണക എന്ന ശബ്ദത്തിന്റെ ദ്വിതീയൈക വചനരൂപം) തൃഷിതനും ലക്ഷ്മീപതിയുമായ ആ അത്ഭുതബാലനെ—ശ്രീകൃഷ്ണനെ — ഞാൻ ദർശിക്കും.

൨൫. തത്രചസമക്ഷ:—ആ സമയത്തിൽ ക്രമേണ താരുണ്യത്തെ ഭജിച്ച സൂര്യന്റെ കിരണങ്ങളാൽ ചുട്ടുപഴുത്ത കാളിന്ദീനദിയുടെ കരയിലുള്ള വനം നവപല്ലവമായ പൂഴിയെക്കൊണ്ടു നിറഞ്ഞതായും കാളിയന്റെ വിഷാഗ്നിയിൽ ദഹിച്ചതായും ശ്രീകൃഷ്ണനാൽ മാത്രം സ്നിഗ്ദ്ധമായതായും തീരവേ.

മെല്ലെയോ ചൂതവൃക്ഷമേ, പീതാംബരം ചാർത്തിയവനും ചുവന്ന അധരത്തോടും ചരണങ്ങളോടും കൂടിയവനും ദേഹകാന്തികൊണ്ടു കാമദേവനെ ജയിച്ചവനും എല്ലാവരുടേയും ഹൃദയങ്ങളെ ഹരിക്കുന്നവനും ശതപത്രനേത്രനുമായ ആ ശ്രീകൃഷ്ണനെ(നീ കണ്ടുവോ എന്നു) പറയുക.

൨൬. വിശ്വാനന്ദപുഷ:—എല്ലാവൎക്കും ആനന്ദത്തെ പോഷിപ്പിക്കുന്നവനും ശത്രുക്കളിൽ കോപത്തോടുകൂടിയവനും, കാമദേവന്റെ ശത്രുവും, കാലന്റെ പ്രാണനെ ഹരിച്ചവനും, മഹാമേരുവിനെ ധനുസ്സാക്കിയവനും, മഞ്ഞുമലപോലെ വെളുത്ത ദേഹത്തോടുകൂടിയവനും മോക്ഷപ്രദനും, ഭക്തനായ മാൎക്കണ്ഡേയന് ആയുസ്സ് നല്കിയവനും, മൃത്യുഞ്ജയശരീരനും ആയ, ആ പെരുമ്പല്ലൂരിലെ ജ്യോതിൎമ്മയനു (ശിവനു) നമസ്കാരം.

ദ്വന്ദ്വ:—ദ്വന്ദ്വം=യുഗളം. വദാന്യ=ഉദാര. ഭഗവതിയുടെ സകലസുഖങ്ങളും നല്കുന്ന ചരണങ്ങളെയാണ് ഈ അടിയങ്ങളിൽ ക്ഷേമങ്ങൾ ഉണ്ടാവാൻ ഇവർ വിചാരിക്കുന്നതു്.

ദക്ഷേശൻ:—അകലംകപക്ഷലക്ഷ്മ=ബഹുളപക്ഷത്തിന്റെ ലക്ഷണത്തോടുകൂടിയതു് അനമിനം (വളരുന്നതു്). ശത്രുസമൂഹത്തിന്റെ വിപക്ഷത്തെ ക്ഷയിപ്പിക്കുന്നതിനു ദക്ഷമായ വ

Digitized By Kerala Sahitya Akademi

ലത്തു കൈയിൽ (കോദണ്ഡയഷ്ടി) പള്ളിവാൾ വച്ചുകൊണ്ടിരിക്കുന്നവൻ. ധാരാളം ഉപരക്ഷണത്തിനു ശക്തങ്ങളായ ഗുണങ്ങളോടുകൂടിയവൻ.

൫൰൫ 'ശിവശിരസി' ശിവന്റെ ശിരസ്സിൽ യാതൊരുവന്റെ ശിരസ്സുകൾ ശേഭിച്ചുവോ അവ ഇപ്പോൾ കഴുകന്റെ കാല്ക്കൽ കിടന്നു ഉരുളുന്നു. തോററവരുടെ കർമ്മവിപാകം വിഷമമായി ഭവിക്കതന്നെ ചെയ്യും. ശിവനെ സ്വശിരസ്സുകൾ കൊണ്ടു അർച്ചിച്ചതിനാൽ 'ശിവശിരസി ശിരാംസി യസ്യ' എന്നു കവി വർണ്ണിച്ചിരിക്കുന്നു.

൫൰൮ നേതാ യസ്യ ഇത്യാദി ശ്ലോകങ്ങൾ:—എല്ലാ ജന്തുക്കളുടേയും പ്രാണനെ നിയന്ത്രിക്കുന്ന ശ്രീനാരായണൻ നായകനായും, സർവലോകജനനിയായ ലക്ഷ്മീദേവി നായികയായും, രാവണനാൽ അപഹൃതയായ സ്ത്രീയുടെ പ്രത്യാഹരണം പ്രതിപാദ്യമായുമുള്ള അന്യാദൃശമായ നാടകത്തെ ജനങ്ങളുടെ ബോധത്തിനായിട്ടു ബോധായനൻ രചിച്ചു. പ്രതിമല്ലം=എതിരായുള്ളതു് അകാർഷീത്=ചെയ്തു.

൫൰൯. വാല്മീകേഃ:—വാല്മീകിയുടെ ബുദ്ധിയാകുന്ന മന്ദരപർവതം കൊണ്ടു മഥിക്കപ്പെട്ടതും, സീതയാകുന്ന ലക്ഷ്മീദേവിയും, സുഗ്രീവനാകുന്ന കല്പവൃക്ഷവും, അംഗദനാകുന്ന ഐരാവതവും, ലക്ഷ്മണനാകുന്ന ചന്ദ്രനും, ഹനുമാനാകുന്ന ചിന്താമണിയും, വിഭീഷണനാകുന്ന അമൃതവും, രാവണനാകുന്ന കാളകൂടവും ജനിച്ചതുമായ ആ മലമററ ശ്രീരാമായണമാകുന്ന പാല്ക്കടൽ നിങ്ങൾക്കു ശ്രേയസ്സിനായിക്കൊണ്ടു ഭവിക്കട്ടെ.

ചതുർദ്ദശ്യാ:—"ബ്രഹ്മാവിനു നാലും ശിവനു് അഞ്ചും സുബ്രഹ്മണ്യനു് ആറുമേ മുഖങ്ങളുള്ളു. ദശമുഖനായ എന്നോടു സമനായി ദേവന്മാരിൽ ആരുണ്ടു്?" എന്നു ഗർവം ഉള്ളവനായിട്ടു ദേവന്മാരെ ഇങ്ങനെ ഹസിക്കുന്ന ലങ്കേശ്വരന്റെ ശിരസ്സുകളാകുന്ന താമരപ്പൂക്കളെ യുദ്ധത്തിൽ ആർ നശിപ്പിച്ചുവോ ആ ശ്രീരാമൻ നിങ്ങളെ രക്ഷിക്കട്ടെ.

Digitized By Kerala Sahitya Akademi

൯൭. കൈലാസാദ്രീന്ദ്ര:—കൈലാസശിഖരത്തിൽനിന്നു തെറിച്ചുവീണ മേഘംപോലെ വെളുത്ത കോസലരാജ്യത്തിൽ ശോഭിക്കുന്നതും അനന്തം നാടുവാഴുന്ന രാജാക്കന്മാരുടെ കീർത്തിയാകുന്ന സുധാനദിയോടുള്ള സംസർഗംകൊണ്ടു പരിശുദ്ധവുമായ അയോദ്ധ്യയെ (ദശരഥമഹാരാജാവു് അധിവസിച്ചു). ഉത്തരാർദ്ധത്തിൻെറ അർത്ഥം സ്പഷ്ടം.

൯൮. യാമാതാമാപിത:—ക്ഷേമമായ അമീ ക്ഷേമം:=ക്ഷേമത്തിനായിക്കൊണ്ടു് ഇവർ ഭജിക്കുന്നു.

൯൯. യസ്യാജ്ഞാ:—ആരുടെ ആജ്ഞ സകലരാജാക്കന്മാരുടേയും ശിരസ്സുകളാൽ മാനിക്കപ്പെടുന്നുവോ, ആരുടെ യശസ്സ് ദിഗന്തങ്ങളെ വ്യാപിച്ചുവോ, സമുദ്രം ഉടുപുടവയായുള്ള ഭൂമി ആരാൽ പാലിക്കപ്പെടുന്നുവോ ("സ്വരാജ്ഞി ദേശേ രാജന്വാൻ") കേരളാന്തഃപ്രതിഷ്ഠാപനനായ മഹാവിഷ്ണുവിനാൽ കല്പിക്കപ്പെട്ട ലക്ഷ്മീദേവി ആർക്ക് എന്നും വശഗതയായിരിക്കുന്നുവോ, ആ കൊച്ചിരാജാവു ജയിക്കുന്നു.

൧൦൦. മദസുരഭില:—ഗന്ധം=ഗന്ധനം. ദശഗന്ധാൻ=സമർത്ഥൻ. പിചണ്ഡം=വയറു്. വ്യായതാപീനശുണ്ഡൻ=വളരെ നീണ്ടതും തടിച്ചതുമായ തുമ്പിക്കൈയോടുകൂടിയവൻ. ഷണ്ഡം=കൂട്ടം. വേതണ്ഡതുണ്ഡൻ=ഗജമുഖൻ.

ശ്രീകണ്ഠ:—ശ്രീകണ്ഠൻ=ശിവൻ. ശ്രീകണ്ഠാശ്ലേഷം=ലക്ഷ്മീദേവിയുടെ കണ്ഠാശ്ലേഷം. ശുഭ്രേതരാഭ്രം=കാളമേഘം.

ഗംഗാതുങ്ഗ:—കോടീരകോടി=ജടയുടെ അഗ്രം. പാടീരപങ്കം=ചന്ദനദ്രവം.

കാളാംഭോദ:—കദംബം=കൂട്ടം. ഭിദാ=ഭേദനം. ലക്ഷ്മം=ശരം. ദരം=ശംഖം. അംബരനിമ്നഗാനിവസനൻ=അമ്പലപ്പുഴ ഗ്രാമമായിട്ടുള്ളവൻ. ദദ്യാൽ=ദാനം ചെയ്യട്ടെ.



Digitized By Kerala Sahitya Akademi

നവ്യാഗ്രഭോഗ:— നവ്യം=പുത്തൻ. കളേബരം=ശരീരം. കമലഭൂ=ബ്രഹ്മാവു് പവ്യായുധൻ (പവി=വജ്രം)=ദേവേന്ദ്രൻ. ക്രവ്യാദേശ്വരന്=നിരൃതി. പാശപാണി=വരുണൻ. ദ്രവ്യാധിപന്=കുബേരൻ. സവ്യാസവ്യകരങ്ങൾ=ഇടത്തെക്കൈയും വലത്തെക്കൈയും ഉഡ്ഡാമര=ഭയങ്കര.

൧൦൮. മന്ദാദ്രി:— ഭങ്ഗങ്ങൾ=തിരകൾ. ഉത്തമങ്ങളായ രത്നമാലകളുടെ (സ്തോമകേതനം) വലുതായുള്ള ശ്രീയെ അപഹരിക്കുന്നതിൽ (ചണം) സമർത്ഥമായിട്ടുള്ള യശസ്സു്.

൧൨൦. വാതേരിത:— കാററുതള്ളി ഉലഞ്ഞാടുന്ന പച്ചയിലകളോടും പഴുത്ത പഴങ്ങളോടുംകൂടി ഒന്നിലധികം വർണ്ണങ്ങൾ ഇടകലർന്നു ശോഭിക്കുന്ന കദളീവനസ്ഥലം ഇളകിക്കൊണ്ടിരിക്കുന്ന തിരമാലകളെക്കൊണ്ടു നിറഞ്ഞതും പവിഴക്കൊടികളെക്കൊണ്ടു വർണ്ണവ്യത്യാസം വന്നതുമായ സമുദ്രംപോലെ ശോഭിക്കുന്നു.

൧൨൮. ദൈ്വപാരം:— സമുദ്രത്തെ കുളമ്പുചാൽപോലെ ദൈ്വപാരമായി കടന്നു് ഐരാവതത്തിന്റെ കൊമ്പുകളുടെ അഗ്രം ഏററു തഴമ്പിച്ച മാറിടത്താൽ ഭയങ്കരന്മാരായ രാക്ഷസന്മാരുടെ ഗണത്തെ ഹനിച്ചു് ആദിത്യന്റെ കിരണങ്ങൾ കൂടിയും ഒരിക്കലും മുൻപു സ്പർശിക്കാത്ത ലങ്കയ്ക്കു വാട്ടംവരുത്തിയ അങ്ങു— ഹനുമാൻ— ഈ ലോകത്തിൽ വിശ്രുതനല്ലയോ? പറയൂ.

൧൩൦. ഔന്നത്യം:— ഞാൻ അങ്ങയുടെ ഔന്നത്യത്തെ വർണ്ണിക്കുകയാണെങ്കിൽ എന്നാൽ താഴ്ത്തപ്പെടേണ്ടിവരുന്ന പർവതങ്ങൾ ക്രോധിക്കും; ഗാംഭീര്യത്തെ കീർത്തനം ചെയ്താലോ നികന്നവയെന്നു പറയേണ്ടിവരുന്ന സമുദ്രങ്ങൾ ക്ഷോഭിക്കും; അതിനാൽ, വീരശ്രേഷ്ഠമഹാരാജാവേ, ഞാൻ അങ്ങയെ വർണ്ണിക്കുവാൻ ഭയപ്പെടുന്നു. എന്നാൽ വാസ്തവം നോക്കുമ്പോൾ ഞാൻ അങ്ങനെ ഭയപ്പെടേണ്ടതില്ല. എന്തെന്നാൽ ഗുണരത്നങ്ങൾക്കു രോഹണപർവതമായ അങ്ങയുടെ പാർശ്വത്തിൽ സ്ഥിതിചെയ്യുന്ന ഞാൻ അഗസ്ത്യനായി തീർന്നിട്ടുണ്ടല്ലോ.

Digitized By Kerala Sahitya Akademi

൨൩൪. ജഗദ്യശസ്വിഭിഃ ഇത്യാദി പദ്യങ്ങൾ:—ഏതു യശസ്വികളായ വീരന്മാരെക്കൊണ്ടു് ഈ ലോകം അമലമാക്കപ്പെട്ടിരിക്കുന്നുവോ അവരെക്കൊണ്ടുതന്നെ രവിവർമ്മരാജാവു് അതിനെ മലിനമാക്കുന്നു. അനിദംപൂർവ്വം=ഇതു് പണ്ടില്ലാത്തതു് (അന്യാദൃശം.) അങ്ങയുടെ അത്തരത്തിലുള്ള ധൈര്യം ഹിമവൽപർവ്വതം കേൾക്കുമ്പോൾ പേടിച്ചു്, ഉരുകിയ മഞ്ഞുവെള്ളം എന്ന വ്യാജത്താൽ വിയർപ്പിനെ പ്രകാശിപ്പിക്കുന്നു.

൨൩൫ യോദ്ധൈര്യായിക:—ശാബ്ദന്മാർ=വൈയാകരണന്മാർ. ഭാട്ടന്മാർ=കൌമാരിലന്മാർ. നാഡിന്ധമത്വം=ഉൾപ്പിക്കുക. ധ്വന്യധ്വന്യതുല്യാധിഗത്വം=ധ്വനിമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരുടെ സാദൃശ്യത്തെ പ്രാപിക്കുക. ധൌരന്ധരീ=ധുരന്ധരത (ഭാരവാഹിത്വം). അവൻ അചാര്യശ്രേഷ്ഠന്റെ (ഈ) കൃതിയിൽ സുഖമായി വിഹരിക്കട്ടെ.

൨൩൬. വാണീപാണി:—വേണീകിരായദ്ഗിരഃ=പ്രവാഹത്തെ ഒക്കുന്ന യാതൊരുവന്റെ വാക്കുകൾ.

ജയശ്രീ:—ഉല്ലോചം=വിതാനം. ജടാടീരൻ=ശിവൻ.

൨൩൭. ഗണ്ഡോദ്ദാമ:—സംഖ്യാവതാം=വിദ്വാന്മാരുടെ. അവരുടെ ഭവനദ്വാരങ്ങൾ മത്തഗജങ്ങളെക്കൊണ്ടു് അലങ്കരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു; പിന്നെയാണു് അവരിൽ വടക്കുംകൂർരാജാവിന്റെ കടാക്ഷാങ്കുരങ്ങൾ പതിക്കുന്നതു്. അത്യന്താതിശയോക്തിക്കു് ഉദാഹരണം.

൨൩൮. ഭാഷ്യമേതത്:—ഈ ഭാഷ്യം വിവരിക്കുക എന്നു് എന്നെ സുപ്തിയിലും ജാഗ്രദവസ്ഥയിലും അർദ്ധനാരീശ്വരസ്വരൂപനായ ചിന്നബൊമ്മനായക്കൻ അനുശാസിച്ചു.

തിഷ്ഠന്ത്യേവ:—യാതൊരുവന്റെ ആജ്ഞയാൽ വായുക്കൂടി നില്ക്കുകയും പർവ്വതംകൂടി ഇളകുകയും ചെയ്യുന്നുവോ, ശത്രുസകലയുദ്ധസന്നാഹത്തോടുംകൂടി എതിരിടുമ്പോൾ അയാളുടെ സർവ്വവും അപഹരിക്കപ്പെടുന്നുവോ, ആ മുകുന്ദഭക്തനും ഭേദം,

Digitized By Kerala Sahitya Akademi

ശാസ്ത്രം, കല, നാടകം ഈ വിഷയങ്ങളിൽ അന്യാദൃശനായ ഈ (അമ്പലപ്പുഴ) രാജാവു ശോഭിക്കുന്നു.

൨൫. കാവ്യപ്രകാശഃ:—കാവ്യപ്രകാശം യവനനും കാവ്യാളി (കാവ്യസമൂഹം) സുന്ദരിയുമാണു്. ഈ യവനനാൽ ബലാൽകാരേണ ആകൃഷ്ടയായി ഇവൾ കഷ്ടാവസ്ഥയെ പ്രാപിക്കുന്നു.

ജയന്തിതേ ഇത്യാദിപദ്യങ്ങൾ:—കൃതികൾ=പണ്ഡിതന്മാർ. സാരസാരം=പങ്കമയം. പഠ്യതെ=പഠിക്കപ്പെടുന്നു. ഉന്നതശാലിയായ വാമനന്റെ (വിരോധാഭാസം) പദം പരിശുദ്ധയായ വൃത്തിയെ ഗംഗയെ എന്നപോലെ പ്രസവിക്കുന്നു. വിഷ്ണുവിന്റെ പാദത്തിൽ നിന്നാണല്ലോ ഗംഗയുടെ ഉൽപത്തി. ഭാമഃ=പ്രണയകോപം. സ്ത്രീകൾ കോപനകളാകുമ്പോൾ നായകൻ നമ്രനായി അവരെ ഉപലാളിക്കുന്നതാണല്ലോ; ആ കോപം അല്പാരംഭമായിരിക്കുകയും ചെയ്യും. ഭാമഹൻ പ്രകൃതത്തിൽ ഉത്ഭടനാൽ ലാളിക്കപ്പെടുന്നു. ഉൽഭടന്റെ കാവ്യാലങ്കാരം ആര്യാവൃത്തത്തിലുള്ള പദ്യങ്ങളാൽ നിർമ്മിതമായിരിക്കകൊണ്ടാണു് കവി അദ്ദേഹത്തെ ആര്യാനുരാഗി എന്നു വർണ്ണിക്കുന്നതു്. ശിവനും (ആര്യാ) അംബികാനുരാഗിയാണു്. അമൃതമൊഴുക്കുന്ന ചന്ദ്രനെപ്പോലെ ലോകോത്തരമായ അലങ്കാരത്തെ രുദ്രൻ വഹിക്കുന്നു. ഭരതപ്രയോഗം=നാട്യപ്രയോഗം. ധനഞ്ജയൻ=ദശരൂപകകാരനും അർജ്ജുനനും. ശിക്ഷിതോത്തരൻ=വിദ്വാന്മാരിൽ അഗ്രഗണ്യൻ എന്നു് ആലങ്കാരികപക്ഷത്തിലും ഉത്തരയെ പഠിപ്പിച്ചവൻ എന്നു് അർജ്ജുനപക്ഷത്തിലും. പക്ഷപാതം=ചിറകടി എന്നു ഹംസപക്ഷത്തിൽ. കണ്ണുകൊണ്ടുമാത്രം ചിലർ ശബ്ദത്തെ അറിയുന്നുണ്ടു്; അവർ ചക്ഷുശ്ശ്രവസ്സുകൾ എന്നു പറയുന്ന സർപ്പങ്ങൾതന്നെ; പക്ഷേ അഭിനവഗുപ്തന്റെ ലോചനവ്യാഖ്യകൊണ്ടു ധ്വന്യാലോകത്തെ അറിയുന്നവർ മുഖംകൊണ്ടു വമിക്കുന്നതു വിഷമല്ല, അമൃതമാകുന്നു. അത്രമാത്രം അവർ സഹൃദയന്മാരായിത്തീരുന്നു എന്നു സാരം. ധ്വനികാരൻ രസാമൃതനദിയിൽ മഗ്നനായിരിക്കുമ്പോൾ മഹിമഭട്ടൻ അനുമാനം ചെയ്തുകൊണ്ടു കാവ്യസദസ്സിൽ

Digitized By Kerala Sahitya Akademi

തന്നെയിരിക്കുന്നു. ധ്വനിവാദത്തിന്റെ മുന്നിൽ അനുമാനവാദം ശോഭിക്കുന്നതല്ലെന്നു താല്പര്യം.

൧൭൦. മനുഷ്യരുടെ ഇടയിൽ രാജാവും ശിഷ്യന്മാരുടെ ഇടയിൽ ഗുരുവും എങ്ങനെയോ അതുപോലെ വലുതാകുന്നു സ്വഭാവങ്ങളുടെയും ഇടയിൽ സ്ഥായിഭാവം. ഉത്തമരസമാകുന്ന സ്ഥായിയെ ഉപകരിക്കുവാൻ വരികയും ഉപകരിച്ചുകഴിഞ്ഞാൽ പോകുന്നവയുമാകുന്നു വ്യഭിചാരികൾ. വിരുദ്ധങ്ങളോ അവിരുദ്ധങ്ങളോ ആയ ഭാവങ്ങളെക്കൊണ്ടു വിച്ഛേദം പ്രാപിക്കാത്തതും മററുള്ള ഭാവങ്ങളെ തന്നിൽ ലയിപ്പിക്കുകയും ചെയ്യുന്ന സമുദ്രമാകുന്നു സ്ഥായി.

൧൭൧. സച്ഛിന്നമൂലഃ:—

തെററന്നാക്കട കട്ടച്ചോരയാൽ മുറിഞ്ഞെ-
ക്കാററത്തൊട്ടു പരി പറന്ന രേഖ കണ്ടാൽ
ഏററം തീക്കനലിനു മീതെ മുമ്പിലുണ്ടാ-
ററംവിട്ടെഴുമൊരു ധൂമമെന്നു തോന്നും.

൧൭൨. വിദഗ്ദ്ധപ്രിയഃ:—വിദഗ്ദ്ധന്മാർക്ക് പ്രിയമായ വ്യംഗ്യമാർഗ്ഗത്തെ വെടിഞ്ഞു കാലവിപര്യാസത്താൽ പാമരന്മാർക്ക് ശബ്ദാർത്ഥചിത്രങ്ങളിൽ അനുരാഗം വർദ്ധിക്കുന്നു. വേദങ്ങളെ വെടിഞ്ഞു നാലായിരപ്രബന്ധത്തിലും മററും എങ്ങനെയോ അതുപോലെ കൃതയുഗത്തിൽ വ്യംഗ്യമായും ത്രേതായുഗത്തിൽ ഗുണീഭൂതവ്യംഗ്യമായും ദ്വാപരയുഗത്തിൽ അർത്ഥചിത്രമായുമിരുന്നകവിത കലിയുഗത്തിൽ യമകപ്രപഞ്ചമായി. ഭാഗ്യംകൊണ്ടു കവിതാധിരാജ്യത്തെ അധിരോഹണംചെയ്തവർ ശബ്ദചിത്രത്തിൽ രമിക്കുന്നതല്ല. അപ്സരഃസ്ത്രീകൾ നിവസിക്കുന്ന സ്വർഗ്ഗത്തിൽ ചെന്നാലും ഒരൊററക്കണ്ണിയെത്തന്നെ അന്വേഷിക്കണമെന്നുണ്ടോ?

൧൭൩. വസുമതീതാതതാതാത്മജാതഃ:—ശ്രുതിയിൽ പഞ്ചഭൂതോല്പത്തിയെപ്പററി ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു: “ആത്മന ആ

Digitized By Kerala Sahitya Akademi

(ചന്ദ്രൻ). പാകാരാതിസഹോദരൻ=ഇന്ദ്രാനുജൻ (മഹാവിഷ്ണു). ലോകസമുദ്രം കടക്കണമെന്നു ഇച്ഛിക്കുന്നവൎക്കു ശിവന്റെ അങ്ഘ്രി നൌക (കപ്പൽ) ആയിത്തീരുന്നു. കൈരവിണീസുഹൃത്ത്=ചന്ദ്രൻ. നീകാശം=തുല്യം. അഭീകയായ ദേവത=പ്രിയയായുള്ള ദേവൻ.

൧൯൰. ഗന്ധർവീകൃത:—ഗന്ധർവങ്ങൾ (കുതിരകൾ) അടക്കപ്പെട്ട കൃത്തിമേതരവചസ്സു (വേദങ്ങൾ) കളോടുകൂടിയവൻ. പത്രി=അമ്പ്. അഹീശ്വരൻ=വാസുകി.

൩൨൫. മന്ദ്ര സാ പത്നിതാ:—

ശൃംഗാരപക്ഷത്തിൽ:—യാതൊരു സ്ത്രീ ശ്രവണാന്തദീർഘകളായും സ്നിഗ്ദ്ധകളായും (ചാരു) ചഞ്ചലകളായുമുള്ള ദൃക്കുകളോടുകൂടിയിരിക്കുന്നുവോ, ഭർത്താവിന്റെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന ഇംഗിതത്തെ ആവിഷ്കരിക്കുന്നുവോ, യാതൊരു സ്ത്രീയിൽ (യോഗാഭ്യാസം=സമ്പർക്കപൌനഃപുന്യം) സ്വാധർമ്മചാരിതാത്താൽ ധർമ്മാർത്ഥകാമസംബന്ധിനിയായ ശ്രേഷ്ഠത ഭവിക്കുന്നുവോ, ശോഭനമായ അധരത്തിലുള്ള ആശയാൽ ഒരുത്തനുമാത്രം ഏകാന്തത്തിലുള്ള സംപ്രീതി ഉണ്ടാകുന്നുവോ, ആ പത്നിതയുടുക്കുന്ന രമ്യ.

നീതിപക്ഷത്തിൽ—യാതൊന്നു വേദശാസ്ത്രയായി ജനഹിതപ്രദയായി ചാരചക്ഷുസ്സായി ജനങ്ങളുടെ മുൻപിൽ കാണപ്പെട്ട രാജാവിന്റെ ഉള്ളിലുള്ള ഹിതത്തെ അവരുടെ ഹൃദയത്തിൽ ആവിഷ്കരിക്കുന്നുവോ, യാതൊന്നിൽ (യോഗാഭ്യാസം=ഉപായചതുഷ്ടയം) സാമാദ്യുപായങ്ങളുടെ പൌനഃപുന്യേന ഉള്ള പ്രയോഗത്തിന്റെ ബലത്താൽ ധർമ്മാർത്ഥകാമങ്ങളുടെ ശ്രേഷ്ഠതയുണ്ടാകുന്നുവോ, യാതൊന്നിനെ സംബന്ധിച്ചു രാജാവിനു (സ്വാധരാ=താന്റെ ഭൂമി) തന്റെ ഭൂമിയിലുള്ള ആശ നിസ്സാരയായി (ഏകവശഗാ=മുഖ്യസ്യ മോക്ഷസ്യ വശഗാ) മോക്ഷത്തിലുള്ള (രതിഃ) അനുഗ്രഹം ഏകാന്തത്തിൽ ഭവിക്കുന്നുവോ, ആ അവനിത (രാജത്വം) അകുന്നു രമ്യ.

Digitized By Kerala Sahitya Akademi

൩൰. വൈരാഗ്യപക്ഷത്തിൽ:—യാതൊന്നു മുൻപിൽ പ്രാപിക്കപ്പെട്ടു് വേദപ്രതിപാദ്യവും (ചാരന്മാർ=ചരിക്കുന്നവർ) സൂര്യചന്ദ്രന്മാരാകുന്ന നേത്രങ്ങളോടുകൂടിയതും (അന്തർഹിതം)മറഞ്ഞിരിക്കുന്നതും ആയ (ഭർത്താവിൻെറ) സർവ്വേശ്വരൻെറ സാക്ഷാദ്രൂപത്തെ ഹൃദയത്തിൽ ആവിഷ്കരിക്കുന്നുവോ, യാതൊന്നിനെ സംബന്ധിച്ചു യോഗാഭ്യാസത്തിൻെറ ബലംകൊണ്ടു ധർമ്മാർത്ഥകാമങ്ങളെ നേടി തദനന്തരം മോക്ഷസമ്പാദനവ്യഗ്രത ഉണ്ടാകുക എന്നുള്ള ആ പുരുഷാർത്ഥങ്ങളുടെ ധന്യത സംഭവിക്കുന്നുവോ, തുച്ഛമായ തൻെറ ഭൂമിയിൽ (അശയ=ശയിക്കാത്തതു്) പറ്റാത്തതായും ആത്മജ്ഞാനത്തിനു വശഗയായുമുള്ള വിവിക്തവാസത്തിലുള്ള രതി പ്രാദുർഭവിക്കുന്നുവോ, ആ വനിത (വനിതം അതായതു വാനപ്രസ്ഥാശ്രമം) ആകുന്നു രമ്യ

൩൰൧. ദ്വീശപരദാര:—ദുഷ്ടന്മാരായ രാജാക്കന്മാരുടെ കോലാഹലങ്ങളുടെ പുറത്തിണ്ണകളിലുള്ള ആ കഷ്ടപ്പെട്ട ഇരിപ്പിനു് ഇതാ എൻെറ അഞ്ജലി. എനിക്കാകട്ടെ അരഞ്ജനപൂർണ്ണമായും അപായരഹിതമായും അർജ്ജുനൻെറ തേരിനു് അലങ്കാരമായുള്ള ധനം ഉണ്ടല്ലോ.

൩൰൨. അഥ തത്ര:—അനന്തരം അവിടെ ശിശുപാലൻ ധർമ്മപുത്രരാൽ ശ്രീകൃഷ്ണനു ചെയ്യപ്പെട്ട ബഹുമാനത്തെ സഹിച്ചില്ല. മാനികളുടെ മനസ്സു് ശത്രുക്കളുടെ അഭിവൃദ്ധിയിൽ മാത്സര്യത്തോടുകൂടിയതാണല്ലോ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മഹാകവി ഉള്ളൂരിന്റെ ചില ഇതര കൃതികൾ.

---

| | രൂ | ണ. | സ |
|---|---|---|---|
| ഉമാകേരളം | 2 | 4 | 0 |
| അമൃതധാര | 1 | 9 | 0 |
| തരംഗിണി | 1 | 4 | 0 |
| പിങ്ഗള | 0 | 15 | 0 |
| രത്നമാല | 1 | 8 | 0 |
| ദീപാവലി | 0 | 10 | 0 |
| മംഗളമഞ്ജരി | 0 | 10 | 0 |
| ശരണോപഹാരം | 0 | 6 | 0 |
| ഭാഷാചമ്പുക്കൾ | 2 | 13 | 0 |
| കല്പശാഖി | 1 | 14 | 0 |
| [illegible]പ്രഭാവം | 0 | 5 | |
| മാതൃകാജീവിതങ്ങൾ | 0 | 5 | |
| വിജ്ഞാനദീപിക ൧-ാം ഭാഗം | 2 | 3 | |
| ടി ൨-ാം ഭാഗം | 2 | 4 | |
| ടി ൩-ാം ഭാഗം | 2 | 3 | |
| (ഒരു ഗദ്യനാടകം) | 2 | 4 | 0 |

| | ബ്രി-രൂ. | ച. | |
|---|---|---|---|
| ൧-ം, ൨-ം, ൩-ം ഭാഗങ്ങൾ | 0 | 4 | വീതം |
| ൪-ാം ഭാഗം | 0 | 6 | 0 |
| ൫-ാം ഭാഗം | 0 | 12 | 3 |
| ൬-ാം ഭാഗം | 0 | 15 | 0 |
| ൭-ാം ഭാഗം | 0 | 26 | 4 |

കിട്ടുന്ന സ്ഥലം:-
ആർ. ററി. പിള്ള & സൺസ്,
ബുക്ക് സെല്ലേഴ്സ്, ചാല—തിരുവനന്തപുരം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi